# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 7, വ്യാഴം

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1436/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യം-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂം ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..73

**II. അടിയന്തരപ്രമേയം**

വന്യമൃഗ ആക്രമണം

- ശ്രീ. സണ്ണി ജോസഫ്

(അവതരണാനുമതി നിഷേധിച്ചു) ..440

**III. ശ്രദ്ധ ക്ഷണിക്കൽ**

1. കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

- ശ്രീ. ജി. എസ്. ജയലാൽ ..456

2. സുനാമി കോളനികളുടെ ശോചനീയാവസ്ഥ

- ശ്രീ. സി. ആർ. മഹേഷ് ..460

**IV. സബ്മിഷൻ**

1. പ്രളയ ദുരിതാശ്വാസ ഫണ്ട് പുനഃസ്ഥാപിക്കൽ

- ശ്രീ. ടി. ജെ. വിനോദ് ..464

2. ഭൂമി തരംമാറ്റ അപേക്ഷ

- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ..466

3. നെന്മാറയിൽ കാർഷിക കോളേജ് അനുവദിക്കണമെന്ന ആവശ്യം

- ശ്രീ. കെ. ബാബു (നെന്മാറ) ..468

4. ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

- ശ്രീ. കെ. ഡി. പ്രസേനൻ ..470

5. ചാവക്കാട് താലൂക്കാശുപത്രി വികസനം

- ശ്രീ. എൻ. കെ. അക്ബർ ..471

*പേജ്*

6. വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

- ശ്രീ. എൻ. ഷംസുദ്ദീൻ ..473

7. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

- ശ്രീ. കെ. ആൻസലൻ ..476

8. കൊച്ചി അഴിമുഖത്തെ അപകടങ്ങൾ

- ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ..479

9. അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ

- ശ്രീ. എ. കെ. എം. അഷ്റഫ് ..482

10. കാഞ്ഞങ്ങാട് - കാണിയൂർ റെയിൽപാത

- ശ്രീ. ഇ. ചന്ദ്രശേഖരൻ ..484

**V. റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ നാലാമത് റിപ്പോർട്ട് ..486

**VI. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട്
കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ..486

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)
(2-ാം നമ്പർ) ബിൽ ..486

**VII ക്രമപ്രശ്നം**

ധനകാര്യമെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ..486

**റൂളിംഗ്** ..488

**നിയമനിർമ്മാണകാര്യം (തുടർച്ച)** ..489

**അനുബന്ധം I & II** ..568

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 7, വ്യാഴം*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2021 ഒക്ടോബർ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് മുഖാവരണം ധരിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.)

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ഈ സഭയിൽ മാസ്ക് ധരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച്, മാസ്ക് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് എല്ലാ ദിവസവും ചെയറിൽനിന്നും പറയേണ്ട സ്ഥിതിയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. പല ബഹുമാനപ്പെട്ട അംഗങ്ങളും അത് ലംഘിക്കുന്നത് പതിവായി മാറിയിരിക്കുന്നു. ഇത് ജനങ്ങളാകെ കാണുന്നുണ്ടെന്ന് മുമ്പൊരിക്കൽ പറഞ്ഞതാണ്. മാസ്ക് ധരിക്കുകയോ ധരിക്കാതിരിക്കുകയോ ചെയ്യുന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രശ്നമല്ല, ജനങ്ങളുടെയാകെ ആരോഗ്യത്തിന്റെകൂടി പ്രശ്നമാണ്. ഇപ്പോൾ എല്ലാ ദിവസവും മാധ്യമങ്ങൾ ഇക്കാര്യം വിമർശനപരമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുകൊണ്ട് ഇത് ജനങ്ങളോടുള്ള നിരുത്തരവാദിത്വമായിട്ടായിരിക്കും കണക്കാക്കപ്പെടുകയെന്ന് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഓർമ്മിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

നക്ഷത്രചിഹ്നമിട്ട 91-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 108-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ടി. തോമസ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. ചോദ്യം നമ്പർ *91.

## പൊതു വിദ്യാലയങ്ങൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ

1(*91) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്ന് അടഞ്ഞുകിടക്കുന്ന പൊതു വിദ്യാലയങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതു വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ ജീവനക്കാർക്കും വാക്സിനേഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്കൂൾ ബസ്സുകളുടെ അറ്റകുറ്റപ്പണി നടത്തി സഞ്ചാര യോഗ്യമാക്കുന്നതിനും അവയുടെ ഫിറ്റ്നസ് പരിശോധന നടത്തുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഇ) സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) ഉണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ, പി.ടി.എ./എസ്.എം.സി, യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-8-2021-ന് നടത്തിയ വാർത്താ സമ്മേളനത്തിൽ നവംബർ മാസം 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതാണെന്ന് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, തൊഴിലാളി

സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രിതലത്തിൽ ചേരുകയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് തീരുമാനമെടുത്ത് ഘട്ടംഘട്ടമായി അതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. ഈ യോഗങ്ങളിലെ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) 9-9-2021-ലെ കണക്ക് പ്രകാരം 68.19% അദ്ധ്യാപകർ രണ്ട് ഡോസും 23.86% അദ്ധ്യാപകർ ഒരു ഡോസും 65.52% അനദ്ധ്യാപകർ രണ്ട് ഡോസും 24.42% അനദ്ധ്യാപകർ ഒരു ഡോസ് വാക്സിനും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ ഒരു ഡോസ്/രണ്ട് ഡോസ് വാക്സിനെങ്കിലും എടുത്തവർ 93.39% ആണ്. ജീവനക്കാരിലെ വാക്സിനേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 20-നകം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്.

<u>ശ്രീമതി സി. കെ. ആശ:</u> സർ, നീണ്ട ഇടവേളയ്ക്കുശേഷം കുട്ടികൾ സ്കൂളിലെത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും പൊതുസമൂഹത്തിനുമുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് ഈ ചോദ്യോത്തരവേള സഹായകരമാകുമെന്ന് പ്രതീക്ഷിക്കുകയാണ്. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സംബന്ധമായ പരിശോധനകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകാൻ പദ്ധതിയുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ബഹുമാനപ്പെട്ട അംഗം സി. കെ. ആശ വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് ഉന്നയിച്ചിരിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ സ്കൂളുകൾ അടഞ്ഞുകിടന്നിരുന്നതുകൊണ്ട് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള

എല്ലാ നടപടികളും പൂർത്തീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും യോഗം ചേർന്നു. അതിനുശേഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്കൂൾ അധികാരികളുമായും യോഗം ചേരുകയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയുമാണ്. ഏതെങ്കിലും സ്കൂളുകൾക്ക് നിയമാനുസരണം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ലെങ്കിൽ തൊട്ടടുത്ത സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഉച്ചഭക്ഷണം വളരെ പ്രധാനമാണ്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മാർഗ്ഗരേഖയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നന്നായി നടത്തിക്കൊണ്ടു പോകുന്നതിന് സ്കൂളടിസ്ഥാനത്തിൽ യോഗം ചേരുന്നതിനായി ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും തൊഴിലാളി സംഘടനകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയുമൊക്കെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് 'സ്കൂൾ സപ്പോർട്ടിംഗ് കമ്മിറ്റി' രൂപീകരിക്കുന്നുണ്ട്. അവരുടെയൊക്കെ സഹായത്തോടുകൂടി ഓരോ സ്കൂളിന്റെയും സാഹചര്യമനുസരിച്ച് ഉച്ചഭക്ഷണം തയ്യാറാക്കി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി പൊതുസമൂഹത്തെയും വിവിധ ഡിപ്പാർട്ടുമെന്റുകളെയും ബന്ധിപ്പിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സ്കൂൾ തുറക്കുന്നതിനുള്ള തീയതി പ്രഖ്യാപിച്ചപ്പോൾത്തന്നെ ആരോഗ്യ-പൊതുവിദ്യാഭ്യാസ-ഗതാഗത വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നടത്തി ഒരു മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ യോഗങ്ങൾ ചേരുകയും കരട് മാർഗ്ഗരേഖ തയ്യാറാക്കി മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു. മാർഗ്ഗരേഖ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവ് വന്നുകഴിഞ്ഞാൽ എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.മാർക്കും അതിന്റെ കോപ്പി വിതരണം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും സഹായം ആവശ്യമാണ്. ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളുടെ

സമ്മതത്തോടെ മാത്രമേ കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ; എൽ.പി. വിഭാഗം മുതലുള്ള ക്ലാസ്സുകളാണ് തുറക്കുന്നത്; ഒരു ബഞ്ചിൽ രണ്ട് കുട്ടികളെന്ന നിലയിൽ ക്രമീകരിക്കാനാണ് ആലോചിക്കുന്നത്; ആദ്യ രണ്ടാഴ്ചകളിൽ ശനിയാഴ്ചയടക്കം പ്രവൃത്തി ദിവസമാണ്; ഉച്ചവരെയാണ് ക്ലാസ് തീരുമാനിച്ചിട്ടുള്ളത്; 1000-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ ആകെ കുട്ടികളുടെ 25 ശതമാനം ക്ലാസ്സിൽ വന്നാൽ മതിയാകും; ഓരോ ബാച്ചും തുടർച്ചയായ 3 ദിവസം എന്ന നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്; ഒരു ബാച്ചിൽപ്പെട്ട വിദ്യാർത്ഥികൾ സ്ഥിരമായി അതേ ബാച്ചിൽത്തന്നെ തുടരണം; ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ ആദ്യത്തെ രണ്ടാഴ്ച സ്കൂളിൽ വരണമെന്നില്ല; തുറന്ന സ്ഥലങ്ങളിലോ ക്ലാസ്സ് റൂമിലാണെങ്കിൽ ജനാലയും വാതിലും തുറന്നിട്ടോ വായുസഞ്ചാരം ലഭിക്കുന്ന രൂപത്തിലായിരിക്കണം ക്ലാസ്സുകൾ നടത്തേണ്ടത് തുടങ്ങിയ കാര്യങ്ങൾ മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. ഗാന്ധിജയന്തി ദിനവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ സംസ്ഥാനത്തെ യുവാക്കൾ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് സ്കൂൾ പരിസരം വൃത്തിയാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ഇത്രയും ദിവസം സ്കൂൾ അടഞ്ഞുകിടക്കുകയായിരുന്നതുകൊണ്ടുണ്ടായ ഇഴജന്തുക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുമ്പോൾ ശുചിമുറികളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശുചിമുറികൾ ഓരോ മണിക്കൂറും ഇടവിട്ട് വൃത്തിയാക്കേണ്ടതുണ്ട്. എല്ലാ സ്കൂളുകളിലും ഒരു ഹെൽപ്പ് ഡെസ്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്. വാഹനങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചും മാർഗ്ഗരേഖയിലുണ്ട്. ഇന്ത്യയിൽ നിരവധി സംസ്ഥാനങ്ങളിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലാണ് ഏറ്റവും അവസാനം സ്കൂളുകൾ തുറക്കാൻ പോകുന്നത്. അതിനുള്ള ക്രമീകരണങ്ങൾ നല്ല നിലയിൽ സജ്ജമാണ്, എല്ലാ തയ്യാറെടുപ്പുകളും നടത്തിക്കഴിഞ്ഞു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളപ്പിറവിദിനമായ 2021 നവംബർ 1 ഇപ്രാവശ്യം വിദ്യാഭ്യാസ ചരിത്രത്തിലെ സവിശേഷമായ ദിനം കൂടിയാവുകയാണ്. പതിനെട്ട് മാസത്തോളം അടച്ചുപൂട്ടിയിരുന്ന വിദ്യാലയങ്ങൾ ഈ ദിനത്തിൽ തുറക്കുമ്പോൾ നിരവധി വിഷയങ്ങളുണ്ട്. എനിക്ക് രണ്ടുകാര്യങ്ങളാണ് അറിയേണ്ടത്. കുട്ടികളുടെ യാത്രാക്ലേശവുമായി ബന്ധപ്പെട്ട് 'പഞ്ചായത്തിൽ ഒരു ഗ്രാമവണ്ടി' എന്ന ആശയം ഇപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമോ; അതോടൊപ്പം സ്കൂൾ പാഠ്യപദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരാനാണ് ശ്രദ്ധിക്കുന്നത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേരള മോട്ടോർ വാഹന വകുപ്പ് എല്ലാ വിദ്യാലയങ്ങൾക്കും പി.ടി.എ. ഭാരവാഹികൾക്കും വിതരണം ചെയ്യുന്നതിനായി 'കോവിഡ്-19 സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ' എന്നൊരു പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നതു സംബന്ധിച്ചും ആലോചിക്കുന്നുണ്ട്. സ്കൂൾ മാനേജ്മെന്റ് ആവശ്യപ്പെട്ടാൽ ബോണ്ടടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം ലഭ്യമാക്കുന്നതും ധാരാളം കുട്ടികളുള്ള സ്കൂളുകൾ വഴി സ്റ്റുഡന്റ്സ് ഒൺലി ബസ് അനുവദിക്കുന്നതും പരിഗണിക്കാവുന്നതാണ്. സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയ കൺസഷൻ റേറ്റ് തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 110 രൂപയാണ് കൺസഷൻ റേറ്റായി ഈടാക്കുന്നത്. സ്കൂൾ ബസ്സുകളിൽ പലതും ബാറ്ററി വീക്കായും ടയർ പഞ്ചറായുമൊക്കെ കേടായി കിടക്കുകയാണ്. ഈ ബസ്സുകൾക്ക് മോട്ടോർ വാഹന വകുപ്പിൽനിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ട്. ഇതുസംബന്ധിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച ഉത്തരവാണ് എന്റെ കയ്യിലിരിക്കുന്നത്. (ഒരു പേപ്പർ ഉയർത്തിക്കാട്ടി) സാധാരണഗതിയിൽ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടെ ഓഫീസിനുമുന്നിൽ വാഹനങ്ങൾ ക്യൂവായി ഇട്ടിരിക്കും, ഒന്നുരണ്ട് ദിവസം കഴിഞ്ഞാൽ മാത്രമേ അവയ്ക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. പ്രസ്തുത ഉത്തരവ് പ്രകാരം സ്കൂൾ അധികാരികൾ ആവശ്യപ്പെടുന്നതനുസരിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ സ്കൂളുകളിൽചെന്ന് വാഹനങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ബസ്സുകളുടെ ബാറ്ററി, ടയർ എന്നിവയിലെ പ്രശ്നങ്ങൾ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കുന്നതിനായി ബന്ധപ്പെട്ട പി.ടി.എ.യും നാട്ടുകാരും ചെറിയ സഹായം ചെയ്യേണ്ടതുണ്ട്. അതുപോലെ ഓട്ടോറിക്ഷയിലും കുട്ടികൾ സ്കൂളിലെത്താറുണ്ട്. എന്നാൽ ഒരു ഓട്ടോയിൽ പത്തോളം കുട്ടികളെ കയറ്റുന്ന രീതി ഒഴിവാക്കണം. പരമാവധി മൂന്ന് കുട്ടികളെ കയറ്റിയാൽ മതി. മൂന്നിൽക്കൂടുതൽ കുട്ടികളെ കയറ്റാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ ബസ്സുടമകൾ എന്നെ സമീപിച്ചിരുന്നു. വിദ്യാർത്ഥികളെ സഹായിക്കാൻ സ്വകാര്യമേഖലയുടെ സേവനം എങ്ങനെ ഉപയോഗിക്കാമെന്നത് സംബന്ധിച്ച് ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെയുംകൂടി സാന്നിദ്ധ്യത്തിൽ രണ്ടുദിവസത്തിനുള്ളിൽ ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, സ്കൂൾ തുറക്കുന്നതിന് വളരെമുമ്പുതന്നെ വിപുലമായ തയ്യാറെടുപ്പുകൾ നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. വാക്സിൻ വിതരണത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാകുന്ന രീതിയിലാണ് നമ്മുടെ ഗവൺമെന്റ് പ്രവർത്തിച്ചത്. എന്നാൽ കോവിഡ് വാക്സിൻ നൽകാതെ കുട്ടികളെ സ്കൂളിലെത്തിക്കുന്നത് സംബന്ധിച്ച് മിക്ക രക്ഷിതാക്കൾക്കും

ആശങ്കകളുണ്ട്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സ്കൂൾ കുട്ടികൾക്ക് വാക്സിൻ നൽകുന്നത് സംബന്ധിച്ച പ്രോട്ടോക്കോൾ ദേശീയാടിസ്ഥാനത്തിൽ വന്നിട്ടില്ല. കുട്ടികൾക്കാണ് ഏറ്റവും കൂടുതൽ പ്രതിരോധശേഷിയുള്ളതെന്ന രീതിയിൽ ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർമാർ ചില നയങ്ങൾ വ്യക്തമാക്കുകയും ചില മരുന്നുകളും വാക്സിനുകളും കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇന്ത്യയിൽ അത് ഇതുവരെയും പരീക്ഷിച്ചിട്ടില്ല. സ്കൂൾ കുട്ടികൾക്ക് കോവിഡ് വരാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പുമായാണ് സർക്കാർ മുന്നോട്ടുനീങ്ങുന്നത്. വാക്സിൻ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ ആദ്യം സ്കൂൾ കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന കാര്യംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. എസ്. സുപാൽ: സർ, ഒരു ഇടവേളയ്ക്കുശേഷം സ്കൂളുകൾ തുറക്കുമ്പോൾ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മികച്ച ഒരു അദ്ധ്യയന അന്തരീക്ഷമൊരുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും സംസ്ഥാന ഗവൺമെന്റും മുൻകയ്യെടുക്കുന്നത് വളരെ അഭിനന്ദനാർഹമാണ്. പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് രണ്ടാംഘട്ട അലോട്ടുമെന്റ് കഴിഞ്ഞിരിക്കുകയാണ്. 'എ പ്ലസ് ' ലഭിച്ച നിരവധി കുട്ടികൾക്കുൾപ്പെടെ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമുണ്ട്. അഡ്മിഷൻ കിട്ടിയ കുട്ടികൾക്കുതന്നെ ഇഷ്ടവിഷയങ്ങളും ഇഷ്ടസ്കൂളുകളും ലഭിക്കാത്ത സ്ഥിതിയുമുണ്ട്. 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കും അഡ്മിഷൻ ഉറപ്പാക്കുമെന്ന് അങ്ങ് ഈ നിയമസഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. അത് സന്തോഷകരമായ കാര്യമാണ്. ഈ ഘട്ടത്തിൽ എല്ലാ ജില്ലകളിലും ആവശ്യമായ സീറ്റ് വർദ്ധിപ്പിച്ച് കുട്ടികളുടെയും രക്ഷകർത്താക്കളുടെയും ആശങ്ക ദൂരീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം എല്ലാ വകുപ്പുകളുമായും ചർച്ച നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണം, ആരോഗ്യം, ഗതാഗതം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകൾക്കെല്ലാം കരട് മാർഗ്ഗരേഖ നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ അദ്ധ്യാപക സംഘടനകളുടെ യോഗം ചേർന്ന് വളരെ വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തു. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് അവർക്ക് പരിപൂർണ്ണ പിന്തുണയാണ് നൽകിയിട്ടുള്ളത്. സംസ്ഥാനാടിസ്ഥാനത്തിൽ തൊഴിലാളി-യുവജന-വിദ്യാർത്ഥി സംഘടനകളും പഞ്ചായത്ത് പ്രസിഡന്റുമാരും മേയർമാരുമുൾപ്പെടെ സമൂഹത്തിലെ നാനാതുറകളിൽ പ്രവർത്തിക്കുന്നവരുടെ യോഗം ചേർന്ന് അഭിപ്രായങ്ങൾ ക്രോഡീകരിച്ചാണ് ആവശ്യമായ തയ്യാറെടുപ്പുകൾ

നടത്തിയത്. പ്ലസ് വൺ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചിരിക്കുന്നത്. ആകെ അപേക്ഷകൾ 429730 ആണ്. ആദ്യഘട്ട അലോട്ടുമെന്റിൽ 201489 പേർക്കും ഒക്ടോബർ മാസം 7-ലെ രണ്ടാംഘട്ട അലോട്ടുമെന്റിൽ 68048 പേർക്കുമാണ് പ്രവേശനം ലഭിച്ചത്. ഒക്ടോബർ മാസം 23-ന് മുഖ്യഘട്ട അലോട്ടുമെന്റ് പൂർത്തീകരിക്കുമ്പോൾ മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. സപ്ലിമെന്ററി അലോട്ടുമെന്റിന് മുമ്പായി ജില്ലാടിസ്ഥാനത്തിലുള്ള ആവശ്യകത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം ശരിയാണ്. വിജയിച്ച കുട്ടികൾക്കെല്ലാം വീടിനടുത്തുള്ള സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കുന്നതിൽ ചില കുറവുകൾ സംഭവിച്ചിട്ടുണ്ട്. 23-ാം തീയതി കഴിഞ്ഞശേഷം ഇതുസംബന്ധിച്ച് പരിശോധിച്ച് എല്ലാവരുമായി ആലോചിച്ച് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിലൂടെ ആയിരത്തിൽപ്പരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് മൂന്ന് കോടി രൂപയുടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ അതിന്റെ തുടർനടപടികൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തെ 166 സ്കൂളുകൾക്കാണ് ഇത് അനുവദിച്ചിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ 14 സ്കൂളുകളുമുൾപ്പെട്ടിട്ടുണ്ട്. അതിൽ എന്റെ മണ്ഡലത്തിലെ രണ്ട് സ്കൂളുകളുമുണ്ട്. ഈ പദ്ധതി ഇപ്പോൾ ഏതവസ്ഥയിലാണ്; എ.എസ്. ലഭിച്ച ഈ പദ്ധതി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയ്ക്കുതന്നെ മാതൃകയായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി നടപ്പാക്കിയെന്ന വസ്തുത നമുക്കെല്ലാമറിയാം. വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച കാലഘട്ടം കേരള ചരിത്രത്തിൽ വേറെയുണ്ടായിട്ടില്ല. രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്ന് നൂറ് ദിവസം കഴിയുംമുമ്പുതന്നെ കിഫ്ബി ധനസഹായത്തോടെ അഞ്ച് കോടി രൂപയുടെയും മൂന്നുകോടി രൂപയുടെയും 92 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനകർമ്മവും മൂന്നുകോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള 104 കെട്ടിടങ്ങളുടെ തറക്കല്ലിടൽ കർമ്മവും നിർവ്വഹിച്ചു. അങ്ങ് സൂചിപ്പിച്ച വിഷയം, കഴിഞ്ഞ പ്രാവശ്യം പല സ്ഥലങ്ങളിലുമായി തുടക്കംകുറിച്ച പ്രവൃത്തികൾ വിവിധ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്. എന്നാൽ പല ഏജൻസികളും അതിന്റെ ഗൗരവം കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നില്ലെന്നത് സത്യമാണ്. അവരുടെ പേരുകളൊന്നും എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. പല

എം.എൽ.എ.മാരും അതുസംബന്ധിച്ച് കത്തുകൾ നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ താൽപ്പര്യം കാണിക്കാത്ത ഏജൻസികളുമായി എം.എൽ.എ.മാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് പരിഹാരം കാണാം. അതിന് സാധിക്കാത്ത ഏജൻസികളെ കരാറിൽ നിന്നും ഒഴിവാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനും കൊല്ലം മണി ജനറൽ സെക്രട്ടറിയുമായ പ്രൈവറ്റ് സ്കൂൾ എയ്ഡഡ് മാനേജ്മെന്റ് അസോസ്സിയേഷൻ ഇന്നലെ ഒരു നിവേദനം നൽകിയിട്ടുണ്ട്. രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. എയ്ഡഡ് സ്കൂളുകൾക്ക് 2020-2021-ലെ മെയിന്റനൻസ് ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ല. ധനകാര്യ വകുപ്പ് 28-3-2021-ൽ ഗ്രാന്റ് വിതരണം സംബന്ധിച്ച് അലോട്ടുമെന്റ് ഉത്തരവിറക്കിയെങ്കിലും സാങ്കേതിക തടസ്സം കാരണം ഇതുവരെ മെയിന്റനൻസ് ഗ്രാന്റ് ലഭിച്ചിട്ടില്ല. അതിനാൽ അവർ വലിയ പ്രതിസന്ധി നേരിടുകയാണ്. അതുപോലെ സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിയിൽപ്പെട്ട കിച്ചൺ-കം-സ്റ്റോഴ്സ് പദ്ധതിക്കനുവദിച്ച തുകയും സ്കൂളുകൾക്ക് കൈമാറിയിട്ടില്ല. ആകെ 187 കോടി രൂപയുണ്ട്. ഹെഡ്മാസ്റ്റർ, പി.ടി.എ. എന്നിവരുടെ സംയുക്ത അക്കൗണ്ടിലേയ്ക്കാണ് പ്രസ്തുത തുക വരുന്നത്. തുക അനുവദിച്ചില്ലെങ്കിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുമെന്നുള്ളതുകൊണ്ട് പ്രസ്തുത തുക ഉടൻ കൈമാറണം. അതുപോലെതന്നെ സ്കൂൾ കെട്ടിടങ്ങളുടെ ആസ്ബെറ്റോസ് ഷീറ്റും ടിൻ ഷീറ്റും മാറ്റണമെന്നുപറഞ്ഞ് വിദ്യാഭ്യാസ വകുപ്പ് ഒരു ഉത്തരവിറക്കിയിട്ടുണ്ട്. ഈ അടിയന്തര ഘട്ടത്തിൽ സ്കൂളുകളിൽ എങ്ങനെ പഠന സൗകര്യമൊരുക്കാൻ കഴിയുമെന്ന കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്. മെയിന്റനൻസ് ഗ്രാന്റിനത്തിൽ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകൾക്കെല്ലാംകൂടി 52 കോടി രൂപ നൽകാനുണ്ട്. അതുപോലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂളുകൾക്കും ഗവൺമെന്റ് സ്കൂളുകൾക്കും ഫണ്ട് നൽകാനുണ്ട്. അതെല്ലാം എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്കൂൾ കെട്ടിടങ്ങളിൽ ആസ്ബെറ്റോസ് ഷീറ്റുകൾ ഉപയോഗിക്കാൻ പാടില്ലെന്നത് ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവാണ്. അത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. അങ്ങനെയൊരു ഉത്തരവുള്ളതുകൊണ്ട് അവിടെ ക്ലാസ്സുകൾ നടത്താൻ പാടില്ലെന്ന ഒരു നിലപാടും സർക്കാർ സ്വീകരിച്ചിട്ടില്ല. അങ്ങ് പറഞ്ഞ മൂന്നുകാര്യവും ഗൗരവമായി എടുക്കുന്നതാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോവിഡിനെത്തുടർന്ന് ദീർഘകാലമായി സ്കൂളുകൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സ്കൂളും പരിസരവും വൃത്തിയാക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമായി മാറിയിരിക്കുകയാണ്. സ്കൂളുകൾ വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളും മറ്റ് സന്നദ്ധ സംഘടനകളുമെല്ലാം മാതൃകാപരമായി രംഗത്തിറങ്ങിയിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി അവ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ പ്രത്യേകമായി ആരംഭിച്ചിട്ടുണ്ടോ; അതുസംബന്ധിച്ച വിശദാംശം സൂചിപ്പിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന ജനകീയ സമിതിയുടെ നേതൃത്വത്തിൽ അവ അണുവിമുക്തമാക്കാനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന് വിദ്യാർത്ഥി-യുവജന-തൊഴിലാളി സംഘടനകളും രാഷ്ട്രീയ പാർട്ടികളും എം.എൽ.എ.മാരും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുമെല്ലാം നല്ല പിന്തുണ നൽകിയിരിക്കുകയാണ്. 42,65,273 കുട്ടികളാണ് രണ്ടുമൂന്ന് ഘട്ടങ്ങളിലായി സ്കൂളുകളിൽ എത്തിച്ചേരുന്നത്. സ്കൂളുകൾ തുറക്കുന്നതു സംബന്ധിച്ച് 'തിരികെ സ്കൂളുകളിലേയ്ക്ക്' എന്ന മാർഗ്ഗരേഖ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറി. ഇന്ന് (07-10-2021) അതുസംബന്ധിച്ച ഉത്തരവ് ഇറങ്ങിയേക്കും. അതിനുശേഷം വ്യാപകമായ പ്രചരണം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഒരു കോപ്പി എല്ലാ എം.എൽ.എ-മാർക്കും നൽകുന്നുണ്ട്. ഈ മാർഗ്ഗരേഖയനുസരിച്ച് കാര്യങ്ങൾ ചെയ്താൽ യാതൊരു പ്രശ്നവുമില്ലാതെ നന്നായിത്തന്നെ സ്കൂളുകൾ നടത്തിക്കൊണ്ടുപോകാൻ കഴിയും.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്ത് എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിജയം നേടിയത് പാലാ നിയോജകമണ്ഡലത്തിലും പാലാ വിദ്യാഭ്യാസ ജില്ലയിലുമാണ്. ഫുൾ 'എ' പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്കുപോലും സയൻസ് ഗ്രൂപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ ഓരോ സ്കൂളിലും അഞ്ച് സീറ്റുവീതം വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഇപ്രാവശ്യം 'എ പ്ലസ്' ലഭിച്ച കുട്ടികളുടെ എണ്ണം കൂടുതലാണ്. 'എ പ്ലസ്' മനഃപൂർവ്വം കുട്ടികൾക്ക് അനുവദിച്ചതല്ല. കഴിഞ്ഞ പ്രാവശ്യം 45,000 കുട്ടികളാണ് 'എ പ്ലസ്' നേടിയതെങ്കിൽ ഇപ്രാവശ്യം ഒന്നേകാൽ ലക്ഷം കുട്ടികൾക്ക് ലഭിച്ചു. കോവിഡ്

കാലഘട്ടമായതിനാൽ കുട്ടികളോട് പാഠപുസ്തകത്തിലുള്ള മുഴുവൻ കാര്യങ്ങളും പഠിക്കാൻ പറയാൻ കഴിയില്ല. അവർ നമ്മുടെ മക്കളാണ്, അതുകൊണ്ട് അവർക്കൊരു ഫോക്കസ് ഏരിയ നിശ്ചയിച്ച് കൊടുത്തിട്ട് ഇന്നയിന്ന വിഷയങ്ങൾ പഠിക്കാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പഠിച്ച് പരീക്ഷയെഴുതിയ കുട്ടികൾക്ക് നല്ല മാർക്ക് നേടാൻ കഴിഞ്ഞു. അങ്ങനെയാണ് ഒന്നേകാൽ ലക്ഷം കുട്ടികൾക്ക് 'എ പ്ലസ്' ലഭിച്ചത്. വീടിനടുത്തുള്ള സ്കൂളുകളിൽ അഡ്മിഷൻ ലഭിക്കാത്തതും ഇഷ്ട വിഷയത്തിൽ പ്രവേശനം ലഭിക്കാത്തതുമായ പ്രശ്നങ്ങളുമുണ്ട്. ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് രണ്ടാം അലോട്ടുമെന്റിനുശേഷം കൂട്ടായി ആലോചിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അറിയിച്ചിട്ടുണ്ട്. അതിനുള്ള പരിഹാരം കണ്ടെത്തിയേ മതിയാകൂ, അതിൽ ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ല.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, കോവിഡിനെത്തുടർന്ന് അടഞ്ഞുകിടന്ന പൊതുവിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ രോഗസാദ്ധ്യത പരിശോധിക്കുന്നതിനേർപ്പെടുത്തിയ ക്രമീകരണങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ നേരത്തെ ശുചീകരണത്തെപ്പറ്റിയും അണുനശീകരണത്തെപ്പറ്റിയും സൂചിപ്പിച്ചിരുന്നു. ഇതുകൂടാതെ സ്കൂളുകളിൽ സോപ്പ്, സാനിറ്റൈസർ, കുട്ടികളുടെ ശരീരോഷ്മാവ് അളക്കാൻ തെർമൽ സ്കാനർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. മാത്രമല്ല ഓരോ സ്കൂളിലും ഓരോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കും. ഇതിനായി സർക്കാർ-സ്വകാര്യ മേഖലകളിലെ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തും. ഓരോ സ്കൂളിലും ഒരു ഹെൽപ്ലൈനും സിക്ക് റൂമുമുണ്ടാകും. ഏതെങ്കിലുമൊരു കുട്ടിക്ക് ബുദ്ധിമുട്ടുണ്ടായാൽ അപ്പോൾത്തന്നെ ആശുപത്രിയിലെത്തിക്കുന്നതിനുള്ള മറ്റ് എമർജൻസി സംവിധാനങ്ങളുമുണ്ടാകും. ഈ നിലയിൽ എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ടുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വളരെ ആശങ്കയോടെയാണെങ്കിലും നമ്മുടെ സ്കൂളുകൾ തുറക്കാൻ പോകുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. യാതൊരു ബുദ്ധിമുട്ടും കൂടാതെ അദ്ധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കുമെല്ലാം സമാധാനപരമായി സ്കൂൾ നടത്തിക്കൊണ്ടുപോകാൻ കഴിയട്ടെയെന്ന് ആഗ്രഹിക്കുകയാണ്. ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, അങ്ങയുടെ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച്

പ്രൊമോഷൻ ലഭിച്ച ഒരുപാട് അദ്ധ്യാപകരുണ്ട്. 50 വയസ് കഴിഞ്ഞവർക്കെല്ലാം പ്രൊമോഷൻ നൽകാമെന്ന് പറഞ്ഞ് ഗവൺമെന്റ് നോട്ടിഫിക്കേഷനുമിറക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്ററാകാൻ കഴിയുന്നില്ല. 1702 സ്കൂളുകളിൽ പ്രധാന അദ്ധ്യാപകരില്ല. അതോടൊപ്പംതന്നെ അദ്ധ്യാപകരില്ലാത്ത ഒരുപാട് സ്കൂളുകളുമുണ്ട്. ഈ സന്ദർഭത്തിൽ അദ്ധ്യാപകരില്ലാത്ത അവസ്ഥ സ്കൂളുകളിൽ വലിയ പ്രയാസങ്ങളുണ്ടാക്കും. ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രധാനാദ്ധ്യാപകരേയും അദ്ധ്യാപകരേയും അടിയന്തരമായി നിയമിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്ത് ലോവർ പ്രൈമറി സ്കൂളുകളിൽ 60,630 അദ്ധ്യാപകരും അപ്പർ പ്രൈമറി സ്കൂളുകളിൽ 44,494 അദ്ധ്യാപകരും ഹൈസ്കൂളുകളിൽ 55,255 അദ്ധ്യാപകരും ഹയർ സെക്കണ്ടറി സ്കൂളുകളിൽ 28,703 അദ്ധ്യാപകരും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 3,879 അദ്ധ്യാപകരുമുണ്ട്. അങ്ങ് പറഞ്ഞതുപോലുള്ളൊരു പ്രശ്നമുണ്ട്. കോടതിയിൽ നിലനിൽക്കുന്ന കേസ്സുകളിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടതാണ്. ഏതാണ്ട് അയ്യായിരത്തോളം കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽത്തന്നെയുണ്ട്. ചെറിയ പ്രശ്നത്തിനുപോലും കോടതിയെ സമീപിക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ്സുള്ളതിനാൽ പ്രൊമോഷൻ നൽകാൻ സാധിക്കുന്നില്ല. അക്കാരണത്താൽ ഏതാണ്ട് 1200-ഓളം വരുന്ന എൽ.പി. സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരെ നിയമിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. കേസ് മറികടന്ന്, സ്കൂൾ തുറക്കുന്നതിനുമുമ്പ് പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാനുള്ള പരിശ്രമത്തിലാണ് വിദ്യാഭ്യാസ വകുപ്പ് എന്നകാര്യം അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിലെ മക്കൾ വീണ്ടും വിദ്യാലയത്തിലേയ്ക്ക് ചുവടുവയ്ക്കുമ്പോൾ അതിന്റെ പ്രവർത്തനങ്ങളെ ധീരമായി ഏകോപിപ്പിക്കുന്ന ഈ സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമ്മുടെ കുഞ്ഞുങ്ങൾ ഭാഗികമായിട്ടാണെങ്കിലും നേരിട്ട് അദ്ധ്യാപകരിൽനിന്ന് പഠിക്കുന്നൊരു സ്ഥിതിവിശേഷം സംജാതമാവുകയാണ്. ഷിഫ്റ്റ് സമ്പ്രദായത്തിലൂടെയുള്ള പഠനമായതിനാൽ ഓൺലൈൻ പ്ലാറ്റ്ഫോമുകളേയും വിക്ടേഴ്സ്, ദൂരദർശൻ ചാനലുകൾ വഴിയുള്ള പഠനത്തേയും ഇനിയും ആശ്രയിക്കേണ്ടിവരും. അദ്ധ്യാപകർക്കും കുട്ടികളെ പഠിപ്പിക്കുന്നതിന് നിലവിലെ

സമ്പ്രദായം ഉപയോഗിക്കേണ്ടിവരും. ആയതിനാൽ കുട്ടികളുടെ പഠന തുടർച്ചയും അദ്ധ്യാപന ഏകോപനവും ഫലപ്രദമാക്കുന്ന ഒരു അക്കാഡമിക് പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, മാർഗ്ഗരേഖയിൽ അക്കാര്യം പറയുന്നുണ്ട്. കോവിഡ് കാലഘട്ടത്തിൽ ആരംഭിക്കുന്ന ക്ലാസ്സുകൾക്ക് പുതിയൊരു അക്കാഡമിക് കലണ്ടറും അക്കാഡമിക് അപ്രോച്ചും വേണമെന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരള), വിക്ടേഴ്സ് ചാനൽ തുടങ്ങിയവയുടെ സഹായത്തോടുകൂടിയുള്ള പുതിയൊരു അപ്രോച്ചിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതിനോടൊപ്പംതന്നെ ഓൺലൈൻ, ഓഫ്‌ലൈൻ, ഡിജിറ്റൽ ക്ലാസ്സുകളും തുടരുന്നതാണ്. അതുപോലെതന്നെ സ്കൂളുകളിലും ക്ലാസ്സുണ്ട്. ഇവ ഒരുമിച്ച് കൊണ്ടുപോകണമെന്നതന്നെയാണ് വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ കോവിഡ് കാലത്ത് സ്കൂൾ തുറക്കുന്നതിനുമുമ്പ് നവംബർ മാസത്തിൽ ട്യൂട്ടോറിയൽ കോളേജുകൾ, പാരലൽ കോളേജുകൾ, ട്യൂഷൻ സെന്ററുകൾ എന്നിവയൊക്കെ തുറക്കാനുള്ള അനുവാദം നൽകിയിരുന്നു. പതിനായിരക്കണക്കിന് ചെറുപ്പക്കാർ തൊഴിൽ ചെയ്യുന്ന വലിയൊരു മേഖല കൂടിയാണത്. ഈ മേഖല തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാർ നാളിതുവരെ അനുവാദം നൽകിയിട്ടില്ല. ഈ വിഷയം അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് ട്യൂഷൻ സെന്ററുകൾ, പാരലൽ കോളേജുകൾ, മറ്റ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ തുറന്നുപ്രവർത്തിപ്പിക്കാനുള്ള നയപരമായ തീരുമാനം സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സ്കൂളുകളും കോളേജുകളും തുറക്കുന്നതുപോലെ പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രഖ്യാപനം നടത്താൻ സർക്കാരിന് സാധിക്കില്ല. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഉദ്ദേശിച്ചത് എന്താണെന്ന് മനസ്സിലായില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോവിഡ് നിയന്ത്രണങ്ങൾ കാരണം അവരിപ്പോൾ പ്രവർത്തിക്കുന്നില്ല. പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അവർക്കുകൂടി അനുവാദം നൽകണമെന്നാണ് ആവശ്യപ്പെടുന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി മറുപടി പറയുന്നതായിരിക്കും ഉചിതം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഈ ഘട്ടത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് സർക്കാർ പരിഗണിച്ചത്. കൃത്യമായ ആലോചനകളിലൂടെ മാർഗ്ഗരേഖ പുറത്തിറക്കിക്കൊണ്ടാണ് അക്കാര്യം നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തെപ്പറ്റി സർക്കാർ പിന്നീട് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നത് വളരെ ഗൗരവമുള്ള വിഷയംതന്നെയാണ്. സാഹചര്യം ഇങ്ങനെയൊക്കെ ആയിരിക്കെ, നമ്മുടെയും നമ്മുടെ ബന്ധുക്കളുടെയും വീടുകളിലുള്ള കുട്ടികൾ എല്ലാവരും ട്യൂഷന് പോകുന്നവരാണ്. ആയിരക്കണക്കിന് അദ്ധ്യാപകർ ട്യൂഷൻ സെന്ററുകളിൽ പഠിപ്പിക്കുന്നുണ്ടെന്ന കാര്യം ശരിയാണ്. പക്ഷേ, അടച്ചിട്ടിരിക്കുന്ന ട്യൂഷൻ സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ഉത്തരവിറക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിനോ ഉന്നത വിദ്യാഭ്യാസ വകുപ്പിനോ കഴിയില്ല എന്നുള്ള കാര്യം സത്യമാണ്. എന്നാൽ അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് സർക്കാർ വളരെ ഗൗരവത്തോടുകൂടി ആലോചിക്കുന്നതാണ്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

2(*92) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): (എ) സർ, ഉണ്ട്. പൊതുമരാമത്ത് വകുപ്പിൽ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമായി തുടർന്നുവരുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളിന്മേൽ വകുപ്പിലെ ആഭ്യന്തര വിജിലൻസ് സംവിധാനം മുഖേന അന്വേഷണം നടത്തി യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ ധനകാര്യ പരിശോധനാവിഭാഗം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ അന്വേഷണം നടത്തി സമർപ്പിക്കുന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന കോൺട്രാക്ടർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട പ്രവൃത്തിയുടെ പരിപാലന കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽത്തന്നെ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രിയുടെ തൽസമയ ഫോൺ ഇൻ പരിപാടി, മൊബൈൽ ആപ്ലിക്കേഷനായ 'PWD 4U', ടോൾ ഫ്രീ നമ്പർ എന്നിവ വഴി പരാതി സ്വീകരിക്കൽ എന്നിവയും നടപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനങ്ങൾ മുഖേന ലഭിക്കുന്ന പരാതികൾ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെല്ലിൽനിന്നും അതത് ജില്ലകളിലെ നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകുകയും റോഡ്സ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതി പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ റോഡ് മെയിന്റനൻസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പി.ഐ. സെല്ലിനും നൽകുന്നു. 'PWD 4U' ആപ്പ് മുഖേന ലഭ്യമാകുന്ന പരാതികൾ സംബന്ധിച്ച പുരോഗതി നിരത്ത് പരിപാലന വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിരീക്ഷിച്ചുവരുന്നു. പ്രസ്തുത ആപ്പിലേയ്ക്കുവരുന്ന പരാതികൾ തൽസമയംതന്നെ പരിശോധിച്ച് പരാതിക്കാരെ നേരിട്ടുവിളിച്ച് വിശദവിവരങ്ങൾ ചർച്ച ചെയ്തശേഷം കെ.എസ്.ടി.പി.യുടെ കീഴിൽ പ്രവർത്തിക്കുന്ന പി.ഐ. സെല്ലിൽ ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച് അതത് നിരത്ത് പരിപാലന വിഭാഗം, നിരത്ത് ഉപവിഭാഗം കാര്യാലയങ്ങളിൽ ഇ-മെയിൽ മുഖാന്തരം അറിയിക്കുകയും ലഭ്യമായ പരാതികൾ നിരത്ത് ഉപവിഭാഗം

കാര്യാലയങ്ങളിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവിടെനിന്ന് ലഭിക്കുന്ന മറുപടികൾ നിരത്ത് പരിപാലന വിഭാഗം കാര്യാലയത്തിൽനിന്ന് 'PWD 4U' മൊബൈൽ ആപ്പ് വഴി പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. ഈ ആപ്പ് നിലവിൽ വന്നുവഴി പൊതുജനങ്ങൾക്ക് പരാതികൾ പെട്ടെന്ന് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താനും പരാതികൾക്ക് വകുപ്പുതലത്തിൽ എത്രയും പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കാനും ഇതുവഴി വകുപ്പിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിക്കുന്നുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയിൽക്കൂടിയും ഫോൺ ഇൻ പ്രോഗ്രാം വഴിയും വകുപ്പുമന്ത്രിക്ക് പരാതികൾ ബോധിപ്പിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന പരാതികൾ അതത് വിഭാഗത്തിൽത്തന്നെ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. 'PWD 4U' ആപ്പ് മുഖാന്തരം 12,691 പരാതികൾ ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ കാലോചിതവും സുതാര്യവുമാക്കാൻ വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ചീഫ് എഞ്ചിനീയർ ഓഫീസ് മുതൽ സെക്ഷൻ ഓഫീസുകൾവരെ ഇ-ഓഫീസ് സംവിധാനം സമീപഭാവിയിൽ നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളിലെ അഴിമതി നിർമ്മാർജ്ജനത്തിന്റെയും ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമുതൽ ഫൈനൽ ബിൽ പേമെന്റ് വരെയുള്ള വിവരങ്ങൾ പ്രൈസ് സോഫ്റ്റ്‌വെയറിന്റെ മൂന്നാംഘട്ടത്തിലൂടെ നടപ്പാക്കിവരുന്നു. ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനായി മൊബൈൽ ആട്ടോമേറ്റഡ് ടെസ്റ്റിംഗ് ലാബുകൾ മൂന്ന് മേഖലകളിലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വേഗത വർദ്ധിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ജില്ലാകളക്ടർ ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായി നിലവിലുള്ള ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (ഡി.ഐ.സി.സി.) ചലനാത്മകമാക്കിയിട്ടുണ്ട്. ടി കമ്മിറ്റി എല്ലാ മാസവും ജില്ലാതലങ്ങളിൽ യോഗങ്ങൾ ചേരുന്നതും വർഷത്തിൽ മൂന്നുതവണ വകുപ്പുമന്ത്രിയും എം.എൽ.എ.യും ഈ കമ്മിറ്റിയുടെ പ്രവർത്തനം അവലോകനം നടത്തുന്നതുമാണ്. ജില്ലകളുടെ ചുമതല രണ്ട് സ്റ്റേറ്റ് നോഡൽ ഓഫീസർമാർ നിർവ്വഹിക്കുന്നു. ഡിഫക്റ്റ് ലയബിലിറ്റി പിരീഡിനുശേഷം മേജർ ഡിസ്ട്രിക്ട് റോഡുകളിൽ രൂപപ്പെട്ടിരിക്കുന്ന കുഴികൾ ദീർഘകാലാടിസ്ഥാനത്തിൽ നികത്തുന്നതിന് റണ്ണിംഗ് കോൺട്രാക്ടെന്ന സംവിധാനം രൂപപ്പെടുത്തുന്നുണ്ട്. ട്രാൻസ്ഫോർമേഷൻ മിഷന്റെ ഭാഗമായി "Mission-Vision" എന്ന പ്രോഗ്രാം വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കും.

(സി) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധിക തസ്തികകൾ പുനർവിന്യസിച്ച് ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച പരാതികളിന്മേൽ ആഭ്യന്തര വിജിലൻസ് സംവിധാനം, ധനകാര്യ പരിശോധനാ വിഭാഗം എന്നിവ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുംവേണ്ടി 05-1-2018 ലെ ജി.ഒ.(എം.എസ്. ) 1/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നതിന് ഉത്തരവായിരുന്നു. അതിന്റെ ഭാഗമായി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി, ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ എന്നിവരെയുൾപ്പെടുത്തി സമിതികളും രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് അഴിമതി കുറയ്ക്കാൻ സഹായകരമാണെങ്കിലും ജില്ലാതല സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുന്നതുവഴി ഇക്കാര്യത്തിലെ പ്രഖ്യാപിത ലക്ഷ്യമായ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും അവയുടെ പരിപാലനത്തിലും പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിലും സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന സുശക്തമായ നടപടികൾ അഭിനന്ദനീയമാണ്. മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ സ്ഥലങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സന്ദർശിച്ചതും ജില്ലകളിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മന്ത്രികൂടി പങ്കെടുത്തുകൊണ്ട് അവലോകനയോഗങ്ങൾ ചേർന്നതും പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമായിട്ടുണ്ട്. എന്നാൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലമേറ്റെടുക്കുന്ന പ്രക്രിയയിൽ കാലതാമസം നേരിടുന്നുവെന്ന പരാതി നിലനിൽക്കുന്നുണ്ട്. അത് വേഗത്തിലാക്കുന്നതിന് പുതിയ നടപടികളെന്തെങ്കിലും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; അതിന് ആലോചനയുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തിയിൽ വരുന്ന തടസ്സങ്ങളിൽ ഏകദേശവും മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. ലാൻഡ് അക്വിസിഷൻ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് തുടങ്ങിയവയിലുള്ള തടസ്സങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തുകയും വളരെ പോസിറ്റീവായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു ഏകോപനം പ്രധാനമാണെന്നുള്ളതുകൊണ്ടുതന്നെ എല്ലാ ജില്ലകളിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മന്ത്രികൂടി പങ്കെടുത്തുകൊണ്ട് വർഷത്തിൽ മൂന്നുതവണ എല്ലാ നിലയിലുമുള്ള പരിശോധനകളും നടത്താനാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ ചുമതല ഏറ്റെടുത്ത ആദ്യ രണ്ട് മാസത്തിനിടയിൽ 14 ജില്ലകളിലും സന്ദർശനം നടത്തുകയും പ്രവൃത്തികൾ തടസ്സപ്പെടുന്നതിനുള്ള പ്രധാന പ്രശ്നങ്ങളെക്കുറിച്ച് അതത് ജില്ലകളിൽത്തന്നെ യോഗം നടത്തുകയുമുണ്ടായി. ഇവിടെ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കുന്നതിനായി രണ്ട് സ്റ്റേറ്റ് നോഡൽ ഓഫീസർമാരെ നിശ്ചയിക്കുകയുണ്ടായി. അവരും ഐ.എ.എസ്. ഉദ്യോഗസ്ഥരും 7 ജില്ലകളുടെ വീതം ചുമതല ഏറ്റെടുത്തുകൊണ്ട് പ്രവർത്തനങ്ങൾ പരിശോധിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കൂടാതെ പി.ഡബ്ല്യൂ.ഡി.യുടെ ഒരു മിഷൻ ടീമിന് രൂപം കൊടുക്കുകയുമുണ്ടായി. ചീഫ് എഞ്ചിനീയർമാർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, സ്റ്റേറ്റ് നോഡൽ ഓഫീസർമാർ, ബന്ധപ്പെട്ട വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന മിഷൻ ടീം ഓരോ 15 ദിവസം കഴിയുമ്പോഴും യോഗം ചേർന്ന് അതത് ഘട്ടങ്ങളിലെ പ്രശ്നങ്ങൾ പരിശോധിച്ചുവരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറും ജില്ലാകളക്ടർ ചെയർമാനുമായ ഡി.ഐ.സി.സി. പല കാരണത്താൽ മുന്നോട്ടുപോകാത്ത സ്ഥിതിയുണ്ടായിരുന്നു. ഇപ്പോൾ എല്ലാ മാസവും ഡി.ഐ.സി.സി. യോഗംകൂടുന്ന സ്ഥിതിയുണ്ട്. പ്രസ്തുത യോഗത്തിൽ സ്റ്റേറ്റ് നോഡൽ ഓഫീസർമാർ ഗൈഡ് ചെയ്ത്, പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കിപ്പോകുന്ന സ്ഥിതിയാണുള്ളത്. മേജർ പ്രോജക്ടുകളേതെന്ന് ലിസ്റ്റ് ചെയ്ത് യഥാസമയം പ്രവൃത്തികൾ നടത്താൻ മന്ത്രിതന്നെ നേരിട്ട് യോഗത്തിൽ പങ്കെടുക്കുന്ന ഒരു പ്രോഗ്രാമും ഇപ്പോൾ നടത്തുന്നുണ്ട്. ഇതിനുപുറമേ എല്ലാ എം.എൽ.എ.മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ യഥാസമയം യോഗം ചേരാനും അതിലുന്നയിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താനുമുള്ള സമ്പ്രദായംകൂടി കൊണ്ടുവരുന്നുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ: സർ, പൊതുജന പരാതികൾ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി അവ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വകുപ്പ് ഒരു മൊബൈൽ ആപ്പ് ആവിഷ്കരിച്ചിട്ടുണ്ടല്ലോ, ഈ പുതിയ സംവിധാനം നിലവിൽ വന്നപ്പോൾ, അതോടൊപ്പം പ്രഖ്യാപിച്ചിരുന്ന മുഴുവൻ റോഡുകളുടേയും ഡിജിറ്റലൈസേഷൻ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെത്തിയെന്ന് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിക്കഴിഞ്ഞാൽ ധാരാളം വിഷയങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. കേരളത്തിലെ ആകെ റോഡുകളിൽ ചെറിയ ശതമാനം അതായത് 33000 കിലോമീറ്റർ മാത്രമേ പൊതുമരാമത്ത് റോഡുകളായിട്ടുള്ളൂ. മഹാഭൂരിപക്ഷവും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട റോഡുകളാണ്. എന്നാൽ കേരളത്തിൽ ഏറ്റവും തിരക്കേറിയതും വാഹനങ്ങൾ ഏറ്റവുമധികം ഓടുന്നതുമായ മേജർ റോഡുകൾ കൂടുതലും പൊതുമരാമത്ത് വകുപ്പിന്റേതാണ്. ടെക്നോളജി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കണമെങ്കിൽ ഡിജിറ്റലൈസേഷൻ അനിവാര്യമാണ്. അതിന്റെ പ്രവർത്തനം ജൂൺ മാസം ആദ്യം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഡിജിറ്റലൈസേഷനിൽനിന്നും ഏറെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. സമ്പൂർണ്ണ ഡിജിറ്റലൈസേഷനെന്ന ലക്ഷ്യത്തിലേയ്ക്കെത്താൻ സാധിക്കുമെന്ന് ഉറച്ച് വിശ്വസിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇവിടെ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരങ്ങൾ കൂടുതൽ വ്യക്തത വരുത്തുന്നതാണ്. എല്ലാവരും നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നം റോഡുകളിലെ കുഴിയാണ്. ഇത് പ്രധാനമായും അനുഭവപ്പെടുന്നത് നാഷണൽ ഹൈവേയിലാണ്. സമീപകാലത്ത് എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ) സ്വീകരിച്ച നിലപാടുകൾ പൊതുമരാമത്ത് വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുകയാണ്. ഒരു പദ്ധതി ആവിഷ്കരിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പി.ഡബ്ല്യു.ഡി.-യുടെ തനത് വർക്ക് മാത്രമല്ല, ദേശീയപാതയിൽ വരുന്ന പ്രശ്നങ്ങളും പി.ഡബ്ല്യു.ഡി.-യുടെ ചുമതലയിലാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി, ദീർഘകാല പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽത്തന്നെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പൊതുമരാമത്തുവകുപ്പ് നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നമ്മുടെ നാട് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ രണ്ടായി തരംതിരിക്കാവുന്നതാണ്. ഒന്ന്, എൻ.എച്ച്.എ.ഐ.യുടെ റോഡുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികളും കുഴികളും. രണ്ട്, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികളും കുഴികളും. എൻ.എച്ച്.എ.ഐ.-യുമായി ബന്ധപ്പെട്ട ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി ഇക്കാര്യങ്ങൾ വളരെ വിശദമായി മുൻപ് പറഞ്ഞിരുന്നു. അതിനുശേഷം ചില പുരോഗതികളുംകൂടി ഉണ്ടായിട്ടുണ്ട്. നിലവിൽ ആറുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി നമ്മുടെ ദേശീയപാത പരിപൂർണ്ണമായി എൻ.എച്ച്.എ.ഐ.ക്ക് കൈമാറുന്ന സ്ഥിതിയാണുള്ളത്. കേന്ദ്ര സർക്കാരിന്റെ അധീനതയിലാണ് അതിപ്പോഴുള്ളത്.

പി.ഡബ്ല്യു.ഡി.-യുടെ കീഴിൽ നാന്നൂറ്റി ചില്വാനം കിലോമീറ്റർ റോഡ് മാത്രമേയുള്ളൂ. ബാക്കി മഹാഭ്രരിപക്ഷവും എൻ.എച്ച്.എ.ഐ.യുടെ കീഴിലേയ്ക്ക് മാറിക്കഴിഞ്ഞു. അതിന്റെ ഭാഗമായി ആ റോഡുകളിൽ ഒരു കുഴിയോ മറ്റ് പ്രശ്നങ്ങളോ വന്നാൽ പൊതുമരാമത്ത് വകുപ്പിന് പഴയതുപോലെ നേരിട്ടിടപെടാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇത് ഏറ്റവുമധികം ബാധിച്ചത് ആലപ്പുഴ ജില്ലയെയാണ്. ആലപ്പുഴ ജില്ലയിലെ മന്ത്രിമാർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുൾപ്പെടെയുള്ള അവിടത്തെ എം.എൽ.എ.മാർ തുടങ്ങി എല്ലാവരുമായി ഇതുസംബന്ധിച്ച് രണ്ടുതവണ ചർച്ച ചെയ്യുകയും കേന്ദ്ര മന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തിരുന്നു. ആലപ്പുഴ കളക്ടറേറ്റിൽ യോഗം ചേർന്ന് ഇക്കാര്യം പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ഈ പ്രശ്നവും മറ്റ് ജില്ലകളിലെ പ്രശ്നങ്ങളും എൻ.എച്ച്.എ.ഐ.യുമായി ചർച്ച ചെയ്യുന്നതിനായി ആലപ്പുഴ ജില്ലയിലെ എം.പി.മാരും എം.എൽ.എ.മാരുമുൾപ്പെടെയുള്ളവരുടെ ഒരു യോഗം അടുത്തയാഴ്ച തിരുവനന്തപുരത്ത് വിളിച്ചിട്ടുണ്ട്. റോഡ് ആരുടേതാണെന്നൊന്നും നാട്ടുകാർക്കറിയില്ല, റോഡിലെ കുഴിയടയ്ക്കൽ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവാദിത്വമായി അവർ കാണുന്നുവെന്നത് വസ്തുതയാണ്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലെ കുഴികളുടെ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതാണ് രണ്ടാമത്തെ വിഷയം. അതിന് ഇപ്പോൾ ചില പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും കുറെയൊക്കെ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുമുണ്ട്. മഴക്കാലം വരുമ്പോൾ റോഡിൽ അറ്റകുറ്റപ്പണികൾ വരുന്നുവെന്നതാണ് നമ്മുടെ കാലാവസ്ഥയുമായി ബന്ധപ്പെട്ട് ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നം. റോഡുകളുടെ നിലവാരമുയർത്തുകയെന്നതുതന്നെയാണ് പരിഹാരം. ഡിഫക്ട് ലയബിലിറ്റി പിരീഡിൽ റോഡുകളിൽ കുഴികളുണ്ടായാൽ കരാറുകാരന്റെ ശ്രദ്ധയിൽപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തുകയും എവിടെയെങ്കിലും പോരായ്മയുണ്ടെങ്കിൽ എം.എൽ.എ.മാർ അതത് സമയത്തിടപെട്ട് ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഡി.എൽ.പി. ഇല്ലാത്തിടത്ത് ടെണ്ടർ വിളിച്ച് കുഴികൾ അടയ്ക്കുകയെന്നതാണ് രീതി. അതിന് കുറെ പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനായി യഥാസമയം ഇടപെടാൻ സാധിക്കണം. അതിനുവേണ്ടി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്നുവെന്ന കാര്യം പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഡി.എൽ.പി. നിലവിലില്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ടിലൂടെ അറ്റകുറ്റപ്പണികളും മറ്റും നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിശ്ചിത കാലയളവിൽ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ചുമതല നൽകിയാൽ ടെണ്ടറിംഗ് പ്രോസസ്സിന്റെ സമയം കുറയ്ക്കാനും കുഴികളും മറ്റും രൂപപ്പെട്ടാൽ കോൺട്രാക്ടറുടെ ശ്രദ്ധയിൽപ്പെടുത്താനും തുടർ നടപടികൾ സ്വീകരിക്കാനുമാകും. ഓരോ റോഡിലും റണ്ണിംഗ് കോൺട്രാക്ട് നിശ്ചയിക്കുകയും അതിന്റെ മെയിന്റനൻസ് ആർക്കാണ്, കരാറുകാരന്റെയും എഞ്ചിനീയറുടെയും പേര്, നമ്പർ തുടങ്ങിയ വിവരങ്ങൾ ഭാവിയിൽ എല്ലാ

റോഡുകളിലും രേഖപ്പെടുത്തിവയ്ക്കാൻ ഉദ്ദേശിക്കുകയുമാണ്. ഈ സംവിധാനത്തിലൂടെ എം.എൽ.എ.മാർക്കും ജനപ്രതിനിധികൾക്കും ജനങ്ങൾക്കും ഏതുഘട്ടത്തിലും റണ്ണിംഗ് കോൺട്രാക്ട് നടപ്പാക്കാത്തവരെ സ്ക്രൂട്ടിണി ചെയ്യാനും പ്രശ്നങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്താനും സാധിക്കും. ഈ രീതിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ കുഴി പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ദേശീയപാതയിലെ കുഴിപ്രശ്നത്തിൽ അടുത്തയാഴ്ചത്തെ യോഗത്തിനുശേഷം നിലപാടെടുക്കാം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിലുള്ള ദേശീയപാത അതോറിറ്റി റോഡുകളിൽ എത്ര കുഴി കുഴിച്ചാലും നമ്മുടെ മന്ത്രിയുടെ യാത്രയുടെ വേഗതയിൽ ഒരു കുറവുമില്ലെന്ന് തെളിയിക്കുന്ന നടപടികളാണ് കുറച്ചു മാസങ്ങളായി കണ്ടുകൊണ്ടിരിക്കുന്നത്, ഇക്കാര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. റോഡ് സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായുള്ള PWD 4U App-നെക്കുറിച്ച് പറഞ്ഞു. കെട്ടിടങ്ങൾ, പാലങ്ങൾ, നിരത്തുകൾ തുടങ്ങിയ വിഭാഗങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് എല്ലാ ആസ്തികളെയും പ്രവൃത്തികളെയുംകുറിച്ച് മനസ്സിലാക്കാനും പരാതികൾ കൃത്യമായി പരിഹരിക്കാനുമാവശ്യമായ സുതാര്യജാലകമായി ഈ ആപ്പിനെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, തീർച്ചയായും. പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനായി നമ്മുടെ കയ്യിലുള്ള ആയുധം ടെക്നോളജി തന്നെയാണ്. അതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. കേരളത്തിലെന്നപോലെ സമാന കാലാവസ്ഥയുള്ള പല വിദേശ രാജ്യങ്ങളിലും ടെക്നോളജി ഉപയോഗിച്ചു കൊണ്ടാണ് ഇത്തരം കാര്യങ്ങൾ നേരിട്ടിട്ടുള്ളത്. ശരിയായ അഴുക്കുചാലു കളില്ലാത്തതാണ് നമ്മുടെ റോഡുകളുടെ പ്രധാന പ്രശ്നം. രണ്ടാഴ്ചമുമ്പ് ചേർന്ന പൊതുമരാമത്ത് വകുപ്പിന്റെ യോഗത്തിൽ ടെക്നോളജി വിപുലീകരിച്ച് മുമ്പോട്ടുപോകാനായി ഒരു സബ്കമ്മിറ്റിയെ നിശ്ചയിക്കുകയും നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനായി പുതിയ ടെക്നോളജി ഉപയോഗിച്ചുള്ള രീതികൾ, പ്രവൃത്തി നടക്കുമ്പോൾത്തന്നെ അവ പരിശോധിക്കാനും അപ്പോൾത്തന്നെ റിസൾട്ട് ലഭ്യമാക്കാനുമുള്ള മാർഗ്ഗങ്ങൾ തുടങ്ങിയവയൊക്കെ വിപുലീകരിക്കേണ്ടതുണ്ട്, അത് സാധിക്കുമെന്നാണ് കരുതുന്നത്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഭാവിയിൽ ഏത് പ്രതിസന്ധിയെയും തരണം ചെയ്ത് മുമ്പോട്ടുപോകുന്നതിനുള്ള കരുത്തായി കാണുന്നത് ടെക്നോളജിയുടെ വിപുലീകരണവും സാദ്ധ്യതകളും തന്നെയാണ്, അവ ഞങ്ങൾ പരമാവധി ഉപയോഗപ്പെടുത്തും.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, പൊതുമരാമത്ത് വകുപ്പിനെ അഴിമതിമുക്തവും കാര്യക്ഷമവുമാക്കാനുള്ള ബഹുമാന്യനായ മന്ത്രിയുടെ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിൽനിന്നും ആരംഭിക്കുന്നതും നാഷണൽ ഹൈവേയുടെ ഭാഗമായതുമായ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ റോഡിൽ വല്ലാർപ്പാടത്തുനിന്നും കളമശ്ശേരി വരെയുള്ള ഭാഗത്ത് പലപ്പോഴും കണ്ടെയ്നർ ലോറികൾ പാർക്കുചെയ്യുന്നതുമൂലം നിരന്തരമായ വാഹനാപകടങ്ങൾ, മരണങ്ങൾ, സാമൂഹ്യവിരുദ്ധരുടെ ശല്യം എന്നിവയൊക്കെ വർദ്ധിച്ചുവരികയാണ്. പാർക്കിംഗിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടത് കൊച്ചിൻ പോർട്ടും ഡി.പി. വേൾഡുമാണ്. വല്ലാർപ്പാടം പള്ളിയിൽവരുന്ന തീർത്ഥാടകർക്കുൾപ്പെടെ പ്രയാസങ്ങളുണ്ടാക്കുന്ന കാര്യമാണിത്. അതുകൊണ്ട് ബന്ധപ്പെട്ട നാഷണൽ ഹൈവേ വിഭാഗത്തോട് ആവശ്യപ്പെട്ടുകൊണ്ട് ഇക്കാര്യം പരിഹരിക്കാനും അതുപോലെ കണക്ടിവിറ്റി റോഡ് വന്നതിനെത്തുടർന്ന് മുളവുകാട് പഞ്ചായത്തിലെ സർവ്വീസ് റോഡുകൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് ഒറ്റപ്പെട്ട വിഷയത്തിനുള്ള ഉത്തരം നൽകേണ്ട ചോദ്യമാണെങ്കിലും ഇതിനെ നമുക്കൊരു പൊതുവിഷയമായും കണക്കാക്കാവുന്നതാണ്. ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്താം. പക്ഷേ ഒരു പൊതുവിഷയമെന്ന നിലയിൽ കേരളത്തിലെ റോഡുകൾ, അത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേതോ പൊതുമരാമത്ത് വകുപ്പിന്റേതോ മറ്റുവകുപ്പുകളുടേതോ ഏതായാലും ആ റോഡുകളുടെ പ്രധാന സ്ഥലങ്ങളിൽ കുറേയേറെ വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നതുമൂലം തടസ്സമുണ്ടാകുന്നു. പോലീസ് കേസിലുൾപ്പെട്ട വാഹനങ്ങൾ, പഴയ ബസ്സുകൾ, മറ്റ് വാഹനങ്ങൾ തുടങ്ങിയവയെല്ലാം തുരുമ്പുപിടിച്ച് പത്തും ഇരുപതും വർഷമായി നിർത്തിയിട്ടിരിക്കുന്ന സ്ഥിതിയുണ്ട്. ഇത് പലയിടങ്ങളിലും അപകടത്തിനും പലതരത്തിലുള്ള പ്രയാസങ്ങൾക്കും കാരണമാകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കോഴിക്കോട് മലപ്പുറം ജില്ലകളിൽ ഇത്തരത്തിലുള്ള വാഹനങ്ങൾ മാറ്റുന്ന സ്ഥിതിയുണ്ടായി. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടു വരികയും ഡി.ജി.പി.-യുമായി സംസാരിക്കുകയും ചെയ്തതിന്റെ ഫലമായി പോലീസ് ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ സൂക്ഷിക്കാൻ സ്ഥലമില്ലാത്ത പ്രശ്നമുണ്ടെങ്കിലും അതാത് ജില്ലാ കളക്ടർമാരും പോലീസ് മേധാവികളുമുൾപ്പെടെ ഇടപെട്ടുകൊണ്ട് പ്രസ്തുത പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. മേൽസൂചിപ്പിച്ച ഒറ്റപ്പെട്ട വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനുള്ള ശ്രമം നടത്താം. പൊതുവിഷയമെന്ന നിലയിൽ എല്ലാ എം.എൽ.എ.മാരും ഈ പ്രശ്നം നേരിടുന്നുണ്ട്, പലരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. അടിയന്തരമായും ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടൽ മുമ്പോട്ടു കൊണ്ടുപോകേണ്ടതുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇന്ന് കേരളത്തിലുള്ള റോഡുകളും പാലങ്ങളും പാതിവഴിയിലാണ്. അനാസ്ഥ കാണിക്കുന്ന കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഇവിടെ സംഭവിക്കുന്നതെല്ലാം കരാറുകാരുടെ കുഴപ്പം തന്നെയാണ്. മാത്രമല്ല, കരാറുകാർ ഓൺലൈൻ ടെണ്ടറെടുത്തുകഴിഞ്ഞാൽ എഗ്രിമെന്റ് വയ്ക്കുന്നുണ്ട്, അതിന് ഒരു കാലാവധിയും വയ്ക്കുന്നുണ്ട്. ആ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീണ്ടും കരാർ പുതുക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. ഇതുമൂലം റോഡുപണി നീണ്ടുപോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ബീനാച്ചി-പനമരം റോഡിൽ ഏതാണ്ട് 22 കി.മീ. ദൂരത്തിന്റെ പ്രവൃത്തിയാരംഭിച്ചിട്ട് ഏതാണ്ട് മൂന്നര വർഷമായി. തമിഴ്നാട്ടിലുള്ള ഒരു കമ്പനിയാണ് പ്രവൃത്തി ഏറ്റെടുത്തത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടതിന്റെയടിസ്ഥാനത്തിൽ വീണ്ടും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിലും പഴയ രീതിയിൽത്തന്നെയാണ് പണി നടക്കുന്നത്. മാത്രമല്ല, സമയബന്ധിതമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും വയനാട് ജില്ലയിലെ പല റോഡുകളുടെയും പണി പൂർത്തീകരിക്കാതെ പാതിവഴിയിലാണ്. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടെണ്ടറനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്ത കരറുകാർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഐ.സി. ബാലകൃഷ്ണൻ പറഞ്ഞത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പലയിടങ്ങളിലും കരാറുകാരും ഉദ്യോഗസ്ഥരും തമ്മിൽ ഒരു ചങ്ങാത്തം രൂപപ്പെട്ടിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സി.&എ.ജി. റിപ്പോർട്ടിലും ഇത്തരം ഉദ്യോഗസ്ഥ ചങ്ങാത്തത്തിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്ന ചില പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ബിറ്റുമിന്റെ മാർക്കറ്റ് വില കുറഞ്ഞാലും പഴയവിലയിൽ എഴുതുന്ന രീതി, മറ്റൊരു പ്രവൃത്തിയുടെ ഇൻവോയ്സിന്റെ പകർപ്പുവച്ചുകൊണ്ട് മറ്റൊരിടത്തുനിന്ന് വാങ്ങുന്ന രീതി, റീ-എസ്റ്റിമേറ്റ് നടത്തി കരാറുകാരന് സൗകര്യം ചെയ്തുകൊടുക്കുക, പ്രവൃത്തി കൃത്യമായി മുമ്പോട്ടുപോകാത്ത പ്രശ്നങ്ങൾ തുടങ്ങി ഇത്തരമൊരു അവിശുദ്ധ ചങ്ങാത്തം പലയിടത്തുമുണ്ട്. എന്നാലും പുതിയ തലമുറയിലെ എഞ്ചിനീയർമാരുൾപ്പെടെ ആത്മാർത്ഥമായും നിസ്വാർത്ഥമായും ജോലി ചെയ്യുന്ന, അഴിമതിക്കെതിരെ വളരെ ശക്തമായ നിലപാടെടുക്കുന്ന ഉദ്യോഗസ്ഥർ ധാരാളമുണ്ട്. ഉദ്യോഗസ്ഥരാകെ മോശക്കാരാണെന്ന അഭിപ്രായമില്ല. അതുപോലെതന്നെ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നിലപാട് കൈക്കൊള്ളുന്ന കരാറുകാരുമുണ്ട്. പക്ഷേ, ഈ പറഞ്ഞ പ്രശ്നവും നിലനിൽക്കുന്നുണ്ട്. ആ പ്രശ്നത്തിനെതിരെ മുഖംനോക്കാതെയുള്ള നിലപാടെടുക്കണം. അതിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യമുണ്ട്, കരാറുകാർ ആരുംതന്നെ നമുക്ക് തൊട്ടുകൂടാൻ പറ്റാത്തവരല്ല, കരാറുകാർക്ക്

അവരുടേതായ പ്രശ്നങ്ങളുണ്ട്, അവരുടെ അസോസിയേഷനുമുണ്ട്. പക്ഷേ കരാറുകാരെക്കൂട്ടിയോ അല്ലെങ്കിൽ എം.എൽ.എ.-മാരുടെ ശിപാർശയോടെയോ മന്ത്രിയുടെ അടുത്തുവരുന്ന സ്ഥിതിയുണ്ടാകാൻ പാടില്ല. അങ്ങനെ വന്നാൽ ഭാവിയിൽ പലരീതിയിലുള്ള ദോഷത്തിനും അത് കാരണമാകും. കരാറുകാർ മനുഷ്യരാണ്, അവർക്ക് അവരുടേതായ പ്രശ്നങ്ങളുണ്ട്. അവർ തൊഴിൽചെയ്യുന്ന മേഖലയിൽ പ്രശ്നങ്ങളുണ്ട്. അവരുടെ അസോസിയേഷൻ എന്ന നിലയിൽ മന്ത്രിയെ സമീപിക്കാം. ജനപ്രതിനിധിയെന്ന നിലയിൽ എം.എൽ.എ.യെ സമീപിക്കാം, പക്ഷേ കരാറുകാരുമായി ഒരു പരിധിക്കപ്പുറത്തുള്ള ബന്ധത്തിലേയ്ക്ക് പോകുന്നത് പല പ്രയാസങ്ങൾക്കും കാരണമാകും. ഈ സാഹചര്യത്തെ നാം കൂട്ടായിത്തന്നെ നേരിടണം. ഈ അവിശുദ്ധ ചങ്ങാത്തം ഏത് എം.എൽ.എ. ചൂണ്ടിക്കാണിച്ചാലും തുടർനടപടി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും തീർച്ചയായും കൃത്യമായ നിലപാടുണ്ടാകുമെന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളുമുണ്ട്. റോഡിലെ കുടിവെള്ള പൈപ്പ്ലൈൻ കേടായിക്കഴിഞ്ഞാൽ അത് റിപ്പെയർ ചെയ്യാൻ കഴിയാത്ത സാഹചര്യം ചിലയിടങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടാകാറുണ്ട്. ഇതിനായി ആവശ്യപ്പെട്ടാൽ അനുമതി ലഭ്യമാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്. റിപ്പെയറിംഗിന് യഥാസമയം അനുമതി ലഭ്യമാക്കുന്നതിനായി ഏതെല്ലാം തരത്തിൽ ഇടപെടൽ നടത്താൻ കഴിയും?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് കിഫ്ബിയിൽ മാത്രമല്ല, കേരളത്തിലൊട്ടാകെ നേരിടുന്ന പ്രശ്നമാണ്. നന്നായി ടാർ ചെയ്ത റോഡുകൾ കുടിവെള്ള കണക്ഷനുവേണ്ടിയും മറ്റാവശ്യത്തിനുമായും കുത്തിപ്പൊളിക്കുന്ന സ്ഥിതിയുണ്ട്. ഇത് മറ്റെവിടെയും കാണാത്ത പ്രത്യേക പ്രതിഭാസമാണ്. കേരളത്തിലെ റോഡുകൾ പലതും തകരുന്നതിന്റെ ഒരു കാരണം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ്, ഇതിന് പരിഹാരം കാണണം. ജനങ്ങളുടെ ആവശ്യത്തിനായിത്തന്നെ ടാറിട്ട റോഡുകൾ വാട്ടർ അതോറിറ്റിയോ കെ.എസ്.ഇ.ബി.യോ ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പോ കുത്തിപ്പൊളിക്കുന്ന തൊഴിവാക്കാൻ എന്തുചെയ്യാൻ പറ്റുമെന്നതിനെ സംബന്ധിച്ച് ഞങ്ങൾ തുടക്കത്തിൽത്തന്നെ ആലോചന നടത്തിയിരുന്നു. ഇതിനുള്ള ഉത്തരവും ടെക്നോളജി തന്നെയാണ്. അതിന്റെ ഭാഗമായി ഒരു പോർട്ടൽ സംവിധാനത്തിന്റെ സാധ്യതയെക്കുറിച്ച് ഇപ്പോൾ പഠനം നടത്തിയിട്ടുണ്ട്. അങ്ങനെയൊരു പോർട്ടൽ വന്നുകഴിഞ്ഞാൽ വ്യത്യസ്ത പ്രവൃത്തികൾ അതിൽ രജിസ്റ്റർ ചെയ്യാം. ഉദാഹരണത്തിന് വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിയുണ്ടെങ്കിൽ ഇന്ന തീയതിക്ക് ചെയ്യുമെന്നവിവരം രജിസ്റ്റർ ചെയ്യാം. കെ.എസ്.ഇ.ബി.ക്കും പൊതുമരാമത്ത് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനുമൊക്കെ അങ്ങനെ ചെയ്യാം. അപ്പോൾ ഈ പ്രശ്നം ഒഴിവാക്കാൻ സാധിക്കും. ഇക്കാര്യം ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. നമ്മൾ നന്നായി ശ്രമിച്ചാൽ ഈ പോർട്ടൽ കേരളത്തിൽ നിലവിൽ വരും, അങ്ങനെയെങ്കിൽ ജനങ്ങളേറെ ആഗ്രഹിക്കുന്ന പ്രശ്നപരിഹാരമെന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്കെത്താൻ സാധിക്കും. ബന്ധപ്പെട്ട പ്രശ്നം കിഫ്ബിയുമായി ചർച്ച ചെയ്യാം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പൊതുവായിട്ടുള്ളൊരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞു. എന്നാൽ ഈ ഉത്തരങ്ങളെല്ലാം കമ്പ്യൂട്ടർ മോണിറ്ററിലുമുണ്ട്. അതുകൊണ്ട് എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, ഇത്രയും സമയമെടുത്ത് ഉത്തരം പറയുന്നത് ഒഴിവാക്കിയാൽ കൂടുതൽ അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ കഴിയും.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: ചിലത് വിശദമായിത്തന്നെ പറയണം, മുറിവൈദ്യനാകാൻ പറ്റില്ല.

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ദേശീയപാത 66-ൽ നടത്തിയ പുനർനിർമ്മാണത്തിൽ അന്വേഷണം**

3 (*93) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ ചേർത്തല എക്സ്റേ കവല മുതൽ അരൂർ വരെ നടത്തിയ പുനർനിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) ഇക്കാര്യം വിജിലൻസ് അന്വേഷിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിജിലൻസ് അന്വേഷിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടിട്ടില്ല.

(സി) ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ?

ഉണ്ട്. ഈ വിഷയത്തിൽ പൊതുമരാമത്ത് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മുഖാന്തരം അന്വേഷണം നടത്തിയതിൽ ദേശീയപാത 66-ൽ അരൂർ മുതൽ ചേർത്തല വരെയുള്ള 23.665 കിലോമീറ്റർ ദൈർഘ്യം വരുന്ന ഭാഗത്തിന്റെ പുനരുദ്ധാരണത്തിനായുള്ള 41.71 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത റോഡിന്റെ ചില റീച്ചുകളിൽ 50mm കനത്തിൽ ഡെൻസ് ബിറ്റുമിനസ് മെക്കാഡം (DBM)-നുമുകളിൽ 40mm കനത്തിൽ ബിറ്റുമിനസ് കോൺക്രീറ്റ് (BC)-ഉം മറ്റ് ചില ഭാഗങ്ങളിൽ ബിറ്റുമിനസ് കോൺക്രീറ്റ് മാത്രമായും ഉപരിതല നവീകരണം നടത്തിയിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ 29-9-2020-ൽ ജില്ലാ വിജിലൻസ് ഓഫീസർ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയ സമയത്ത് ബി.സി. സ്ട്രിപ് ചെയ്ത് പോയിട്ടുള്ളയിടങ്ങളിൽ ബി.സി. പാച്ച് ചെയ്തും ഷെൽമാക് (Shelmac) ഉപയോഗിച്ചും റിപ്പയറിംഗ് നടത്തിയ ടി ഹൈവേ നിലവിൽ യാത്രായോഗ്യമാണ്. പാച്ച് റിപ്പയറിംഗ് നടത്തിയ ഭാഗങ്ങളുൾപ്പെടെ വിവിധ ചെയിനേജുകളിൽ റാൻഡം അടിസ്ഥാനത്തിൽ core എടുത്ത് സാമ്പിളുകൾ ശേഖരിച്ചും ആയതിന്റെ കനം പരിശോധിക്കുകയും ബിറ്റുമിൻ എക്സ്ട്രാക്ഷൻ നടത്തുകയും ചെയ്തതിൽനിന്നും ലഭ്യമായ റിസൾട്ട് സ്പെസിഫിക്കേഷൻ പ്രകാരവുമുള്ളതാണെന്ന് കണ്ടെത്തി. മഴക്കാലത്ത് ഡ്രെയിനേജിന്റെ അഭാവംമൂലവും ഭൂഗർഭ ജലവിതാനം ഉയർന്നുനിൽക്കുന്നതിനാലുമാണ് ഉപരിതലത്തിൽ കുഴികൾ രൂപപ്പെട്ട് റോഡ് തകരാറിലാകുന്നത്. പ്രസ്തുത റോഡിൽ ആവശ്യമായ ഡ്രെയിനേജ് സിസ്റ്റം പൂർത്തിയാക്കുകയാണെങ്കിൽ മാത്രമേ നിലവിലെ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുകയുള്ളൂ എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

## റീസർവ്വേ നടപടികളുടെ പൂർത്തീകരണം

4 (*94) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും ഒഴിവാക്കി ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതികവിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിന് പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പദ്ധതി ചെലവായ 807.98 കോടി രൂപയിൽ 339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതും ആയത് പ്രകാരം നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) ഏതെല്ലാം നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് റീസർവ്വേ നടപടികൾ നടത്തുന്നത്; ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നീ നൂതന സാങ്കേതികവിദ്യകൾ സർവ്വേ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സർവ്വേ മാപ്പുകൾ ഓൺലൈൻ മുഖേന നൽകുന്നതിന് e-maps എന്ന ആപ്ലിക്കേഷൻ എൻ.ഐ.സി. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇത് നിലവിൽ ആരംഭിക്കുന്ന ഡിജിറ്റൽ റീസർവ്വേ പദ്ധതിക്കുകൂടി ഉപയോഗിക്കുംവിധം കസ്റ്റമൈസ് ചെയ്യുന്നതിനും റവന്യൂ വകുപ്പിൽ ഉപയോഗിക്കുന്ന ReLIS, രജിസ്ട്രേഷൻ വകുപ്പിൽ ഉപയോഗിക്കുന്ന PEARL എന്നിവയുമായി സംയോജിപ്പിച്ച് ഒരു ഏകജാലക സംവിധാനം (Integrated portal) തയ്യാറാക്കുന്നതിനുള്ള നടപടികളും എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(സി) ഡിജിറ്റൽ റീസർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും; റീസർവ്വേ പൂർത്തിയാക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ തയ്യാറാക്കിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്നതോടെ മാപ്പ് ഉൾപ്പെടെയുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും ഓൺലൈനായിത്തന്നെ നൽകുന്നതിനും സാധിക്കും. കൂടാതെ സംസ്ഥാനത്തിന്റെ മുഴുവൻ ഭൂമിയുടെയും ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനാൽ ദുരന്തനിവാരണ പ്രവർത്തനങ്ങളുൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് അടിസ്ഥാന രേഖയായി ഇത് ഉപയോഗിക്കുന്നതിനും സാധിക്കും.

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം ജനസൗഹൃദമാക്കാൻ നടപടി

5 (*95) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പരാതി നൽകുന്നതിന് മൊബൈൽ ആപ്പ് സംവിധാനം നിലവിലുണ്ടോ; ഇതുവഴി ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡ് ആസ്തികളിന്മേലുള്ള പരാതികൾ പൊതുജനങ്ങൾക്ക് വകുപ്പിന് സമർപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുമുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.റ്റി.പി. വിഭാഗത്തിനുകീഴിൽ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. പരാതികൾ അതത് ജില്ലകളിലെ നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകുകയും പരാതി പരിഹാരത്തിനുള്ള നടപടികൾ റോഡ്സ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ റോഡ് മെയിന്റനൻസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിനും പി.ഐ. സെല്ലിനും നൽകുന്നു. ടി പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കുകയും അവിടെനിന്ന് ലഭിക്കുന്ന മറുപടികൾ പി.ഡബ്ല്യു.ഡി. ഫോർ യു മൊബൈൽ ആപ്പ് വഴി പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു.

(ബി) സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന പരാതി പരിശോധിക്കുന്നതിന് വകുപ്പുതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇതിലൂടെ ലഭിക്കുന്ന വ്യാജ പരാതികൾമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന പരാതികൾ പരിഹാര സെല്ലിൽ പരിശോധിക്കുകയും അതത് ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരിഹാരം കാണുന്നമുറയ്ക്ക് പരാതിക്കാരന് മറുപടി അറിയിക്കുകയും ചെയ്യുന്നു. വ്യാജപരാതികൾ ഒഴിവാക്കുന്നതിനായി കൃത്യമായി പേരോ ഫോൺ നമ്പരോ മെയിൽ ഐഡിയോ ഉള്ള പരാതികൾ മാത്രമേ പരിഗണിക്കാറുള്ളൂ.

(സി) ദേശീയപാതകളിലെ തകരാറുകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദീകരിക്കാമോ?

ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിരിക്കുന്ന ദേശീയപാതയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ യഥാസമയം ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ കാര്യാലയത്തിലേയ്ക്ക് കൈമാറുന്നുണ്ട്. സംസ്ഥാനത്ത് ആകെ വരുന്ന 1781 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയപാതയിൽ 548 കിലോമീറ്റർ മാത്രമാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ദേശീയപാത വിഭാഗം)-ന്റെ അധീനതയിലുള്ളത്. ബാക്കിയുള്ള 1233 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളുടെ പൂർണ്ണമായ പരിപാലന ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട പരാതികൾ ഉയർന്നുവന്നതുമുതൽ ദേശീയപാത അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2020 ജൂൺ മാസം മുതൽ പരാതികളും ഔദ്യോഗിക കത്തുകളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കും കേന്ദ്രസർക്കാരിനും നൽകിവരികയാണ്. ഈ സമ്മർദ്ദത്തിന്റെ ഭാഗമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കാമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമ്മതിക്കുകയാണുണ്ടായത്. ഇതിനും കാലതാമസമുണ്ടാകുന്നുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ആലപ്പുഴ ജില്ലയിൽ മന്ത്രിയുടെതന്നെ നേതൃത്വത്തിൽ പ്രത്യേകയോഗം വിളിച്ചുചേർത്തിരുന്നു. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട പൊതുവായ വിഷയം ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ബന്ധപ്പെട്ടവരുമായി ഒരു അടിയന്തര യോഗം വിളിച്ചുചേർക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെയും നേരിട്ടുകാണാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ തൽസമയ ഫോൺ ഇൻ പരിപാടി വഴി

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളെക്കുറിച്ചുള്ള പരാതികൾ സംബന്ധിച്ച് നേരിട്ട് സംവദിക്കാവുന്നതാണ്. കൂടാതെ മൊബൈൽ ആപ്ലിക്കേഷനായ പി.ഡബ്ല്യു.ഡി. ഫോർ യു, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്. വകുപ്പിന് ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും അവ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയും വിശദാംശങ്ങൾ പരാതിക്കാരനെ അറിയിക്കുകയും ചെയ്തുവരുന്നു. കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദവും സ്ത്രീ സൗഹൃദവുമായിട്ടാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് താമസിക്കുന്നതിന് ബുക്കിംഗിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## ഭൂപതിവ് ചട്ടങ്ങളുടെ പരിഷ്കരണം

6 (*96) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപതിവ് ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) പരിശോധിച്ചുവരുന്നു. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്രയടിക്കുതാഴെ മാത്രം തറവിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലായെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയവ്യവസ്ഥാ ലംഘനം ക്രമവൽക്കരിക്കുന്നതിനും കൂടാതെ 21-1-2010-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനുശേഷം 22-8-2019-ലെ ഉത്തരവ് തീയതി വരെ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.-യോടുകൂടി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടി ക്രമവൽക്കരിക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇതുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിനായി വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടില്ല.

**യുണീക് തണ്ടപ്പേർ പദ്ധതി**

7 (*97) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്ത് യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആധാർ നമ്പർ ഉപയോഗിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വിശദീകരിക്കുമോ?

ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതുവഴി ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയതുവഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കുന്നതുമാണ്. ഒരാളിന്റെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയും ഒരു അക്കൗണ്ടിൽ ലഭ്യമാകുന്നതോടെ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ പൊതുജനങ്ങൾക്കും സർക്കാരിനും വളരെയേറെ പ്രയോജനപ്രദമാണ് ഈ പദ്ധതി.

(സി) യുണീക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതോടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും കഴിയുമോ?

യുണീക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതിലൂടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്.

(ഡി) വസ്തുവിന്റെ പ്രമാണപ്രകാരമുള്ള ഉടമ മരണപ്പെടുകയും ഭാഗാധാരം നടത്താൻ കഴിയാതെ വരികയും ചെയ്തിട്ടുള്ള ഭൂമിയുടെയും വിവിധ വ്യവഹാരങ്ങളിൽപ്പെട്ട് ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെടാതെയുമുള്ള വസ്തുക്കളുടെയും യുണീക് തണ്ടപ്പേർ നമ്പർ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഒരു പൗരന് സംസ്ഥാനത്ത് ഏതെങ്കിലും വില്ലേജ് പരിധിയിൽ ഭൂമിയുണ്ടെങ്കിൽ അതെല്ലാം ഒറ്റ തണ്ടപ്പേരിൽ കൊണ്ടുവരുന്ന പദ്ധതിയാണിത്. മരണപ്പെട്ടയാളിന്റെ അവകാശികളെ നിശ്ചയിച്ച് അവരുടെ പേരിൽ വസ്തു പോക്കുവരവ് ചെയ്തുമാറുന്നതുവരെ മുൻഉടമയുടെ തണ്ടപ്പേരിൽത്തന്നെ വസ്തു സ്ഥിതിചെയ്യും. ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെടാതെയുള്ള വസ്തുക്കൾ കോടതിമുഖേനയോ മറ്റ് രീതിയിലോ ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെട്ടാൽ ആ ഉടമസ്ഥന്/ഉടമസ്ഥർക്ക് നിലവിലുള്ള തണ്ടപ്പേരിലോ നിലവിൽ തണ്ടപ്പേരില്ലാത്തവർക്ക് പുതിയ തണ്ടപ്പേർ രൂപീകരിച്ചോ അക്കൗണ്ട് സ്ഥാപിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ

8 (*98) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിന് ബദലായി സംസ്ഥാനത്ത് എല്ലാവർക്കും മികച്ച വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെ കഴിഞ്ഞ സർക്കാർ ആരംഭിച്ച് ഈ സർക്കാർ തുടർന്നുവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിന് ബദലായി സംസ്ഥാനത്ത് എല്ലാവർക്കും മികച്ച വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെ കഴിഞ്ഞ സർക്കാർ ആരംഭിച്ച് ഈ സർക്കാർ തുടർന്നുവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ താഴെപ്പറയുംപ്രകാരം തുടർന്നുവരുന്നു.

<u>അടിസ്ഥാന സൗകര്യവികസനം</u> - സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടിസ്വീകരിച്ചു. കൂടാതെ എസ്.എസ്.കെ., തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തിവികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതികസൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 96 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

<u>സാങ്കേതികവിദ്യ</u> - ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ എല്ലാ സെക്കണ്ടറി, ഹയർ സെക്കണ്ടറി ക്ലാസ് മുറികളും സാങ്കേതികവിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4752 സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യം, 11257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി, 14000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119051 ലാപ്ടോപ്, 69955 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 നാൽപ്പത്തിമൂന്ന് ഇഞ്ച് ടി.വി., 4609 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ 'സമഗ്ര' പോർട്ടൽ തയ്യാറാക്കി. ഡിജിറ്റൽ ക്ലാസുകൾ കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും ജൂൺ 1-നുതന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്ന ഉദ്ദേശ്യത്തോടെ പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കാനുള്ള സൗകര്യവും ഒരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യുട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസുകളൊരുക്കി. കന്നട, തമിഴ് മാധ്യമം കുട്ടികൾക്കും വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി. കുട്ടികൾക്ക് അവരുടെ അദ്ധ്യാപകർതന്നെ നേരിട്ട് ഓൺലൈൻ ക്ലാസ്സെടുക്കുന്നതിനായി 'ജി-സ്യൂട്ട് ' പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി. 426 സ്കൂളുകളിൽ പൈലറ്റ് വിന്യാസം നടന്നുവരുന്നു.

അക്കാദമികം - സ്കൂളിന്റെ സമഗ്രവികസനം കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പദ്ധതികളും ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കലാകായികം മുതലായ എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങളും നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠനപിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതുപ്ലാറ്റ്ഫോം രൂപപ്പെടുത്തി. അക്കാദമിക് വർഷാരംഭത്തിനുമുമ്പുതന്നെ സമഗ്ര അക്കാദമിക് കലണ്ടർ തയ്യാറാക്കി. ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്', ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ കാര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ 'ഇ ക്യൂബ് ($E^3$)' എന്നീ പദ്ധതികൾ നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' എന്നിവ ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപുസ്തകം എന്നിവ വികസിപ്പിച്ചു. സാമൂഹിക രക്ഷകർത്തൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ 'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി.

(ബി) മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള അക്കാദമിക അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിൽ നാളിതുവരെയില്ലാത്തവിധം വലിയ മുന്നേറ്റമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് കൈവരിക്കാൻ കഴിഞ്ഞതെന്ന് വിലയിരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പ് മേധാവികളുടെ യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ മിഷൻ ടീം അംഗങ്ങളും ജില്ലാതല

ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്താറുണ്ട്. അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ബന്ധപ്പെട്ട എസ്.പി.വി.-കൾ (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ), മോണിറ്റർ ചെയ്യുന്ന ഏജൻസികൾ എന്നിവരുടെ യോഗങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നിരന്തരം വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിതല യോഗങ്ങളിൽ നവകേരള മിഷന്റെ പ്രവർത്തനങ്ങളുടെ അവലോകനത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. അതോടൊപ്പം ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കർമ്മസമിതി യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന കർമ്മസേന യോഗങ്ങളിലും പ്രവർത്തനങ്ങളുടെ അവലോകനം ചെയ്യാറുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന മിഷൻ യോഗങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും കൃത്യമായ വിലയിരുത്തലിന് വിധേയമാക്കാറുണ്ട്.

(സി) അദ്ധ്യാപന നിലവാരമുയർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ക്ലാസ് റൂം വിനിമയം ഫലപ്രദമായി നടത്തുന്നതിനായി സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികൾ വിദ്യാലയങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെയും കഴിവുകൾ അനന്യമാണെന്ന തിരിച്ചറിവോടെ അക്കാദമിക ഇടപെടലുകൾ നടത്താൻ പ്രാപ്തമാകുംവിധമാണ് അദ്ധ്യാപക പരിശീലനങ്ങളുടെ ഉള്ളടക്കം നിശ്ചയിച്ചിരിക്കുന്നത്. സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ്സ് മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ ലക്ഷ്യമിട്ട് അദ്ധ്യാപകർക്കുവേണ്ടി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. സമഗ്ര ഡിജിറ്റൽ വിഭവങ്ങൾ ഓരോ ക്ലാസിലും എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തുമെന്നത് സംബന്ധിച്ച പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്. 'ജി-സ്യൂട്ട്'മായി ബന്ധപ്പെട്ട് കൈറ്റ് തയ്യാറാക്കിയ പരിശീലന മൊഡ്യൂൾ ഉപയോഗിച്ച് പൈലറ്റ് വിന്യാസം നടത്തിയ 426 സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പുതുതായി നിയമനം നേടിയ അദ്ധ്യാപകർക്ക് ഇൻഡക്ഷൻ പരിശീലനവും നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പത്ത് ദിവസത്തെ അദ്ധ്യാപക പരിവർത്തന പരിപാടി (ടീച്ചർ ട്രാൻസ്ഫർമേഷൻ) ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനുവേണ്ടി നൂതന പഠനരീതികളും സിദ്ധാന്തങ്ങളും പ്രയോജനപ്പെടുത്തി ആധുനിക പഠനബോധന തന്ത്രങ്ങൾ പ്രാവർത്തികമാക്കിയും ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയും അദ്ധ്യാപകർക്ക് തത്സമയ പിന്തുണ ഉറപ്പുവരുത്തിയും അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിലെ അതിനൂതനമായ പഠനരീതികളും സമീപനങ്ങളും

ബോധനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രയോജനപ്പെടുത്തിവരുന്നു. സാമൂഹിക ജ്ഞാനനിർമ്മിതി വാദത്തിലും വിമർശനാത്മക ബോധനത്തിലും അധിഷ്ഠിതമായ ആധുനിക രീതികൾ അദ്ധ്യാപനത്തിൽ പ്രയോജനപ്പെടുത്തി വരുന്നുമുണ്ട്. ആധുനിക പഠനബോധന തന്ത്രങ്ങളായ പ്രോജക്ട് രീതി, അന്വേഷണാത്മക രീതി, ഗവേഷണ പഠനരീതി, കണ്ടെത്തൽ പഠനം, പ്രശ്നാധിഷ്ഠിത പഠനം തുടങ്ങിയ നിരവധി തന്ത്രങ്ങൾ പ്രയോജനപ്പെടുത്തിയും അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനം, ക്ലസ്റ്റർതല പരിശീലനം, ആവശ്യാധിഷ്ഠിത (need based) പരിശീലനം, ഓൺലൈൻ ശില്പശാലകൾ, അദ്ധ്യാപക പരിവർത്തന പരിപാടി (ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ്) എന്നീ രീതിയിലും പരിശീലനം ലഭ്യമാക്കുന്നു. ഗൂഗിൾ - സൂംമീറ്റ് പോലുള്ള ഓൺലൈൻ ക്ലാസ്സുകൾ, സാമൂഹിക മാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ, വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ചുള്ള പരിശീലന പരിപാടികൾ എന്നിവയും ഓൺലൈൻ സപ്പോർട്ട്, ഓൺലൈൻ അക്കാദമിക പിന്തുണ എന്നിവയും അദ്ധ്യാപകർക്ക് നൽകിവരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് 'ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റെസിഡൻഷ്യൽ റിഫ്രഷർ കോഴ്സും ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാർക്ക് മൂന്നുദിവസത്തെ റെസിഡൻഷ്യൽ പരിശീലനം "ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം" (LEP) എന്നിവയും നടത്തിവരുന്നു.

## അനുഭവവേദ്യ ടൂറിസം

9 (*99) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. രാജ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം അനുഭവവേദ്യ ടൂറിസത്തിന്റെ (എക്സ്പീരിയൻഷ്യൽ ടൂറിസം) സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേകമായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; കൃഷിയുമായി ബന്ധപ്പെട്ട ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡാനന്തരം ടൂറിസം മേഖല തുറന്ന് പ്രവർത്തനം ആരംഭിച്ചമുറയ്ക്ക് ഉത്തരവാദിത്ത ടൂറിസം മിഷന്റെ കോട്ടയം, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിലെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തനക്ഷമമായിട്ടുണ്ട്. ബാക്കിയുള്ള ടൂർ പാക്കേജുകളുടെ ഭാഗമായ യൂണിറ്റുകളിലെ വാക്സിനേഷൻ വിവരങ്ങൾ പരിശോധിച്ചശേഷം കോവിഡ് പ്രോട്ടോകോൾ/നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട്

പ്രവർത്തനം നടത്തുന്നതിനായുള്ള തയ്യാറെടുപ്പുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഓരോ പാക്കേജും പ്രവർത്തനസജ്ജമാകുന്നമുറയ്ക്ക് ആയത് നടത്തിവരുന്നു. കൃഷിയുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ആദ്യഘട്ട പരിശീലനം നടന്നുവരുന്നു.

(ബി) ഫാം ടൂറിസം ജനകീയമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ?

ഫാം ടൂറിസം ജനകീയമാക്കുന്നതിനായി ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളവരിൽനിന്നും കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായ ഒരു നെറ്റ്‌വർക്ക് ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രീൻ ഫാം കേരള' എന്ന ക്ലാസിഫിക്കേഷൻ പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം അംഗീകാരം ലഭിക്കുന്നതിന് കുറഞ്ഞ സാധാരണ ഭൂമി 10 ഏക്കറും കുറഞ്ഞ പ്ലാന്റേഷൻ ഭൂമി 50 ഏക്കറുമാണ്. ഈ പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനായി കുറഞ്ഞ സാധാരണ ഭൂമി 3.5 ഏക്കറായി നിജപ്പെടുത്തുവാൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരുന്നു.

(സി) കർഷകർക്ക് വരുമാനവും ടൂറിസ്റ്റുകൾക്ക് ആസ്വാദനവും നൽകാനാവുംവിധം കൃഷി, ടൂറിസം വകുപ്പുകളുടെ ഏകോപനത്തിലൂടെ വിനോദസഞ്ചാരമേഖല ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യത സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യത സംസ്ഥാനത്ത് നിലവിലുണ്ട്. ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്നൊരു പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇതുവഴി ടൂറിസം മേഖലയിലും ജനജീവിതത്തിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതിവഴി കാർഷിക പ്രവർത്തനങ്ങളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതുവഴി കർഷകർക്ക് ടൂറിസത്തിലൂടെ അധികവരുമാനം ലഭ്യമാക്കുവാനും ടൂറിസം മേഖലയ്ക്ക് വ്യത്യസ്തമായ ഒരു ടൂറിസം പ്രോഡക്ടിനൊപ്പം ടൂറിസം മേഖലയ്ക്കാവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ പരമാവധി പ്രാദേശികമായി ലഭ്യമാക്കുന്നതിനും സഹായകമാകുന്നു.

**നോക്കുകൂലി നിരോധനം**

10 (*100) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിരോധിച്ചുകൊണ്ടുള്ള 2018-ലെ കേരള ഹൈക്കോടതി വിധി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ?

2018-ൽ നോക്കുകൂലി നിരോധിച്ചുകൊണ്ട് കേരള ഹൈക്കോടതി വിധി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ.(ആർ.ടി.) നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ചില സമയങ്ങളിൽ നോക്കുകൂലി ആവശ്യപ്പെട്ടുവെന്ന പരാതിവരാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ തൊഴിൽ വകുപ്പ് അടിയന്തരമായി ഇടപെട്ട് പ്രശ്നപരിഹാരം കാണാറുണ്ട്. ചുമട്ടുതൊഴിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടുതൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. നോക്കുകൂലി നിരോധിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടായിട്ടുണ്ട്. ചുമട്ടുതൊഴിലാളി യൂണിയൻ പ്രതിനിധികൾ, വ്യാപാരി വ്യവസായ പ്രതിനിധികൾ എന്നിവർക്ക് ഇതുസംബന്ധിച്ച് നേരിട്ടും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് മുഖേനയും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിധിയെത്തുടർന്ന് സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചിട്ടും ഇത്തരം സംഭവങ്ങൾ വീണ്ടുമുണ്ടാകുന്നതിനെ ഹൈക്കോടതി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നോക്കുകൂലിയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിലും നടപടി സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ?

ഇല്ല. നിയമപ്രകാരം നോക്കുകൂലി കുറ്റകരവും ശിക്ഷാർഹവുമായതിനാൽ കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യാറുണ്ട്.

(ഡി) നോക്കുകൂലി വിവാദങ്ങൾ സംസ്ഥാനത്തെക്കുറിച്ച് തെറ്റായ ധാരണകൾ പരത്തുകയും വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുവെന്ന കോടതിയുടെ വിമർശനം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നോക്കുകൂലിയുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാനത്തെക്കുറിച്ച് തെറ്റായ ധാരണകൾ പരത്തുകയോ വ്യവസായ സൗഹൃദാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുകയോ ചെയ്തിട്ടില്ല. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചുമട്ടുതൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കളെ ഉൾപ്പെടുത്തി കിലെയുടെ നേതൃത്വത്തിൽ നോക്കുകൂലിക്കെതിരെയുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## വിദ്യാകിരണം പദ്ധതി

11 (*101) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത പാർശ്വവൽകൃത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള വിദ്യാകിരണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് തീരുമാനിക്കുകയും സമൂഹ സഹായത്തോടെമാത്രം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ കണക്ക് ശേഖരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 4.7 ലക്ഷം കുട്ടികളാണ് 2021 ജൂലൈ അവസാനമുണ്ടായിരുന്നത്. എന്നാൽ സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഇത് 3.7 ലക്ഷമായും ഒക്ടോബർ ആദ്യം 3.63 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 37359 ആണ്. സാമൂഹ്യ പങ്കാളിത്തത്തോടെയാണ് വിദ്യാകിരണം പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീയും സംസ്ഥാന ഐ.ടി. മിഷനും സംയുക്തമായി നടപ്പിലാക്കുന്ന 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായുള്ള ലാപ്ടോപ്പുകൾ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത മുഴുവൻ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം പഠനോപകരണങ്ങൾ എത്രവീതം വാങ്ങാനാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അതിനായുള്ള ചെലവ് എത്രയെന്നും അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക സമിതി നിശ്ചയിച്ച സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പുകൾ കുട്ടികൾക്ക് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഐ.ടി. വകുപ്പ് നടത്തിവരികയാണ്. ലാപ്ടോപ്പുകളുടെ ദൗർലഭ്യമുണ്ടെങ്കിൽ ക്രോം ബുക്കുകളും നൽകാവുന്നതാണ്. ആവശ്യമുള്ള മുഴുവൻ

കുട്ടികൾക്കും ഘട്ടംഘട്ടമായി ഉപകരണങ്ങൾ നൽകാനാണ് 'വിദ്യാകിരണം പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. ഉപകരണങ്ങൾക്കാവശ്യമായ ചെലവുൾപ്പെടെയുള്ള വിശദാംശങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) കണക്ടിവിറ്റിയുടെ അഭാവംകൊണ്ടും സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ടും ഇന്റർനെറ്റ് ലഭ്യമല്ലാത്ത കുട്ടികളുടെ പ്രശ്നം പരിഹരിക്കാൻ നടത്തിയ ഇടപെടലിനെക്കുറിച്ച് അറിയിക്കാമോ?

കണക്ടിവിറ്റി എല്ലാ സ്ഥലങ്ങളിലും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ടെലികോം സേവന ദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആദിവാസി മേഖലകളുൾപ്പെടെയുള്ള കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിച്ചുകൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗ സാധ്യതയും പരിശോധിച്ചുവരുന്നു. കൂടാതെ ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ., കുടുംബശ്രീ എന്നിവയുമായി ചേർന്ന് വളരെ കുറഞ്ഞ നിരക്കിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി 'കെ.എസ്.എഫ്.ഇ. - വിദ്യാശ്രീ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**നോക്കുകൂലി നിർത്തലാക്കാൻ നടപടി**

12 (*102) ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി നിർത്തലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നോക്കുകൂലി നിരോധിച്ചശേഷവും ഇതുസംബന്ധിച്ച് നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ നോക്കുകൂലി നിർത്തലാക്കാൻ സ്വീകരിച്ച നടപടികൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉടനടി ഇടപെടുകയും പരിഹാരം കാണുകയും ചെയ്തുവരുന്നുണ്ട്. ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിന്റെ കോൾ സെന്റർ നമ്പർ 15525 ടോൾഫ്രീ നമ്പർ 180042555214 വഴി പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാത്രവുമല്ല തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

(സി) തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിലേയ്ക്ക് കൊണ്ടുവന്ന ഐ.എസ്.ആർ.ഒ.-യുടെ വാഹനത്തെ നോക്കുകൂലി ആവശ്യപ്പെട്ട് തടഞ്ഞ വാർത്ത ഗൗരവത്തോടെ കാണുന്നുണ്ടോ?

തുമ്പ ഐ.എസ്.ആർ.ഒ.-വി.എസ്.എസ്.സി.-യിലേയ്ക്ക് മുംബൈയിൽ നിന്നും കടൽ മാർഗ്ഗം കൊല്ലം തുറമുഖത്ത് എത്തിക്കുകയും ശേഷം റോഡ് മാർഗ്ഗം രണ്ട് ലോറികളിലായി കൊണ്ടുവന്ന 124,80 ടൺ ഭാരമുള്ള കാർഗോകൾ (ഹെവി മെഷിനറികൾ) അമിതഭാരമുള്ളതും മനുഷ്യാധ്വാനം കൊണ്ട് ഇറക്കാൻ

കഴിയാത്തതും മെഷീനുകൾ മാത്രം ഉപയോഗിച്ച് ഇറക്കാൻ കഴിയുന്നതുമാണ്. കയറ്റിറക്ക് ജോലി തടസ്സപ്പെടുത്തിയതും നോക്കുകൂലി ആവശ്യപ്പെട്ടതും ടി പ്രദേശത്തെ ചുമട്ടുതൊഴിലാളികളല്ല. മറിച്ച് പ്രദേശവാസികളായ ഏകദേശം നൂറോളം വരുന്ന നാട്ടുകാർ സംഘടിച്ച് സാധനം ഇറക്കുന്നതിന് 10 ലക്ഷം രൂപ നോക്കുകൂലി ആവശ്യപ്പെടുകയാണുണ്ടായതെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. മെഷീനുകൾ ഉപയോഗിച്ച് മാത്രം കയറ്റിറക്ക് നടത്തേണ്ട സാധനങ്ങൾ കയറ്റിറക്ക് നടത്തുന്നതിന് തൊഴിലാളികൾക്ക് അവകാശമില്ലെന്ന ജില്ലാ ലേബർ ഓഫീസറുടെയും ഡി.ജി.പി.-യുടെയും ഉത്തരവുകൾ കോൺട്രാക്ടർക്ക് നൽകി തർക്കം ഒഴിവാക്കുകയും തുടർന്ന് പോലീസ്, സി.ഐ.എസ്.എഫ്., തൊഴിൽ വകുപ്പുദ്യോഗസ്ഥർ, വി.എസ്.എസ്.സി. അധികൃതർ എന്നിവർ സംയുക്തമായി കാർഗോ വാഹനം ഗേറ്റിനുള്ളിലേയ്ക്ക് കടത്തുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ സമയോചിതമായ ഇടപെടൽമൂലം നോക്കുകൂലി ആവശ്യപ്പെട്ടുവെന്നുള്ള പരാതി അടിയന്തരമായി പരിഹരിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## ഓൺലൈൻ പഠന സൗകര്യങ്ങൾ

13 (*103) <u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഫലപ്രദമായ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥിരമായ നെറ്റ്‌വർക്ക്, ടി.വി., സ്മാർട്ട് ഫോൺ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./ എസ്.എം.എ.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 'വിദ്യാകിരണം' എന്ന പദ്ധതിയും പോർട്ടലും സജ്ജമാക്കിയിട്ടുണ്ട്. വ്യക്തികൾ, ഗ്രൂപ്പുകൾ, കമ്പനികൾ എന്നിവർക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിൽ കുട്ടികളുടെ എണ്ണത്തിനനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയോ സംഭാവനകളായി നൽകാൻ ഈ പദ്ധതിയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന തുക കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകാൻ മാത്രം ചെലവഴിക്കുന്നതാണ്. വിദ്യാകിരണം പദ്ധതി വഴി ലഭ്യമാകുന്ന തുകയിൽനിന്നും ആവശ്യകതയ്ക്കനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുകയും അപ്രകാരം ലഭ്യമാകുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. ടെലികോം സേവന ദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആദിവാസി മേഖലകളുൾപ്പെടെയുള്ള കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിച്ചുകൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗസാധ്യതയും പരിശോധിച്ചുവരുന്നു. ആദിവാസി മേഖലകളിൽ കണക്റ്റിവിറ്റി നല്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്നതിന് വാർഷിക വാടക ഇനത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുതകുന്ന നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖയും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്

(ബി) സ്കൂളിലെ കൂട്ടായ്മയും പൊതുകളിയിടങ്ങളും ഇല്ലാതായതും പുറത്തിറങ്ങുന്നത് തടഞ്ഞതുമെല്ലാം ചേർന്ന് കുട്ടികളിലുണ്ടാക്കിയ മാനസിക അസ്വസ്ഥത പരിഹരിച്ച് മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിവരുന്നു. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതും അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതുമാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്.

(സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൗൺസിലിംഗ് സെല്ലുകൾ രൂപീകരിക്കുന്നതിന് പദ്ധതികളുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിലവിൽ പദ്ധതികളൊന്നുംതന്നെയില്ല. എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്.

(ഡി) കോവിഡ് വ്യാപനം കുറയുന്നതിനനുസരിച്ച് അത്തരം പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് അയൽപക്ക പഠനകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പൊതുസ്ഥലങ്ങൾ, വിദൂര മലയോര മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് അയൽപക്ക പഠന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഊരു വിദ്യാകേന്ദ്രങ്ങൾ, സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ എന്നീ കേന്ദ്രങ്ങളിൽ പൊതുപഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും പ്രവർത്തനങ്ങൾ ബി.ആർ.സി.-കളുടെ നേതൃത്വത്തിൽ എഡ്യൂക്കേഷണൽ വോളന്റിയർമാരുടെയും അദ്ധ്യാപകരുടെയും സഹായത്തോടെ പഠന പ്രവർത്തനങ്ങൾ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നടന്നുവരുന്നു.

**ശ്രദ്ധ പദ്ധതി**

14 (*104) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക പരിഗണന നൽകി പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുതകുന്ന എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കിവരുന്നത്?

2017-18 മുതൽ വിദ്യാർത്ഥികളുടെ പഠന പിന്നാക്കാവസ്ഥ തരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ശ്രദ്ധ. സർക്കാർ വിദ്യാലയങ്ങളിലെ 3 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, പഠന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ പഠനപരമായി മുൻനിരയിൽ എത്തിക്കുകയെന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിക്ക് പുറമേ അറബിക്, ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങളുടെ പ്രൈമറി തലത്തിലെ പരിപോഷണത്തിനായി യഥാക്രമം അഹ്ലൻ അറബിക്, പ്യാരി ഉർദു, സംസ്കൃത മാധുരി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും അവയ്ക്കായി അനുബന്ധ വായനാസാമഗ്രികൾ തയ്യാറാക്കുകയും ചെയ്തു. സമഗ്രശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, സുരീലി ഹിന്ദി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിനായി എസ്.സി.ഇ.ആർ.ടി.-യും എസ്.എസ്.കെ.-യും വായനാക്കാർഡുകൾ വികസിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ ഗവേഷണാടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കിയ പദ്ധതിയാണ് റെലീഷ് ഇംഗ്ലീഷ്. ഹയർ സെക്കണ്ടറി തലത്തിൽ 26 വിഷയങ്ങളിലായി പുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 24 സ്കൂൾ വിഷയങ്ങളിൽ മലയാള സാങ്കേതിക പദാവലിയും തയ്യാറാക്കിയിട്ടുണ്ട്.

(ബി) പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കുവേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ശ്രദ്ധ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

2019-20 വർഷം ശ്രദ്ധ പദ്ധതിയുടെ ഭാഗമായി 2733 സ്കൂളുകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന 1,72,817 കുട്ടികളെ ശ്രദ്ധ പദ്ധതിയുടെ ഭാഗമാക്കി പഠന പിന്തുണ നൽകിയിരുന്നു. എന്നാൽ കോവിഡിന്റെ സാഹചര്യത്തിൽ 2020-21 അദ്ധ്യയന വർഷം ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ വർഷം സ്കൂളുകൾ തുറക്കുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള ശാസ്ത്രീയവും പ്രായോഗികവുമായ വിദ്യാഭ്യാസ രീതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ഈ പദ്ധതി സംസ്ഥാനമൊട്ടാകെയുള്ള തെരഞ്ഞെടുത്ത സ്കൂളുകളിലാണ് നടപ്പിലാക്കിവരുന്നത്. ആയത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഹരിത ചരക്ക് ഇടനാഴി -2 പദ്ധതി**

15 (*105) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) ഹരിത ചരക്ക് ഇടനാഴി-2 എന്ന പേരിൽ കൊച്ചി-ബേപ്പൂർ- അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരക്കടൽ കപ്പൽ ഗതാഗതത്തിന് ആവശ്യമായ ചരക്കുഗതാഗതം ആകർഷിക്കാൻ പര്യാപ്തമാകുംവിധം പ്രോത്സാഹന നടപടികളും പ്രചരണ പരിപാടികളും ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. തീരദേശ കപ്പൽ ഗതാഗതം ആകർഷകമാക്കുന്നതിലേയ്ക്കായി ഇൻസെന്റീവ് സ്കീം നടപ്പാക്കിവരുന്നു. ഇതിന്റെ കാലാവധി 2022 ജനുവരി വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. അഴീക്കൽ തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ. ടെർമിനലിന്റെ നിർമ്മാണം ആരംഭിക്കുകയും ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തീരക്കടൽ ചരക്കുകപ്പൽ ഗതാഗതം കൂടുതൽ പ്രയോജനപ്രദമാക്കി കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് വർദ്ധിപ്പിക്കാൻ നിലവിലുള്ള സർവ്വീസ് കൊല്ലം വരെ നീട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

നിലവിലുള്ള സർവ്വീസ് കൊല്ലത്തേയ്ക്ക് നീട്ടിയിട്ടുണ്ട്.

(സി) നിലവിൽ പ്രായോഗികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന കേരള എക്സ്പോർട്ടേഴ്സ് ഫോറത്തിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുന്നതിനും ചരക്കുകടത്തിന്റെ ഇരുപത് ശതമാനം തീരക്കടൽ കപ്പൽ മാർഗ്ഗമാക്കുകയെന്ന ലക്ഷ്യം സഫലീകരിക്കുന്നതിനുമുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുമോ?

കേരളാ എക്സ്പോർട്ടേഴ്സ് ഫോറത്തിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേഖലയിലെ വിവിധ പ്രശ്നങ്ങൾ അപഗ്രഥിക്കുകയും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇതിന്റെ ഭാഗമായി തുറമുഖത്തെ അടിസ്ഥാന സൗകര്യം വികസനം, കപ്പൽ ചാലിന്റെ ആഴം വർദ്ധിപ്പിക്കൽ, ISPS സുരക്ഷാ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

## ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ പദ്ധതി

16 (*106) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ ഓൺലൈൻ പഠനസൗകര്യം ലഭ്യമായത് ഗ്രാമീണ മേഖലയിൽ 8 ശതമാനവും നഗര പ്രദേശങ്ങളിൽ 24 ശതമാനവുമാണെന്ന് ചില സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുമ്പോൾ സംസ്ഥാനത്ത് ഒരു വിദ്യാർത്ഥിയും ഡിജിറ്റൽ പഠനത്തിൽനിന്നും പുറത്താകുന്നില്ലെന്നുറപ്പുവരുത്താൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

കോവിഡ്-19 ലോക്ഡൗൺ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് ലഭ്യമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ചെയ്യുകയും സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പൊതുവിദ്യാലയങ്ങളിലെ എല്ലാ വിഭാഗം കുട്ടികൾക്കും ക്ലാസുകൾ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും കുട്ടിക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ സ്കൂൾ പ്രഥമാദ്ധ്യാപകർ, പി.ടി.എ., തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളണ്ടിയർമാർ, ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തുടങ്ങി വിവിധ സംഘടനകളുടെയും ഏജൻസികളുടെയും സഹായത്താൽ ക്ലാസുകൾ കാണുന്നതിനുള്ള അവസരമൊരുക്കുന്നതിന് ക്രമീകരണങ്ങൾ നടത്തിയിരുന്നു. ഈ വർഷവും (2021) ജൂൺ 1-ന് വിക്ടേഴ്സിലൂടെ ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സിലൂടെയുള്ള ഡിജിറ്റൽ ക്ലാസുകൾ മുഴുവൻ കുട്ടികൾക്കും കാണാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരുമായി ജി-സ്യൂട്ട് സംവിധാനത്തിലൂടെ നേരിട്ട് സംവദിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായാണ് ഓൺലൈൻ രൂപത്തിലേയ്ക്ക് ക്ലാസുകൾ മാറ്റുന്നത്. അതിനുമുമ്പ് സംവിധാനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ക്രമീകരണമൊരുക്കും. പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ പഠനത്തിൽ പങ്കെടുക്കുന്നതിനുള്ള അദ്ധ്യാപക പരിശീലനം പൂർത്തിയാക്കുകയും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ടെലികോം സേവന ദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആദിവാസി മേഖലകൾ ഉൾപ്പടെയുള്ള കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം

നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിച്ചുകൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗ സാധ്യതയും പരിശോധിച്ചുവരുന്നു. കൂടാതെ ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-കുടുംബശ്രീ എന്നിവയുമായി ചേർന്ന് വളരെ കുറഞ്ഞ നിരക്കിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി 'കെ.എസ്.എഫ്.ഇ. - വിദ്യാശ്രീ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പഠനോപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് ഡിജിറ്റൽ പഠനത്തിന് ശേഷിയില്ലാത്തവരായി സംസ്ഥാനത്ത് എത്ര കുട്ടികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും സമൂഹ സഹായത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളുടെ കണക്ക് ശേഖരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 4.7 ലക്ഷം കുട്ടികളാണ് 2021 ജൂലൈ അവസാനമുണ്ടായിരുന്നത്. എന്നാൽ സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഇത് 3.7 ലക്ഷമായും ഒക്ടോബർ ആദ്യം 3.63 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 37359 ആണ്. സാമൂഹ്യ പങ്കാളിത്തത്തോടെയാണ് വിദ്യാകിരണം പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീയും സംസ്ഥാന ഐ.ടി. മിഷനും സംയുക്തമായി നടപ്പിലാക്കുന്ന 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായുള്ള ലാപ്ടോപ്പുകൾ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത മുഴുവൻ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) ഇവർക്ക് പഠനോപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന നിലവിൽ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ലാത്ത എല്ലാ കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വിദ്യാകിരണം പദ്ധതിയിലൂടെ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം സാധ്യമാകുന്നതിനായി ലാപ്ടോപ്പ് ബേസ് മോഡൽ, ലാപ്ടോപ്പ് ഹൈഎൻഡ് മോഡൽ, ടാബ്ലറ്റ്, ക്രോംബുക്ക് ഉൾപ്പടെ 4,73,000 ഉപകരണങ്ങൾക്ക് CPRCS Portal മുഖേന വില നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലസ് വൺ പ്രവേശനം

17 (*107) ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് നിലവിലെ സാഹചര്യത്തിൽ പ്ലസ് വണ്ണിന് പ്രവേശനം നേടാനാകില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുമോ?

ഹയർ സെക്കണ്ടറി വിഭാഗത്തിൽ, 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ ഒന്നാം അലോട്ട്മെന്റിലെ പ്രവേശന നടപടികൾ അവസാനിച്ച് കഴിഞ്ഞപ്പോഴുള്ള സ്ഥിതി വിവര കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 271136 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്കുപുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 പേരുമുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 4,25,730 മാത്രമാണ്. ആദ്യ അലോട്ട്മെന്റ് ലഭിച്ചതിൽ 201489 വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 17065 വിദ്യാർത്ഥികൾ പ്രവേശനം തേടിയിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവേശന തോതനുസരിച്ച് ആകെ 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം തേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവേശന തോതനുസരിച്ചാണെങ്കിൽ പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ആകെ 159840 അപേക്ഷകർ ബാക്കിയുണ്ട്. അപേക്ഷിച്ച എല്ലാപേരും പ്ലസ് വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 2,00,040 അപേക്ഷകർക്കാണ് പ്രവേശനം ഉറപ്പാക്കേണ്ടത്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ 2021 ഒക്ടോബർ 7 മുതൽ മാത്രമേ ആരംഭിക്കുകയുള്ളൂ. ഇത്തരത്തിൽ ലഭ്യമായ സീറ്റുകളും ഒഴിവ് വരുന്ന സ്പോർട്സ് ക്വാട്ട സീറ്റുകൾ പൊതുമെരിറ്റ് ക്വാട്ട സീറ്റുകളായി പരിവർത്തനം ചെയ്യുമ്പോഴുണ്ടാകുന്ന സീറ്റുകളുംകൂടി കൂട്ടുമ്പോൾ സംസ്ഥാനത്ത് ആകെ 192959 സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 97283 സീറ്റുകളും ലഭ്യമാണ്.

(ബി) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഹയർ സെക്കണ്ടറി വിഭാഗത്തിൽ 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ 2021 ഒക്ടോബർ 7 മുതൽ മാത്രമേ ആരംഭിക്കുകയുള്ളൂ. ഇത്തരത്തിൽ ലഭ്യമായ സീറ്റുകളും ഒഴിവുവരുന്ന സ്പോർട്സ് ക്വാട്ട സീറ്റുകൾ പൊതുമെരിറ്റ് ക്വാട്ട സീറ്റുകളായി പരിവർത്തനം ചെയ്യുമ്പോഴുണ്ടാകുന്ന സീറ്റുകളുംകൂടി കൂട്ടുമ്പോൾ സംസ്ഥാനത്ത് ആകെ 192959 സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 97283 സീറ്റുകളും ലഭ്യമാണ്. ഹയർ സെക്കണ്ടറിയിൽ ജില്ലാടിസ്ഥാനത്തിലെ നിലവിലെ സ്ഥിതി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ 23-നുശേഷം സപ്ലിമെന്ററി അലോട്ട്മെന്റുകൾ ആരംഭിക്കുന്നതിനുമുമ്പായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടേയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 1101 ബാച്ചുകളിലായി 33030 സീറ്റുകളാണുള്ളത്. എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത കോഴ്സുകൾക്ക് ഒരു ബാച്ചിൽ 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്.

(സി) എല്ലാ വിഷയങ്ങളിലും 'എ' പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ഇഷ്ടവിഷയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലവിലില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്രവേശന പ്രക്രിയ നടന്നുവരുന്നു. ആദ്യഘട്ടം ഒക്ടോബർ 18-ന് അവസാനിക്കും. ആയതിനുശേഷം താരതമ്യം നടത്താവുന്നതാണ്.

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം ഘട്ട അഡ്മിഷൻ ഒക്ടോബർ 18-ന് അവസാനിക്കും. ആയതിനുശേഷം ഒഴിവുള്ള സീറ്റുകളിൽ പരിശോധിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്കൂൾ തുറക്കുന്നതിനുള്ള മുൻകരുതലുകൾ

18 (*108) ശ്രീ. പി. ടി. തോമസ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ നവംബർ മാസത്തിൽ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സ്കൂളുകൾ നവംബർ 1-ന് തുറക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിട്ടറിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രി തലത്തിൽ വിളിച്ചുചേർക്കുകയും ഈ യോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുകയും ചെയ്യുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ, പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

(ബി) കോവിഡ് വ്യാപനം ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ രക്ഷിതാക്കളുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ് അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതുകാരണം കുട്ടികളിലും രക്ഷകർത്താക്കളിലുമുണ്ടായിട്ടുള്ള മാനസിക സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി നടപ്പാക്കിവരുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മനഃശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽ വഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേഷണം ചെയ്യുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ആ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് സമൂഹ മാധ്യമങ്ങളിലൂടെ ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്.

(സി) പ്രൈമറി ക്ലാസ്സിലെ കുട്ടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുമെന്ന് ഉറപ്പുവരുത്താൻ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിരിക്കുന്ന കരട് മാർഗ്ഗരേഖയിൽ ഇതുസംബന്ധിച്ച് പ്രഥമാദ്ധ്യാപകരും ക്ലാസ്സ് അദ്ധ്യാപകരും സ്വീകരിക്കേണ്ട മുൻകരുതലുകളും നടപടികളും വിശദമായി പരാമർശിച്ചിട്ടുണ്ട്.

## ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി

19 (*109) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ മുഖ്യമന്ത്രി 2019 ഡിസംബർ 17-ന് വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിന്റെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെമാത്രം തറ വിസ്തൃതിയുള്ള കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലായെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ 22-8-2019-ലെ സ.ഉ (കൈ) 269/2019/റവ. ഉത്തരവ് തീയതി വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവത്കരിക്കുന്നതിന് ആവശ്യമായ ചട്ട ഭേദഗതി വരുത്തുവാൻ ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടി നടപടി സ്വീകരിച്ചു വരുന്നു.

## പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

20 (*110) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസന സാധ്യതകളുള്ള ഗ്രാമീണ കേന്ദ്രങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ച് ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി യോഗം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്.

(ബി) ചരിത്രപ്രാധാന്യമർഹിക്കുന്ന ആരാധനാലയങ്ങളെയും സ്ഥലങ്ങളെയും ബന്ധിപ്പിച്ച് നടപ്പിലാക്കുന്ന വിനോദസഞ്ചാര പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരം പദ്ധതികളിൽ ആവശ്യമായി വരുന്ന സ്ഥലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ജനകീയമാക്കി മാറ്റുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) വിനോദസഞ്ചാര വികസന പദ്ധതിയുടെ ഭാഗമായി പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളും ഗൃഹോപകരണങ്ങളും ശേഖരിച്ച് വിപണനകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വിനോദസഞ്ചാര വികസന പദ്ധതികളുടെ ഭാഗമായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്-കോഴിക്കോട്, വെള്ളാർ ക്രാഫ്റ്റ് വില്ലേജ് എന്നിവിടങ്ങളിൽ പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങളും ഗൃഹോപകരണങ്ങളും ശേഖരിച്ച് പ്രദർശിപ്പിച്ച് വിപണനം നടത്തിവരുന്നു. ഇത്തരം പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് അവരുടെ സേവനം തേടും.

(ഡി) കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

കോവിഡ് 19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. കൂടാതെ വിവിധ തരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കി.

ചെയ്ഞ്ച് ഓഫ് എയർ എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും ആണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.

<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>:

1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ

2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.

3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടി.വി.

4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആൻഡ് ക്യാമ്പയിൻ

5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ. തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സമൂഹ മാധ്യമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ ഡ്രൈവ് ഹോളിഡെയ്സ് എന്ന ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിൽ പ്രചരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹമാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമത് എത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. ഇതുകൂടാതെ നൂതനമായ ടൂറിസം

ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

**അർഹരായ എല്ലാവർക്കും പട്ടയം**

21 (*111) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന കാഴ്ചപ്പാടോടെ അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; അഞ്ച് വർഷത്തിനുള്ളിൽ അർഹരായവർക്കെല്ലാം പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

1964-ലെ കേരള ഭൂപതിവ് ചട്ടങ്ങൾ, 1963-ലെ ഭൂപരിഷ്കരണ നിയമം, 1995-ലെ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂപതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹരായവർക്ക് സമയബന്ധിതമായിതന്നെ പട്ടയങ്ങൾ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും പട്ടയ വിതരണത്തിന് ശേഷിക്കുന്ന ഭൂമി, അർഹരായവരുടെ വിവരം, പട്ടയവിതരണം ചെയ്യാനുള്ള തടസ്സം ഭൂരഹിതരായവരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ ഒരു ഡാഷ്ബോർഡ് തയ്യാറാക്കുന്നതിനുള്ള തടസ്സങ്ങൾ നിയമാനുസരണം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) തലമുറകളായി കൈവശമുള്ള ഭൂമിക്ക് സാങ്കേതിക കാരണങ്ങളാൽ പട്ടയം ലഭിക്കാതിരിക്കുന്ന അവസ്ഥ ഒഴിവാക്കി അർഹരായവർക്ക് സമയ ബന്ധിതമായി പട്ടയം നൽകുന്നതിന് ശ്രദ്ധപതിപ്പിക്കുന്നുണ്ടോ?

നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന പട്ടയങ്ങളുടെ എണ്ണം അറിയിക്കുമോ; അതിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ കണക്ക് വ്യക്തമാക്കുമോ?

12000 പട്ടയങ്ങളാണ് വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നത്. 13534 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ഉദ്ദേശിച്ചതിനേക്കാൾ 1534 അധിക പട്ടയം വിതരണം ചെയ്യാൻ സർക്കാരിന്റെ 100 ദിനത്തിൽ സാധിച്ചിട്ടുണ്ട്.

## വിദേശ കപ്പലുകളെ ആകർഷിക്കുവാൻ നടപടി

22 (*112) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളിലേയ്ക്ക് വിദേശകപ്പലുകളെ ആകർഷിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി തുറമുഖങ്ങൾ സജ്ജമാക്കുന്നതിനാവശ്യമായ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനുള്ള നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും ഐ.എസ്.പി.എസ്. കോഡ് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങളും ഘട്ടംഘട്ടമായി എത്രയും വേഗം നടപ്പിലാക്കി തുറമുഖങ്ങളെ പൂർണ്ണസജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്.

## പ്രീ-പ്രൈമറി വിദ്യാഭ്യാസ നയം

23 (*113) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായ ഒരു നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ 12 അംഗ കമ്മിറ്റി രൂപീകരിച്ച് പ്രീ-പ്രൈമറി നയ രൂപീകരണം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) അങ്കണവാടികൾ, പൊതുവിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി സ്കൂളുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രീ സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അങ്കണവാടികളിലെയും പൊതുവിദ്യാലയങ്ങളിലെ പ്രീ-സ്കൂളുകളിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിംഗ് എന്ന സംവിധാനം പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 414 ക്ലസ്റ്ററുകൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിംഗിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്ലസ്റ്ററിലെ അങ്കണവാടികളുടെയും സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളുടെയും അവസ്ഥാപഠനം നടത്തിയിട്ടുണ്ട്.

(സി) പൊതുവിദ്യാലയങ്ങളോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറി വിഭാഗത്തിലെ ഒരു വിഭാഗം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആനുകൂല്യം ലഭിക്കാത്ത എയ്ഡഡ് വിദ്യാലയങ്ങളിലെയും സർക്കാർ വിദ്യാലയങ്ങളിലെ ഒരു വിഭാഗത്തിലെയും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7-12-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 385/2012/പൊ.വി.വ. പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തിൽ 1-8-2012 വരെ സേവനത്തിലുള്ള യോഗ്യതയുള്ളവർക്ക് ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട യോഗ്യത നേടാത്തതും 1-8-2012-ൽ ഒരു വർഷത്തെ സർവ്വീസെങ്കിലും പൂർത്തിയാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 1-8-2012 മുതൽ പ്രതിമാസ ഓണറേറിയം അനുവദിക്കുകയും അത് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 7-12-2012-നുശേഷം പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഇവിടുത്തെ ജീവനക്കാർക്കാണ് ഓണറേറിയം നൽകിവരുന്നത്.

2012-നശേഷം സർക്കാർ അംഗീകാരമില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകുന്ന വിഷയം പൊതുനയം രൂപീകരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ചുവരുന്നു. നിലവിൽ ഉച്ചഭക്ഷണം പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണം നൽകിവരുന്നുണ്ട്. 1-8-2012-നശേഷം ആരംഭിച്ച പുതിയ പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകാത്ത സാഹചര്യത്തിലാണ് ഉച്ചഭക്ഷണം നൽകാൻ കഴിയാത്തത്. കൂടാതെ 2015-ലെ കേന്ദ്ര ഉച്ചഭക്ഷണ പദ്ധതിയുടെ നിയമ പ്രകാരം (MID DAY MEALS RULES 2015) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസിലുള്ള വിദ്യാർത്ഥികൾക്കാണ് ഉച്ചഭക്ഷണ പദ്ധതിക്ക് അർഹതയുള്ളത്. എന്നിരുന്നാലും 2,50,000 പ്രീ-പ്രൈമറി കുട്ടികളെക്കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2012-നശേഷം ആരംഭിച്ച പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പൊതുനയം രൂപീകരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ചുവരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും.

**ദേശീയപാതയിലെ ടോൾ പിരിവ്**

24 (*114) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പകുതിമാത്രം പണി പൂർത്തിയായ കഴക്കൂട്ടം-കാരോട് ബൈപ്പാസിൽ ടോൾ പിരിവ് ആരംഭിച്ചത് നിർത്തിവയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ; പ്രദേശവാസികളുടെ പ്രശ്നം പരിഹരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

കഴക്കൂട്ടം-മുക്കോല ബൈപ്പാസിലെ ടോൾ പിരിവ് കരാർ ഉടമ്പടി പ്രകാരമാണ് നടത്തുന്നത്. കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള 24.99 കിലോമീറ്ററിനാണ് ടോൾ പിരിവ് നടത്തുന്നത്. മുക്കോല മുതൽ കേരള-തമിഴ്നാട് അതിർത്തിയായ കാരോട് വരെയുള്ള 16.202 കിലോമീറ്ററുള്ള പ്രവൃത്തി പ്രത്യേക കരാറായിട്ടാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ആയതിനാൽ മുക്കോല-കാരോട് വരെയുള്ളതിന്റെ ടോൾ പിരിവ് ആരംഭിച്ചിട്ടില്ല.

(ബി) പകുതി ചെലവ് സംസ്ഥാനം വഹിച്ച ആലപ്പുഴ ബൈപ്പാസ്, കൊല്ലം ബൈപ്പാസ് എന്നിവിടങ്ങളിലും ടോൾ പിരിക്കാൻ എൻ.എച്ച്.എ.ഐ. തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഒറിജിൻ എഗ്രിമെന്റ് പ്രകാരം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള 50:50 ചെലവ് പങ്കിടുന്നത് കണക്കാക്കിയാണ് ആലപ്പുഴ ബൈപ്പാസിനും കൊല്ലം ബൈപ്പാസിനും ടോൾ പിരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. കരാർ പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ മൂലധന ചെലവ് ഈടാക്കി കഴിയുമ്പോൾ ടോൾ റേറ്റ് 40% വരെ കുറയ്ക്കുകയും വർഷാവർഷം നവീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) ദേശീയപാതയുടെ പരിപാലനത്തിൽ എൻ.എച്ച്.എ.ഐ.-യുടെ അനാസ്ഥ പരിഹരിക്കാൻവേണ്ട സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിരിക്കുന്ന ദേശീയപാതയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ യഥാസമയം ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ കാര്യാലയത്തിലേയ്ക്ക് കൈമാറുന്നുണ്ട്. സംസ്ഥാനത്തെ ആകെ വരുന്ന 1781 കിലോമീറ്റർ ദൈർഘ്യമുള്ള 548 കിലോമീറ്റർ മാത്രമാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ദേശീയപാത വിഭാഗം)-ന്റെ അധീനതയിലുള്ളത്. ബാക്കിയുള്ള 1233 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളുടെ പൂർണ്ണമായ പരിപാലന ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് പരാതികൾ ഉയർന്ന് വന്നതുമുതൽ ദേശീയപാത അതോറിറ്റിയുടെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2020 ജൂൺ മാസം മുതൽ പരാതികളും ഔദ്യോഗിക കത്തുകളും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യക്കും കേന്ദ്ര സർക്കാരിനും നൽകിവരികയാണ്. ഈ സമ്മർദ്ദത്തിന്റെ ഭാഗമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കാമെന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമ്മതിക്കുകയാണുണ്ടായത്. ഇതിനും കാലതാമസം ഉണ്ടാകുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ആലപ്പുഴ ജില്ലയിൽ മന്ത്രിയുടെതന്നെ നേതൃത്വത്തിൽ പ്രത്യേക യോഗം വിളിച്ചുചേർത്തിരുന്നു. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട പൊതുവായ വിഷയം ചർച്ചചെയ്യുവാൻ തിരുവനന്തപുരത്ത് ബന്ധപ്പെട്ടവരുമായി ഒരു അടിയന്തര യോഗം വിളിച്ചുചേർക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെയും നേരിട്ട് കാണുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ

25 (*115) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ പ്രകാരം പദ്ധതി ഏത് വർഷം പൂർത്തീകരിക്കുമെന്നാണ് അദാനി ഗ്രൂപ്പ് ഉറപ്പുനൽകിയിരുന്നത്;

&

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ഇതുസംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ കൺസഷണയർ പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

ആദ്യഘട്ട നിർമ്മാണ കാലയളവായ നാലുവർഷം (1460 ദിനങ്ങൾ) ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിവിധ ഘട്ടങ്ങളിലൂടെ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി തുറമുഖ പ്രവർത്തനവും പരിപാലനവും നടത്തി കരാർ കാലയളവിനുശേഷം തുറമുഖം സർക്കാരിന് കൈമാറണമെന്നാണ് കരാർ വ്യവസ്ഥ. പദ്ധതി നിർമ്മാണം വൈകുകയാണെങ്കിൽ പൂർത്തീകരണത്തിനായി 90 ദിവസത്തെ ഗ്രേസ് പിരീഡും 180 ദിവസം പിഴയോടുകൂടിയും അധികസമയം നൽകാനും വ്യവസ്ഥയുണ്ട്. 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകിയതുമൂലം നിശ്ചിത തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതി

സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ആദ്യത്തെ 90 ദിവസങ്ങൾ (Grace Period) പിഴ ഈടാക്കാതെയും തുടർന്നുള്ള ക്യൂർ പിരീഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതാണ്. പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകിയതിനെ തുടർന്ന് നിർമ്മാണ കമ്പനി കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ആർബിട്രേഷനെ സമീപിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ആർബിട്രേഷൻമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിൽ വന്ന കാലതാമസം കാരണമാണ് നിശ്ചിത തീയതിക്കുള്ളിൽ പ്രോജക്ട് പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. കരാറിലെ വ്യവസ്ഥകൾ പ്രകാരം എത്രയും വേഗത്തിൽ പ്രോജക്ട് പൂർത്തീകരിക്കാൻ സർക്കാർ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട്

26 (*116) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോഴ്സുകൾ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ അധിഷ്ഠിതമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്ന മുഴുവൻ വൊക്കേഷണൽ കോഴ്സുകളും 2020-21 അദ്ധ്യയന വർഷം മുതൽ പൂർണ്ണമായും ദേശീയ നൈപുണ്യ യോഗ്യതാചട്ടക്കൂടിൽ (എൻ.എസ്.ക്യൂ.എഫ്.) അധിഷ്ഠിതമാക്കിയിട്ടുണ്ട്.

(ബി) ഇത് വൊക്കേഷണൽ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത കോഴ്സുകൾ ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിലിന് (എൻ.എസ്.ഡി.സി.) കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ നൽകുന്നതുമായ സ്കിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതുമാണ്. ദേശീയ അംഗീകാരമുള്ള ഈ യോഗ്യതാ സർട്ടിഫിക്കറ്റുകൾ രാജ്യത്തെ വിവിധ തൊഴിൽ സ്ഥാപനങ്ങൾ, ഭാരത സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ നേടുന്നതിനുള്ള യോഗ്യതയായി പരിഗണിക്കപ്പെടുന്നതാണ്. ദേശീയതലത്തിൽതന്നെ രൂപീകരിക്കപ്പെട്ടിട്ടുള്ള തൊഴിൽ പരിശീലന രീതികൾ, പാഠ്യപദ്ധതി, പരിശീലകരുടെ യോഗ്യതാമാനദണ്ഡങ്ങൾ എന്നിവ ഈ പാഠ്യരീതിയിൽ അനുശാസിക്കപ്പെടുന്നതിനാൽ ഏകീകൃതവും ഗുണനിലവാരത്തിൽ അധിഷ്ഠിതവുമായ പരിശീലനം ഉറപ്പുവരുത്തുന്നു. ഹയർ സെക്കണ്ടറി കോഴ്സിനുതുല്യമായ കരിക്കുലത്തിനുപരിയാണ് എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ എന്നതിനാൽ തത്തുല്യമായ ഉപരിപഠന സാധ്യതകൾ വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നു. വ്യവസായ/സേവന മേഖലകളിൽ നിരന്തരമായി സംഭവിക്കുന്ന സാങ്കേതിക മുന്നേറ്റങ്ങൾ, കായികവും പ്രാദേശികവുമായുണ്ടാകുന്ന ആവശ്യകതാ വ്യതിയാനങ്ങൾ എന്നിവയ്ക്കനുസരിച്ച് പുതിയ കോഴ്സുകൾ ലഭ്യമാക്കുവാനും നിലവിലുള്ളവ പുതുക്കാനും മാറ്റം വരുത്താനുമുള്ള സ്ഥിരമായ സംവിധാനം എൻ.എസ്.ക്യൂ.എഫ്. ഉറപ്പുവരുത്തുന്നതിനാൽ കോഴ്സുകൾ ആവശ്യാനുസരണം പുതുക്കപ്പെടുന്നു. തൊഴിൽ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നൈപുണ്യപരിശീലന കേന്ദ്രങ്ങൾ (സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ) സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. വ്യവസായശാലകളുമായി സഹകരിച്ചുള്ള പരിശീലന പങ്കാളിത്തം, വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണപ്രദമായ ഓൺ ദ ജോബ് പരിശീലനവും അദ്ധ്യാപക ഗുണനിലവാര വർദ്ധനയും ഉറപ്പുവരുത്തുന്നുണ്ട്.

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തൊഴിൽ പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

താഴെപ്പറയും പ്രകാരമുള്ള നൂതന നടപടികൾ സ്വീകരിച്ചുവരുന്നു.

1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വി.എച്ച്.എസ്.ഇ. വിംഗിൽ ഇന്ററാക്ഷൻ സെൽ (ഐ.ഐ.ഐ. സെൽ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സെല്ലിന്റെ നേതൃത്വത്തിൽ ഇൻഡസ്ട്രിയൽ എക്സ്പെർട്ട് ഇന്ററാക്ഷൻ, വെർച്ചൽ ഫീൽഡ് വിസിറ്റുകൾ, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്യാമ്പുകൾ, തൊഴിലിടങ്ങളിലെ പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നു.

2) അദ്ധ്യാപകർക്ക് പുതിയ ജോബ് റോളുകളിൽ പരിശീലനം സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

3) എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പുതിയ ജോബ്റോളുകൾക്ക് പഠന സാമഗ്രികൾ നിർമ്മിക്കുന്നതിന് കണ്ടന്റ് ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

4) സംരഭകത്വ പരിശീലനം, ആശയവിനിമയ പാടവം വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനം, മറ്റ് ജീവിതനൈപുണ്യ പരിശീലനങ്ങൾ എന്നിവ തൊഴിൽ പരിശീലനത്തോടൊപ്പം വിദ്യാർത്ഥികളിലെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിദേശത്തും സ്വദേശത്തും ഉയർന്നുവരുന്ന പുതിയ തൊഴിൽ മേഖലകൾ, സാധ്യതകൾ എന്നിവയെക്കുറിച്ച് വിദ്യർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന എന്തെല്ലാം പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്; വിശദാംശം നൽകുമോ?

വി.എച്ച്.എസ്.ഇ. കോഴ്സ് കഴിഞ്ഞതിനുശേഷമുള്ള ഉപരിപഠന/തൊഴിൽ സാധ്യതകളെ പരിചയപ്പെടുത്തുന്ന വെബിനാർ ഈ അദ്ധ്യയന വർഷത്തിൽ 54 എണ്ണം നടത്തുകയുണ്ടായി. മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് പുതിയ തൊഴിൽ മേഖലകളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിയത് (എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ ആൻഡ് പാരാമെഡിക്കൽ, കൊമേഴ്സ്). കൂടാതെ ഇന്ത്യൻ എയർഫോഴ്സിലെ വിദ്യാഭ്യാസ-തൊഴിൽ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാനായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ കരിയർ സെമിനാർ, എക്സ്പോകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വി.എച്ച്.എസ്.ഇ. അദ്ധ്യാപകർക്കും കരിയർ ഗൈഡൻസിൽ പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കുന്നുണ്ട്. നൂതന നൈപുണ്യ പദ്ധതികൾ (21 സെഞ്ച്വറി ജോബ്സ്) അദ്ധ്യാപകർക്കായി പരിചയപ്പെടുത്തുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി അദ്ധ്യാപക പരിശീലനം നടത്തുന്നതാണ്. അതുവഴി വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഓൺലൈൻ വിദ്യാഭ്യാസ സൗകര്യങ്ങൾ

27 (*117) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2021 ജൂൺ മുതൽ ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം കുട്ടികൾക്ക് അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിന് ജി-സ്യൂട്ട് സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഓൺലൈൻ ക്ലാസുകളും കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരികയാണ്. ഇന്റർനെറ്റ് സംവിധാനം ആവശ്യമില്ലാത്ത ഡിജിറ്റൽ ക്ലാസുകൾ എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാകുന്നവിധത്തിലാണ് കഴിഞ്ഞ വർഷം മുതൽ ക്രമീകരിച്ചിരുന്നത്. ഓൺലൈൻ ക്ലാസുകളും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നതിന് ഓരോ കുട്ടിക്കും ഡിജിറ്റൽ ഉപകരണവും ഇന്റർനെറ്റ് കണക്ടിവിറ്റിയും ആവശ്യമാണ്.പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 4.7 ലക്ഷം കുട്ടികളാണ് (എസ്.റ്റി. വിഭാഗം ഒഴികെ) 2021 ജൂലൈ അവസാനം ഉണ്ടായിരുന്നത്. എന്നാൽ സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഇത് 3.7 ലക്ഷമായും ഒക്ടോബർ ആദ്യം 3.63 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 37359 ആണ്. സാമൂഹ്യ പങ്കാളിത്തത്തോടെയാണ് വിദ്യാകിരണം പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.എസ്.എഫ്.ഇ.-യും കുടുംബശ്രീയും സംസ്ഥാന ഐ.ടി. മിഷനും സംയുക്തമായി നടപ്പിലാക്കുന്ന 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായുള്ള ലാപ്ടോപ്പുകൾ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ടെലികോം സേവനദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആദിവാസി മേഖലകളുൾപ്പെടെയുള്ള കണക്ടിവിറ്റി കുറവുള്ള

പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിച്ചുകൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗ സാധ്യതയും പരിശോധിച്ചുവരുന്നു. കൂടാതെ ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-കുടുംബശ്രീ എന്നിവയുമായി ചേർന്ന് വളരെ കുറഞ്ഞ നിരക്കിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി 'കെ.എസ്.എഫ്.ഇ.-വിദ്യാശ്രീ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പഠനാവശ്യത്തിന് മൊബൈൽ റേഞ്ചിനായി മരത്തിൽ കയറിയ പന്നിയോട് ആദിവാസി കോളനിയിലെ വിദ്യാർത്ഥി വീണ് പരിക്കേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മൊബൈൽ നെറ്റ്‌വർക്ക് ലഭ്യമല്ലാത്ത ആദിവാസി കോളനികളിലെ വിദ്യാർത്ഥികൾക്കടക്കം ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2020 ജൂൺ 1 മുതൽ ആരംഭിച്ച ഡിജിറ്റൽ ക്ലാസുകൾ ആദിവാസി കോളനികളിലെ വിദ്യാർത്ഥികൾക്കുൾപ്പെടെ ലഭ്യമാക്കിക്കൊണ്ടാണ് നടപ്പിലാക്കിയത്. ഈ വർഷവും ഡിജിറ്റൽ ക്ലാസുകൾ തുടരുന്നുണ്ട്. ഓൺലൈൻ ക്ലാസുകളും എല്ലാ കുട്ടികൾക്കും ലഭിക്കത്തക്ക വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കുന്നത്. ഇതിനായി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുൾപ്പെടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമല്ലാത്ത മുഴുവൻ കുട്ടികൾക്കും അവ ലഭ്യമാക്കുന്നതിന് വിദ്യാകിരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇന്റർനെറ്റ് കണക്ടിവിറ്റി ആദിവാസി കോളനികളിലും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജൂൺ ആദ്യവാരംതന്നെ ഇന്റർനെറ്റ് സേവന ദാതാക്കളുമായി ചർച്ച ചെയ്യുകയും ഐ.ടി. വകുപ്പ് തുടർപ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. വിദൂര ആദിവാസി കോളനികളിൽനിന്നുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് സർക്കാർ അതീവപ്രാധാന്യം നൽകുന്നു. പ്രസ്തുത കോളനികളെ കണക്ടിവിറ്റി ലഭ്യതയുടെ അടിസ്ഥാനത്തിൽ

തരംതിരിക്കുകയും കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകുകയും അത്തരം കോളനികൾക്ക് കണക്ടിവിറ്റി നൽകുന്നതിനായി വിവിധ ടെലികോം സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആദിവാസി മേഖലകളിൽ കണക്ടിവിറ്റി നൽകുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്നതിന് വാർഷിക വാടക ഇനത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുതകുന്ന നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖയും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഇനിയും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ സാധിക്കാത്ത കുട്ടികൾക്ക് അതിനുള്ള സൗകര്യങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ മുൻകൈ എടുക്കുമോ?

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിമൂലം നിലവിലെ നേരിട്ടുള്ള വിദ്യാഭ്യാസ സംവിധാനങ്ങൾക്ക് ബദൽ മാർഗ്ഗങ്ങൾ തേടേണ്ടിവരികയും, ഓൺലൈൻ പഠന സമ്പ്രദായങ്ങളെ വലിയ തോതിൽ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. ഓൺലൈൻ വിദ്യാഭ്യാസ ലഭ്യത സംബന്ധിച്ച അവലോകനങ്ങളിലൂടെ ചിലയിടങ്ങളിൽ വാർത്താവിനിമയ ഉപാധികളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും അപര്യാപ്തതയുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തോട് സർക്കാർ ക്രിയാത്മകമായി പ്രതികരിക്കുകയും ഒരു വിദ്യാർത്ഥിക്കുപോലും വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്നില്ല എന്ന ലക്ഷ്യത്തോടെ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പദ്ധതി

28 (*118) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പുതുതായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

2015-2020 കാലഘട്ടത്തിൽ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ, കണ്ണൂർ സി.എസ്.ഐ. പള്ളി, തൃശ്ശൂർ ചേറ്റുവാകോട്ട തുടങ്ങിയവയുടെ സംരക്ഷണ പ്രവൃത്തികളുടെ ആദ്യഘട്ടം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. മലപ്പുറം തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരം, എറണാകുളത്തെ ജൂത സെമിത്തേരി തുടങ്ങിയവയുടെ സംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. ഈ സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പാലക്കാട് തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം, തൃശ്ശൂർ നെടുംപുറം തളി ക്ഷേത്രം, തൃപ്പൂണിത്തുറ ഹിൽപ്പാലസ് എന്നിവിടങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൈതൃക സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുള്ളതും പുരാവസ്തു ശാസ്ത്ര പ്രാധാന്യമുള്ളതുമായ നിർമ്മിതികളെ സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും അത് ആവശ്യപ്പെടുന്ന അവസരത്തിൽതന്നെ നടപ്പിലാക്കാൻ പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്വാതന്ത്ര്യത്തിനുമുമ്പ് സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ ഏറ്റവും പഴക്കമേറിയ കെട്ടിടങ്ങൾ ചരിത്ര സ്മാരകങ്ങളുടെ പട്ടികയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് സ്ഥാപിക്കപ്പെട്ട കോളേജുകൾക്കോ സ്കൂളുകൾക്കോ ചരിത്രപരമായോ പുരാവസ്തുപരമായോ കലാപരമായോ പ്രാധാന്യമുണ്ടാകുകയും നൂറുവർഷത്തിലേറെ പഴക്കമുണ്ടാവുകയും ചെയ്യുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ എറണാകുളം ജില്ലയിലെ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ പഴയ കച്ചേരി മാളിക 1993-ൽ കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**നൈതികം പദ്ധതി**

29 (*119) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന നൈതികം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

ഭരണഘടന പരിചയപ്പെടാനും സ്കൂളിന് സ്വന്തമായൊരു ഭരണഘടന തയ്യാറാക്കാനും അവസരമൊരുക്കിക്കൊണ്ട് ഭരണഘടനയുടെ എഴുപതാം വാർഷികം സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രത്യേക നിർദ്ദേശപ്രകാരം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് നൈതികം പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയത്. ഇതിലൂടെ നമ്മുടെ ഭരണഘടന വിദ്യാഭ്യാസകാലത്തുതന്നെ സ്വാംശീകരിക്കാനുള്ള കഴിവ് നേടാൻ സാധിക്കും. നൈതികം പദ്ധതിയിലൂടെ ലിംഗ നീതി, ലിംഗ സമത്വം, മതേതരത്വം, സാഹോദര്യം എന്നീ മാനുഷിക മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കും.

(ബി) വിദ്യാർത്ഥികളിൽ ലിംഗ നീതി, ലിംഗ സമത്വം എന്നിവയെക്കുറിച്ചും ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കുപുറമെ നൈതികം പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളിൽ ലിംഗ നീതി, ലിംഗ സമത്വം എന്നിവയെക്കുറിച്ചും ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രവർത്തന പരിപാടികളും സംവാദങ്ങളും സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. ഇതിനോടൊപ്പം ഭരണഘടനയുടെ ഉള്ളടക്കം, സ്ത്രീകളുടെയും കുട്ടികളുടെയും ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട്, ഭരണഘടന രൂപപ്പെട്ട ചരിത്രം, നവോത്ഥാന മുന്നേറ്റങ്ങൾ, ചരിത്ര രേഖകൾ, ഭരണഘടനയുടെ ആമുഖം, നമ്മുടെ മൗലിക അവകാശങ്ങൾ, ഭരണഘടനയുടെ പ്രസക്തമായ അനുച്ഛേദങ്ങൾ, സ്കൂളിന് സ്വന്തമായൊരു ഭരണഘടന, സ്റ്റുഡന്റ് പാർലമെന്റ്, ക്ലാസ് സഭ, അവകാശ പത്രികാ നിർമ്മാണം തുടങ്ങി കുട്ടികൾക്ക് അവരുടെ നിലപാട് വച്ച് ഇടപെടാനും പ്രവർത്തിക്കാനും അവസരമൊരുക്കുന്ന വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിവിധ ദിനാചരണങ്ങളുമായി ബന്ധിപ്പിച്ച് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികൾക്കാണ് നൈതികം പരിപാടിയിൽ പങ്കാളികളാകുന്നതിന് അവസരം ലഭിച്ചത്. കോവിഡ്-19 വ്യാപനംമൂലം സ്കൂളുകൾ തുറക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ മേൽസൂചിപ്പിച്ച പ്രവർത്തനങ്ങൾ പലതും ദിനാചരണങ്ങളുടെ ഭാഗമായി സ്കൂളുകളിൽ ഓൺലൈൻ മാധ്യമങ്ങളിലൂടെ സംഘടിപ്പിച്ചുവരുന്നു.

(സി) ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വവും സാഹോദര്യവും ഉയർത്തിപ്പിടിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പഠന, പഠനേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് അറിയിക്കുമോ?

ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വവും സാഹോദര്യവും ഉയർത്തിപ്പിടിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പഠന, പഠനേതര പ്രവർത്തനങ്ങൾ നിലവിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

30 (*120) ശ്രീ. മഞ്ഞളാംകുഴി അലി:

ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടരലക്ഷം ഹെക്ടറോളം സർക്കാർ ഭൂമി ഹാരിസൺ മലയാളം ഉൾപ്പെടെയുള്ളവർ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും ഗ്രാന്റായും നൽകിയ ഭൂമിയിലും സ്വകാര്യ പാട്ട ഭൂമിയിലും ഉടമസ്ഥത സ്ഥാപിക്കാതെ 1984-ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 1985-2005 കാലയളവിൽ ആയിരക്കണക്കിനേക്കർ ഭൂമി വിൽപ്പന നടത്തിയതിനെതുടർന്ന് സർക്കാർ നിയമിച്ച ഉന്നതാധികാര സമിതി നടത്തിയ അന്വേഷണത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ടി കമ്പനി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ സംസ്ഥാനത്ത് കൈവശംവയ്ക്കുന്ന സർക്കാർ ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15-ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറെ 25-4-2013-ലെ ജി.ഒ. (എം.എസ്.) 161/2013/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി (അനുബന്ധം-1)*. ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരം സ്വാതന്ത്ര്യത്തിനുമുമ്പ് ബ്രിട്ടീഷ് കമ്പനികളും വ്യക്തികളും കൈവശം വച്ചിരുന്ന ഭൂമി കണ്ടെത്തുന്നതിനും നിലവിൽ അത്തരം ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം ഉടമസ്ഥത അനുവദിച്ചുനൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് നിയമപ്രകാരം ഉടമസ്ഥത കൈമാറിയിട്ടില്ലാത്ത എല്ലാ ഭൂമിയും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് 30-12-2015-ൽ സ.ഉ. (കൈ)703/ 2015/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (അനുബന്ധം-2*). ആയതിൻ പ്രകാരം സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഇത്തരത്തിൽ 3 ലക്ഷത്തിലധികം ഏക്കർ തോട്ടം ഭൂമി സംസ്ഥാനത്ത് വിവിധ കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു.

(ബി) എങ്കിൽ ഇവ തിരിച്ചുപിടിക്കുന്നതിന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ഉണ്ട്. കോട്ടയം, കൊല്ലം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 29426.5 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിച്ചുകിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട് (അനുബന്ധം-3 )*.

(സി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11-4-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച WP(C)33122/2014 & Ors കേസുകളിലെ വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള "ജൂറിസ്ഡിക്ഷൻ" ഇല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഭൂമിയുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ വിശദമായ വാദം കേൾക്കാതെതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളുകയുണ്ടായി. തുടർന്ന്, ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ൽ സ.ഉ. (കൈ) 172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി (അനുബന്ധം-4)*. ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 29426.5 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിച്ചുകിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണം

1 (1134) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഡിസൈനും ഡ്രോയിംഗും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ആർക്കിടെക്ചർ ഡ്രോയിംഗ് തയ്യാറാക്കുന്നതിനാവശ്യമായ രേഖകൾ ആർക്കിടെക്ചർ വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്. ആർക്കിടെക്ചർ ഡ്രോയിംഗ് പൂർത്തിയായി ആർക്കിടെക്ചർ വിഭാഗത്തിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കടുത്തുരുത്തി മണ്ഡലത്തിൽ വെയിറ്റിംഗ് ഷെഡ്**

2 (1135) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കമ്പനി മുഖേനയുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിന് മൂന്ന് വർഷം മുമ്പ് എഗ്രിമെന്റ് വച്ചുവെങ്കിലും പദ്ധതിയിന്മേൽ ഒരു നടപടിയും സ്വീകരിക്കാതെ പദ്ധതി നീണ്ടുപോകുന്നതിന് വകുപ്പ് പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ?

11-7-2019-ലെ സർക്കാർ ഉത്തരവ് (കൈ) 35/2019/PWD പ്രകാരം പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് വൈൻഡിംഗ് അപ് ചെയ്ത് കമ്പനിയുടെ അസ്സറ്റും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതും കമ്പനിയുടെ ഇരുപത്തിരണ്ടാമത് ബോർഡ് മീറ്റിംഗിൽ കമ്പനിയുടെ ഓഡിറ്റ് പൂർത്തിയായതിനുശേഷം അസറ്റും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. വൈൻഡ് അപ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ മുന്നോടിയായുള്ള ഓഡിറ്റ് നടന്നുവരികയാണ്. ഈ കമ്പനിയിൽ ജീവനക്കാരില്ല.

(ബി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കമ്പനി ഏറ്റെടുത്ത ഈ വെയിറ്റിംഗ് ഷെഡ് നിർമ്മാണം കമ്പനി നിലവിലില്ലാത്ത സാഹചര്യത്തിൽ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കമ്പനി ഏറ്റെടുത്ത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏത് വിംഗിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; പ്രതീക്ഷാ കമ്പനിയുടെ ആസ്തി ബാധ്യതകൾ ഏത് രീതിയിൽ തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയുടെ ഓഡിറ്റ് പൂർത്തിയായതിനുശേഷം അസറ്റുകളും ബാധ്യതകളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) കടുത്തുരുത്തി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന എത്ര വെയിറ്റിംഗ് ഷെഡ്ഡുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവയുടെ നിലവിലെ നിർമ്മാണ പുരോഗതിയും അവ എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കടുത്തുരുത്തി മണ്ഡലത്തിൽ പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയുടെ കീഴിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന 6 ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 2018-ൽ എഗ്രിമെന്റ് വച്ചുവെങ്കിലും പ്രളയത്തെ തുടർന്നും കമ്പനി വൈൻഡ് അപ് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്നും പ്രവൃത്തികൾ നിർത്തിവച്ചു.

## വർക്കല മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

3 (1136) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ 2016-നുശേഷം പൊതുമരാമത്ത് വകുപ്പിനുകീഴിൽ നാളിതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ സാങ്കേതികാനുമതി ലഭ്യമായ തീയതി, കരാർ ഏറ്റെടുത്ത തീയതി എന്നിവയും നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചശേഷം ടെണ്ടർ നടപടി നടത്തിയിട്ടും കരാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വർക്കല മണ്ഡലത്തിലെ നിരത്ത്, കെട്ടിടം, ദേശീയപാത, കിഫ്ബി, വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## വെട്ടൂർ പി.എച്ച്.സി. കെട്ടിടം

4(1137) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വെട്ടൂർ പി.എച്ച്.സി.-യുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കുമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുശേഷം മണ്ണ് പരിശോധനയും സൈറ്റ് സർവ്വേയും നടത്തുകയുണ്ടായി. ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കിയതിനുശേഷം ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് പ്ലാൻ അംഗീകരിക്കുന്നതിന് അയച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ് ഇപ്പോൾ സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ടെണ്ടർ നടപടികളിന്മേൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ആർക്കിടെക്ചറൽ പ്ലാനും ഡിസൈൻ സ്കെച്ചും ആയതിനുശേഷം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇരവിപുരം മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ വിശദാംശങ്ങൾ**

5 (1138) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. വക റോഡുകളുടെ ഔദ്യോഗികനാമം, ലൊക്കേഷൻ, ദൈർഘ്യം എന്നിവ ലഭ്യമാണോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

6 (1139) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം റോഡുകളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നഗരപാത വികസന പദ്ധതിയിൽ നിലവിൽ മൂന്ന് കോറിഡോറുകളുടെ ഇംപ്രൂവ്മെന്റ്സ്, പി.പി.പി. മാതൃകയിൽ ചെയ്യുന്നതിനായി കെ.ആർ.എഫ്.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.ആർ.എഫ്.ബി. മുഖാന്തരം പ്രവൃത്തി നടത്തുന്ന 23.26 കിലോമീറ്റർ (മൂന്ന് റോഡുകൾ) ഡി.ബി.എഫ്.ഒ.റ്റി.-ആന്വിറ്റി മോഡലിലാണ് നിർമ്മാണം നടത്താനുദ്ദേശിക്കുന്നത്. പദ്ധതി സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. പദ്ധതി പ്രകാരമുള്ള റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നമ്പർ | റോഡ് | നീളം |
|---|---|---|
| 1 | മേവറം - കാവനാട് | 12.65 കി.മീ. |
| 2 | റെയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ | 6.3 കി.മീ. |
| 3 | തിരുമുല്ലാവാരം- കല്ലുപാലം- കച്ചേരി ജംഗ്ഷൻ | 4.31 കി.മീ |
| | **ആകെ** | **23.26 കി.മീ.** |

**മരാമത്ത് പണികളുടെ നിരക്ക് വർദ്ധന**

7 (1140) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികളുടെ നിരക്ക് വർദ്ധിപ്പിച്ച സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

13-8-2021-ലെ ജി.ഒ. (പി) നം.114/2021/ഫിൻ പ്രകാരം 15-8-2021 മുതൽ മരാമത്ത് പ്രവൃത്തികളുടെ നിരക്ക് വർദ്ധിപ്പിച്ചത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് പൊതുമരാമത്ത് വകുപ്പിൽ DSR (Delhi Schedule of Rates) 2018 പ്രകാരമാണ് നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്.

(ബി) പുതിയ നിരക്കുകൾ വരുത്തുന്നതിനുമുമ്പ് എസ്റ്റിമേറ്റ് എടുത്ത പ്രവൃത്തികളുടെ റിവേഴ്സ് എസ്റ്റിമേറ്റിന് വരുന്ന അധിക തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

DSR 2018 നിലവിൽ വരുന്നതിനുമുമ്പ് എസ്റ്റിമേറ്റ് എടുത്ത പ്രവൃത്തികളുടെ റിവേഴ്സ് എസ്റ്റിമേറ്റിന് വരുന്ന അധിക തുക അനുവദിച്ച് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം മണ്ഡലത്തിലെ പ്രവൃത്തികൾ**

8 (1141) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതുതായി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ബഡ്ജറ്റിൽ ഉൾപ്പെട്ടവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനുകീഴിൽ പുതുതായി ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് "Construction of class room, lab, library, Seminar Hall to IHRD College, Kumbala" എന്ന പ്രവൃത്തിക്കാണ്. മേൽ പ്രവൃത്തി ബഡ്ജറ്റിൽ ഉൾപ്പെട്ടതാണ്.

(സി) കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പുതുതായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പൊതുമരാമത്ത് വകുപ്പ് നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പുതുതായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ നിരത്ത് വിഭാഗത്തിനുകീഴിൽ " Pallam-Malangara-Panjjanam Road, Mundyathadukka-Muggu Puthige Road BM & BC in Puthige Grama Panchayath" എന്ന പ്രവൃത്തിയാണുള്ളത്. പാലം വിഭാഗത്തിനുകീഴിൽ നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾ ബക്കിലപടവ് പാലം നിർമ്മാണം (850 ലക്ഷം രൂപ), മുന്നിപ്പാടി പാലം (1560 ലക്ഷം രൂപ) എന്നിവയാണ്. മേൽപ്രവൃത്തികൾ സാങ്കേതികാനുമതിക്കായുള്ള സൂക്ഷ്മ പരിശോധനയിലാണ്.

കെട്ടിട വിഭാഗത്തിനുകീഴിലുൾപ്പെടുന്ന പ്രവൃത്തികൾ:

1. Kasaragod Development Package – 2021-22 - Infrastructure development for PHC Arikady in Kumbala Grama Panchayath.
2. Kasaragod Development Package – 2019-20 - Construction of New PHC Block Puthige, Kasaragod District.
3. Kasaragod Development Package- Construction of New PHC Block in Vaninaga Kasaragod District.
4. Kasaragod Development Package – 2020-21 - Kabadi Academy and Construction of Indoor Court at GHSS, Kodiyamma.

## കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് നവീകരണം

9 (1142) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട്, വെള്ളിമാട്കുന്നിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സുകളിൽ കാലപ്പഴക്കംമൂലം ചിലതിനുള്ള ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ക്വാർട്ടേഴ്സിന്റെ വികസനം ലക്ഷ്യമാക്കി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ചില ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ ചെയ്യാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

## കൊല്ലങ്കോട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം

10 (1143) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തി നടത്തുന്ന കൊല്ലങ്കോട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ?

കൊല്ലങ്കോട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചു. പെയിന്റിംഗ് വർക്കുകളും പ്ലംബിംഗ് വർക്കുകളും ഇലക്ട്രിഫിക്കേഷൻ വർക്കുകളും നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികളായ ഡ്രെയിൻ, റാംപ്, ഇന്റർലോക്കിംഗ്, ടൈൽ പാകൽ, ജനറേറ്റർ പ്ലാറ്റ്ഫോം എന്നിവയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

(ബി) ഈ പ്രവൃത്തി പൂർത്തീകരിച്ച് പ്രസ്തുത വകുപ്പിന് എന്ന് കൈമാറാൻ കഴിയുമെന്ന് വിശദമാക്കുമോ?

2021 നവംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മംഗലം ഡാം ഡീസിൽറ്റേഷൻ പ്രോജക്ടും പൊതുമരാമത്ത് റോഡുകളും

11 (1144) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം ഡാം ഡീസിൽറ്റേഷൻ പ്രോജക്ട് പുരോഗമിക്കുന്നതോടെ അനുബന്ധ പൊതുമരാമത്ത് റോഡുകൾക്കുണ്ടാകാവുന്ന കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേടുപാടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേടുപാടുകൾ ഏറ്റവും കൂടുതലുണ്ടാകാൻ സാധ്യതയുള്ള മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നവീകരണത്തിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പ്രസ്തുത കേടുപാടുകൾ പരിഹരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അണക്കപ്പാറ-മുടപ്പല്ലൂർ റോഡിൽ ബഡ്ജറ്റ് പ്രവൃത്തി പുരോഗമിച്ചുവരികയാണ്.
2. മംഗലം ഡാം-കടപ്പാറ റോഡിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സിൽ ഉൾപ്പെടുന്ന അറ്റകുറ്റപ്പണി പുരോഗമിക്കുകയാണ്.
3. മുടപ്പല്ലൂർ-മംഗലം ഡാം റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിലേയ്ക്കായി 800 ലക്ഷം രൂപയുടെ ഓവർലേ പ്രവൃത്തി പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പരാതികൾ അറിയിക്കുന്നതിനായി മൊബൈൽ ആപ്പ്

12 (1145) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണങ്ങൾ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി മൊബൈൽ ആപ്പ് തയ്യാറാക്കുകയുണ്ടായോ?

PWD 4U എന്ന മൊബൈൽ ആപ്പ് സംവിധാനം 2021 ജൂൺ 7 മുതൽ നിലവിലുണ്ട്.

(ബി) ഈ മൊബൈൽ ആപ്പിലൂടെ പൊതുജനങ്ങൾക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം?

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ ഫോട്ടോ, ലൊക്കേഷൻ ഉൾപ്പെടെ ആപ്പ് മുഖേന നൽകാവുന്നതാണ്. ഈ സംവിധാനം മുഖേന ലഭ്യമാകുന്ന പരാതികൾ കെ.എസ്.ടി.പി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന പബ്ലിക് ഇൻഫർമേഷൻ സെല്ലിൽനിന്നും ബന്ധപ്പെട്ട നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് കൈമാറുകയും പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ചെയ്യുന്നു. പരാതികളുടെ നിജസ്ഥിതി ആപ്പിലൂടെതന്നെ പരാതിക്കാരന് അറിയുന്നതിന് സാധിക്കുന്നു. പരാതി പരിഹരിച്ച വിവരവും തുടർന്ന് പരാതിക്കാരനെ അറിയിക്കുന്നുണ്ട്.

(സി) ഈ മൊബൈൽ ആപ്പ് തയ്യാറാക്കിയത് ഏത് സ്ഥാപനമാണ്?

PWD 4U ആപ്പ് രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നത് ലണ്ടൻ ആസ്ഥാനമായ ട്രാൻസ്പോർട്ട് ലബോറട്ടറീസ് യു.കെ. എന്ന സ്ഥാപനമാണ്.

(ഡി) ഇതിനായി ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവൃത്തിയായതിനാൽ ഈ ആപ്പിനായി ചെലവാക്കിയ തുക പ്രത്യേകമായി കണക്കാക്കാൻ സാധ്യമല്ല.

(ഇ) ഇതിനുമുമ്പ് സമാനമായ മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദാംശങ്ങൾ നൽകുമോ?

ഇതിനുമുമ്പ് PWD FIXIT എന്ന മൊബൈൽ ആപ്പ് Hubspire എന്ന സ്ഥാപനം അവരുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടുപയോഗിച്ച് വികസിപ്പിച്ചിരുന്നു. എന്നാൽ നിലവിൽ ഈ ആപ്പ് പ്രവർത്തനക്ഷമമല്ല.

**തീക്കോയി ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

13(1146) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തീക്കോയി ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തുക അഞ്ഞൂറ് ലക്ഷം രൂപയ്ക്ക് (5 കോടി) മുകളിലായതിനാൽ കോമ്പോസിറ്റ് ടെണ്ടർ നടപടികൾ എടുക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റുകൂടി ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എം.എൽ.എ. ഫണ്ട് അനുവദിച്ച റോഡ്, കെട്ടിടങ്ങൾ, മറ്റ് പ്രവൃത്തികൾ**

14 (1147) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള റോഡ്, കെട്ടിടങ്ങൾ, മറ്റ് പ്രവൃത്തികൾ എന്നിവയുടെ നിർമ്മാണവേളയിൽ പിന്നീട് വരുത്തുന്ന എസ്റ്റിമേറ്റ് ഭേദഗതികൾക്ക് എം.എൽ.എ.-മാരുടെ അനുമതി കത്ത് പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം ആവശ്യപ്പെടുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ്/സർക്കുലറുകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ;

(ബി) എസ്റ്റിമേറ്റ് ഭേദഗതികൾക്ക് ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ അനുമതി മാത്രം മതിയെന്നിരിക്കെ ഇത്തരം ഭേദഗതികൾക്ക് എം.എൽ.എ.-മാരുടെ അനുമതിപത്രം പൊതുമരാമത്ത് എഞ്ചിനീയർമാർ ആവശ്യപ്പെടുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തിയിൽ വരുത്തുന്ന പ്രധാന മാറ്റങ്ങൾ എം.എൽ.എ.-മാരെ കത്തുമുഖേന അറിയിക്കുക എന്ന കാര്യംമാത്രം അനുവർത്തിച്ചുകൊണ്ട് ഈ കാര്യവുമായി ബന്ധപ്പെട്ട് വകുപ്പ് വ്യക്തത വരുത്തി കത്ത് ആവശ്യപ്പെടുന്ന പ്രവണത അവസാനിപ്പിക്കുമോ; വിശദമാക്കാമോ?

(എ-സി) സാധാരണരീതിയിൽ പൊതുമരാമത്ത് മാന്വൽ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നുള്ള കാതലായ വ്യതിയാനങ്ങൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം തേടേണ്ടതുണ്ട്. ഇത്തരം വ്യതിയാനങ്ങളുടെ മൂലകാരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശമാണെങ്കിൽ ആയത് സമർത്ഥിക്കുന്നതിനായി എം.എൽ.എ.-യുടെ കത്തുകൾ പുതുക്കിയ എസ്റ്റിമേറ്റിന്റെ അനുമതിക്കായി ഒപ്പം സമർപ്പിക്കാറുണ്ട്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലില്ല. എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സൈറ്റിലെ സ്ഥിതിഗതികളനുസരിച്ച് വേണ്ടിവരുന്ന ഭേദഗതികൾ എം.എൽ.എ.-യെക്കൂടി അറിയിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കളക്ടർക്ക് സമർപ്പിച്ച് അനുമതി വാങ്ങുക എന്നതാണ് നിലവിലെ രീതി. അത്യാവശ്യഘട്ടങ്ങളിൽ ഫണ്ട്/അനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനും ആഡിറ്റ് ഒബ്ജക്ഷൻ കണക്കിലെടുത്തും എം.എൽ.എ.-മാരുടെ അനുമതിപത്രം ആവശ്യപ്പെടാറുണ്ട്. എന്നാൽ ഈ പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 'Scope of Work'-നുള്ളിലുള്ള മാറ്റങ്ങളാണെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കിയാൽ മതിയാകുന്നതാണ്.

## ഇലക്ട്രിക്കൽ വർക്കുകൾ

15 (1148) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിലുള്ളവർതന്നെ ഗ്രാമപഞ്ചായത്ത് മുതലുള്ള സ്ഥാപനങ്ങളുടെയടക്കം ഇലക്ട്രിക്കൽ വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നതുകാരണം വലിയ ജോലിഭാരം ഈ വിഭാഗം അനുഭവിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ചുമതലയുടെ പരിധി കുറച്ചുകൊണ്ടു വരാനും പ്രവൃത്തികൾ കാലതാമസം കൂടാതെ ടെണ്ടർ ചെയ്ത് നടപ്പിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ചുമതലയുടെ പരിധി കുറച്ചുകൊണ്ടുവരാനും പ്രവൃത്തികൾ കാലതാമസം കൂടാതെ ടെണ്ടർ ചെയ്ത് നടപ്പിലാക്കാനുമുള്ള നിർദ്ദേശങ്ങളടങ്ങിയ വ്യക്തവും വിശദവുമായ ശിപാർശ ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത വിഭാഗത്തിലേയ്ക്ക് കൂടുതൽ തസ്തികകൾ അനുവദിച്ച് നടപടികൾ വേഗത്തിലാക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

വൈദ്യുത വിഭാഗത്തിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ടും വൈദ്യുത വിഭാഗം ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്തും 16-1-2019-ലെ സ.ഉ.(കൈ) നമ്പർ 4/2019/പൊ.മ.വ. പ്രകാരം 8 തസ്തികകളും 28-6-2019-ലെ സ.ഉ. (കൈ) നമ്പർ 31/2019/പൊ.മ.വ. പ്രകാരം 68 തസ്തികകളും 4-6-2020-ലെ സ.ഉ.(കൈ) നമ്പർ 49/2020/പൊ.മ.വ. പ്രകാരം 43 തസ്തികകളും വൈദ്യുത വിഭാഗത്തിൽ അധികമായി സൃഷ്ടിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പ് തലശ്ശേരി മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ**

16 (1149) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് കിഫ്ബി മുഖാന്തരം തലശ്ശേരി മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ പൂർത്തീകരണത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**തെയ്യം മ്യൂസിയം**

17 (1150) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പുതുതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

മ്യൂസിയം മൃഗശാലാ വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയതായി സ്ഥാപിക്കുന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെയ്യം മ്യൂസിയത്തിന്റെ ടെണ്ടർ നടപടികൾ സർക്കാരിന്റെ മ്യൂസിയം നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം താമസംവിനാ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

18 (1151) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് എന്നീ വിഭാഗങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവയുടെ നിലവിലെ പുരോഗതി ലഭ്യമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി, പീച്ചി-വാഴാനി-ടൂറിസം കോറിഡോർ റോഡ് പദ്ധതി എന്നിവയാണ്. വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിക്ക് 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റിൽ ചെയിനേജ് 1/460-ൽ ഒരു പാലവും ചെയിനേജ് 4/820-ൽ ഒരു റെയിൽവേ മേൽപ്പാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ കിഫ്ബി-ടി.ആർ.സി. മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പീച്ചി-വാഴാനി-ടൂറിസം കോറിഡോർ റോഡ് പദ്ധതിക്ക് (ചെയിനേജ് 0/000 മുതൽ 18/650 വരെ) 20 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതിയും 62 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. പ്രവൃത്തിക്ക് കരാർ നൽകിയെങ്കിലും പ്രസ്തുത റോഡിൽ ചെയിനേജ് 0/000 മുതൽ 7/000 വരെയുള്ള ചെയിനേജുകളിൽ കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി ടെർമിനേറ്റ് ചെയ്തു. ആവശ്യമായ വീതി ലഭ്യമായ 7/000 മുതൽ 18/650 വരെയുള്ള ഭാഗം യൂട്ടിലിറ്റി ഷിഫ്റ്റ് ചെയ്തശേഷം ഒന്നാംഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെട്ട എസ്റ്റിമേറ്റ് ആകുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതാണ്. മേൽപ്രവൃത്തിയുടെ 11/500 മുതൽ 18/650 വരെയുള്ള ഭാഗം വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെടുന്നതാണ്.

## കൊല്ലങ്കോട് കാർഷിക കോളേജിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ മതിപ്പുവില

19 (1152) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് തുടങ്ങുന്ന കാർഷിക കോളേജിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ മതിപ്പുവില നിശ്ചയിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ പൊതുമരാമത്ത് കെട്ടിട വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

ഉണ്ട്. ആയതിന്റെ വാല്യേഷൻ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 26-7-2021-ലെ പിബി/ഡി6/വാല്യേഷൻ/ 567/2021 കത്ത് പ്രകാരം ജില്ലാ കളക്ടർ, പാലക്കാടിന് സമർപ്പിച്ചിട്ടുണ്ട്.

## കുട്ടനാട്ടിലെ പൊതുമരാമത്ത് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

20 (1153) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ണൂറ്റിയഞ്ച് ശതമാനം ജല സാന്നിദ്ധ്യമുള്ള കുട്ടനാട്ടിലെ പൊതുമരാമത്ത് ജോലികൾ ചെയ്യുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ പ്രത്യേക ഭൂപ്രകൃതിയനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുകളാണ്

തയ്യാറാക്കാറുള്ളത്. ടി പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കെട്ടിട വിഭാഗത്തിനുകീഴിൽ ഉയർന്ന കോസ്റ്റ് ഇൻഡക്സായ 'സായി കോസ്റ്റ് ഇൻഡക്സ്' ഉപയോഗിച്ചാണ് നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്.

(ബി) പൊതുമരാമത്ത് ജോലികൾ കുട്ടനാട്ടിൽ സുഗമമായി നടത്താൻ കഴിയാത്തവിധം തണ്ണീർത്തട നിയമവും പാറ, മണ്ണ്, മറ്റനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യതക്കുറവും മുഖേനയുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് സമാന്തരമായി തണ്ണീർത്തട നിയമപ്രകാരമുള്ള അനുമതി,മറ്റ് വകുപ്പുകളിൽനിന്നുള്ള എൻ.ഒ.സി. മുതലായവ ലഭിക്കുന്നതിലേയ്ക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു. പാറ, മണ്ണ്, മറ്റനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യതക്കുറവുള്ളതിനാൽ കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളിൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ ഗവൺമെന്റ് അംഗീകരിച്ച അധിക കോസ്റ്റ് ഇൻഡക്സ് (Sai Punnamada) പ്രകാരമുള്ള അടങ്കൽ തുകയാണ് വകയിരുത്തുന്നത്.

**വെഞ്ഞാറമൂട് റിംഗ് റോഡ് പദ്ധതി**

21 (1154) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന വെഞ്ഞാറമൂട് റിംഗ് റോഡ് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് അറിയിക്കാമോ;

(ബി) ഇതിനാവശ്യമായ തുക പി.ഡബ്ല്യു.ഡി. നിക്ഷേപിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താണ് കാലതാമസമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ നൽകാമോ?

(എ-ഡി) വെഞ്ഞാറമൂട് റിംഗ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിയുടെ 11(1) വിജ്ഞാപനം നടത്തി സ്ഥലമേറ്റെടുക്കുന്നതിനായി 4.70 കോടി രൂപ 29-9-2021-ന് കിഫ്ബിയിൽനിന്നും പ്രവൃത്തിയുടെ എസ്.പി.വി.-യായ കെ.ആർ.എഫ്.ബി.-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക കെ.ആർ.എഫ്.ബി.-യിൽനിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ. (എൻ.എച്ച്.) തിരുവനന്തപുരത്തിന് കൈമാറി നൽകുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മഞ്ചേരി ഒലിപ്പുഴ റോഡ് വീതി കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ**

22 (1155) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെട്ട എൺപത്തിരണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി-ഒലിപ്പുഴ റോഡ് വീതികൂട്ടുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന് കാരണമെന്താണെന്ന് അറിയിക്കാമോ?

(എ&ബി) മഞ്ചേരി മുതൽ ഒലിപ്പുഴ വരെ (ചെയിനേജ് 0/000 മുതൽ 16/250 വരെ) റോഡ് വീതികൂട്ടി ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്ന കിഫ്ബി പ്രവൃത്തിക്ക് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള 17.20 കോടി രൂപയും ഉൾപ്പെടുന്നു. 17-6-2019-നുകൂടിയ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്ന വിഷയം പരിഗണിച്ചിരുന്നെങ്കിലും ലാൻഡ് അക്വിസിഷനുള്ളതിനാൽ സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പു വരുത്തിയതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിഗണിക്കുന്നതിന് തീരുമാനിച്ചു. കിഫ്ബി മാനദണ്ഡപ്രകാരമുള്ള RoW (13.6 മീറ്റർ) 11 ഭാഗങ്ങളിൽ ലഭ്യമല്ലാത്തതിനാൽ അവിടെ ലാൻഡ് അക്വിസിഷൻ മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനായി, 19-1-2021-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം 0.637 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകിയാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ടോൾ ബൂത്തുകൾ**

23 (1156) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ ടോൾ ബൂത്തുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവ എവിടെയെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ടോൾ പിരിവുകൾ അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന ടോൾ ബൂത്തുകളുടെയും ഡയറക്ട് ടോൾ കൺസഷൻ എഗ്രിമെന്റ് പ്രകാരം അവയുടെ കാലാവധി അവസാനിക്കുന്നതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പൊതുമരാമത്ത് റോഡുകളിലെ കാഴ്ചമറയ്ക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടി**

24 (1157) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ കാഴ്ചമറയ്ക്കുന്നതും അപകടകരമായി നിൽക്കുന്നതുമായ മരങ്ങൾ നീക്കം ചെയ്യുന്നതിനായി അപേക്ഷ നൽകുന്നതിന് മാത്രമുള്ള പൊതുമരാമത്ത് വകുപ്പിന്റെ പരിമിതി മറികടക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് റോഡുകളിൽ കാഴ്ചമറയ്ക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മൺസൂൺ കാലത്തിന് മുന്നോടിയായി വെട്ടിമാറ്റുന്നതിനുള്ള നടപടികളും റോഡിന്റെ വശങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും യഥാസമയംതന്നെ നടപടി സ്വീകരിച്ചുവരുന്നു. അപകടകരമായി നിൽക്കുന്ന മരങ്ങൾ നിയമപ്രകാരം പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥർക്ക് അടിയന്തരമായി മുറിച്ചുമാറ്റാവുന്നതാണ്. എന്നാൽ റോഡ് വികസനത്തിനായി മരം മുറിക്കുന്നത് വനം വകുപ്പിൽനിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ സാധിക്കുകയുള്ളൂ.

(ബി) പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന മരങ്ങൾമൂലമുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ബാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഇതിന് അനുമതി നൽകുന്ന സമിതിയിൽ പൊതുമരാമത്ത് വകുപ്പിന് പ്രാതിനിധ്യമില്ലാതിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) റോഡുകളുടെ സൈറ്റ് ഡിസ്റ്റൻസ്, സെറ്റ്ബാക്ക് ഡിസ്റ്റൻസ് എന്നീ സാങ്കേതിക വശങ്ങൾ പരിശോധിച്ച് മരങ്ങളുടെ അപകടസാധ്യത പരിശോധിക്കുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള പൊതുമരാമത്ത്, നാറ്റ്പാക് പ്രതിനിധികളെക്കൂടി ട്രീ കമ്മിറ്റികളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പ്രകൃതിക്ഷോഭങ്ങൾ, ചുഴലി കൊടുങ്കാറ്റുകൾ എന്നിവമൂലം പൊതുമരാമത്ത് അധീനതയിലുള്ള റോഡ് ഭാഗങ്ങളിലെ മരങ്ങൾ വീണുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ബാധ്യതയില്ല. എന്നാൽ അപകടാവസ്ഥയിലുള്ള മരങ്ങൾ കൃത്യസമയത്ത് മുറിച്ചുമാറ്റാത്തതുമൂലമുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ പൊതുമരാമത്ത് വകുപ്പിന് ബാധ്യതയുണ്ട്. മരം മുറിക്കുന്നതിന് അനുമതി നൽകുന്ന, ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചിട്ടുള്ള ട്രീ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിന് പ്രാതിനിധ്യമില്ല. പ്രസ്തുത ട്രീ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കേണ്ട പ്രാദേശിക റോഡുകൾ**

25 (1158) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതീവ പ്രാധാന്യമുള്ള പ്രാദേശിക റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) <u>കൂത്തുപറമ്പ്</u> മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ ചെറ്റക്കണ്ടി– വിളക്കോട്ടൂർ - സെൻട്രൽ പൊയിലൂർ - ചമതക്കാട് – വടക്കെപൊയിലൂർ വഴിയുള്ള പതിനൊന്ന് കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് നവീകരണം നടത്തണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയും പുരോഗതിയും വിശദീകരിക്കാമോ?

(എ&ബി) തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിലവിൽ ഏറ്റെടുക്കുന്നില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## നാദാപുരം മണ്ഡലത്തിലെ മൂന്നാംകൈ-കരിങ്ങാട് റോഡ് നിർമ്മാണം

26 (1159) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട മൂന്നാംകൈ-കരിങ്ങാട് റോഡ് കിഫ്ബി മുഖേന വർക്ക് നടപ്പിലാക്കാൻ പറ്റാത്തതിനാൽ പി.എം.ജി.എസ്.വൈ.-ലുൾപ്പെടുത്തി റോഡ് പണി നടത്താമെന്ന് കിഫ്ബി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) മൂന്നാംകൈ-കരിങ്ങാട് റോഡ് പ്രവൃത്തിയുടെ പി.എം.ജി.എസ്.വൈ. മാനദണ്ഡപ്രകാരമുള്ള എസ്റ്റിമേറ്റ് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിൽനിന്ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 3.80m വീതിയിൽ നിലവിലുള്ള ക്യാരേജ്വേയിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡ് നിർമ്മിക്കുന്നതിനായി 28.936 കോടി രൂപയ്ക്ക് DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റാണ് കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത്.

## കഴക്കൂട്ടം ബൈപ്പാസ് ടോൾ പിരിവ്

27 (1160) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടം-കാരോട് ബൈപ്പാസ് റോഡിൽ ബൈപ്പാസ് പണി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ടോൾ പിരിവ് ആരംഭിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ പ്രദേശവാസികളിൽനിന്നും വലിയ പ്രതിഷേധം ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ ടോൾ പിരിവ് നടപടിയിൽനിന്ന് പിന്മാറണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമോ; വ്യക്തമാക്കുമോ?

കഴക്കൂട്ടം-കാരോട് ബൈപ്പാസ് റോഡിൽ പണി പൂർത്തീകരിച്ച 24.998 കിലോമീറ്ററായ കഴക്കൂട്ടം - മുക്കോല ബൈപ്പാസിൽ, കോൺട്രാക്ട് എഗ്രിമെന്റിലുൾപ്പെടുത്തിയിട്ടുള്ള പ്രൊവിഷനുകൾ പ്രകാരമാണ് നിലവിൽ ടോൾ പിരിവ് നടന്നുവരുന്നത്. മുക്കോല മുതൽ കേരള തമിഴ്നാട് അതിർത്തിയായ കാരോട് വരെയുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്. ആയതിനാൽ 16.202 വരെയുള്ള കിലോമീറ്ററിൽ ഇതുവരെയും ടോൾ പിരിവ് ആരംഭിച്ചിട്ടില്ല.

### അരയിടത്തുപാലം-കാരന്തൂർ റോഡ് വികസനം

28 (1161) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അരയിടത്തുപാലം മുതൽ കാരന്തൂർ വരെയുള്ള റോഡ് വികസനം സംബന്ധിച്ച റിപ്പോർട്ട് കിഫ്ബി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത റോഡ് വികസനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) 'അരയിടത്തുപാലം - കാരന്തൂർ റോഡ് എന്ന പ്രവൃത്തിക്ക് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 843 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. (സ്ട്രെച്ച് I - അരയിടത്തുപാലം മുതൽ മെഡിക്കൽ കോളേജ് വരെ - 580 കോടി, സ്ട്രെച്ച് II - മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ ജംഗ്ഷൻ വരെ - 263 കോടി). ഇതിൽ മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള റോഡിന് (സ്ട്രെച്ച് II) സ്ഥലം ഏറ്റെടുക്കുന്നതിനായി 205 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. റോഡ് പ്രവൃത്തിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലഭിച്ചത് മറുപടിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭിച്ചയുടൻ കിഫ്ബിയിൽ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

### എം. സി. റോഡിന്റെ നവീകരണം

29 (1162) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. റോഡിന്റെ നവീകരണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

24.164 കിലോമീറ്റർ നീളമുള്ള ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനെ വാഹന ഗതാഗതത്തിനായി 10 മീറ്റർ വീതിയുള്ള രണ്ട് വരി പാതയും റോഡിന് ഇരുവശത്തും നടപ്പാതയുമുണ്ടാകുന്ന തരത്തിൽ ലാൻഡ് അക്വിസിഷൻ ഇല്ലാതെയുള്ള പുനരുദ്ധാരണമാണ് ഡി.പി.ആർ. പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. എ.സി. റോഡിലെ ഫുട്പാത്ത് ഇല്ലാത്തതും വീതി കുറഞ്ഞതുമായ വലിയ പാലങ്ങളായ കിടങ്ങറ, നെടുമുടി, പള്ളാത്തുരത്തി പാലങ്ങളെ, നവീകരിക്കുന്ന റോഡിന്റെ ഘടനയ്ക്കനുസൃതമായി ഒരുവശത്തേയ്ക്ക് വീതികൂട്ടി പുതിയ പാലമായി നിർമ്മിക്കുന്നതാണ്. കൂടാതെ എ.സി. കനാലിന്റെ നീരൊഴുക്ക് തടസ്സമാകുന്ന രീതിയിൽ നിലവിലുള്ള മുട്ടാർ ബോക്സ് കൾവർട്ടിനെ പൊളിച്ച് പകരം കനാലിനുകുറുകെ പുതിയ പാലത്തിന്റെ നിർമ്മാണവും പദ്ധതിയിലുൾപ്പെടുന്നുണ്ട്. എ.സി. റോഡിലെ നിലവിലുള്ള 13 ചെറുപാലങ്ങളുടെ പുനർനിർമ്മാണവും വടക്കുഭാഗത്ത് സർവ്വീസ് റോഡ് വരുന്നവിധം 5 ഫ്ളൈഓവറുകളുടെ നിർമ്മാണവും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തെ അടിസ്ഥാനമാക്കിയുള്ള ലവലിൽ റോഡ് ഉയർത്തിയുള്ള നിർമ്മാണമാണ് നടക്കുന്നത്. റോഡിൽ കുറച്ച് ദൂരത്തിൽമാത്രം വെള്ളപ്പൊക്കമുണ്ടായ ഭാഗങ്ങളിൽ റോഡിനുകുറുകെയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനായി 9 ഇടങ്ങളിൽ കോസ്‌വേകൾ നൽകിയിട്ടുണ്ട്. കൂടാതെ റോഡിൽ നിലവിലെ ചെറുകലുങ്കുകൾക്ക് പകരമായി 3x2 അളവിൽ 67 പുതിയ കലുങ്കുകളുടെ നിർമ്മാണവും ഉൾപ്പെടുന്നു. വശങ്ങളിലെ നടപ്പാതകളുടെ അടിയിൽ ഓടയും ഒരു വശത്ത് യൂട്ടിലിറ്റി ഡക്ടും നൽകിയിട്ടുണ്ട്. റോഡിന്റെ സുരക്ഷയ്ക്കുവേണ്ടി കനാലിന്റെയും പാടശേഖരത്തിന്റെയും വശങ്ങളിൽ മുഴുവൻ ക്രാഷ് ബാരിയറും മറ്റെല്ലാ റോഡ് സുരക്ഷാ സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എ.സി. റോഡിന്റെ നവീകരണത്തിന്റെ ഭാഗമായി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഇരുപത്തിയൊന്ന് ബൈ റോഡുകൾ അടിയന്തരമായി നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽവരുന്ന റോഡുകളുടെ നവീകരണത്തിന്റെ എസ്റ്റിമേറ്റ് റോഡ്സ് വിഭാഗം തയ്യാറാക്കിവരുന്നു. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ടി റോഡുകളുടെ നവീകരണം അടിയന്തരമായി പൂർത്തിയാക്കുന്നതാണ്. ബാക്കിയുള്ള ഡൈവേർഷൻ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എ.സി. റോഡിന്റെ നവീകരണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന ഗതാഗത നിയന്ത്രണം കുട്ടനാട്ടിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എ.സി. റോഡ് നവീകരണത്തിന്റെ ഭാഗമായി 13 ചെറുപാലങ്ങളുടെ നിർമ്മാണഘട്ടങ്ങളിലാണ് ഗതാഗത നിയന്ത്രണം കൂടുതലായി വരുന്നത്. ഇത് കണക്കിലെടുത്ത് ഒരു സമയം രണ്ട് ചെറുപാലങ്ങളുടെ നിർമ്മാണമാണ് ഉദ്ദേശിച്ചിട്ടുള്ളത്. രണ്ട് പാലങ്ങൾ ഒരേ സമയം 90 ദിവസത്തിനകംതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പൊളിക്കുന്ന പാലങ്ങളുടെ സമാന്തരമായി ഡൈവേർഷൻ റോഡ് താല്ക്കാലികമായുണ്ടാക്കുകയും ആയതിലൂടെ ആംബുലൻസ് ഉൾപ്പെടെയുള്ള തദ്ദേശീയരുടെ ചെറുവാഹനങ്ങൾ കടത്തിവിടുന്നതുമാണ്. നിലവിൽ രണ്ട് പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവ ഒക്ടോബർ 30-നുമുമ്പായിത്തന്നെ തുറന്ന് ടി ഭാഗത്ത് ഗതാഗത യോഗ്യമാക്കുന്നതാണ്. ആയതിനുശേഷം മാത്രമേ മറ്റ് പാലങ്ങൾ പൊളിക്കുകയുള്ളൂ.

**പെരുവണ്ണാമൂഴി മുതുകാട്-കക്കയം വഴി റോഡ് നിർമ്മാണം**

30 (1163) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുവണ്ണാമൂഴി-കക്കയം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പെരുവണ്ണാമൂഴി മുതുകാട് - കക്കയം വഴി റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

പെരുവണ്ണാമൂഴിയിൽനിന്നും മുതുകാട് പോകുന്നതിന് ആദ്യ 150 മീറ്ററോളം റോഡ് ജലസേചന വകുപ്പിന്റെ കീഴിലും ബാക്കി വരുന്നതിൽ ഏറിയ ഭാഗവും (പേരാമ്പ്ര എസ്റ്റേറ്റ് റോഡ്) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുമാണ്. കുറച്ചുഭാഗം വനം വകുപ്പിന്റെ അധീനതയിലും കുറച്ചുഭാഗം കുറ്റ്യാടി ഇറിഗേഷൻ റിസർവ്വോയർ ഉൾപ്പെടുന്നതുമാണ്. നിലവിലുള്ള റോഡ് പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്നതല്ല.

**വയ്യാറ്റുപുഴ - പുതുക്കട റോഡിന്റെ നിർമ്മാണം**

31 (1164) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. മുഖേന നടപ്പാക്കുന്ന വയ്യാറ്റ പുഴ-പുതുക്കട റോഡിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

വയ്യാറ്റ പുഴ-പുതുക്കട റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ ജർമ്മൻ ബാങ്കിന്റെ (KfW) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ജർമ്മൻ ബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത റോഡിന്റെ ഫണ്ടിംഗ് ഏജൻസി, ഡി.പി.ആർ. കൺസൾട്ടൻസി എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ ഫണ്ടിംഗ് ഏജൻസി ജർമ്മൻ ബാങ്കും (KfW), ഡി.പി.ആർ. കൺസൾട്ടൻസി M/s. Egis India Consulting Engineers Private Limited-ഉം ആണ്.

(സി) പദ്ധതിക്ക് കാലതാമസം നേരിടുന്ന രീതിയിൽ കൺസൾട്ടൻസിയുടെ ഭാഗത്തുനിന്ന് അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇല്ല. പ്രസ്തുത റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ 2021 ജനവരി മാസത്തിൽ കൺസൾട്ടൻസി തയ്യാറാക്കിയിരുന്നു. എന്നാൽ പ്രവൃത്തിയിലുൾപ്പെട്ട ഒരു പാലത്തിന്റെ നിർമ്മാണവും ഭൂമി ഏറ്റെടുക്കലും ഒഴിവാക്കുവാൻ തീരുമാനിച്ചതിനെതുടർന്ന് പദ്ധതി രൂപരേഖ പുനഃപരിശോധിക്കേണ്ടതായിവന്നു. ആയതിനാലാണ് പദ്ധതിക്ക് കാലതാമസം നേരിട്ടത്.

(ഡി) പ്രവൃത്തിയുടെ പ്രോജക്ട് സൈക്കിളിന്റെ കലണ്ടർ പ്രകാരം എപ്പോൾ പദ്ധതി ആരംഭിച്ച് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി നൽകി, പദ്ധതി രൂപരേഖയ്ക്ക് ജർമ്മൻ ബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**ദേശീയപാതകളുടെ റോഡ് വികസനം**

32 (1165) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളുടെയടക്കം റോഡ് വികസനം നടക്കുമ്പോൾ, റോഡ് ഫില്ലിംഗിനായി മണ്ണ് ആവശ്യമായി വരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതിവർഷം ഇത്തരത്തിൽ റോഡ് വികസനത്തിനായി ഏകദേശം എത്ര മണ്ണാണ് വേണ്ടിവരുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുണ്ടോ?

ഇത്തരത്തിൽ റോഡ് വികസനത്തിനായി എത്ര മണ്ണ് വേണ്ടിവരുമെന്നുള്ളത് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ആവശ്യകത പ്രകാരമാണ് മണ്ണിന്റെ അളവ് നിർണ്ണയിക്കുന്നത്.

(സി) നിലവിൽ നടക്കുന്ന റോഡ് നിർമ്മാണ പദ്ധതികളിൽ റോഡ് ഫില്ലിംഗിനായി മണ്ണെടുക്കാൻ സർക്കാർ അനുവാദം നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ റോഡ് നിർമ്മാണത്തിന് ഫില്ലിംഗ് ആവശ്യമുള്ള ഘട്ടങ്ങളിൽ എങ്ങനെയാണ് മണ്ണെത്തിക്കുന്നത്; വ്യക്തമാക്കാമോ?

നിലവിൽ നടക്കുന്ന റോഡ് നിർമ്മാണ പദ്ധതികളുടെ റോഡ് ഫില്ലിംഗിനായി മണ്ണെടുക്കാൻ സർക്കാർ അനുവാദം നൽകാറുണ്ട്. സാധാരണഗതിയിൽ റോഡ് നവീകരണ പ്രവൃത്തികളിൽ കയറ്റിറക്കങ്ങൾ ഏകദേശം നിരപ്പാക്കി ചെയ്യുന്നതിനാൽ പ്രവൃത്തിയിൽനിന്നും ലഭ്യമാകുന്ന മണ്ണ് പുനരുപയോഗിക്കുന്നതിനാൽ അധിക അളവിൽ മണ്ണിന്റെ ആവശ്യം വരാറില്ല.

(ഡി) റോഡ് ഫില്ലിംഗിന് വേണ്ടിവരുന്ന മണ്ണ് കണക്കാക്കുകയും അത്രയും മണ്ണെടുക്കുന്നതിന് റോയൽറ്റി ഈടാക്കി അനുവാദം നൽകുകയും ചെയ്താൽ റവന്യൂ, പോലീസ്, മൈനിംഗ് ആൻഡ് ജിയോളജി തുടങ്ങിയ വകുപ്പുകളും കരാറുകാരും തമ്മിലുണ്ടാകാറുള്ള പ്രശ്നങ്ങൾ ഒഴിവാകുകയും നിർമ്മാണ നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കാനും കഴിയുകയില്ലേയെന്ന് അറിയിക്കാമോ?

റോഡ് ഫില്ലിംഗിന് വേണ്ടിവരുന്ന മണ്ണ് കണക്കാക്കുകയും അത്രയും മണ്ണെടുക്കുന്നതിന് റോയൽറ്റി ഈടാക്കി അനുവാദം നൽകുകയും ചെയ്താൽ റവന്യൂ, പോലീസ്, മൈനിംഗ് ആൻഡ് ജിയോളജി തുടങ്ങിയ വകുപ്പുകളും കരാറുകാരും തമ്മിലുണ്ടാകാറുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും നിർമ്മാണ നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും കഴിയുന്നതാണ്.

(ഇ) ഇത്തരത്തിൽ പ്രൊവിഷൻ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി ഈ വിഷയം പരിശോധിക്കാവുന്നതാണ്.

**ഗുരുവായൂർ മണ്ഡലത്തിലെ റോഡുകളുടെ വീതി കൂട്ടുന്നത്**

33 (1166) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിന് നിലവിൽ പ്രൊപ്പോസലുണ്ടോ; വ്യക്തമാക്കാമോ?

ബഡ്ജറ്റ് വർക്ക് 2021-22 ഇംപ്രൂവ്മെന്റ് ടു ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡ് കി.മി. 15/160 മുതൽ 19/180 എന്ന പ്രവൃത്തിയിൽ വീതി കുറഞ്ഞ ഭാഗങ്ങളിൽ വീതി കൂട്ടുന്നതിനും റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ചാവക്കാട്- വടക്കാഞ്ചേരി റോഡ് 0/000 മുതൽ 5/785 വരെ വീതികൂട്ടുന്ന പ്രവൃത്തി, ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ് വീതികൂട്ടുന്ന പ്രവൃത്തി (മഞ്ജുളാൽ മുതൽ മമ്മിയൂർ ജംഗ്ഷൻ വരെ) എന്നിവയ്ക്ക് 2021-22-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ചാവക്കാട്-കുന്നംകുളം റോഡ് വീതികൂട്ടുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

## കുറ്റ്യാടി-പെരിങ്ങത്തൂർ റോഡ്

34 (1167) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി പാക്കേജ് പ്രകാരം കുറ്റ്യാടി-പെരിങ്ങത്തൂർ റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി പാക്കേജ് പ്രകാരം കുറ്റ്യാടി - പെരിങ്ങത്തൂർ റോഡിനുവേണ്ടി ഡ്രാഫ്റ്റ് അലൈൻമെന്റും ഡ്രാഫ്റ്റ് ഡി.പി.ആർ.-ഉം തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിലെ സംസ്ഥാന പാതയുമായി ബന്ധിപ്പിച്ചിട്ടാണോ പുതിയ അലൈൻമെന്റ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

അതെ.

(സി) എങ്കിൽ നിലവിലെ സംസ്ഥാനപാത വീതികൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

## മാതിരപ്പിള്ളി-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ് നിർമ്മാണം

35 (1168) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മൂന്നാർ ദേശീയപാത NH85-ൽ മാതിരപ്പിള്ളി മുതൽ കോഴിപ്പിള്ളി വരെ വരുന്ന മാതിരപ്പിള്ളി - കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ബൈപാസുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ് ഉൾപ്പെടുത്തി NH 85-ൽ മറ്റക്കുഴി മുതൽ മൂന്നാർ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s Shrikhanade JV with M/s CV Kand Consultants Private Limited എന്ന കൺസൾട്ടന്റ്സ് മുഖേന പഠനം പുരോഗമിക്കവേ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-9-2017-ലെ കത്ത് നം. RW/NH-12037/03/ 2017-KL/P-7 പ്രകാരം ഡി.പി.ആർ. പഠനം നിർത്തിവയ്ക്കാനും Bharatmala Pariyojana-യിലുൾപ്പെട്ട NH 85 NHAI-യ്ക്ക് കൈമാറാനുമുള്ള നിർദ്ദേശം ലഭിച്ചു. ആയതിൻപ്രകാരം ബന്ധപ്പെട്ട രേഖകൾ NHAI-യ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ SO 1507(E) പ്രകാരം NHAI-യ്ക്ക് കൈമാറാൻ നിർദ്ദേശം ലഭിച്ച ദേശീയപാതകളുടെ പട്ടികയിൽ NH 85-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ബൈപാസ് സ്റ്റാന്റ് എലോൺ പ്രോജക്ടായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ ഡി2/236/ 20/പി.ഡബ്ല്യൂ.ഡി. കമ്പ്യൂട്ടർ നം. 1619868 എന്ന ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബൈപാസ് നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്ടായി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) മൂവാറ്റുപുഴ, കോതമംഗലം ബൈപാസുകൾ ദേശീയപാത അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിന് ഭൂമി ഏറ്റെടുക്കാനാവശ്യമായ ചെലവിന്റെ 50% സംസ്ഥാനം വഹിക്കണമെന്ന ദേശീയപാത അതോറിറ്റിയുടെ ആവശ്യമടങ്ങിയ ഡി3/236/20/ പി.ഡബ്ല്യൂ.ഡി. കമ്പ്യൂട്ടർ നം. 1619868 ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**തിരുവാങ്കുളം ബൈപാസ് റോഡ് നിർമ്മാണം**

36 (1169) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ തിരുവാങ്കുളം ബൈപാസ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഫയൽ നമ്പർ സഹിതം അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് 10-7-2017-ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ. ഉത്തരവ് പ്രകാരം 75 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നതും 12-2-2021-ലെ സ.ഉ.(സാധാ)നം. 188/2021/ പൊ.മ.വ. ഉത്തരവ് പ്രകാരം പ്രസ്തുത ഭരണാനുമതിയുടെ കാലയളവ് പുതുക്കിയിട്ടുള്ളതുമാണ്. പദ്ധതിയുടെ KRFB-യിലെ ഫയൽ നമ്പർ 189/PWD015-00/182R/EKM/2018 ആണ്. പദ്ധതിയുടെ പുതുക്കിയ അലൈൻമെന്റ് പ്രൊപ്പോസൽ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അന്തിമ രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ?

സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കായി നിലവിൽ എന്തെല്ലാം പ്രതിസന്ധികളാണ് പരിഹരിക്കേണ്ടത്; വിശദമാക്കാമോ?

പ്രസ്തുത റോഡിന്റെ അലൈൻമെന്റ് ചതുപ്പ് നിലത്തിലൂടെ ആയതിനാലും എൽ.പി.ജി. പൈപ്പ് ലൈൻ സപ്പോർട്ട് ചെയ്യേണ്ടതിനാലും സാധാരണരീതിയിലുള്ള നിർമ്മാണപ്രക്രിയ നിലവിലുള്ള അലൈൻമെന്റിൽ പ്രാവർത്തികമല്ലെന്ന് പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റീ അലൈൻമെന്റിന്റെ ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തി എക്സ്പെർട്ട് ജിയോ ടെക്നിക്കൽ കൺസൾട്ടന്റിന്റെ ശിപാർശ സഹിതം സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ച് റീ-അലൈൻമെന്റ് പ്രൊപ്പോസൽ ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകി ഡി.പി.ആർ. ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നാദാപുരം മണ്ഡലത്തിലെ പാറക്കടവ്-പുളിയാവ് റോഡ് നിർമ്മാണം

37 (1170) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പാറക്കടവ്-പുളിയാവ് റോഡിന് സർക്കാർ ഭരണാനുമതി നൽകിയ 3.10 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

(എ&ബി) നാദാപുരം മണ്ഡലത്തിലെ 'Improvements & Providing BM&BC to Parakkadavu-Puliavu-Jathiyeri road in between km. 0/000 to 3/000' എന്ന പ്രവൃത്തിയുടെ പേര് 'Improvements & Providing BM&BC to Parakkadavu-Puliavu-Jathiyeri road in between km. 0/000 to 2/250' വരെ എന്നാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്ന് ലഭിച്ചിരുന്നു. അത് പരിശോധിച്ച് സർക്കാർ തലത്തിൽ നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ചും DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയും സമർപ്പിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ചീഫ് എഞ്ചിനീയറിൽനിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ആലുവ-മൂന്നാർ റോഡിന്റെ വികസന പദ്ധതികൾ**

38 (1171) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേ ആയിട്ടുള്ള ആലുവ-മൂന്നാർ റോഡിൽ (ആലുവ മുതൽ കോതമംഗലം വരെ) എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ആലുവ-മൂന്നാർ റോഡ് വികസിപ്പിച്ച് നിലവിലെ രണ്ടുവരിപ്പാത നാലുവരിപ്പാതയാക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) പ്രസ്തുത റോഡ് വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

31-8-2021-ന് കിഫ്ബി അഡീഷണൽ സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലെ നിർദ്ദേശപ്രകാരം കിഫ്ബി മാനദണ്ഡമനുസരിച്ച് പ്രീകാസ്റ്റ് ഡ്രയിനും പേവ്മെന്റ് ഷോൾഡറുമടക്കം രണ്ടുവരി പാതയ്ക്കുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനും നാലുവരിപ്പാതയ്ക്കുള്ള സ്ഥലമേറ്റെടുപ്പിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

35.26 കിലോമീറ്റർ നീളത്തിൽ 12 മീറ്റർ RoW-യിലുള്ള റോഡിന്റെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ നടത്തി 135 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡി.പി.ആർ. റിവൈസ് ചെയ്ത് നാലുവരിപ്പാതയാക്കുവാനായി 31-8-2021-ൽ നടന്ന കിഫ്ബി യോഗത്തിൽ തീരുമാനിച്ചു. നാലുവരിപ്പാതയ്ക്കുള്ള അലൈൻമെന്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

(ഡി) പ്രസ്തുത റോഡിന്റെ പലഭാഗങ്ങളും നിലവിൽ തകർന്ന് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയും അപകടങ്ങൾ സംഭവിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽസാഹചര്യത്തിൽ റോഡ് നവീകരിച്ച് സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ താൽക്കാലികമായി പ്രീ മൺസൂൺ പണികളിലും മറ്റും ഉൾപ്പെടുത്തി അപകടകരമായ കുഴികൾ അടയ്ക്കുന്നുണ്ട്. പ്രസ്തുത റോഡ് താൽക്കാലികമായി ഉപരിതലം നവീകരിക്കുന്നതിനായി 22.41 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ റോഡ് നാലുവരിയാക്കുന്നതിലേയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷം മാത്രമേ റോഡ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് നൽകാനാവൂ എന്നാണ് കിഫ്ബിയിൽനിന്നും അറിയിച്ചിരിക്കുന്നത്.

**നെയ്യാറ്റിൻകര-കാട്ടാക്കട റോഡിന്റെ പ്രവൃത്തി**

39 (1172) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നെയ്യാറ്റിൻകര-കാട്ടാക്കട റോഡിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി പൂർത്തീകരിക്കേണ്ട പ്രവൃർത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) നിലവിൽ ബി.എം. & ബി.സി. വർക്ക് പൂർത്തീകരിച്ചു. റോഡ് സേഫ്റ്റി വർക്ക്, ഇന്റർലോക്ക് വർക്ക്, ബേം കോൺക്രീറ്റ് എന്നീ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. മൂന്ന് മാസത്തിനകം ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കിഫ്ബി ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന റോഡ് വികസന പദ്ധതികൾ

40 (1173) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന റോഡ് വികസന പദ്ധതികളുടെ ഫീൽഡ് നടത്തിപ്പ് ചുമതല പ്രസ്തുത വകുപ്പിൽനിന്നും കേരള റോഡ് ഫണ്ട് ബോർഡിനെ നേരിട്ട് ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഇതിനുള്ള ഉത്തരവ് പുറത്തിറക്കിയത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; ഏത് സാഹചര്യത്തിലാണ് ഇത്തരമൊരു നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. ഉന്നതതല യോഗങ്ങളിലെ നിർദ്ദേശ പ്രകാരമാണ് കിഫ്ബി റോഡ് - ബ്രിഡ്ജ് പ്രവൃത്തികളുടെ ഫീൽഡ് നടത്തിപ്പ് ചുമതല കെ.ആർ.എഫ്.ബി.-പി.എം.യു. വിഭാഗത്തെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചത്.

(ബി) കിഫ്ബി പദ്ധതികളുടെ കരാർ ഉറപ്പിച്ചശേഷം പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളിലുൾപ്പെടെയുണ്ടാകുന്ന മാറ്റങ്ങൾമൂലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതും എസ്റ്റിമേറ്റുകളിൽ പുനഃപരിശോധന വേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കരാർ ഉറപ്പിച്ച് പ്രവൃത്തി തുടങ്ങിയ പദ്ധതികളിൽ നിർമ്മാണ പ്രവൃത്തികൾക്കിടയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം എസ്റ്റിമേറ്റിൽ സാങ്കേതിക മാറ്റങ്ങൾ വരുത്തേണ്ടതായി വന്നിട്ടുണ്ട്.

(സി) റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകളും ഇലക്ട്രിക് ലൈനുകളും പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനും മരങ്ങൾ മുറിക്കുന്നതിനുമുള്ള എസ്റ്റിമേറ്റുകൾ ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. തുടങ്ങിയ വകുപ്പുകളിൽനിന്നും വൈകുന്നതും ഇവയ്ക്കുള്ള ഫണ്ടനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതും നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. എന്നീ യൂട്ടിലിറ്റി വിഭാഗങ്ങളിൽനിന്നുള്ള എസ്റ്റിമേറ്റുകൾ കിഫ്ബിയിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കിയതിനുശേഷം കെ.ആർ.എഫ്.ബി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൈമാറുന്നു. തുടർന്ന് പ്രസ്തുത തുക യൂട്ടിലിറ്റി വിഭാഗങ്ങൾക്ക് നൽകി ടി വിഭാഗങ്ങൾ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നു.

(ഡി) പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി., കിഫ്ബി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കിടയിൽ നിലനിൽക്കുന്ന അധികാര പരിധിയെക്കുറിച്ചുള്ള സംശയം റിവേഴ്സ് എസ്റ്റിമേറ്റുകളും ബില്ലുകളും പാസ്സാക്കുന്നതിനും പദ്ധതി പൂർത്തീകരണത്തിനും തടസ്സമാകുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യങ്ങൾ പരിഗണിച്ച് കിഫ്ബി പദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതും പദ്ധതി നടപ്പാക്കുന്നതുമെല്ലാം ഒറ്റ ഏജൻസിക്ക് നൽകാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികൾക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതും പദ്ധതി നടപ്പാക്കുന്നതുമെല്ലാം ഒറ്റ ഏജൻസിക്ക് നൽകുന്ന കാര്യം ഈ വകുപ്പിന്റെ പരിഗണനയിലില്ല.

**തിരുവനന്തപുരം നഗരത്തിലെ റോഡുകൾ**

41 (1174) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് വികസന പ്രോജക്ടിന്റെ പുരോഗതി വിശദമാക്കാമോ?

പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് വികസനം എന്ന പ്രവൃത്തിക്ക് 133.60 കോടി രൂപയുടെ സാമ്പത്തികാനുമതി (101.18 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും 32.42 കോടി രൂപ റോഡ് നിർമ്മാണ പ്രവൃത്തിക്കുമായി) നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് കടകംപള്ളി വില്ലേജിലെ 1.88 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പുനരധിവാസ പുന:സ്ഥാപന പാക്കേജ് ഉൾപ്പെടെ ആവശ്യമായ 100.68 കോടി രൂപ 21-1-2021-ന് കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 19(1) വിജ്ഞാപനം 17-6-2021-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം റോഡ് നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പ് റോഡുകൾ മാതൃകാ റോഡ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഏതെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോയെന്ന് വിശദമാക്കാമോ?

കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്മാർട്ട് സിറ്റി റോഡ് പദ്ധതി ഇത്തരത്തിലുള്ള ഒരു മാതൃകാ പദ്ധതിയാണ്. 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിന്റെ പദ്ധതി രൂപരേഖ പൊതുമരാമത്ത് ഡിസൈൻ വിഭാഗം വഴി തയ്യാറാക്കിവരുകയാണ്.

(സി) തിരുവനന്തപുരം നഗര പരിധിയിൽ നഗരസഭയുടെ അധീനതയിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമോയെന്ന് അറിയിക്കാമോ; അപ്രകാരം ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിലവിൽ ഏറ്റെടുക്കുന്നില്ല.

(ഡി) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തന പരിധി വിശദമാക്കാമോ?

പി.പി.പി. മാതൃകയിലാണ് നഗര റോഡുകളുടെ പുനർനിർമ്മാണവും അവയുടെ പരിപാലനവും കേരള റോഡ് ഫണ്ട് ബോർഡ് സ്വന്തം ഫണ്ട് വിനിയോഗിച്ച് നടത്തിവരുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശ പ്രകാരം ഫണ്ട് നൽകി വരുന്നുണ്ട്. കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ നടത്തിവരുന്ന റോഡ്, പാലം നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി.-യായും പ്രവർത്തിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം നഗരത്തിലെ പ്രധാന നഗരസഭ റോഡുകൾ പൊതുമരാമത്ത് വകുപ്പോ കെ.ആർ.എഫ്.ബി.-യോ ഏറ്റെടുക്കുന്നതിന് ആലോചനയുണ്ടോ എന്ന് വിശദമാക്കാമോ?

നഗരസഭ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പോ കെ.ആർ.എഫ്.ബി.-യോ ഏറ്റെടുക്കുന്നില്ല.

(എഫ്) ശ്രീകാര്യം മേൽപ്പാലം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതിയുടെ മുന്നോടിയായി കിഫ്ബിയുടെ ധനസഹായത്തോടെ കെ.ആർ.ടി.എൽ.-നെ ശ്രീകാര്യം മേൽപ്പാല പദ്ധതി

നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016 സെപ്റ്റംബർ മാസത്തിൽ പദ്ധതിക്ക് ഭരണാനുമതി നൽകുകയും തുടർന്ന് 2017 മേയ് മാസത്തിൽ കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും ചെയ്തു. പദ്ധതിക്കുവേണ്ടി സ്ഥലമെടുപ്പിനുള്ള അർത്ഥന (requisition) കെ.ആർ.ടി.എൽ. 2017 ജൂലൈ മാസത്തിൽ ജില്ലാകളക്ടർക്ക് സമർപ്പിച്ചു. തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ഇവ നിലവിൽ അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ താമസിയാതെ പൂർത്തിയാകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. വില നിർണ്ണയം പൂർത്തിയാക്കി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരത്തിന്റെ തോത് തീരുമാനിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ പരിശോധിക്കുന്ന പ്രക്രിയ നിലവിൽ നടന്നുവരികയാണ്. പദ്ധതിയുടെ വിശദമായ രൂപകല്പന പൂർത്തിയായിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ കെ.ആർ.ടി.എൽ. സ്വീകരിച്ചുവരുന്നു.

(ജി) പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള എല്ലാ റോഡുകളും യഥാസമയം അറ്റകുറ്റപ്പണികളും നവീകരണവും നടത്തി ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ ഏജൻസികളുടെ പദ്ധതികളുമായി ബന്ധപ്പെട്ട പൈപ്പ്, കേബിൾ എന്നിവയിടുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തത് പൊതുമരാമത്ത് പണികളുടെ പുരോഗതിയിൽ കാലതാമസം വരുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് മേൽപ്പറഞ്ഞ യൂട്ടിലിറ്റി ഏജൻസികളുമായി വിവിധ തലത്തിൽ ചർച്ചകൾ നടത്തുകയും പണികൾ വേഗത്തിൽ തീർക്കാനായി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**കാഞ്ഞങ്ങാട്-കാസർഗോഡ് എസ്.എച്ച്.-ന്റെ നിലവിലെ സ്ഥിതി**

42 (1175) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ഏറ്റെടുത്ത് പൂർത്തിയാക്കിയ കാഞ്ഞങ്ങാട്-കാസർഗോഡ് എസ്.എച്ച്.-ന്റെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു. ഡി.എൽ.പി. (Defect Liability Period) അവസാനിച്ചതാണ്. പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ട്. നിലവിൽ റോഡ് ഗതാഗതയോഗ്യമാണ്.

(ബി) പ്രസ്തുത റോഡിൽ കുഴികൾ രൂപപ്പെട്ടതും കുഴിയിൽ വീണ് നിരവധിപേർ മരണപ്പെട്ടതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

റോഡിൽ രൂപപ്പെട്ട കുഴികളെല്ലാം അതത് സമയത്തുതന്നെ അടച്ചിട്ടുണ്ട്. റോഡിലെ കുഴികളിൽ വീണ് ആർക്കും മരണം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത റോഡ് കെ.എസ്.ടി.പി. പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) റോഡ് കെ.എസ്.ടി.പി.-യിൽനിന്നും പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി&ഡി) ഇല്ല. 1-11-2021-ൽ പ്രസ്തുത റോഡ് പി.ഡബ്ല്യു.ഡി റോഡ്സ് വിഭാഗം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത റോഡിൽ കെ.എസ്.ടി.പി. സ്ഥാപിച്ച സൗരോർജ്ജ വിളക്കുകളിൽ ഭൂരിഭാഗവും തെളിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റ പ്രവൃത്തിക്കായി അനെർട്ടുമായി കരാറുണ്ടാക്കാൻ ധാരണയായിട്ടുണ്ട്. ആയതിന്റെ സാധ്യതാ പഠനം നടന്നുവരുന്നു.

(എഫ്) മേൽ നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുകൾ അന്വേഷണ വിധേയമാക്കി അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയിൽ ക്രമക്കേടുകൾ നടന്നതായുള്ള പരാതികൾ ഈ ഓഫീസിൽ ലഭിച്ചിട്ടില്ല.

## കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ റോഡ് നവീകരണം

43 (1176) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - എടവണ്ണ റോഡിലെ നവീകരണ പ്രവൃത്തി എത്ര ഘട്ടമായിട്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - എടവണ്ണ റോഡിലെ നവീകരണ പ്രവൃത്തി നാല് ഘട്ടമായിട്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ റോഡിന്റെ 25 ശതമാനത്തോളം പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു. നാല് ഘട്ടങ്ങളായി ഈ പ്രവൃത്തി 24-5-2022-ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത നവീകരണത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

9 മീറ്റർ വീതിയിൽ വികസിപ്പിക്കാനുദ്ദേശിക്കുന്ന നവീകരണ പ്രവൃത്തിയിൽ കലുങ്കുകളുടെ പുനരുദ്ധാരണം, റോഡുകളുടെ ഇരുവശത്തും മഴവെള്ളം ഒഴുകിപ്പോകുന്നതിനായി കോൺക്രീറ്റ് ഡ്രെയിൻ നിർമ്മാണം, പാർക്കിംഗിനുദ്ദേശിക്കുന്ന സ്ഥലങ്ങളിൽ പേവർ ബ്ലോക്കുകൾ, ജംഗ്ഷനുകളിലും ഫുട്പാത്തുകളിലും ഹാന്റ് റെയിലുകൾ, റിഫ്ളെക്ടീവ് സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, ബസ് ഷെൽട്ടർ, സ്ട്രീറ്റ് ലൈറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ടൗണുകളിലും ഫുട്പാത്തും കൈവരിയും നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ജംഗ്ഷനുകളിലും ബിൽറ്റ് അപ്പ് ലൊക്കേഷനുകളിലും ടൈലുകൾ പാകുന്നതിനും എരഞ്ഞിമാവ് എടവണ്ണ റോഡിൽ 5.8 കിലോമീറ്ററിൽ ഹാൻഡ് റെയിലുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസലുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി എഗ്രിമെന്റ് പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വടക്കഞ്ചേരി-ഗോവിന്ദാപുരം പാതയെ ദേശീയപാതയായി ഉയർത്തൽ**

44 (1177) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി-ഗോവിന്ദാപുരം സംസ്ഥാനപാതയെ ദേശീയപാതയായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വടക്കഞ്ചേരി-ഗോവിന്ദാപുരം സംസ്ഥാനപാതയെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 3-2-2016-ലെ കത്ത് നം. NH/14012/8/2013 പ്രകാരം ദേശീയപാതയായി തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന പ്രവൃത്തി M/s KITCO Limited, Kochi എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുകയും അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തത്ത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകളുടെ തുടർനടപടികൾ നിർത്തിവയ്ക്കുന്നതിന് 4-12-2019-ലെ റീജിയണൽ ഓഫീസർ MoRTH തിരുവനന്തപുരത്തിന്റെ കത്ത് നമ്പർ RW/TRI/Tech/Misc/143/2015-16-ലെ നിർദ്ദേശ പ്രകാരം സാധ്യതാപഠനം നിർത്തിവയ്ക്കുകയുണ്ടായി. 23-8-2021-ലെ കേന്ദ്രമന്ത്രാലയത്തിന്റെ കത്ത് നം. RW/NH/12014/59/2020-K/Zone III പ്രകാരം തത്ത്വത്തിൽ അംഗീകരിച്ച ദേശീയപാതകളുടെ നടപടികൾ തുടരുന്നതിനായി നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിൻപ്രകാരം കൺസൾട്ടൻസിയോട് തുടർനടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടങ്ങാൻ കഴിയും.

**ആയഞ്ചേരി കടമേരി റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നത്**

45 (1178) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയഞ്ചേരി കടമേരി റോഡിലെ വെള്ളക്കെട്ട് കാരണം നിരവധി പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡിന് ഇരുവശങ്ങളിലും കോൺക്രീറ്റ് ഡ്രെയിൻ സ്ഥാപിച്ചാൽ മാത്രമേ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാവുകയുള്ളൂ. ആവശ്യകത കണക്കിലെടുത്ത് 'Providing drainage facility on Ayancheri - Kadameri Road Ch 0/750 - 1/000' എന്ന പ്രവൃത്തിക്ക് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഭരണാനുമതി പ്രൊപ്പോസൽ പരിഗണനയിലാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോങ്ങാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

46 (1179) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം കോങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ-സി) നടപ്പുസാമ്പത്തികവർഷം പൊതുമരാമത്ത് നിരത്ത് വിഭാഗം കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

47 (1180) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിലുള്ളതും പ്രളയത്തിൽ തകർന്നതുമായ ഏതെല്ലാം റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മാണം നടത്തിവരുന്നത്; വിശദമാക്കുമോ?

കെ.എസ്.ടി.പി. പുനരുദ്ധാരണം നടത്തുന്ന പ്രളയത്തിൽ തകർന്ന റോഡുകളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരത്തിൽ റോഡുകൾ പുന:നിർമ്മിക്കുമ്പോൾ മഴയ്ക്കുശേഷവും റോഡുകൾ നാശോന്മുഖമാകാതെ സംരക്ഷിക്കുന്നതിനും അവയുടെ തുടർ സംരക്ഷണത്തിനുമായി അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പുതുക്കി നിർമ്മിക്കുന്ന റോഡുകളിൽ വെള്ളം കെട്ടിനിൽക്കാതിരിക്കുന്നതിനും മഴവെള്ളം ഒഴുകിപ്പോകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) കെ.എസ്.ടി.പി മുഖേന ഏറ്റെടുത്ത് പുനർനിർമ്മിക്കുന്ന റോഡുകൾ പ്രളയ അതിജീവനക്ഷമത കൈവരിക്കുന്നതിനും അവയുടെ തുടർസംരക്ഷണത്തിനും ആവശ്യമായ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയാണ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ താഴെ വിവരിക്കുന്നു.

1. Soil Nailing

2. Geo cells & Cellular confinement System

3. Cold Recycling

4. Permeable Pavement Construction

5. Segmental block reinforced earthen walls using geogrids

6. Hydroseeding

7. Cement treated sub base/CTB

8. Pavement Quality Concrete.

(ഡി) മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ കൊയിലാണ്ടി-എടവണ്ണ റോഡിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിൽ എരഞ്ഞിമാവ്-എടവണ്ണ റോഡിന്റെ (SH 34) 25 ശതമാനത്തോളം പണികൾ പൂർത്തീകരിച്ചു. എഗ്രിമെന്റ് പ്രകാരം ഈ പ്രോജക്ടിന്റെ മുഴുവൻ പണികളും 24-5-2022- ഓടെ പൂർത്തീകരിക്കേണ്ടതാണ്.

## പാറശ്ശാല മണ്ഡലത്തിലെ മലയോര ഹൈവേ വികസനം

48 (1181) ശ്രീ സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച അമരവിള - ശൂരവക്കാണി, കീഴാറൂർ - പശുവണ്ണറ - തെള്ളുക്കുഴി റിംഗ് റോഡ്, കുടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മലയോര ഹൈവേയിൽ കുടപ്പനമൂട്-കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി വരുത്തി സമർപ്പിച്ചിരുന്ന ഡീവിയേഷൻ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) മലയോര ഹൈവേ - രണ്ടാം ഘട്ടം - കുടപ്പനമൂട് മുതൽ കള്ളിക്കാട് റീച്ചിലെ വാഴിച്ചൽ വരെയുള്ള ഭാഗത്തെ അലൈൻമെന്റ് ഭേദഗതി വരുത്തുന്നതിനായിട്ടുള്ള സാദ്ധ്യതകൾ പരിശോധിച്ച് ഉചിതമായ തീരുമാനം നൽകുന്നതിനായി ഡയറക്ടർ, നാറ്റ്പാക്കിന് പാറശ്ശാല എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രൻ അവർകളുടെ കത്തും പുതുക്കിയ അലൈൻമെന്റിന്റെ രേഖാചിത്രവും 26-8-2021-ലെ 159/PWD013-5/PD/PMU-KRFB/HH/TVPM/2017 നം. കത്ത് മുഖാന്തരം കൈമാറിയിട്ടുണ്ട്.

(ഡി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ തുടർച്ച നഷ്ടപ്പെടാതെ പ്രസ്തുത ഡീവിയേഷൻ നിർദ്ദേശം അംഗീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നാറ്റ്പാക്കിന്റെ അഭിപ്രായം ലഭിക്കുന്ന ഉടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

49 (1182) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ലിസ്റ്റ്, അവയുടെ ദൈർഘ്യം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ അഴീക്കോട് മണ്ഡലത്തിലുൾപ്പെടുന്ന ദേശീയപാത 66 കിലോമീറ്റർ 144/300 (കീച്ചേരിക്കുന്ന്) മുതൽ കിലോമീറ്റർ 155/000 (ചെട്ടിപ്പീടിക near Koyili Hospital) വരെയാണ് (10.7 കിലോമീറ്റർ നീളം).

### അഴീക്കോട് മണ്ഡലത്തിലെ റോഡുകൾ

50 (1183) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവൃത്തി നടന്നുവരുന്നതുമായ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

### തിരുവള്ളൂർ-ആയഞ്ചേരി റോഡ് പ്രവൃത്തി

51 (1184) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവള്ളൂർ-ആയഞ്ചേരി റോഡ് പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയഞ്ചേരി ടൗണിനടുത്ത് പ്രസ്തുത റോഡ് ഗതാഗത യോഗ്യമല്ലാതായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗതാഗതയോഗ്യമാക്കാനുള്ള താൽക്കാലിക പ്രവൃത്തി നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

**പെരുമ്പളം ദ്വീപിലെ റോഡുകൾ പുനരുദ്ധീകരിക്കൽ**

52 (1185) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ പെരുമ്പളം ദ്വീപിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പുനരുദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിലവിൽ പുതിയ റോഡുകളൊന്നും ഏറ്റെടുക്കുന്നില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ദേശീയപാതകളുടെയും പ്രധാന റോഡുകളുടെയും വികസനവും വിപുലീകരണവും**

53 (1186) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെയും മറ്റ് പ്രധാന റോഡുകളുടെയും വികസനവും വിപുലീകരണവും ബൈപാസ് നിർമ്മാണവും സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ദേശീയപാതകളുടെയും മറ്റ് പ്രധാന റോഡുകളുടെയും വികസനവും വിപുലീകരണവും ബൈപാസ് നിർമ്മാണവും സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത് റെസലൃൂഷന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവാകുന്നതനുസരിച്ച് ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പുനരുദ്ധരിച്ചിരുന്നു. കൂടാതെ ഒറ്റത്തവണ മെയിന്റനൻസ് പ്രവൃത്തികളും ചെയ്തിരുന്നു. എന്നാൽ 26-3-2021-ലെ പൊതുമരാമത്ത് വകുപ്പിന്റെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ ഡെപ്പോസിറ്റ് വർക്കുകൾ ഒഴികെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും പൊതുമരാമത്ത് വകുപ്പ് നടപടികളൊന്നും സ്വീകരിക്കുന്നില്ല.

(സി) പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ അവയ്ക്ക് തകരാറുണ്ടായാൽ കരാറുകാരൻ തന്നെ അത് പരിഹരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കാമോ; ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ?

പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ (നഷ്ടോത്തര കാലാവധി) അവയ്ക്ക് തകരാറുണ്ടായാൽ കരാറുകാരൻ തന്നെ പരിഹരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്. ഈ വ്യവസ്ഥ കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്താറുണ്ട്. ഇതിലേയ്ക്കായി കരാറിന്റെ കൂടെ വയ്ക്കുന്ന അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി നഷ്ടോത്തര കാലാവധിക്കുശേഷം മാത്രമാണ് കരാറുകാരന് തിരികെ നൽകുന്നത്.

**കടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

54 (1187) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതും തദ്ദേശസ്വയംഭരണ വകുപ്പ് 30-9-2013-ന് ഭരണാനുമതി നൽകിയിരുന്നതും 2016-ൽ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളതുമായ വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ?

വലിയ കടമക്കുടി - ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുനരാരംഭിക്കുവാൻ കാലതാമസത്തിന് കാരണം സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാത്തതുകൊണ്ടാണ്.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

സ്ഥലമെടുപ്പ് നടപടികൾ ജിഡയുടെ നേതൃത്വത്തിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്. വൈറ്റില മുഖേന പുരോഗമിച്ചുവരുന്നു.

(സി) 2013-ൽ ഭരണാനുമതി കിട്ടിയ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 8 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

## പുന്നക്കടവ്-പുതിയപുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് നിർമ്മാണം

55 (1188) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനകാര്യ അനുമതി ലഭിച്ച് പ്രവൃത്തി നടന്നുവരുന്ന പുന്നക്കടവ്-പുതിയപുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) പുന്നക്കടവ് - പുതിയപുഴക്കര - ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് പ്രവൃത്തിക്ക് 1-11-2018-ൽ 16.22 കോടി രൂപയ്ക്ക് കരാർ നൽകി. 9-4-2021-ൽ കിഫ്ബി പ്രവൃത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ മരണത്തെത്തുടർന്ന് കരാർ റദ്ദായി. ഇക്കാര്യത്തിലെ തുടർനടപടികൾ സംബന്ധിച്ച നിയമവശങ്ങളും സാങ്കേതിക വശങ്ങളും പരിശോധിച്ച് തുടർനടപടി സ്വീകരിച്ചും കിഫ്ബിയുടെ സ്റ്റോപ്പ് മെമ്മോയിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പൂർത്തീകരിച്ച് സ്റ്റോപ്പ് മെമ്മോ ഒഴിവാക്കി ലഭിച്ചും പ്രവൃത്തി തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതുക്കാട് മണ്ഡലത്തിലെ കോടാലി-വെള്ളിക്കുളങ്ങര റോഡ് നവീകരണം

56 (1189) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കോടാലി-വെള്ളിക്കുളങ്ങര റോഡ് നവീകരണത്തിനായി കിഫ്ബി അനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) നിർമ്മാണത്തിലെ തടസ്സങ്ങളുണ്ടെങ്കിൽ അവ നീക്കി ബി.എം.& ബി.സി. വർക്കുകളുൾപ്പെടെ നടത്തി പ്രസ്തുത റോഡ് നവീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കൊടകര-വെള്ളിക്കുളങ്ങര റോഡ് പ്രവൃത്തിക്ക് 20-8-2016-ൽ തത്ത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 21.34 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 12-11-2019-ൽ 18 മാസം പൂർത്തീകരണ കാലാവധിയോടെ കരാർ ഒപ്പുവച്ചെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവയുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾമൂലം പ്രവൃത്തി ആരംഭിക്കാൻ കരാറുകാരൻ വിസമ്മതിച്ചു. പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 21-5-2021-ൽ അവസാനിക്കുകയും നിർമ്മാണ ചെലവ് ക്രമാതീതമായി വർദ്ധിച്ചതിനാൽ കരാർ പ്രകാരം അംഗീകരിച്ച റേറ്റുകൾ വർദ്ധിപ്പിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയുമുണ്ടായി. ആയതിനാൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നതിനുവേണ്ടി പ്രസ്തുത വിവരം കിഫ്ബിയെ അറിയിക്കുകയും നിലവിലുള്ള കരാർ നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നതിന് കെ.ആർ.എഫ്.ബി.-യിൽനിന്നും തീരുമാനിക്കണമെന്നും കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്യുവാനും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന്റെ റേറ്റ് റിവിഷൻ നടത്തി പ്രവൃത്തി റീടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

## പുതിയ പൊതുമരാമത്ത് റോഡുകൾ

57 (1190) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ പുതിയ റോഡുകൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) മലപ്പുറം നിയോജകമണ്ഡലത്തിലെ എട്ട് മീറ്ററിലധികം വീതിയുള്ള റോഡുകൾ വകുപ്പ് ഏറ്റെടുക്കുമോ;

(സി) മോങ്ങം-അരിമ്പ്ര റോഡ്, ചെമ്മങ്കടവ്-ഒറ്റത്തറ-പൊന്മല റോഡ്, ഉമ്മത്തൂർ-ആനക്കടവ്-മുണ്ടക്കോട്-ചാഞ്ഞാൽ റോഡ് എന്നിവ ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

(ബി&സി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ പുതിയ റോഡുകളൊന്നുംതന്നെ നിലവിൽ ഏറ്റെടുത്തിട്ടില്ല. പുതിയ റോഡുകൾ ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## എം.സി. റോഡിന്റെ തിരുവല്ല മുതൽ ചിങ്ങവനം വരെയുള്ള ഭാഗം ഡ്രെയിനേജ് വൃത്തിയാക്കുന്നതിന് നടപടി

58 (1191) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽക്കൂടി കടന്നുപോകുന്നതും കെ.എസ്.ടി.പി. നിർമ്മിച്ചതും തിരുവല്ല മുതൽ ചിങ്ങവനം വരെയുള്ളതുമായ എം.സി. റോഡിന്റെ ഡ്രെയിനേജുകളും നടപ്പാതകളും കാടുകയറി ജനങ്ങൾക്ക് ബുദ്ധിമുട്ടാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽക്കൂടി കടന്നുപോകുന്നതും കെ.എസ്.ടി.പി. നിർമ്മിച്ചതും തിരുവല്ല മുതൽ ചിങ്ങവനം വരെയുള്ളതുമായ എം.സി. റോഡിലെ (ദേശീയപാത 183)-ലെ ഡ്രെയിനേജുകളും നടപ്പാതകളും വൃത്തിയാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഒരാഴ്ചയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ

59 (1192) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ; ഇനിയും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 130m. കാന നിർമ്മാണം, ഒരു കലുങ്ക് നിർമ്മാണം എന്നിവ ഫെബ്രുവരി മാസത്തിൽ പൂർത്തിയാക്കി. GSB, WMM ഉപയോഗിച്ച് റോഡ് ഉയർത്തുന്ന പ്രവൃത്തിയും 4.5km. ബി.എം. പ്രവൃത്തിയും മേയ് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 3.9km. ബി.എം. പ്രവൃത്തിയും മൊത്തം 8.4km ബി.സി. പ്രവൃത്തിയും റോഡ് സുരക്ഷാ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.

(സി) 2020 മാർച്ച് 14-ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകിയിട്ടും പൂർത്തീകരിക്കാൻ കഴിയാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കരാർ കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) അവശേഷിക്കുന്ന പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

(സി-ഇ) ബി.എം. പ്രവൃത്തിയുടെ ബാക്കി ഭാഗവും ബി.സി. പ്രവൃത്തികളുമാണ് ഇനി അവശേഷിക്കുന്നത്. പ്രതികൂല കാലാവസ്ഥ, കോവിഡ് നിയന്ത്രണങ്ങൾ, നിർമ്മാണ തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവമൂലമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്. 31-10-2021 വരെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. കാലാവസ്ഥ അനുകൂലമായാലുടൻ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## അഷ്ടമിച്ചിറ-ചാലക്കുടി റോഡ് ഗതാഗതയോഗ്യമാക്കുന്നത്

60 (1193) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി - കൊടുങ്ങല്ലൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഷ്ടമിച്ചിറ-ചാലക്കുടി റോഡിലെ പഴൂക്കര മുതൽ പറയൻതോട് വരെയുള്ള ഭാഗത്തെ റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 12 ലക്ഷം രൂപ ചെലവഴിച്ച് പ്രസ്തുത റോഡ് പ്രവൃത്തി നടത്തുന്നതിന് കരാർ നൽകിയിട്ടുണ്ട്.

## ചാവക്കാട്-തൃപ്രയാർ റോഡിൽ മുല്ലശ്ശേരി-കാഞ്ഞാണി റോഡിന്റെ പുനരുദ്ധാരണം

61 (1194) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി മുതൽ കാഞ്ഞാണി വരെയുള്ള റോഡിന്റെ പുനരുദ്ധാരണത്തിന് 16-3-2017-ലെ ജി.ഒ.(എം.എസ്) 18/2017/പി.ഡബ്ല്യു.ഡി. പ്രകാരം 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും എന്നാൽ അമൃത് പദ്ധതിയുടെ ഭാഗമായി റോഡ് പൊളിച്ച് പൈപ്പിടൽ പ്രവൃത്തി നടത്തിയതിനെത്തുടർന്ന് കരാറുകാരൻ പിന്മാറുകയും ചെയ്തതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017-ൽ ലഭിച്ച ഭരണാനുമതി സംബന്ധിച്ച ഉത്തരവ് കാലഹരണപ്പെട്ടതിനാൽ ഭരണാനുമതി പുതുക്കുന്നതിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ടോ;

(ഡി) ഭരണാനുമതി പുതുക്കിയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിനായി ലഭ്യമായ പ്രൊപ്പോസൽ DSR 2018 അനുസരിച്ച് പുതുക്കി നൽകാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത റോഡിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് എത്രയുംവേഗം പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെയുള്ള ഭാഗത്തെ ശോചനീയാവസ്ഥ കണക്കിലെടുത്ത് റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിനുവേണ്ടി 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

62 (1195) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം - വീട്ടിക്കൽകടവ് റോഡ് 0/00 മുതൽ 1/700 വരെ കിലോമീറ്റർ അഭിവൃദ്ധിപ്പെടുത്തലും ബി.എം. & ബി.സി. പ്രവൃത്തിയും മമ്പാട് - പൂവ്വത്തിങ്കലട്ടി റോഡ് 3/000 മുതൽ 6/250 വരെ കിലോമീറ്റർ പുനരുദ്ധാരണ പ്രവൃത്തിയും ഉടൻ നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയിലൂന്നി 2-6-2021-ന് ഉന്നയിക്കപ്പെട്ട സബ്മിഷനിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

രണ്ട് റോഡുകളുടേയും അറ്റകുറ്റപ്പണികൾക്കായി താഴെപ്പറയുന്ന പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | PWD/RD/FL/259/2020-Mangalam Dam Veetikalkadavu Km. 0/000 to 1/700 | Improvements and Providing BM&BC | എസ്റ്റിമേറ്റ് തുക - 210 ലക്ഷം |
| 2 | PWD/RD/FL/91012/2021-SLTF-RP to Mampad Poovathingalatty road Km. 3/000 to 6/200 | Improvements and reconstruction of culvert and providing Drainage facilities to Mampad Poovathingalatty road Km. 3/000 to 6/200 | എസ്റ്റിമേറ്റ് തുക - 80 ലക്ഷം |

പ്രസ്തുത പ്രവൃത്തികൾ മുൻഗണന പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ ഉടൻ നടപ്പിലാക്കുമെന്ന് ഉറപ്പ് നൽകിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഫണ്ട് ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ബി.എം.&ബി.സി. റോഡുകൾ

63 (1196) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകളാണ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മാണം നടത്തുവാനുള്ളതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മാണം നടത്താനുള്ള റോഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 പുല്ലൂറ്റ് - പുത്തൻചിറ റോഡ് 0/000 മുതൽ 1/300 വരെ.

2. കൊടുങ്ങല്ലൂർ ജെ.റ്റി.എസ്. റോഡ് 0/000 മുതൽ 0/980 വരെ.

3. പനച്ചിക്കച്ചിറ റോഡ് 0/000 മുതൽ 3/450 വരെ.

4. അരീപ്പാലം - വള്ളിവട്ടം റോഡ് 0/000 മുതൽ 2/650 വരെ.

5. കോണത്തുകുന്ന് -പൂവ്വത്തുംകടവ് റോഡ് 0/000 മുതൽ 4/330 വരെ.

6. കൊടുങ്ങല്ലൂർ ഹോസ്പിറ്റൽ റോഡ് 0/000 മുതൽ 1/685 വരെ.

7. ശൃംഗപുരം -ഉണ്ടേക്കടവ് റോഡ് 0/000 മുതൽ 3/000 വരെ.

8. സൗത്ത് വെസ്റ്റ് ബോയ്സ് HS റോഡ് 0/000 മുതൽ 0/840 വരെ.

9. കോട്ടപ്പുറം - കോട്ട റോഡ് 0/000 മുതൽ 0/581 വരെ.

### പൊന്നാനി-ആൽത്തറ-ഗുരുവായൂർ റോഡിലെ കുണ്ടുകടവ് പാലം പുനർനിർമ്മാണം

64 (1197) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി-ആൽത്തറ-ഗുരുവായൂർ റോഡിലെ കുണ്ടുകടവ് പാലം അപകടത്തിലാണെന്ന് റിപ്പോർട്ട് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പുതിയ പാലം

നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ പൊന്നാനി നിയോജകമണ്ഡലത്തിൽ പൊന്നാനിയേയും മാറഞ്ചേരിയേയും ബന്ധിപ്പിച്ചുകൊണ്ട് ഗുരുവായൂർ - ആൽത്തറ-പൊന്നാനി പി.ഡബ്ല്യു.ഡി. റോഡിൽ ബിയ്യം കായലിന് കുറുകെയാണ് പ്രസ്തുത പാലം സ്ഥിതിചെയ്യുന്നത്. പൊന്നാനി നിയോജകമണ്ഡലത്തെ മറ്റ് ടൗണുകളുമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാതയാണിത്. 60 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ഈ പാലത്തിന്റെ പ്രീകാസ്റ്റഡ് പൈലുകൾ, പിയറുകൾ, ബീമുകൾ, സ്ലാബ് തുടങ്ങിയവയുടെയെല്ലാം കോൺക്രീറ്റ് അടർന്നുവീഴുകയും കമ്പികൾ ദ്രവിച്ച അവസ്ഥയിലുമാണ്. അതുകൊണ്ടുതന്നെ ഈ പാലത്തിലൂടെയുള്ള ഗതാഗതം ഏത് സമയത്തും തടസ്സപ്പെടാവുന്നതാണ്. ഡിസൈൻ ഉദ്യോഗസ്ഥർ പ്രസ്തുത പാലം സന്ദർശിച്ചതിനുശേഷം പാലം പുനർനിർമ്മാണത്തിന് നിർദ്ദേശം നൽകുകയും അതിൻപ്രകാരം 2017-ൽ മണ്ണ് പര്യവേഷണം പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ബഡ്ജറ്റ് 2020-21-ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ലഭിച്ചതിനെ തുടർന്ന് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കിയെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ഭരണാനുമതി നൽകിയിരുന്നില്ല. പാലത്തിന്റെ ശോചനീയാവസ്ഥ മനസ്സിലാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ്, ബ്രിഡ്ജ് കണ്ടീഷൻ ഇൻഡക്സ് സ്റ്റഡി നടത്തുകയുണ്ടായി. ആ പരിശോധനയിൽ ബ്രിഡ്ജ് കണ്ടീഷൻ ഇൻഡക്സ് വാല്യു 1 എന്നാണ് ലഭിക്കുകയുണ്ടായത്. ആയതുപ്രകാരം പ്രസ്തുത പാലത്തിന് പുനർനിർമ്മാണം അത്യാവശ്യമാണ്. പ്രസ്തുത പാലത്തിന് (ക്രമ. നം. 11) 2600 ലക്ഷം രൂപയ്ക്ക് എ.എസ്. കമ്മിറ്റി മുമ്പാകെ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തി പ്രൊപ്പോസൽ വരുകയും കമ്മറ്റിയുടെ ശിപാർശയോടെ ധനകാര്യ വകുപ്പിന് അഭിപ്രായത്തിനായി അയയ്ക്കുകയും പ്രസ്തുത വകുപ്പ് 2018 DSR പ്രകാരം എസ്റ്റിമേറ്റ് പുനർസമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം കുണ്ടുകടവ് പാലം പുനർനിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ച 2930 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

## മുണ്ടൂർ-തൂത നാലുവരിപ്പാത

65 (1198) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കുന്ന മുണ്ടൂർ-തൂത നാലുവരിപ്പാത നിർമ്മാണത്തിൽ കടമ്പഴിപ്പുറം, വായില്യംകുന്ന് പോലെയുള്ള സ്ഥലങ്ങളിൽ റോഡിന് വീതി വളരെ കുറവാണെന്നുള്ള ജനങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രവൃത്തികൾ ഇനിയും പുരോഗമിക്കുന്നതിന് മുമ്പായി വായില്യംകുന്ന് പോലെയുള്ള വീതി കുറവുള്ള സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലുള്ള സ്ഥലത്തിനുപുറമേ ഫ്രീ സറണ്ടർ ആയി ഭൂമി ലഭിക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് വീതി കൂട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഗ്രാമീണറോഡുകൾ ഒറ്റത്തവണ റീടാർ ചെയ്യുവാൻ ഫണ്ട്

66 (1199) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടില്ലാത്തതിനാൽ രണ്ട് കിലോമീറ്ററിലധികം ദൈർഘ്യമുള്ളതും ഒ.ഡി.ആർ. (അദർ ഡിസ്ട്രിക്ട് റോഡ്സ്) സ്റ്റാറ്റസിലുള്ളതുമായ ഗ്രാമീണറോഡുകൾ അടിയന്തരമായി സഞ്ചാരയോഗ്യമാക്കാൻ ഒറ്റത്തവണ റീടാർ ചെയ്യുവാൻ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ

67 (1200) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഈ സാമ്പത്തികവർഷം ഏതൊക്കെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം ഈ സാമ്പത്തികവർഷം റോഡ് നവീകരണ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

**കോതാട്-ചേന്നൂർ പാലം**

68 (1201) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഒക്ടോബർ 23-ന് ചേർന്ന ജിഡയുടെ മുപ്പത്തിയൊന്നാമത് ജനറൽ കൗൺസിൽ അംഗീകാരം നൽകിയതും 35.97 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമായ കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട് - ചേന്നൂർ പാലത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോതാട് - ചേന്നൂർ പാലത്തിന്റെ നിർമ്മാണം ഗോശ്രീ ഡെവലപ്മെന്റ് അതോറിറ്റി (ജിഡ)-യുടെ പദ്ധതിയിലുൾപ്പെട്ടതാണ്. പ്രസ്തുത പ്രവൃത്തി ജിഡ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചതുപ്രകാരം ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ച് 35.97 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. പ്രവൃത്തിക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ജിഡ മുഖാന്തരം ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. ഇത് തദ്ദേശസ്വയംഭരണ വകുപ്പിൻെറ പരിഗണനയിലാണ്. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും.

**തെന്നിലാപുരം പാലത്തിന്റെ നിർമ്മാണ പുരോഗതി**

69 (1202) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തെന്നിലാപുരം പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. തരൂർ മണ്ഡലത്തിൽ തോന്നാലിപ്പുഴയ്ക്ക് കുറുകെ കിഫ്ബി ധനസഹായത്തോടുകൂടി നിർമ്മിക്കുന്ന പ്രസ്തുത പാലത്തിൻെറ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) അടിയന്തരമായി വകുപ്പുതല പരിശോധനകൾ നടത്തി പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കെ.ആർ.എഫ്. ബി.-ക്ക് നൽകാമോ?

കരാർ ഉടമ്പടി അനുസരിച്ചുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം

70 (1203) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായി നിലവിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെയാണ് നിലവിൽ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിനായി തയ്യാറാക്കിയ ഡിസൈനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപ്രോച്ച് റോഡിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളിലെ പുരോഗതി വിശദമാക്കാമോ?

പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അംഗീകരിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള റവന്യൂ വകുപ്പിന്റെ സർവ്വേ നടപടികൾ നടന്നുവരുന്നു. കൂടാതെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനവും പൂർത്തീകരിച്ചുവരുന്നു.

(സി) കുമ്മല്ലൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കുമ്മല്ലൂർ പാലത്തിന്റെ രൂപകൽപ്പന തീർച്ചപ്പെടുത്തുന്നതിനും ഫീസിബിലിറ്റി പരിശോധിക്കുന്നതിനും വേണ്ടിയുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുനമ്പത്ത് കടവ് പാലം നിർമ്മാണം

71 (1204) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്-ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത് കടവ് പാലം നിർമ്മാണത്തിന്റെ ഭാഗമായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രവൃത്തി സ്ഥലം സന്ദർശിച്ച് മണ്ണ് പര്യവേഷണ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ?

മണ്ണ് പര്യവേഷണം പൂർത്തീകരിച്ച് ഡിസൈൻ ലഭിച്ചാൽ, അതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കാൻ കഴിയും.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

മുദിയം, മുനമ്പത്ത് കടവ്, ഇരുമ്പോത്തിങ്ങൽ പാലങ്ങൾ, അനങ്ങാടി ആർ.ഒ.ബി. എന്നീ പ്രവൃത്തികൾക്കെല്ലാം കൂടി ബഡ്ജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷനാണുള്ളത്.

## കല്ല്യാശ്ശേരിയിലെ വണ്ണാത്തിക്കടവ് പാലം നിർമ്മാണം

72 (1205) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലത്തിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ; പ്രസ്തുത പാലം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും?

നബാർഡ് 2018-19 RIDF XXIV പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന വണ്ണാത്തിക്കടവ് പാലത്തിന്റെ ഫൗണ്ടേഷൻ, സബ്സ്ട്രക്ച്ചർ പ്രവൃത്തികൾ പൂർണ്ണമായും Girder Super Structure പ്രവൃത്തികൾ 75 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പാലം പ്രവൃത്തി 2022 മേയ് 31-ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## അമല-പാവറട്ടി റോഡിലെ പരപ്പുഴ പാലത്തിന്റെ നിർമ്മാണ പുരോഗതി

73 (1206) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമല-പാവറട്ടി റോഡിലെ പരപ്പുഴ പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

25% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വീസ് റോഡ് പൊളിച്ച് മാറ്റിയതുമൂലമുണ്ടാകുന്ന യാത്രാക്ലേശം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

താൽക്കാലിക നടപ്പാത നിർമ്മിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം മന്ദഗതിയിലാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) ഏപ്രിൽ - മേയ് മാസങ്ങളിലെ ലോക്ഡൗണും ശക്തമായ വേനൽ മഴയും കാലവർഷവും കാരണം പ്രവൃത്തി മന്ദഗതിയിലായിരുന്നുവെങ്കിലും ഇപ്പോൾ ലഭ്യമായ സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പാലത്തിന്റെ പണി വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൈൽ ക്യാപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

## മുക്കം പാലം പുനർനിർമ്മാണം

74 (1207) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി-എടവണ്ണ സംസ്ഥാനപാതയിൽ റോഡ് നവീകരണത്തോടൊപ്പം മുക്കംപാലം കാലാനുസൃതമായി പുതുക്കിപ്പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലം പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള കൊയിലാണ്ടി - താമരശ്ശേരി - മുക്കം പദ്ധതിയിൽ മുക്കം പാലത്തിന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ചിറ്റുമൂല റെയിൽവേ മേൽപ്പാലം

75 (1208) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ ചിറ്റുമൂല റെയിൽവേ മേൽപ്പാലത്തിന് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ നടപടികൾ ആരംഭിക്കാത്തതിന് കാരണം വിശദീകരിക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) ചിറ്റുമൂല (പുതിയകാവ്-ചക്കുവള്ളി) റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-7-2017-ലെ G.O. (Rt) No.942/2017/PWD പ്രകാരം ഭരണാനുമതി നൽകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. കിഫ്ബിയിൽനിന്ന് 28.50 കോടി രൂപയ്ക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 7,99,539 രൂപ 8-11-2019-ൽ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള എസ്.ഐ.എ. പഠനം പൂർത്തീകരിച്ചശേഷം വിദഗ്ദ്ധ സമിതി റിപ്പോർട്ട് ലഭ്യമാക്കി 30-1-2021-ൽ 11(1) നോട്ടിഫിക്കേഷൻ 379-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഭൂമിയുടെ അടിസ്ഥാനവില മൂല്യനിർണ്ണയവും കെട്ടിടങ്ങളുടെ വിലനിർണ്ണയവും പുരോഗമിച്ചു വരുന്നു. ആർ.ഒ.ബി.-യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.)-ൽ റെയിൽവേ നിർദ്ദേശിച്ച തിരുത്തലുകൾ നടത്തി 24-9-2021-ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് അംഗീകാരം റെയിൽവേയിൽനിന്നും ലഭിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## വഴിക്കടവ് പാലം പുനർനിർമ്മാണത്തിന് ഭരണാനുമതി

76 (1209) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി-പുന്നക്കൽ റോഡിൽ കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായ വഴിക്കടവ് പാലം പുനർനിർമ്മിക്കാൻ ഭരണാനുമതി ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഈ പ്രവൃത്തിയുടെ ഭരണാനുമതിക്കുവേണ്ടിയുള്ള 553 ലക്ഷം രൂപയുടെ DSR 2018 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## നാദാപുരം മണ്ഡലത്തിലെ ഇരിങ്ങണ്ണൂർ-കല്ലാച്ചേരി കടവ് പാലം

77 (1210) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ഇരിങ്ങണ്ണൂർ-കല്ലാച്ചേരി കടവ് പാലം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതിയും 10.14 കോടി രൂപയുടെ കിഫ്ബിയിൽനിന്നുമുള്ള സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലമേറ്റെടുപ്പിനായുള്ള ഉത്തരവും ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തി കോഴിക്കോട് ജില്ലയുടെ ഭാഗത്ത് പുരോഗമിച്ചുവരുന്നു. എന്നാൽ കണ്ണൂർ ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ തുടങ്ങാൻ സാധിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-9-2021-ന് പദ്ധതി അവലോകനയോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ സ്ഥലമുടമകൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് യോഗം ചേരാൻ തീരുമാനിക്കുകയുണ്ടായി. സ്ഥലമേറ്റെടുപ്പിന്റെ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചിറയ്ക്കൽപാറയിൽ പുതിയ പാലം

78 (1211) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വെള്ളാവൂർ പഞ്ചായത്തിനെയും റാന്നി നിയോജകമണ്ഡലത്തിലെ കോട്ടാങ്ങൽ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തരത്തിൽ ചിറയ്ക്കൽപാറയിൽ പുതിയ പാലം നിർമ്മിക്കാൻ അനുമതി ലഭ്യമാക്കാമോ?

ചിറയ്ക്കൽപാറയിൽ പുതിയ പാലം പ്രവൃത്തിക്കാവശ്യമായ മണ്ണ് പരിശോധന എന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ ഭരണാനുമതി നൽകാനാകൂ. 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് 100 രൂപ ടോക്കൺ പ്രൊവിഷനുണ്ട്. ഭരണാനുമതി പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മൂലേപ്ലാവ്, മണിമല കവല എന്നിവിടങ്ങളിൽ പുതിയ പാലം നിർമ്മിക്കാൻ നടപടി

79 (1212) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പൊൻകുന്നം-പ്ലാച്ചേരി റീച്ചിലുൾപ്പെട്ട മൂലേപ്ലാവ്, മണിമല എന്നിവിടങ്ങളിലെ വീതി കുറഞ്ഞ പാലങ്ങൾക്ക് പകരം പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മൂലേപ്ലാവിൽ പുതുതായി നിർമ്മിക്കുന്ന പാലവും മണിമലയിലെ പാലവും 90 ഡിഗ്രി വളവിനുശേഷം തൊട്ടടുത്തായി വരുന്നതിനാൽ അപകടം വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പുതിയ അലൈൻമെന്റിൽ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മണിമലയിലെയും മൂലേപ്ലാവിലേയും നിലവിലുള്ള പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിന് പുതുതായി സ്ഥലം ഏറ്റെടുക്കൽ ആവശ്യമാണ്. ആയതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

## വയനാട് ജില്ലയിലെ തകർച്ച നേരിടുന്ന പാലങ്ങൾ

80 (1213) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തകർച്ച നേരിടുന്ന പാലങ്ങളുടെ വിവരം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

1. ചൂരൽമല പാലം (കൽപ്പറ്റ നിയോജക മണ്ഡലം).

2. പനമരം - ചെറുപുഴ പാലം (മാനന്തവാടി നിയോജകമണ്ഡലം)

3. കരിന്തിരിക്കടവ് പാലം (മാനന്തവാടി നിയോജകമണണ്ഡലം)

4. നായ്ക്കട്ടി പാലം (മാനന്തവാടി നിയോജകമണ്ഡലം)

5. 41-ാം മൈൽ പാലം (മാനന്തവാടി നിയോജകമണ്ഡലം)

6. ബാവലി പാലം (മാനന്തവാടി നിയോജകമണ്ഡലം)

7. ആനപ്പാറ പാലം (സുൽത്താൻ ബത്തേരി നിയോജകമണ്ഡലം)

8. മുട്ടിൽ പാലം

9. കെല്ലൂർ പാലം

(സി) ഇത്തരത്തിൽ തകർച്ച നേരിടുന്ന പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

1. ചൂരൽമല പാലം - ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

2. പനമരം - ചെറുപുഴ പാലം - പദ്ധതിയുടെ 10 കോടി രൂപയുടെ ഡി.പി.ആർ. നബാർഡ് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

3. കരിന്തിരിക്കടവ് പാലം - പാലത്തിന്റെ ഡിസൈൻ ലഭിച്ചു. ബഡ്ജറ്റ് വിഹിതം ഇല്ല. പുനർനിർമ്മാണമായതിനാൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

4. നായ്ക്കട്ടി പാലം - പാലത്തിന്റെ ഡിസൈൻ ലഭിച്ചു. ബഡ്ജറ്റ് വിഹിതം ഇല്ല. പുനർനിർമ്മാണമായതിനാൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

5. 41-ാം മൈൽ പാലം - പാലത്തിന്റെ ഡിസൈൻ രൂപകൽപ്പന വിഭാഗത്തിൽ നടന്നുവരുന്നു.

6. ബാവലി പാലം - പാലത്തിന്റെ ഡിസൈൻ ലഭിച്ചു. ബഡ്ജറ്റ് വിഹിതം ഇല്ല. പുനർനിർമ്മാണമായതിനാൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. ആനപ്പാറ പാലം - പാലത്തിന്റെ ഡിസൈൻ രൂപകൽപ്പന വിഭാഗത്തിൽ നടന്നുവരുന്നു.

8. ദേശീയപാത 766-ലെ മുട്ടിൽപാലത്തിന്റെ തകർന്ന കൈവരികളും പാർശ്വഭിത്തികളും പുനർനിർമ്മിച്ചിട്ടുണ്ട്.

9. കെല്ലൂർ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 2021-22-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി MORTH-ന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകും.

**കുടവീട്ടികടവ് പാലം**

81 (1214) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തെ പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെടുത്തുന്നതും കിഫ്ബി വഴി നടപ്പിലാക്കാൻ അനുമതി ലഭിച്ചതുമായ കുടവീട്ടികടവ് പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പാലം എന്ന് നിർമ്മാണം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനരധിവാസ (R&R) പാക്കേജിനുള്ള കരട് തയ്യാറാക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. സർവ്വേ നടപടികൾ പൂർത്തിയായതിനുശേഷം വാല്യുവേഷൻ നടത്തി സ്ഥലമേറ്റെടുക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പൊതുമരാമത്ത് വകുപ്പിനുകീഴിലെ പാലം നിർമ്മാണങ്ങൾ

82 (1215) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ മാനന്തവാടി മണ്ഡലത്തിൽ നടന്നുവരുന്ന പാലം നിർമ്മാണങ്ങൾ ഏതെല്ലാമാണ്?

1. പുലിക്കാട്ട്കടവ് പാലം

2. പൊള്ളമ്പാറ പാലം അപ്രോച്ച് റോഡ്

3.. താളിപ്പാറക്കടവ് പാലം

4. ഞെട്ടറ പാലം

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

1. പുലിക്കാട്ട്കടവ് പാലത്തിന്റെ പൈലിംഗ് പ്രവൃത്തി നടന്നുവരുന്നു.

2. പൊള്ളമ്പാറ പാലം അപ്രോച്ച് റോഡ് - ഡ്രെയിനേജ് പ്രവൃത്തി നടന്നുവരുന്നു. 95% പ്രവൃത്തികൾ പൂർത്തിയായി.

3. താളിപ്പാറക്കടവ് പാലം - പാലത്തിന്റെ അബട്മെന്റുകൾ, പിയറുകൾ എന്നിവ പൂർത്തിയായി. അപ്രോച്ച് റോഡിന്റെ 60% പ്രവൃത്തികൾ ഇതുവരെ പൂർത്തിയായി.

4. തിരുനെല്ലി പഞ്ചായത്തിലെ കാളിന്ദി നദിക്ക് കുറുകെയുള്ള ഞെട്ടറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ടെക്നിക്കൽ മൂല്യനിർണ്ണയം പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തിയുടെ ഫിനാൻഷ്യൽ മൂല്യനിർണ്ണയ ഘട്ടത്തിലാണ്.

(സി) മാനന്തവാടി-വള്ളിയൂർകാവ് പാലം നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

മാനന്തവാടി-വള്ളിയൂർക്കാവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിലേയ്ക്ക് ഡിസൈൻ ലഭിക്കുന്നതിലേയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## ചുങ്കത്തറ കൈപ്പിനിക്കടവ് പാലം നിർമ്മാണം

83 (1216) <u>ശ്രീ. പി. വി. അൻവർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ - കൈപ്പിനിക്കടവ് പാലം നിർമ്മാണത്തിന്റെ ഭാഗമായി അനുബന്ധ റോഡിനായി 2010-ൽ സ്ഥലം

വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുകയോ വിതരണം ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

19-3-2020-ന് പൂർത്തീകരിച്ച ടി പാലം നിർമ്മാണത്തിന് സ്ഥലം മുൻകൂറായി വിട്ടുനൽകിയവർക്ക് തുക നൽകാൻ സാധിച്ചിരുന്നില്ല. നിർമ്മാണം പൂർത്തീകരിച്ച കൈപ്പിനിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി G.O.(Rt)No. 1003/2006/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കവെ 2009-ൽ എൽ.എ. നടപടികളിൽ മാറ്റം വന്നതുകാരണം പുതുക്കിയ അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും എല്ലാ നടപടികളും പൂർത്തീകരിച്ച് ഫണ്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ 14-1-2012-ന് സ്ഥലമേറ്റെടുപ്പ് നടപടികൾ കാലഹരണപ്പെടുകയും ചെയ്തു. തുടർന്ന് പുതുക്കിയ അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും പുതിയ എൽ.എ. നിയമപ്രകാരം അതത് വകുപ്പുകൾ മുൻകൂർ ഏറ്റെടുത്ത് നിർമ്മാണം നടത്തിയ പ്രവൃത്തികൾക്ക് പ്രസ്തുത നിയമപ്രകാരം നടപടികൾ സ്വീകരിക്കാൻ സാധിക്കില്ലെന്നും അതുകൊണ്ട് പ്രസ്തുത ഭൂമി സർക്കാരിൽനിന്നും അനുമതി വാങ്ങി ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. തുടർന്ന് 30-1-2018-ലെ G.O.(Rt) No.171/2018/PWD പ്രകാരം ഡയറക്ട് പർച്ചേസ് മുഖേന ചുങ്കത്തറ വില്ലേജിൽ 0.3203 ഹെക്ടറും കുറുമ്പലങ്ങോട് വില്ലേജിൽ 0.1972 ഹെക്ടറും ഏറ്റെടുക്കുന്നതിന് അനുമതി നൽകി. ആയത് പ്രകാരം പുതുക്കിയ അർത്ഥനാപത്രം പുന:സമർപ്പിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള കണ്ടിജൻസി ചാർജ്ജിനത്തിൽ 1,45,780 രൂപ മലപ്പുറം എൽ.എ. (ജെ) സ്പെഷ്യൽ തഹസിൽദാർക്ക് 16-3-2021-ന് കൈമാറി. കൂടാതെ സൈറ്റിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ എൽ.എ. വകുപ്പിൽനിന്നും സർവ്വേ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. സർവ്വേ പൂർത്തീകരിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ വില നിർണ്ണയിച്ച് നൽകുന്നമുറയ്ക്ക് പുതുക്കിയ വില നൽകുവാൻ കഴിയും.

(ബി) മേൽ അനുബന്ധ റോഡിന് സ്ഥലം വിട്ടുനൽകിയവകയിൽ മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലുൾപ്പെട്ട ചുങ്കത്തറ, കുറുമ്പലങ്ങോട് വില്ലേജുകളിലെ ഏതെല്ലാം ആളുകൾക്ക് എത്രവീതം തുകയാണ് പൊതുമരാമത്ത് വകുപ്പ് നഷ്ടപരിഹാരമായി നൽകാനുള്ളതെന്ന് അറിയിക്കാമോ?

സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പിൽനിന്ന് ഏറ്റെടുക്കേണ്ട ഭൂമിയുടെ വില നിർണ്ണയിച്ച് ലഭ്യമാക്കിയാൽ മാത്രമേ പുതുക്കിയ വില അറിയാൻ സാധിക്കുകയുള്ളൂ. തുക ആർക്കെല്ലാമാണ് നൽകാനുള്ളതെന്നത് സംബന്ധിച്ച വിവരം സർവ്വേ നടപടികൾ പൂർത്തികരിച്ചശേഷമേ അറിയാൻ സാധിക്കുകയുള്ളൂ.

(സി) 2019-ലെ പ്രളയത്തെ തുടർന്ന് തകർന്ന കൈപ്പിനിക്കടവ് പാലത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി വകയിരുത്തിയ തുകയിൽ അനുബന്ധ റോഡിന് സ്ഥലം വിട്ടുനൽകിയവർക്ക് വിതരണം ചെയ്യേണ്ട നഷ്ടപരിഹാരത്തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോവെന്നും ഇത് ആകെ എത്ര രൂപയാണെന്നും അറിയിക്കാമോ?

25-9-2019-ലെ G.O.(Rt) No. 146/2019 പ്രകാരം 1320 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 422 ലക്ഷം രൂപ സ്ഥലമേറ്റെടുക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചുങ്കത്തറ കൈപ്പിനിക്കടവ് പാലം അനുബന്ധ റോഡിന് സ്ഥലം വിട്ടുനൽകിയവർക്ക് പത്ത് വർഷത്തിലധികമായിട്ടും നൽകിയിട്ടില്ലാത്ത നഷ്ടപരിഹാരത്തുക, നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ; ഇതിനായുള്ള നടപടികളുടെ നിലവിലെ അവസ്ഥയും ഫയൽ ഇപ്പോൾ എവിടെയാണെന്നും മറ്റും വിശദാംശങ്ങളും അറിയിക്കാമോ?

സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ വില നിർണ്ണയിച്ച് റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാക്കിയാൽ മാത്രമേ പുതുക്കിയ വില അറിയാൻ സാധിക്കുകയുള്ളൂ. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നടപടികളുടെ ഭാഗമായി റവന്യൂ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലെ അവസ്ഥ:- പുതുക്കിയ അർത്ഥനാപത്രം സമർപ്പിച്ചത് പ്രകാരം പ്രസ്തുത സ്ഥലത്ത് അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ച് റവന്യൂ - പൊതുമരാമത്ത് വകുപ്പ് വിഭാഗം സംയുക്ത സ്ഥലപരിശോധന നടത്തി സർവ്വേ നടപടികൾ നടന്നുവരുന്നു.

## മങ്കടയിലെ പാലങ്ങളുടെ നിർമ്മാണം

84 (1217) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം വഴി നടപ്പിലാക്കുന്ന കുറുവ കീരംകുണ്ട് പാലം പുനർനിർമ്മാണം, കുറുവ ചോഴി പാലം നിർമ്മാണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ കുറുവ-കീരംകുണ്ട് പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ആകെയുള്ള രണ്ട് സ്ലാബുകൾ പൂർത്തീകരിക്കുകയും അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. ഉടൻതന്നെ പാലം പണി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. വെള്ളില ചോഴി പാലം നിർമ്മാണത്തിനായി പ്രാഥമികമായി ചെയ്യേണ്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി ഭരണാനുമതി ലഭിക്കുന്നതിന് 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്.

(ബി) 2021-22 ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള വള്ളിക്കപ്പറ്റ പാലം നിർമ്മാണം, വെള്ളില ചോഴി പാലം നിർമ്മാണം എന്നീ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ബഡ്ജറ്റിലുൾപ്പെട്ടിട്ടുള്ള വള്ളിക്കപ്പറ്റ പാലം, വെള്ളില ചോഴി പാലം എന്നീ പ്രവൃത്തികൾക്ക് 3 ലക്ഷം രൂപ വീതമുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പരിശോധിച്ചുവരികയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുശേഷം തയ്യാറാക്കുന്ന റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുകയും ചെയ്യും. ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാൽ മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകൂ.

**കരുനാഗപ്പള്ളി മാളിയേക്കൽ റെയിൽവേ മേൽപ്പാലം**

85 (1218) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാളിയേക്കൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെട്ട മാളിയേക്കൽ റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 27-4-2016-ലെ G.O.(Rt) No.1324/2016/PWD നമ്പർ പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളതാണ്.

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ 21-8-2020-ന് പൂർത്തിയാക്കി. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 4-1-2021-ന് ഇ.പി.സി. വ്യവസ്ഥയിൽ കരാർ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 23-1-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളായ സർവ്വേ, ഡിസൈനിന് ആവശ്യമായ മണ്ണ് പരിശോധന, ടെസ്റ്റ് പൈൽ എന്നിവ പൂർത്തിയാക്കി, പൈലിംഗ് ജോലികൾ 21-9-2021-ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിക്കായി 20-2-2020 മുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിക്ക് വിധേയമായി 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വട്ട്യാംതോട് പാലം

86 (1219) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വട്ട്യാംതോട് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) വട്ട്യാംതോട് പാലത്തിന്റെ 8,90,00,000 രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ RIDF XXVII സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വർക്കലയിലെ റെയിൽവേ മേൽപ്പാലങ്ങൾ

87 (1220) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി വർക്കല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. കിഫ്ബിയിൽനിന്നും 25.23 കോടി രൂപയ്ക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചു. പദ്ധതിക്കാവശ്യമായ 70.55 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 4-8-2018-ൽ അർത്ഥനാപത്രം സമർപ്പിക്കുകയും 22-2-2019-ൽ റവന്യൂ വകുപ്പ് ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 17-11-2018-ന് 4(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുകയും 14-6-2019-ന് സാമൂഹ്യാഘാത പ്രത്യാഘാത പഠന റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. 11(1) നോട്ടിഫിക്കേഷൻ 28-11-2019-ൽ പ്രസിദ്ധപ്പെടുത്തുകയും അടുത്ത നടപടിയായി 27-11-2020-ലെ 19(1) നോട്ടിഫിക്കേഷൻ സർക്കാർ ഉത്തരവ് G.O.(Rt)No.97/2020/Rev പ്രകാരം 6 മാസം നീട്ടുകയും ചെയ്തു. 12-8-2020-ൽ സ്ഥലമേറ്റെടുക്കുന്നതിനായി നഷ്ടപരിഹാരത്തുക ഇനത്തിൽ 4,84,73,295 രൂപ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 5-9-2013-ൽ റെയിൽവേയിൽനിന്ന് ജി.എ.ഡി.-യുടെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ 12-7-2021-ലെ റെയിൽവേ കത്ത് W352/I/CN/ERS/LC 555 Edava Gate പ്രകാരം റെയിൽവേയുടെ ഭാവി ട്രാക്ക് വിപുലീകരണവുമായി ബന്ധപ്പെട്ട് 24.0 മീറ്റർ സ്പാൻ ഉണ്ടായിരുന്ന റെയിൽവേ ജി.എ.ഡി. 12.00 മീറ്ററിന്റെ രണ്ട് സ്പാനുകൾ അധികം നൽകി (12+24+12=48.00 മീറ്റർ) പുതുക്കി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

വർക്കല പുന്നമൂട് മേൽപ്പാലം - തിരുവനന്തപുരം ജില്ലയിലെ പുന്നമൂട് ആർ.ഒ.ബി. നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് വിശദമായ പദ്ധതിരേഖ തയ്യാറാക്കി 11-3-2020-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനയുടെ ഭാഗമായുള്ള TAR (Technical Appraisal Report) 23-6-2021-ൽ ലഭിച്ചിട്ടുണ്ട്. TAR-നുള്ള മറുപടി 7-8-2021-നുമ്പായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആർ.ഒ.ബി.-യുടെ റെയിൽവെ ജി.എ.ഡി. അംഗീകാരത്തിനായി 18-3-2021-ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെയും റെയിൽവേയുടെയും അംഗീകാരം ലഭിച്ചാലുടൻ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുന്നതാണ്.

വെങ്കുളം ആർ.ഒ.ബി. - തിരുവനന്തപുരം ജില്ലയിൽ വെങ്കുളം ആർ.ഒ.ബി. നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് വിശദമായ പദ്ധതിരേഖ തയ്യാറാക്കി 2-7-2020-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 7-9-2021-ലെ കിഫ്ബി ഉത്തരവ് നം. APR-2/2021/KIIFB പ്രകാരം 31.97 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. ആർ.ഒ.ബി.-യുടെ റെയിൽവേ ജി.എ.ഡി. അംഗീകാരത്തിനായി 25-3-2021-ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിച്ചാലുടൻ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുന്നതാണ്.

## കാട്ടിൽക്കടവ് പാലത്തിന്റെ നിർമ്മാണം

88 (1221) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കാട്ടിൽക്കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തതിന് കാരണം വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാട്ടിൽക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായുള്ള തത്ത്വത്തിലുള്ള ഭരണാനുമതിയും 30.89 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച ഡീറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് റവന്യൂ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. ആയതിന്റെ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ നിർമ്മാണഘട്ടത്തിലേയ്ക്ക് കടക്കാനാവുകയുള്ളൂ. ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു. സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

89 (1222) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്; അവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ നിരത്ത്, കെട്ടിടം, പാലം വിഭാഗങ്ങൾക്കുകീഴിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കിഫ്ബി വഴി പ്രഖ്യാപിച്ച പേരാമ്പ്ര- ചെറുവണ്ണൂർ-വടകര റോഡ് നിർമ്മാണം 29-7-2020-ൽ പ്രവൃത്തി പൂർത്തീകരിച്ചു. പയ്യോളി-പേരാമ്പ്ര റോഡ് നിർമ്മാണം 29-10-2019-ൽ പ്രവൃത്തി പൂർത്തീകരിച്ചു. പുതിയങ്ങാടി-ഉള്ള്യേരി-കുറ്റിയാടി റോഡ് എന്ന പ്രവൃത്തിക്ക് 20 കോടി രൂപയുടെ ഭരണാനുമതിയും 82.36 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുള്ളതാണ്. പ്രവൃത്തിക്കുള്ള 1401.75 സെന്റ് സ്ഥലമേറ്റെടുക്കുന്നതിനായി 23.45 കോടി രൂപ ഇതിൽനിന്നും നീക്കിവച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉള്ള്യേരി മുതൽ കുറ്റിയാടി വരെയുള്ള റോഡിന് ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അകലപ്പുഴ പാലം നിർമ്മാണത്തിന് 30 കോടി രൂപയുടെ സാമ്പത്തികാനുമതിയും കണ്ടിജൻസി ചാർജിനായി 7.49 ലക്ഷം രൂപയും കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൊല്ലം നെല്ലിയാടി മേപ്പയൂർ റോഡ് പ്രവൃത്തിക്കായി 10 കോടി രൂപയുടെ ഭരണാനുമതിയും 38.955 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുള്ളതും ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനായി 5.098 കോടി രൂപ നീക്കിവച്ചിട്ടുള്ളതുമാണ്. 1.6555 ഹെക്ടർ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മണ്ഡലത്തിലെ തോട്ടത്താൻകണ്ടി പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തുവോയെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

തോട്ടത്താൻകണ്ടി പാലം (920 ലക്ഷം രൂപ) ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിലെ ചേനായി കടവിൽ പാലം നിർമ്മിക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

ചേനായി കടവിൽ പാലം നിർമ്മിക്കുന്നതിനുവേണ്ടി 11.31 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി (നബാർഡ് Tranche XXVII) സമർപ്പിച്ചിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിലെ 2/400 മുതൽ 5/800 വരെയുള്ള ഭാഗത്തിന്റെ പരിഷ്കരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ നിർമ്മാണം

90 (1223) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ നിർമ്മാണ ജോലികൾ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പാലത്തിന്റെ 60% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) എന്നുമുതൽക്കാണ് പാലം നിർമ്മാണ ജോലികൾ നിർത്തിവച്ചതെന്നും എന്തുകാരണത്താലാണ് നിർത്തിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കരാറുകാരന്റെ ഭാഗത്തെ വീഴ്ചമൂലം പ്രവൃത്തി സ്തംഭനാവസ്ഥയിലായതിനെത്തുടർന്ന് 29-1-2020-ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ചു.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ ജോലികൾ പുനരാരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാലത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുവേണ്ടി ദർഘാസ് ക്ഷണിക്കുകയും ആയത് അംഗീകാരത്തിനുവേണ്ടി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ആയത് പരിശോധിച്ചുവരുകയും ചെയ്യുന്നു.

(ഡി) നിർമ്മാണജോലികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചേന്നൂർ-ചരിയംതുരുത്ത് പാലത്തിന്റെയും ചേന്നൂർ-പിഴല പാലത്തിന്റെയും നിർമ്മാണം

91 (1224) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ജനറൽ കൗൺസിൽ അംഗീകാരവും തദ്ദേശസ്വയംഭരണവകുപ്പ് യഥാക്രമം 20.5 കോടി രൂപയും 19.5 കോടി രൂപയും ഭരണാനുമതി നൽകിയതും നിർമ്മാണചുമതല പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചിട്ടുള്ളതുമായ ചേന്നൂർ-ചരിയംതുരുത്ത് പാലത്തിന്റെയും ചേന്നൂർ-പിഴല പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ജിഡ ഫണ്ടുപയോഗിച്ച് ചേന്നൂർ-ചരിയംതുരുത്ത് പാലത്തിന് 20-2-2020-ലെ G.O. (Rt) No.508/2021/LSGD പ്രകാരം ഭരണാനുമതി നൽകിയതിനെത്തുടർന്ന് പാലത്തിന്റെ ഡിസൈൻ ഡ്രോയിംഗ് പൂർത്തീകരിക്കാൻ ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ IS Code-ഉം നിലവിലെ സൈറ്റ് കണ്ടീഷനുമനുസരിച്ച് ഡിസൈൻ ഡ്രോയിംഗ് പുതുക്കി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജിഡ ഫണ്ടുപയോഗിച്ചുള്ള ചേന്നൂർ-പിഴല പാലത്തിന് 17-2-2020-ലെ GO(Rt) No. 475/2021/LSGD പ്രകാരം ഭരണാനുമതി നൽകിയതിനെത്തുടർന്ന് പാലത്തിന്റെ ഡിസൈൻ ഡ്രോയിംഗ് പൂർത്തിയാക്കുന്നതിനായി ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ വിംഗിൽനിന്നും നിർദ്ദേശിച്ചതനുസരിച്ച് നിർദ്ദിഷ്ട പാലത്തിന്റെ ഇരുഭാഗത്തേയ്ക്കും അധികമായി ഉൾപ്പെടുത്തി അലൈൻമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് അഡീഷണൽ ഇൻവെസ്റ്റിഗേഷനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ആവശ്യമുണ്ട്. പാലത്തിന്റെ അന്തിമ ഡിസൈൻ ഡ്രോയിംഗ് ലഭിച്ചാൽ മാത്രമേ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അന്തിമ ഡിസൈൻ ഡ്രോയിംഗ് ലഭിച്ച് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതോടൊപ്പം തീരദേശപരിപാലന അതോറിറ്റിയുടെയും തണ്ണീർത്തട അതോറിറ്റിയുടെയും അനുമതി ലഭ്യമാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭരണാനുമതിയുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

92 (1225) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.എഫ്.ബി. നടത്തുന്ന പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി.-യിൽനിന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ അവരുടെ എണ്ണവും തസ്തികകളും അറിയിക്കാമോ?

ഉണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തികൾക്കായി 30 (മുപ്പത്) അസിസ്റ്റന്റ് എഞ്ചിനീയർമാരെ (സിവിൽ) 30-10-2020-ലെ സ.ഉ (സാധാ) നം.886/2020-പൊമവ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അന്യത്രസേവന വ്യവസ്ഥമൂലം പി.ഡബ്ല്യു.ഡി.-യിലുണ്ടായ ഒഴിവുകൾ നികത്തിയിട്ടുണ്ടോ; അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് മുകളിലുള്ള ഇത്തരം അന്യത്രസേവന ഒഴിവുകൾ നികത്തിയത് താഴെ തസ്തികകളിൽനിന്നും സ്ഥിരം സ്വഭാവമുള്ള പ്രൊമോഷൻ നൽകികൊണ്ടാണോ എന്ന് വ്യക്തമാക്കാമോ?

നികത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് മുകളിലുള്ള അന്യത്രസേവന ഒഴിവുകൾ താഴെ തസ്തികകളിൽനിന്ന് സ്ഥിരംസ്വഭാവമുള്ള പ്രൊമോഷൻ നൽകികൊണ്ടും അന്യത്രസേവന വ്യവസ്ഥയിലും നികത്തിയിട്ടുണ്ട്.

(സി) ആറ് മാസത്തിലധികമുള്ള അന്യത്രസേവന ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശം-സി) വകുപ്പിന്റെ പരിപത്രത്തിൽ (12-9-2020-ലെ ഉപ.-സി 3/116/2020 ഉ.ഭ.പ.വ.) നിർദ്ദേശിച്ചിരിക്കെ മേൽപ്പറഞ്ഞ ഒഴിവുകൾ എന്തുകൊണ്ടാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പൊതുമരാമത്ത് വകുപ്പിൽനിന്നും കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിലുണ്ടാകുന്ന 71 തസ്തികകളുടെ കുറവ് നികത്താൻ, പ്രവേശന

തസ്തികയായ 71 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ചും പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുമാണ് 28-7-2020-ലെ സ.ഉ. (കൈ) നം.58/2020/പൊമവ പ്രകാരം ഉത്തരവായിട്ടുള്ളത്. ആയതിനാലാണ് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തത്.

(ഇ) 2021 സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിൽ പി.ഡബ്ല്യു.ഡി. വിഭാഗത്തിൽ ഡിഗ്രി ക്വാട്ടയിൽനിന്നും വിരമിക്കുന്ന എഞ്ചിനീയർമാരുടെ എണ്ണം (ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ) എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

**അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം**

93 (1226) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ലോ പെയ്ഡ് ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖാന്തരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നൽകുന്നതിന് എത്ര വർഷത്തെ സർവ്വീസ്സാണ് ആവശ്യമായിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രൊബേഷൻ പൂർത്തീകരിക്കുന്നമുറയ്ക്ക് യോഗ്യരായ ഉദ്യോഗസ്ഥർക്ക് തസ്തികമാറ്റം വഴിയുള്ള സ്ഥാനക്കയറ്റം നൽകുന്നതിന് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ടോ?

(എ&ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം, പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖാന്തരം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസീയർ/ട്രേസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 2 വർഷം സേവന ദൈർഘ്യവും മതിയായ യോഗ്യതയുമുള്ള ക്ലാർക്ക്, ടൈപ്പിസ്റ്റ്,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 6 വർഷത്തെ സേവന ദൈർഘ്യവും ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 60% നേരിട്ടുള്ള നിയമനം നൽകി വരുന്നതിൽ 10 ശതമാനമാണ് വകുപ്പിലെ ജീവനക്കാർക്കായി മാറ്റിവച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രോണിക്സ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 25% തസ്തികകളിൽ 10% മേൽവിഭാഗത്തിലെ പ്രൊബേഷൻ പൂർത്തീകരിച്ച സാങ്കേതിക യോഗ്യതയുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) വിഭാഗത്തിൽ നേരിട്ടുള്ള നിയമനത്തിനായി ആകെ 7 തസ്തികകൾ മാത്രമാണുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 25% തസ്തികകളിൽ 20% തസ്തികകൾ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ യോഗ്യരായ ഒന്നാം തരം/രണ്ടാംതരം ഓവർസിയർ, ക്ലാർക്ക് തസ്തികകളിലെ പൊതുമരാമത്ത് വകുപ്പിലെ 2 വർഷം സർവ്വീസുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നു. തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾ പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.

(സി) പ്രൊബേഷൻ പൂർത്തിയാകുന്നമുറയ്ക്ക് തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

ഈ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്കുതാഴെയുള്ള മറ്റ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സഹായകരമാകുന്ന രീതിയിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**എഡ്യൂക്കേഷൻ കോംപ്ലക്സ് നിർമ്മാണം**

94 (1227) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ എഡ്യൂക്കേഷൻ കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി ലഭിച്ച ശീർഷകം പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ടി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

95 (1228) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിനുകീഴിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാനുള്ളതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ വൈന്തോട് പാലം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും കരാറുകാരനെ നഷ്ടോത്തര വാദിത്വത്തിൽനിന്ന് ഒഴിവാക്കിക്കൊണ്ട് പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ സി.ആർ.എഫ്. 2018-19 പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ഭരണാനുമതി ലഭിച്ച നടവരമ്പ്-വിളമൂട്-മങ്കിടി, കപ്പേള-കരിങ്ങച്ചിറ-മാള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ 88% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി, വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കാനുള്ളതുമായ പദ്ധതി കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ്.എച്ച്. റോഡ് പുനരുദ്ധാരണ പദ്ധതിയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചവയിൽ ആരംഭിക്കാനുള്ളവ:-

1. പുല്ലൂറ്റ് പാരലൽ ബ്രിഡ്ജ് പ്രവൃത്തിക്ക് 24.49 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കോസ്റ്റൽ റെഗുലേറ്ററി സോൺ സ്റ്റാറ്റസ് റിപ്പോർട്ടിനായി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ ഒടുക്കേണ്ട തുക അനുവദിക്കുന്നതിനായി എക്സ്പെർട്ട് കമ്മിറ്റി സൈറ്റ് സന്ദർശിച്ചതിനുശേഷം റിപ്പോർട്ട് അന്തിമ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

2. ഗോതുരുത്ത് പുല്ലറ്റ് പാലം പ്രവൃത്തിക്ക് 13.93 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഗോതുരുത്ത് ഭാഗത്തെ പെഗ് മാർക്കിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. കുണ്ടൂർ കുത്തിയതോട് പാലം പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 10.774 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭാഗിക സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

4. പാറക്കുട്ടം പാലം പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 35.15 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭാഗിക സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**നെന്മാറ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

96 (1229) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച എത്ര പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും അവയുടെ പുരോഗതിയും വിശദമാക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനുകീഴിൽ ടെണ്ടർ പൂർത്തീകരിച്ച 2 പദ്ധതികളാണ് നിലവിലുള്ളത്.

1. LAC ADS 2015-16 - നെന്മാറ കൊല്ലങ്കോട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം. കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചു. പെയിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികളായ ഡ്രെയിൻ, റാംപ്, ഇന്റർ ലോക്കിംഗ്, ടൈൽ പാകൽ, ജനറേറ്റർ പ്ലാറ്റ്ഫോം എന്നിവയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
2. പൊതുമരാമത്ത് വകുപ്പ് നെന്മാറ ബിൽഡിംഗ് സെക്ഷന്റെ കീഴിലുള്ള വിവിധ കെട്ടിടങ്ങളിലെ മഴക്കാല അറ്റകുറ്റപ്പണികൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ ടെണ്ടർ പൂർത്തീകരിച്ച 5 പ്രവൃത്തികളാണ് നിലവിലുള്ളത്.

1. കണ്ണനികടവ് പാലം പുനർനിർമ്മാണം എന്ന പ്രവൃത്തി ആരംഭിക്കുന്നതിനായി കരാറുകാരന് 28-9-2021-ന് പ്രവൃത്തിയുടെ സ്ഥലം കൈമാറിയിട്ടുണ്ട്.
2. ഗോവിന്ദാപുരം പാലത്തിന്റെ റിപ്പയർ പ്രവൃത്തി പുരോഗമിച്ചുവരുന്നു.
3. തരൂർ & നെന്മാറ നിയോജകമണ്ഡലങ്ങളിലെ പാലങ്ങളുടെ പെയിന്റിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു.
4. ഗോവിന്ദാപുരം പാലത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.
5. ചാത്തമംഗലം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

നിരത്തുവിഭാഗത്തിനുകീഴിൽ ടെണ്ടർ പൂർത്തീകരിച്ച 9 പ്രവൃത്തികളാണ് നിലവിലുള്ളത്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**മഞ്ചേരി കോർട്ട് കോംപ്ലക്സ് കെട്ടിടം തുറന്ന് കൊടുക്കൽ**

97 (1230) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി കോർട്ട് കോംപ്ലക്സിനുവേണ്ടിയുള്ള പുതിയ കെട്ടിടം ആവശ്യമായ പണികൾകൂടി പൂർത്തിയാക്കി അടിയന്തരമായി തുറന്ന് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ ഫിനിഷിംഗ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

(ബി) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സന്തോഷ് ട്രോഫി മത്സരങ്ങൾ ആരംഭിക്കുന്നതിനുമുമ്പായി സ്റ്റേഡിയത്തിലേയ്ക്കുള്ള റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിക്കുമോ?

സന്തോഷ് ട്രോഫി മത്സരങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി മഞ്ചേരിയിൽനിന്ന് സ്റ്റേഡിയത്തിലേയ്ക്കുള്ള വിവിധ റോഡുകളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്തിപ്പെടുന്നതിനുള്ള പ്രധാന റോഡുകളായ മഞ്ചേരി ബൈപ്പാസ് റീച്ച്-3, കെ.എൻ.ജി. റോഡ് (തുറക്കൽ ജംഗ്ഷൻ മുതൽ സെൻട്രൽ ജംഗ്ഷൻ - ജസീല ജംഗ്ഷൻ വരെ) സെൻട്രൽ ജംഗ്ഷൻ മുതൽ കച്ചേരിപ്പടി ജംഗ്ഷൻ വരെയുള്ള റോഡ് എന്നിവ നവീകരിക്കുന്നതിനായി 5,94,58,000 രൂപയുടെ എസ്റ്റിമേറ്റും (ഫേസ്-1), സ്റ്റേഡിയത്തിലേയ്ക്കുള്ള റോഡുകളായ കാട്ടുങ്ങച്ചോല - പിലാക്കൽ - പുഴങ്കാവ് റോഡ്, ചീനിക്കമണ്ണ - പയ്യനാട് സ്റ്റേഡിയം റോഡ്, പിലാക്കൽ - പയ്യനാട് സ്റ്റേഡിയം റോഡ്, കൊട്ടാരം - പിലാക്കൽ റോഡ് എന്നിവ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിനായി 7,14,88,000 രൂപയുടെ എസ്റ്റിമേറ്റും (ഫേസ്-2), ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം മഞ്ചേരി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള കവളങ്കോട് - മുക്കം-സ്റ്റേഡിയം കോംപ്ലക്സ് റോഡ് പി.ഡബ്ല്യു.ഡി. റോഡുകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 5,87,06,000 രൂപയുടെ എസ്റ്റിമേറ്റും (ഫേസ്-3) തയ്യാറാക്കിവരുന്നു.

(സി) മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ഇനിയും തുടങ്ങാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ഏറനാട് താലൂക്ക് - മഞ്ചേരി ജസീല ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് 23-12-2012-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.275/12/PWD ആയി 1650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ഫ്ളൈഓവർ പ്രവൃത്തിക്കാവശ്യമായ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരുന്നുണ്ട്. ആയതിന്റെ നടപടികൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ പുരോഗമിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ പദ്ധതികളുടെ നിലവിലെ സ്ഥിതി**

98 (1231) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് <u>പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി</u> സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പാക്കുന്ന കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ മുതലായ പദ്ധതികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ നിരത്ത്, കെട്ടിടം വിഭാഗങ്ങൾവഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പാലം വിഭാഗത്തിനുകീഴിൽ കൂട്ടുംവാതുക്കൽക്കടവ് പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ആകെയുള്ള 19 സ്പാനുകളിൽ 15 എണ്ണത്തിന്റെ ജോലികൾ പൂർത്തിയായി. ബാക്കിയുള്ള 4 സ്പാനുകളുടെ ജോലികൾ പുരോഗമിക്കുന്നു. കണ്ടല്ലൂർ ഭാഗത്തെ അപ്രോച്ച് റോഡിന്റെ ജോലികൾ 60 ശതമാനവും കായംകുളം ഭാഗത്തെ അപ്രോച്ച് റോഡിന്റെ ജോലികൾ 70 ശതമാനവും പൂർത്തിയായിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2021 ഡിസംബർ മാസത്തോടുകൂടി പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണം പൂർത്തിയാകുന്നതാണ്. പാർക്ക് ജംഗ്ഷൻ പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 20.60 മീറ്റർ നീളമുള്ള പാലത്തിന്റെ ഡെക്ക് സ്ലാബ് വരെയുള്ള ജോലികൾ പൂർത്തിയായിട്ടുണ്ട്. പാർക്ക് ജംഗ്ഷൻ സൈഡിലുള്ള അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തിയുടെ ജോലികൾ പൂർത്തിയായി. നിർമ്മാണ കരാർ കാലാവധിയായ 2022 ഫെബ്രുവരി 26-നുള്ളിൽത്തന്നെ പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കന്നീസക്കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ച 1120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു. മാർക്കറ്റ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ കായംകുളം മാർക്കറ്റിലേക്കുള്ള പ്രവേശനം മാർക്കറ്റ് പാലം വഴിയാണ്. ആയതിനാൽ പാർക്ക് ജംഗ്ഷൻ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ പ്രസ്തുത പാലം പൊളിച്ച് നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കോയിക്കപ്പടി പാലത്തിന് 2021-2022 ബഡ്ജറ്റിൽ തുക വകയിരുത്തുകയും 437 ലക്ഷം രൂപയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ:

1. കിഫ്ബി 2017-2018 - മുനമേൽ കടവ്, സൊസൈറ്റി കടവ് പാലം നിർമ്മാണം പ്രവൃത്തിക്ക് 50 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും 2021-ൽ പുതുക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2. കിഫ്ബി 2016-2017 - ഭഗവതിപ്പടി കരീലകുളങ്ങര മല്ലിക്കാട്ട് കടവ് റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് 20.24 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ 90% പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ

99 (1232) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ നിരത്തുവിഭാഗം, കെട്ടിട വിഭാഗം, ബ്രിഡ്ജ് വിഭാഗം, നാഷണൽ ഹൈവേ വിഭാഗം എന്നിവയുടെ കീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ, പ്രവൃത്തി ആരംഭിച്ചവ ഏത് ഘട്ടത്തിലാണ് എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ കുമ്പളപ്പള്ളി പാലത്തിന്റെ സബ് സ്ട്രക്ചർ പ്രവൃത്തി 40% പൂർത്തീകരിച്ചിട്ടുണ്ട്. നിരത്ത്, കെട്ടിടവിഭാഗങ്ങളിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

## പി.ഡബ്ല്യൂ.ഡി. ഫോർ യു., പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് ആപ്ലിക്കേഷനുകൾക്ക് ചെലവഴിച്ച തുക

100 (1233) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യൂ.ഡി. ഫോർ യു, പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് എന്നീ ആപ്ലിക്കേഷനുകളുടെ രൂപകല്പനയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത രണ്ട് ആപ്ലിക്കേഷനുകളും നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും വിശദമാക്കുമോ?

" PWD Fixit" എന്ന Mobile App " Hubspire" എന്ന സ്ഥാപനമാണ് പൊതുമരാമത്ത് വകുപ്പിനുവേണ്ടി വികസിപ്പിച്ചത്. ഈ സംരംഭത്തിനുവേണ്ടി സർക്കാരിന്റെ ഒരു ഫണ്ടും ഉപയോഗിച്ചിട്ടില്ല. റോഡുകൾ എത്രയും വേഗം അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാര യോഗ്യമാക്കുകയെന്നത് പൊതുജനങ്ങളുടെ അത്യാവശ്യകാര്യമായതിനാൽ " Hubspire" എന്ന സ്ഥാപനം അവരുടെ Corporate Social Responsibility (CSR) ഫണ്ടുപയോഗിച്ചാണ് ഈ മൊബൈൽ ആപ്പ് വികസിപ്പിച്ചത്. ഇത് ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിലാണ് കമ്പനി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസിപ്പിച്ചത്. ടി Mobile App നിലവിൽ പ്രവർത്തനക്ഷമമല്ല. PWD 4U എന്ന മൊബൈൽ ആപ് നിലവിൽ പ്രവർത്തനക്ഷമമാണ്. റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവൃത്തിയായതിനാൽ ഈ ആപ്പിനായി ചെലവാക്കിയ തുക പ്രത്യേകമായി കണക്കാക്കാൻ സാധ്യമല്ല.

**പൊതുമരാമത്ത് കെട്ടിടങ്ങളുടെ ഡിസൈൻ**

101 (1234) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റുകൾ എന്നിവയുടെ കാര്യത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ്, പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് നടപ്പിലാക്കാൻ സാധിക്കുന്നത്. ആയതിനാൽ മണ്ണുപരിശോധനയ്ക്ക് കാലതാമസമുണ്ടാകാറുണ്ട്. മണ്ണുപരിശോധന റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഡിസൈൻ പ്രക്രിയ തുടങ്ങാൻ സാധിക്കുകയുള്ളൂ.

(ബി) എല്ലാ ജില്ലകളിലും ആവശ്യമായ ക്രമീകരണം നടത്തി കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സോയിൽ ടെസ്റ്റുകൾ നടത്തുന്നതിലേയ്ക്കായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. നിർവ്വഹണ വിഭാഗത്തിൽനിന്ന് ആവശ്യപ്പെടുന്ന പ്രവൃത്തികളുടെ മണ്ണ് പരിശോധനകൾ റീജിയണൽ ലാബിൽ നടത്തി റിപ്പോർട്ടുകൾ നൽകുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ മണ്ണ് പരിശോധനകൾ തിരുവനന്തപുരം റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലും ഇടുക്കി, കോട്ടയം, എറണാകുളം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ മണ്ണ് പരിശോധനകൾ എറണാകുളം റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മണ്ണ് പരിശോധനകൾ കോഴിക്കോട്

റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലും നടത്തിവരുന്നു. തിരുവനന്തപുരത്ത് ചീഫ് ഡിസൈൻ ഓഫീസും എറണാകുളത്തും കോഴിക്കോട്ടും റീജിയണൽ ഡിസൈൻ ഓഫീസുകളും പ്രവർത്തിക്കുന്നതിനാൽ കെട്ടിടങ്ങളുടെ ഡിസൈൻ കാലതാമസം കൂടാതെ തയ്യാറാക്കി നൽകുന്നുണ്ട്.

(സി) പ്രവൃത്തി അനന്തമായി നീളാതിരിക്കാൻ അനിവാര്യമായ സാഹചര്യത്തിൽ പുറത്തുനിന്ന് ഡിസൈനിംഗും സോയിൽ ടെസ്റ്റും ചെയ്യുന്നതിന് അനുമതി നൽകുമോ?

പുറത്തുനിന്നും ഡിസൈനിംഗും സോയിൽ ടെസ്റ്റും ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

102 (1235) ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാറില്ലെന്ന പ്രശ്നം പരിഹരിക്കാനായി ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിബന്ധനകൾ കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർമാർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവൃത്തികൾ നടത്തുകയും നിശ്ചിത പുരോഗതി കൈവരിക്കാത്തപക്ഷം കരാറുകാരന് നോട്ടീസ് നൽകി പൊതുമരാമത്ത് മാന്വൽ, കരാർ നിബന്ധനകൾ എന്നിവ പ്രകാരമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മതിയായ കാരണങ്ങളില്ലാതെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരിക്കുകയാണെങ്കിൽ പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടിയാനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും എസ്.ബി.ഡി./പൊതുമരാമത്ത് മാന്വൽ എന്നിവയിൽ

നിഷ്കർഷിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കാലതാമസം ഒഴിവാക്കാനായി സ്ഥലലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രമാണ് സാങ്കേതികാനുമതി നൽകി ടെണ്ടർ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നത്. കൂടാതെ റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായിതന്നെ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവയുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ആരംഭിക്കാനുള്ള പൊതുമരാമത്ത് പ്രവൃത്തികൾ RoW പോർട്ടലിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ നിലവിൽ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതത് ജില്ലകളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ അവലോകനം നടത്താറുമുണ്ട്. പൊതുമരാമത്ത് വകുപ്പിലും മറ്റ് വിഭാഗങ്ങളിലെ പ്രവൃത്തികളുമായി (ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്) ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുംവേണ്ടി കെട്ടിട വിഭാഗത്തിനുകീഴിൽ കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥരോടൊപ്പം മരാമത്ത് പ്രവൃത്തികളിൽ എം.എൽ.എ.-മാരുടെകൂടി മേൽനോട്ടം സാധ്യമാക്കുന്ന തരത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിൽ രൂപീകരിച്ചിട്ടുള്ളതും ആയതിൽ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളുടെ അവലോകനം നടത്താറുമുണ്ട്. പ്രവൃത്തികളിൽ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ തേടുന്നതിനും അവരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രവൃത്തികൾ അഴിമതിരഹിതമാക്കുന്നതിനും ഗുണനിലവാരം നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുംകൂടി എം.എൽ.എ.-മാരെ ഭാഗമാക്കുന്ന കാര്യം പരിശോധിക്കുമോ?

പ്രവൃത്തികൾ അഴിമതിരഹിതമാക്കുന്നതിനും ഗുണനിലവാരം നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുംവേണ്ടി പൊതുമരാമത്ത് വകുപ്പിൽ ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചുകൊണ്ട് 5-1-2018-ൽ സ.ഉ.(കൈ)നം.01/2018/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി ബന്ധപ്പെട്ട എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

## കോഴിക്കോട്- കൊല്ലഗൽ ദേശീയപാത വികസനം

103 (1236) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 766 കോഴിക്കോട്-കൊല്ലഗൽ ദേശീയപാത വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് കൊല്ലഗൽ ദേശീയപാത 766-ന്റെ ഭാഗമായ കോഴിക്കോട് മുതൽ സംസ്ഥാന അതിർത്തിയായ മുത്തങ്ങ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തിയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) മലാപ്പറമ്പ്-പുതുപ്പാടി റീച്ചിൽ വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മലാപ്പറമ്പ് മുതൽ പുതുപ്പാടി വരെയുള്ള ഭാഗത്തിന്റെ പദ്ധതി രൂപരേഖ M/s. Mukesh Associates, Salem എന്ന കൺസൾട്ടൻസിയാണ് തയ്യാറാക്കുന്നത്. പ്രസ്തുത ഭാഗത്തിന്റെ അലൈൻമെന്റിന് MoRTH-ൽനിന്നും ഇൻ-പ്രിൻസിപ്പൽ അപ്രൂവൽ ലഭിക്കുകയും ആയതിന്റെ ഫൈനൽ അലൈൻമെന്റ് 16-9-2021-ന് പബ്ലിക് കൺസൾട്ടേഷൻ നടത്തുകയുമുണ്ടായി. അതിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുൾപ്പെടുത്തി ഫൈനൽ അലൈൻമെന്റ് സമർപ്പിക്കുവാൻ കൺസൾട്ടൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭാഗത്തിനോടൊപ്പം കൊടുവള്ളി, താമരശ്ശേരി ബൈപ്പാസുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പുതുപ്പാടി-മുത്തങ്ങ റീച്ചിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

പുതുപ്പാടി മുതൽ മുത്തങ്ങവരെയുള്ള ഭാഗത്തിന്റെ ഫൈനൽ അലൈൻമെന്റിന് MoRTH-ൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. CALA നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) അടിവാരം-ഏഴാം വളവ് ബദൽപാത പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അടിവാരം-ഏഴാംവളവ് ബദൽ പാത പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**കാസർഗോഡ്-തിരുവനന്തപുരം ദേശീയപാതവികസനം**

104 (1237) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാതയുടെ വികസനത്തിന്റെ ഭാഗമായി എത്ര പ്രവൃത്തികളാണ് (റീച്ചുകൾ) ടെണ്ടർ ചെയ്തിട്ടുള്ളതെന്നും ഇനിയും സ്ഥലം ഏറ്റെടുക്കാനുള്ളത് എവിടെയൊക്കെയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ്- തിരുവനന്തപുരം ദേശീയപാതയുടെ വികസനത്തിന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 66-ന്റെ വികസന പ്രവൃത്തികളിൽ അരൂർ-തുറവൂർ റീച്ച് ഒഴികെ എല്ലാ പ്രവൃത്തികളും ഈ സാമ്പത്തികവർഷം അവാർഡ് ചെയ്യാനാണ് ദേശീയപാത അതോറിറ്റി ഉദ്ദേശിക്കുന്നത്.

**കൊച്ചി-തേനി ഗ്രീൻഫീൽഡ് കോറിഡോർ**

105 (1238) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പ്രോജക്ടിലുൾപ്പെട്ട എൻ.എച്ച്. 85 കൊച്ചി-തേനി ഗ്രീൻഫീൽഡ് കോറിഡോറിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറായിട്ടുണ്ടോ; ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഡി.പി.ആർ. തയ്യാറാക്കുന്നതിന് M/s. TPF Getinsa Euroestudios S.L. in JV with TPF Engineering Private Limited എന്ന കമ്പനിയെയാണ് ദേശീയപാത അതോറിറ്റി നിയോഗിച്ചിരിക്കുന്നത്. സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഗ്രീൻഫീൽഡ് കോറിഡോറിന്റെ അലൈൻമെന്റിൽ തൃപ്പൂണിത്തുറ ബൈപ്പാസിനെ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃപ്പൂണിത്തുറ ബൈപ്പാസിനായി ഏറ്റെടുത്ത ഭൂമി ഗ്രീൻ ഫീൽഡ് അലൈൻമെന്റിന്റെ ഭാഗമാക്കാനാവുമോ എന്നത് എൻ.എച്ച്.എ.ഐ. പരിശോധിക്കുന്നുണ്ട്.

(സി) ഗ്രീൻഫീൽഡ് കോറിഡോറിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ഉദ്യോഗസ്ഥ സംഘത്തെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഡി.പി.ആർ. ചർച്ച ചെയ്യുന്നതിനായി പ്രദേശത്തെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി.പി.ആർ. കൺസൾട്ടന്റ് കമ്പനി സർവ്വേ/ഡിസൈൻ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ആയത് ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ അവലോകനം ചെയ്തുവരുന്നു.

## കോഴിക്കോട് കൊല്ലഗൽ ദേശീയപാത -766 പരിഷ്കരണം

106 (1239) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൊല്ലഗൽ ദേശീയപാത-766 പരിഷ്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കാമോ?

കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766-മലാപ്പറമ്പ് മുതൽ സംസ്ഥാന അതിർത്തിയായ മുത്തങ്ങ വരെ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) 13 മീറ്റർ വീതിയിലാണോ 45 മീറ്റർ വീതിയിലാണോ റോഡ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഏകദേശം 15m മുതൽ 18m Right of Way-യോടുകൂടിയ പാതയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പാതയ്ക്ക് കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മിക്കുന്ന വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മലാപ്പറമ്പ് മുതൽ മുത്തങ്ങ വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയാക്കി വികസിപ്പിക്കുന്ന പ്രവൃത്തിയിൽ കുന്ദമംഗലം ബൈപ്പാസ് നിർമ്മാണം ഉൾപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശീയപാതയിലെ അറ്റകുറ്റപ്പണി

107 (1240) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുകൂടി കടന്നുപോകുന്ന ദേശീയപാതയിലെ അറ്റകുറ്റപ്പണിയുടെ ചുമതല ദേശീയപാത അതോറിറ്റി (എൻ.എച്ച്.എ.ഐ.) ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നം. 1506(E), 1507(E) പ്രകാരം കേരളത്തിലൂടെ പോകുന്ന NH-66, NH-744, NH-966 എന്നീ ദേശീയപാതകൾ വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ദേശീയപാതകളിൽ അറ്റകുറ്റപ്പണി ആവശ്യമായിടത്ത് അവ നടത്താത്തതുകാരണം സഞ്ചാരം ദുഷ്കരമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുനരുദ്ധാരണവും അറ്റകുറ്റപ്പണിയും നടത്തി യാത്രാക്ലേശം ഒഴിവാക്കാൻ വേണ്ട നടപടിയുണ്ടാകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ ദേശീയപാതയിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടെങ്കിലും അതിന് കാലതാമസമുണ്ടായതിനാൽ ദേശീയപാത വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നമുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഫണ്ട് അനുവദിക്കാമെന്നും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തന്നെ പ്രവൃത്തി നടപ്പിലാക്കണമെന്ന് തീരുമാനമെടുക്കുകയും അതുപ്രകാരം അറ്റകുറ്റപ്പണികൾ ദേശീയപാതാ വിഭാഗം തന്നെ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(സി) ദേശീയപാതയിൽ ടോൾ പിരിവിൽ കാണിക്കുന്ന കാര്യക്ഷമത നിലവിലെ പാതയുടെ പരിപാലനത്തിൽ കാണിക്കാത്തതിൽ എൻ.എച്ച്.എ.ഐ.-യുടെ നിലപാട് തിരുത്തിക്കാൻവേണ്ട സമ്മർദ്ദമുണ്ടാകുമോയെന്ന് അറിയിക്കാമോ?

ദേശീയപാതയുടെ നിർമ്മാണത്തിലും പരിപാലനത്തിലും ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ പൊതുമരാമത്ത് മന്ത്രിയും പൊതുമരാമത്ത് സെക്രട്ടറിയും യോഗങ്ങൾ നടത്താറുണ്ട്. 14-7-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാതാ വികസനം സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്.

## നാദാപുരം റസ്റ്റ്ഹൗസ് വിപുലീകരണം

108 (1241) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം റസ്റ്റ്ഹൗസ് വിപുലീകരണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നാദാപുരം റസ്റ്റ്ഹൗസിന്റെ ആർക്കിടെക്ച്ചർ ഡ്രോയിംഗ് തയ്യാറാക്കുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. അഞ്ച് കോടി രൂപയുടെ ഭരണാനുമതി എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത റസ്റ്റ്ഹൗസ് വിപുലീകരണത്തിന്റെ ഡിസൈൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഡിസൈൻ ലഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, മണ്ണ് പരിശോധനാ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ, ടെന്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് അന്തിമ ഡിസൈൻ തയ്യാറാക്കുന്നതാണ്.

## പൊതുമരാമത്ത് റസ്റ്റ്ഹൗസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

109 (1242) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റസ്റ്റ്ഹൗസുകൾ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തസ്തിക സൃഷ്ടിക്കപ്പെടാത്ത റസ്റ്റ്ഹൗസുകളിൽ സ്ഥിരജീവനക്കാരെ നിയമിക്കുന്നതിന് തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ക്ലാസ് -1 റസ്റ്റ്ഹൗസുകളിൽ ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റസ്റ്റ്ഹൗസുകളുടെ സുഗമമായ പ്രവർത്തനത്തിനായി മാനേജർ, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, മറ്റ് തസ്തികകൾ എന്നിവയുൾപ്പടെ 661 തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയിന്മേൽ സംസ്ഥാന ഖജനാവിന് അധികഭാരം ചുമത്താതെ, റസ്റ്റ്ഹൗസുകളിൽ ഈടാക്കുന്ന ചാർജ്ജുകളിൽനിന്നും ജീവനക്കാരുടെ ശമ്പളഭാരം പൂർണ്ണമായും വഹിക്കാവുന്നതാണെന്ന വ്യവസ്ഥയിൽ, റസ്റ്റ്ഹൗസുകളുടെ പ്രവർത്തനത്തിന് ചുരുങ്ങിയതും അത്യന്താപേക്ഷിതവുമായ തസ്തികകളിൽ നിലവിലെ നിയമങ്ങൾക്ക് വിധേയമായി കരാറടിസ്ഥാനത്തിൽ നിയമനം നൽകുവാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) റസ്റ്റ്ഹൗസുകളിൽ സർക്കാർ ജീവനക്കാർക്ക് റൂമുകൾ വാടകയ്ക്ക് നൽകുമ്പോൾ പെൻ നമ്പർ മാത്രം നൽകിയാൽ അടയ്ക്കേണ്ട വാടകയുടെ തുക രേഖപ്പെടുത്തുന്ന രീതിയിൽ സോഫ്റ്റ്‌വെയർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## തൃശ്ശൂർ, പൊതുമരാമത്ത് (റോഡ്സ്) ആഫീസ് നവീകരണം

110 (1243) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് (റോഡ്സ്) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന കെട്ടിടസമുച്ചയത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആഫീസിന്റെ പുനരുദ്ധാരണത്തിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ഉണ്ട്. പുനരുദ്ധാരണത്തിനുള്ള നിർദ്ദേശം ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ പി.ഡബ്ല്യൂ.ഡി. ഓഫീസുകൾ അനുവദിക്കൽ

111 (1244) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിയമസഭ സാമാജികർ ഉൾപ്പെടെയുള്ളവർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി പുതിയ കാര്യാലയങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് വിശദമായ ശിപാർശ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ?

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ വിശദമായ റിപ്പോർട്ട് ശിപാർശ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശം നൽകുമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത ജില്ലയിൽ പുതിയ ഓഫീസുകൾ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് നവീകരണം

112 (1245) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പണിയുടെ പുരോഗതി വിശദീകരിക്കുമോ?

തൃശ്ശൂർ ജില്ലയിലെ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പ്രവൃത്തിക്ക് 20 കോടി രൂപയുടെ ഭരണാനുമതിയും 31.23 കോടി രൂപയുടെ കിഫ്ബി സാമ്പത്തികാനുമതിയും ലഭ്യമായതും 27.40 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്ന പ്രസ്തുത റോഡിൽ കാനകളുടെയും കലുങ്കുകളുടെയും പാർശ്വ സംരക്ഷണ ഭിത്തികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12-12-2021 ആണ്.

**ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുക്കൽ നടപടി**

113 (1246) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള എൻ.എച്ച്. പാതയിൽ ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ബാലരാമപുരം-വഴിമുക്ക് റോഡ് വികസനവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിയുടെ ഭാഗമായി 11 (1) വിജ്ഞാപനം റോഡിന്റെ ഇടതുഭാഗം 24-5-2021-ലും വലതുഭാഗം 6-7-2021-ലും പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്മേലുള്ള ആക്ഷേപങ്ങളിൽ കക്ഷികളെ 6-9-2021, 22-9-2021 തീയതികളിൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (എൻ.എച്ച്.), പി.എം.ജി. നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബാലരാമപുരം വഴിമുക്ക് എൻ.എച്ച്. വീതി കൂട്ടുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ?

ഈ നടപടിക്കായി ഏകദേശം 6.68 ഏക്കർ (2.7069 ഹെക്ടർ) സ്ഥലമാണ് ഏറ്റെടുക്കുന്നത്.

(സി) സ്ഥലം വിട്ടുതന്ന ഭൂവുടമകൾക്ക് വസ്തുവിന്റെ വില എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

ഭൂവുടമകൾക്ക് വസ്തുവിന്റെ വില നിർണ്ണയിച്ച് നൽകുന്ന ഘട്ടം വരെയുള്ള നടപടിയായിട്ടില്ല. അവാർഡ് തയ്യാറാക്കുന്ന ഘട്ടത്തിലാണ് ഭൂവില നിശ്ചയിച്ച് തിട്ടപ്പെടുത്തുന്നത്.

(ഡി) വസ്തു ഉടമകൾക്ക് എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; സ്ഥലം വിട്ടുതന്ന വസ്തു ഉടമകൾ എത്രപേരെന്ന് വ്യക്തമാക്കാമോ?

പൊന്നുംവില നടപടികളിൽ ഒരു കക്ഷികൾക്കും തുക അനുവദിച്ചിട്ടില്ലാത്തതും ഒരു കക്ഷികളും ഭൂമി വിട്ടുതന്നിട്ടില്ലാത്തതുമാണ്.

## കാസർഗോഡ് ജില്ലയിലെ ദേശീയപാത 66-ന്റെ പ്രവൃത്തി

114 (1247) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത-66 ആറുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ കാസർകോട് ജില്ലയിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എത്ര റീച്ചുകളായിട്ടാണ് ദേശീയപാത 66-ന്റെ പ്രവൃത്തി നടക്കുന്നതെന്നും ഓരോ റീച്ചും എത്ര കിലോമീറ്ററാണെന്നും എത്ര തുകയ്ക്കാണ് കരാർ ഏറ്റെടുത്തതെന്നും വ്യക്തമാക്കാമോ;

(സി) കരാറിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ എന്തൊക്കെയാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് 4 പ്രവൃത്തികൾ കരാറിലായിട്ടുണ്ട്. ആയതിൽ ഒരു പ്രവൃത്തി നിർമ്മാണ പുരോഗതിയിലാണ്. ബാക്കിയുള്ള 3 പ്രവൃത്തികളുടെ "Appointed Date" തീരുമാനിക്കാനുണ്ട്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഭൂമി വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരം കൊടുക്കാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര പേർക്ക് എത്ര രൂപവീതം കൊടുക്കാനുണ്ടെന്നും അനിശ്ചിതത്വത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ?

അവാർഡ് പാസ്സാക്കിയ കേസുകളിൽ റിക്കാർഡുകളെല്ലാം ഹാജരാക്കിയവർക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് റിക്കാർഡുകൾ ഹാജരാക്കുന്നമുറയ്ക്ക് തുക നൽകുന്നതാണ്. കൂടാതെ എൻ.എച്ച്.എ.ഐ. ഫയൽ ചെയ്ത ആർബിട്രേഷൻ കേസുകളിൽ കക്ഷികൾക്കുള്ള തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. ഏകദേശം 1000 പേർക്ക് 125 കോടി രൂപ നൽകാനുണ്ട്.

(ഇ) ജില്ലയിലെ റീച്ചുകളിൽ എത്ര പാലങ്ങൾ, അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ നിർമ്മിക്കേണ്ടതുണ്ടെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ 4 മേൽപ്പാലങ്ങൾ, 18 VUPs, 6 LVUPs, 7 പ്രധാന പാലങ്ങൾ, 11 ചെറിയപാലങ്ങൾ എന്നിവയുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(എഫ്) ജല അതോറിറ്റിയുടെ പൈപ്പ്ലൈനുകൾ മാറ്റേണ്ടതുണ്ടോയെന്നും സർവ്വീസ് റോഡ് നിർമ്മിക്കേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്രസ്തുത പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**കൊല്ലം തീരദേശ ഹൈവേ**

115 (1248) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീരദേശ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രക്രിയ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലയിൽ തീരദേശ ഹൈവേയിലുൾപ്പെടുന്ന കാപ്പിൽ - പൊഴിക്കര, പൊഴിക്കര - തങ്കശ്ശേരി, തങ്കശ്ശേരി - തിരുമുല്ലവാരം, തിരുമുല്ലവാരം - നീണ്ടകര, ചവറ IRE - അഴീക്കൽ എന്നീ റീച്ചുകളിലായി വരുന്ന 47 കിലോമീറ്ററിൽ നാറ്റ്പാക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. വിശദമായ പദ്ധതിരേഖ തയ്യാറായാൽ (ഡി.പി.ആർ.) മാത്രമേ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാകുകയുള്ളൂ. ആയതിനുശേഷം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പഴയ ദേശീയപാതയുടെ ഭാഗത്തെ പ്രവൃത്തികൾ

116 (1249) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന പഴയ ദേശീയപാതയുടെ ഭാഗത്തെ പ്രവൃത്തികൾക്കായി ഇരുപത്തിരണ്ട് കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിരുന്നോ; എങ്കിൽ അവയുടെ വിശദാംശം ഭരണാനുമതിയുടെ പകർപ്പ് സഹിതം നൽകാമോ?

തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന പഴയ ദേശീയപാതയുടെ ഭാഗത്തായി " Widening & Land Acquisition in Old NH between Ch.357/000 to 359/000" എന്ന പ്രവൃത്തിക്കായി 28-3-2020-ലെ സ.ഉ.(സാധാ) നം. 373/ 2020/പൊ.മ.വ. പ്രകാരം 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായുള്ള ഡി.പി.ആർ. രണ്ട് ഭാഗമായി തയ്യാറാക്കുന്ന നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ?

നിലവിലുള്ള റോഡിന്റെ വീതി, ട്രാഫിക് സർവ്വേ കണക്കിലെടുത്ത് 22.00 മീറ്റർ ആക്കുന്നതിനായി എടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 357/000 മുതൽ 359/00 വരെ റോഡ് വികസിപ്പിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുപ്പുൾപ്പെടെ 91.93 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക മറ്റേതെങ്കിലും പ്രവൃത്തിക്കായി വിനിയോഗിക്കുന്നതിനായുള്ള നിർദ്ദേശം വകുപ്പിനുമുമ്പിൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ തുക മാറ്റുന്നതിനുവേണ്ടി ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നിവേദ v ത്തിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഭരണാനുമതി പ്രകാരം നൽകിയ ഈ തുക പ്രസ്തുത റോഡിന്റെ വികസനത്തിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

(സി-ഇ) കണിയാപുഴ പാലം മുതൽ മാത്തൂർ റെയിൽവേ മേൽപ്പാലം വരെ റോഡിന് സ്ഥലമേറ്റെടുത്ത് വീതി വർദ്ധിപ്പിക്കുന്ന പ്രവൃത്തി അത്യാവശ്യമായതിനാലും നിലവിൽ ഭരണാനുമതി ലഭിച്ച 10 കോടി രൂപ അപര്യാപ്തമായതിനാലും മൊത്തം ആവശ്യമായ 25 കോടി രൂപ ലഭ്യമാക്കുന്നതിന് 15 കോടി രൂപ മേൽ പ്രവൃത്തിയിൽനിന്നും മാറ്റുന്നതിന് ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ എം.എൽ.എ. നിവേദനം നൽകിയിട്ടുണ്ട്. ആയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചുവരുന്നു. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

## റോഡ് വികസനത്തിന്റെ ഭാഗമായി ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട വ്യാപാരികൾക്കുള്ള സഹായം

117 (1250) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) NH-66 റോഡ് വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ പൊളിച്ച് മാറ്റുമ്പോൾ വ്യാപാര സ്ഥാപനങ്ങൾ വാടകയ്ക്ക് നടത്തിയിരുന്ന വ്യാപാരികളുടെ ഏക ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടതിന് വ്യാപാരികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവരെ ഏതുവിധത്തിൽ സഹായിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം ദേശീയപാത അതോറിറ്റി നിശ്ചയിക്കുന്നത് RFCTLARR Act 2013-ലെ ഫസ്റ്റ് & സെക്കന്റ് ഷെഡ്യൂൾ പ്രകാരമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉത്തരവാദിത്ത ടൂറിസം മിഷൻ

118 (1251) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ദെലീമ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത വിനോദസഞ്ചാര മിഷന്റെ ഭാഗമായി അഞ്ഞൂറ് പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുകയെന്ന ബൃഹത് പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ടൂറിസം കേന്ദ്രം എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഈ സാമ്പത്തികവർഷത്തെ ഒരു പ്രധാന അജണ്ടയായ അഗ്രി ടൂറിസം നെറ്റ്‌വർക്ക് എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുണ്ട്. അഗ്രി ടൂറിസം നെറ്റ്‌വർക്കിലൂടെ ഘട്ടംഘട്ടമായി കുറഞ്ഞത് 500 ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ ഇതിനോടകംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൈക്രോ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

(ബി) പ്രാദേശിക സമൂഹത്തെ പ്രത്യക്ഷമായും പരോക്ഷമായും ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ടൂറിസം മേഖലയ്ക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രാദേശികമായി ലഭ്യമാക്കുന്ന തരത്തിൽ പ്രദേശവാസികളെ പര്യാപ്തമാക്കുന്നതിനാവശ്യമായ വിവിധ പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നു. കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം, പേപ്പർ ബാഗ്, തുണി സഞ്ചി, പേപ്പർ/ബാംബൂ സ്ട്രോ, പേപ്പർ/വിത്ത് പേന എന്നിങ്ങനെ വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള പരിശീലനം, പ്രാദേശികമായി കരകൗശല വസ്തുക്കളുണ്ടാക്കുന്നവർക്കുള്ള പരിശീലനം, വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള പരിശീലനം എന്നിവയും ഉത്തരവാദിത്ത ടൂറിസം

മിഷൻ നൽകിവരുന്നു. വിനോദസഞ്ചാരികൾക്ക് പ്രാദേശികമായി താമസം, ഭക്ഷണം എന്നിവ നൽകാൻ താൽപ്പര്യമുള്ളവർക്കുള്ള പരിശീലനം എന്നിവയും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നു. കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ടൂറിസം മേഖലയുമായി സഹകരിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം പരിശീലനം ലഭിച്ചവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ രജിസ്റ്റർ ചെയ്യുന്നു. ഈ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസ്റ്റുകൾക്കും ടൂറിസം വ്യവസായികൾക്കും പൊതുസമൂഹത്തിനും പ്രാദേശിക സേവനങ്ങളും ഉൽപ്പന്നങ്ങളും വാങ്ങാവുന്നതാണ്.

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയുള്ള ടൂർ പാക്കേജുകളെക്കുറിച്ചും ടൂർ പാക്കേജുകൾ ആരംഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ തരത്തിലുള്ള അനുഭവവേദ്യ ടൂറിസം പാക്കേജുകൾ നേരിട്ട് നടത്തിവരുന്നുണ്ട്. ഇതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ടീം പ്രാദേശികമായ ആകർഷണങ്ങൾ, ഗ്രാമീണ ഉപജീവനോപാധികൾ, പ്രാദേശിക ഭക്ഷണം, വിവിധ തരത്തിലുള്ള പ്രാദേശിക യാത്രാ മാർഗ്ഗങ്ങൾ, ഉത്സവങ്ങൾ, കലാപ്രവർത്തനങ്ങൾ എന്നിവയെല്ലാം കണ്ടെത്തി ഇവയെ വിവിധ തരത്തിൽ കോർത്തിണക്കിക്കൊണ്ട് വിനോദസഞ്ചാരികൾക്ക് ആകർഷകമായ പാക്കേജുകൾ തയ്യാറാക്കുന്നു. ഈ പാക്കേജുകൾ നടത്തുന്നതിന് കമ്മ്യൂണിറ്റി ടൂർ ലീഡർമാർക്ക് പരിശീലനം നൽകുന്നു. ഈ പാക്കേജുകളെ മിഷൻ നേരിട്ട് വിവിധ തരത്തിൽ മാർക്കറ്റ് ചെയ്യുന്നു. പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഓൺലൈൻ പ്ലാറ്റ്ഫോം വഴി ബുക്ക് ചെയ്യാവുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ പാക്കേജിന്റെ ഭാഗമായി പ്രവർത്തിക്കുന്നവരെല്ലാം മിഷനിൽ യൂണിറ്റായി രജിസ്റ്റർ ചെയ്ത് പരിശീലനം ലഭിച്ചിട്ടുള്ളവരായിരിക്കും. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാക്കേജുകളെല്ലാം മിഷൻ നേരിട്ടാണ് നടത്തുന്നത്.

## ടൂറിസം മേഖലയുടെ അതിജീവനം

119 (1252) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം പ്രതിസന്ധിയിലായ ടൂറിസം മേഖലയുടെ അതിജീവനത്തിനായി നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

കോവിഡ് 19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡുമൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

റിവോൾവിംഗ് ഫണ്ട് പദ്ധതി - കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റന്റ് സ്കീം - ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണിത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചുവരുന്നു.

(ബി) കോവിഡാനന്തര കേരളത്തിന്റെ സമ്പദ് പ്രതീക്ഷയായ ടൂറിസത്തിന് വ്യവസായ പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

11-7-1986-ലെ G.O.(P) No.224/86/GAD പ്രകാരം കേരള സർക്കാർ ടൂറിസം വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## കാരവൻ വിനോദസഞ്ചാര പദ്ധതി

120 (1253) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ വിനോദസഞ്ചാര പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

കാരവൻ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

ടൂറിസം മേഖലയുടെ സമഗ്ര വികസനം സാധ്യമാക്കുക, കേരളത്തിലെ അൺഎക്സ്പ്ലോർഡായ ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവ വേദ്യമാക്കുക, നിലവിൽ താരതമ്യേന താമസ സൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ ബദൽ സംവിധാനം ഉറപ്പാക്കുക, തദ്ദേശവാസികൾക്ക് തൊഴിലവസരവും വരുമാനവും സൃഷ്ടിക്കുക, ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക, ടൂറിസം കേന്ദ്രമായി ഇതുവരെ അറിയപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുക. മതിയായ യാത്രാസൗകര്യവും താമസസൗകര്യവും ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഒരു ബദൽ മാർഗ്ഗമായാണ് കാരവനും കാരവൻ പാർക്കും അടങ്ങുന്ന കാരവൻ ടൂറിസം പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ശേഖരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പട്ടികയിലുൾപ്പെട്ട കേന്ദ്രങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ പുതുതായി ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) സഞ്ചാരികളെ പ്രകൃതിരമണീയമായ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് ആകർഷിക്കുകയാണോ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കാമോ; എങ്കിൽ മതിയായ യാത്രാസൗകര്യമോ താമസസൗകര്യമോ ഇല്ലാത്ത സ്ഥലങ്ങളിൽ ഇത്തരം അപര്യാപ്തതകൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതെ. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മതിയായ യാത്രാസൗകര്യം ആവശ്യമാണെങ്കിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്. മതിയായ താമസസൗകര്യമില്ലാത്ത കേന്ദ്രങ്ങളിൽ ബദൽ സംവിധാനം ഉറപ്പാക്കുന്നതിനാണ് കാരവൻ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ഇ) ഗ്രാമീണ ടൂറിസത്തിന്റെ സാധ്യതകളും പരിമിതികളും തടസ്സങ്ങളും എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ വ്യക്തമാക്കാമോ?

ഗ്രാമീണ ടൂറിസത്തിന്റെ സാധ്യതകളും പരിമിതികളും തടസ്സങ്ങളും എന്തൊക്കെയാണെന്ന് വകുപ്പ് വിലയിരുത്തി വരുന്നു. കേരളത്തിലെ ഓരോ പഞ്ചായത്തിലെയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാധ്യത പരിശോധിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി യോഗം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. എന്നാൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കുള്ള സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ഉത്തരവാദിത്ത ടൂറിസം മിഷനിൽ ഗ്രാമീണ ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

121 (1254) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് തീർത്ഥാടന മേഖലകളെക്കൂടി പരിഗണിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ തലശ്ശേരി മാസ്റ്റർപ്ലാനിൽ കൊട്ടിയൂർ ക്ഷേത്രം, മൃദംഗ ശൈലേശ്വരി ക്ഷേത്രം, തൊടിക്കളം ക്ഷേത്രം മുതലായ തീർത്ഥാടന കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാലടി-മലയാറ്റൂർ- ആതിരപ്പള്ളി മാസ്റ്റർപ്ലാനിൽ മലയാറ്റൂർ പള്ളി ഉൾപ്പെടെയുള്ള അനുബന്ധ തീർത്ഥാടന മേഖലകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് സംവിധാനം ഒരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ " കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലെറ്റ് ബ്ലോക്ക്" എന്ന പേരിൽ ടോയ്‌ലെറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ്‌ലെറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കിറ്റ്കോയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട്കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ഭട്ട് റോഡ് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൂക്കോട്, കൊല്ലം, ആലപ്പുഴ, വർക്കല, പയ്യാമ്പലം, കാരാപ്പുഴ, ശംഖുമുഖം, മൂന്നാർ എന്നീ വർക്കുകൾ കോൺട്രാക്ടർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ബേക്കൽ, കോഴിക്കോട് ഭട്ട് റോഡ്, ഫോർട്ട്കൊച്ചി എന്നീ മൂന്ന് വർക്കുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. മലമ്പുഴപദ്ധതിക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കേണ്ടതുണ്ട്. ശംഖുമുഖം, കൊല്ലം, ആലപ്പുഴ, വർക്കല, ഫോർട്ട്കൊച്ചി, പയ്യാമ്പലം, ബേക്കൽ എന്നീ പദ്ധതികൾക്ക് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളെയും രാജ്യത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളെയും കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകുന്നതിനും സർക്കാർ നിയന്ത്രണത്തിൽ വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിനും മുൻകയ്യെടുക്കുമോ; വിശദമാക്കുമോ?

കേരളത്തെ അന്താരാഷ്ട്ര ആഭ്യന്തര വിനോദസഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുന്നതിന്റെ ഭാഗമായി 2021-ലെ ബഡ്ജറ്റിൽ താഴെപ്പറയുന്ന രണ്ട് ബൃഹത് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. <u>മലബാർ ലിറ്ററി സർക്യൂട്ട്</u> - മലയാള സാഹിത്യത്തിലെ അതികായന്മാരായ തുഞ്ചത്തെഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻസ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി,

തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. ഭാരതപ്പുഴയെയും സാഹിത്യത്തെയും കോർത്തിണക്കി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലബാർ ലിറ്റററി സർക്യൂട്ട് എന്ന ടൂറിസം പദ്ധതിയാണ് പുതിയ സാധ്യതകളിലേയ്ക്ക് വഴിതുറക്കുന്നത്. മലയാള ഭാഷാ പിതാവിന്റെ തുഞ്ചൻപറമ്പ് മുതൽ കൽപാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേയ്ക്ക് ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃക സ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടി.-യുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്.

2. <u>ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്</u> - കൊല്ലം ജില്ലയിലെ അഷ്ടമുടി കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ച് കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തനുണർവ്വുണ്ടാക്കും. പത്തനംതിട്ട ജില്ലയിലെ മാന്നാർ- ചെങ്ങന്നൂർ-ആറന്മുള എന്നീ പ്രദേശങ്ങളെ കോർത്തിണക്കിക്കൊണ്ട് റൂറൽ ആർട് & ക്രാഫ്റ്റ് സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതി പരിഗണനയിലുണ്ട്. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളെയും രാജ്യത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളേയും കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകുന്നതിനും സർക്കാർ നിയന്ത്രണത്തിൽ വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിനുമുള്ള പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

## മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി

122 (1255) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെപ്പറയുന്നു.

ഭരണാനുമതി നൽകി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയ പഴയങ്ങാടി ബോട്ട് ടെർമിനൽ പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയും ഡി.ടി.പി.സി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

| | |
|---|---|
| മൈനർ ബോട്ട് ടെർമിനൽ, മടക്കര | 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| പട്ടുവം മേജർ ബോട്ട് ടെർമിനൽ | 74% പ്രവൃത്തി പൂർത്തീകരിച്ചു. |
| മുതുകുട ബോട്ട് ജെട്ടി | 65% പ്രവൃത്തി പൂർത്തീകരിച്ചു. |
| തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ | 70% പ്രവൃത്തി പൂർത്തീകരിച്ചു. |
| താവം ബോട്ട് ജെട്ടി | 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| മൈനർ ബോട്ട് ടെർമിനൽ, മാട്ടൂൽ സൗത്ത് | 40% പ്രവൃത്തി പൂർത്തീകരിച്ചു. |
| മൈനർ ബോട്ട് ടെർമിനൽ, മാട്ടൂൽ നോർത്ത് | 72% പ്രവൃത്തി പൂർത്തീകരിച്ചു. |
| മൈനർ ബോട്ട് ടെർമിനൽ, വാടിക്കൽ | 72% പ്രവൃത്തി പൂർത്തീകരിച്ചു. |
| മൈനർ ബോട്ട് ടെർമിനൽ, ചെറുകുന്ന് | 78% പ്രവൃത്തി പൂർത്തീകരിച്ചു. |
| മൈനർ ബോട്ട് ടെർമിനൽ, മുട്ടിൽ | പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു. |

ബോട്ടുജെട്ടികളുടെ നിർമ്മാണം ഇൻലാന്റ് നാവിഗേഷൻ വകുപ്പാണ് ചെയ്യുന്നത്. KEL-നെ ചുമതലപ്പെടുത്തിയ മറ്റ് അനുബന്ധ പ്രവൃത്തികൾ സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമായതിനുശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## ലോകനാർക്കാവ് ടെമ്പിൾ പിൽഗ്രിം ടൂറിസം പദ്ധതി

123 (1256) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് ടെമ്പിളിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് ടെമ്പിൾ, കോഴിക്കോട് എന്ന പദ്ധതിക്ക് 19-10-2020-ൽ 3.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഡി.റ്റി.പി.സി., കോഴിക്കോട് മുഖേന SILK Limited-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ SILK Limited ഈ പദ്ധതിയിൽനിന്ന് പിൻമാറുന്നുവെന്ന് അറിയിക്കുകയുണ്ടായി. ആയത് പരിശോധിച്ച് പുതിയ പി.എം.സി.-യെ തെരഞ്ഞെടുത്ത് പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി ലോകനാർക്കാവ് ക്ഷേത്രം എന്ന ഘടകത്തിനായി 09-8-2020-ൽ 6,69,28,524 രൂപയുടെ അംഗീകാരം കിഫ്ബിയിൽനിന്നും ലഭിച്ചു. മ്യൂസിയം ഒഴികെയുള്ള ഘട്ടങ്ങൾക്ക് 3,91,50,000 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചു. നിലവിൽ വർക്ക് അവാർഡ് ചെയ്യുകയും 17-6-2021-ൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തു. കൺസൾട്ടന്റ് ആർക്കിടെക്ടിൽനിന്നും ജി.എഫ്.സി. ഡ്രോയിംഗ്സ് ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

പദ്ധതിയുടെ നിർവ്വഹണ ഏജൻസി പിൻമാറിയത് താൽക്കാലികമായി തടസ്സമുണ്ടാക്കിയിട്ടുണ്ട്.

(സി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതിക്കായി പുതിയ പി.എം.സി.-യെ തെരഞ്ഞെടുത്ത് അടിയന്തരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോന്നി സഞ്ചായത്ത് കടവ് ടൂറിസം പദ്ധതി

124 (1257) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന സഞ്ചായത്ത് കടവ് ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതി എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് മുഖേന ടി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി സമർപ്പിക്കുന്നതിന് ഇക്കോടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കേരള ടൂറിസത്തിന് പുതിയ ദിശാബോധം

125 (1258) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര കാലത്ത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ സാധ്യതയായ ടൂറിസം വളർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധ തരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

" ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും ഓൺലൈൻ ഉൾപ്പെടെയുള്ള സമൂഹമാധ്യമങ്ങളിലൂടെയുമാണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.

പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ:

1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ
2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ & മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.
3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ - നാഷണൽ ടി.വി.
4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ
5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ.

തദ്ദേശീയരെ ലക്ഷ്യമാക്കി "കേരളം കാണാം" എന്ന ക്യാമ്പയിൻ സമൂഹമാധ്യമങ്ങൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ, കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡേയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാർ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാ നിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹമാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമതെത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്.

കാരവൻ ടൂറിസം- നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മൊബൈൽ ആപ്പ് - സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കാൻ സംരംഭകർക്കും ത്രിതല പഞ്ചായത്തുകൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകാൻ നടപടിയുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ത്രിതല പഞ്ചായത്ത് പ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകി വരുന്നുണ്ട്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ടവരെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്റ്റേറ്റ് ലെവൽ ആർ.പി.മാരാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ടൂറിസം സംരംഭങ്ങൾ തുടങ്ങുവാൻ താൽപ്പര്യമുള്ളവർക്ക് വിവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകിവരുന്നു. ഈ പരിശീലനങ്ങളെല്ലാം തികച്ചും സൗജന്യമാണ്.

**ടൂറിസം മേഖലയുടെ പുനരുജ്ജീവനം**

126 (1259) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം സംസ്ഥാനത്തെ ടൂറിസം മേഖലയിൽ 2020-21 സാമ്പത്തികവർഷവും നടപ്പുവർഷം നാളിതുവരെയും എത്ര കോടി രൂപയുടെ നഷ്ടമാണുണ്ടായതെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. 2019 കലണ്ടർ വർഷം വിദേശനാണ്യ വരുമാനം 10,271.06 കോടി രൂപയായിരുന്നത് 2020-ൽ 2,799.85 കോടി രൂപയായി കുറഞ്ഞു (7,471.21 കോടി രൂപയുടെ കുറവ്). 2020 കലണ്ടർ വർഷത്തിലെ ആകെ വരുമാനം 11,335.96 കോടി രൂപയാണ് (74.814 ശതമാനം കുറവ്). അതായത് 2020 കലണ്ടർ വർഷത്തെ ടൂറിസം മേഖലയിലെ ആകെ നഷ്ടം (ഡയറക്ട് + ഇൻഡയറക്ട്) ഏകദേശം 33,500 കോടി രൂപയുടേതാണെന്ന്കളിലാണ്. 2021 കലണ്ടർ വർഷത്തെ ജൂൺ വരെയുള്ള വിനോദസഞ്ചാരികളുടെ വരവിന്റെ സ്ഥിതിവിവര കണക്കുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2019-ലെ സഞ്ചാരികളുടെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 12,000 കോടിയോളം രൂപയുടെ നേരിട്ടുള്ള നഷ്ടം (Direct Loss) ഉണ്ടായതായും അനുമാനിക്കുന്നു.

(ബി) കോവിഡ് പ്രതിസന്ധിയിൽനിന്ന് സംസ്ഥാനത്തെ ടൂറിസം മേഖല അതിവേഗം തിരിച്ചുവരുന്നതായി കരുതുന്നുണ്ടോ; വിശദാംശം നൽകുമോ?

രാജ്യാന്തരതലത്തിലും ദേശീയതലത്തിലും കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിലൂടെയും അന്താരാഷ്ട്ര വിമാന സർവ്വീസുകൾ തുറന്നുകൊടുക്കുന്നതോടുകൂടിയും ടൂറിസം രംഗം കൂടുതൽ കരുത്താർജ്ജിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുതകുന്ന തരത്തിലുള്ള വിവിധ പ്രചാരണ ക്യാമ്പയിനുകളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നത്. കോവിഡ്

മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധ തരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാ നിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി "പോസ്റ്റ് കോവിഡ് റീ അഷ്വറൻസ്" ക്യാമ്പയിൻ സമൂഹമാധ്യമങ്ങളിലൂടെയും ഓൺലൈൻ ഡിജിറ്റൽ മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമതെത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. കാരവൻ ടൂറിസം - നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൊബൈൽ ആപ്പ്- സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുമുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്ന് നടപടികൾ

സ്വീകരിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സമഗ്ര കാരവൻ ടൂറിസം നയം സന്ദർശകരെ ആകർഷിക്കാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ ആകർഷിക്കാൻ ഏറ്റവും പര്യാപ്തമായ ഒരു ടൂറിസം ഉൽപ്പന്നമായാണ് കാരവൻ ടൂറിസം പദ്ധതി അവതരിപ്പിക്കുന്നത്. മാറിയ സാഹചര്യങ്ങളിൽ ഏറെ തിരക്കുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാത്രമല്ല താരതമ്യേന അപ്രശസ്തമായതും എന്നാൽ മികവുറ്റതുമായ കേന്ദ്രങ്ങളിലേയ്ക്കും സഞ്ചരിക്കാൻ വിനോദസഞ്ചാരികൾ താൽപ്പര്യപ്പെടുമെന്ന് വിലയിരുത്തുന്നു. അങ്ങനെയുള്ള കേന്ദ്രങ്ങളിൽ മികച്ച താമസസൗകര്യങ്ങൾ കുറവായിരിക്കും. ആ കുറവ് നികത്താൻ കാരവൻ ടൂറിസത്തിലെ താമസസൗകര്യം ഉപയുക്തമായിരിക്കും. ലോകത്തിന്റെ പല ഭാഗങ്ങളിലും കാരവൻ ടൂറിസം വളരെയേറെ സഞ്ചാരപ്രിയർ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന്റെ ഭൂപ്രകൃതിയും സംസ്കാരവും ഭക്ഷ്യവൈവിധ്യവും ഏറ്റവും മികച്ച രീതിയിൽ സഞ്ചാരികൾക്ക് കാഴ്ചവയ്ക്കാൻ കാരവൻ ടൂറിസത്തിലൂടെ കഴിയുമെന്ന് വിലയിരുത്തുന്നു.

(ഇ) ആഭ്യന്തര ടൂറിസ്റ്റുകൾക്ക് സംസ്ഥാനത്തെ റസ്റ്റ്ഹൗസുകളുടെ ഉപയോഗസാധ്യതകൂടി പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

## കോവിഡാനന്തര കാലത്തെ ടൂറിസം വികസനം

127 (1260) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായ ടൂറിസം രംഗം പൂർവ്വസ്ഥിതിയിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കോവിഡ് 19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത്

വിനോദസഞ്ചാര മേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ച് നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡുമൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ ധനസഹായ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

റിവോൾവിംഗ് ഫണ്ട് പദ്ധതി - കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റന്റ് സ്കീം - ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണിത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് സാഹചര്യത്തിൽ പ്രോട്ടോക്കോൾ പാലിച്ച് പരമാവധി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതി ആരംഭിക്കുമോയെന്ന് അറിയിക്കാമോ?

നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായ യാത്രാനുഭവം പ്രദാനം ചെയ്യാൻ സമ്പൂർണ്ണ വാക്സിനേഷൻ എന്ന ലക്ഷ്യം മുൻനിർത്തി രംഗത്തെ വ്യവസായികളുമായി ചേർന്ന് നിരവധി വാക്സിനേഷൻ ക്യാമ്പുകൾ ടൂറിസം വകുപ്പ് സംഘടിപ്പിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ഒരു ബയോബബിൾ സംരക്ഷണം ഉറപ്പാക്കാനും ടൂറിസം വകുപ്പിന് സാധിച്ചു. വിനോദസഞ്ചാരികളെ കോവിഡിൽനിന്നും പരമാവധി സുരക്ഷിതരാക്കാൻ കാര്യക്ഷമവും സൂക്ഷ്മവുമായ ബയോബബിൾ മാതൃകയിലുള്ള ഈ സംവിധാനം വഴി കഴിഞ്ഞു. കേരളത്തിലെ ഏത് വിമാനത്താവളത്തിലും ഇറങ്ങുന്ന

വിനോദസഞ്ചാരികൾ പ്രതിരോധ കുത്തിവയ്പ്പെടുത്ത ജീവനക്കാരുമായി മാത്രം ഇടപഴകുന്ന തരത്തിലാണ് ബയോബബിളിന്റെ സംരക്ഷണ വലയം. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

"ചെയ്ഞ്ച് ഓഫ് എയർ" എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും ഓൺലൈൻ ഉൾപ്പെടെയുള്ള സമൂഹമാധ്യമങ്ങളിലൂടെയുമാണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.

<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>:

1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ

2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.

3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി

4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആൻഡ് ക്യാമ്പയിൻ

5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ. തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സമൂഹമാധ്യമങ്ങൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ, കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വെർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡേയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളമെന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമതെത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക്

ക്യാമ്പയിനും നടത്തിവരികയാണ്. നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശീയ ചെറുകിട ടൂറിസം പദ്ധതികൾക്കുകൂടി പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തദ്ദേശീയ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെയും പ്രാദേശിക പങ്കാളിത്തത്തോടെയുമാണ് നടപ്പിലാക്കുന്നത്.

**ട്രൈബൽ, ഇക്കോ ടൂറിസം പദ്ധതികൾ**

128 (1261) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ ടൂറിസത്തെ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ പരിഗണനയിലുണ്ട്; വിശദമാക്കാമോ?

ട്രൈബൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് വയനാട്ടിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് എൻ-ഊരു- ട്രൈബൽ ഡെവലപ്മെന്റ് കം ടൂറിസം. ഈ പദ്ധതിക്കായി 4,53,65,000 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളാണ് ട്രൈബൽ ഇന്റർപ്രെട്ടേഷൻ സെന്റർ, ആർട് & ക്രാഫ്റ്റ് വർക്ക്ഷോപ്പ്, കഫറ്റീരിയ, ആംഫീതിയേറ്റർ, ഹെറിറ്റേജ് വാക്/ലാന്റ്സ്കേപ്പ്, ഇന്റീരിയർ വർക്സ്, ഇലക്ട്രിക്കൽ & പ്ലംബിംഗ് വർക്സ്, സി.സി.ടി.വി. എന്നിവ. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് ട്രൈബൽ കമ്മ്യൂണിറ്റിക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കും.

(ബി) ട്രൈബൽ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ട്രൈബൽ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിനായി നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഇതിന്റെ ടൂറിസം സാധ്യത കണക്കിലെടുത്ത് ആർ.ടി. മിഷനുമായി ബന്ധപ്പെടുത്തി പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

(സി) ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിനായി www.keralatourism.org/ecotourism എന്ന മൈക്രോ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എഴുപതോളം ഇക്കോ ടൂറിസം കേന്ദ്രങ്ങളുൾപ്പെടുത്തി ഇക്കോ ടൂറിസം ബ്രോഷർ തയ്യാറാക്കിയിട്ടുണ്ട്. ടി ബ്രോഷർ ഇന്ത്യയിലെ വിവിധ ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, വനം വകുപ്പ് എന്നിവർക്ക് ഇതിനോടകം അയച്ചുനൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം ട്രേഡ് ഫെയറുകളിലും ഇക്കോ ടൂറിസത്തെ വിപണനം ചെയ്തുവരുന്നുണ്ട്.

## ചെന്നൈയിൽ കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം

129 (1262) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈയിൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ടൂറിസം വകുപ്പ് സ്ഥാപനമായ റെയിൻഡ്രോപ്സ് സ്ഥിതി ചെയ്യുന്നിടത്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് മുമ്പ് കേരള സർക്കാരിന് എത്ര ഏക്കർ സ്ഥലമുണ്ടായിരുന്നു; ഈ സ്ഥലം ആർക്കൊക്കെയാണ് പാട്ടത്തിന് കൊടുത്തിട്ടുള്ളത്; വിശദ വിവരങ്ങൾ അറിയിക്കുമോ;

(ഇ) പാട്ടത്തിന് കൊടുത്തതല്ലാതെ ഏതെങ്കിലും ഗവൺമെന്റ്/ പ്രൈവറ്റ് സ്ഥാപനങ്ങൾ സ്ഥലം കയ്യേറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ-ഇ) തുള്ളോക്ക് ഗാർഡൻ ചെന്നൈ, നുങ്കമ്പാക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ 8 ഏക്കർ സ്ഥലം കേരള സർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതിൽ 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും നൽകിയിട്ടുണ്ട്. ബാക്കിയുള്ളതിൽ 1.40 ഏക്കർ സ്ഥലം മൂന്ന് വശത്തുള്ള റോഡുകൾക്കും തമിഴ്നാട് പോലീസ് ക്വാർട്ടേഴ്സിനും കയ്യേറിയതായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 0.55 ഏക്കർ സ്ഥലം ഹോട്ടൽ നടത്തുന്നതിന് കെ.ടി.ഡി.സി.-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ഡി) പാട്ടത്തുക കൃത്യമായി ലഭിക്കുന്നുണ്ടോ; പാട്ട കാലാവധി എന്നുവരെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കെ.ടി.ഡി.സി. പാട്ടത്തുക നാളിതുവരെ നൽകിയിട്ടില്ല.

## ടൂറിസം കേന്ദ്രങ്ങളിലെ നിയന്ത്രണങ്ങൾ

130 (1263) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ ലഭിക്കാത്ത പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികൾ മുതിർന്നവരോടൊപ്പം ടൂറിസം കേന്ദ്രങ്ങളിൽ പോകുന്നതിന് നിയന്ത്രണങ്ങളുണ്ടോ?

വാക്സിനേഷൻ നടത്താത്ത പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് മുതിർന്നവരോടൊപ്പം ടൂറിസം കേന്ദ്രങ്ങളിൽ പോകുന്നതിന് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

(ബി) കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ടൂറിസം കേന്ദ്രങ്ങളിൽ സ്വീകരിച്ച മുൻകരുതലുകളെക്കുറിച്ച് വ്യക്തമാക്കാമോ?

വിനോദസഞ്ചാരികളെ കോവിഡിൽനിന്നും പരമാവധി സുരക്ഷിതരാക്കാൻ കാര്യക്ഷമവും സൂക്ഷ്മവുമായ ബയോബബിൾ മാതൃകയാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നത്. സഞ്ചാരികളെ സ്വീകരിക്കുകയും ആതിഥേയത്വം വഹിക്കുകയും ചെയ്യുന്ന സേവന ദാതാക്കളടക്കം ഉൾക്കൊള്ളുന്നതാണ് ഈ സംവിധാനം. ബയോബബിളിനകത്തുള്ളവർ വാക്സിനേഷൻ സ്വീകരിച്ചവരായിരിക്കും. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ആളുകൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകാൻ ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ കോവിഡ്-19 വാക്സിനേഷൻ പരിപാടിയിൽ വിനോദസഞ്ചാര മേഖലയിലുള്ളവർക്ക് പ്രത്യേക മുൻഗണന നൽകിവരുന്നുണ്ട്.

## ടൂറിസത്തിന് വ്യവസായത്തിന്റേതായ ആനുകൂല്യങ്ങൾ

131 (1264) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും വ്യവസായങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ടൂറിസത്തിന് ലഭിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും അംഗീകാരമുള്ള ടൂറിസം വ്യവസായ സംരംഭക യൂണിറ്റുകൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു.

(ബി) വൈദ്യുതി, റവന്യൂ വകുപ്പുകളും ബാങ്കുകളും ചെറുകിട വ്യവസായങ്ങൾക്ക് നൽകുന്ന എല്ലാ സൗകര്യങ്ങളും ടൂറിസം പദ്ധതികൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ടൂറിസത്തിന് വ്യവസായ പദവിക്കനുസൃതമായ ആനുകൂല്യങ്ങൾ

132 (1265) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായ ടൂറിസത്തെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും ആനുകൂല്യങ്ങളും നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്-19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ച് നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡുമൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ ധനസഹായ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

റിവോൾവിംഗ് ഫണ്ട് പദ്ധതി - കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റന്റ് സ്കീം - ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണിത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചുവരുന്നു.

(ബി) ടൂറിസത്തിന് വ്യവസായ പദവി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വ്യവസായങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടൂറിസം വ്യവസായ സംരംഭകർക്ക് സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും അംഗീകാരമുള്ള യൂണിറ്റുകൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു.

(സി) കേന്ദ്ര എം.എസ്.എം.ഇ. നിയമവും വ്യവസായ പദവിയും അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയാൽ ടൂറിസം മേഖലയിലെ നിക്ഷേപത്തിലും വളർച്ചയിലും വൻമുന്നേറ്റമുണ്ടാകുമെന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ ടൂറിസം സർക്യൂട്ട് പദ്ധതി**

133 (1266) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ പദ്ധതിയിലുൾപ്പെടുത്തേണ്ടുന്ന ഘടകങ്ങൾ പരിശോധിച്ചുവരികയാണ്. ഇതോടനുബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതരുമായി സ്ഥലലഭ്യത അടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം വിളിച്ചുചേർക്കേണ്ടതുണ്ട്.

(ബി) വള്ളികുന്നംചിറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ വള്ളികുന്നംചിറയിൽ വിനോദസഞ്ചാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പദ്ധതിരൂപരേഖ (DPR) തയ്യാറാക്കുന്നതിന് വിനോദസഞ്ചാര വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ, വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് എന്നിവർ ബഹുമാനപ്പെട്ട എം.എൽ.എ., മറ്റ് ജനപ്രതിനിധികൾ എന്നിവരുടെകൂടി സാന്നിദ്ധ്യത്തിൽ പദ്ധതി സ്ഥലം സന്ദർശിച്ചിരുന്നു. പദ്ധതി നടപ്പാക്കേണ്ട ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൂടാതെ ചിറ ഉൾപ്പെട്ട ഭൂമിയുടെ വിനിയോഗാവകാശം വിനോദസഞ്ചാര വകുപ്പിന് ലഭിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി സ്ഥലത്തിന്റെ സർവ്വേ നടത്തി അതിരുകൾ നിർണ്ണയിച്ച് സ്കെച്ച്, ഭൂമിയുടെ വിനിയോഗ അനുമതി എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വള്ളികുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്, വിനോദസഞ്ചാര വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(സി) താമരക്കുളം വയ്യാങ്കരചിറ ടൂറിസം പദ്ധതി സഞ്ചാരികൾക്ക് തുറന്നുകൊടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതിക്ക് കെട്ടിട നമ്പറും വൈദ്യുതി കണക്ഷനും ലഭിച്ചിട്ടുണ്ട്. പദ്ധതി തുടർനടത്തിപ്പിനായി ആലപ്പുഴ ഡി.ടി.പി.സി.-ക്ക് കൈമാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഡി.ടി.പി.സി.-ക്ക് കൈമാറി സഞ്ചാരികൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയ്യാങ്കരച്ചിറ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടം സഞ്ചാരികൾക്കായി തുറന്നുകൊടുത്തതിനുശേഷം പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കാരവൻ ടൂറിസം പദ്ധതി

134 (1267) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ മുതൽമുടക്കുന്ന വ്യവസായികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ-സി) കാരവൻ ടൂറിസം പദ്ധതിയുടെ നയരേഖ സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. കാരവൻ വാഹനത്തിൽ നിക്ഷേപം നടത്തുന്നവർക്കായുള്ള സബ്സിഡി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പം കാരവൻ ടൂറിസം നയരേഖ പുറത്തിറക്കും. വിവിധ തലത്തിലുള്ള നിക്ഷേപകരും മോട്ടോർ വാഹന നിർമ്മാതാക്കളുമായുള്ള ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിരവധി നിക്ഷേപകർ ഈ മേഖലയിലേയ്ക്ക് കടന്നുവരാനുള്ള താൽപ്പര്യം ഇതിനോടകം പ്രകടിപ്പിച്ചുകഴിഞ്ഞു. 2022 ആദ്യം കാരവനുകൾ നിരത്തിലിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. കാരവനുകൾ പൊതുനിരത്തിലൂടെ സഞ്ചരിക്കുന്ന മോട്ടോർ വാഹനങ്ങൾ ആയതിനാൽ മോട്ടോർ വാഹന വകുപ്പുമായി ഇക്കാര്യത്തിൽ ധാരണയായിക്കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഈ പദ്ധതിയിൽ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി സെപ്റ്റംബർ 30-ന് ഒരു ശില്പശാല വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി. കാരവൻ വാഹനങ്ങൾ വാങ്ങാനായി മുതൽമുടക്കുന്നവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡി അനുവദിക്കും.

**ടൂറിസം മേഖലയ്ക്ക് പുനരുദ്ധാരണ പാക്കേജ്**

135 (1268) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് പ്രയാസം അനുഭവിക്കുന്ന ടൂറിസം മേഖലയ്ക്ക് പുനരുദ്ധാരണ പാക്കേജ് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ടൂറിസം മേഖലകളെയാണ് ഇതിൽ പരിഗണിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ്-19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ച്

നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡുമൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

റിവോൾവിംഗ് ഫണ്ട് പദ്ധതി - കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റൻറ് സ്കീം - ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണിത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ തയ്യാറാക്കാൻ കെ.എഫ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചുവരുന്നു.

## ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ നടപടി

136 (1269) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മൂലം തകർന്ന ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇത് വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ച് നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത

ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവിധതരത്തിലുള്ള വിപണന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് ഒന്നാം തരംഗത്തിനുശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളിലൂടെയും പ്രിന്റ് മീഡിയകളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയുമാണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.

<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>:

1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ.
2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ്ചാനൽസ്.
3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടി.വി.
4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ.
5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ.

തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സമൂഹമാധ്യമങ്ങൾ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി ഹണിമൂൺ, ഡ്രൈവ് ഹോളിഡേയ്സ് എന്നീ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു. കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കം ചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളമെന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹമാധ്യമങ്ങളിലൂടെയും ഡിജിറ്റൽ മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമതെത്തുന്നതിനും പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും നടത്തിവരികയാണ്. ഇതുകൂടാതെ

നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ടൂറിസം മേഖലയിൽ പ്രഖ്യാപിച്ച റിവോൾവിംഗ് ഫണ്ട് സ്കീം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതി

137 (1270) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സംസ്കൃതിയും ഗ്രാമീണ ജീവിതരീതിയും അനുഭവവേദ്യമാക്കി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ "കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നവരും താൽപ്പര്യമുള്ളവരുമായ ആർക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. ടെറസിൽ കൃഷി ചെയ്യുന്നവർ മുതൽ 25 സെന്റ് വരെയുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള യൂണിറ്റായി പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള സ്ഥലത്ത്

കൃഷി ചെയ്യുന്നവർക്ക് ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനോടൊപ്പം ഫാം വിസിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം നൽകിക്കൊണ്ട് ഫാം വിസിറ്റ് യൂണിറ്റ് ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒരേക്കർ മുതൽ പത്ത് ഏക്കർ വരെയുള്ളവർക്ക് വിവിധ ആക്ടിവിറ്റികൾ നൽകിക്കൊണ്ട് ഫാം ആക്ടിവിറ്റി സെന്റർ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. 10 ഏക്കർ മുതൽ മുകളിലേയ്ക്കുള്ളവർക്ക് ഗ്രീൻ ഫാം കേരള എന്ന വിഭാഗത്തിൽ രജിസ്ട്രേഷൻ നിലവിലുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സൗഹൃദ മാലിന്യമുക്ത ടൂറിസം കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ക്ലീൻ വേമ്പനാട് പദ്ധതിയുടെ ഭാഗമായി മിഷന്റെ നേതൃത്വത്തിൽ വിവിധ സ്റ്റേക്ക് ഹോൾഡർമാരുടെ പങ്കാളിത്തത്തോടെ വേമ്പനാട് കായൽ ക്ലീനിംഗ് നടത്തി. തുടർന്ന് പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഒഴിവാക്കി തുണിസഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കുമരകം, ആലപ്പുഴ കേന്ദ്രങ്ങളിലെ വിവിധ സ്റ്റേക്ക് ഹോൾഡർമാർക്ക് 5000 തുണി സഞ്ചികളും വേസ്റ്റ് ഫ്രീ അഷ്ടമുടി എന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ഹൗസ് ബോട്ടുകളിൽ 2000 തുണി സഞ്ചികളും ക്ലീൻ കേരള എന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 50000 തുണിസഞ്ചികളും വിതരണം ചെയ്തു. ടൂറിസം സംരംഭങ്ങൾ പ്ലാസ്റ്റിക് ഫ്രീ ആക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് 200 അക്കോമഡേഷൻ യൂണിറ്റുകൾ (ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ) 18 തരം സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉപയോഗം നിർത്തിക്കൊണ്ട് പ്ലാസ്റ്റിക് ഫ്രീ ആയി സ്വയം ഡിക്ലയർ ചെയ്തു.

(സി) ജനപങ്കാളിത്തത്തോടെയുള്ള ഗ്രാമീണ ഫാം ടൂറിസം പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ എല്ലാ പ്രവർത്തനങ്ങളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടുള്ളതാണ്. ഗ്രാമീണ ഫാം ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായ ആദ്യഘട്ട പരിശീലനങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലകളിൽനിന്നുമുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെയാവും തുടർപ്രവർത്തനങ്ങൾ നടത്തുക.

## കായൽ ടൂറിസം പുനരുദ്ധാരണത്തിന് പാക്കേജ്

138 (1271) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസം മേഖലയുടെ പുനരുദ്ധാരണത്തിന് ഒരു പാക്കേജ് പ്രഖ്യാപിക്കുമോ?

കായൽ ടൂറിസം മേഖലയുടെ പുനരുദ്ധാരണത്തിന് പാക്കേജ് നിലവിൽ പരിഗണനയിലില്ല.

(ബി) കോവിഡുമൂലം പ്രതിസന്ധിയിലായ ഹൗസ്ബോട്ട് വ്യവസായം പുനരുദ്ധരിക്കുവാൻ ഒരു കർമ്മപദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡുമൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് ചില ആശ്വാസനടപടികൾ പ്രഖ്യാപിച്ചതിൽ പ്രധാനപ്പെട്ടതാണ് ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള ഒറ്റത്തവണ സാമ്പത്തിക സഹായപദ്ധതി. ഒന്ന് മുതൽ രണ്ടുവരെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 80,000 രൂപയും മൂന്ന് മുതൽ നാലുവരെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് ഒരു ലക്ഷം രൂപയും അഞ്ചിലധികം കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 1.20 ലക്ഷം രൂപയും വീതമാണ് സാമ്പത്തികസഹായം അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം ഇതുവരെ 235 ഹൗസ് ബോട്ടുകൾക്കായി 2,10,40,000 രൂപ സഹായധനമായി നൽകിയിട്ടുണ്ട്.

## ആലപ്പുഴ കായൽ ടൂറിസം പദ്ധതി

139 (1272) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായുള്ള കായൽ ടൂറിസം പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും നിർവ്വഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രസ്തുത പദ്ധതി ടൂറിസം വകുപ്പിന് കൈമാറിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും എന്നത്തേയ്ക്ക് കൈമാറുമെന്നും വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് കെട്ടിട നമ്പർ നേടി വൈദ്യുതിയും ജലലഭ്യതയും ഉറപ്പാക്കിയശേഷം നടത്തിപ്പിന് സജ്ജമാക്കി വിനോദസഞ്ചാര വകുപ്പിനെ ഏൽപ്പിക്കേണ്ടത് നിർവ്വഹണ ഏജൻസികളുടെ ചുമതലയാണ്.

എന്നാൽ തീരദേശപരിപാലന അതോറിറ്റിയുടെ (KCZMA) അനുമതി ലഭിക്കാത്തതിനാൽ 'കായംകുളം കായലോര ടൂറിസം പദ്ധതി'-ക്ക് കായംകുളം നഗരസഭ കെട്ടിട നമ്പർ നൽകിയിട്ടില്ല. ഇക്കാരണത്താലാണ് പദ്ധതി വിനോദസഞ്ചാര വകുപ്പിന് കൈമാറാൻ നിർവ്വഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (KIIDC) സാധിക്കാത്തത്. കായംകുളം കായലോരത്തെ നടപ്പാത 2018-ലെയും 2019-ലെയും പ്രളയത്തിൽ താഴ്ന്നുപോവുകയും ടൈലുകൾക്ക് സാരമായ കേടുപാട് സംഭവിക്കുകയും ചെയ്തിരുന്നു. വേലിയേറ്റ സമയത്ത് നടപ്പാതയിൽ പലയിടത്തും വെള്ളം കയറുകയും വെള്ളം കെട്ടിക്കിടന്ന് പുൽത്തകിടി നശിക്കുകയും ചെയ്തു. പദ്ധതി പ്രദേശവും സ്വകാര്യ ഭൂമിയുമായുള്ള അതിരിൽ ചുറ്റുമതിലോ വേലിയോ ഇല്ലാത്തതും സാമൂഹ്യവിരുദ്ധ ശല്യത്തിനിടയാക്കുന്നുണ്ട്. ശുചിമുറിയുടെ വാതിലുകളും ഫിറ്റിംഗുകളും സാമൂഹ്യവിരുദ്ധർ നശിപ്പിച്ച നിലയിലാണ്. പദ്ധതി പ്രദേശമാകെ കാടുകയറി നാശോന്മുഖവുമായി. ഈ സാഹചര്യത്തിൽ 'കായംകുളം കായലോര ടൂറിസം പദ്ധതി' അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർവ്വഹണ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് അറ്റകുറ്റപ്പണി പൂർത്തിയാക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും കായംകുളം നഗരസഭയിൽനിന്ന് കെട്ടിട നമ്പർ ലഭിച്ച് വൈദ്യുതി-ജല ലഭ്യതയും ഉറപ്പാവുന്ന ഘട്ടത്തിൽ ഈ പദ്ധതി വിനോദസഞ്ചാര വകുപ്പ് ഏറ്റെടുക്കുന്നതാണ്.

## മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്

140 (1273) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം സർക്യൂട്ടിൽ മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് പ്രധാന്യത്തോടെ ഉൾപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിനുവേണ്ടി രൂപീകരിച്ചിട്ടുള്ള മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാനാടിസ്ഥാനത്തിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹോർഡിംഗുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. പ്രോജക്ടിന്റെ വെബ്സൈറ്റായ www.muzirizheritage.org-ൽ പ്രോജക്ടിന്റെ വിവരങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

3. സഞ്ചാരികൾക്ക് മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിലെ മ്യൂസിയങ്ങളും ഹെറിറ്റേജ് സൈറ്റുകളും സന്ദർശിക്കുന്നതിനുവേണ്ടി ഹോപ് ഓൺ ഹോപ് ഓഫ് ബോട്ട് സർവ്വീസ്, പദ്ധതി പ്രദേശത്ത് നടത്തി വരുന്നു.

4. മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് 2021-22 അവസാനത്തോടുകൂടി നിലവിലുള്ള ഘടകങ്ങൾ പൂർത്തിയാക്കുന്നതാണ്. അതിനെത്തുടർന്ന് ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ടൂറിസ്റ്റ് ഫെയറുകളും റോഡ് ഷോകളും നടത്തുന്നതിന് കമ്പനി പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

**മണലൂർ ഇടിയഞ്ചിറ കനാലിൽ ഇക്കോ ടൂറിസം പദ്ധതി**

141 (1274) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ കനാലിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

പരിശോധിക്കാവുന്നതാണ്.

**കാരവൻ ടൂറിസം പദ്ധതി**

142 (1275) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന കാരവൻ ടൂറിസം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ?

മഹാമാരിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ശക്തമായ നിലയിൽ ടൂറിസം മേഖലയെ മാറ്റിയെടുക്കാനായി അവതരിപ്പിക്കുന്ന നവീന ടൂറിസം ഉൽപ്പന്നമാണ് കാരവൻ ടൂറിസം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള കാരവൻ ടൂറിസം കേരളത്തിന് അനുയോജ്യമായ രീതിയിലാണ് സഞ്ചാരികൾക്കായി രൂപപ്പെടുത്തിയിട്ടുള്ളത്. കാരവൻ വാഹനങ്ങളും കാരവൻ പാർക്കുകളും ചേർന്നതാണ് കാരവൻ ടൂറിസം പദ്ധതി. പകൽ സമയത്ത് യാത്ര ചെയ്യാനും രാത്രികാലങ്ങളിൽ താമസിക്കാനും യോജിച്ച നിലയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടെയുമാണ് കാരവനുകൾ രൂപകൽപ്പന ചെയ്യുന്നത്. സുരക്ഷിതത്വവും സൗകര്യങ്ങളും ഒത്തിണങ്ങിയ കാരവൻ പാർക്കുകളിൽ കാരവനുകൾ പാർക്ക് ചെയ്യാവുന്നതാണ്. ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവർക്ക് സബ്സിഡി നൽകാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യമായ കാരവനുകൾക്ക് കാലതാമസമില്ലാതെ രജിസ്ട്രേഷൻ

നടത്താനും തടസ്സങ്ങളില്ലാതെ പൊതുനിരത്തുകളിലൂടെ യാത്രചെയ്യാനും മോട്ടോർവാഹന വകുപ്പിന്റെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. കാരവൻ ടൂറിസത്തിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കാൻവേണ്ട പ്രചാരണ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് സംഘടിപ്പിക്കും.

(ബി) ഈ പദ്ധതി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലാണോ നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(സി) സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) വിശദാംശങ്ങളുൾപ്പെടുന്ന കാരവൻ ടൂറിസം പോളിസി തയ്യാറാക്കി വരുന്നു.

## അരുവിപ്പുറം പിൽഗ്രിം ടൂറിസം പദ്ധതി

143 (1276) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ അനുവദിച്ചിരുന്ന അരുവിപ്പുറം പിൽഗ്രിം ടൂറിസം പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ് നൽകാമോ?

ഭരണാനുമതിയുടെ (19-2-2020-ലെ സ.ഉ. (സാധാ.) 94/2020/ടൂറിസം നമ്പർ ഉത്തരവ്) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആർക്കാണ് ടെണ്ടർ നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.) മുഖേന M/s. KEL (കെൽ) എന്ന സ്ഥാപനം വഴിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പദ്ധതിയുടെ പുരോഗതി - 20%

Components:

Retaining wall - 90%

Padithurai (Steps leading to the water) - 10%

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അഴീക്കോട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

144 (1277) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സ്വദേശ് ദർശൻ സ്കീമിലുൾപ്പെടുത്തി നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതി ഘടകങ്ങൾ താഴെപ്പറയുന്നു.

1. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

2. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 70% പ്രവൃത്തി പൂർത്തീകരിച്ചു.

3. നാറാത്ത് ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

4. വളപ്പട്ടണം മേജർ ബോട്ട് ടെർമിനൽ - 50% പ്രവൃത്തി പൂർത്തീകരിച്ചു.

5. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 38% പ്രവൃത്തി പൂർത്തീകരിച്ചു.

6. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു.

7. ഭഗത്സിങ് ഐലന്റ് ബോട്ട് ജെട്ടി (2 എണ്ണം) - ടെക്നിക്കൽ സാങ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

പാപ്പിനിശ്ശേരി - ആർട്ടിസാൻസ് ആല, വളപട്ടണം പാർക്കിംഗ് യാർഡ്, ഫ്ലോട്ടിംഗ് മാർക്കറ്റ്, ഭഗത് സിംഗ് ഐലന്റിൽ - ഗാർഡൻ, ബോർഡ് വാക്, ബയോ ടോയ്ലെറ്റ്, ഗാർഡൻ ലൈറ്റുകൾ, ചൈനീസ് നെറ്റ്, റെസ്റ്റ് റൂം, വേസ്റ്റ് കളക്ഷൻ പോയിന്റ്, വേസ്റ്റ് ബിൻ എന്നിങ്ങനെയുള്ള പ്രവൃത്തികൾ സി.ആർ.ഇസഡ് ക്ലിയറൻസ് ലഭ്യമായതിനുശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി കെൽ (KEL) ആണ്. കണ്ണൂർ ഡി.ടി.പി.സി. നിർവ്വഹണ ഏജൻസിയായി നടത്തിവരുന്ന കാട്ടാമ്പള്ളിക്കടവ് അഡ്വഞ്ചർ കയാക്കിംഗ് വാട്ടർ സ്പോർട്സ് പദ്ധതി പൂർത്തീകരിച്ചുവരികയാണ്.

**കോഴിക്കോട് സരോവരം ഡ്രീം സിറ്റി പദ്ധതി**

145 (1278) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ സരോവരം ബയോപാർക്ക് സൗന്ദര്യവൽക്കരണത്തിനായി തയ്യാറാക്കിയ ഡ്രീം സിറ്റി പദ്ധതി നിലവിലുണ്ടോ?

ഇല്ല.

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) ടൂറിസം വികസനത്തിനായി ഈ പ്രദേശത്ത് മറ്റ് പദ്ധതികൾ പരിഗണനയിലുണ്ടോ?

സരോവരം ബയോപാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സരോവരം നാച്വറൽ ലേണിംഗ് സെന്റർ ഒന്നാം ഘട്ടം എന്ന പദ്ധതിക്ക് 1-10-2021-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

**പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം**

146 (1279) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം കണ്ടെത്തി വികസിപ്പിക്കുമെന്ന പ്രഖ്യാപനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പദ്ധതിയുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാകളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളേയും ഉൾപ്പെടുത്തി യോഗം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി കോഴിക്കോട് ജില്ലയിൽ ഓരോ പഞ്ചായത്തിലും കണ്ടെത്തിയ പ്രദേശങ്ങളുടെ പട്ടിക ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ ഓരോ പഞ്ചായത്തിൽനിന്നും ലഭ്യമായ പ്രദേശങ്ങളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

**കൂത്തുപറമ്പ് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

147 (1280) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുടെ പുരോഗതിക്ക് എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ടൂറിസം മേഖലയുടെ പുരോഗതിക്കായി നിരവധിയായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാം കോവിഡ് തരംഗം അവസാനിച്ചപ്പോൾ ത്തന്നെ നമ്മുടെ നാട് വിനോദസഞ്ചാരികൾക്ക് സന്ദർശിക്കാൻ സുരക്ഷിത മാണെന്നുള്ള സന്ദേശം നൽകുന്ന മാർക്കറ്റിംഗ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ചിരുന്നു. ഇതിന്റെ ഭാഗമായി വിഷ്വൽ മീഡിയയിലൂടെയും പ്രിന്റ് മീഡിയയിലൂടെയും ഓൺലൈൻ മാധ്യമങ്ങളിലൂടെയും നിരവധിയായ പ്രചാരണങ്ങൾ രാജ്യത്തിനകത്ത് നടത്തിയിരുന്നു. കോവിഡ് സാഹചര്യങ്ങളിൽ കേരളത്തിനകത്തുള്ളവരാണ് കൂടുതലായി യാത്ര ചെയ്യുന്നത്. ഇവരെ ലക്ഷ്യം വച്ച് 'കേരളം കാണാം' എന്ന ഒരു പ്രത്യേക ക്യാമ്പയിൻ ടൂറിസം വകുപ്പ് നടപ്പാക്കിയിരുന്നു. ഇതുകൂടാതെ സംസ്ഥാനത്ത് കാരവാൻ ടൂറിസം പ്രോത്സാഹിപ്പിക്കാൻ കാരവൻ ടൂറിസം പദ്ധതിക്കും തുടക്കംകുറിച്ചിട്ടുണ്ട്. മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നിവ ഇവയിൽ പ്രധാനമാണ്. മാന്നാർ-ചെങ്ങന്നൂർ-ആറന്മുള പ്രദേശങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള റൂറൽ ആർട്ട്സ് & ക്രാഫ്റ്റ് സർക്യൂട്ടും സർക്കാരിന്റെ പരിഗണനയിലാണ്. ഇതോടൊപ്പംതന്നെ മലബാർ റിവർ ക്രൂയിസ്, തലശ്ശേരി പൈതൃക പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, മുസിരിസ് പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവയുടെ പൂർത്തീകരണവും ഇപ്പോൾ ലക്ഷ്യമിടുന്ന പ്രധാന പദ്ധതികളാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബേപ്പൂരിന്റെ സമഗ്ര ടൂറിസം വികസന പദ്ധതിയും സർക്കാരിന്റെ പ്രധാന പദ്ധതിയാണ്. ഉത്തരവാദിത്ത ടൂറിസം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നരിക്കോട്ടുമല ടൂറിസം പദ്ധതിയുടെ ഭാഗമായി എം.എൽ.എ. നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയും പുരോഗതിയും വിശദീകരിക്കാമോ;

(സി) ചെറുവാഞ്ചേരി– നരിക്കോട്ടുമല-പഴശ്ശി കാനനപാത– വിമാനപ്പാറ-പൊയിലൂർ പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠനകേന്ദ്രം എന്നിവയുൾപ്പെടുത്തി ടൂറിസം ശൃംഖലയ്ക്ക് രൂപം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നരിക്കോട്ടുമല ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളെ ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കണ്ണൂർ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ഉടൻ ലഭ്യമാക്കി ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## നെല്ലിയാമ്പതിയിലെ ടൂറിസം പദ്ധതി

148 (1281) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന്റെ സ്ഥലത്ത് തുടങ്ങാൻ പോകുന്ന ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരിക്കുമോ?

നെല്ലിയാമ്പതി ടൂറിസം ഡെവലപ്മെന്റ് ഫെയ്സ് 1-ന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്ന നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിന്റെ സ്ഥലം നെല്ലിയാമ്പതി റിസർവിൽപ്പെട്ട ഡി-റിസർവ് ചെയ്യപ്പെടാത്ത ഭൂമിയായതിനാലും ഈ പ്രവൃത്തിക്കുവേണ്ടി സർക്കാരിന്റെ മുൻകൂർ അനുമതി ബന്ധപ്പെട്ട അധികൃതർ വാങ്ങിയിട്ടില്ലാത്തതിനാലും വനഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് സാധനസാമഗ്രികൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി) 5.13 കോടി രൂപ അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാർ ഏല്പിക്കുകയും ചെയ്ത പ്രസ്തുത പദ്ധതി തുടങ്ങുന്നതിലെ തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെല്ലിയാമ്പതിയിൽ ടൂറിസം വികസനത്തിനായി 5.13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണത്തിനായി ഹൈറ്റ്സ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഏൽപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ കടത്തിക്കൊണ്ടുപോകുന്നതിനായി വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് M/s. ഹൈറ്റ്സ് നൽകിയ അപേക്ഷ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് പാറോപ്പടിയിൽ ജലാശയ നിർമ്മാണം**

149 (1282) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പാറോപ്പടിയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഒരു ജലാശയം നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

(എ&ബി) ജില്ലാ കളക്ടർ ചെയർമാനായ ഡി.റ്റി.പി.സി., പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടന്റ് തയ്യാറാക്കിയ ഡിസൈനും സാമ്പത്തിക വിശകലനവും ഉൾപ്പെടെയുള്ള കൺസപ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 60 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ടൂറിസം സാധ്യതകൾ പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കായംകുളത്തെ കായലോര പാർക്ക് സംരക്ഷണം**

150 (1283) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്തെ കായലോരത്തുള്ള പാർക്കിൽ പൂർണ്ണമായും ചുറ്റുമതിൽ ഇല്ലാത്തതുമൂലമുള്ള സാമൂഹ്യവിരുദ്ധരുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശേഷിച്ച ഭാഗത്ത് ചുറ്റുമതിൽ സ്ഥാപിച്ച് പാർക്ക് സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശേഷിച്ച ഭാഗത്ത് ചുറ്റുമതിൽ/കമ്പിവേലി കെട്ടുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർവ്വഹണ ഏജൻസിയായ KIIDC-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ നവീകരണം**

151 (1284) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിലെ പഴയ കെട്ടിടം നവീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി)പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിലെ പഴയ കെട്ടിടം നവീകരിക്കുന്നതിനുള്ള പദ്ധതിക്കായി 98 ലക്ഷം രൂപയുടെ പദ്ധതി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേന തയ്യാറാക്കി കോട്ടയം ഡി.റ്റി.പി.സി. വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ആയത് കോട്ടയം ജില്ലാ ഓഫീസറുടെ ശിപാർശ സഹിതം നൽകാൻ നിർദ്ദേശിച്ച് ഡി.റ്റി.പി.സി.-ക്ക് തിരികെ നൽകിയിരിക്കുകയാണെന്നും ഉചിതമാർഗ്ഗേന പദ്ധതി പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ചേയ്ഞ്ച് ഓഫ് എയർ ടൂറിസം പ്രൊമോഷൻ ക്യാമ്പയിൻ**

152 (1285) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേയ്ഞ്ച് ഓഫ് എയർ എന്ന പോസ്റ്റ് കോവിഡ് ടൂറിസം പ്രൊമോഷൻ ക്യാമ്പയിനിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഓരോ ഇനത്തിലും ചെലവായ തുക ഉൾപ്പെടെ വിശദാംശങ്ങൾ നൽകുമോ?

കോവിഡാനന്തരം ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി കേരളം സന്ദർശകർക്ക് സുരക്ഷിത കേന്ദ്രമാണെന്ന സന്ദേശം നൽകുന്ന രീതിയിൽ 'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിൽ ക്യാമ്പയിൻ നടത്തിയിരുന്നു. അതിന്റെഭാഗമായി ഇന്ത്യയിലെ ദൃശ്യമാധ്യമങ്ങളിലൂടെയും

പത്രമാധ്യമങ്ങളിലൂടെയും കൂടാതെ മേൽപ്പറഞ്ഞ മാധ്യമങ്ങളുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും ഈ ക്യാമ്പയിൻ നടത്തുകയുണ്ടായി. കൂടാതെ, സമൂഹമാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ, യൂട്യൂബ് എന്നിവയിലൂടെയും ഈ ക്യാമ്പയിൻ നടത്തിവരുന്നു. ഇതിനായി ചെലവാക്കിയ തുക തരംതിരിച്ച് താഴെകാണിച്ചിരിക്കുന്നു.

| | |
|---|---|
| ദൃശ്യമാധ്യമങ്ങൾ | 6,16,12,814 |
| ഒ.റ്റി.റ്റി. പ്ലാറ്റ്ഫോം | 29,50,000 |
| പത്രമാധ്യമങ്ങൾ | 1,90,17,401 |
| സമൂഹ മാധ്യമങ്ങൾ | 2,35,97,257 |
| ഡിജിറ്റൽ മീഡിയ | 1,17,99,995 |
| ശ്രവ്യ മാധ്യമങ്ങൾ | 49,55,548 |

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പദ്ധതി അനുവദിച്ച ചങ്ങനാശ്ശേരി മണ്ഡലത്തിലെ സ്കൂളുകൾ

153 (1286) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത സ്കൂളുകളുടെ പേരുവിവരങ്ങൾ, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ച സ്കൂളുകൾ ഏതെല്ലാമെന്നും പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിനായി ഇപ്പോൾ പരിഗണനയിലുള്ള സ്കൂളുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ പദ്ധതികൾ അനുവദിച്ചിട്ടുള്ള ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ താഴെപ്പറയുന്നു.

5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട തൃക്കൊടിത്താനം ജി.എച്ച്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. ഒരു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട കുറിച്ചി ജി.എച്ച്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടികളിലാണ്.

## അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

154 (1287) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഇക്കഴിഞ്ഞ 5 വർഷം അനുവദിച്ച തുക, സ്കൂൾ, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) കരാർ ഏറ്റെടുത്തിട്ടും സമയബന്ധിതമായി നിർമ്മാണം നടത്താത്ത കരാറുകാരെ ഒഴിവാക്കി സ്കൂൾ തുറക്കുന്നതിനുമുമ്പ് കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഇതിൽ ഓരോ സ്കൂളിന്റെയും നിർമ്മാണച്ചുമതല ആർക്കായിരുന്നു; ഓരോ സ്കൂളിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

5 കോടി രൂപ കിഫ്ബി പദ്ധതി - (എസ്.പി.വി.- കൈറ്റ്) 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017-18-ൽ അനുവദിച്ച അമ്പലപ്പുഴ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപ കിഫ്ബി പദ്ധതി - 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017-18-ൽ അനുവദിച്ച നാലുച്ചിറ ജി.എച്ച്.എസ്.-ന്റെ എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2018-19-ൽ അനുവദിച്ച നീർക്കുന്നം എസ്.ഡി.വി. ജി.യു.പി.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ എൽ.എസ്.ജി.ഡി. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണം നിർദ്ദിഷ്ട സ്ഥലത്ത് നടന്നുവരുന്നതിനാൽ നിർമ്മാണം താല്ക്കാലികമായി മാറ്റിവച്ചിരിക്കുന്നു.

3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017-18-ൽ അനുവദിച്ച ജി.എച്ച്.എസ്. കക്കാഴം സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു.

1 കോടി രൂപ കിഫ്ബി പദ്ധതി - ( എസ്.പി.വി. - കില ) 1 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2017-18-ൽ അനുവദിച്ച കെ.കെ.പി. എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഗവൺമെന്റ് മോൻസ് ജി.എച്ച്.എസ്.എസ്., ആലപ്പുഴ സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം നടക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്ന സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളിന്റെ പേര് | അനുവദിച്ച തുക | ഏജൻസി |
|---|---|---|---|
| 2017 -18 | എസ്.ഡി.വി.ജി. യു.പി.എസ്., നീർക്കുന്നം | 139 ലക്ഷം | എൽ.എസ്.ജി.ഡി. |
| 2018 -19 | ജി.എൽ.പി.എസ്., കരൂർ | 100 ലക്ഷം | എൽ.എസ്.ജി.ഡി. |
| 2019-20 | ഗവൺമെന്റ് മോഡൽ എച്ച്.എസ്.എൽ. പി.എസ്., ആലപ്പുഴ | 200 ലക്ഷം | പി.ഡബ്ല്യു.ഡി. |
| 2019-20 | ജി.യു.പി.എസ്., കളർകോട് | 200 ലക്ഷം | പി.ഡബ്ല്യു.ഡി. |

പ്ലാൻ ഫണ്ടിലുൾപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണ ഏജൻസികളായ പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർക്ക് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കരാർ ഏറ്റെടുത്തിട്ടും സമയബന്ധിതമായി നിർമ്മാണം നടത്താത്ത കരാറുകാരെ ഒഴിവാക്കി സ്കൂൾ തുറക്കുന്നതിനുമുമ്പ് കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായ പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-കൾക്കും പ്ലാൻ ഫണ്ടിലുൾപ്പെട്ട കെട്ടിട നിർമ്മാണ

പ്രവർത്തനങ്ങളുടെ ഏജൻസികളായ പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർക്കും നിർമ്മാണം പൂർത്തിയാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കെട്ടിട നിർമ്മാണംമൂലം ക്ലാസ്സുകൾ തുടങ്ങുന്നതിന് ബുദ്ധിമുട്ടുള്ള സ്കൂളുകളിൽ താല്ക്കാലിക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സ്വീകരിച്ചിട്ടുണ്ട്.

1. ജെ.ബി.എസ്., പുന്നപ്ര - അടുത്ത ആഴ്ച കെട്ടിട ഉദ്ഘാടനം നടത്തുന്നതാണ്.
2. ഗവൺമെന്റ് മോഡൽ എച്ച്.എസ്.എൽ.പി.എസ്., ആലപ്പുഴ - നാല് ക്ലാസ് റൂമുകളിൽ ക്ലാസ് നടത്താൻ സാധിക്കും. കൂടാതെ പ്രീ-പ്രൈമറി സ്കൂളുകളിലെ ഹാളിൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
3. എസ്.ഡി.വി.ജി.യു.പി.എസ്., നീർക്കുന്നം - 13 ക്ലാസ് മുറികൾ പൊളിച്ചിട്ടുണ്ട്. പകരം സംവിധാനം പ്രീ-പ്രൈമറി ബ്ലോക്കിലും ക്രമീകരിച്ചിട്ടുണ്ട്.
4. ജി.എൽ.പി.എസ്., കരുർ - പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
5. ഗവൺമെന്റ് എച്ച്.എസ്., കക്കാഴം - 2 ക്ലാസ് മുറികൾ പൊളിച്ചിട്ടുണ്ട്. പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
6. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്., ആലപ്പുഴ - 5 ക്ലാസ് മുറികൾ പൊളിച്ചിട്ടുണ്ട്. പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

155 (1288) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എന്തെല്ലാമാണ്; നിലവിലെസ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, മൈലച്ചൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ചാണ് ഭൗതിക സാഹചര്യ വികസനത്തിനായി വിവിധ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിച്ചതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപയുടെ കിഫ്ബി പദ്ധതി - 5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട മാരായമുട്ടം ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപയുടെ കിഫ്ബി പദ്ധതി - 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.വി.എച്ച്.എസ്.എസ്. & ജി.എച്ച്.എസ്., പാറശ്ശാല സ്കൂളിന്റെ ഡി.പി.ആർ. അംഗീകരിച്ചു. എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

1 കോടി രൂപയുടെ കിഫ്ബി പദ്ധതി - ഗവൺമെന്റ് എച്ച്.എസ്.എസ്., മൈലച്ചൽ സ്കൂളിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ഗവൺമെന്റ് എച്ച്.എസ്.എസ്., കീഴാറൂർ - നിർമ്മാണം നടന്നുവരുന്നു. ഗവൺമെന്റ് എച്ച്.എസ്.എസ്., ആനാവൂർ, എം.കെ.എം.ജി.എച്ച്.എസ്.എസ്., ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ അൺ ഇക്കണോമിക് കാറ്റഗറിയിലുൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ എണ്ണം എത്രയാണ്; ഏത് തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലാണ് ഇവ ഓരോന്നും സ്ഥിതി ചെയ്യുന്നത്; വിശദമായ വിവരം ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകളിൽ നിലവിലുള്ള കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം വെളിപ്പെടുത്തുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ

156 (1289) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൊതുവിദ്യാഭ്യാസ പുരോഗതിക്കായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള ഭൗതിക, അക്കാദമിക വികസനം ഉറപ്പുവരുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. പൊതുവിദ്യാലയങ്ങൾക്കെല്ലാം ആധുനികമായ പശ്ചാത്തലസൗകര്യം (ക്ലാസ് മുറികൾ, ചുറ്റുമതിലുകൾ, ടോയ്‌ലെറ്റുകൾ, ലാബുകൾ, ലൈബ്രറി, മനോഹരമായ സ്കൂൾ പരിസരം) ഒരുങ്ങിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യത പ്രയോജനപ്പെടുന്ന പാഠ്യപദ്ധതി വിനിമയം ഫലപ്രദമാകുന്നതിനുള്ള സ്കൂൾ ക്ലാസുകൾ സജ്ജമാക്കി. പുതിയ കാലത്തിനനുസരിച്ച് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക ശാക്തീകരണത്തിനുള്ള നൂതന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എസ്.സി.ഇ.ആർ.ടി. നടത്തുന്ന 6 മാസം ദൈർഘ്യമുള്ള അദ്ധ്യാപക പരിവർത്തന പരിപാടി ഇതിനുദാഹരണമാണ്. കുട്ടികളെ സമഗ്രവും നിരന്തരവുമായി വിലയിരുത്തുന്നതിനുള്ള 'സഹിതം' പോലുള്ള പോർട്ടൽ വികസിപ്പിച്ച് തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓരോ കുട്ടിയുടെയും അഭിരുചിക്കും കഴിവിനും അനുസരിച്ച് പഠനാനുഭവങ്ങൾ ഉറപ്പാക്കുന്നതിനുള്ള വ്യക്തിഗത മാസ്റ്റർ പ്ലാൻ പോലുള്ള സംവിധാനം നടപ്പിലാക്കുന്നു. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള മുദ്രികാപാഠം, ശ്രുതിപാഠം, തേൻകൂട്, വൈറ്റ് ബോർഡ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിലും മുഴുവൻ കുട്ടികളെയും ചേർത്തുപിടിച്ചുകൊണ്ടുള്ള ഡിജിറ്റൽ ക്ലാസുകൾ ഈ വർഷവും തുടരുകയാണ്. അതുപോലെ കുട്ടികൾക്ക് സ്വന്തം അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിനായി ജി-സ്യൂട്ട് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി മുഴുവൻ കുട്ടികൾക്കും ഇതുകൂടി ലഭ്യമാക്കുന്നതിനുള്ള ശ്രമംതുടരുന്നു. കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഒഴിവുള്ള തസ്തികകളിലേക്ക് 7500-ലധികം അദ്ധ്യാപകരെ പുതിയതായി നിയമിച്ചിട്ടുണ്ട്. അക്കാദമിക ഗുണമേന്മയ്ക്കായി എസ്.സി.ഇ.ആർ.ടി.-യുടെയും

സമഗ്രശിക്ഷാ കേരളയുടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നു. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകൽപ്പന ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊതുഗുണത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും സമഗ്രവികാസം ലക്ഷ്യംവച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. അതിന്റെ ഭാഗമായി പഠനപിന്തുണ ആവശ്യമുള്ളവർക്കും പഠനത്തിൽ മികവ് പുലർത്തുന്നവരെ മികവിലേയ്ക്കെത്തിക്കുന്നതിനും വൈവിധ്യമാർന്ന അക്കാദമിക പദ്ധതികൾ ആവിഷ്കരിച്ചു. ഭാഷാവികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടി രൂപവീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതികസൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ എസ്.എസ്.കെ., തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തിവികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതികസൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 96 സ്കൂളുകളുടെ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(ബി) പ്രാഥമിക വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം, വികസനം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടന്നുവരുന്നു. ഇതിലൊന്നുംപെടാത്ത പ്രൈമറി വിദ്യാലയങ്ങളുണ്ടെങ്കിൽ അവയെ ഒരു പഠനത്തിലൂടെ കണ്ടെത്തി പ്രശ്നപരിഹാരത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് 3 കോടി രൂപയും 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് 1 കോടി രൂപയും കിഫ്ബി ധനസഹായത്തോടെ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇനിയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ട പ്രാഥമിക വിദ്യാലയങ്ങൾക്ക് ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കാവുന്നതും കിഫ്ബി ഫണ്ട്/പ്ലാൻ ഫണ്ട്/തീരദേശ വികസന ഫണ്ട്/എസ്.എസ്.കെ. ഫണ്ട് എന്നിവയുടെ സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതുമാണ്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ. ഫണ്ട് എന്നിവയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

### പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രകാരമുള്ള കെട്ടിടങ്ങളുടെ പുരോഗതി

157 (1290) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിലെ നിലവിൽ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ അഞ്ചു കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെയാണ് കിഫ്ബി അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ മലപ്പുറം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപയുടെ കിഫ്ബി പദ്ധതി - 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട മലപ്പുറം ജി.ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയാക്കിവരുന്നു. 76 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്.

3 കോടി രൂപയുടെ കിഫ്ബി പദ്ധതി - ജി.എച്ച്.എസ്.എസ്., പൂക്കോട്ടൂർ, എം.എസ്.പി.എച്ച്.എസ്.എസ്., മലപ്പുറം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എം.യു.പി.എസ്., ഒഴുക്കൂർ, ജി.ബി.എച്ച്.എസ്., മലപ്പുറം, ജി.വി.എച്ച്.എസ്.എസ്., അരിമ്പ്ര, ജി.എച്ച്.എസ്., ഇരുമ്പുഴി, ജി.വി.എച്ച്.എസ്.എസ്., പുല്ലാനൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതി - ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എം.യു.പി.എസ്., അരിമ്പ്ര – ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. കെ.എം.ബി.ആർ. വയലേഷൻ ഉള്ളതിനാൽ ഇളവിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജി.എം.യു.പി.എസ്., ഇരുമ്പുഴി - ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചു. ജി.എം.യു.പി.എസ്., മേൽമുറി, ജി.എം.യു.പി.എസ്., ചെമ്മൻകടവ് എന്നീ സ്കൂളുകൾക്ക് സ്ഥലപരിമിതിയുള്ളതിനാൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ള മലപ്പുറം നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ താഴെപ്പറയുന്നു.

| വർഷം | സ്കൂളിന്റെ പേര് | അനുവദിച്ച തുക | ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2017 -18 | GMUP, ഒഴുകൂർ | 100 ലക്ഷം | LSGD | പ്രവൃത്തി പൂർത്തീകരിച്ചു |
| 2018-19 | GLPS, മൊറയൂർ | 125 ലക്ഷം | PWD | പ്രവൃത്തി പൂർത്തീകരിച്ചു |
| 2018-19 | GBHSS, മലപ്പുറം | 160 ലക്ഷം | PWD | പ്രവൃത്തി 60% പൂർത്തീകരിച്ചു |
| 2018-19 | GLP, ഇരുമ്പുഴി | 40 ലക്ഷം | LSGD | പ്രവൃത്തി പൂർത്തീകരിച്ചു |
| 2019-20 | GLPS പൂക്കോട്ടൂർ | 90 ലക്ഷം | PWD | പ്രവൃത്തി 80% പൂർത്തീകരിച്ചു |

(ബി) ഒരു മണ്ഡലത്തിൽ ഒരു ഇന്റർനാഷണൽ സ്കൂൾ എന്ന പദ്ധതി പ്രകാരം നിർദ്ദേശിച്ച മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവൃത്തികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡുമൂലമുണ്ടായ തടസ്സങ്ങൾ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; എത്രയുംവേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, മലപ്പുറത്തിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ എത്രയുംപെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കി സ്കൂൾ കൈമാറാനുള്ള നിർദ്ദേശം കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഡിസംബർ മാസത്തിൽ പൂർത്തീകരിച്ച് കൈമാറാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പാലക്കാട് ജില്ലയിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

158 (1291) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയെ ഏറ്റവും പ്രധാനമായി പരിഗണിച്ചുകൊണ്ട് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന ബൃഹത് പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പാലക്കാട് ജില്ലയിലെ എത്ര സ്കൂളുകളെയാണ് പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം സ്കൂളുകളാണ് അവയെന്നും വിശദമാക്കാമോ?

ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെയുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിയിലുൾപ്പെടുത്തിയ പാലക്കാട് ജില്ലയിലെ 12 സ്കൂളുകളുടെ വിവരങ്ങൾ ചുവടെ പറയുന്നു.

1. ജി.വി.എച്ച്.എസ്.എസ്., വട്ടേനാട്

2. ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ്., നടുവട്ടം

3. ജി.വി.എച്ച്.എസ്.എസ്., ചെർപ്പുളശ്ശേരി

4. എം.എൻ.കെ.എം. ഗവൺമെന്റ് എച്ച്.എസ്.എസ്., പുലാപ്പറ്റ

5. ജി.വി.എച്ച്.എസ്.എസ്., പത്തിരിപ്പാല.

6. ജി.വി.എച്ച്.എസ്.എസ്., അലനല്ലൂർ

7. ജി.എ.പി.എച്ച്.എസ്.എസ്., എലപ്പുള്ളി

8. ജി. എച്ച്.എസ്.എസ്., ബിഗ്ബസാർ, പാലക്കാട്

9. ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി.

10. ജി.ബി.എച്ച്.എസ്.എസ്., ചിറ്റൂർ

11. ജി.ബി.എച്ച്.എസ്.എസ്., നെന്മാറ

12. ജി.എച്ച്.എസ്.എസ്., കിഴക്കഞ്ചേരി

(ബി) കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടും ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ രണ്ട് സ്കൂളുകളുടെ പ്രവൃത്തി നാളിതുവരെയായിട്ടും എന്തുകൊണ്ടാണ് ആരംഭിക്കാത്തതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

ജി.എച്ച്.എസ്.എസ്., കടമ്പൂർ, ജി.എച്ച്.എസ്.എസ്., ഒറ്റപ്പാലം എന്നീ സ്കൂളുകളെ 3 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായുള്ള എസ്.പി.വി. ആയി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കടമ്പൂർ ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഒറ്റപ്പാലം ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. പുനഃപരിശോധനയ്ക്കായി കിഫ്ബി എസ്.പി.വി. ആയ കിലയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. ഇക്കാരണത്താലാണ് ടി രണ്ട് സ്കൂളുകളുടെ പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാത്തത്.

### അഴീക്കോട് മണ്ഡലത്തിലെ സ്കൂളുകൾക്ക് കിഫ്ബി വഴി അനുവദിച്ച ഫണ്ട്

159 (1292) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ സ്കൂളുകൾക്ക് കഴിഞ്ഞ 5 വർഷമായി കിഫ്ബിവഴി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൂർത്തീകരിക്കാത്ത പദ്ധതി ഏതെങ്കിലുമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി അഴീക്കോട് മണ്ഡലത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട വളപട്ടണം ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇ.എം.എസ്. സ്മാരക ജി.എച്ച്.എസ്.എസ്. പാപ്പിനിശ്ശേരിയുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്. ജി.എച്ച്.എസ്.എസ്. കണ്ണാടിപ്പറമ്പിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്. പൂഴാതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്., അരോളിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്തു. ജി.എച്ച്.എസ്. അഴീക്കോടിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു. ജി.യു.പി.എസ്., പൂഴാതിയുടെ നിർമ്മാണത്തിനുള്ള സ്ഥലലഭ്യത പരിശോധിച്ചുവരുന്നു. ജി.എം.യു.പി.എസ്., കാട്ടാമ്പള്ളിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്തു.

## കുട്ടികൾക്ക് ഓൺലൈൻ മുഖേന ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ

160 (1293) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് പകുതി കുട്ടികളുമായി ഷിഫ്റ്റ് അടിസ്ഥാനത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ക്ലാസ്സിൽ വരാത്ത ഷിഫ്റ്റിലുള്ള മുഴുവൻ കുട്ടികൾക്കും ഓൺലൈൻ മുഖേന ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് കാലത്ത് നിയന്ത്രിത എണ്ണം കുട്ടികളുമായി സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ക്ലാസ്സിൽ വരാൻ കഴിയാത്ത കുട്ടികൾക്ക് പഠനം നഷ്ടപ്പെടാതിരിക്കാൻ വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണം തുടരുന്നതാണ്. അതോടൊപ്പംതന്നെ അദ്ധ്യാപകരുടെ പിന്തുണാ പ്രവർത്തനങ്ങളും നിലവിലുള്ള രീതിയിൽ തുടരുന്നതാണ്.

(ബി) പ്രസ്തുത സൗകര്യങ്ങൾ രോഗം, ക്വാറന്റൈൻ തുടങ്ങിയ കാരണങ്ങളാൽ ക്ലാസ്റൂമിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളുടെ മാനസികസമ്മർദ്ദം കുറയ്ക്കുന്നതിന് അനിവാര്യമായതിനാൽ എല്ലാ സ്കൂളുകളിലും ഉറപ്പാക്കുമോ; വ്യക്തമാക്കുമോ?

എല്ലാ സ്കൂളുകളിലും ഇതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. രോഗം, ക്വാറന്റൈൻ തുടങ്ങിയ കാരണങ്ങളാൽ ക്ലാസ്റൂമിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് നിലവിലുള്ള ഡിജിറ്റൽ ക്ലാസുകളും ഓൺലൈൻ ക്ലാസുകളും തുടരുന്നതാണ്. കൂടാതെ ക്ലാസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ പഠന പിന്തുണാപ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസുകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ, ഓഫ്‌ലൈൻ ഹൈബ്രിഡ് ക്രമീകരണം**

161 (1294) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലത്ത് സ്കൂളുകൾ തുറന്നുപ്രവർത്തിക്കുമ്പോൾ കുട്ടികൾ ഓൺലൈൻ, ഓഫ് ലൈൻ ആയി ഒന്നിടവിട്ട ദിവസങ്ങളിൽ പങ്കെടുക്കുകയും ബാച്ച് മാറിവരികയും ചെയ്യുന്ന രീതിയിലുള്ള ഓൺലൈൻ, ഓഫ് ലൈൻ രീതിയിലുള്ള ക്രമീകരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് കാലത്ത് നിയന്ത്രിത എണ്ണം കുട്ടികളുമായി സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ ക്ലാസിൽ വരാൻകഴിയാത്ത കുട്ടികൾക്ക് പഠനം നഷ്ടപ്പെടാതിരിക്കാൻ വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസുകളുടെ സംപ്രേക്ഷണം തുടരുന്നതാണ്. അതോടൊപ്പം തന്നെ അദ്ധ്യാപകരുടെ പഠന പിന്തുണാപ്രവർത്തനങ്ങളും നിലവിലുള്ള രീതിയിൽ തുടരുന്നതാണ്.

## സംസ്ഥാനത്ത് സ്കൂളുകൾ തുറക്കുന്നതിനുള്ള നടപടികൾ

162 (1295) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി വ്യാപിക്കുന്ന ഈ സമയത്തും നമ്മുടെ പൊതുവിദ്യാലയങ്ങൾ തുറക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ അധികൃതരും രക്ഷിതാക്കളും സ്വീകരിക്കേണ്ട കരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് കരട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

## കോവിഡാനന്തരം സ്കൂളുകളുടെ പ്രവർത്തനം

163 (1296) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പഠനം തുടങ്ങുന്നതിനും ആലോചനയുണ്ടോ; വിശദാംശം നൽകുമോ?

നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും സംവിധാനങ്ങളും വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ കോവിഡാനന്തര വിദ്യാലയങ്ങൾ തുറന്നുപ്രവർത്തിപ്പിച്ചത് സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പഠനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ; ഈ സംസ്ഥാനങ്ങളിൽ ടി.പി.ആർ. എത്ര ആയപ്പോഴാണ് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മറ്റ് സംസ്ഥാനങ്ങൾ സ്കൂൾ തുറന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഇവിടെ പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. ടി.പി.ആർ. സംബന്ധിച്ച വിശദാംശങ്ങളും പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(ഡി) പ്രൈമറി തലംമുതൽ സെക്കണ്ടറി തലംവരെയുള്ള വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ വിദ്യാർഥികൾക്ക് രോഗബാധയുണ്ടാകാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യവകുപ്പുമായി ചേർന്ന് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠന സൗകര്യങ്ങൾ**

164 (1297) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) എല്ലാവർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്.

(സി) അതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് കുട്ടികൾക്കാവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് വിദ്യാകിരണം. ഇതിനുവേണ്ടി ഒരു വെബ് പോർട്ടലും ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾ, ഗ്രൂപ്പുകൾ, കമ്പനികൾ എന്നിവർക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിലേയോ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയായോ സംഭാവനകൾ നൽകാൻ ഈ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ സബ്ഹെഡ്ഡായി ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ തുക ഇൻകം ടാക്സ് ആക്ട് 1961-ന്റെ 80 ജി (2) വകുപ്പ് പ്രകാരം ആദായനികുതി

വിമുക്തവുമായിരിക്കും. കൂടാതെ കമ്പനീസ് ആക്ട് 2013 പ്രകാരം കമ്പനികളുടെ സി.ആർ.സി. പദ്ധതിയിലുൾപ്പെടുത്തി ലഭിക്കുന്ന സഹായങ്ങൾ സ്വീകരിക്കാൻ പോർട്ടലിൽ പ്രത്യേക സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകളിലൂടെ ശേഖരിക്കുന്ന തുക കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകാൻ മാത്രം ചെലവഴിക്കുന്നതാണ്. വിദ്യാകിരണം പദ്ധതി വഴി ലഭ്യമാകുന്ന തുകയിൽനിന്നും ആവശ്യകതയ്ക്കനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുകയും അപ്രകാരം ലഭ്യമാകുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു.

## വിദ്യാലയങ്ങളിലെ കുട്ടികളുടെ വർദ്ധനവ്

165 (1298) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 അധ്യയനവർഷം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ എത്ര കുട്ടികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്; വിശദാംശം നൽകുമോ?

2021-22 അധ്യയനവർഷം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ മുൻവർഷത്തേക്കാൾ അധികമായിച്ചേർന്ന 28482 കുട്ടികളും രണ്ട് മുതൽ പത്തുവരെ ക്ലാസ്സുകളിൽ പുതുതായി ചേർന്ന 226150 കുട്ടികളുമുൾപ്പെടെ ആകെ 254632 കുട്ടികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

| ക്ലാസ് | ഗവൺമെന്റ് | എയ്ഡഡ് | ആകെ |
|---|---|---|---|
| I | 15234 | 13248 | 28482 |
| II | 11266 | 14090 | 25356 |
| III | 11879 | 14291 | 26170 |
| IV | 11454 | 13756 | 25210 |
| V | 3737 | 47985 | 51722 |
| VI | 8676 | 15505 | 24181 |
| VII | 7479 | 13375 | 20854 |
| VIII | 32208 | 7470 | 39678 |
| IX | 3580 | 6837 | 10417 |
| X | 1414 | 1148 | 2562 |
| ആകെ | 106927 | 147705 | 254632 |

## ഓൺലൈൻ ക്ലാസ്സുകളുടെ കാര്യക്ഷമത പരിശോധന

166 (1299) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒന്നര വർഷമായി നടത്തിവരുന്ന ഓൺലൈൻ ക്ലാസുകളുടെ കാര്യക്ഷമത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്താൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. മഹാമാരികാലത്തെ കുട്ടികളുടെ അക്കാദമികവും മനോ-സാമൂഹികപരവുമായ അവസ്ഥയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സർക്കാർ വനിതാ കോളേജുമായി ചേർന്ന് എസ്.സി.ഇ.ആർ.ടി. പഠനം നടത്തിയിട്ടുണ്ട്. ഭാവിയെക്കുറിച്ചുള്ള ആശങ്ക, പഠനത്തോട് താല്പര്യം കുറയുന്ന അവസ്ഥ, അസൈൻമെന്റുകൾ പൂർത്തിയാക്കുന്നതിൽ പ്രയാസം, വിഷാദ ലക്ഷണങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങി ഇടപെടേണ്ട മേഖലകൾ ചെറിയൊരു വിഭാഗം കുട്ടികളിൽ കണ്ടുവരുന്നുണ്ട്. ഒപ്പംതന്നെ കായിക പ്രവർത്തനങ്ങൾ കുറഞ്ഞതുകാരണമുള്ള ആരോഗ്യപ്രശ്നങ്ങളുമുള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. കുട്ടികളുടെ പഠനനഷ്ടം വിലയിരുത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടം സ്കൂളുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(സി) ഓൺലൈൻ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ മുൻഗണനാക്രമത്തിൽ സ്കൂളുകളിലെത്തിച്ച് പഠനം ഉറപ്പാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

പഠന നഷ്ടം സംഭവിച്ച മുഴുവൻ കുട്ടികൾക്കും പഠനം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമാകുന്ന വിധത്തിലാണ് ക്ലാസ്സുകൾ ആസൂത്രണം ചെയ്യുക. ഓരോ കുട്ടിയും നേടേണ്ട അറിവും നൈപുണികളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## നാഷണൽ എഡ്യൂക്കേഷൻ പോളിസി

167 (1300) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ നാഷണൽ എഡ്യൂക്കേഷൻ പോളിസി നടപ്പാക്കുന്നത് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് ആശങ്ക ഉയർന്നുവന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ കരട് പ്രസിദ്ധീകരിച്ച വേളയിൽ ഇത് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 2019-ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ കരട് പ്രസിദ്ധീകരിക്കുകയും അത് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത നയം എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്യുകയും ആശങ്കകൾ കേന്ദ്രസർക്കാരിനെ യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## മഹാമാരിക്കാലത്തെ സ്കൂളുകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

168 (1301) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരിക്കാലത്ത് തുറക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി എന്തൊക്കെ പ്രതിരോധ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യ വകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യസുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുൾപ്പെടുത്തി തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) കോവിഡ് കാലത്തെ സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്.

(സി) സ്കൂളിൽ പോയതിനുശേഷം കുട്ടികളിൽ കോവിഡ് ബാധയുണ്ടായാൽ അതുമൂലമുണ്ടാകുന്ന ക്ലാസ് നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂളിൽ ക്ലാസ്സുകൾ നടക്കുന്നതോടൊപ്പംതന്നെ വിക്ടേഴ്സ് ചാനൽവഴി നിലവിൽ സംപ്രേഷണം ചെയ്തുവരുന്ന ഡിജിറ്റൽ ക്ലാസ്സുകൾ തുടരുന്നതാണ്. കൂടാതെ ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെയുള്ള ഓൺലൈൻ ക്ലാസ്സുകളും നടത്തുന്നതാണ്.

**പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികളുടെ എണ്ണം**

169 (1302) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 അധ്യയനവർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികളുടെ എണ്ണം എത്രയാണ്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

2021-22 അധ്യയനവർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | കുട്ടികളുടെ എണ്ണം (Provisional) |
|---|---|
| തിരുവനന്തപുരം | 21863 |
| കൊല്ലം | 17391 |
| പത്തനംതിട്ട | 6327 |
| ആലപ്പുഴ | 13088 |
| കോട്ടയം | 11694 |
| ഇടുക്കി | 8029 |
| എറണാകുളം | 17798 |
| തൃശ്ശൂർ | 24329 |
| പാലക്കാട് | 27795 |
| മലപ്പുറം | 67735 |
| കോഴിക്കോട് | 33955 |
| വയനാട് | 9981 |
| കണ്ണൂർ | 27504 |
| കാസർഗോഡ് | 17925 |
| ആകെ | 305414 |

(ബി) ഇത് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

സർക്കാർ, എയ്ഡഡ് മേഖലയിൽ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ 2020-21-നെ അപേക്ഷിച്ച് 2021-22-ൽ 28482 എണ്ണം കുട്ടികൾ വർദ്ധിച്ചു.

**സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ**

170 (1303) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രോഗബാധയെത്തുടർന്ന് അടച്ചിട്ടിരുന്ന സ്കൂളുകൾ എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്കൂൾ കുട്ടികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യവകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യസുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുൾപ്പെടുത്തി തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം എപ്രകാരമാണ് ക്രമീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികളുടെ യാത്രാ സംബന്ധമായ നിർദ്ദേശങ്ങളുൾപ്പെടുത്തിക്കൊണ്ട് മോട്ടോർ വാഹന വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

**സ്കൂളുകൾ തുറക്കുന്നതിനുള്ള ക്രമീകരണം**

171 (1304) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് നടത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ?

(എ&ബി) നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യവകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യസുരക്ഷാ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുൾപ്പെടുത്തി തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിൽ രക്ഷകർത്താക്കൾക്കുള്ള ആശങ്കകൾ അകറ്റുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യ വകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യസുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുൾപ്പെടുത്തി കരട് മാർഗ്ഗരേഖ തയ്യാറാക്കിയത് പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജനസംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

**കൊറോണയ്ക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ**

172 (1305) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണയ്ക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം, അംഗീകൃത അദ്ധ്യാപക സംഘടനകളുടെ യോഗം, യുവജനസംഘടനകളുടെ യോഗം, വിദ്യാർത്ഥി സംഘടനകളുടെ യോഗം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർമാരുടെ യോഗം, ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം, ജില്ലാ കളക്ടർമാരുടെ യോഗം, വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം എന്നിവ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും

നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കരട് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്.

(ബി) സ്കൂളുകൾ അടഞ്ഞുകിടന്നത് നിമിത്തം നിയമനം മന്ദഗതിയിലായ എച്ച്.എസ്.എ. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്നില്ല.

(സി) വിദ്യാർത്ഥികളുടെ കായികവും മാനസികവുമായ വികസനം ഉറപ്പുവരുത്തുന്നതിന് വിദ്യാലയങ്ങളിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിദ്യാർത്ഥികളുടെ കായികവും മാനസികവുമായ വികസനം ഉറപ്പുവരുത്തുന്നതിനായി വിക്ടേഴ്സ് ചാനൽ മുഖേന ആരോഗ്യ-കായിക വിദ്യാഭ്യാസത്തിൽ ഡിജിറ്റൽ ക്ലാസുകൾ നൽകിവരുന്നു. 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്നതും വ്യക്തിഗതമായി ചെയ്യാൻ കഴിയുന്നതുമാണ് പ്രസ്തുത പ്രവർത്തന വീഡിയോകൾ. സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് അഭ്യസിക്കാനുതകുന്ന രീതിയിൽ സുരക്ഷാ മുൻകരുതലുകൾ പാലിച്ചുകൊണ്ട് ചെയ്യാവുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരികയാണ്.

(ഡി) വിദ്യാലയങ്ങളിൽ കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കുന്നുണ്ട്. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്.

(ഇ) പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്താനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്കുള്ള ഇൻഡക്ഷൻ പരിശീലനം നടപ്പിലാക്കും. അദ്ധ്യാപകർക്കുള്ള 6 മാസം ദൈർഘ്യമുള്ള അദ്ധ്യാപക പരിശീലന പരിപാടി (Teacher Transformation Programme) കേരളത്തിലെ എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. മറ്റ് സംസ്ഥാനങ്ങളിൽ പഠിച്ച് കേരളത്തിൽ തുടർപഠനം നടത്തുന്നവർക്കുള്ള തുല്യത നല്കുന്നതിനുള്ള KEET (Kerala Equivalency Cum Eligibility Test) പരീക്ഷ നടപ്പിലാക്കും. ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ പദ്ധതികളായ മുദ്രികാപാഠം, ശ്രുതിപാഠം, ഗണിനിപ്രഭ, സമീക്ഷാ തുടങ്ങിയവ വ്യാപിപ്പിക്കും.

(എഫ്) നിലവിലുള്ള സിലബസ് പരിഷ്കരിക്കുന്നതിന് ഉദ്ദേശമുണ്ടോ; അറിയിക്കുമോ?

കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരള സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത്. തുടർന്ന് 2013-ൽ തയ്യാറാക്കിയ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയുണ്ടായി. അതിനുശേഷം വിജ്ഞാന മേഖലയിലും ആധുനിക സാങ്കേതിക രംഗത്തുമുണ്ടായ വളർച്ചയുടെയും വികാസത്തിന്റെയും അടിസ്ഥാനത്തിലും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് നിലവിൽവന്ന സാഹചര്യത്തിലും കേരള സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പാഠ്യപദ്ധതി പരിഷ്കരണത്തിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനോടകം തുടങ്ങിയിട്ടുണ്ട്.

(ജി) വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സ്കൂളുകളിൽ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ ചെലവുവരുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. 45,000

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് സംവിധാനമുള്ളവയായി. എൽ.പി./യു.പി. സ്കൂളുകളും ഹൈടെക് സ്കൂളുകളായി മാറിവരുന്നു. ലൈബ്രറികൾ, ക്ലാസ് ലൈബ്രറികൾ, ലബോറട്ടറികൾ, ശുചിമുറികൾ, ശൗചാലയങ്ങൾ, പുതിയ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, ചുറ്റുമതിൽ, സ്കൂളുകൾ ആകർഷകമാക്കൽ, പാചകപ്പുര നവീകരണം, കളിസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് മുറികൾ, ഫർണിച്ചർ, സ്കൂൾ ബസുകൾ, ലാംഗ്വേജ് ലാബുകൾ, റാമ്പ് & റെയിൽ സംവിധാനം, ഭിന്നശേഷിസൗഹൃദ ശുചിമുറികൾ, ഐ.സി.ടി. ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

**സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ**

173 (1306) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇതുവരെ നടത്തിയ നടപടികൾ വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിവരുന്നു. വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജനസംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രി തലത്തിൽ പ്രത്യേകം പ്രത്യേകം ചേരുകയും ടി യോഗങ്ങളിലെ തീരുമാനങ്ങളനുസരിച്ച് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരികയുമാണ്. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വാക്സിനേഷൻ നൽകൽ, അണുനശീകരണം, കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും ഫിറ്റ്നസ് പരിശോധന എന്നിവ നടത്തിയിട്ടുണ്ടോ?

9-9-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരിൽ 93.39 ശതമാനം ഒരു ഡോസ്/2 ഡോസ് വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ഒക്ടോബർ 20-നകം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഈ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്.

(സി) സ്കൂൾ തുറക്കുന്നതുമൂലം വർദ്ധിക്കാൻ സാധ്യതയുള്ള കോവിഡ് വ്യാപനം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യ വകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യസുരക്ഷാ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുൾപ്പെടുത്തി കരട് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) അദ്ധ്യാപകരുടെ കോവിഡ് ഡ്യൂട്ടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്കൂൾ തുറക്കൽ**

174 (1307) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. അൻവർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ളവരുടെ വാക്സിനേഷൻ സമ്പൂർണ്ണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് വ്യാപനസാധ്യത തീരെ കുറഞ്ഞിരിക്കുന്നതിനാൽ സ്കൂളുകൾ തുറക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സ്കൂളുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപംനൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം പ്രത്യേകം പ്രത്യേകം മന്ത്രിതലത്തിൽ ചേരുകയും ചെയ്തു. ഈ യോഗങ്ങളിലെ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്.

(സി) ഒന്നരവർഷത്തെ സമ്പർക്ക ക്ലാസിന്റെയും അദ്ധ്യാപകരും സഹപാഠികളുമായുള്ള സമ്പർക്കത്തിന്റെയും അഭാവം സൃഷ്ടിച്ച പ്രശ്നം പരിഹരിക്കാൻ പര്യാലോചിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. വിദ്യാലയം തുറക്കുന്ന ആദ്യ നാളുകളിൽ

ഹാപ്പിനെസ് കരിക്കുലത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ, പഠനം ആഹ്ലാദകരമായ അനുഭൂതിയാക്കി മാറ്റുന്നതിനുള്ള Joyful Learning പ്രവർത്തനങ്ങൾ, പഠനത്തിലേയ്ക്ക് നയിക്കുന്ന സന്നദ്ധതാ പ്രവർത്തനങ്ങൾ, പരസ്പര ആശയ വിനിമയം ഉറപ്പുവരുത്തുന്ന ജൈവികമായ സംഘപ്രവർത്തനങ്ങൾ, പങ്കുവയ്ക്കലിലൂടെയും കൂടിയാലോചനകളിലൂടെയും അറിവ് നിർമ്മാണത്തെ ത്വരിതപ്പെടുത്തുന്ന സഹകരണാത്മക പഠനം, സഹപാഠിയുടെ സഹായത്തോടെ സ്വയം മെച്ചപ്പെടാനും പരസ്പരം മെച്ചപ്പെടാനും വേണ്ടിയുള്ള സഹവർത്തിത പഠനം, ഓൺലൈൻ/ഓഫ് ലൈൻ പഠനങ്ങളെ അർത്ഥപൂർണ്ണമായി ബന്ധിപ്പിക്കുന്ന പഠന പ്രവർത്തനങ്ങൾ, സാമൂഹിക പ്രശ്നങ്ങളിലധിഷ്ഠിതമായ പ്രോജക്ടുകൾ, ടീം വർക്കിന് പ്രാധാന്യം നൽകുന്ന പ്രോജക്ട് രീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ എന്നിവയും ഇതുമായി ബന്ധപ്പെട്ട് നടത്താനുദ്ദേശിക്കുന്നു.

## കുട്ടികളിലെ മാനസികാരോഗ്യം

175 (1308) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം ഡിജിറ്റൽ മാധ്യമത്തിലൂടെയും ഓൺലൈനിലൂടെയും ആക്കിയതുവഴി വിദ്യാർത്ഥികളിൽ ഏതെങ്കിലും തരത്തിലുള്ള മാനസിക പ്രയാസങ്ങളുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ കുട്ടികൾക്ക് മാനസികാരോഗ്യം നൽകുന്നതിനും ഡിജിറ്റൽ പഠനം വഴിയുണ്ടായിട്ടുള്ള മാനസിക സംഘർഷം പരിഹരിക്കുന്നതിനും സ്കൂളുകളിലാവശ്യമായ കൗൺസിലിംഗ് ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മോഡ്യൂൾ തയ്യാറാക്കുന്നുണ്ട്. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്.

## സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ യൂണിറ്റുകൾ എന്നിവയുടെ നിർമ്മാണം

176 (1309) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര, സ്റ്റോർ യൂണിറ്റുകൾ എന്നിവ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(സി) 2020-21 വർഷം തുക അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വിദ്യാലയങ്ങൾക്ക് 2021-22 വർഷം നിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ 3031 സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പാചകപ്പുര-കം-സ്റ്റോർ റൂം നിർമ്മിക്കുന്നതിനായി 2020-21 സാമ്പത്തികവർഷം അനുവദിച്ച തുകയിൽ ട്രഷറിയിൽനിന്നും 31-3-2021 വരെ മാറി ലഭിക്കാത്ത ബില്ലുകളുടെ തുകയായ 12471.48 ലക്ഷം രൂപ ലാപ്സാകാതിരിക്കുന്നതിനായി ആയത് പ്രസ്തുത സാമ്പത്തികവർഷം ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിരുന്നു. പ്രസ്തുത തുക 2021-2022 സാമ്പത്തികവർഷം റിലീസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

## വിദ്യാലയങ്ങൾ തുറക്കുന്നതോടനുബന്ധിച്ചുള്ള മുൻകരുതലുകൾ

177 (1310) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവംബർ ഒന്നിന് വിദ്യാലയങ്ങൾ തുറക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചതിനാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്വീകരിച്ച മുൻകരുതലുകളും ക്രമീകരണങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രി തലത്തിൽ വിളിച്ചുചേർക്കുകയും ഈ യോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

**വിദ്യാർത്ഥികൾ മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികൾ**

178 (1311) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ ക്ലാസുകളിലെ ഓൺലൈൻ പഠനത്തിന്റെ ഭാഗമായി അദ്ധ്യാപകർ അധികമായ പാഠഭാഗങ്ങളും ഹോം വർക്കുകളും വിദ്യാർത്ഥികളോട് ചെയ്യാൻ ആവശ്യപ്പെടുന്നതുമൂലം വിദ്യാർത്ഥികൾ മാനസികസമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികൾ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാർത്ഥികൾക്ക് ദിവസവും നൽകുന്ന പാഠഭാഗങ്ങൾ, ഹോം വർക്കുകൾ എന്നിവ അവർക്ക് അധികഭാരമാകുംവിധമല്ലാതെ ക്രമീകരിക്കാൻ വിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

നിലവിൽ വിക്ടേഴ്സ് ചാനൽവഴി ചെറിയ ക്ലാസ്സുകൾക്ക് ഒന്ന് അല്ലെങ്കിൽ രണ്ട് ഡിജിറ്റൽ ക്ലാസ്സുകളാണ് ദിവസേന സംപ്രേഷണം ചെയ്യുന്നത്. ഈ ഡിജിറ്റൽ

ക്ലാസ്സുകൾക്കാവശ്യമായ പിന്തുണയും തുടർപ്രവർത്തനങ്ങളുമാണ് അദ്ധ്യാപകർ ഓൺലൈൻ സംവിധാനങ്ങളുപയോഗിച്ച് കുട്ടികൾക്ക് നൽകുന്നത്. ഇങ്ങനെ നൽകുന്ന പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം പൂർത്തിയാക്കാൻ കഴിയുന്നതും ഒട്ടുംതന്നെ കുട്ടികൾക്ക് മാനസിക സമ്മർദ്ദമുണ്ടാക്കാൻ പാടില്ലാത്തതുമാകണമെന്ന നിർദ്ദേശമാണ് അദ്ധ്യാപകർക്ക് നൽകിയിട്ടുള്ളത്.

(സി) അൺ-എയ്ഡഡ്, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഒരു നിയന്ത്രണവുമില്ലാതെ ഇത്തരത്തിൽ ഓൺലൈൻ പഠനം വിദ്യാർത്ഥികൾക്ക് ഭാരമാകുംവിധം അടിച്ചേൽപ്പിക്കുന്നത് വിദ്യാഭ്യാസ വകുപ്പിന് നിയന്ത്രിക്കാനാകുമോ; വിശദമാക്കാമോ?

കുട്ടികളുടെ വിദ്യാഭ്യാസ അവകാശലംഘനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഇടപെടലുണ്ടാകാറുണ്ട്. എന്നാൽ അൺ-എയ്ഡഡ്, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഒരു നിയന്ത്രണവുമില്ലാതെ ഇത്തരത്തിൽ ഓൺലൈൻ പഠനം വിദ്യാർത്ഥികൾക്ക് ഭാരമാകുംവിധം അടിച്ചേൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് പരിമിതികളുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

179 (1312) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഈ വർഷം ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമാണിതെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നതിന്റെ ഫലമായാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുള്ളത്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചതുമുതൽ പൊതുവിദ്യാലയങ്ങളിൽ എത്ര കുട്ടികൾ അധികമായെത്തിയെന്ന കണക്ക് ലഭ്യമെങ്കിൽ അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചതുമുതൽ പൊതുവിദ്യാലയങ്ങളിൽ അധികമായെത്തിയ കുട്ടികളുടെ എണ്ണം അദ്ധ്യയന വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | ആകെ |
|---|---|---|---|
| 2016-17 | 28860 | 82491 | 111351 |
| 2017-18 | 59852 | 96713 | 156565 |
| 2018-19 | 71360 | 113368 | 184728 |
| 2019-20 | 65215 | 98343 | 163558 |
| 2020-21 | 68742 | 106129 | 174871 |
| 2021-22 | 106927 | 147705 | 254632 (Provisional) |

(സി) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അക്കാദമിക നിലവാരം ഉയർത്താനുള്ള കർമ്മപരിപാടികൾ വിശദമാക്കാമോ?

ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകല്പന ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊതുഗുണത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും സമഗ്രവികാസം ലക്ഷ്യംവച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. അതിന്റെ ഭാഗമായി പഠനപിന്തുണ ആവശ്യമുള്ളവർക്കും പഠനത്തിൽ മികവ് പുലർത്തുന്നവരെ മികവിലേയ്ക്കെത്തിക്കുന്നതിനും വൈവിധ്യമാർന്ന അക്കാദമിക പദ്ധതികൾ ആവിഷ്കരിച്ചു. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി

തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ക്യ.ഇ.പി.), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കിവരുന്നു. അറിവിന്റെ മേഖലയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള വളർച്ചയ്ക്കനുസരിച്ച് ആവശ്യമായ പിന്തുണ 'സമഗ്ര' പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പാഠഭാഗത്തിനും അനുയോജ്യമായ വിനിമയതന്ത്രം സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുയോജ്യമായ ഐ.സി.ടി. വിഭവങ്ങളും 'സമഗ്ര'-യിൽ ലഭ്യമാണ്. ഇത്തരം പഠനവിഭവങ്ങൾ കാര്യക്ഷമമായി ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകിവരുന്നു.

### പാഠപുസ്തകങ്ങളിൽ അക്ഷരമാല

180 (1313) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താത്തതിനാൽ കുട്ടികൾക്ക് അക്ഷരങ്ങളുടെ ശരിയായ ആലേഖന ക്രമം മനസ്സിലാകാത്തതും എഴുത്തിന്റെ ഏകീകൃത സ്വഭാവം നഷ്ടപ്പെടുന്നതായുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലയാളം പാഠപുസ്തകങ്ങളിൽ അക്ഷരമാലയായി നൽകിയിട്ടില്ലെങ്കിലും അതതിടങ്ങളിൽ കൃത്യമായി അക്ഷരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്ഷരങ്ങൾ എഴുതേണ്ടവിധം എങ്ങനെയാണെന്ന് അദ്ധ്യാപക സഹായിയിൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ആലേഖന ക്രമം അദ്ധ്യാപകർ കുട്ടികൾക്ക് നൽകിവരുന്നു. ഇപ്പോൾ ആശയാവതരണത്തിലൂടെ അക്ഷരം പഠിപ്പിക്കുന്ന രീതിയാണ് പിന്തുടരുന്നത്.

(ബി) എങ്കിൽ പ്രൈമറി ക്ലാസ്സുകളിൽ പാഠപുസ്തകത്തിൽ അക്ഷരമാല ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കരിക്കുലം പരിഷ്കരണം നടക്കുന്ന വേളയിൽ കരിക്കുലം കമ്മിറ്റിയുടെ വിദഗ്ദ്ധോപദേശമനുസരിച്ച് പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോവിഡ് സാഹചര്യത്തിൽ സ്കൂൾ പ്രവേശനം

181 (1314) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരി രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ 2021 നവംബർ 1 മുതൽ സ്കൂളുകൾ പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോവിഡ് പ്രതിരോധ വാക്സിനേഷൻ കുട്ടികൾക്ക് നൽകിയിട്ടില്ലാത്തതിനാൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നവംബർ 1 മുതൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തിയുള്ള മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. ആയത് അംഗീകരിച്ച് നടപ്പിലാക്കി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായതെല്ലാം സ്വീകരിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

182 (1315) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന എത്ര സ്കൂളുകളാണ് 2010 ജനുവരി 2-ലെ ജി.ഒ. (എം.എസ്.)നം.2/2010/ പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കാത്ത ഇപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും എത്ര വീതം സ്കൂളുകളാണ് ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാത്തതിനാൽ ഒഴിവുകളിൽ അദ്ധ്യാപക നിയമനം നടത്താൻ സാധിക്കാത്ത സാഹചര്യവും അധ്യയനം പ്രതിസന്ധിയിലാവുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തുമ്പയിൽ എ.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകം എന്താണെന്ന് വ്യക്തമാക്കാമോ; ഈ സ്കൂൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ-ഡി) 2-1-2010-ലെ സ.ഉ. (എം.എസ്.) നം. 02/2010/പൊ.വി.വ. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള 104 സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തുമ്പയിൽ എ.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ നിവേദനം നൽകിയിട്ടുണ്ട്. ടി നിവേദനത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

## സ്കൂളുകളിൽ ക്ലാസ് ആരംഭിക്കൽ

183 (1316) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകളിൽ എന്നുമുതൽ ക്ലാസുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നവംബർ 1-ന് സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ക്ലാസുകൾ ആരംഭിക്കുമ്പോൾ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകളുടെയും യുവജന സംഘടനകളുടെയും വിദ്യാർത്ഥി സംഘടനകളുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും യോഗം മന്ത്രിതലത്തിൽ ചേരുകയും സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്തിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കരട് മാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജനസംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

## സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്വീകരിക്കാനുദ്ദേശിക്കുന്ന മുൻകരുതലുകൾ

184 (1317) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി എന്തൊക്കെ മുൻകരുതലുകളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

## കോവിഡാനന്തര വിദ്യാഭ്യാസം

185 (1318) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ കുട്ടികൾ നേരിടുന്ന സാമൂഹിക, മാനസിക, അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോവിഡാനന്തര വിദ്യാഭ്യാസം ഏത് രീതിയിൽ ക്രമീകരിക്കണം എന്നതിന് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി. വിപുലമായ പഠനം നടത്തിയിരുന്നു. 14 ജില്ലകളിൽനിന്നായി 2829 വിദ്യാർത്ഥികളും 2466 രക്ഷിതാക്കളും 412 അദ്ധ്യാപകരും 176 സ്കൂൾ കൗൺസിലർമാരും പഠനത്തിന്റെ ഭാഗമായി 2020 സെപ്തംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ നടന്ന ഈ പഠനം കോവിഡാനന്തര വിദ്യാഭ്യാസത്തിൽ കുട്ടികളുടെ മാനസിക-സാമൂഹിക വികാസം പരിഗണിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. തുടർച്ചയായ ഡിജിറ്റൽ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ശ്രദ്ധയും ഏകാഗ്രതയും കുറയാൻ കാരണമായിട്ടുള്ളതിനാൽ ഏകാഗ്രതാവ്യായാമങ്ങൾ, പുസ്തക വായന, കലാ-കായിക പ്രവർത്തനങ്ങൾ, വൈവിദ്ധ്യമാർന്ന അനുഭവങ്ങൾ നൽകുന്ന പഠനപ്രവർത്തങ്ങൾ എന്നിവയ്ക്ക് അവസരമൊരുക്കണമെന്ന് പഠനം നിർദ്ദേശിക്കുന്നു. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും അമിതോപയോഗം, വിഷാദരോഗ ലക്ഷണങ്ങൾ, ഉൽക്കണ്ഠരോഗത്തിന്റെ ലക്ഷണങ്ങൾ, ഏകാന്തത, വൈകാരിക നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് എന്നിവ വിദ്യാർത്ഥികളിൽ ഗണ്യമായ അളവിലുണ്ട്. ഇവയെ പ്രതിരോധിക്കാൻ ക്രിയാത്മകമായി ഇടപെടുന്നതിന് കൗൺസിലർമാർ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവരെ സജ്ജരാക്കേണ്ടതിന്റെ പ്രാധാന്യവും പഠനം ചൂണ്ടിക്കാണിക്കുന്നു. ഇന്ന് സ്കൂളുകൾ കേന്ദ്രീകരിച്ച് പല സംവിധാനങ്ങളുടെ കീഴിൽ നടന്നുവരുന്ന പ്രോജക്ടുകളെ ഏകോപിപ്പിക്കുകയും സ്കൂൾ കൗൺസിലർമാർക്ക് ഉചിതമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് അവരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യണമെന്നും പഠനം നിർദ്ദേശിക്കുന്നു.

## വിദ്യാർത്ഥികളുടെ സുരക്ഷിത സഞ്ചാരത്തിനായി ക്രമീകരണം

186 (1319) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുഗതാഗത സംവിധാനത്തെ ആശ്രയിച്ച് ധാരാളം കുട്ടികൾ സ്കൂളുകളിലെത്തിച്ചേരുന്ന കേരളത്തിൽ കോവിഡ് കാലത്ത് സ്കൂളുകൾ തുറക്കുമ്പോൾ വിദ്യാർത്ഥികളുടെ സുരക്ഷിത സഞ്ചാരത്തിനായി ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

## കോവിഡ് മഹാമാരിക്കുശേഷം സ്കൂളുകൾ തുറക്കുന്നത്

187(1320) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സർക്കാർ നടത്തുന്ന വിപുലമായ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശസ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

(ബി) സ്കൂൾ വാഹനങ്ങൾക്ക് പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങൾക്കാവശ്യമായ സുരക്ഷാ പരിശോധനയും ഫിറ്റ്നസ് പരിശോധനയും പൂർത്തിയാക്കി ട്രയൽ റൺ നടത്തിയതിനുശേഷം മാത്രമേ കുട്ടികളെ കൊണ്ടുവരുവാൻ ഉപയോഗിക്കുകയുള്ളൂവെന്ന് സ്കൂൾ അധികൃതർ ഉറപ്പുവരുത്തും. സ്കൂൾ വാഹന ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും സുരക്ഷാ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർക്കും സ്കൂളിൽനിന്ന് കുട്ടികളെ കൊണ്ടുവരുന്ന മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാർക്കും മോട്ടോർവാഹന വകുപ്പിന്റെ സഹായത്തോടെ ഓൺലൈൻ പരിശീലനം

ലഭ്യമാക്കും. ഒക്ടോബർ 20-നകം മോട്ടാർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേഫ് കേരള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ താലൂക്കിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് വാഹനങ്ങളുടെ യാന്ത്രികക്ഷമത പരിശോധിക്കുകയും കുട്ടികളുടെ യാത്രയുമായി ബന്ധപ്പെട്ട് ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**മനസിക സമ്മർദ്ദം കുറയ്ക്കാൻ നടപടികൾ**

188 (1321) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ലോക്ക്ഡൗണിനുശേഷം സ്കൂളുകൾ തുറക്കുമ്പോൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മാനസികസമ്മർദ്ദം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇതുസംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസുകൾ കുട്ടികൾക്കും നൽകുന്നതാണ്.

**സ്കൂളുകളിലെത്തുന്ന കുട്ടികൾക്ക് ബയോ ബബിൾ സുരക്ഷ**

189 (1322) <u>ശ്രീ. ടി. സിദ്ദിഖ്</u>:

<u>ശ്രീമതി കെ. കെ. രമ</u>:

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിയ സീറോ സർവ്വേയുടെയോ അഥവാ മറ്റേതെങ്കിലും പഠനങ്ങളുടെയോ അടിസ്ഥാനത്തിലാണോ സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ?

വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(ബി) സ്കൂളുകളിലെത്തുന്ന കുട്ടികൾക്ക് ബയോ ബബിൾ സുരക്ഷയൊരുക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ?

ഒരു ക്ലാസ്സിൽ പഠിക്കുന്ന 6 മുതൽ 10 വരെ കുട്ടികളടങ്ങുന്ന കൂട്ടത്തെയാണ് ബയോ ബബിൾ ആയി പരിഗണിക്കുന്നത്. ഇവർ മാത്രമേ പരസ്പരം അടുത്ത് ഇടപെടാൻ പാടുള്ളൂ. ഇവർ ഒരു പ്രദേശത്തുനിന്നും വരുന്നവരാണെങ്കിൽ അവരുടെ യാത്രയടക്കം ഒരുമിച്ച് ആസൂത്രണം ചെയ്യാൻ കഴിയും. ഒരു ക്ലാസ്സിൽ 20 കുട്ടികളുണ്ടെങ്കിൽ രണ്ടോ മൂന്നോ ബയോ ബബിൾ ഉണ്ടാകാം. ഒരു ബയോ ബബിളിലെ കുട്ടികൾ മറ്റൊരു ബയോ ബബിളിലെ കുട്ടികളുമായി ഒരു തരത്തിലും ഇടപെടാൻ പാടില്ല. കുട്ടികളായതിനാൽ പരിമിതി ഏറെയുണ്ടെങ്കിലും കോവിഡിനെ പ്രതിരോധിക്കാനുള്ള ഒരു മാർഗ്ഗമായി ബയോ ബബിളിനെ പ്രയോജനപ്പെടുത്താം.

(സി) ഓട്ടോകൾ, സ്കൂൾ ബസുകൾ, ക്ലാസ് മുറികൾ എന്നിവിടങ്ങളിലുൾപ്പെടെ കുട്ടികളുടെ സാമൂഹിക അകലം ഉറപ്പുവരുത്താനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യ വകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യസുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുൾപ്പെടുത്തി തയ്യാറാക്കിയ കരട് മാർഗ്ഗരേഖ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ സംബന്ധമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മോട്ടോർ വാഹന വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

### സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ തയ്യാറാക്കൽ

190 (1323) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ സ്കൂൾ കുട്ടികളുടെ സഞ്ചാരത്തിനായി ഗതാഗത, ആരോഗ്യ വകുപ്പുകളുമായി സഹകരിച്ച് സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ തയ്യാറാക്കുമോയെന്ന് അറിയിക്കുമോ?

തയ്യാറാക്കിയിട്ടുണ്ട്.

(ബി) പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്ന കുട്ടികൾക്കും ബാധകമാകുന്ന രീതിയിൽ ഇത് ഫലപ്രദമായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുഗതാഗതം ഉപയോഗിക്കുന്ന കുട്ടികളുൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും ബാധകമാകുന്ന രീതിയിലാണ് മോട്ടോർവാഹന വകുപ്പ് മാർഗ്ഗരേഖ പുറത്തിറക്കിയിരിക്കുന്നത്.

**പ്ലസ് വൺ അഡ്മിഷൻ**

191 (1324) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഴുവൻ 'എ' പ്ലസ് കിട്ടിയ വിദ്യാർത്ഥികൾക്കുപോലും അവരവരുടെ താലൂക്കിൽ പ്ലസ് വൺ അഡ്മിഷൻ കിട്ടാതിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ വിഷയം പരിശോധിച്ചുവരികയാണ്.

**സ്വന്തമായി വാഹനമില്ലാത്ത സ്കൂളുകൾ**

192 (1325) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകൾ തുറക്കുമ്പോൾ സ്വന്തമായി വാഹനമില്ലാത്ത സ്കൂളുകളിലെ കുട്ടികൾക്കുവേണ്ടി പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഭിന്നശേഷി വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ**

193 (1326) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. പ്രേംകുമാർ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ഓൺലൈൻ പഠനരംഗത്ത് ഭിന്നശേഷി വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാലത്ത് ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു; വിശദാംശങ്ങൾ നൽകാമോ?

21 തരം വൈകല്യങ്ങൾ അനുഭവിക്കുന്നവർക്ക് ഗവൺമെന്റിന്റെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ നിരവധി പഠനപ്രവർത്തനങ്ങൾ വിവിധ വിദ്യാഭ്യാസ ഏജൻസികൾ നടപ്പിലാക്കിവരുന്നു. സമഗ്രശിക്ഷാ കേരളയിൽനിന്നും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പ്രോത്സാഹനത്തിന്റെ ഭാഗമായി കോവിഡ് കാലത്ത് ചുവടെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

1. കോവിഡിന്റെ പശ്ചാത്തലത്തിലാണ് ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചിരിക്കുന്നത്. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം ചെയ്ത ക്ലാസുകൾ എല്ലാ കുട്ടികളേയും ലക്ഷ്യം വച്ചായിരുന്നു. എന്നാൽ ഈ ക്ലാസുകൾ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫലപ്രദമായിരുന്നില്ല. അവർക്കുവേണ്ടി ഫസ്റ്റ് ബെല്ലിന്റെ ചുവടുപിടിച്ച് വൈറ്റ് ബോർഡ് എന്ന പേരിൽ ക്ലാസുകളാരംഭിച്ചു. വിവിധ കാറ്റഗറിയിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസുകൾ ആരംഭിച്ചത്. വിവിധ യുട്യൂബ് ചാനലുകൾ, വെബ്സൈറ്റ് എന്നിവയുടെ സഹായത്തോടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ക്ലാസുകൾ കുട്ടികളിലെത്തിക്കുകയും ചെയ്യുന്നുണ്ട്. ഏപ്രിൽ മാസം മുതൽതന്നെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പുവരുത്തി.

2. കിടപ്പിലായ കുട്ടികളുൾപ്പെടെയുള്ള ഭിന്നശേഷി കുട്ടികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് ടാബ്ലെറ്റുകൾ വിതരണം ചെയ്തു. നിരവധി കുട്ടികൾക്ക് വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സഹായത്തോടെ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തി.

3. ടോക്കിംഗ് ടെക്സ്റ്റ് (ശബ്ദപാഠങ്ങൾ) തയ്യാറാക്കി കുട്ടികൾക്ക് നൽകി.

4. ഡിജിറ്റൽ വീഡിയോ ക്ലാസുകളുടെ തുടർപിന്തുണാ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകി.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എസ്.സി.ഇ.ആർ.ടി. നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(i) മുദ്രികാപഠനം - കേരളത്തിലെ സവിശേഷ വിദ്യാലയങ്ങളിലെ (ശ്രവണ പരിമിതി) അദ്ധ്യാപകർക്ക് ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ അടിസ്ഥാന പാഠങ്ങളാണ് 10 വീഡിയോ ക്ലാസുകളിലൂടെ നൽകിയത്.

(ii) ശ്രുതിപാഠം-ഓഡിയോ ലൈബ്രറി കാഴ്ച - വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മികച്ച ശബ്ദ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി, 100 ദിവസംകൊണ്ട് 100 പുസ്തകങ്ങൾ ശ്രാവ്യരൂപത്തിലേയ്ക്ക് മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹയർ സെക്കണ്ടറി വിഭാഗത്തിലെ എൻ.എസ്.എസ്. സന്നദ്ധ സേവകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്.

(iii) ഗണിനിപ്രഭ - കോവിഡ് കാലത്ത് പാഠ്യപദ്ധതി വിനിമയം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുള്ള ഡിജിറ്റൽ സാങ്കേതിക പരിശീലനം നൽകുന്ന പദ്ധതി. 8 ബാച്ചുകളിലായി 3300 അദ്ധ്യാപകർക്ക് പ്രസ്തുത പരിശീലനം നൽകുകയുണ്ടായി.

(iv) സമീക്ഷാപദ്ധതി - കേരളത്തിലെ കാഴ്ച പരിമിതി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശാരദ ബ്രെയിൽ റൈറ്റർ എന്ന സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തി നൽകുന്ന ഓൺലൈൻ അദ്ധ്യാപക ശാക്തീകരണ പരിപാടിയാണിത്.

(v) തേൻകൂട് - ബുദ്ധിപരിമിതരായ കുട്ടികൾക്ക് പഠനപിന്തുണ ഒരുക്കുന്ന സംവിധാനമാണ് തേൻകൂട് ആപ്ലിക്കേഷൻ.

(vi) ഡിജിറ്റൽ ക്ലാസ്സുകൾ - ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അനുരൂപീകരണ ഡിജിറ്റൽ ക്ലാസ്സുകൾ എസ്.സി.ഇ.ആർ.ടി.-യുടെ യുട്യൂബ് ചാനലിലൂടെ നൽകിവരുന്നു.

(സി) പ്രസ്തുത കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കാഴ്ച പരിമിതി, ശ്രവണ പരിമിതി വിഭാഗം കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിലവിലുണ്ട്.

(ഡി) കാഴ്ചക്കുറവ്, കേൾവിക്കുറവ്, ബുദ്ധി പരിമിതരായ വിദ്യാർത്ഥികൾ എന്നിവർക്കുള്ള സിലബസ് അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുത്താനുതകുന്നതരത്തിൽ എല്ലാ വിഷയങ്ങളുടെയും പഠന വീഡിയോ തയ്യാറാക്കി സംപ്രേഷണം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാഴ്ച/കേൾവി/ബുദ്ധിപരിമിതി നേരിടുന്ന വിദ്യാർത്ഥികൾക്കായിട്ടുള്ള അനുരൂപീകരണ ക്ലാസ്സുകൾ നൽകിവരുന്നു. എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ ഫസ്റ്റ്ബെൽ ക്ലാസുകളിലെ പ്രയാസമേറിയ ഭാഗങ്ങൾ അനുരൂപീകരണം നടത്തി വീഡിയോ ക്ലാസുകളായി യുട്യൂബ് ചാനൽ വഴി നൽകിവരുന്നു. സമഗ്രശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ വൈറ്റ് ബോർഡ് എന്ന പദ്ധതി പ്രകാരം അനുരൂപീകരണം നടത്തിയ വീഡിയോ ക്ലാസുകളും നൽകുന്നുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

194 (1327) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി കിഫ്ബി ഫണ്ട് അനുവദിച്ചിട്ട് ടെണ്ടർ നടപടി പൂർത്തിയാവാതെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം കാലതാമസങ്ങൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമായ എത്ര സ്കൂളുകളുടെ പ്രവൃത്തിയാണ് ടെണ്ടർ നടപടി പൂർത്തിയാവാതെ നിലവിലുള്ളതെന്ന് അറിയിക്കാമോ; ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ രണ്ട് സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിക്കാനുണ്ട്. ജി.എച്ച്.എസ്.എസ്., അവിടനല്ലൂർ, ജി.എം.യു.പി.എസ്., പൂനൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ആയതിൽ പൂനൂർ ജി.എം. യു.പി.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ കിഫ്ബി ഫണ്ട് മുഖാന്തരം നവീകരിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ

195 (1328) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി ഫണ്ട് മുഖാന്തരം നവീകരിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ നിയമസഭാ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ സ്കൂളിനും അനുവദിച്ച തുക പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ എസ്.പി.വി. എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നീ ധനസഹായ പദ്ധതികളാണ് സ്കൂളുകൾ നവീകരിക്കുന്നതിനായി സംസ്ഥാനത്ത് അനുവദിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പരമാവധി അനുവദിക്കുന്നത് 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെയാണ്. പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതി പ്രകാരം നവീകരിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ മണ്ഡലം അടിസ്ഥാനത്തിൽ ചുവടെപ്പറയുന്നു.

5 കോടി രൂപയുടെ കിഫ്ബി പദ്ധതി (എസ്.പി.വി.- കൈറ്റ്)

| സ്കൂളിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|
| തൃത്താല വട്ടേനാട് ജി.വി.എച്ച്.എസ്.എസ്. | ഒന്നാം ഘട്ടം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. |
| പട്ടാമ്പി നടുവട്ടം ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ്. | നിർമ്മാണം പൂർത്തിയായി വരുന്നു. |
| ഷൊർണ്ണൂർ ചെർപ്പുളശ്ശേരി ജി.വി.എച്ച്.എസ്.എസ്. | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ഒറ്റപ്പാലം പുലാപ്പറ്റ എം.എൻ.കെ.എം.ഗവ. എച്ച്.എസ്.എസ്. | സ്കൂളിന്റെ എച്ച്.എസ്. ബ്ലോക്ക് പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| കോങ്ങാട് പത്തിരിപ്പാല ജി.വി.എച്ച്.എസ്.എസ്. | സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| മണ്ണാർക്കാട് അലനല്ലൂർ | സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |

| | |
|---|---|
| ജി.വി.എച്ച്.എസ്.എസ്. | |
| മലമ്പുഴ എലപ്പുള്ളി ജി.എ.പി.എച്ച്.എസ്.എസ്. | സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| പാലക്കാട് ബിഗ് ബസാർ ജി.എച്ച്.എസ്.എസ്. | സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. |
| തരൂർ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി | സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| ചിറ്റൂർ ജി.ബി.എച്ച്.എസ്.എസ്. | സ്കൂളിന്റെ എച്ച്.എസ്. ബ്ലോക്ക് പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. |
| നെന്മാറ ജി.ബി.എച്ച്.എസ്.എസ്. | സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. |

3 കോടി രൂപയുടെ കിഫ്ബി പദ്ധതി

| സ്കൂളിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|
| തൃത്താല ജി.ജി.എച്ച്.എസ്., കല്ലടത്തൂർ (എസ്.പി.വി. - കില) | ഡി.പി.ആർ. തയ്യാറാക്കിയത് പുനഃപരിശോധനയ്ക്കായി കിഫ്ബിയിൽ നിന്നും കിലയ്ക്ക് അയച്ചുനൽകിയിട്ടുണ്ട്. |
| ഡയറ്റ് ലാബ് സ്കൂൾ ആനക്കര 194 (1328) (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., ആനക്കര (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., കുമരനെല്ലൂർ (എസ്.പി.വി.-കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., ചാത്തന്നൂർ (എസ്.പി.വി.-കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., തോലന്നൂർ - (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., മേഴത്തൂർ (എസ്.പി.വി.-കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., ചാലിശ്ശേരി - (എസ്.പി.വി. വാപ്കോസ്) | 70 ശതമാനത്തിനുമുകളിൽ വർക്ക് പൂർത്തിയായി. |

| | |
|---|---|
| പട്ടാമ്പി ജി.എച്ച്.എസ്.എസ്., വാടാനക്കുറിശ്ശി (എസ്.പി.വി. കൈറ്റ് ) | നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു. |
| ജി.എച്ച്.എസ്.എസ്., ചുണ്ടമ്പെറ്റ (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.യു.പി.എസ്., പട്ടാമ്പി (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.ഒ.എച്ച്.എസ്.എസ്., പട്ടാമ്പി (എസ്.പി.വി. - കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.വി.എച്ച്.എസ്.എസ്., കൊപ്പം, പാലക്കാട് (എസ്.പി.വി. - കൈറ്റ് ) | 98% പണി പൂർത്തിയായി. |
| ജി.എച്ച്.എസ്.എസ്., പട്ടാമ്പി (എസ്.പി.വി. വാപ്കോസ്) | 35 ശതമാനത്തിനുമുകളിൽ വർക്ക് പൂർത്തിയായി. |
| ഒറ്റപ്പാലം ജി.എച്ച്.എസ്.എസ്., കടമ്പൂർ (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., ഒറ്റപ്പാലം (എസ്.പി.വി. - കില ) | ഡി.പി.ആർ. തയ്യാറാക്കിവരുന്നു. |
| കോങ്ങാട് ജി.എച്ച്.എസ്., മങ്കര (എസ്.പി.വി. - കില) | ഡി.പി.ആർ. തയ്യാറാക്കിവരുന്നു |
| ജി.യു.പി.എസ്., കോങ്ങാട് (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., പൊട്ടശ്ശേരി (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്., കരിമ്പ (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., കാരക്കുറിശ്ശി (എസ്.പി.വി. വാപ്കോസ്) | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| മണ്ണാർക്കാട് ജി.ഒ.എച്ച്.എസ്., എടത്തനാട്ടുകര (എസ്.പി.വി. വാപ്കോസ്) | 25 ശതമാനത്തിനുമുകളിൽ വർക്ക് പൂർത്തിയായി. |
| ജി.റ്റി.എച്ച്.എസ്.,ഷോളയാർ (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |

| | |
|---|---|
| ജി.യു.പി.എസ്., ഭീമനാട് (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്., തെങ്കര (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.വി.എച്ച്.എസ്., അഗളി (എസ്.പി.വി.- കില) | ഡി.പി.ആർ.തയ്യാറാക്കിവരുന്നു. |
| തരൂർ ജി.എച്ച്.എസ്.എസ്., പെരിങ്ങോട്ടുകുറിശ്ശി (എസ്.പി.വി. - കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., കോട്ടായി (എസ്.പി.വി. വാപ്കോസ്) | 25 ശതമാനത്തിനുമുകളിൽ വർക്ക് പൂർത്തിയായി. |
| മലമ്പുഴ ജി.വി.എച്ച്.എസ്.എസ്., കഞ്ചിക്കോട് (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., മലമ്പുഴ (എസ്.പി.വി. വാപ്കോസ് ) | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| പാലക്കാട് പി.എം.ജി.എച്ച്.എസ്.എസ്., പാലക്കാട് (എസ്.പി.വി. - കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എം.ജി.എച്ച്.എസ്.എസ്., പാലക്കാട് (എസ്.പി.വി. - കില ) | ഡി.പി.ആർ. തയ്യാറാക്കിവരുന്നു. |
| ചിറ്റൂർ ജി.എസ്.എം.എച്ച്.എസ്.എസ്., തട്ടമംഗലം (എസ്.പി.വി. - കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., കോഴിപ്പാറ (എസ്.പി.വി. - കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| വിക്ടോറിയ ജി.എച്ച്.എസ്.എസ്., ചിറ്റൂർ പാലക്കാട് (എസ്.പി.വി. - കൈറ്റ് ) | ഉദ്ഘാടനം നിർവ്വഹിച്ചു. |
| നെന്മാറ ജി.എച്ച്.എസ്.എസ്., കൊട്ടുവായൂർ(എസ്.പി.വി.- വാപ്കോസ്) | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.ജി.വി.എച്ച്.എസ്.എസ്., നെന്മാറ (എസ്.പി.വി.-കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ജി.എച്ച്.എസ്.എസ്., മുതലമട (എസ്.പി.വി. - കില) | ഡി.പി.ആർ. തയ്യാറാക്കിവരുന്നു. |

| | |
|---|---|
| ഷൊർണ്ണൂർ ജി.എച്ച്.എസ്.എസ്., വെള്ളിനേഴി (എസ്.പി.വി. - കില ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ആലത്തൂർ ജി.എച്ച്.എസ്.എസ്., (എസ്.പി.വി. - കില) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. |
| ആലത്തൂർ കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്. | സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. |

1 കോടി രൂപയുടെ കിഫ്ബി പദ്ധതി - 1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|
| തരൂർ ജി.എച്ച്.എസ്., കല്ലിങ്കപ്പാടം | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്തു. |
| ജി.എച്ച്.എസ്., ബെമ്മന്നൂർ | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ചിറ്റൂർ ജി.എച്ച്.എസ്., പട്ടഞ്ചേരി | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്തു. |
| ജി.ബി.യു.പി.എസ്., തട്ടമംഗലം | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.യു.പി.എസ്., തട്ടമംഗലം | നിർമ്മാണം പുരോഗമിച്ചുവരുന്നു |
| ജി.യു.പി.എസ്., കൊഴിഞ്ഞംപാറ | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ബി.ജി.എച്ച്.എസ്.എസ്., വണ്ണമട | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., നന്ദിയോട് | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.യു.പി.എസ്., നല്ലേപ്പള്ളി | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.യു.പി.എസ്., മണ്ണാർക്കാട് | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്തു. |

| | |
|---|---|
| ജി.യു.പി.എസ്., ചളവ | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., നെച്ചുള്ളി | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| തൃത്താല ജി.എൽ.പി.എസ്., വട്ടേനാട് | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., കൊട്ടുമുണ്ട (സ്കൂൾ കോഡ് - 20011 ) | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., കൊട്ടുമുണ്ട (സ്കൂൾ കോഡ് - 20064 ) | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| ജി.എച്ച്.എസ്., നാഗലശ്ശേരി | നിർമ്മാണം ആരംഭിച്ചു. |
| ആലത്തൂർ ജി.എച്ച്.എസ്., മൂടപ്പല്ലൂർ | വർക്ക് അവാർഡ് ചെയ്തു. |
| ജി.എച്ച്.എസ്., കുനിശ്ശേരി | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ജി.യു.പി.എസ്., പുതിയങ്കം | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്.എസ്., തേങ്കുറിശ്ശി | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| പാലക്കാട് ജി.യു.പി.എസ്., മേപ്പറമ്പ | നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ല. സ്ഥലലഭ്യത പരിശോധിച്ചുവരുന്നു. |
| ജി.എച്ച്.എസ്., കുമാരപുരം | നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ല. സ്ഥലലഭ്യത പരിശോധിച്ചുവരുന്നു. |
| ജി.യു.പി.എസ്., പുത്തൂർ | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഒറ്റപ്പാലം ജി.എച്ച്.എസ്., മുന്നൂർക്കോട് | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.യു.പി.എസ്., കടമ്പഴിപ്പുറം | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., മാണിക്യപ്പറമ്പ് | നിർമ്മാണം പുരോഗമിച്ചുവരുന്നു |

| | |
|---|---|
| പട്ടാമ്പി ജി.എച്ച്.എസ്., വല്ലപ്പുഴ | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., വിളയൂർ | നിർമ്മാണം പുരോഗമിച്ചുവരുന്നു. 50 ശതമാനത്തിന് മുകളിൽ നിർമ്മാണം പൂർത്തിയായി. |
| ജി.യു.പി.എസ്., നരിപ്പറമ്പ | നിർമ്മാണം പുരോഗമിച്ചുവരുന്നു. 50 ശതമാനത്തിന് മുകളിൽ നിർമ്മാണം പൂർത്തിയായി. |
| ഷൊർണ്ണൂർ ജി.എച്ച്.എസ്.എസ്., മാരായമംഗലം | ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ജി.എച്ച്.എസ്.എസ്., ഷൊർണ്ണൂർ | നിർമ്മാണം ആരംഭിച്ചു. |
| മലമ്പുഴ സി.ബി.കെ.എം. ഗവൺമെന്റ് എച്ച്.എസ്.എസ്., പുതുപ്പരിയാരം | വർക്ക് അവാർഡ് ചെയ്തു. |
| ജി.യു.പി.എസ്., എലപ്പുള്ളി | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.എച്ച്.എസ്., ഉമ്മിണി | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| കോങ്ങാട് ജി.യു.പി.എസ്., കരിമ്പ | നിർമ്മാണം പുരോഗമിച്ചുവരുന്നു. |
| ജി.യു.പി.എസ്., എടത്തറ | നിർമ്മാണം പുരോഗമിച്ചുവരുന്നു. |

## കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

196 (1329) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിലെ കിടങ്ങറ ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം 5 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പൂർത്തിയാക്കിയിരുന്നു. ഗവൺമെന്റ് ഹൈസ്കൂൾ, വിയ്യപുരം സ്കൂളിന് 1 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും കിഫ്ബിയുടെ തീരദേശ പദ്ധതിയിലുൾപ്പെടുത്തി ഫണ്ടനുവദിച്ചിട്ടുള്ളതിനാൽ കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടില്ല.

(ബി) കനോയിംഗ്, കയാക്കിംഗ് പരിശീലനത്തിന് വലിയ സാദ്ധ്യതയുള്ള കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് ഈ കായിക ഇനങ്ങളുടെ പരിശീലനത്തിന് അവസരമൊരുക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ ചേന്നംകരി ദേവമാതാ ഹൈസ്കൂളിൽ 150 വിദ്യാർത്ഥികൾ കനോയിംഗ്, കയാക്കിംഗ് പരിശീലനം നേടുന്നുണ്ട്. എന്നാൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ പകുതിയോടെ പ്രസ്തുത പരിശീലനം താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(സി) കുട്ടനാട്ടിലെ ഫിറ്റ്നെസ്സ് ഇല്ലാത്ത മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പുതുക്കിപ്പണിയാൻ നടപടികൾ സ്വീകരിക്കുമോ?

കിടങ്ങറ ഗവൺമെന്റ് ഹൈസ്കൂളിന് മാത്രമേ നിലവിൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാതെയുള്ളൂ. പ്രസ്തുത വിദ്യാലയത്തിൽ 5 കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

## വർക്കല നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണവും പുരോഗതിയും

197 (1330) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി 2016-21 കാലയളവിൽ തുക അനുവദിച്ച പുതിയ നിർമ്മാണങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളും അനുവദിക്കപ്പെട്ട തുകയും വിശദമാക്കാമോ?

(എ&ബി) വർക്കല നിയോജകമണ്ഡലത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനും നവീകരണത്തിനുമായി 2016-21 കാലയളവിൽ തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) വിവിധ ഏജൻസികൾ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ നിർമ്മാണ പുരോഗതി വിദ്യാഭ്യാസ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി നിർവ്വഹണ ഏജൻസികളുമായി അവലോകനം നടത്തുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കാൻ ഏജൻസികൾക്ക് നിർദ്ദേശം നൽകുന്നുമുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടാക്കട പി.ആർ. വില്ല്യം ഹൈസ്കൂളിന് എസ്.പി.സി. പദവി ലഭ്യമാക്കുന്നത് സംബന്ധിച്ച്

198 (1331) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പി.ആർ. വില്ല്യം ഹൈസ്കൂളിന് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദവി ലഭ്യമാക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അപേക്ഷ സർക്കാരിന്റെ പരിഗണനയിലില്ല. എസ്.പി.സി. യൂണിറ്റിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ഡയറക്ടറേറ്റിൽ ലഭ്യമായ അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പി.ആർ. വില്ല്യം ഹൈസ്കൂൾ ഉൾപ്പെടുന്ന കാട്ടാക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ നിലവിൽ 4 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് പ്രവർത്തിക്കുന്നതിനാൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥരുടെ കുറവുമൂലം എസ്.പി.സി. ജില്ലാ നോഡൽ ഓഫീസർ, പ്രസ്തുത സ്കൂളിൽ എസ്.പി.സി. യൂണിറ്റ് തുടങ്ങുന്നതിനായുള്ള ശിപാർശ നൽകിയിട്ടില്ല.

## പ്ലാവൂർ എച്ച്.എസ്.-ന് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ

199 (1332) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ഥലപരിമിതി ഏറെയുള്ള പ്ലാവൂർ എച്ച്.എസ്.-ന് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പ്ലാവൂർ ഗവൺമെന്റ് ഹൈസ്കൂളിന് കളിസ്ഥലം വാങ്ങുന്നതിനായി സർക്കാരിൽ ലഭിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടി സ്കൂളിനായി സ്ഥലം നൽകാൻ സന്നദ്ധരായിട്ടുള്ള സ്ഥലമുടമകളുടെ മുദ്രപത്രത്തിൽ തയ്യാർ ചെയ്തിട്ടുള്ള സമ്മതപത്രങ്ങൾ, ലാൻഡ് വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ലീഗൽ സ്ക്രൂട്ടിണി സർട്ടിഫിക്കറ്റ്, ഫണ്ട് ലഭ്യതയുൾപ്പെടെയുള്ള ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെ പകർപ്പ് എന്നിവ അടിയന്തരമായി ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്ന പദ്ധതി

200 (1333) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ വാളാട് ജി.എച്ച്.എസ്.എസ്., തലപ്പുഴ ജി.എച്ച്.എസ്.എസ്., മാനന്തവാടി ജി.യു.പി.എസ്. എന്നീ സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിച്ച് അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതികളുടെ ഇപ്പോഴത്തെ നിർവ്വഹണ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നറിയിക്കുമോ?

(എ-സി) മാനന്തവാടി നിയോജകമണ്ഡലത്തിലെ വാളാട് ജി.എച്ച്.എസ്.എസ്., തലപ്പുഴ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എസ്.പി.വി. ആയി കിലയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മാനന്തവാടി ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം

201 (1334) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരത്തോടെ മൂന്ന് കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകാരം നൽകിയ മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയ ഏജൻസി ഏതെന്ന് വെളിപ്പെടുത്തുമോ;

(സി) ഡി.പി.ആർ. അംഗീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ക്ലാസ് റൂമുകളുടെ അപര്യാപ്തത കാരണം പ്രയാസ്സപ്പെടുന്ന പ്രസ്തുത സ്കൂളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കിഫ്ബി അംഗീകാരത്തോടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കിറ്റ്കോ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ച ഡി.പി.ആർ. പുന:പരിശോധിക്കുന്നതിന് കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

## ഡയറ്റിലെ അദ്ധ്യാപക നിയമനം

202 (1335) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഡയറ്റിലെ അദ്ധ്യാപക തസ്തികകളിൽ നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഡയറ്റ് അദ്ധ്യാപകർ തങ്ങളെ ഡയറ്റ് ലക്ചറർ തസ്തികയിൽ ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 702/2021 നമ്പറായി ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഒ.എ.-യിലെ 25-3-2021-ലെ ഉത്തരവുപ്രകാരം 89 ലക്ചറർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ഡയറ്റിലെ അദ്ധ്യാപക നിയമനം ഡെപ്യൂട്ടേഷൻ മുഖാന്തരമാണോ നൽകുന്നത്; വ്യക്തമാക്കാമോ?

2011-ൽ നിലവിൽവന്ന ഡയറ്റ് സ്പെഷ്യൽ റൂളിൽ അപാകതകളുണ്ടായിരുന്നതിനാൽ ഡയറ്റുകളിൽ സ്ഥിരനിയമനം നടത്താൻ സാധിച്ചിരുന്നില്ല. ഡയറ്റ് ലക്ചറർ തസ്തികകളിൽ ഏകദേശം 150 ഒഴിവുകൾ നിലനിന്നിരുന്നതിനാൽ ഡയറ്റിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായും കാര്യക്ഷമമായും നടത്തുന്നതിലേയ്ക്കായി യോഗ്യരായ 143 ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ 16-11-2018-ലെ സ.ഉ. (സാധാ)

നമ്പർ 4788/2018/പൊ.വി.വ. പ്രകാരം ഡയറ്റ് ലക്ചറർമാരായി നിയമിച്ച് ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഡയറ്റ് ലക്ചറർമാരുടെ നിയമനരീതി 10-8-2020-ലെ സ.ഉ.(സാധാ.) നമ്പർ 2401/2020/പൊ.വി.വ. പ്രകാരം കെ.എസ്.& എസ്.എസ്.ആർ. ചട്ടം 9(ബി) പ്രകാരമാക്കി മാറ്റിയിരുന്നു. നിയമനം ലഭിച്ച 143 അദ്ധ്യാപകരിൽ 98 പേർ ഇപ്പോഴും ലക്ചററായി സേവനമനുഷ്ഠിച്ചുവരുന്നു. ഡയറ്റ് പുതുക്കിയ വിശേഷാൽ ചട്ടം നിലവിൽ വന്നതിനാൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തസ്തികമാറ്റം മുഖേന ഡയറ്റിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുപാതം പാലിക്കുന്നുണ്ടോ?

പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം ലക്ചറർ തസ്തികകളിലെ ഒഴിവുകളിൽ 50% നേരിട്ടുള്ള നിയമനവും 50% തസ്തികമാറ്റം വഴിയുമാണ് നികത്തേണ്ടത്.

(ഡി) നേരിട്ടുള്ള അദ്ധ്യാപക നിയമനങ്ങൾക്കായി എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചോദ്യം (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പ്**

203 (1336) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഠനമികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണ്; സ്കോളർഷിപ്പുകളുടെ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

1. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നാല്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർ ഷിപ്പുകൾ യഥാക്രമം 1000, 1500 രൂപയായി നൽകിവരുന്നു.

2. ശുദ്ധ സംസ്കൃത സ്കോളർഷിപ്പ്.

(എ) സംസ്ഥാനത്ത് എച്ച്.എസ്., യു.പി., എൽ.പി. വിഭാഗങ്ങളിലായി ജില്ലാടിസ്ഥാനത്തിൽ 600, 300, 100 രൂപ ക്രമത്തിൽ നൽകുന്നു.

(ബി) പ്ലാൻ ഇനത്തിൽ എച്ച്.എസ്., യു.പി., എൽ.പി. വിഭാഗത്തിലായി 2000, 1500, 1000 രൂപ ക്രമത്തിൽ ആകെ 9000 പേർക്ക് നൽകും.

(സി) നോൺ-പ്ലാൻ ഇനത്തിൽ 9, 10 ക്ലാസ്സിലെ 2 കുട്ടികൾക്ക് യു.പി. 250 എച്ച്.എസ്. 250 വീതം നൽകുന്നു.

3. ബി.പി.എൽ. വിഭാഗക്കാരായ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 500 രൂപ വീതമുള്ള മെറിറ്റ്-കം-മീൻസ് വാർഷിക സ്കോളർഷിപ്പ് നൽകിവരുന്നു. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**മലമ്പുഴ മണ്ഡലത്തിലെ സ്കൂൾ നവീകരണത്തിന് പ്ലാൻ ഫണ്ട്**

204 (1337) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ സ്കൂളിനും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

(എ-സി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**സാക്ഷരതാ മിഷൻ**

205 (1338) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷൻ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചിരുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ട്രെയിനിങ് കമ്മിറ്റി, പ്രിന്റിംഗ് & പബ്ലിക്കേഷൻ കമ്മിറ്റി, ഇവാല്വേഷൻ കമ്മിറ്റി, ഡയറക്ടറുടെ ടി.എ. ഉൾപ്പെടെ അനുവദിച്ചിരുന്ന പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നിവ നിലവിലെ ഡയറക്ടറുടെ കാലത്ത് പിരിച്ചുവിട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ മേല്പറഞ്ഞ കാര്യങ്ങളുടെ മേൽനോട്ടത്തിന് സാക്ഷരതാ മിഷനിൽ നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. സാക്ഷരതാ മിഷനിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിർവ്വഹണസമിതി.

(സി) 2016 മുതൽ നാളിതുവരെ നടത്തിയ പല പദ്ധതികളുടെയും മറവിൽ വലിയ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായും ഡയറക്ടർ അനർഹമായി ടി.എ. കൈപ്പറ്റിയതായും ആക്ഷേപം ഉയരുന്ന സാഹചര്യത്തിൽ ഈ കാര്യം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016 മുതൽ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ അനുവദിക്കുന്ന തുകയും തുല്യതാ കോഴ്സുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം പ്രോജക്ടിലൂടെ വകയിരുത്തുന്ന തുകയും പഠിതാക്കളുടെ ഫീസും വിവിധ വകുപ്പുകളുമായി സഹകരിച്ച് നടത്തിയ പ്രോജക്ടുകളിൽ ആ വകുപ്പുകളുടെ ഫണ്ടും വിനിയോഗിച്ചാണ് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സാക്ഷരതാ മിഷന്റെതന്നെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗും വർഷാവർഷം ആഡിറ്റ് ജനറൽ ഓഫീസിൽ നിന്നുള്ള ആഡിറ്റിംഗുകളും നടക്കുന്ന സ്ഥാപനമാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. 2016-നുശേഷം നടപ്പിലാക്കിയ പദ്ധതികളുടെ വരവ് ചെലവ് കണക്കുകൾ മേൽസൂചിപ്പിച്ചിട്ടുള്ള രണ്ട് ആഡിറ്റിംഗുകൾക്കും വിധേയമായതാണ്. ഡയറക്ടറുടെ ടി.എ.യും മേൽപ്പറഞ്ഞ ആഡിറ്റിംഗിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് എ.ജി. ആഡിറ്റിംഗ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ടതായി കാണുന്നില്ല.

**ചലഞ്ച് ഫണ്ട്**

206 (1339) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഭരണാനുമതി നൽകിയ അറുപത്തിനാല് സ്കൂളുകൾക്ക് സർക്കാർ വിഹിതം അനുവദിച്ച് ഉത്തരവായിട്ടും ആയത് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അലോട്ട്മെന്റായി തുക നൽകിയിട്ടും സർക്കാർ വിഹിതം അനുവദിച്ചിട്ടുള്ള സ്കൂളുകൾക്ക് തുക ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ മേലൊപ്പും വാല്യൂവേഷൻ സർട്ടിഫിക്കറ്റും യഥാസമയം ലഭ്യമാക്കാതിരുന്നതിനാലാണ് തുക അനുവദിക്കുവാൻ സാധിക്കാത്തത്.

(ബി) ഇതുസംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടർ 25-2-2021-ലെ ധന 1/30602/2018/ഡി.ജി.ഇ. നമ്പർ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 1-3-2018 ലെ സ.ഉ.നമ്പർ 30/2018/ധന പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായിട്ടുള്ള ചലഞ്ച് ഫണ്ടിൽ ഉൾപ്പെട്ടിരുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഭഗവതി വിലാസം ഹൈസ്കൂളിന്റെ പണി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിരുന്ന ഇരുപത്തിമൂന്ന് ലക്ഷം രൂപ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ഉണ്ട്. 1-3-2018-ലെ സ.ഉ(പി) നം. 30/2018/ധന. നമ്പർ ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനായി 25-2-2021-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് നായരമ്പലം ഭഗവതിവിലാസം ഹൈസ്കൂളിന് അനുവദിച്ച തുക ലഭ്യമാകുന്നതാണ്.

**റാന്നി മണ്ഡലത്തിലെ മോണ്ടിസോറി വിദ്യാഭ്യാസം**

207 (1340) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത പ്രീപ്രൈമറി പ്രൈമറി വിദ്യാലയങ്ങളിൽ നവീന വിദ്യാഭ്യാസനയത്തിന്റെ (എൻ.ഇ.പി) ഭാഗമായി അടുത്ത അധ്യയനവർഷം പരീക്ഷണാടിസ്ഥാനത്തിൽ മോണ്ടിസോറി വിദ്യാഭ്യാസം നടപ്പിലാക്കുവാൻ നടപടിയെടുക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രീപ്രൈമറി, പ്രൈമറി സ്കൂളുകളിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി, സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച പ്രീ സ്കൂൾ പാഠ്യ പദ്ധതിയാണ് നടപ്പിലാക്കുന്നത്. മോണ്ടിസോറി പാഠ്യപദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) മോണ്ടിസോറി വിദ്യാഭ്യാസത്തിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ പഠനറിപ്പോർട്ടുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠനം നടത്താൻ എസ്.സി.ഇ.ആർ.ടി മുഖേന ഉന്നതതലസമിതിയെ നിയോഗിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പദ്ധതികൾ

208 (1341) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നത്; ഇവർക്കായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ?

പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി അടിസ്ഥാനവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി പൊതുവിദ്യഭ്യാസ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എക്സ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിൽ സാമ്പത്തിക സഹായം നൽകി വരുന്നു. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങളുള്ളവർക്ക് എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നു. ഭിന്നശേഷി കുട്ടികൾക്ക് ഓൺലൈൻ ഡിജിറ്റൽ പഠനത്തിന്റെ ഭാഗമായി പാഠഭാഗങ്ങൾ അനുയോജ്യമായ രീതിയിൽ അനുരൂപീകരണം നടത്തി 'വൈറ്റ് ബോർഡ്' യുട്യൂബ് ചാനൽ, വെബ്സൈറ്റ് എന്നിവയുടെ സഹായത്തോടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ കുട്ടികളിലെത്തിക്കുന്നു. ചങ്ങാതിക്കൂട്ടം പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഒരു ജില്ലയിൽ ഒന്ന് ക്രമത്തിൽ കിടപ്പിലായ കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷം അനുഭവവേദ്യമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഒരിടം ഒരുക്കി അവിടെയെത്തിച്ച് അവർക്ക് മറ്റ് കുട്ടികളുമായും സ്കൂൾ അന്തരീക്ഷവുമായും ഇണങ്ങുന്നതിനായി എസ്.പി.എ.സി.ഇ. എന്ന പദ്ധതി ആരംഭിച്ചു. മെഡിക്കൽ ക്യാമ്പുകൾ നടത്തി അർഹരായ എല്ലാ കുട്ടികൾക്കും

തെറാപ്പി പരിചരണം ഉൾപ്പെടെയുള്ള ആവശ്യമായ സഹായം നൽകുന്നു. ടാക്കിംഗ് ടെസ്റ്റ്/ശബ്ദപാഠം പദ്ധതി ആരംഭിച്ചു. ഓട്ടിസം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുവരുന്നു. കാഴ്ചപരിമിതർക്ക് ബ്രെയിലി മെറ്റീരിയലുകൾ നൽകിവരുന്നു. കിടപ്പിലായ 6934 കുട്ടികൾക്കായി ഹോം ബെയ്സ്ഡ് വിദ്യാഭ്യാസ പദ്ധതി, പുസ്തക ചങ്ങാതി എന്നീ പദ്ധതികൾ നടന്നുവരുന്നു. ഭിന്നശേഷി കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ എന്നിവർ ആഴ്ചയിൽ ഒരു പ്രാവശ്യം ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന 'ജാലകങ്ങൾക്കപ്പുറം' പദ്ധതി നടന്നുവരുന്നു. പൊതുവിദ്യാലങ്ങളിൽ നിയമിക്കപ്പെട്ട കായിക അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നിവരുടെ സഹായത്തോടെ ഭിന്നശേഷി കുട്ടികൾക്കായി കായിക പരിശീലനം നടത്തിവരുന്നു. കൂടാതെ, ഭിന്നശേഷി കുട്ടികൾക്കായി മുദ്രികാപഠനം, ശ്രുതിപാഠം - ഓഡിയോലൈബ്രറി, ഗണനിപ്രഭ, സമീക്ഷാപദ്ധതി, തേൻകൂട് എന്നീ പദ്ധതികളും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പരീക്ഷാ സഹായത്തിന് സ്ക്രൈബിനെ അനുവദിക്കുന്നുണ്ടോ; ഈ വർഷത്തെ എസ്.എസ്.എൽ.സി. ഹയർ സെക്കന്ററി പൊതു പരീക്ഷകളിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഈ സേവനം ലഭ്യമായിട്ടുള്ളത്?

ഉണ്ട്. 2021 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 10,168 കുട്ടികൾക്കും ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് 10,608 കുട്ടികൾക്കുമാണ് സ്ക്രൈബിന്റെ സേവനം ലഭ്യമാക്കിയത്.

**ലിംഗവിവേചനം സൃഷ്ടിക്കുന്ന പാഠഭാഗങ്ങൾ**

209 (1342) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസ തലങ്ങളിലെ പാഠപുസ്തകങ്ങളിൽ ലിംഗവിവേചന ധ്വനി സൃഷ്ടിക്കുന്ന പാഠഭാഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രീസ്കൂൾ കുട്ടികൾക്കായി പ്രവർത്തനക്കാർഡുകൾ ഉൾപ്പെടുത്തിയ പ്രവർത്തന പുസ്തകങ്ങളാണ് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പുസ്തകത്തിലെ ഉള്ളടക്കത്തിൽ (ചിത്രങ്ങളുൾപ്പെടെ) ലിംഗസമത്വം ഉറപ്പാക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഉചിതമായ പരിശോധന നടത്തി ആയത് മാറ്റാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനവിനിമയ സാമഗ്രികൾ പരിശോധിച്ച് ലിംഗസമത്വം ഉറപ്പാക്കുന്നതിനുള്ള ജെൻഡർ ആഡിറ്റിംഗ് നടത്തുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രീ-പ്രൈമറി തലം മുതൽ ലിംഗ സമത്വത്തിലധിഷ്ഠിതമായ രീതിയിൽ വിദ്യാഭ്യാസ സിലബസുകളിൽ മാറ്റം വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണവേളയിൽ ലിംഗസമത്വത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ആവശ്യമായ മാറ്റം സിലബസുകളിൽ വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മുഹമ്മദ് അബ്ദുറഹ്മാൻ മെമ്മോറിയൽ എഡ്യൂക്കേഷണൽ സൊസൈറ്റി

210 (1343) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് വടക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മുഹമ്മദ് അബ്ദുറഹ്മാൻ മെമ്മോറിയൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന എം.എ.എം.എൽ.പി. സ്കൂൾ മാനേജരുടെ നിയമനാംഗീകാരത്തിനായി ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അംഗീകാരം നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) ഇല്ലെങ്കിൽ അംഗീകാരം നൽകാതിരിക്കാനുള്ള കാരണവും എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഈ വിഷയം പരിശോധിച്ചുവരുന്നു.

## മലയിടംതുരുത്ത് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം

211 (1344) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മലയിടംതുരുത്ത് എൽ.പി. സ്കൂളിന് 97 ലക്ഷം അനുവദിച്ച് 2018-ൽ നിർമ്മാണം ആരംഭിച്ച പുതിയ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മലയിടംതുരുത്ത് ഗവൺമെന്റ് എൽ.പി. സ്കൂളിന് ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 97 ലക്ഷം രൂപ വിനിയോഗിച്ച് 2018-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കെട്ടിടത്തിലെ രണ്ട് നിലകളിലായി 16 ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2022 മാർച്ച് മാസത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടികളിലാണ്.

## പ്രീ -പ്രൈമറി അദ്ധ്യാപകർക്ക് വേതനം നൽകൽ

212 (1345) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനേക വർഷങ്ങളായി സർക്കാർ സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന പ്രീ-പ്രൈമറി അദ്ധ്യാപകരിൽ പലർക്കും വേതനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2012-നുശേഷം സർക്കാർ അനുമതിയില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ ജീവനക്കാർക്ക് ഓണറേറിയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനും വേതനം നൽകുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

7-12-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 385/2012/ പൊ.വി.വ. പ്രകാരം 01-8-2012 വരെ സേവനത്തിലുള്ള യോഗ്യതയുള്ളവർക്ക് ഓണറേറിയം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 25-4-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.146/2013/പൊ.വി.വ. പ്രകാരം നിർദ്ദിഷ്ട യോഗ്യത നേടാത്തതും

1-8-2012-ൽ ഒരു വർഷത്തെ സർവ്വീസെങ്കിലും പൂർത്തിയാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 1-8-2012 മുതൽ പ്രതിമാസം ഓണറേറിയം അനുവദിച്ചിട്ടുണ്ട്. 7-12-2012-നുശേഷം പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിയമനം അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടും വേതനം ലഭ്യമാകാത്ത പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അർഹതപ്പെട്ട വേതനം നൽകുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമനം നൽകിയ ജീവനക്കാർക്ക് ഓണറേറിയം നല്കിവരുന്നു.

## എലംബ്രയിൽ എൽ.പി. സ്കൂൾ

213 (1346) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ എലംബ്രയിൽ ഒരു എൽ.പി. സ്കൂൾ അനുവദിക്കണമെന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

(എ&ബി) മഞ്ചേരി നിയോജകമണ്ഡലത്തിലെ എലംബ്രയിൽ ഒരു എൽ.പി. സ്കൂൾ അനുവദിക്കണമെന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP (C) നം. 12939 - 12940/2021 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായം ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. ആയതിനാൽ നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയുള്ള പ്രസ്തുത കേസിലെ അന്തിമ തീരുമാനത്തിന് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. പുതിയ സ്കൂളുകൾ ആരംഭിക്കുക, നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. ആയതിനാലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചത്.

## ഉപരിപഠനത്തിനുള്ള സീറ്റുകൾ

214 (1347) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ റിസൾട്ടിന് ആനുപാതികമായി ഉപരിപഠനത്തിനുള്ള സീറ്റുകൾ പര്യാപ്തമാണോ എന്ന് വിദ്യാഭ്യാസവകുപ്പ് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ ഒന്നാം അലോട്ട്മെന്റിലെ പ്രവേശന നടപടികൾ അവസാനിച്ച് കഴിഞ്ഞപ്പോഴുള്ള സ്ഥിതിവിവര കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന 271136 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്കുപുറമേ മറ്റ് ജില്ലകളിലും അപേക്ഷിച്ച 39489 പേരുമുണ്ടായിരുന്നു. ആയതിനാൽ പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 425730 മാത്രമാണ്. ആദ്യ അലോട്ട്മെന്റ് ലഭിച്ചതിൽ 201489 വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 17065 വിദ്യാർത്ഥികൾ പ്രവേശനം തേടിയില്ല. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് ആകെ 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം തേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ചാണെങ്കിൽ പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ആകെ 159840 അപേക്ഷകർ ബാക്കിയുണ്ട്. അപേക്ഷിച്ച എല്ലാപേരും പ്ലസ്വൺ പ്രവേശനം തേടുകയാണെങ്കിൽ ആകെ 200040 അപേക്ഷകർക്കാണ് പ്രവേശനം ഉറപ്പാക്കേണ്ടത്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കന്ററി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ടാ പ്രവേശനം, അൺ എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ 2021 ഒക്ടോബർ 7 മുതലേ ആരംഭിക്കുകയുള്ളൂ. ഇത്തരത്തിൽ ലഭ്യമായ സീറ്റുകളും ഒഴിവ് വരുന്ന സ്പോർട്സ് ക്വാട്ട സീറ്റുകൾ പൊതു മെരിറ്റ് ക്വാട്ടാ സീറ്റുകളായി പരിവർത്തനം ചെയ്യുമ്പോളുണ്ടാകുന്ന സീറ്റുകളും കൂടി കൂട്ടുമ്പോൾ സംസ്ഥാനത്താകെ 192959 സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കന്ററി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 97283 സീറ്റുകളും ലഭ്യമാണ്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് (എ+) ലഭിക്കുന്ന കുട്ടികൾക്കുപോലും അവർ ഇഷ്ടപ്പെടുന്ന സബ്ജക്ട് കോമ്പിനേഷൻ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കിട്ടുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് കുട്ടികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൂട്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

(ബി-ഡി) ഈ വിഷയം പരിശോധിച്ചുവരികയാണ്.

**കാരാകുറിശി വി.എച്ച്.എസ്.എസ്.കെട്ടിട പുനർനിർമ്മാണം**

215 (1348) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കാരാകുറിശി വി.എച്ച്.എസ്.എസ്.-ലെ 50 വർഷത്തോളം പഴക്കമുള്ള കെട്ടിടം അപകടാവസ്ഥയിലാണെന്നും കെട്ടിടം അൺഫിറ്റ് ആണെന്നുമുള്ള കാരാകുറിശി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാവുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ടി കെട്ടിടം അടിയന്തരമായി പൊളിച്ചുനീക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാവുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

**വിളയൂർ സ്കൂൾ കെട്ടിട നിർമ്മാണം**

216 (1349) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ഇരുപത് ശതമാനം തുക വകയിരുത്തുകയും ചെയ്ത വിളയൂർ സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി വിളയൂർ ഗവൺമെന്റ് ഹൈസ്കൂളിന് കിഫ്ബി ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം 60% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

തൊഴിലാളികൾക്ക് കോവിഡ് ബാധിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ഇപ്പോൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഭരണാനുമതി നൽകിയിട്ടുണ്ട്.

## ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് ടു കോമ്പിനേഷനുകൾ

217 (1350) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അൺ എയ്ഡഡ് മേഖലയിൽ ഏതെല്ലാം പ്ലസ് ടു കോമ്പിനേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ എത്ര ബാച്ചുകളാണ് പ്രസ്തുത സ്കൂളിൽ പ്രവർത്തിച്ചുവരുന്നതെന്നും അറിയിക്കാമോ; സീറ്റുകളുടെ എണ്ണമടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കന്ററി സ്കൂളിൽ 2 സയൻസ് കോമ്പിനേഷനുകളിലായി 3 ബാച്ചുകളാണ് (ബയോളജി സയൻസ്- 2 ബാച്ചുകൾ, കമ്പ്യൂട്ടർ സയൻസ്- 1 ബാച്ച്) അനുവദിച്ചിട്ടുള്ളത്. നിലവിൽ ബയോളജി സയൻസിലെ ഒരു ബാച്ചും കമ്പ്യൂട്ടർ സയൻസിലെ ഒരു ബാച്ചും നിർത്തിവച്ചിരിക്കുകയാണ്. 2014-15 മുതൽ ഓരോ ബാച്ചിനും 50 സീറ്റുകളാണ് അനുവദിച്ചുവരുന്നത്.

(ബി) വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആവശ്യത്തെ മുൻനിർത്തി അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റം വരുത്തണമെന്ന സ്കൂൾ മാനേജരുടെ അപേക്ഷയിന്മേൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അൺ എയ്ഡഡ് സ്കൂളായതിനാൽ സർക്കാരിന് പ്രത്യേകിച്ച് ബാധ്യതകൾ ഒന്നുംവരാനില്ലാത്ത സാഹചര്യത്തിൽ മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 5-7-2021-ലെ ജി/3123/21/ആർ.ഡി.ഡി./ എച്ച്.എസ്.ഇ./

എം.എൽ.പി.എം. നമ്പർ ശിപാർശയിന്മേൽ അനുകൂലമായ നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണോ; അറിയിക്കുമോ;

(ഡി) മലയോര പ്രദേശമെന്ന നിലയ്ക്ക് നിലമ്പൂർ മേഖലയിലെ ഉപരിപഠനത്തിന് അർഹമായ കൂടുതൽ വിദ്യാർത്ഥികൾക്ക് +2 കോഴ്സുകളിൽ ചേരുന്നതിനായി നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റംവരുത്തി ബാച്ചുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി-ഡി) സംസ്ഥാനത്ത് പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിലേയ്ക്കായി അതാത് വർഷത്തെ വിദ്യാഭ്യാസ ആവശ്യകത പ്രാദേശിക-സംസ്ഥാനതലത്തിൽ വിലയിരുത്താറുണ്ട്. നിലവിലെ സ്ഥിതിയനുസരിച്ച് സർക്കാർ എയ്ഡഡ് മേഖലകളിൽ പുതിയ ബാച്ച് അനുവദിക്കേണ്ടതില്ലെന്ന് 20-9-2021-ലെ സ.ഉ. (സാധാ) നം. 4160/21/ പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അതേസമയം മലപ്പുറം അടക്കമുള്ള 7 ജില്ലകളിലെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് 2-9-2021-ലെ സ.ഉ. (എം.എസ്.) നം. 191/2021/പൊ.വി.വ. പ്രകാരം നല്കിയിട്ടുണ്ട്. നിലമ്പൂർ ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച കോമ്പിനേഷനുകളിൽ മാറ്റംവരുത്തി ബാച്ചുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## പ്ലസ് ടു അനുവദിക്കുന്നതിന് നടപടി

218 (1351) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലി ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിനുള്ള ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

20-9-2021-ലെ സ.ഉ. (സാധാ) നം.4160/2021/പൊ.വി.വ. പ്രകാരം 2021-22 അക്കാദമിക വർഷം സർക്കർ/എയ്ഡഡ് സ്കൂളുകളിൽ പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കേണ്ടതില്ലെന്ന് ഉത്തരവായതിനാൽ ആവശ്യം ഇപ്പോൾ പരിഗണനാർഹമല്ല.

## വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടി ഡിജിറ്റൽ ഉള്ളടക്കങ്ങൾ

219 (1352) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് ഭാഗമായുള്ള ജോബ് റോളുകളെ അധികരിച്ചുകൊണ്ട് സംസ്ഥാനത്തെ വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് വേണ്ടി ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

2020-21 അധ്യയന വർഷത്തിൽ എൻ.എസ്.ക്യൂ.എഫ് ജോബ് റോളുകളുടെ ഒന്ന്, രണ്ട് വർഷങ്ങളിലെ 20 വാല്യമുള്ള ഡിജിറ്റൽ കണ്ടന്റ് തയ്യാറാക്കി ' vhseevidyalayam' - എന്ന യൂറ്റ്യൂബ് ചാനൽ വഴി എല്ലാ വിദ്യാർത്ഥികൾക്കും നൽകുകയുണ്ടായി. 2021-22 അധ്യയന വർഷത്തിൽ രണ്ടാം വർഷത്തെ 5 വാല്യം പ്രസിദ്ധീകരിച്ചു.

(ബി) ഡിജിറ്റൽ ഉള്ളടക്കങ്ങൾ പൂർണ്ണമായും എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2022 ഫെബ്രുവരി ആദ്യവാരത്തോടെ എല്ലാ വിഷയങ്ങളുടെയും ഡിജിറ്റൽ കണ്ടന്റ് തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകാൻ സാധിക്കും.

## സ്കൂൾ കെട്ടിട നിർമ്മാണം

220 (1353) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട ഗവൺമെന്റ് ഈസ്റ്റ്ഹിൽ ഹയർ സെക്കണ്ടറി സ്കൂൾ, മെഡിക്കൽ കോളേജ് കാമ്പസ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രവൃത്തി ഏറ്റെടുത്ത ഏജൻസി നിർമ്മാണം നടത്താത്തതുമൂലം വന്ന കാലതാമസം പരിഹരിക്കുന്നതിന് പ്രത്യേക ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കുമോ?

(എ&ബി) 2018-19 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഈസ്റ്റ്ഹിൽ ഹയർ സെക്കണ്ടറി സ്കൂൾ, മെഡിക്കൽ കോളേജ് കാമ്പസ് ഹയർ സെക്കണ്ടറി സ്കൂൾ

എന്നീ സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിൽതന്നെ പ്രസ്തുത സ്കൂളുകളുടെ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിനെ മാറ്റി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘത്തെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ പുതുക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലെന്ന് അറിയിച്ചതിൻപ്രകാരം പ്രസ്തുത രണ്ട് സ്കൂളുകളുടെയും കെട്ടിട നിർമ്മാണ ചുമതല വീണ്ടും പൊതുമരാമത്ത് വകുപ്പിന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാസർഗോഡ് ജില്ലയിലെ പ്ലസ് വൺ പ്രവേശനം**

221 (1354) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ഇത്തവണ പത്താം ക്ലാസ് പരീക്ഷ പാസ്സായ കുട്ടികൾ എത്രയെന്ന് വ്യക്തമാക്കാമോ?

19,287

(ബി) പ്രസ്തുത കുട്ടികളിൽ എത്രപേർ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

17,431

(സി) ജില്ലയിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

16,494

(ഡി) മുഴുവൻ എ പ്ലസ് നേടിയ കുട്ടിക്ക് അപേക്ഷിച്ച സ്കൂളുകളിൽ സീറ്റ് ലഭിക്കുന്നില്ലെന്നും കിലോമീറ്ററുകൾ ദൂരെയുള്ള സ്ഥലങ്ങളിലാണ് പ്രവേശനം ലഭിക്കുന്നതെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പ്രശ്നത്തിന്റെ കാരണം അറിയിക്കാമോ; പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ആരോഗ്യപരമായ കാരണങ്ങളാലും മറ്റും ദൂരയാത്ര ദുസ്സഹമായ കുട്ടികൾക്ക് അവർ ആവശ്യപ്പെടുന്ന സ്കൂളുകളിലേയ്ക്ക് മാറ്റം നൽകുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിമൂന്ന് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നതിനാൽ ഏതെങ്കിലും സ്കൂളിലോ കോഴ്സിലോ പ്ലസ്‌വണ്ണിന് പ്രവേശനം വേണമെന്ന പ്രത്യേക അപേക്ഷകൾ പരിഗണിക്കാൻ കഴിയില്ലെങ്കിലും അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിൽ പ്രവേശനം നൽകാൻ ശ്രമിച്ചുവരുന്നു.

## ഹയർ സെക്കന്ററി പ്രവേശനം

222 (1355) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പ്രവേശനത്തിന് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതോടെ മലബാറിലെ പല ജില്ലകളിലും എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികൾക്കുപോലും അവർ ഉദ്ദേശിച്ച കോഴ്സുകളിൽ പ്രവേശനത്തിന് സാഹചര്യമില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ?

ഇല്ല.

(ബി) ഉപരിപഠനം ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും ഹയർ സെക്കന്ററി മേഖലയിൽ പഠിക്കുന്നതിന് പുതിയ സ്കൂളുകളും ബാച്ചുകളും മലബാറിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പ്ലസ് വൺ പ്രവേശനത്തിനായി മലബാർ മേഖലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് വരുത്തിയതിനാലും മുൻ വർഷത്തെ അപേക്ഷിച്ച് എസ്.എസ്.എൽ.സി വിജയിച്ചവരുടേയും അപേക്ഷകരുടേയും എണ്ണം കുറവായതിനാലും പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കേണ്ട സാഹചര്യമില്ല.

## മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായവർക്കുള്ള ഉപരിപഠനം

223 (1356) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ജില്ലയിൽ തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽനിന്ന് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽ തന്നെ ഉപരിപഠനത്തിന് സൗകര്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽനിന്ന് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽത്തന്നെ ഉപരിപഠനത്തിന് സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി നിലവിൽ മലപ്പുറം ജില്ലയിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ വർദ്ധനവ് നൽകിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ വിദ്യാർത്ഥികളുടെ എണ്ണം

224 (1357) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016-17 അദ്ധ്യയന വർഷം മുതൽ 2021-22 അദ്ധ്യയന വർഷം വരെ പൊതുവിദ്യാലയങ്ങളിലെ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികളുടെ എണ്ണം വർഷവും ക്ലാസ്സുകളും തിരിച്ച് ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിലെ 2017-18 അദ്ധ്യയന വർഷം മുതൽ 2021-2022 അദ്ധ്യയന വർഷം വരെ പൊതുവിദ്യാലയങ്ങളിലെ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ ഉള്ള വിദ്യാർത്ഥികളുടെ എണ്ണം വർഷവും ക്ലാസ്സുകളും തിരിച്ച് അനുബന്ധമായി ചേർക്കുന്നു*. പൊതുവിദ്യാഭ്യാസ വകുപ്പിൽ സമ്പൂർണ്ണ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവരശേഖരണം തുടങ്ങിയത് 2017-18 അദ്ധ്യയന വർഷം മുതലായതിനാൽ 2016-17 അദ്ധ്യയന വർഷത്തെ കായംകുളം മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ എണ്ണം നിലവിൽ ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നീന്തൽ അറിവിന് ബോണസ് പോയിന്റ്

225 (1358) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി പ്രവേശനത്തിന് നീന്തൽ അറിവിന് ബോണസ് പോയിന്റ് നൽകാൻ ആരംഭിച്ചത് എന്നുമുതലാണ്; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

2010-11 അധ്യയന വർഷം മുതൽ 2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2010-11 അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനത്തിന് നീന്തൽ അറിവുള്ള അപേക്ഷകർക്ക് 2 ബോണസ് പോയിന്റ് നൽകാൻ ആരംഭിച്ചത്.

(ബി) നീന്തൽ അറിവിന് ബോണസ് പോയിന്റ് ലഭിക്കുന്നതിന് ഈ അധ്യയന വർഷം എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം എന്താണെന്നും അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

ഉണ്ട്. അപേക്ഷകൻ താമസിക്കുന്ന കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്കാണ് മുൻ വർഷങ്ങളിൽ ബോണസ് പോയിന്റ് ലഭിച്ചിരുന്നത്. എന്നാൽ മുൻ വർഷങ്ങളിൽ നീന്തൽ സർട്ടിഫിക്കറ്റിന്റെ ആധികാരികതയെപ്പറ്റി നിരവധി പരാതികൾ ലഭിച്ചതിനാൽ ഈ വർഷം മുതൽ 12-8-2021-ലെ സ.ഉ.(സാധാ) നമ്പർ 3667/2021/പൊ.വി.വ. പ്രകാരം അപേക്ഷകൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

## പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ നവീകരണം

226 (1359) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ വിദ്യാഭ്യാസത്തിന് യോജിക്കുന്ന രീതിയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളം വഴി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സമഗ്ര ശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.സി.ഇ.ആർ.ടി., ഡയറ്റുകൾ എന്നിവയുടെ സഹായത്തോടെ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപകർ, സർക്കാർ വിദ്യാലയങ്ങളോടനുബന്ധിച്ച് പി.ടി.എ. നടത്തുന്ന പ്രീ-

പ്രൈമറി സ്കൂളുകളിലെ അധ്യാപകർ എന്നിവർക്ക് നവമാധ്യമങ്ങളിലൂടെ പഠനപിന്തുണ നൽകുന്നത് സംബന്ധിച്ച് 'പ്രശിക്ഷ 2021' (പ്രീ-സ്കൂൾ അധ്യാപക പരിവർത്തന പരിപാടി) എന്ന പേരിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളം പ്രീ-പ്രൈമറി കുട്ടികൾക്കായി 'കളിത്തോണി' എന്ന പേരിൽ വർക്ക്ഷീറ്റുകൾ നൽകിയിട്ടുണ്ട്. കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ ഗൃഹാന്തരീക്ഷത്തിൽ രക്ഷിതാക്കളുടെ സഹായത്തോടെ ചെയ്യുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്ന പരിശീലനം ഓൺലൈൻ/ഓഫ്ലൈൻ രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ പിന്തുണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രീ-സ്കൂൾ അധ്യാപകരെ സഹായിക്കുന്നതരത്തിൽ എല്ലാ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലും താലോലം ആക്ടിവിറ്റി കോർണറുകൾ സജ്ജീകരിച്ചിട്ടുണ്ട്.

**ഓൺലൈൻ പഠനസൗകര്യങ്ങൾ**

227 (1360) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരിയിലെ കണക്ക് പ്രകാരം എത്ര കുട്ടികൾക്ക് സ്വന്തമായി ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലെന്ന വിവരം ലഭ്യമാക്കുമോ?

കേരള ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായ കുട്ടികളുടെ വിശദാംശങ്ങൾ 2021 ജൂലൈയിലാണ് ശേഖരിച്ചത്. പ്രസ്തുത വിവരശേഖരണം അനുസരിച്ച് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 4.7 ലക്ഷം കുട്ടികളാണ് ഉണ്ടായിരുന്നത്. എന്നാൽ സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഇത് 3.7 ലക്ഷമായും ഒക്ടോബർ ആദ്യം 3.63 ലക്ഷമായും കുറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 37359 ആണ്. സാമൂഹ്യ പങ്കാളിത്തത്തോടെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി വരികയാണ്.

(ബി) പ്രസ്തുത കുട്ടികൾക്ക് പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഡിജിറ്റൽ ഡിവൈസുകൾ വീടുകളിൽ ലഭ്യമല്ലാതിരുന്ന കുട്ടികൾക്കായി അയൽപക്ക പഠന കേന്ദ്രങ്ങൾ, ഊര് വിദ്യാകേന്ദ്രങ്ങൾ മുതലായ സംവിധാനങ്ങൾ

ഒരുക്കിയിരുന്നു. വായനശാലകൾ, അങ്കണവാടികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിലാണ് പ്രധാനമായും ഇത്തരം കുട്ടികൾക്കായി സൗകര്യങ്ങൾ ഒരുക്കിയത്. വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ കാണാൻ സാധിക്കാത്ത കുട്ടികൾക്ക് അയൽപക്ക പഠനകേന്ദ്രങ്ങളിൽ വീഡിയോ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്ത് കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ ക്ലാസ്സുകളാണ് കൈറ്റ് വിക്ടേഴ്സിലൂടെ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത ക്ലാസ്സുകൾ പൊതുവിദ്യാലയങ്ങളിലെ എല്ലാ വിഭാഗം കുട്ടികൾക്കും കാണുന്നതിന് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ സ്വന്തമായി ആവശ്യമുള്ള ഓൺലൈൻ ക്ലാസ്സുകൾ പൈലറ്റ് അടിസ്ഥാനത്തിൽ മാത്രമാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

(സി) നെറ്റ്‌വർക്ക് കണക്ടിവിറ്റി കിട്ടുന്നില്ലെന്നുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇന്റർനെറ്റ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികളുടെ പഠനത്തിന് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി&ഡി) മുഴുവൻ ആദിവാസി കോളനികളിലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് ഐ.ടി. വകുപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ടെലികോം സേവനദാതാക്കൾ, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സ്, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട്, ആദിവാസി മേഖലകൾ ഉൾപ്പെടെയുള്ള കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങളെ കണ്ടെത്തി ഇന്റർനെറ്റ് സേവനം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ ഉപയോഗിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചുകൊണ്ടും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിച്ചുകൊണ്ടും കണക്ടിവിറ്റി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗസാധ്യതയും പരിശോധിച്ചുവരുന്നു. കൂടാതെ ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-കുടുംബശ്രീ എന്നിവയുമായി ചേർന്ന് വളരെ കുറഞ്ഞ നിരക്കിൽ വിദ്യാർത്ഥികൾക്കാവശ്യമായ ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി 'കെ.എസ്.എഫ്.ഇ- വിദ്യാശ്രീ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ്

മുഖേനയുള്ള ഡിജിറ്റൽ ക്ലാസുകൾ നിലവിൽ പൊതുവിദ്യാലയങ്ങളിലെ എല്ലാ വിഭാഗം കുട്ടികൾക്കുമായി ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ച് മാത്രം നടത്താൻ കഴിയുന്ന ജി-സ്യൂട്ട് സംവിധാനം ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസുകൾ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുമുൻപ് എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തും.

**പട്ടാമ്പി ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

228 (1361) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പട്ടാമ്പി ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക മതിയാവാതെ വന്ന സാഹചര്യത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അനുവദിച്ച തുക വ്യക്തമാക്കാമോ; തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; തുക നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

അധികം അനുവദിച്ച തുക 54,39,554 രൂപ (അൻപത്തിനാല് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം), 30-9-2021-ന് തുകയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത തുക എസ്.പി.വി-ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**അറുനൂറ്റിമംഗലം ഗവൺമെന്റ് എൽ.പി.സ്കൂളിന് തുക അനുവദിച്ച ഉത്തരവിൽ മാറ്റം**

229 (1362) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ അറുനൂറ്റിമംഗലം ഗവൺമെന്റ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ വകുപ്പ് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ടി ഉത്തരവിൽ ജില്ലയുടെ പേര് 'കോട്ടയം' എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത ഉത്തരവ് ഗവൺമെന്റ് എൽ.പി.സ്കൂൾ അറുനൂറ്റിമംഗലം ആലപ്പുഴ എന്ന് ശരിയായി രേഖപ്പെടുത്തി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചു വരുന്നു.

## ആർ.ഇ.സി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവൃത്തികൾ

230 (1363) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിച്ച് മികവിന്റെ കേന്ദ്രമായി ഉയർത്തിയ ആർ.ഇ.സി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര രൂപയുടെ പ്രവൃത്തികളാണ് ഈ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അനുവദിച്ച മുഴുവൻ തുകയും ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ സ്കൂളിലെ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കൈറ്റ് എസ്.പി.വി. ആയി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിലുൾപ്പെടുത്തി കുന്ദമംഗലം നിയോജക മണ്ഡലത്തിലെ കിഫ്ബിയുടെ 5 കോടി രൂപയുള്ള മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെട്ട ആർ.ഇ.സി. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 4.39 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡി.പി.ആർ. പ്രകാരമുള്ള വർക്കുകളിൽ അധികൃതരുടെ ആവശ്യപ്രകാരമുള്ള ചില ചെറിയ മാറ്റങ്ങൾ കൈറ്റിന്റെ സാങ്കേതിക സമിതിയുടെ അനുമതിയോടെ അധിക വർക്കുകളായി പരിഗണിച്ച്, എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ കരാറുകാരനായ M/s ULCCS Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇവിടെ പാചകപ്പുര നിർമ്മിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പാചകപ്പുരയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കരാറുകാരന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസം ആവർത്തിക്കാതിരിക്കാനും എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തീകരിക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

231 (1364) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള, ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്, പരവൂർ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

2017-18 വർഷത്തെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ന്റെയും, പരവൂർ ജി.എച്ച്.എസ്.എസ്.ന്റെയും അടിസ്ഥാനസൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.യായി കിലയെയാണ് നിലവിൽ ചുമതലപ്പെടുത്തിയിരിക്കുന്നത്. ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരവൂർ ജി.എച്ച്.എസ്.എസ്.ന്റെ ഡി.പി.ആർ. പുനഃപരിശോധിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ കാലതാമസം പരിഗണിച്ച് തുടർനടപടികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തുകൊണ്ട് നടത്തിയ യോഗത്തിൽ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡയറ്റ്-ലെ ലക്ചറർ നിയമനങ്ങൾ

232 (1365) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറ്റ്-ലെ ലക്ചറർ നിയമനങ്ങൾക്കായി 2011-ൽ സവിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചശേഷം ആയതിലെ അപാകതകൾ പരിഹരിച്ച് ആനുപാതിക ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2011-ലെ സവിശേഷാൽ ചട്ടങ്ങളിൽ ഉണ്ടായിരുന്ന അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പരിഹരിച്ചത്; അപാകതകൾ പരിഹരിച്ചെങ്കിൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള തടസ്സത്തിന് കാരണം വ്യക്തമാക്കുമോ?

(എ&ബി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. 2011-ൽ നിലവിൽ വന്ന ഡയറ്റ് വിശേഷാൽ ചട്ടങ്ങളിലെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള പുതുക്കിയ സ്പെഷ്യൽ റൂൾ 19-2-2021-ലെ ജി.ഒ.(പി) നമ്പർ 9/2021/പൊ.വി.വ. പ്രകാരം നിലവിൽ വന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഡയറ്റ് അധ്യാപകർ തങ്ങളെ ഡയറ്റ് ലക്ചറർ തസ്തികയിൽ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് 702/2021 നമ്പറായി ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. ഫയൽ ചെയ്തു. പ്രസ്തുത ഒ.എ.-യിലെ 25-3-2021-ലെ ഇടക്കാല ഉത്തരവുപ്രകാരം 89 ലക്ചറർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 2011-ലെ സവിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്ന 1:1 എന്ന അനുപാതത്തിൽ 2011 മുതലുള്ള ഒഴിവുകളിൽ ലക്ചറർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുമോ; അറിയിക്കാമോ?

2021 -ലെ ജി.ഒ.(പി) നം.9/2021/പൊ.വി.വ പ്രകാരം നിലവിൽ വന്ന പുതുക്കിയ സ്പെഷ്യൽ റൂളിലെ അനുപാതവും തസ്തികകളും അനുസരിച്ചാണ് ലക്ചറർ തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നത്.

(ഡി) 2011-ലെ സവിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്ന 1:1 എന്ന അനുപാതത്തിന് വിരുദ്ധമായി നിലവിൽ അന്യത്ര വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ തസ്തികമാറ്റം വഴി സ്ഥിരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അന്യത്ര സേവന വ്യവസ്ഥയിൽ കെ.എസ്.&എസ്.എസ്.ആർ. ചട്ടം 9(ബി) പ്രകാരം നിയമിതരായ ലക്ചറർമാരുടെ നിയമനം വിശേഷാൽ ചട്ടപ്രകാരം സ്ഥിരനിയമനം നടത്തുന്നവരെയാണെന്ന കർശന വ്യവസ്ഥയോടുകൂടിയാണ് 16-11-2018-ലെ സ.ഉ.(സാധാ) നം.4788/2018/പൊ.വി.വ പ്രകാരം അദ്ധ്യാപകരെ ലക്ചറർ തസ്തികയിൽ നിയമിച്ചത്. ടി അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

## പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും ഓണറേറിയം

233 (1366) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗത്തിലെ അധ്യാപകർക്കും ആയമാർക്കും ഓണറേറിയം യഥാസമയം ലഭ്യമാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാർ ഓണറേറിയം ലഭിച്ചുകൊണ്ടിരിക്കുന്ന പ്രീ-പ്രൈമറി ജീവനക്കാർക്ക് യഥാസമയം ഓണറേറിയം ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും സർവ്വീസ് സംബന്ധമായ പൊതുമാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ 12 അംഗ കമ്മിറ്റി രൂപീകരിച്ച് പ്രീ-പ്രൈമറി നയരൂപീകരണം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## പ്രീ-പ്രൈമറി ടീച്ചർമാരുടെ ശമ്പളം

234 (1367) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി ടീച്ചർമാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള പ്രതിമാസ ശമ്പളം എത്രയെന്നും എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ 10 വർഷത്തിൽ താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000 രൂപയും ആയമാർക്ക് 7,000 രൂപയും 10 വർഷത്തിന് മുകളിൽ സേവനകാലയളവുള്ള അദ്ധ്യാപകർക്ക് 12,500 രൂപയും ആയമാർക്ക് 7,500 രൂപയും ഓണറേറിയമായി നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് പ്രീപ്രൈമറി വിഭാഗത്തിൽ സർക്കാർ അധീനതയിൽ എത്ര അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക- രക്ഷകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിൽ നിലവിൽ ഓണറേറിയം കൈപ്പറ്റുന്ന 2861 അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

## ഹയർ സെക്കണ്ടറി അദ്ധ്യാപികയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

235 (1368) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കോട്ടയം ജില്ലയിലെ എസ്.എം.എസ്.എൻ. സ്കൂളിലെ ഇക്കണോമിക്സ് അദ്ധ്യാപികയായ ശ്രീമതി സാലി ജോർജ്ജിന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് പ്രസ്തുത അദ്ധ്യാപികയുടെ മെഡിക്കൽ ബില്ലുകൾ പരിശോധിച്ച് സമർപ്പിച്ചിട്ടുണ്ടോ; ടി അദ്ധ്യാപികയ്ക്ക് സമയബന്ധിതമായി മെഡിക്കൽ റീഇംബേഴ്സ്മെന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടയം ജില്ലയിലെ എസ്.എം.എസ്.എൻ. സ്കൂളിലെ ഇക്കണോമിക്സ് അദ്ധ്യാപികയായ ശ്രീമതി സാലി ജോർജ്ജിന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് സമർപ്പിച്ച ബില്ലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം) മുഖാന്തരം ലഭ്യമാക്കിയിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

## സാക്ഷരതാ മിഷനിൽ പി.എ. തസ്തിക

236 (1369) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷനിൽ സർക്കാർ അനുമതി ഇല്ലാതെ പി.എ. തസ്തിക സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാക്ഷരതാമിഷനിൽ പി.എ. തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) മതിയായ യോഗ്യതയില്ലാത്ത ആൾക്ക് പി.എ.യുടെ അധികചുമതല നൽകിയതും സ്പെഷ്യൽ അലവൻസ് അനുവദിച്ചതും റദ്ദാക്കിക്കൊണ്ട് 2018 ജനുവരിയിൽ സർക്കാർ ഉത്തരവിറക്കിയിരുന്നോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിനുശേഷവും ഇദ്ദേഹം അനധികൃതമായി പി.എ. തസ്തികയിൽ തുടരുന്നതിന് കാരണമായ സാഹചര്യം വ്യക്തമാക്കുമോ?

(ബി&സി) സാക്ഷരതാ മിഷനിൽ പി.എ. തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പി.എ തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാർക്ക് ആർക്കെങ്കിലും പി.എ.യുടെ അധിക ചുമതല മുൻകാലങ്ങളിൽ നൽകി വന്നിരുന്നു. ഈ കീഴ്വഴക്കം തുടർന്നുവരുന്നു. 2012-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ഉദ്യോഗസ്ഥനെ സർക്കാർ ഉത്തരവ് പ്രകാരം പി.എ. ആയി നിയമിച്ചിരുന്നു. 2016-ൽ സാക്ഷരതാ മിഷനിലെ ഒരു ജീവനക്കാരന് ഡയറക്ടറുടെ പി.എ.

ജോലികൾക്കായി അധിക ചുമതല നൽകുകയും ആയത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 21-2-2017-ലെ 52-ാം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ടിയാൻ നിർവ്വഹിച്ച അധിക ചുമതലയ്ക്ക് 3 മാസം അലവൻസ് നൽകാനും ഡയറക്ടർക്ക് പി.എ. തസ്തിക ആവശ്യമെങ്കിൽ ആയതിന് സർക്കാരിന്റെ അനുവാദം വാങ്ങാൻ ഡയറക്ടറെ ചുമതലപ്പെടുത്താനും തീരുമാനിച്ചിരുന്നു. ആ തീരുമാനപ്രകാരം ടിയാൻ നിർവ്വഹിച്ച ചുമതലയ്ക്ക് 20-9-2016 മുതൽ 19-12-2016 വരെയുള്ള 3 മാസത്തേയ്ക്ക് അലവൻസ് നൽകുകയുണ്ടായി. പുതിയ തസ്തിക സൃഷ്ടിച്ച് ഒരാളെ നിയമിക്കുകയാണെങ്കിൽ വലിയൊരു തുക ശമ്പളയിനത്തിൽ നൽകേണ്ടിവരുമെന്നതിനാൽ പ്രസ്തുത തസ്തിക ആവശ്യമില്ല. പി.എ.യുടെ അധിക ചുമതല നിർവ്വഹിച്ചുവരുന്ന ജീവനക്കാരന് അലവൻസോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ നൽകാതെ അധിക ചുമതല നിലനിർത്തി വരികയാണ്. പി.എ.യുടെ അധിക ചുമതല നൽകിയതും സ്പെഷ്യൽ അലവൻസ് അനുവദിച്ചതും റദ്ദാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടില്ല.

**എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

237 (1370) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി ജീവനക്കാരെ കൂടി കെ.ഇ.ആർ.-ന്റെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളിലെ പ്രീ-പ്രൈമറി ജീവനക്കാരുടേതിന് തുല്യമായ വേതനം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ഇവിടുത്തെ ജീവനക്കാർക്കാണ് ഓണറേറിയം അനുവദിച്ചിട്ടുള്ളത്. എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി ജീവനക്കാർക്ക് സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ജീവനക്കാരുടേതുപോലെ ഓണറേറിയം നൽകുന്ന വിഷയം നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ പരിഗണനയിലാണ്.

## കെട്ടിട നിർമ്മാണത്തിൽ അപാകതകൾ

238 (1371) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മകത്തുർ ഗ്രാമപഞ്ചായത്തിലെ ചെമ്പുച്ചിറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പുതിയ കെട്ടിട നിർമ്മാണത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് കുട്ടികൾക്ക് പൂർണ്ണ സുരക്ഷിതരായി പഠനസൗകര്യം ഉറപ്പുവരുത്തുന്നതിനും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചെമ്പുച്ചിറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണത്തിലുണ്ടായ പാകപ്പിഴകൾ പരിഹരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കുട്ടികൾക്ക് പൂർണ്ണ സുരക്ഷിതരായി പഠന സൗകര്യം ഉറപ്പുവരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം പി.എം.സി. ആയ വാപ്കോസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മറ്റ് വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

## മങ്കടയിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ പ്രവൃത്തികൾ

239 (1372) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് മങ്കട നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; ഓരോ പ്രവൃത്തിയും ഏറ്റെടുത്തിരിക്കുന്ന നിർവ്വഹണ ഏജൻസി ഏതെല്ലാമാണ്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണ്;

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മങ്കട നിയോജകമണ്ഡലത്തിൽ വിവിധ ഏജൻസികൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സാമ്പത്തികവർഷം പദ്ധതിവിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് വ്യക്തമാക്കുമോ?

സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ഹയർ സെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ പരാതികൾ

240 (1373) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹയർ സെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പരാതി എന്താണെന്ന് വ്യക്തമാക്കാമോ; ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ലഭിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി കോഴിക്കോട് മേഖല ഉപഡയറക്ടറുടെ ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി സെറീന കെ.ജി. ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓഫീസിലെത്തുന്ന ശ്രീമതി ശാലിനി കെ.പി. എന്ന ലാബ് അസിസ്റ്റന്റിനെ മാനസികമായി പീഡിപ്പിക്കുന്നു എന്നായിരുന്നു പരാതി. പ്രസ്തുത പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് മേഖല ഉപമേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ ഓഫീസിനെക്കുറിച്ച് മുൻകാലങ്ങളിൽ ലഭിച്ച പരാതികളിൽ അന്വേഷണം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നടന്നിട്ടുണ്ട്. 2019-ൽ ടി വിഷയത്തിൽ പരാതി ലഭിക്കുകയും ആയതിന്മേൽ കോഴിക്കോട് ഹയർ സെക്കണ്ടറി മേഖലാ ഉപഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരാതിയിൽ കഴമ്പില്ലായെന്നാണ് അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളത്. ഇക്കാര്യം 31-7-2021-ലെ 313/റ്റി3/2019/ പൊ.വി.വ. കത്ത് പ്രകാരം പരാതിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മറ്റ് ആർ.ഡി.ഡി.-കളിൽനിന്നും വ്യത്യസ്തമായി അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സർവ്വീസിനെ ദോഷകരമായി ബാധിക്കുന്നവിധത്തിൽ കോഴിക്കോട് ഓഫീസിൽനിന്നും ഇറങ്ങുന്ന ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യങ്ങളെക്കുറിച്ച് വകുപ്പുതല അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇലകമൺ കിഴക്കേപ്പുറം ഗവൺമെന്റ് സെൻട്രൽ എൽ.പി.എസ്.-ന് പുതിയ കെട്ടിടം

241 (1374) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇലകമൺ കിഴക്കേപ്പുറം ഗവൺമെന്റ് സെൻട്രൽ എൽ.പി.എസ്-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി അനുസരിച്ച് നിർവ്വഹണ ഏജൻസിയായ തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും 2021 ഫെബ്രുവരി 25-ലെ 1589/2021/എൻ.കെ/റ്റി.വി.പി.എം., 2021 ഓഗസ്റ്റ് 24-ലെ 1589/2021/എൻ.കെ/റ്റി.വി.പി.എം. എന്നീ നമ്പറുകൾ പ്രകാരം ഫണ്ട് തുക ആവശ്യപ്പെട്ട് അയച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഇലകമൺ കിഴക്കേപ്പുറം ഗവൺമെന്റ് സെൻട്രൽ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ തുകയുടെ 20% അഡ്വാൻസായി ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അഡ്വാൻസ് തുക അനുവദിക്കുന്നതിനായി ട്രഷറിയിൽ ബിൽ നൽകുന്നതിനാവശ്യമായ രേഖകൾ നൽകിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ നിർവ്വഹണ എജൻസിയായ നിർമ്മിതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നിർവ്വഹണ ഏജൻസിക്ക് അടിയന്തരമായി ഫണ്ട് നൽകി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ആവശ്യപ്പെട്ട രേഖകൾ നിർവ്വഹണ ഏജൻസി ലഭ്യമാക്കുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കാൻ കഴിയും.

## പരീക്ഷാഭവന്റെ പ്രവർത്തനം

242 (1375) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ മുഖേന എന്തൊക്കെ സൗകര്യങ്ങളാണ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നൽകിവരുന്നതെന്ന് വിശദമാക്കാമോ?

കേരള സർക്കാരിന്റെ പൊതുപരീക്ഷകളായ എസ്.എസ്.എൽ.സി., D.El.Ed, D.Ed, റ്റി.റ്റി.സി., പത്താംതരം തുല്യതാ പരീക്ഷ, കെ.ജി.റ്റി.ഇ., കെ-ടെറ്റ് തുടങ്ങി 35-ഓളം പരീക്ഷകൾ ഓരോ വർഷവും നടത്തുകയും സമയബന്ധിതമായി ഫലം പ്രസിദ്ധീകരിച്ച് ഇവയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവൻ നൽകുകയും ചെയ്യുന്നു. വിവിധ പൊതു പരീക്ഷകളുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ, സർട്ടിഫിക്കറ്റ് തിരുത്തലുകൾ, മറ്റു ബോർഡുകളിൽനിന്നും ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകളുടെ തുല്യതാ, മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ, ഗ്രേഡിംഗ് സിസ്റ്റത്തിലെ പരീക്ഷയിലെ മാർക്ക് ലിസ്റ്റുകൾ, ജെനുവിനസ് സർട്ടിഫിക്കറ്റുകൾ എന്നിവയും പൊതുജനങ്ങൾക്കായി പരീക്ഷാഭവൻ നൽകുന്ന സേവനങ്ങളിൽ ഉൾക്കൊള്ളുന്നു.

(ബി) വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതുൾപ്പടെയുള്ള സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; കാലതാമസം കൂടാതെ ഇവ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ?

വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമ പ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*) എങ്കിലും, അപേക്ഷകരുടെ അടിയന്തര ആവശ്യം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയാൽ അപേക്ഷ ലഭ്യമാകുന്ന ദിവസംതന്നെ സർട്ടിഫിക്കറ്റുകൾ അപേക്ഷകന് നൽകിവരുന്നുണ്ട്.

(സി) പരീക്ഷാഭവനിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പരീക്ഷാഭവനിലെ ഫ്രണ്ട് ഓഫീസ് തപാൽ സെക്ഷൻ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. തപാൽ സ്വീകരിക്കുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രത്യേകം പ്രത്യേകം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഫയലുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് പരീക്ഷാഭവനിൽ ബന്ധപ്പെടേണ്ട ടെലഫോൺ നമ്പർ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് ജോയിന്റ് കമ്മീഷണർ, സെക്രട്ടറി, സെക്ഷൻ സൂപ്രണ്ട്, സെക്ഷൻ ക്ലർക്കുമാർ എന്നിവരെ നേരിൽ കണ്ട് കാര്യങ്ങൾ ധരിപ്പിക്കുന്നതിന് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുവിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തികയിൽ നിയമനം

243 (1376) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്തണമെന്ന് നിരവധി കോടതി വിധികൾ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## സർക്കാർ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ

244 (1377) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എത്ര ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്; ജില്ലാ തലത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

നാല്. എറണാകുളം - 1 പത്തനംതിട്ട - 1 ഇടുക്കി - 1 ആലപ്പുഴ -1

(ബി) സ്കൂൾ തുറക്കുന്നതിന് മുൻപായി ഒഴിവുള്ള ഹെഡ്മാസ്റ്റർ തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഹെഡ്മാസ്റ്റർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 1406/2021, 1493/2021 എന്നീ കേസുകളിൽ അന്തിമ വിധിന്യായം ലഭ്യമാകുന്നതുവരെ ഈ സ്കൂളുകളിൽ നിയമനം നടത്താൻ സാധിക്കുകയില്ല.

## പ്രീ-പ്രൈമറി വിഭാഗത്തിൽ അദ്ധ്യാപകർ, ആയമാർ എന്നിവരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കൽ

245 (1378) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ അദ്ധ്യാപകർ, ആയമാർ എന്നിവരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ അദ്ധ്യാപകർ, ആയമാർ എന്നിവരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**കാസർഗോഡ് ജില്ലയിലെ പ്രൈമറി (കന്നഡ) പ്രധാനാദ്ധ്യാപക ഒഴിവുകൾ**

246 (1379) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര പ്രൈമറി (കന്നഡ) പ്രധാനാദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ?

17 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥാനക്കയറ്റം വഴി പ്രധാനാദ്ധ്യാപക ഒഴിവുകൾ നികത്തുമ്പോഴുണ്ടാകുന്ന കന്നട പ്രൈമറി അദ്ധ്യാപക തസ്തികകളിൽ അദ്ധ്യാപക നിയമനത്തിന് ഏതെങ്കിലും നടപടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

(ബി&സി) പ്രൈമറി പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് (19-2-2021-ലെ OA 441/2021) പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റേ നീക്കുന്നതിനനുസരിച്ച് പ്രധാനാദ്ധ്യാപക നിയമനങ്ങളും നടത്തുന്നതാണ്.

(ഡി) പ്രസ്തുത പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കുന്നതനുസരിച്ച് പ്രധാനാദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിനെത്തുടർന്ന് വരുന്ന അദ്ധ്യാപക ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഇ) ഇത്തരത്തിൽ എത്ര പ്രതീക്ഷിത ഒഴിവുകളാണ് കന്നഡ പ്രൈമറി വിഭാഗത്തിൽ അദ്ധ്യാപക തസ്തികയിൽ കാസർഗോഡ് ജില്ലയിലുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രധാനാധ്യാപക (കന്നഡ) തസ്തികകളിൽ പ്രൊമോഷൻ നടത്തുമ്പോൾ 17 അദ്ധ്യാപക (കന്നഡ) ഒഴിവുകൾ വരുന്നതാണ്.

## ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ

247 (1380) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഒഴിവ് വരാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഹെഡ്മാസ്റ്റർമാരുടെ തസ്തികയിലേയ്ക്ക് അദ്ധ്യാപകരെ സമയബന്ധിതമായി പ്രൊമോഷൻ നൽകി നിയമിക്കാനായി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സത്വരനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി&സി) പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒന്നിലധികം കേസ്സുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റനിയമനം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് മരവിപ്പിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതിയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സ്റ്റേ നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ നീക്കുന്നതിനനുസരിച്ച് പ്രധാനാദ്ധ്യാപക നിയമനങ്ങൾ നടത്താൻ കഴിയും.

## കാസർഗോഡ് ജില്ലയിലെ പ്രധാനാദ്ധ്യാപക തസ്തികകൾ

248 (1381) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി., യു.പി., എച്ച്.എസ്., വിഭാഗങ്ങളിലായി നിരവധി പ്രധാനാദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലയിൽ എത്ര പ്രധാനാദ്ധ്യാപക ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

90 ഒഴിവുകൾ.

(സി) നവംബർ 1-ന് വിദ്യാലയങ്ങൾ തുറക്കുന്നതിന് സർക്കാർ തീരുമാനിച്ച സ്ഥിതിക്ക് ജില്ലയിലെ മുഴുവൻ പ്രധാനാദ്ധ്യാപക തസ്തികകളും ഒക്ടോബർ മാസം പകുതിയോടെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് (19-2-2021-ലെ OA 441/2021) പുറപ്പെടുവിച്ചിട്ടുണ്ട്. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രൈമറി സ്കൂളുകളിൽ പ്രഥമാദ്ധ്യാപകരുടെ ഒഴിവ് നികത്തൽ**

249 (1382) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി പ്രൈമറി സ്കൂളുകളിൽ ഒന്നരവർഷത്തിലേറെയായി പ്രഥമാദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഒഴിവുകൾ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 225 |
| കൊല്ലം | 182 |
| പത്തനംതിട്ട | 76 |
| ആലപ്പുഴ | 107 |
| കോട്ടയം | 73 |
| ഇടുക്കി | 31 |
| എറണാകുളം | 116 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 73 |
| പാലക്കാട് | 139 |
| മലപ്പുറം | 209 |
| കോഴിക്കോട് | 150 |
| വയനാട് | 51 |
| കണ്ണൂർ | 104 |
| കാസർഗോഡ് | 89 |

(സി) സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്തും സ്ഥാനക്കയറ്റം നടക്കാത്തതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന നിരവധി ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുമെന്ന ആരോപണം കണക്കിലെടുത്തും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായെങ്കിലും ആയത് മരവിപ്പിച്ചുകൊണ്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ നീക്കുന്നതിനനുസരിച്ച് പ്രഥമാദ്ധ്യാപക നിയമനങ്ങളും തുടർന്നുവരുന്ന അദ്ധ്യാപക നിയമനങ്ങളും നടത്താൻ കഴിയും.

**സർക്കാർ എയ്ഡഡ് മേഖലകളിലെ അന്തർജില്ലാ സ്ഥലം മാറ്റം**

250 (1383) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ/എയ്ഡഡ് മേഖലകളിൽ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും വിശദമാക്കാമോ?

അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, കലണ്ടർ വർഷം മാർച്ച് 31-ന് നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കണം. ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സേവനം എന്ന

വ്യവസ്ഥയിൽ ഇളവുണ്ട്. കൂടാതെ ജവാന്റെ ആശ്രിതർക്ക് അഞ്ച് വർഷത്തെ സേവനം എന്ന വ്യവസ്ഥയിൽ ഇളവുണ്ട്. പ്രസ്തുത പരിഗണനകളെല്ലാംതന്നെ ഓൺലൈൻ മുഖാന്തരം അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്നതാണ്. അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള ആകെ ഒഴിവുകളുടെ 20% സഹതാപാർഹ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നികത്തുന്നു. ഇതിനായി അപേക്ഷ ക്ഷണിക്കുന്ന സമയത്ത് അപേക്ഷകർ സ്വയം പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം ഉചിത മാർഗ്ഗേണ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കണം. ഉചിത മാർഗ്ഗേണ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. എയ്ഡഡ് സ്കൂളുകളിൽ അന്തജില്ലാ സ്ഥലംമാറ്റം എന്ന വ്യവസ്ഥ നിലവിലില്ല.

(ബി) കോർപറേറ്റ് മാനേജ്മെന്റ് നിയമിക്കുന്ന അദ്ധ്യാപകർക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചാൽ സീനിയോറിറ്റിയെ ബാധിക്കുമോ; ഇല്ലെങ്കിൽ വിശദാംശം നൽകാമോ?

മാനേജ്മെന്റിനകത്തുള്ള സ്ഥലംമാറ്റം മാത്രമേ നിലവിലുള്ളൂ. ആയതിനാൽ സീനിയോറിറ്റി പ്രശ്നം വരുന്നില്ല.

(സി) സർക്കാർ സ്കൂളുകളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചാൽ സീനിയോറിറ്റിയെ ബാധിക്കുമോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പി.എസ്.സി. മുഖേന ജില്ലാതല നിയമനം ലഭിച്ചവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുമ്പോൾ സീനിയോറിറ്റിയെ ബാധിക്കും. പി.എസ്.സി. മുഖേനയുള്ള ജില്ലാതല നിയമനങ്ങളിൽ ഉദ്യോഗാർത്ഥികൾ ജോലിക്ക് അപേക്ഷിക്കുമ്പോൾ അവർതന്നെ തെരഞ്ഞെടുക്കുന്ന ജില്ലകളിലാണ് നിയമനം നൽകുന്നത്. നിലവിലെ വ്യവസ്ഥകൾ അനുസരിച്ച്, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുമ്പോൾ സ്ഥലംമാറ്റപ്പെടുന്ന ജില്ലയിൽ, ഇപ്പോൾ ജോലി നോക്കുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റിക്ക് വിഘാതം വരാത്ത രീതിയിലാണ് അപേക്ഷകരെ നിയമിക്കപ്പെടുന്നത്. അന്തർജില്ലാ സ്ഥലംമാറ്റ വ്യവസ്ഥകൾ പ്രസ്താവിച്ചിട്ടുള്ള ജി.ഒ.(പി) നം.36/91/പി&എ.ആർ.ഡി. ഉത്തരവിന്റെ പരിധിയിൽ വരുന്ന സർക്കാർ സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഈ വ്യവസ്ഥകൾ ബാധകമാണ്. ആയതിൽ മാറ്റം വരുത്തുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

## ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

251 (1384) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റുമാരുടെ നിയമനാംഗീകാരത്തിന് പത്രപരസ്യം ആവശ്യമുണ്ടോ?

ഇല്ല.

(ബി) കോഴിക്കോട് ആർ.ഡി.ഡി. ഓഫീസിൽനിന്നും എത്ര ലാബ് അസിസ്റ്റന്റുമാർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിന് പത്രപരസ്യം ഉണ്ടായിരുന്നോയെന്നും വ്യക്തമാക്കുമോ?

നിലവിൽ കോഴിക്കോട് മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിന്റെ പരിധിയിലുള്ള കോഴിക്കോട്, വയനാട് ജില്ലകളിൽ 97 ലാബ് അസ്സിസ്റ്റന്റുമാർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ എല്ലാ നിയമനങ്ങൾ അംഗീകരിക്കുന്നതിനും പത്രപരസ്യം ഉണ്ടായിരുന്നില്ല.

(സി) അരിക്കുളം കെ.പി.എം.എസ്.എം.എച്ച്.എസ്.എസ്.-ലെ മിർദാസ് മുഹമ്മദ് ജെ.ആർ. എന്ന ലാബ് അസിസ്റ്റന്റിന്റെ നിയമനാംഗീകാരം പത്രപരസ്യം ഇല്ലായെന്ന കാരണത്താൽ നിരസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽക്കാണ് ടിയാന് നിയമന അംഗീകാരം നൽകിയത് എന്ന് വിശദമാക്കുമോ;

(ഡി) ലാബ് അസിസ്റ്റന്റ് നിയമനാംഗീകാരത്തിന് പത്രപരസ്യം വേണമെന്ന് സ്പെഷ്യൽ റൂളിലോ സർക്കാർ നിർദ്ദേശമോ ഇല്ലാതിരിക്കെ മിർദാസ് മുഹമ്മദിന്റെ അപേക്ഷ മാത്രം നിരസിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

(സി&ഡി) പത്രപരസ്യമില്ലെന്ന കാരണത്താൽ ടിയാൾക്ക് 06-9-16 മുതലാണ് നിയമനാംഗീകാരം നൽകിയിരുന്നതെങ്കിലും, പിന്നീട് മാനേജർ നിയമിച്ച തീയതിയായ 3-6-2016 മുതൽതന്നെ നിയമനാംഗീകാരം പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്.

(ഇ) കോഴിക്കോട് ആർ.ഡി.ഡി. ഓഫീസിൽ പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്തത് ഏതൊക്കെ ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കുമോ?

1). ശ്രീ.ഗോകുലകൃഷ്ണൻ. കെ (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ)

2). ശ്രീമതി ആനിമോൾ കുര്യൻ (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ)

3) ശ്രീമതി സീന. കെ.(അക്കൗണ്ട്സ് ഓഫീസർ)

4) ശ്രീമതി അപർണ്ണ വി. ആർ (ക്ലർക്ക്)

(എഫ്) ഈ ഉത്തരവിനെതിരെ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് മാനേജർ നൽകിയ അപ്പീലിൽ അക്കാദമിക്ക് വിഭാഗം ജോയിന്റ് ഡയറക്ടർ നൽകിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

10-10-2017-ലെ അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടരുടെ എസിഡി ബി1/64045/17/HSE നമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ജി) ഇത്തരത്തിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സർവ്വീസിന് ദോഷകരമായി ബാധിക്കുന്ന രീതിയിൽ ഉത്തരവിറക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് ചട്ടങ്ങൾ അനുശാസിക്കുംവിധം നടപടി സ്വീകരിക്കുന്നതാണ്.

**എറണാകുളം ജില്ലയിലെ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ**

252 (1385) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ പ്രധാനാദ്ധ്യാപക തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൽ എത്ര യോഗ്യത നേടിയ അദ്ധ്യാപകർ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ എൽ.പി. വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകരുടെ എണ്ണം വേർതിരിച്ച് നൽകാമോ?

1997-2002, 2003-2005 കാലയളവിലെ പി.ഡി. ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. നിലവിൽ വകുപ്പുതല പരീക്ഷാ യോഗ്യത നേടിയ 123 അദ്ധ്യാപകരുണ്ട്. ഇതിൽ എൽ.പി. വിഭാഗത്തിൽ ഉൾപ്പെടുന്ന അദ്ധ്യാപകരുടെ എണ്ണം 71 ആണ്.

(ബി) ജില്ലയിലെ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുടെ എച്ച്.എസ്.എ. പ്രൊമോഷനുവേണ്ടി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചത്; ഇതുമായി ബന്ധപ്പെട്ട് എത്ര ഒഴിവുകളാണ് ഓരോ തസ്തികയിലേയ്ക്കും മാറ്റിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

എച്ച്.എസ്.എ. പ്രൊമോഷനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. എച്ച്.എസ്.എ. പ്രൊമോഷനുവേണ്ടി നീക്കിവയ്ക്കാൻ ഒഴിവുകൾ ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അന്തർജില്ലാ സ്ഥലംമാറ്റംമൂലം ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേയ്ക്ക് പോകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലെ എൽ.പി.എസ്. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**അക്ഷരലക്ഷം പദ്ധതി**

253 (1386) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ നിരക്ഷരരെയും കണ്ടെത്തി സാക്ഷരരാക്കുവാൻ നടപ്പിലാക്കിയ അക്ഷരലക്ഷം പദ്ധതിയിൽ പഠിച്ചവരുടെയും വിജയിച്ചവരുടെയും കണക്ക് സാക്ഷരതാമിഷനിൽ ലഭ്യമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012-ലാണ് അക്ഷരലക്ഷം പദ്ധതി ആരംഭിക്കുന്നത്. 2012 മുതൽ 2016 വരെ 32524 പേർ ഈ പദ്ധതിയിലൂടെ സാക്ഷരരായി. 2016-നുശേഷം ഈ പദ്ധതിയുടെ പ്രയോജനം പാർശ്വവൽകൃത മേഖലയിലേയ്ക്ക് കൂടുതൽ ലഭ്യമാക്കണമെന്ന് തീരുമാനിച്ചു. തുടർന്ന് 2017-നുശേഷം അക്ഷരലക്ഷം പദ്ധതി പാർശ്വവൽകൃത മേഖലയിലേയ്ക്ക് വ്യാപിപ്പിച്ചു. ആദിവാസി വിഭാഗത്തിനായി സമഗ്ര വയനാട് ആദിവാസി സമ്പൂർണ്ണ സാക്ഷരതാപദ്ധതി, അട്ടപ്പാടി സാക്ഷരതാ പദ്ധതി, പട്ടികജാതി വിഭാഗത്തിനായി നവചേതന, തീരദേശത്തിനായി അക്ഷരസാഗരം, ഇതരസംസ്ഥാന തൊഴിലാളികൾക്കായി ചങ്ങാതി, തിരുവനന്തപുരം നഗരസഭയിൽ അക്ഷരശ്രീ, രണ്ടായിരം പിന്നോക്ക കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി എന്നിവ അതിന്റെ ഭാഗമായി ആരംഭിച്ചു. 2016 മുതൽ 2020 വരെ ആകെ 109659 പേർ സാക്ഷരരായി. ഇതിൽ പാർശ്വവൽകൃത വിഭാഗത്തിൽ മാത്രമായി 65722 പേർ സാക്ഷരരായി.

**നോക്കുകൂലി അതിക്രമങ്ങൾ**

254 (1387) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നോക്കുകൂലിയെ സംബന്ധിച്ച അതിക്രമങ്ങൾ വ്യാപിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനും മികച്ച തൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ചില സമയങ്ങളിൽ നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതി വരാറുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ മേഖലയിലെ വിവിധ ട്രേഡ് യൂണിയനുകളുമായി 16-9-2021-ന് ഒരു യോഗം ചേർന്നിരുന്നു. ടി യോഗത്തിൽ ചുമട്ടുതൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും നോക്കുകൂലി പോലുള്ള അനാരോഗ്യ പ്രവണതകൾ ഒഴിവാക്കുമെന്ന് യൂണിയനുകൾ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ കൂടുതലും ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടു തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലയെയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായി.

**ഇ-ശ്രം പദ്ധതി**

255 (1388) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ശ്രം പദ്ധതിക്കുവേണ്ടിയുള്ള വിവരശേഖരണത്തിന്റെ ഭാഗമായുള്ള രജിസ്ട്രേഷന് സംസ്ഥാനത്തെ തൊഴിലാളികൾക്കും മറ്റുമായി എന്തൊക്കെ സഹായമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

കോമൺ സർവ്വീസ് സെന്ററുകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ മുഖാന്തരവും സ്വന്തം നിലയ്ക്കും തൊഴിലാളികൾക്ക് ഇ-ശ്രം പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുവാനും ക്ഷേമ ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷന് സഹായിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ട്രേഡ് യൂണിയനുകളുടെ യോഗങ്ങൾ ചേർന്ന് തൊഴിലാളികളെ രജിസ്ട്രേഷനുവേണ്ടി ബോധവൽക്കരിക്കുവാനും അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്റർ വഴി രജിസ്ട്രേഷനുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ദേശീയ തൊഴിലുറപ്പ് പദ്ധതി അംഗങ്ങളായ തൊഴിലാളികളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് വഴിയും സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്ര ക്ഷേമനിധി ആനുകൂല്യങ്ങൾ, ഇൻഷ്വറൻസ് എന്നിവ ലഭിക്കുന്നതിന് ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് വേണമെന്ന് നിർബന്ധമാക്കിയിട്ടുണ്ടോ?

നിർബന്ധമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

'ഇ-ശ്രം' പോർട്ടലിൽ 5-10-2021 വരെ സി.എസ്.സി. മുഖാന്തരവും സ്വന്തം നിലയ്ക്കും ആകെ 71,218 അസംഘടിത തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) കൂടുതൽ തൊഴിലാളികളെയും തൊഴിൽ മേഖലയിലുള്ളവരെയും ഉൾക്കൊള്ളിച്ച് പോർട്ടലിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫെസിലിറ്റേഷൻ സെന്റർ/ഹെൽപ്പ് ഡെസ്ക് എന്നിവ ക്രമീകരിച്ചുകൊണ്ടും പത്ര-ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചാരണങ്ങൾ വഴിയും ക്ഷേമനിധി ബോർഡുകൾ, ട്രേഡ് യൂണിയനുകൾ എന്നിവ വഴിയും തൊഴിലാളികളിലേയ്ക്ക് സന്ദേശമെത്തിച്ച് പോർട്ടലിൽ രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നോക്കുകൂലി**

256 (1389) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി ഉണ്ടാകില്ലെന്ന് 2018-ൽ സംസ്ഥാനത്തെ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ പ്രഖ്യാപിച്ചതിനുശേഷം നോക്കുകൂലി കാരണം ഏതെങ്കിലും സ്ഥാപനത്തിന്റെയോ വ്യവസായത്തിന്റെയോ പ്രവർത്തനം പ്രതിസന്ധിയിലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നോക്കുകൂലി കാരണം ഏതെങ്കിലും സ്ഥാപനത്തിന്റെയോ വ്യവസായത്തിന്റെയോ തുടർപ്രവർത്തനം പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിലാളി സംഘടനകളുടെ യോഗത്തിൽ നോക്കുകൂലി വിഷയം ചർച്ചചെയ്യുകയും ഇത്തരം പ്രവണതകൾ യാതൊരുവിധത്തിലും അംഗീകരിക്കില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട നിയമവിരുദ്ധ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ചില നിക്ഷിപ്ത താല്പര്യക്കാർ മാധ്യമ സഹായത്തോടെ സംസ്ഥാനത്തെ നിക്ഷേപാനുകൂലാന്തരീക്ഷം മോശമാക്കാൻ പരിശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾക്കെതിരെ ജാഗ്രത പുലർത്തുന്നതിനുള്ള ഫലപ്രദമായ നടപടി ഉറപ്പുവരുത്തുമോ?

ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് അടിയന്തരമായി ടി പ്രശ്നത്തിൽ ഇടപെട്ട് തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

(സി) വി.എസ്.എസ്.സി.-യിലേയ്ക്ക് കൊണ്ടുവന്ന യന്ത്രോപകരണങ്ങൾ ഇറക്കുന്നതിൽ ഏതെങ്കിലും അംഗീകൃത ട്രേഡ് യൂണിയൻ നോക്കുകൂലി ആവശ്യപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സംഭവത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

തുമ്പ ഐ.എസ്.ആർ.ഒ.-വി.എസ്.എസ്.സി.-യിലേയ്ക്ക് മുംബൈയിൽ നിന്നും കടൽ മാർഗ്ഗം കൊല്ലം തുറമുഖത്ത് എത്തിക്കുകയും ശേഷം റോഡ് മാർഗ്ഗം രണ്ട് ലോറികളിലായി കൊണ്ടുവന്ന 124,80 ടൺ ഭാരമുള്ള കാർഗോകൾ (ഹെവി മെഷീനറികൾ) അമിതഭാരമുള്ളതും മനുഷ്യാധ്വാനം കൊണ്ട് ഇറക്കാൻ കഴിയാത്തതും മെഷീനുകൾ മാത്രം ഉപയോഗിച്ച് ഇറക്കാൻ കഴിയുന്നതുമാണ്. കയറ്റിറക്ക് ജോലി തടസ്സപ്പെടുത്തിയതും, നോക്കുകൂലി ആവശ്യപ്പെട്ടതും ടി പ്രദേശത്തെ ചുമട്ടുതൊഴിലാളികളല്ല. പ്രദേശവാസികളായ ഏകദേശം നൂറോളം വരുന്ന നാട്ടുകാർ സംഘടിച്ച് സാധനം ഇറക്കുന്നതിന് 10 ലക്ഷംരൂപ നോക്കുകൂലി ആവശ്യപ്പെട്ടതായാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. മെഷീനുകൾ ഉപയോഗിച്ച് മാത്രം കയറ്റിറക്ക് നടത്തേണ്ട സാധനങ്ങൾ കയറ്റിറക്ക് നടത്തുന്നതിന് തൊഴിലാളികൾക്ക് അവകാശമില്ലെന്ന ജില്ലാ ലേബർ ഓഫീസറുടെയും ഡി.ജി.പി-യുടെയും ഉത്തരവുകൾ കോൺട്രാക്ടർക്ക് നൽകി തർക്കം ഒഴിവാക്കുകയും തുടർന്ന് പോലീസ്, സി.ഐ.എസ്.എഫ്, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, വി.എസ്.എസ്.സി. അധികൃതർ എന്നിവർ സംയുക്തമായി കാർഗോ വാഹനം ഗേറ്റിനുള്ളിലേയ്ക്ക് കടത്തുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ സമയോചിതമായ ഇടപെടൽമൂലം നോക്കുകൂലി ആവശ്യപ്പെട്ടു എന്നുള്ള പരാതി അടിയന്തരമായി പരിഹരിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

**നോക്കുകൂലി സമ്പ്രദായം**

257 (1390) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി സമ്പ്രദായം നിലവിൽ തുടർന്ന് വരുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് ഐ.എസ്.ആർ.ഒ.യിൽ കൊണ്ടുവന്ന യന്ത്രഭാഗങ്ങൾ ഇറക്കുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ശ്രദ്ധയിൽവന്നിട്ടുണ്ട്. തുമ്പ ഐ.എസ്.ആർ.ഒ-വി.എസ്.എസ്.സി.-യിലേയ്ക്ക് വന്ന ഹെവി മെഷീനുകൾ അടങ്ങിയ ലോറി സ്ഥാപനത്തിന് അകത്തേയ്ക്ക് കയറ്റുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് നേരിട്ടെത്തി അന്വേഷണം നടത്തിയതിൽ ഈ പ്രശ്നത്തിൽ സ്ഥലത്തെ ചുമട്ടുതൊഴിലാളികൾ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പ്രദേശവാസികൾ സംഘടിതമായാണ് ഇപ്രകാരം നോക്കുകൂലി ആവശ്യപ്പെട്ട് പ്രശ്നമുണ്ടാക്കിയത്. ഇതിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ പോലീസ്, സി.ഐ.എസ്.എഫ്. എന്നിവരും ഇടപെട്ട് പ്രശ്നങ്ങൾ സൃഷ്ടിച്ചവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി പ്രശ്നം പരിഹരിച്ചു.

(സി) വ്യാപകമായി കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൾപ്പടെയുള്ള വസ്തുക്കൾക്ക് നോക്കുകൂലി ആവശ്യപ്പെടുന്നവർക്കെതിരെ നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്നവിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ഡി) സംസ്ഥാനത്തേയ്ക്ക് വ്യവസായങ്ങൾ വരുന്നതിന് വലിയ തടസ്സമായി നിൽക്കുന്ന നോക്കുകൂലി തടയുന്നതിന് എന്തെല്ലാം നിയമ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയുംചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യം ചർച്ച ചെയ്യുകയും ഇത്തരം പ്രവണതകൾ ഒരുതരത്തിലും അംഗീകരിക്കില്ലെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**നൂറുദിന കർമ്മ പദ്ധതി**

258 (1391) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ വാഗ്ദാനം നൽകിയിരുന്ന ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുമെന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) തൊഴിൽ വകുപ്പിന് കീഴിലെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ 100 ദിന കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട് 1000 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം. ആയതിൻ പ്രകാരം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരവും താൽക്കാലികവുമായി 1661 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. (താല്ക്കാലിക നിയമനങ്ങൾ - 1305, സ്ഥിര നിയമനങ്ങൾ - 356)

(സി) ഈ സർക്കാർ നാളിതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് വിശദമാക്കുമോ?

വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ 3468 (സ്ഥിരം -713, താൽക്കാലികം - 2755) ഒഴിവുകൾ 2021 മേയ് 20 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്.

## തൊഴിൽ വകുപ്പിന്റെ ക്ഷേമപദ്ധതികൾ

259 (1392) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ ക്ഷേമപദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## നോക്കുകൂലി

260 (1393) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നോക്കുകൂലി തിരിച്ചടിയാകുന്ന തരത്തിലുള്ള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വി.എസ്.എസ്.സി.-യിലേയ്ക്ക് യന്ത്രങ്ങൾ കൊണ്ടുവന്ന വാഹനം നോക്കുകൂലി ആവശ്യപ്പെട്ട് തടഞ്ഞ സംഭവം സംസ്ഥാനത്തിന് ദുഷ്പേര് ഉണ്ടാക്കിയതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

തുമ്പ ഐ.എസ്.ആർ.ഒ.-വി.എസ്.എസ്.സി.യിലേയ്ക്കുവന്ന ഹെവി മെഷീനുകൾ അടങ്ങിയ ലോറി സ്ഥാപനത്തിനകത്തേയ്ക്ക് കയറ്റുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടയുടൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് നേരിട്ടെത്തി അന്വേഷണം നടത്തിയതിൽ ഈ പ്രശ്നത്തിൽ സ്ഥലത്തെ ചുമട്ടുതൊഴിലാളികൾ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പ്രദേശവാസികൾ സംഘടിതമായാണ് ഇപ്രകാരം നോക്കുകൂലി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യപ്പെട്ട് പ്രശ്നമുണ്ടാക്കിയത്. ഇതിൽ തൊഴിൽ വകുപ്പിനെക്കൂടാതെ പോലീസ്, സി.ഐ.എസ്.എഫ്. എന്നിവരും ഇടപെട്ട് പ്രശ്നങ്ങൾ സൃഷ്ടിച്ചവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി പ്രശ്നം പരിഹരിച്ചു. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സംസ്ഥാനത്തെ ചുമട്ട് തൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ഇത്തരം പ്രവണതകൾ ഒരുതരത്തിലും അംഗീകരിക്കില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**നോക്കുകൂലി സമ്പ്രദായം**

261 (1394) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>

<u>ശ്രീ. പി. ഉബൈദുള്ള</u>:

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി സമ്പ്രദായം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നതായ സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോക്കുകൂലി സമ്പ്രദായം നിക്ഷേപ സൗഹൃദത്തിന് സഹായകരമല്ല എന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ചുമട്ടുതൊഴിൽ മേഖലയിൽ അമിതകൂലി ആവശ്യപ്പെടുക, ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുക എന്നീ അനഭിലഷണീയമായ പ്രവണതകൾ

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അനുയോജ്യമാകുംവിധമുള്ള സംരംഭകത്വത്തിന്റെ വളർച്ചയ്ക്ക് വിഘാതമാകുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ഇത്തരം അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുന്നതിനുമായി ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30-4-2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നോക്കുകൂലി ആവശ്യപ്പെടുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരളചുമട്ടുതൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയുംചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ മേഖലയിലെ വിവിധ ട്രേഡ് യൂണിയനുകളുടെ യോഗം 16-9-2021-ന് ചേർന്നിരുന്നു. ടി യോഗത്തിൽ ചുമട്ടുതൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും നോക്കുകൂലി പോലുള്ള അനാരോഗ്യ പ്രവണതകൾ ഒഴിവാക്കുമെന്ന് യൂണിയനുകൾ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതികളിൽ അന്വേഷണം നടത്തുമ്പോൾ ഭൂരിഭാഗവും ചുമട്ടുതൊഴിലാളികളിൽ ഉൾപ്പെടുന്ന പ്രശ്നങ്ങളല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾ ഉൾപ്പെട്ട ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനേയും കിലയെയും ചുമതലപ്പെടുത്താൻ ടി യോഗത്തിൽ തീരുമാനമായി.

**നോക്കുകൂലി തർക്കം**

262 (1395) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി നിർത്തലാക്കാൻ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ പറയുമ്പോഴും നോക്കുകൂലി തർക്കവും അതിന്റെ പേരിലുള്ള മർദ്ദനവും സംസ്ഥാനത്തു കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

നോക്കുകൂലി നിരോധിച്ചിട്ടും പല സ്ഥലത്തും നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിക്കാറുണ്ട്. എങ്കിലും പരാതികൾ കുറവാണ്. ഇത്തരം പരാതികളിൽ അന്വേഷണം നടത്തുമ്പോൾ മനസ്സിലാകുന്നത് ചില സംഭവങ്ങളിൽ ചുമട്ടുതൊഴിലാളികൾ അല്ല, പ്രദേശവാസികളാണ് നോക്കുകൂലി ആവശ്യപ്പെടുന്നത് എന്നാണ്.

(ബി) തിരുവനന്തപുരം പോത്തൻകോട് നോക്കുകൂലി നൽകാത്തതിന് വാർക്കപ്പണിക്കാരെ ചുമട്ടുതൊഴിലാളികൾ മർദ്ദിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) വെമ്പായം കടുവാക്കുഴി യൂണിറ്റിലെ ചുമട്ടുതൊഴിലാളികൾ വാഴയ്ക്കാട് വാർഡിൽ കെട്ടിട നിർമ്മാണ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു ലോഡ് കമ്പി വന്നതിനെത്തുടർന്ന് തർക്കങ്ങൾ ഉണ്ടാക്കുകയും നാല് തൊഴിലാളികൾ 10,000 രൂപ നോക്കുകൂലി ആവശ്യപ്പെടുകയും പതിനഞ്ചോളം പേർ സംഘം ചേർന്നെത്തി ഭീഷണിപ്പെടുത്തി പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതായും തുടർന്ന് ടി തൊഴിലാളികൾ അക്രമാസക്തരാവുകയും റോഡ് കയ്യേറിയാണ് നിർമ്മാണം നടത്തുന്നതെന്ന് ആരോപിക്കുകയും ചെയ്തുവെന്നും അങ്ങനെയല്ല, തലേദിവസം വന്ന കമ്പി ലോഡ് ഇറക്കിയതിന്റെ കൂലി നൽകാത്തതിനെ തുടർന്നാണ് തർക്കം ഉണ്ടായതെന്നാണ് യൂണിയൻ പ്രതിനിധികൾ അറിയിച്ചതെന്നും ടി വിഷയത്തിൽ നാട്ടുകാരും ചുമട്ടുതൊഴിലാളികളും ഏർപ്പെട്ടിരുന്നുവെന്നും അന്വേഷണത്തിൽ അറിയുവാൻ

കഴിഞ്ഞു. തുടർന്നുണ്ടായ തർക്കത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ തർക്കത്തിൽ ഇടപെടുകയും പ്രശ്നം പരിഹരിക്കുകയും ചെയ്തു. പ്രസ്തുത പരാതിയിന്മേൽ ടി ചുമട്ടുതൊഴിലാളികൾക്കെതിരെ പോത്തൻകോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 26(എ) കാർഡുള്ള 7 പേരെ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലത്ത് അതിക്രമിച്ച് കയറിയതിനും നാശനഷ്ടമുണ്ടാക്കിയതിനും Kerala Loading and Unloading (Regulation of Wages and Restriction of unlawful practices) Act, 2002-ലെ വകുപ്പ് 7 പ്രകാരം കുറ്റകൃത്യം ചെയ്തതായി രേഖപ്പെടുത്തുകയും നിയമവിരുദ്ധ പ്രവർത്തനം നടത്തിയതിന് ടി തൊഴിലാളികളുടെ ഹെഡ് ലോഡ് വർക്കേഴ്സ് റൂൾസ് പ്രകാരമുള്ള 26(എ) കാർഡ് താല്ക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനും അവരുടെ വിശദീകരണം തൃപ്തികരമല്ലെങ്കിൽ കാർഡ് റദ്ദ് ചെയ്യുന്നതിനും ചുമട്ടുതൊഴിലാളി റൂൾസ് 26(എ) പ്രകാരം നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## അതിഥി തൊഴിലാളികൾക്ക് കേരള കെട്ടിട നിർമ്മാണ ക്ഷേമനിധിയിൽ അംഗത്വം

263 (1396) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന അതിഥി തൊഴിലാളികളെ കേരള കെട്ടിട നിർമ്മാണ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

അതിഥി തൊഴിലാളികളെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിഗണനയിലുണ്ട്. കേരളത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യം നൽകുന്നതിനായി അതിഥി തൊഴിലാളി ക്ഷേമ പദ്ധതി, 2010 കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വരുന്നുണ്ട്. കൂടാതെ അതിഥി ആപ്പ്-ൽനിന്നും അതിഥി തൊഴിലാളികളുടെ വിശദവിവരങ്ങൾ കണ്ടെത്തി അവരിൽ നിർമ്മാണ മേഖലയിൽ ജോലിചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്സ്

264 (1397) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സെസ്സ് പിരിച്ചെടുക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് നിയമപ്രകാരമാണ് സെസ്സ് പിരിച്ചുവരുന്നത്. ഇതിനായി ഡെപ്യൂട്ടി ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - I എന്നിവരെ അസസ്സിംഗ് ഓഫീസർമാരായി നിയമിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഓരോ അസസ്സിംഗ് ഓഫീസറിന്റെയും അധികാര പരിധിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അതത് താലൂക്ക് ഓഫീസുകളിലെ One time Tax Assessment Register-ൽനിന്നും ശേഖരിച്ച്, ആയത് രജിസ്റ്റർ ചെയ്തുകൊണ്ടാണ് സെസ്സ് ഈടാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നത്. കക്ഷികൾ സമർപ്പിക്കുന്ന ഫോറം 1-ന്റെ അടിസ്ഥാനത്തിൽ അസസ്സ്മെന്റ് നോട്ടീസും തുടർന്ന് അസസ്സ്മെന്റ് ഉത്തരവും നൽകികൊണ്ടാണ് സെസ്സ് പിരിച്ചുവരുന്നത്. സെസ്സ് ഒടുക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുകൊണ്ട് സെസ്സ് ഈടാക്കിവരുന്നു.

(ബി) പ്രസ്തുത സെസ്സ് ഇനത്തിൽ വലിയ തുക കുടിശ്ശിക ഉണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടും യഥാസമയം ഹാജരായി ഫോറം 1 -ഉം അനുബന്ധ രേഖകളും സമർപ്പിക്കാത്തത് സെസ്സ് തുക ഈടാക്കുന്നതിൽ കാലതാമസത്തിന് കാരണമാകുന്നുണ്ട്. കൂടാതെ 2017-18, 2018-19 വർഷങ്ങളിലുണ്ടായ പ്രളയവും തുടർന്ന് 2020 മാർച്ച് മാസം മുതലുണ്ടായ കോവിഡ് സാഹചര്യങ്ങളുംമൂലം സെസ്സ് കാര്യക്ഷമമായി പിരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാലും സെസ്സ് ഇനത്തിൽ വലിയ തുക കുടിശ്ശികയായി വരാൻ കാരണമായി.

(സി) സെസ്സ് കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സെസ്സ് കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംസ്ഥാന വ്യാപകമായി നടന്നുവരുന്നു. തീർപ്പാക്കാനുള്ള സെസ്സ് ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിലേയ്ക്കായി പലിശയും പിഴപ്പലിശയും ഒഴിവാക്കിയും സാമ്പത്തിക ബുദ്ധിമുട്ടുള്ള കെട്ടിട ഉടമകൾക്ക് ഗഡുക്കളായി സെസ്സ് അടയ്ക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും അദാലത്തുകൾ നടത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ക്ഷേമബോർഡുകളുടെ പ്രവർത്തനം**

265 (1398) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ ക്ഷേമബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ക്ഷേമ ആനുകൂല്യങ്ങൾ എല്ലാ വിഭാഗം തൊഴിലാളികൾക്കും നീതിപൂർവ്വമായി നൽകുന്നതിനുമായി നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പുതിയ നിർദ്ദേശം എന്തൊക്കെയാണ്; വിശദമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണച്ചെലവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധിച്ച് സമാന സ്വഭാവമുള്ള ബോർഡുകളെ സംയോജിപ്പിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം 16-ൽ നിന്നും 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ നിലവിൽ പ്രതിമാസം 1600 രൂപയായി ഏകീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബോർഡുകളിലെ അംഗങ്ങളുടെ ദ്വയാംഗത്വം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ വച്ചാണ് മേൽ തീരുമാനമെടുത്തത്. തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കംപ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തൊഴിൽ വകുപ്പിനുകീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം വിപുലീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി**

266 (1399) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇപ്രകാരം വിലയിരുത്തുന്നതിന് ആസ്പദമാക്കിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരള കെട്ടിട നിർമ്മാണ ക്ഷേമ ബോർഡിൽ ആകെ 20 ലക്ഷത്തോളം അംഗതൊഴിലാളികളാണുള്ളത്. ബോർഡിൽ 2016-17-ലെ സ്ഥിരനിക്ഷേപം 1226.99 കോടി രൂപയായിരുന്നു. എന്നാൽ 2021-ൽ ആയത് 50.78 കോടി രൂപയായി കുറഞ്ഞു. അംഗത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ തുകയിലുള്ള വർദ്ധനവും പെൻഷനായ തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമാണ് കരുതൽ നിക്ഷേപത്തിൽ ഇത്രയുമധികം കുറവ് സംഭവിക്കാനിടയായത്. 2016 മേയ് മാസം പ്രതിമാസ പെൻഷൻ 600 രൂപയായിരുന്നത് വിവിധഘട്ടങ്ങളിലായി വർദ്ധനവ് വരുത്തുകയും 2021 ഏപ്രിൽ മാസത്തോടെ പെൻഷൻ 1600 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 കാലയളവിലെ പെൻഷണേഴ്സിന്റെ എണ്ണം 246769-ൽനിന്നും 2020-21-ൽ 318233 ആയി വർദ്ധിച്ചിട്ടുണ്ട്. നിലവിലെ 3.18 ലക്ഷം പെൻഷണർമാർക്ക് പെൻഷൻ വിതരണം നടത്തുന്നതിനായി ഏകദേശം 50 കോടി രൂപ പ്രതിമാസം ബോർഡിന് കണ്ടെത്തേണ്ടതായിട്ടുണ്ട്. കൂടാതെ കോവിഡ്-19 മഹാമാരി വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേക കോവിഡ് ധനസഹായം നൽകുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 135 കോടി രൂപയോളം വിനിയോഗിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ വ്യാപനം രൂക്ഷമായതിനാൽ സെസ്സ് വരുമാനത്തിലുണ്ടായ കുറവും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ കാരണമായിട്ടുണ്ട്.

**കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കായി ഡാറ്റാബേസ്**

267 (1400) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് അനർഹരായ തൊഴിലാളികളെ കണ്ടെത്തി ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽനിന്നും അനർഹരായ തൊഴിലാളികളെ കണ്ടെത്തി ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ വച്ചാണ് മേൽ തീരുമാനമെടുത്തത്.

(ബി) ഇതിനായി തൊഴിലാളികളുടെ ആധാർ അധിഷ്ഠിത ഡാറ്റാബേസ് തയ്യാറാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

നിലവിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് അംഗത്വമെടുക്കുന്നതിനും അംഗത്വം പുതുക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ആധാർ നിർബന്ധമാണ്. കൂടാതെ Advanced Interface Information System സോഫ്റ്റ്‌വെയർ മുഖേന തൊഴിലാളികളുടെ ആധാർ വിവരങ്ങൾ ഉൾപ്പെടുത്തി വരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ നിലവിലുള്ള അംഗങ്ങളിൽ അനർഹരെ ഒഴിവാക്കി, യോഗ്യതയുള്ള മുഴുവൻ തൊഴിലാളികളുടെയും ആധാർ അധിഷ്ഠിത ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**കോവിഡ് ബാധിച്ച തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ. ആനുകൂല്യം**

268 (1401) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എച്ച്. സലാം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം മരണമടഞ്ഞ ഇ.എസ്.ഐ.-യിലുൾപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്ക് കേന്ദ്ര സർക്കാർ ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കോവിഡുമൂലം മരണമടഞ്ഞ ഇ.എസ്.ഐ.യിൽ ഉൾപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്കായി ഇ.എസ്.ഐ. കോർപ്പറേഷൻ " ESIC COVID-19 RELIEF SCHEME" പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- 1948-ലെ ഇ.എസ്.ഐ. നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 'തൊഴിലാളി' കോവിഡ്-19 രോഗംമൂലം മരണപ്പെടുകയാണെങ്കിൽ മരണമടഞ്ഞ തൊഴിലാളിയുടെ വേതനത്തിന്റെ 90% വരെയുള്ള തുക, ആ വ്യക്തിയുടെ ആനുകൂല്യത്തിന് അർഹതയുള്ള ആശ്രിത കുടുംബാംഗങ്ങൾക്ക്, നിശ്ചിത അനുപാതത്തിൽ വിഭജിച്ച്, എല്ലാ മാസവും അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് വിതരണം ചെയ്യുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള കുറഞ്ഞ ആനുകൂല്യം പ്രതിമാസം 1800 രൂപയായിരിക്കും. മരണപ്പെട്ട തൊഴിലാളിയുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവിന് വർഷത്തിൽ 120 രൂപ അടച്ച് ഇ.എസ്.ഐ. ചികിത്സാനുകൂല്യവും നേടാവുന്നതാണ്. കോവിഡ്-19 രോഗംമൂലം മരണമടഞ്ഞ 'തൊഴിലാളി', മരണത്തിന് കാരണമായ കോവിഡ്-19 രോഗനിർണ്ണയം നടത്തിയ തീയതിക്ക്

കുറഞ്ഞത് മൂന്ന് മാസം മുമ്പെങ്കിലും ഇ.എസ്.ഐ.സി. ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കുകയും രോഗനിർണ്ണയം നടത്തിയ തീയതിയിൽ ജോലിയിൽ ഉണ്ടായിരിക്കുകയും കൂടാതെ കോവിഡ്-19 രോഗനിർണ്ണയം നടത്തിയ തീയതിക്ക് തൊട്ടുമുൻപുള്ള പരമാവധി ഒരു വർഷ കാലയളവിൽ അദ്ദേഹത്തിന്റെ പേരിൽ കുറഞ്ഞത് 70 ദിവസത്തെ അംശദായം അടയ്ക്കുകയോ അടയ്ക്കാൻ അർഹത ഉണ്ടായിരിക്കുകയോ ചെയ്തിരിക്കണം. 24-3-2020 മുതൽ മുൻകാല പ്രാബല്യത്തോടെ രണ്ട് വർഷത്തേയ്ക്കാണ് പദ്ധതി തുടക്കത്തിൽ നടപ്പാക്കുക. ഈ ആനുകൂല്യത്തിനുള്ള അപേക്ഷ മരണപ്പെട്ട തൊഴിലാളിയുടെ കോവിഡ്-19 പോസിറ്റീവ് റിപ്പോർട്ടും മരണ സർട്ടിഫിക്കറ്റും അടക്കം അടുത്തുള്ള ഇ.എസ്.ഐ.സി. ബ്രാഞ്ച് ഓഫീസിൽ നൽകാവുന്നതാണ്. മുഴുവൻ രേഖകളും സഹിതമുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുക്കുന്നതാണ്.

(ബി) രോഗബാധിതരായ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ഇ.എസ്.ഐ. മുഖേന സംസ്ഥാനത്ത് സൗജന്യമായി ചികിൽസ ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡ് 19-ന്റെ ഭാഗമായി ഏതെങ്കിലും ഇ.എസ്.ഐ. ഗുണഭോക്താവോ ആശ്രിതനോ സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പക്ഷം ടി ചികിത്സയ്ക്ക് ചെലവാകുന്ന തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതു ആരോഗ്യ സംവിധാനത്തിലൂടെ സൗജന്യ കോവിഡ് ചികിൽസ ലഭിക്കുന്ന തൊഴിലാളികളുടെ ചികിൽസാ ചെലവ് ഇ.എസ്.ഐ. സംസ്ഥാനത്തിനോ തൊഴിലാളികൾക്കോ നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

## എക്സൽ ഗ്ലാസ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

269 (1402) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എക്സൽ ഗ്ലാസ് ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കോവിഡാനന്തരം എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്?

ആലപ്പുഴ, എക്സൽ ഗ്ലാസ് ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന കോവിഡാനന്തരം ആനുകൂല്യങ്ങൾ ഒന്നുംതന്നെ നൽകിവരുന്നില്ല.

(ബി) ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് കഴിഞ്ഞ വർഷങ്ങളിൽ നൽകിവന്നിരുന്ന ഓണത്തിനുള്ള ഉൽസവബത്ത നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

2000 രൂപ നിരക്കിൽ 2021-22 സാമ്പത്തിക വർഷത്തെ ഓണക്കാല എക്സ്ഗ്രേഷ്യ ആലപ്പുഴ, എക്സൽ ഗ്ലാസ് ഫാക്ടറിയിലെ തൊഴിലാളികൾക്കുൾപ്പെടെ അനുവദിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാക്സിനേഷൻ**

270 (1403) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിക്കുശേഷം ഹോട്ടലുകളും റെസ്റ്റോറന്റുകളും തുറന്നു പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുൾപ്പെടെയുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാക്സിനേഷൻ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്ന അതിഥി തൊഴിലാളികൾക്ക് കോവിഡ് വാക്സിനേഷൻ ഉറപ്പാക്കുന്നതിനായി സംസ്ഥാന തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ ലേബർ ഓഫീസർമാർ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 20-9-2021-ലെ സ.ഉ. (സാധാ)നം. 644/2021/DMD നമ്പർ ഉത്തരവ് പ്രകാരം അതിഥി തൊഴിലാളികളുടെ വാക്സിനേഷനുവേണ്ടി 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതും നിലവിൽ സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്നതും പുതുതായി വരുന്നതുമായ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ഉറപ്പാക്കുന്ന പ്രവർത്തനം സംസ്ഥാന തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നതുമാണ്. നിലവിൽ സംസ്ഥാനത്ത് 12,866 അതിഥി തൊഴിലാളികൾക്ക് രണ്ട് ഡോസ് വാക്സിനും 2,71,470 അതിഥി തൊഴിലാളികൾക്ക് ഒന്നാം ഡോസ് വാക്സിനും 2-10-2021 വരെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

## പത്ര ജീവനക്കാർക്കുള്ള വേജ്ബോർഡ്

271 (1404) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്ര ജീവനക്കാർക്കുള്ള വേജ്ബോർഡ് ഇല്ലാതാക്കിയ കേന്ദ്ര സർക്കാരിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പത്ര ജീവനക്കാർക്കുള്ള വേജ്ബോർഡ് ഇല്ലാതാക്കിയ കേന്ദ്ര സർക്കാരിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ചുകൊണ്ട് രൂപം നൽകിയ കോഡുകളിന്മേൽ വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ യഥാസമയം വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുമുണ്ട്.

## അപ്നാഘർ പദ്ധതി

272 (1405) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂരിൽ നിർമ്മിക്കുന്ന അപ്നാഘർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കിനാലൂരിൽ നിർമ്മിക്കുന്ന അപ്നാഘർ ഫേസ്-1 പ്രോജക്ടിന്റെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്.

(ബി) എത്ര അതിഥി തൊഴിലാളികൾക്കാണ് അപ്നാഘർ ഫ്ലാറ്റിൽ താമസിക്കാൻ കഴിയുന്നത്; വിശദാംശങ്ങൾ നൽകുമോ?

അപ്നാഘർ-കിനാലൂർ ഫേസ്-1 പ്രോജക്ടിന്റെ ഭാഗമായി ലോബി ഏരിയയും വാർഡന്റെ മുറിയും ഓഫീസ് മുറിയും 180 വ്യക്തികൾക്ക് ഇരിക്കാൻ സൗകര്യമുള്ള ഭക്ഷണ സ്ഥലവും വർക്ക്ഏരിയ/സ്റ്റോർ മുറി/ഭക്ഷണം തയ്യാറാക്കുന്ന മുറി/പാത്രം കഴുകുന്നതിനുള്ള സ്ഥലം ഇവയോടുകൂടിയ അടുക്കളയും ടോയ്ലെറ്റ് ബ്ളോക്കും 88 കിടക്കകളുമുള്ള താഴത്തെ നിലയിൽ (ഗ്രൗണ്ട് ഫ്ളോർ) 88 അതിഥി തൊഴിലാളികൾക്ക് താമസിക്കാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത ഫ്ലാറ്റ് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

അപ്പാഘർ-കിനാലൂർ ഫേസ്-1 പ്രോജക്ടിന്റെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്. എന്നാൽ, താമസയോഗ്യമാക്കാൻ ചുറ്റുമതിൽ, സെക്യൂരിറ്റി ക്യാബിൻ, സെപ്റ്റേജ് ടാങ്ക് തുടങ്ങി മറ്റ് സൗകര്യങ്ങൾകൂടി ഒരുക്കേണ്ടതുണ്ട്. ടി ജോലികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾകൂടി പൂർത്തിയായി ഏകദേശം ജൂലൈ 2022-ഓടുകൂടി താമസയോഗ്യമാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ

273 (1406) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ നിലവിൽ നടത്തുന്ന കോഴ്സുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ യോഗ്യത എന്താണെന്നും കോഴ്സുകളുടെ കാലാവധി എത്രയാണെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ നിലവിൽ നടത്തുന്ന കോഴ്സുകൾ, അവയുടെ വിദ്യാഭ്യാസ യോഗ്യത, കോഴ്സിന്റെ കാലാവധി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## പിലിക്കോട് ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ

274 (1407) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പിലിക്കോട് ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിലിക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ 4 ട്രേഡുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഭൗതിക സാഹചര്യം ലഭ്യമാകാത്തതിനാൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ 2 ട്രേഡുകളിൽ മാത്രമാണ് പരിശീലനം നൽകി വരുന്നത്. ഭൗതിക സാഹചര്യം ലഭ്യമാകുന്നമുറയ്ക്ക് അനുവദിച്ച ട്രേഡുകൾ ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത ഐ.ടി.ഐ. കേന്ദ്രീകരിച്ച് സ്കിൽ അക്വിസിഷൻ പ്രോഗ്രാം ആരംഭിക്കുമോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**ശ്രീഗോകുലം പബ്ലിക് സ്കൂൾ അദ്ധ്യാപകരുടെ സമരം**

275 (1408) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പഴവിൽ, ശ്രീഗോകുലം പബ്ലിക് സ്കൂളിലെ അദ്ധ്യാപകരെ അകാരണമായി പിരിച്ചുവിട്ടതിനെ തുടർന്ന് മാസങ്ങളായി അദ്ധ്യാപകരും ജീവനക്കാരും സമരം നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ അൺഎയ്ഡഡ് സ്കൂൾ മാനേജ്മെന്റ് യാതൊരു മാനദണ്ഡങ്ങളോ കാരണങ്ങളോ ഇല്ലാതെ അദ്ധ്യാപകരെയും ജീവനക്കാരെയും പിരിച്ചുവിടുന്നത് തടയുന്നതിനും മിനിമം വേതനവും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയും ഒരു പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അൺ-എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനവും സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് 11-2-2021-ലെ ജി.ഒ.(പി) നം. 22/2021/എൽ.ബി.ആർ. നമ്പരായി അന്തിമ വിജ്ഞാപനം (അനുബന്ധമായി ചേർത്തിട്ടുണ്ട്)+ തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കയ്യൂർ ഗവൺമെന്റ് മോഡൽ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

276 (1409) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യൂർ ഗവൺമെന്റ് മോഡൽ ഐ.ടി.ഐ.യിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കയ്യൂർ ഗവൺമെന്റ് മോഡൽ ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ. പ്രകാരം പുതുക്കി സാങ്കേതിക അനുമതി നേടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സാങ്കേതിക അനുമതി ലഭിച്ച് ടെൻഡർ നടപടി പൂർത്തിയായാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

## വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് കെട്ടിടം

277 (1410) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ച് വരുന്നുണ്ടോ?

ഉണ്ട്.

(ബി) നിലവിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടിക്രമങ്ങൾ അറിയിക്കാമോ?

വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കായി കണ്ടെത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. ഭരണാനുമതി ശിപാർശ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. അതോടൊപ്പം വെള്ളമുണ്ട ഐ.ടി.ഐ.യ്ക്ക് ആവശ്യമായ എല്ലാ കെട്ടിടങ്ങളും വയനാട് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യതയും വ്യാവസായിക പരിശീലന വകുപ്പ് പരിശോധിച്ചുവരുന്നു.

## മങ്കട പുഴക്കാട്ടിരി ഐ.ടി.ഐ. കെട്ടിടനിർമ്മാണം

278 (1411) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനായി കൈമാറിക്കിട്ടിയ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മങ്കട പഞ്ചായത്തിൽ പുഴക്കാട്ടിരി ഐ.ടി.ഐ.യ്ക്ക് അനുവദിച്ചിരുന്ന സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് വിദഗ്ദ്ധ സമിതി റിപ്പോർട്ട് ചെയ്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പുഴക്കാട്ടിരി ഐ.ടി.ഐ. പ്രിൻസിപ്പാളിനെ വ്യാവസായിക പരിശീലന വകുപ്പിൽനിന്ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. മങ്കട മണ്ഡലത്തിലെ കുറുവ, മൂർക്കനാട് പഞ്ചായത്തുകളിലേയ്ക്ക് പ്രിൻസിപ്പാൾ കത്തയയ്ക്കുകയും നേരിട്ട് ഭരണസമിതിയുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി യോഗത്തിൽ പ്രസ്തുത കാര്യം അജണ്ടയിൽ ചേർത്ത് ചർച്ച ചെയ്ത് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാമെന്നും രേഖാമൂലമുള്ള മറുപടി നൽകാമെന്നും ഭരണസമിതി പ്രിൻസിപ്പാളിനെ അറിയിച്ചിട്ടുണ്ട്.

(ബി) ദീർഘകാലമായി പുരോഗതി കൈവരിക്കാൻ കഴിയാത്ത ഈ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

### വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണം

279 (1412) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ വളയം ഐ.ടി.ഐ. കെട്ടിടത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

വളയം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ്, ആർക്കിടെക്ചറൽ ഡ്രോയിംഗ് എന്നിവ തയ്യാറാക്കിയിരുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ആയിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കുള്ള സ്ട്രക്ചറൽ ഡ്രോയിംഗ് ULCCS തയ്യാറാക്കി നൽകാത്തതിനാൽ ആയത് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പുറത്തുനിന്നുള്ള ഏജൻസി തയ്യാറാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗിന് സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുവാൻ സാധിക്കുകയില്ലെന്ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം അറിയിച്ചതിനെത്തുടർന്ന് പുതുക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗത്തെ ചുമതലപ്പെടുത്തി. ടി വിഭാഗം തയ്യാറാക്കിയ അന്തിമരൂപരേഖ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**കോന്നി താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

280 (1413) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ കോന്നി താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

281 (1414) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിൽ നിർവ്വഹിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിൽ നിർവ്വഹിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പുതിയ രജിസ്ട്രേഷൻ, അധിക യോഗ്യത ചേർക്കൽ, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ, താഴ്ന്ന തസ്തികകളിലേയ്ക്ക് പരിഗണിക്കുവാനുള്ള അപേക്ഷകൾ തീർപ്പാക്കൽ, രജിസ്ട്രേഷൻ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ, ഡ്യൂപ്ലിക്കേറ്റ് ഐഡന്റിറ്റി കാർഡ് ലഭ്യമാക്കൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കൽ, പ്രത്യേക പുതുക്കൽ, ലാപ്സ്/ക്യാൻസലേഷൻ സർട്ടിഫിക്കറ്റ് വിതരണം.

2) വേക്കൻസി, സബ്മിഷൻ, പ്ലേസ്മെന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3) വിദ്യാഭ്യാസപരവും തൊഴിൽപ്പരവുമായ വിവരങ്ങൾ വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ തൊഴിൽ മാർഗ്ഗനിർദ്ദേശം (വൊക്കേഷണൽ ഗൈഡൻസ്) നൽകുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി), എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ, പി.എസ്.സി. ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

4) എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് ഇൻഫർമേഷൻ (EMI) സംബന്ധിച്ച പ്രവർത്തനങ്ങളും നടത്തിവരുന്നു.

5) സ്വയം തൊഴിൽ സഹായ പദ്ധതി/തൊഴിൽരഹിതർക്കുള്ള സാമ്പത്തിക സഹായ പദ്ധതി സംബന്ധിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ശരണ്യ-അശരണരായ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി കൈവല്യ-ഭിന്നശേഷിക്കാർക്കുള്ള സ്വയംതൊഴിൽ പദ്ധതി. നവജീവൻ-മുതിർന്ന പൗരൻമാർക്കുള്ള സ്വയംതൊഴിൽ പദ്ധതി. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് - രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങൾ ചേർന്ന് ആരംഭിക്കാവുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതി കെസ്റു - വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത പ്രായപരിധിയും, നിശ്ചിത വരുമാനവും, വിദ്യാഭ്യാസ യോഗ്യതയുമുള്ളവർക്ക് തൊഴിൽരഹിത വേതനം നൽകിവരുന്നു.

6) പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുള്ള ' സമന്വയ' പദ്ധതി നടപ്പിലാക്കി വരുന്നു.

7) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിന് കൈവല്യ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് താൽക്കാലികമായോ കരാർ അടിസ്ഥാനത്തിലോ സ്ഥിരമായോ തൊഴിൽ നൽകുന്നതിന് പ്രാമുഖ്യം നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ; ആയതിന് അവരുടെ സീനിയോറിറ്റി പരിഗണിക്കാറുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്; ഉദ്യോഗദായകൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ജാതി സംവരണം, മുൻഗണന, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചു പോരുന്ന സംവരണക്രമം തുടങ്ങിയ നിലവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സീനിയോറിറ്റിയുടെ (National Employment Service Manual vol.i para 9.12) അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽനിന്നും ഉദ്യോഗദായകർ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ മേഖലകളിൽ താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule 9 a (i) പ്രകാരം നടത്തേണ്ടതാണ്. പി.എസ്.സി.യുടെ പരിധിയിൽ വരാത്ത എല്ലാത്തരം ഒഴിവുകളിലെയും നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടത്തണമെന്ന് സർക്കാർ വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവന്മാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മേൽനിർദ്ദേശം നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവികളും തലവന്മാരും വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നുമുള്ള നിർദ്ദേശവും സർക്കാർ എല്ലാ വകുപ്പ് മേധാവികൾക്കും നൽകിയിട്ടുണ്ട്.

### സ്വയം തൊഴിൽ നൽകുന്നതിനായി പ്രത്യേക പദ്ധതി

282 (1415) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടമായവർക്ക് സ്വയം തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടമായവർക്ക് സ്വയം തൊഴിൽ നൽകുന്നതിനായി തൊഴിൽ വകുപ്പ് മുഖേന പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

### റാന്നി ഇ.എസ്.ഐ. ഡിസ്പെൻസറി

283 (1416) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ സ്വകാര്യ പൊതുമേഖലാ ജീവനക്കാർക്ക് ആശ്വാസകരമായ രീതിയിൽ അനുവദിക്കപ്പെട്ട ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഉദ്യോഗസ്ഥശ്രേണി സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറി എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) റാന്നിയിൽ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ചുവടെ ചേർത്തിരിക്കുന്ന 9 തസ്തികകൾ സൃഷ്ടിച്ചിരുന്നു.

അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ - 1

സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 1

ഫാർമസിസ്റ്റ് ഗ്രേഡ് II - 1

ആക്സിലറി നഴ്സ് മിഡ് വൈഫ് - 1

ക്ലാർക്ക് - 1

നഴ്സിംഗ് അസിസ്റ്റന്റ് - 1

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II - 1

ഓഫീസ് അറ്റൻഡന്റ് - 1

പാർട്ട് ടൈം സ്വീപ്പർ - 1

എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷൻ റാന്നിയിൽ രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനാനുമതിയാണ് നൽകിയത്. രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയുടെ പ്രവർത്തനത്തിന് അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ പൂർത്തീകരിച്ചശേഷവും പുതിയ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനാവശ്യമായ വാടക കെട്ടിടം ലഭിക്കുന്നമുറയ്ക്കും റാന്നി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

## കൊരട്ടി ഇ.എസ്.ഐ. ആശുപത്രി കെട്ടിട നിർമ്മാണം

284 (1417) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ ഇ.എസ്.ഐ. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞ് വർഷങ്ങളായിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയും ബ്രാഞ്ച് ഓഫീസും നിർമ്മിക്കുന്നതിനായി 23-9-2013-ൽ ശിലാസ്ഥാപനം നടത്തിയിരുന്നെങ്കിലും ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2018-ൽ നിർമ്മാണപ്രവർത്തി സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് (CPWD)-നെ ഏൽപ്പിക്കുകയുണ്ടായി. CPWD സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി എസ്റ്റിമേറ്റ് പ്രകാരം കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പുതിയ മന്ദിരത്തിന്റെ നിർമ്മാണത്തിനുള്ള 3,94,44,698 (മൂന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഇ.എസ്.ഐ. കോർപ്പറേഷൻ നൽകി. കൂടാതെ നിർമ്മാണ പ്രവർത്തിക്കുള്ള ഇനിഷ്യൽ ഡെപ്പോസിറ്റ് ഇ.എസ്.ഐ. കോർപ്പറേഷൻ CPWD-ക്ക് റിലീസ് ചെയ്തിട്ടുണ്ട്. നിലവിൽ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

**തൊഴിലാളികൾക്ക് അന്തർസംസ്ഥാന ചികിത്സ**

285 (1418) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ആനുകൂല്യത്തിന് അർഹരായ തൊഴിലാളികൾക്ക് ആവശ്യമെങ്കിൽ അന്തർ സംസ്ഥാന തലത്തിൽ (ഇന്റർ സ്റ്റേറ്റ്) ആധുനിക ചികിത്സ, നൂതന ശസ്ത്രക്രിയ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ അത്തരത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) 2015-ൽ ഇ.എസ്.ഐ. കോർപ്പറേഷൻ പുറപ്പെടുവിച്ച സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് മാന്വൽ പ്രകാരം റഫർ ചെയ്യുന്ന കേസുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹതയുണ്ട്. ടി മാന്വലിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു*. അന്തർ സംസ്ഥാന തലത്തിൽ നടത്തുന്ന സ്പെഷ്യാലിറ്റി ചികിത്സ സംബന്ധിച്ച് മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**ലാൻഡ് ബോർഡുകളിലെ കേസുകൾ**

286 (1419) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ പരിഹരിക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം മന്ത്രിതലത്തിലും (സർക്കാരും) സ്റ്റേറ്റ് ലാൻഡ് ബോർഡും നടത്തി വരുന്നു. ഓരോ താലൂക്ക് ലാന്റ് ബോർഡിനും കേസ് തീർപ്പാക്കുന്നതിന്റെ ടാർജറ്റും സമയക്രമവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് ലാൻഡ് ബോർഡുകൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും കേസ്സുകൾ തീർപ്പാക്കുന്നതിന് പരിശീലനവും നൽകുന്നുണ്ട്. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റേയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർക്ക് നൽകി അടിയന്തരമായി കേസ്സുകൾ തീർപ്പാക്കാൻ കഴിയുമോയെന്ന കാര്യവും പരിശോധിക്കുന്നുണ്ട്.

**തോട്ടം ഭൂമിയിൽ മറ്റു വിളകൾ**

287 (1420) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം ഭൂമിയിൽ മറ്റു വിളകൾ കൃഷി ചെയ്യാൻ അനുമതി നൽകുന്നതിന് ആലോചിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിനായി ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തോട്ടങ്ങൾ ലാഭകരമായി നടത്താൻ കഴിയാത്തതിനാൽ തോട്ടം ഭൂമിയുടെ അഞ്ച് ശതമാനം മറ്റു വിളകൾ കൃഷി ചെയ്യാനും ടൂറിസത്തിനുമായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിലധികം ഭൂമി കൈവശം വച്ചവർക്കെതിരെ മിച്ചഭൂമി കേസ് എടുക്കുമ്പോൾ 81 (1)(ഇ) വകുപ്പ് പ്രകാരം തോട്ടങ്ങൾക്ക് ഒഴിവു നൽകാറുണ്ട്. ഇത്തരത്തിൽ ഒഴിവു നൽകിയ തോട്ടഭൂമിയുടെ 5% മറ്റ് വിളകൾ കൃഷി ചെയ്യാനോ ടൂറിസത്തിന് ഉപയോഗിക്കാനോ കഴിയുന്നതാണെന്ന് 81 (4)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1963-ലെ നിയമത്തിലെ 81-ാം വകുപ്പിൽ 4-ാം ഉപവകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് 2012-ൽ വരുത്തിയ ഭേദഗതി പ്രകാരം തോട്ടഭൂമിയുടെ 5% വരെ ഭൂമിയിൽ മറ്റ് വിളകൾ കൃഷി ചെയ്യാവുന്നതാണ്. ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 7-3-2013-ലെ സ.ഉ.(സാധാ.) 1254/2013/റവന്യൂ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**മൈലപ്ര വില്ലേജിനെ പത്തനംതിട്ട താലൂക്കിൽ ചേർക്കാൻ നടപടി**

288(1421) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട ജില്ലയിൽ പുതുതായി ആരംഭിക്കാൻ നിർദ്ദേശമുള്ള പത്തനംതിട്ട താലൂക്കിൽ കോന്നി നിയോജകമണ്ഡലത്തിലെ മൈലപ്ര വില്ലേജിനെക്കൂടി ഉൾപ്പെടുത്താൻ കഴിയുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ഗ്രൗണ്ട്

289(1422) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ഗ്രൗണ്ട് ഉൾപ്പെടുന്ന സ്ഥലം കളിസ്ഥലമായി ഉപയോഗിക്കുന്നതിന് താൽക്കാലിക അനുമതി ലഭിക്കുന്നതിനായുള്ള റവന്യൂ വകുപ്പിലെ എൻ2/109/2017/റവന്യൂ നമ്പർ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ വിഷയത്തിൽ എന്നത്തേയ്ക്ക് അന്തിമ ഉത്തരവ് ലഭ്യമാകും; അറിയിക്കുമോ?

(എ&ബി) ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ഗ്രൗണ്ട് ഉൾപ്പെടുന്ന സ്ഥലം കളിസ്ഥലമായി ഉപയോഗിക്കുന്നതിന് താൽക്കാലിക അനുമതി നൽകുന്ന കാര്യത്തിൽ എറണാകുളം ജില്ലാ കളക്ടറിൽനിന്നും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്നും പൂർണ്ണ വിവരങ്ങൾ തേടിയിട്ടുണ്ട്. ടി റിപ്പോർട്ടുകൾ ലഭ്യമാക്കി പരിശോധിച്ചുമാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പിൽനിന്നും നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

290(1423) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) മഞ്ചേശ്വരം താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് വകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മഞ്ചേശ്വരം താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകളെ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകളെന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കുമാത്രമേ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**പിൻതുടർച്ചാ പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി**

291(1424) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനന്തരാവകാശ സാക്ഷ്യപത്രം ലഭിക്കാൻ അവകാശികളുടെ മൊഴിയും അയൽസാക്ഷികളുടെ മൊഴിയും വില്ലേജ് ഓഫീസർ നേരിട്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും പിൻതുടർച്ചാ പോക്കുവരവിന് അപേക്ഷിക്കുമ്പോൾ വീണ്ടും അയൽ സാക്ഷികളുടെ മൊഴിയും അവകാശികളുടെ മൊഴിയും വേണമെന്ന നിബന്ധന ജനങ്ങളെ ഏറെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നിബന്ധന മാറ്റി അനന്തരാവകാശ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശികൾക്ക് നിയമാനുസൃതമായി പിൻതുടർച്ച പോക്കുവരവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) അഞ്ച് ലക്ഷം രൂപ വരെയുള്ള തുകകൾ അവകാശികൾക്ക് ലഭിക്കുന്നതിനായാണ് അനന്തരാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നത്. പിൻതുടർച്ചാ പോക്കുവരവിന്റെ കാര്യത്തിൽ കേരള പോക്കുവരവ് ചട്ടങ്ങൾ 1966-ന്റെ ചട്ടം 27(i) ആണ് ബാധകം. പ്രസ്തുത ചട്ടപ്രകാരം തർക്കരഹിതമായ കേസ്സുകളിൽ ഉടൻതന്നെയോ അല്ലെങ്കിൽ മതിയായ അന്വേഷണ വിചാരണയ്ക്കുശേഷമോ പോക്കുവരവ് ചെയ്യുന്നതിന് നിർദ്ദേശം നൽകാവുന്നതും തർക്കമുള്ള കേസുകളിൽ മരിച്ചുപോയ ആളുടെ, വ്യക്തി നിയമമനുസരിച്ച് യഥാർത്ഥ അവകാശം ആർക്കാണെന്നത് സംബന്ധിച്ച് സമ്മറി വിചാരണ നടത്തി അവകാശികളെ കണ്ടെത്തി പോക്കുവരവ് ചെയ്യണമെന്നുമാണ് വ്യവസ്ഥ.

(സി) പിൻതുടർച്ചാ പോക്കുവരവ് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി സമയബന്ധിതമായി അവകാശികൾക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സേവനാവകാശ നിയമത്തിൽ പോക്കുവരവ് ഉൾപ്പെടുത്തിയിട്ടുള്ളതും നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്തതായ കേസുകളിൽ 40 ദിവസം സമയപരിധി നിശ്ചയിച്ചിട്ടുള്ളതാണ്.

**നെടുമങ്ങാട് താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി രൂപീകരണം**

292 (1425) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ താലൂക്ക് ലെവൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി (റ്റി.എൽ.എ.സി.) രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

1964-ലെ കേരള ഭൂപതിവ് ചട്ടം 12A (ii) പ്രകാരം താലൂക്കിനേയോ അതിർത്തി പ്രദേശത്തേയോ പ്രതിനിധീകരിക്കുന്ന പാർലമെന്റ്, നിയമസഭാ പ്രതിനിധികൾ ഭൂമിപതിവ് കമ്മിറ്റികളിൽ അംഗമായിരിക്കണം. ടി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, എസ്.സി/എസ്.റ്റി പ്രതിനിധി, ഔദ്യോഗികാംഗമായി തഹസീൽദാർ എന്നിവർ ഉൾപ്പെടുന്നതാണ് താലൂക്ക് ലെവൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി (റ്റി.എൽ.എ.സി). ആയതിൽ, നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രതിനിധികളുടെ പേരും വിവരണങ്ങളും ലഭ്യമാകാത്തതിനാലാണ് ടി കമ്മിറ്റി രൂപീകരിക്കാൻ കഴിയാത്തത്. കേരള കോൺഗ്രസ് (ജോസഫ്), റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (RMPI), നാഷണൽ സെക്യുലാർ കോൺഫറൻസ് (NSC), കേരള കോൺഗ്രസ് (ജേക്കബ്), ജനാധിപത്യ കേരള കോൺഗ്രസ് (JKC) എന്നീ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെ പേരുവിവരങ്ങൾ ഇനിയും ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത കമ്മിറ്റി എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയുമെന്നറിയിക്കുമോ;

(സി) കമ്മിറ്റി രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(ബി&സി) നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പേരുവിവരങ്ങൾ അടങ്ങിയ ശിപാർശകൾ പൂർണ്ണമായും ലഭിച്ചു കഴിഞ്ഞാലുടൻതന്നെ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതാണ്.

**അട്ടപ്പാടിയിലെ വരടിമല എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം**

293 (1426) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1947-നുമുൻപ് അട്ടപ്പാടിയിലെ വരടിമല എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ആർക്കായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഷോളയൂർ വില്ലേജിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിന്റേയും പ്രാദേശികമായ അന്വേഷണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ 1947-നുമുൻപ് അട്ടപ്പാടിയിലെ വരടിമല എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം മണ്ണാർക്കാട് മൂപ്പിൽ നായർക്കായിരുന്നു.

(ബി) ടി എസ്റ്റേറ്റ് സ്വദേശികൾക്ക് കൈമാറിയത് എന്നായിരുന്നുവെന്ന് അറിയിക്കുമോ?

1945-ലെ 2024/1945 ലീസ് ആധാര പ്രകാരം 99 വർഷത്തേയ്ക്ക് ലീസായി ശ്രീ. ടി. കെ. അലക്സാണ്ടർ എന്നയാൾക്ക് ലഭിച്ചിട്ടുള്ളതും അലക്സാണ്ടരുടെ കാലശേഷം ടിയാന്റെ അവകാശികളായ ടി.കെ. ഉമ്മൻ, ഭവാനി ടീ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവരുടെ പേരിലും നിലവിൽ ടി.കെ. ഉമ്മന്റെ മകനായ പ്രസാദ് ഉമ്മൻ, ഭവാനി ടീ പ്രേ പ്രൊഡ്യൂസേഴ്സ് കമ്പനി മാനേജിംഗ് ഡയറക്ടർ എന്നിവരുടെ പേരിലുമാണ്.

(സി) 1947-നുമുൻപ് വിദേശകമ്പനികൾക്ക് സംസ്ഥാനത്ത് എത്ര എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം ഉണ്ടായിരുന്നു; വിശദാംശങ്ങൾ നൽകുമോ?

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ നെല്ലിയാമ്പതി വില്ലേജിൽ 800 ഏക്കറോളം കൈവശ ഭൂമിയുള്ള പോബ്സ് ഗ്രൂപ്പ് ഓഫ് കമ്പനിയിന്മേലാണ് 1947-നുമുൻപ് വിദേശ കമ്പനികൾക്ക് ഉടമസ്ഥാവകാശമുണ്ടായിരുന്നത്.

## താലൂക്ക് പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട്

294 (1427) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച സംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച സംഘം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മേൽപ്പറഞ്ഞ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത സമയപരിധി എന്നുവരെയാണെന്നും അറിയിക്കാമോ?

പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി സമയപരിധി നിശ്ചയിച്ച് നൽകിയിട്ടില്ല.

## കരിപ്പൂർ വില്ലേജ് രൂപീകരണം

295 (1428) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ വില്ലേജ് വിഭജിച്ച് കരിപ്പൂർ വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭൂമിശാസ്ത്രപരമായി തന്നെ പള്ളിക്കൽ, കരിപ്പൂർ എന്നിങ്ങനെ രണ്ട് മേഖലകളായി പള്ളിക്കൽ വില്ലേജ് നിലവിൽ സ്ഥിതി ചെയ്യുന്നതിനാൽ പുതിയതായി കരിപ്പൂർ വില്ലേജ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തടസ്സമുണ്ടോ;

(സി) പുതിയ വില്ലേജിന്റെ രൂപീകരണം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

## ഏലപ്പട്ടയ ഭൂമിയിൽ കൃഷിക്കാരന് അനുവദിച്ച് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

296 (1429) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1935-ലെ കാർഡമം റൂൾ പ്രകാരം ഏലപ്പട്ടയ ഭൂമിയിൽ കൃഷിയോട് അനുബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ (വാസഗൃഹം, ലയങ്ങൾ, ഏലയ്ക്കാ സ്റ്റോർ, വിറകുപുര) അനുവദനീയമാണോ; 1935-ലെ കാർഡമം റൂളിലെ പ്രസ്തുത ഭാഗം ഉദ്ധരിച്ച് വിശദമാക്കാമോ?

1935-ലെ കാർഡമം റൂൾസിലെ 31-ാം ചട്ടത്തിൽ ഏലപ്പട്ടയ ഭൂമിയിൽ ഏലകൃഷിക്ക് ആവശ്യമായ നിർമ്മാണപ്രവർത്തനത്തിന് മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശമല്ലാതെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല.

(ബി) പ്രസ്തുത റൂൾപ്രകാരം ഏലപ്പട്ടയ ഭൂമിയിൽ കൃഷിക്കാരന് അനുവദിച്ച് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ റവന്യൂ വകുപ്പ് നിഷേധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) റവന്യൂ (ആർ) വകുപ്പിന്റെ 17-6-2020-ലെ R2/145/2019 എന്ന കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.*

(ഡി) 1935-ലെ കാർഡമം റൂളിലെ വ്യവസ്ഥകൾ മറികടന്ന് ഏലപ്പട്ടയ ഭൂമിയിൽ കർഷകന് അനുവദിച്ച് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ മേൽപ്പറഞ്ഞ ഒരു കുറിപ്പിലൂടെ നിഷേധിക്കുന്നത് ചട്ടപ്രകാരമാണോ; വിശദമാക്കുമോ?

ഏലപ്പട്ടയ ഭൂമിയിൽ ഏലകൃഷിക്ക് ആവശ്യമായ നിർമ്മാണപ്രവർത്തനത്തിന് മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശമല്ലാതെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് യാതൊന്നും കാർഡമം റൂൾസിൽ പരാമർശിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത റൂളിലെ വ്യവസ്ഥകൾ മറികടന്ന് ഇടുക്കി കളക്ടർക്ക് റവന്യൂ വകുപ്പ് ഇപ്രകാരം ഒരു നിർദേശം നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ?

(എഫ്) ഈ നിർദേശം 1935-ലെ കാർഡമം റൂളിനെ സാധൂകരിക്കുന്നതാണോ; വിശദീകരിക്കാമോ;

(ജി) റൂളിലെ വ്യവസ്ഥകളെ സാധൂകരിക്കാത്ത ഈ നിർദേശം മരവിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരിക്കാമോ?

(ഇ-ജി) 1935-ലെ കാർഡമം റൂൾസിലെ നിയമങ്ങൾക്ക് വിധേയമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

**ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ**

297 (1430) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേര് നടപ്പാക്കുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുവോ?

ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ആധാർ നമ്പർ ഉപയോഗിക്കുന്നതിന് 23-8-2021-ലെ ഫയൽ നം. 13(4)/2020-EG-II(Vol-8) പ്രകാരം കേന്ദ്ര ഇലക്ട്രോണിക്സ് & വിവര സാങ്കേതിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നതെന്തൊക്കെയെന്നും വ്യക്തമാക്കാമോ?

യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച സാഹചര്യത്തിൽ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും എന്തെങ്കിലും രീതിയിലുള്ള ഭേദഗതികൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് വരുത്തി റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ്വെയറിലും ആവശ്യമായ മാറ്റങ്ങൾ വരുത്തി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാനാണ് ഉദേശിക്കുന്നത്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട്

ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കും. കൂടാതെ ഒരാളിന്റെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയും ഒരു അക്കൗണ്ടിൽ ലഭ്യമാകുന്നതോടെ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും സാധിക്കുന്നതാണ്.

**അനന്തരാവകാശ സാക്ഷ്യപത്രത്തിന്റെ ഘടന ഏകീകരണം**

298 (1431) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ടുപോയവരുടെ ആശ്രിതർക്ക് സംസ്ഥാനത്തെ വിവിധ താലൂക്ക് ഓഫീസുകളിൽനിന്നും അനുവദിച്ചു നൽകിവരുന്ന അനന്തരാവകാശ സാക്ഷ്യപത്രങ്ങളുടെ ഘടന ഓരോ താലൂക്ക് ഓഫീസിലും വ്യത്യസ്തമായ രീതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വസ്തു സംബന്ധമായ ആവശ്യങ്ങൾക്കും അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാമ്പത്തിക ഇടപാടുകൾക്കും ഒഴികെയുള്ള നിയമാനുസൃതമായ മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി ഹാജരാക്കാൻ നൽകിയിട്ടുള്ളതെന്ന് സൂചിപ്പിച്ചുകൊണ്ട് ചില താലൂക്ക് ഓഫീസുകൾ നൽകിവരുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ് പലപ്പോഴും അനന്തരാവകാശികൾക്ക് മൂവബിൾ & ഇമ്മൂവബിൾ പ്രോപ്പർട്ടി കൈമാറ്റം നടത്തുന്നതിനുപോലും ഉപയോഗിക്കാൻ കഴിയാത്തത്ര ഉപയോഗശൂന്യമായതാണെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) അനന്തരാവകാശ സാക്ഷ്യപത്രത്തിന്റെ ഘടന ഏകീകരിച്ച് അനന്തരാവകാശികൾക്ക് ഉപയോഗപ്രദമായി ലഭിക്കത്തക്ക രീതിയിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലാൻഡ് റവന്യൂ മാനുവലിലെ ഖണ്ഡിക 236-ലെ നിർദ്ദേശങ്ങൾക്ക് അനുസരണമായാണ് നിലവിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകി വരുന്നത്.

**കോതമംഗലം മണ്ഡലത്തിലെ കെയർഹോം പദ്ധതിക്ക് സ്ഥലം**

299 (1432) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ കെയർഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂരഹിതരും ഭവനരഹിതരുമായവർക്ക് സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെ A3/144/20 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/IA/8/28 സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് വേഗത്തിൽ കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി മാറ്റിവച്ചിരുന്നതാണ്. എന്നാൽ ആരും വീട് വച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തതിനാൽ 144/എ 3/2020 എന്ന ഫയലിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സഹകരണം, ധനകാര്യം എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

**അഴീക്കോട് മണ്ഡലത്തിലെ വില്ലേജ് ഓഫീസ് നവീകരണം**

300 (1433) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിലെ ഏതെങ്കിലും റവന്യൂ വില്ലേജ് ഓഫീസുകൾ പുതുതായി നിർമ്മിക്കാനോ നവീകരിക്കാനോ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കണ്ണാടിപ്പറമ്പ, വളപട്ടണം എന്നീ വില്ലേജ് ഓഫീസുകൾക്കും 2021-22 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരം ചിറക്കൽ വില്ലേജ് ഓഫീസിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

**സർക്കാർ ഭൂമി കയ്യേറ്റം**

301 (1434) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കിഴക്കേകോട്ട വടക്ക് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ളതും സർക്കാർ സ്ഥാപനത്തിന് അർഹമായതുമായ ഭൂമി അനധികൃതമായി കയ്യേറിയവരിൽനിന്ന് എന്നേയ്ക്ക് പൂർണ്ണമായും ഒഴിപ്പിച്ചെടുക്കാനാകുമെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നത് ഒഴിവാക്കി കയ്യേറ്റം ഒഴിപ്പിക്കാൻ തയ്യാറാകുമോ?

(എ&ബി) തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചുപിടിക്കുന്നതിനായി കയ്യേറ്റം തിട്ടപ്പെടുത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം സി.സി. ഫോറം നോട്ടീസ് നൽകിയിട്ടുള്ളതാണ്. കയ്യേറ്റ കക്ഷികളെ പുനരധിവസിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 26280/16 കേസിലെ 08-11-2016-ലെ വിധി പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 0.0118 ഹെക്ടർ ഭൂമി 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 Sq.m ഭൂമി വീതം തുല്യമായി വീതിച്ച്

നൽകി. 29-12-2020-ലെ സ.ഉ (കൈ) 313/2020/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും ഭൂമി കൈമാറുന്നതിനായി തുടർനടപടികൾ നടന്നുവരുന്നതുമാണ്. പുനരധിവാസം സംബന്ധിച്ച നടപടികൾ പരിഗണനയിലായതിനാൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. പുനരധിവാസം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കാൻ കഴിയൂ.

**സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം**

302 (1435) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടരലക്ഷം ഹെക്ടറോളം സർക്കാർ ഭൂമി ഹാരിസൺ മലയാളം ഉൾപ്പെടെയുള്ളവർ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടർ ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ ഓഫീസർ നടത്തിയ പ്രാഥമികാന്വേഷണത്തിൽ 3 ലക്ഷത്തിലധികം ഏക്കർ തോട്ടം ഭൂമി സംസ്ഥാനത്ത് ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റുകമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു.

(ബി) എങ്കിൽ ഇവ തിരിച്ചുപിടിക്കുന്നതിന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ഉണ്ട്. കോട്ടയം, കൊല്ലം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 29426.5 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിച്ചുകിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ

ഭൂമിയാണെന്ന് പ്രഖ്യാപിച്ച് കെ.എൽ.സി. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11-4-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച WP(C)33122/2014 & Ors കേസ്സുകളിലെ വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴപ്പിക്കുന്നതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള "ജൂറിസ്ഡിക്ഷൻ" ഇല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ വിശദമായ വാദം കേൾക്കാതെ തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളുകയുണ്ടായി. തുടർന്ന്, ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ ഫയൽ ചെയ്യുന്നതിനും അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06-6-2019-ൽ സ.ഉ (കൈ) 172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.(അനുബന്ധം-1)* ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 29426.5 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിച്ചുകിട്ടുന്നതിനായി സിവിൽ കേസ്സുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും അത്തരം കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി നൽകാൻ നടപടി**

303 (1436) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി നൽകുന്നതിനായി ലാൻഡ് ബാങ്ക് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലാൻഡ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRM)-ൽ സംയോജിപ്പിച്ചിട്ടുള്ളതാണ്.

(ബി) മിച്ചഭൂമിയും അനധികൃത കയ്യേറ്റങ്ങളും കണ്ടെത്തി ഭൂരഹിതർക്ക് ലഭ്യമാക്കാൻ ഈ സംവിധാനത്തിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിലധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വേ ആധുനീകരിക്കുക, സർവ്വെ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് KLRM രൂപീകരിച്ചിട്ടുള്ളത്. സർക്കാർ വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ലെയും 1958-ലെയും അനുബന്ധ ചട്ടങ്ങളിലേയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലേയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ തലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചെടുക്കുന്ന ഭൂമി ചട്ടപ്രകാരം പതിച്ച് നൽകാൻ കഴിയുന്നവ അതത് താലൂക്ക്/നഗര ലാൻഡ് അസൈൻമെന്റ് കമ്മിറ്റികളുടെ തീരുമാനപ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതാണ്.

**സർക്കാർ ഭൂമി കയ്യേറ്റങ്ങൾ**

304 (1437) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യേറ്റങ്ങളിലൂടെ സർക്കാർ ഭൂമിയുടെ വിസ്തൃതി ഓരോ മാസവും ഏക്കറുകൾ കുറയുന്നതായി റവന്യൂ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കയ്യേറ്റങ്ങളിലൂടെ സർക്കാർ ഭൂമിയുടെ വിസ്തൃതി ഓരോ മാസവും ഏക്കറുകൾ കുറയുന്നതായി റവന്യൂ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. എന്നാൽ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് ആയത് സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും 8-11-2008 -നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ മണ്ഡലത്തിൽ ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകുന്ന നടപടി

305 (1438) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഭൂരഹിതരായവർക്ക് ഭൂമി പതിച്ച് നൽകുന്നതിനും വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭൂമിയും വീടുമില്ലാത്ത ഭൂരഹിതർക്ക് ലൈഫ് മിഷൻ മുഖേന വീട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 1-1-1977-നുമുമ്പ് വനഭൂമി കൈവശംവച്ച് വന്നിരുന്നവർക്ക് 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് അർഹരായവർക്ക് മുനിസിപ്പാലിറ്റി ഏരിയായിൽ 1995-ലെ ചട്ടപ്രകാരവും പഞ്ചായത്ത് ഏരിയായിൽ 1964-ലെ ഭൂപതിവ് ചട്ടപ്രകാരവും ഭൂമി പതിച്ചു നൽകിവരുന്നുണ്ട്. ജന്മാവകാശമുള്ള ഭൂമിക്ക് ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ മുഖേനയും പട്ടയം നൽകിവരുന്നുണ്ട്.

(ബി) ഭൂമി പതിച്ച് നൽകുന്നതിനാവശ്യമായ ജോയിന്റ് വെരിഫിക്കേഷൻ നടപടിക്രമങ്ങളും സർവ്വേയും സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

1-1-1977-നുമുമ്പ് കൈവശമുള്ള വനഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 664 അപേക്ഷകൾ സംയുക്ത പരിശോധനയിൽ അംഗീകരിച്ചു. വനം വകുപ്പിൽനിന്ന് സ്കെച്ച് ഒപ്പുവച്ച് ലഭിച്ചിട്ടില്ല. 30-9-2021-നകം സ്കെച്ച് ഒപ്പുവച്ച് നൽകുന്നതിന്

നിർദ്ദേശം നൽകിയിരുന്നു. വനം വകുപ്പ് സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് സ്കെച്ച് റിവൈസ് ചെയ്യാനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് ഒപ്പുവച്ച സ്കെച്ച് ലഭ്യമാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായ ഏതെങ്കിലും വില്ലേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മൂപ്പൈനാട്, വെള്ളരിമല, കോട്ടപ്പടി, തൃക്കൈപ്പറ്റ എന്നീ വില്ലേജുകളിലാണ് 01-1-1977 നുമുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്കുള്ള പട്ടയം നൽകുന്നതിന് (1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം) ജോയിന്റ് വെരിഫിക്കേഷൻ നടത്തിയത്. പ്രസ്തുത വില്ലേജുകളിലെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

306 (1439) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ എത്ര കുടുംബങ്ങളാണ് പുറമ്പോക്കിൽ താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവയിൽ കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, ആറ്റു പുറമ്പോക്ക്, സർക്കാർ പുറമ്പോക്ക് എന്ന് തരം തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

ചങ്ങനാശ്ശേരി താലൂക്കിൽ എത്ര കുടുംബങ്ങൾ പുറമ്പോക്കിൽ താമസിക്കുന്നെന്നും വിവിധതരം പുറമ്പോക്ക് നിവാസികൾ എത്രയാണെന്നും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 1960-ലെ കേരള ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് ഭൂമി പതിച്ചുനൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാലാകാലങ്ങളിൽ കൂടുതൽ പേർക്ക് പട്ടയം നൽകുന്നതിന് പട്ടയമേളകളും സംഘടിപ്പിക്കുന്നുണ്ട്. പുതിയ സർക്കാർ നിലവിൽ വന്നതിനുശേഷം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ചങ്ങനാശ്ശേരി താലൂക്കിൽ 15 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ**

307 (1440) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

48 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പേരും മേൽവിലാസവും വില്ലേജും അനുബന്ധമായി ചേർക്കുന്നു.*

(ബി) ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിന് പട്ടയം അനുവദിച്ചുവെന്നും തീർപ്പാക്കാതെ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

8 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കി 40 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പട്ടയം അപേക്ഷകൾ**

308(1441) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ തീർപ്പുകല്പിക്കാതെ അവശേഷിക്കുന്ന ഏഴായിരത്തോളം പട്ടയം അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ അഭാവവും മറ്റ് ജോലിത്തിരക്കുകളുംമൂലം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കോരുത്തോട്, എരുമേലി വടക്ക്, എരുമേലി തെക്ക് വില്ലേജുകളിലായുള്ള നിരവധി കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി അധികജീവനക്കാരെ അനുവദിക്കണമെന്ന് കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പതിച്ചുനൽകാൻ നിർദ്ദേശിച്ചിട്ടുള്ള ഭൂമിയുടെ തരം അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ്, റിസർവ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം, സർക്കാർ വനം എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളിൽക്കൂടി വ്യക്തത വരുത്താനുണ്ട്. ആയതിലേയ്ക്ക് റവന്യൂ-വനം വകുപ്പുകളുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർക്കുന്ന വിഷയം പരിഗണനയിലുണ്ട്. ആയതിനുശേഷം അധിക ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

## മൂതാക്കര മത്സ്യഗ്രാമങ്ങളിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

309 (1442) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിലുൾപ്പെടുന്ന പള്ളിത്തോട്ടം, മൂതാക്കര മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചുനൽകുന്നതിന് നിയമപരമായ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽപ്പെട്ട പള്ളിത്തോട്ടം, മുതാക്കര എന്നീ സ്ഥലങ്ങൾ ബി.ടി.ആർ. പ്രകാരം കടൽ പുറമ്പോക്കിൽപ്പെട്ടുവരുന്ന പ്രദേശങ്ങളാണ്. ഈ സ്ഥലം CRZ പരിധിയിലുൾപ്പെടാൻ സാധ്യതയുള്ളതിനാൽ തീരദേശ പരിപാലന നിയമത്തിനനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## പട്ടയം നൽകുന്നതിലെ കാലതാമസം

310 (1443) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ തുരുത്തി വില്ലേജിൽ 50 വർഷത്തിലധികമായി വീടുവച്ചും ഉഭയങ്ങൾ ചമച്ചും കൈവശക്കാരായവർക്ക് പട്ടയം ലഭിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഫയൽ സെക്രട്ടേറിയറ്റിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) ജലസ്രോതസ്സുകളും അതിനോട് ചേർന്നുകിടക്കുന്ന ഭൂമിയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളവയാണ്. 1994-ലെ കേരള

പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്ന ആവശ്യത്തിലേയ്ക്ക് സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥകളില്ല. Jagpal Singh V/s State of Punjab എന്ന കേസിലെ വിധിന്യായത്തിൽ ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധരണ സാഹചര്യങ്ങളിലൊഴികെ പതിച്ച് നൽകരുതെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം ഭൂമി പതിച്ചുനൽകുന്നതിന് നിയമതടസ്സമുണ്ട്. എങ്കിൽപ്പോലും വർഷങ്ങളായി തൃക്കരിപ്പൂർ മണ്ഡലത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേയ്ക്കായി പുഴയുടെ ഓരത്തുനിന്നും എത്ര ദൂരം മാറിയാണ് പതിച്ചുനൽകേണ്ടതെന്ന വിശദാംശം ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഭ്യമായാലുടൻ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്.

## നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ

311 (1444) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന് എന്തെല്ലാം കേസ്സുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ നിക്ഷിപ്ത വനഭൂമി അളന്ന് കയ്യേറ്റം ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ടും നിക്ഷിപ്ത വനഭൂമിയുടെ അതിർത്തി സംബന്ധിച്ചും നിക്ഷിപ്ത വനഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും ബഹുമാനപ്പെട്ട ജില്ലാ കോടതിയിലും മുനിസിഫ് കോടതികളിലും കേസ്സുകൾ നിലവിലുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ ഒരു കേസ് നിലവിലുണ്ട്. കൊല്ലം ജില്ലയിൽ നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് പുനലൂർ മുൻസിഫ് കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. മറ്റ് ജില്ലകളിൽ നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് കേസുകളൊന്നും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനം വകുപ്പിന്റെ ഭൂമിയിൽ റവന്യൂ വകുപ്പ് ഏതെല്ലാം മേഖലയിൽ തർക്കം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ കാഞ്ഞിരങ്ങാട് വില്ലേജിൽ കാഞ്ഞിരത്തിനാൽ ജോർജ്ജ് എന്നയാൾ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലെ

ചേത്തയ്ക്കൽ വില്ലേജിൽപ്പെട്ട വലിയപതാൽ, ടി താലൂക്കിലെ അത്തിക്കയം വില്ലേജിലെ പൊന്തൻപുഴ, വലിയകാവ് എന്നീ പ്രദേശങ്ങളിൽ ഭൂമി സംബന്ധിച്ച് വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നു. റവന്യൂ രേഖകളിൽ പട്ടയഭൂമിയായി കാണുന്നത് ചില സന്ദർഭങ്ങളിൽ വനമായും വനമെന്ന് റവന്യൂ രേഖകളിൽ കാണുന്നത് പട്ടയഭൂമിയായും കാണപ്പെടുന്നുണ്ട്. ഇത് തർക്കങ്ങൾക്കിട യാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വനാവകാശനിയമപ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിന് സ്ഥലം വിട്ടുകൊടുക്കുന്നതിനായി എത്ര ഏക്കർ ഭൂമി മാറ്റിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഈ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിവരം നൽകുമോ?

(സി&ഡി) 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം പ്രകാരം കൈവശഭൂമിക്ക് കൈവശരേഖയാണ് (ROR) അനുവദിക്കുന്നത്. ഇത്തരം ഭൂമിക്ക് പട്ടയം നൽകാൻ വ്യവസ്ഥയില്ലാത്തതാണ്.

**അരൂർ മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ**

312 (1445) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചു; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ കേരള ഭൂപതിവ് ചട്ടം 1964 പ്രകാരമുള്ള പട്ടയം നൽകിയിട്ടില്ല. എന്നാൽ 21 ദേവസ്വം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) അരൂർ മണ്ഡലത്തിൽ പട്ടയത്തിന് അപേക്ഷ നൽകിയിട്ടും ലഭിക്കാത്ത എത്ര അപേക്ഷകരുണ്ട്; അവരുടെ മേൽവിലാസം ഉൾപ്പെടെ വിവരം നൽകുമോ?

കേരള ഭൂപതിവ് ചട്ടം 1964 പ്രകാരം പട്ടയത്തിനായി ചേർത്തല താലൂക്കിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ മണ്ഡലംതിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ദേവസ്വം പട്ടയത്തിനായി അരൂർ മണ്ഡലത്തിൽ ലഭിച്ചിട്ടുള്ള 11 അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടില്ല. ദേവസ്വം പട്ടയം അനുവദിച്ചിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടയം വിതരണം**

313 (1446) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി എത്ര കുടുംബങ്ങൾക്കാണ് പട്ടയം വിതരണം ചെയ്തത്; അറിയിക്കുമോ?

13534 കുടുംബങ്ങൾക്ക്

(ബി) ഇത്തരത്തിൽ പട്ടയം ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകളാണ് വിവിധ കളക്ടറേറ്റുകളിലായി തീർപ്പാക്കാനുള്ളത്; അറിയിക്കുമോ?

വിവിധ ജില്ലകളിൽ നിന്നുള്ള കണക്കുകൾ ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷകളിന്മേൽ അർഹത പരിശോധിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭൂരഹിതർക്ക് ഭൂമി നൽകാനായി ഡിജിറ്റൽ സർവ്വേയുടെ അടിസ്ഥാനത്തിൽ ഭൂബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനായി എല്ലാ വില്ലേജിലും ലഭ്യമായ ഭൂമി, പട്ടയത്തിനുള്ള അപേക്ഷ, വിതരണം ചെയ്യുന്നതിലുള്ള തടസ്സം, ഭൂരഹിതരുടെ വിവരങ്ങൾ എന്നിവ ശേഖരിച്ച് ഒരു ഡാഷ്ബോർഡ് നിർമ്മിക്കുന്നതിനുള്ള വിഷയം പരിഗണിച്ചുവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയം**

314 (1447) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയം ലഭിക്കാൻ സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പ് കല്പിക്കാനുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ?

1-1-1977-നുമുമ്പ് വനഭൂമിയിലെ കുടിയേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിന് സംയുക്ത സർവ്വേ പൂർത്തിയാക്കി പട്ടയം ലഭിക്കുന്നതിന് കോങ്ങാട് മണ്ഡലത്തിലെ പാലക്കയം വില്ലേജിൽ 73 അപേക്ഷകളും കാരാകുറുശ്ശി വില്ലേജിൽ 2 അപേക്ഷകളും നിലവിലുണ്ട്.

(ബി) കോങ്ങാട് മണ്ഡലത്തിലെ വില്ലേജുകളിൽ റവന്യൂ, വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി പട്ടയം നൽകാൻ ശിപാർശ ചെയ്ത എത്ര കേസുകളുണ്ട്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കോങ്ങാട് മണ്ഡലത്തിലെ പാലക്കയം വില്ലേജിൽ 73 അപേക്ഷകളും കാരാകുറുശ്ശി വില്ലേജിൽ 2 അപേക്ഷകളും പട്ടയം ലഭിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) സംയുക്ത സർവ്വേ നടത്തിയിട്ടില്ലാത്ത കേസുകളുടെ വിശദാംശം നൽകാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള എണ്ണം പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല.

(ഡി) പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷയിൽ കാലതാമസം കൂടാതെ പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

1-1-1977-നുമുമ്പ് വനഭൂമിയിലെ കുടിയേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിന് സംയുക്ത സർവ്വേ പൂർത്തിയാക്കിയ കേസ്സുകളിൽ കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്.

**പട്ടയത്തിനായുള്ള അപേക്ഷകൾ**

315 (1448) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽനിന്നും 2010 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടയത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചു; വില്ലേജ് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽനിന്നും 2010 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടയത്തിനുവേണ്ടി 1204 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അതിൽ 205 അപേക്ഷകളിൽ പട്ടയം അനുവദിച്ചു. വില്ലേജ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

കാട്ടാക്കട താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം | പട്ടയം നൽകിയവ |
|---|---|---|---|
| 1 | അമ്പൂരി | 98 | 7 |
| 2 | കള്ളിക്കാട് | 181 | 49 |
| 3 | ഒറ്റശേഖരമംഗലം | 77 | 6 |
| 4 | കീഴാറ്റൂർ | 53 | 18 |
| 5 | വാഴിച്ചൽ | 95 | 8 |

നെയ്യാറ്റിൻകര താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം | പട്ടയം നൽകിയവ |
|---|---|---|---|
| 1 | വെള്ളറട | 415 | 71 |
| 2 | പരശ്ശുവയ്ക്കൽ | 30 | 1 |
| 3 | പെരുങ്കടവിള | 54 | 20 |
| 4 | പാറശ്ശാല | 64 | - |
| 5 | കുന്നത്തുകാൽ | 38 | - |
| 6 | ആനാവൂർ | 24 | 7 |

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ആകെ ലഭിച്ച അപേക്ഷകളിൽ 459 എണ്ണം നിരസിച്ചു. ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

കാട്ടാക്കട താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | ബാക്കി അപേക്ഷ | നിരസിച്ചവ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കീഴാറ്റൂർ | 32 | 3 | 1964-ലെ ഭൂപതിവ് ചട്ടം അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| 2 | ഒറ്റശേഖരമംഗലം | 69 | 2 | |
| 3 | വാഴിച്ചൽ | 81 | 6 | |
| 4 | അമ്പൂരി | 86 | 5 | |

| | | | | |
|---|---|---|---|---|
| 5 | കള്ളിക്കാട് | 130 | 2 | കണ്ടുകൃഷി ഇനത്തിൽപ്പെട്ട 91 കേസുകളിൽ TLAC-യിൽ വച്ച് അംഗീകാരം ലഭിച്ചാൽ പട്ടയം നൽകാവുന്നതാണ്. |

നെയ്യാറ്റിൻകര താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | ബാക്കി അപേക്ഷ | നിരസിച്ചവ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വെള്ളറട | 80 | 264 | 1964-ലെ ഭൂപതിവ് ചട്ടം അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു |
| 2 | പരശുവയ്ക്കൽ | 4 | 25 | |
| 3 | കൊല്ലയിൽ | 20 | 37 | |
| 4 | പെരുങ്കടവിള | 15 | 19 | |
| 5 | പാറശ്ശാല | 4 | 60 | |
| 6 | കുന്നത്തുകാൽ | 15 | 23 | |
| 7 | ആനാവൂർ | 4 | 13 | |

(സി) നെയ്യാർ റിസർവോയറിന് സമീപത്തുള്ള അഞ്ചുചങ്ങല പ്രദേശത്തെ എത്ര താമസക്കാർക്ക് പട്ടയം നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ; അതിനായുള്ള പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

നെയ്യാർ റിസർവോയറിന് സമീപത്തുള്ള ഏകദേശം 508 താമസക്കാർക്ക് പട്ടയം നൽകാനുണ്ട്. ടി പ്രദേശത്ത് സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതും സ്കെച്ചിന്റെ പ്രിന്റുകൾ ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരത്തിനായി 22-1-2021-ൽ ടി വകുപ്പിന് നൽകിയിട്ടുള്ളതും പതിവ് റെക്കോർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ വില്ലേജുകളിൽ നടന്നുവരുന്നതുമാണ്.

(ഡി) ഇവർക്കുള്ള പട്ടയ വിതരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ പ്രദേശത്തെ താമസക്കാർക്ക് എത്രയും വേഗം പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഇറിഗേഷൻ വകുപ്പിൽനിന്നും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. അനുമതിക്ക് കാത്തുനിൽക്കാതെതന്നെ പതിവ് റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു.

## പള്ളിച്ചൽ വില്ലേജിലെ കുടുംബങ്ങൾക്ക് പട്ടയം

316 (1449) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ വില്ലേജിലെ ചിക്കുളം, കുളച്ചേൽകുളം, കാവ് വിളാകം, പെരിങ്ങോട് പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച അപേക്ഷ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എങ്കിൽ ഇതിനായുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018-ൽ 18 ഭൂമി പതിവ് അപേക്ഷകൾ ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുണ്ടായിരുന്നു. ഭൂമി പതിവ് അപേക്ഷകളിൽ പറഞ്ഞിരിക്കുന്ന സ്ഥലം കുളം പുറമ്പോക്കിൽപ്പെട്ടതാണ്. 1964-ലെ കേരള ഭൂപതിവ് നിയമം അനുസരിച്ച് കുളം പുറമ്പോക്ക് പതിവിന് വിധേയമല്ല. പ്രസ്തുത വിവരവും ടി സ്ഥലത്തിന് കൈവശരേഖ ലഭിച്ചിട്ടില്ലായെങ്കിൽ കൈവശരേഖ ലഭിക്കുന്നതിനുള്ള അപേക്ഷ ഈ കാര്യാലയത്തിൽ നൽകണമെന്നുള്ള അറിയിപ്പ് 2019 ജൂലൈ മാസം അപേക്ഷകർക്ക് നൽകിയിട്ടുണ്ട്.

## തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ

317 (1450) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളുണ്ടെന്നും ഏതുതരം പട്ടയമാണെന്നും തരംതിരിച്ച ലഭ്യമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 1995-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയം ലഭിക്കുന്നതിനായി 143 അപേക്ഷകരാണുള്ളത്. ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ 914 അപേക്ഷകരും നിലവിലുണ്ട്.

(ബി) പട്ടയം ലഭിക്കേണ്ടവരുടെ പേര്, വിലാസം എന്നിവ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

1995 -ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിക്കേണ്ടവരുടെ പേര്, വിലാസം എന്നിവയടങ്ങിയ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

തോട്, റോഡ്, കുളം, മുനിസിപ്പാലിറ്റി വെളിപറമ്പ്, നിലക്കുലി, റവന്യൂ പുറമ്പോക്കുകളിൽപ്പെട്ട അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിൽ ഉൾപ്പെട്ട ഭൂമികൾ പതിച്ചുനൽകുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കാവുന്നതാണ്. ഭൂപതിവ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രൈബ്യൂണലുകളും പട്ടയനടപടികൾക്ക് വേഗത വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിലെ പട്ടയവിതരണം

318 (1451) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ പട്ടയത്തിനായി നൽകിയ അപേക്ഷകളിൽ തീർപ്പാക്കാത്തവയുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം വില്ലേജിൽ സുനാമി വീട് ലഭിച്ചിട്ടുള്ളവരിൽ പട്ടയനടപടികൾ സ്വീകരിച്ചുവരുന്ന 12 അപേക്ഷകളും പുന്നയൂർ വില്ലേജിലെ 3 അപേക്ഷകളും തീർപ്പാക്കാനുണ്ട്.

## നഷ്ടപരിഹാരമായി കിട്ടിയ ഭൂമിയുടെ നികുതി സ്വീകരിക്കൽ

319 (1452) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ് പ്രവർത്തനം അവസാനിപ്പിച്ചപ്പോൾ തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ലഭിച്ച ഭൂമിയിൽനിന്നും നികുതി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മറ്റ് ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ലഭിച്ച ഭൂമിയിൽ വീടുവയ്ക്കുന്നതിനുള്ള പ്രത്യേക ഇളവ് കിനാലൂർ എസ്റ്റേറ്റ് ഭൂമിയുമായി ബന്ധപ്പെട്ട് മാത്രം അനുവദിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

(എ&ബി) കിനാലൂർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ പേരിൽ ഭൂമി നൽകുന്നത് സംബന്ധിച്ച വിഷയങ്ങളിലെ നിലവിലെ സ്ഥിതി വിശദീകരിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ 28-9-2021-ലെ 66/എൻ3/2021/റവന്യൂ നമ്പർ കത്തിലൂടെ സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം അത് പരിശോധിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയൂ.

**മാനന്തവാടി മണ്ഡലത്തിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലെ പട്ടയം**

320 (1453) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മാനന്തവാടി താലൂക്കിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലെ 1-1-1977-നുമുമ്പ് വനഭൂമി കൈവശംവച്ച് വന്നിരുന്ന, സംയുക്ത പരിശോധനയിൽ അംഗീകരിച്ച മാനന്തവാടി താലൂക്കിലെ 406 അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏത് വകുപ്പിന്റെ കൈവശമാണുള്ളത്?

വനം-റവന്യൂ വകുപ്പുകളിൽ.

(സി) പട്ടയം നൽകുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കുമോ?

സംയുക്ത പരിശോധനയിൽ അംഗീകരിച്ച അപേക്ഷകളിൽ വനം വകുപ്പിൽനിന്ന് സ്കെച്ച് ഒപ്പുവച്ച് ലഭിച്ചിട്ടില്ല. 30-9-2021-നകം സ്കെച്ച് ഒപ്പുവച്ച് നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. വനം വകുപ്പ് പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് സ്കെച്ച് റിവൈസ് ചെയ്യാനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് ഒപ്പുവച്ച സ്കെച്ച് ലഭ്യമാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ താലൂക്കിൽ മിച്ചഭൂമിയും പട്ടയവും

321 (1454) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുത്തേടം വില്ലേജിലെ SR 156/97 മിച്ചഭൂമി കേസ്സിലെ ഇരകളായ നിരവധി കുടുംബങ്ങൾക്ക് അവർ നിരപരാധികളായിട്ടും നീതി നിഷേധിക്കപ്പെട്ട കാര്യം ശ്രദ്ധയിലുണ്ടോ; 1970-നുമുൻപ് പട്ടയമുണ്ടായിട്ടും മിച്ചഭൂമി കേസ്സിലകപ്പെട്ട് കഴിയുന്നവരുടെ ആക്ഷേപങ്ങൾ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ പ്രത്യേക കേസ്സായി പരിഗണിച്ച് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് മുത്തേടം വില്ലേജിലെ ശ്രീ. പുതിയറ ഉണ്ണി അലവി എന്നയാളുടെ SR 156/97-ാം മിച്ചഭൂമി കേസ്സിൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85(8) പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ വിചാരണ നടന്നുവരികയാണ്.

(ബി) മേൽ ഭൂമിയിൽ നൂറ്റിഅൻപത്തിയഞ്ച് കുടുംബങ്ങൾ മിച്ചഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് സ്പെഷ്യൽ തഹസിൽദാർ ലാൻഡ് ബോർഡ് മുമ്പാകെ 2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ തുടർപരിശോധന വേഗത്തിൽ നടത്തി തീർപ്പ് കൽപ്പിച്ച് ഉത്തരവ് നൽകാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. പുതിയറ ഉണ്ണി അലവി എന്നയാളുടെ എസ്.ആർ.156/97-ാം നമ്പർ മിച്ചഭൂമി കേസിൽ നിലമ്പൂർ മുത്തേടം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽനിന്നും 373.80 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മുത്തേടം വില്ലേജിലെ സർവ്വേ നമ്പർ 1186/2A-യിലെ മൊത്ത വിസ്തീർണ്ണമായ 2558.50 ഏക്കർ ഭൂമിയിൽ നിന്നുമാണ് 281.60 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടത്. ടി സർവ്വേ നമ്പരിൽ താമസിക്കുന്ന 238-ഓളം കക്ഷികൾ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ മുമ്പാകെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 85(8) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 155 പേരുടെ അപേക്ഷയിന്മേൽ ഓതറൈസ്ഡ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ പ്രഖ്യാതാവുമായി ബന്ധമില്ലായെന്ന് കാണുന്നു. ആയതിനാൽ പ്രഖ്യാതാവിന്റെ അക്കൗണ്ടിൽനിന്നും ടി ഭൂമി കുറവ് ചെയ്യാൻ സാധിക്കാത്തതിനാൽ 26-8-2021-ലെ വിചാരണയിൽ ഏറ്റെടുക്കേണ്ട ഭൂമി ഐഡന്റിഫൈ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതായി ഓതറൈസ്ഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് വില്ലേജ് ഓഫീസറെയും ഓതറൈസ്ഡ് ഓഫീസറെയും സഹായിക്കുന്നതിലേയ്ക്ക് ഒരു സർവ്വേ ടീമിന്റെ സഹായം താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെ 1980-നുമുമ്പ് പട്ടയം ലഭിച്ചിട്ടും മിച്ചഭൂമി കേസിന്റെ ഇരകളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ വിഷയത്തിൽ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് ബോർഡ് സെക്രട്ടറി C6-119003/17 നമ്പർ ഫയലിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിഷയത്തിൽ ശ്രീ. വി. കെ. ഷാനവാസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ എൻ1/174/2017/റവന്യൂ എന്ന ഫയലിൽ പരിശോധിക്കുകയും അപേക്ഷകന് 24-2-2018-ന് മറുപടി നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ടി മിച്ചഭൂമി കേസ്സിൽ കക്ഷികളുടെ പരാതിയിൻമേൽ അടിയന്തര നടപടി സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) നിലമ്പൂർ താലൂക്കിൽ മൂത്തേടം വില്ലേജിൽ SR 156/97 മിച്ചഭൂമി കേസിലെ ഡിക്ലറന്റ് പുതിയറ ഉണ്ണി അലവിയുടെ കൈവശമുള്ള ഭൂമിയുടെ രേഖകൾ ലാൻഡ് ബോർഡ് പരിശോധിച്ചിട്ടുണ്ടോ; പുതിയറ ഉണ്ണി അലവിയുടെ കുടുംബം കൈവശംവച്ചുവരുന്ന ഭൂമിയുടെ വിവരം ശേഖരിക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചിട്ടില്ല. പരിശോധിച്ച് നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നിലമ്പൂർ താലൂക്കിൽ മൂത്തേടം വില്ലേജിലെ 1186/2 A സർവ്വേ നമ്പരിൽ 40 വർഷമായി നികുതി അടവാക്കാത്ത ഭൂമിയുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ കൈവശക്കാരുടെ പേരും വിലാസവും ഭൂമിയുടെ അളവും വിശദമാക്കാമോ?

നിലമ്പൂർ താലൂക്കിലെ മൂത്തേടം വില്ലേജിലെ 1186/2 എ സർവ്വേ നമ്പരിൽ നികുതി അടയ്ക്കാത്ത ഭൂമിയില്ല.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പട്ടയവിതരണം**

322 (1455) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ 172 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്.

(ബി) പഞ്ചായത്ത്, നഗരസഭ എന്നിവ തരംതിരിച്ച് ഓരോ പ്രദേശത്തും എത്ര പേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നഗരസഭ - 88, ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2, കുളത്തൂർ ഗ്രാമപഞ്ചായത്ത് - 71, അതിയന്നൂർ ഗ്രാമപഞ്ചായത്ത് - 11

(സി) പട്ടയവിതരണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കോളനി പട്ടയത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ എൻ.ഒ.സി. ലഭിച്ചാൽ പഞ്ചായത്തിന്റെ പേരിലുള്ള സ്ഥലം സർക്കാർ പുറമ്പോക്കിൽ മാറ്റിയശേഷം ഭൂമി പതിവ് നടപടികൾ സ്വീകരിക്കുന്നതാണ്. തീരദേശ പട്ടയവുമായി ബന്ധപ്പെട്ട പട്ടയ ഫയലുകളിൽ അടിയന്തര നടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുത്തുമലയിലും കവളപ്പാറയിലും ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം**

323 (1456) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തുമലയിലും കവളപ്പാറയിലും ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

പുത്തുമലയിൽ വിദഗ്ധ സമിതി പരിശോധന നടത്തി കണ്ടെത്തിയതും റീബിൽഡ് ലിസ്റ്റിൽനിന്നും ആകെ 95 പേരാണ് പുത്തുമല പ്രദേശത്ത് പുനരധിവസിപ്പിക്കപ്പെടേണ്ട കുടുംബങ്ങളായി നിലവിലുള്ളത്. അതിൽ 45 പേർ സർക്കാർ ധനസഹായമായ 10 ലക്ഷം രൂപ സ്വീകരിക്കുകയും സ്വന്തമായി വീടും സ്ഥലവും കണ്ടെത്തിയിട്ടുള്ളതുമാണ്. ബാക്കി 50 പേർക്ക് സർക്കാർ ധനസഹായമായ 4 ലക്ഷം രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. 2019-ലെ ഉരുൾപൊട്ടലിനെ തുടർന്ന് പോത്തുകല്ല് വില്ലേജിലെ കവളപ്പാറയിൽ ജിയോളജി വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി തയ്യാറാക്കിയ 127 പേരുടെ പട്ടിക ഡി.ഡി.എം.എ. അംഗീകരിക്കുകയും ഇവരുടെ പുനരധിവാസത്തിനായി സർക്കാർ 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുത്തുമലയിലും കവളപ്പാറയിലുമുണ്ടായ ദുരന്തങ്ങളിൽ ഭൂമിയും വീടും നഷ്ടമായവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പുത്തുമലയിലും കവളപ്പാറയിലുമുണ്ടായ ദുരന്തങ്ങളിൽ ഭൂമിയും വീടും നഷ്ടമായവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂമിയും വീടും വാസയോഗ്യമല്ലാതായതിനാൽ സർക്കാർ ധനസഹായം നൽകി മാറ്റിത്താമസിപ്പിച്ച കവളപ്പാറയിലെയും പുത്തുമലയിലെയും കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഈ ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും ഇതിനകം കൈമാറാൻ സാധിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

പുത്തുമലയിൽ സർക്കാർ ധനസഹായമുപയോഗിച്ച് സ്വന്തമായി ഭവനനിർമ്മാണം നടത്തുന്ന 45 വീടുകളിൽ 17 എണ്ണം പൂർത്തിയായതും 17 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നതായും സർക്കാർ ധനസഹായമുപയോഗിച്ച് ഭൂമി വാങ്ങിയ 10 ഗുണഭോക്താക്കളുടെ വീടുകൾ ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതും ഒരാൾ വ്യക്തിപരമായ കാരണങ്ങളാൽ ഭൂമി കണ്ടെത്തിയിട്ടില്ലാത്തതുമാണ്. കവളപ്പാറയിൽ ഭൂമിയും വീടും വാസയോഗ്യ മല്ലാത്തതിനാൽ ജിയോളജി ടീം മാറ്റി പാർപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതും പുഴയുടെ തീരത്തുള്ളവരുമായ 77 ഗുണഭോക്താക്കൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുമുണ്ട്. 77 പേർക്കും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. റീബിൽഡ് ആപ്പിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 20 ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനുള്ള തുക അനുവദിച്ചിട്ടില്ല. ബാക്കി വരുന്ന 57 ഗുണഭോക്താക്കളിൽ 15 ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 42 പേരിൽ 22 ഗുണഭോക്താക്കൾക്ക് ശ്രീ. എം. എ. യൂസഫലി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 20 ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന്റെ പുരോഗതി അനുസരിച്ച് തുക വിതരണം ചെയ്തുവരുന്നുണ്ട്.

**കൽപ്പറ്റ മണ്ഡലത്തിൽപ്പെട്ട പ്രളയത്തിൽ തകർന്ന റോഡുകൾ**

324 (1457) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയഫണ്ടിൽ ഉൾപ്പെടുത്തി 2019-2020, 2020-2021 വർഷങ്ങളിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ തകർന്ന എത്ര റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനായി അനുവദിച്ച തുകയെത്രെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ തകർന്നതും ഇനിയും അറ്റകുറ്റപ്പണികൾ നടത്താത്തതുമായ എത്ര റോഡുകൾ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല; ബാധകമല്ല.

**കായംകുളം മണ്ഡലത്തിൽ റോഡുകളുടെയും മറ്റ് എടുപ്പുകളുടേയും പുനരുദ്ധാരണം**

325 (1458) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം ഗതാഗത യോഗ്യമല്ലാതായ റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണത്തിനായി 2016-നുശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

**പ്രളയത്തിൽ വീട് തകർന്നവർക്കുള്ള ധനസഹായം**

326 (1459) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ബ്ലോക്ക് പരിധിയിൽ പ്രളയത്തിൽ വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർന്ന നാൽപത്തിയെട്ട് കുടുംബങ്ങൾക്ക് സാങ്കേതിക പിഴവുമൂലം ധനസഹായം ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി അർഹരായവർക്ക് എത്രയും വേഗത്തിൽ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീബിൽഡ് ആപ്പിലെ അപാകത കാരണം പട്ടാമ്പി ബ്ലോക്ക് പരിധിയിൽപ്പെട്ട 31 കുടുംബങ്ങൾക്ക് സാങ്കേതിക പിഴവ് കാരണവും അവർ സമർപ്പിച്ച വിവരങ്ങളിലെ അപാകത കാരണവും ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ആയതിനാൽ ഇത്തരം കേസുകളിന്മേൽ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി അർഹരായവർക്ക് എത്രയും വേഗത്തിൽ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രകൃതിദുരന്തങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം**

327 (1460) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ജനുവരി മുതലുണ്ടായ പ്രകൃതിദുരന്തങ്ങളിൽ എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

60 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) അത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരമാവധി എത്ര രൂപയാണ് നൽകുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ചുള്ള ദുരിതാശ്വാസമായ 4 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തലശ്ശേരി നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

328 (1461) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മഴക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ചവയിൽ പൂർത്തിയായവ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൂർത്തീകരിക്കാത്തവയിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകാറുണ്ട്. എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല; ബാധകമല്ല.

**ഏഴുമറ്റൂർ, അയിരൂർ പഞ്ചായത്തുകളിലെ പ്രകൃതിക്ഷോഭം**

329 (1462) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴുമറ്റൂർ, അയിരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭംമൂലം എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഈ സാമ്പത്തിക വർഷം കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; പ്രകൃതിക്ഷോഭം നേരിട്ട എത്ര കർഷകർക്ക്/കുടുംബങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽനിന്നുള്ള ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഏഴുമറ്റൂർ, അയിരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭംമൂലം 384.166 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ഈ സാമ്പത്തിക വർഷം കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭം നേരിട്ട 255 കർഷകർക്കും പൂർണ്ണമായി ഭവന നാശം സംഭവിച്ച 24 പേർക്കും ഭാഗികമായി ഭവന നാശം സംഭവിച്ച 222 പേർക്കും കാലിത്തൊഴുത്ത് തകർന്നതിന് 10 പേർക്കും ദുരിതാശ്വാസ നിധിയിൽനിന്നുള്ള ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി) കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചാണോ ദുരിതാശ്വാസം കണക്കാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ മാനദണ്ഡമനുസരിച്ച് പുറപ്പെടുവിച്ച 20-5-2015-ലെ ജി.ഒ. (എം.എസ്.)നമ്പർ 194/2015/DMD പ്രകാരവും 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/കൃഷി ഉത്തരവ് പ്രകാരവും ദുരിതാശ്വാസം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നു.

(സി) പ്രസ്തുത ധനസഹായം എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വിശദമാക്കാമോ?

ദുരന്ത ബാധിതർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകളിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ടുകൾ

330 (1463) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ഡി.ആർ.എഫ്.-ൽനിന്നും ധനസഹായം അനുവദിക്കുന്നതിനു വേണ്ടി വില്ലേജ് ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്ന അന്വേഷണ റിപ്പോർട്ടുകളിൽ യഥാസമയം മറുപടി നൽകാതെ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) യഥാസമയം അന്വേഷണ റിപ്പോർട്ടുകൾ നൽകാത്തതുമൂലം രോഗികൾക്കും പാവപ്പെട്ടവർക്കും ധനസഹായം കിട്ടാൻ കാലതാമസമുണ്ടാക്കുന്ന ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിനും നിശ്ചിത സമയത്തിനകം അന്വേഷണ റിപ്പോർട്ട് മേലധികാരികൾക്ക് സമർപ്പിക്കുന്നതിനും വില്ലേജ് അധികൃതർക്ക് കർശന നിർദ്ദേശം നൽകുമോ;

(സി) ഇതിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി 20-2-2020-ലെ DRFA1/19/2020 സർക്കുലർ, 16-7-21-ലെ DRFA1/123/2021/REV കത്ത് എന്നിവ പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും തഹസീൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ സി.എം.ഡി.ആർ.എഫ്. അപേക്ഷകൾ

331 (1464) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ തീർപ്പാക്കാതെയുണ്ടെന്ന് അറിയിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിനായി ടി മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിൽ റിപ്പോർട്ട് നൽകാതെ അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

(സി) വില്ലേജ് ഓഫീസർമാർ സി.എം.ഡി.ആർ.എഫ്. അപേക്ഷകളിൽ എത്ര ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സമയപരിധി നിശ്ചയിച്ചിട്ടില്ല.

**തൂപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ് പാലങ്ങളുടെ നിർമ്മാണം**

332 (1465) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ തൂപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ് പാലങ്ങളുടെ ഡിസൈൻ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സി.ഇ.ടി.-യെ ചുമതലപ്പെടുത്തിയിരുന്നോ; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് നിർമ്മാണമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പത്തനംതിട്ട ജില്ലയിലെ തൂപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ് പാലങ്ങളുടെ ഡിസൈൻ സ്ലാബിന്റെ മാറ്റം സംബന്ധിച്ച സാങ്കേതിക പഠനം നടത്തുന്നതിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് (തിരുവനന്തപുരം)-നെ ചുമതലപ്പെടുത്തി 22-10-2020-ലെ സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി പഠനത്തിനാവശ്യമായ വിശദാംശങ്ങൾ ടി നിർമ്മാണത്തിന്റെ ഡിസൈൻ കൺസൽട്ടന്റായിരുന്ന മെസ്സേഴ്സ് ഇന്റഗ്രൽ സൊല്യൂഷൻസ്, കൊച്ചിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഡിസൈൻ സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (തിരുവനന്തപുരം)-ന് ലഭിക്കുന്ന മുറയ്ക്ക് ടി പഠനം പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഭൂമി തരം മാറ്റൽ**

333 (1466) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂമി തരംമാറ്റുന്നതിനുള്ള ധാരാളം അപേക്ഷകൾ തീർപ്പാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലുള്ള വില്ലേജുകളുൾപ്പെടെ, കോഴിക്കോട്, താമരശ്ശേരി എന്നീ താലൂക്കുകളിലെ മുഴുവൻ വില്ലേജുകളിലെയും തരംമാറ്റവുമായി ബന്ധപ്പെട്ട്, വിവിധ ഘട്ടങ്ങളിലുള്ള, 5000-ത്തിലധികം ഫയലുകൾ കോഴിക്കോട് റവന്യൂ ഡിവിഷൻ ഓഫീസിൽ നിലവിലുണ്ട്. കൂടാതെ മാസംതോറും 1000 മുതൽ 1200 വരെ പുതിയ തപാലുകളും ലഭിക്കുന്നുണ്ട്. ഇതിൽ

60 ശതമാനവും പുതിയ അപേക്ഷകളായതിനാൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിക്കാതെ വരുന്ന അവസ്ഥ നിലവിലുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ കോഴിക്കോട് സബ്കളക്ടർ ഓഫീസിൽ ഇനിയും തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരം ലഭ്യമാക്കുമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ലഭിച്ച ഫാറം നമ്പർ 6, ഫാറം നമ്പർ 7, ഫാറം നമ്പർ 9 എന്നിവയിലുള്ള യഥാക്രമം, 3933 എണ്ണം, 32 എണ്ണം, 21 എണ്ണം അപേക്ഷകളും ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ഫാറം നമ്പർ 5-ൽ ലഭിച്ച 2968 അപേക്ഷകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(സി) അപേക്ഷകൾ കെട്ടികിടക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

25-2-2021-ലെ 1166/2021/റവ. നമ്പർ ഉത്തരവ് നിലവിൽ വന്നശേഷം അപേക്ഷകളുടെ എണ്ണത്തിൽ വൻതോതിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനാൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ കൂടുതൽ ജീവനക്കാരെ ലഭ്യമാക്കി, ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ്**

334 (1467) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റി.സ. നം.128/1, 128/2 എ, 128/2 ബി-യിൽപ്പെട്ട 78.7 ആർസ് ഭൂമി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ 5-8-2020-ലെ സ.ഉ.(സാധാ)നം. 2517/2020/ആർ.ഡി. പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. ആയതുപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും

11(1) വിജ്ഞാപനം 19-11-2020-ലെ DCKNR/ 2753/2020/സി1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എൽ.എ.ആർ.ആർ. ചട്ടം 4(6) പ്രകാരം സ്ഥലമെടുപ്പിനായുള്ള നഷ്ടപരിഹാരത്തുക മുഴുവൻ അർത്ഥനാധികാരി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ ശീർഷകത്തിൽ കെട്ടിവച്ചാൽ മാത്രമേ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്താൻ സാധിക്കുകയുള്ളൂ. അപ്രകാരം നഷ്ടപരിഹാരത്തുകയായ 13 കോടി രൂപ കെട്ടിവയ്ക്കാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതാണ്.

(ബി) സ്ഥലമെടുപ്പ് നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## വലിയമല എൽ.പി.എസ്.സി. വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ

335 (1468) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് വലിയമല എൽ.പി.എസ്.സി. വികസനത്തിനായി പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കൽ, ഭൂമിയുടെ കമ്പോള വിലകൾ, ദേഹണ്ഡങ്ങൾ, സൊലേഷ്യം, കമ്പോള വിലയ്ക്ക് വരുന്ന വർദ്ധനവിന് 30 (3) വകുപ്പ് അനുസരിച്ച് നൽകേണ്ട തുക, പുനരധിവാസ ചെലവ്, മറ്റ് ചെലവുകൾ എന്നിവ കണക്കാക്കി ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് ഇനംതിരിച്ച് വിശദമാക്കാമോ?

നെടുമങ്ങാട് താലൂക്ക് കരിപ്പൂർ വില്ലേജിൽ നിന്നും ഐ.എസ്.ആർ.ഒ.-എൽ.പി.എസ്.സി.-ക്കുവേണ്ടി 26.7738 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ കമ്പോള വില, ദേഹണ്ഡങ്ങൾ, സൊലേഷ്യം, കമ്പോളവിലയ്ക്ക് വരുന്ന വർദ്ധനവിന് 30(3) വകുപ്പ് അനുസരിച്ച് നൽകേണ്ട തുക, പുനരധിവാസ ചെലവ്, മറ്റ് ചെലവുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഏകദേശ തുകയായ 1,00,96,32,000 രൂപ കണക്കാക്കി 25-6-2021-ലെ A6-303/2017 നമ്പർ കത്ത് പ്രകാരം ഡയറക്ടർ ഐ.എസ്.ആർ.ഒ.-എൽ.പി.എസ്.സി.-യെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ സെക്ഷൻ 26 പ്രകാരം കമ്പോളവില തയ്യാറാക്കി അംഗീകരിച്ചിട്ടില്ലാത്തതാണ്.

(ബി) ഇതിലേയ്ക്ക് കമ്പോള വിലയും മതിപ്പ് വിലയും നിശ്ചയിക്കുന്നതിന് ഭൂവുടമകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ച നടത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ?

സെക്ഷൻ 26 പ്രകാരം കമ്പോളവില നിശ്ചയിക്കുന്നതിനായി ഭൂവുടമകളുമായി ചർച്ച നടത്താൻ RFCTLARR നിയമം നിഷ്കർഷിക്കുന്നില്ല.

(സി) ഇതുസംബന്ധിച്ച് ഐ.എസ്.ആർ.ഒ.-യ്ക്ക് നൽകിയ കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*.

**സാങ്കേതിക സർവ്വകലാശാല ആസ്ഥാനത്തിന് ഭൂമി ഏറ്റെടുക്കൽ**

336 (1469) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ആസ്ഥാനമന്ദിരത്തിന് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി നിർത്തിവച്ചിട്ടുണ്ടോ; നിലവിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര ഏക്കർ ഭൂമിയുടെ വില നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സാങ്കേതിക സർവ്വകലാശാല ആസ്ഥാനത്തിനായി ഏറ്റെടുത്ത നൂറ് ഏക്കർ ഭൂമിയിൽ അൻപത് ഏക്കർ മാത്രം വാങ്ങിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബാക്കി അൻപത് ഏക്കർ ഭൂമിയുടെ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ വില്ലേജിൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരിയായ രജിസ്ട്രാർ, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയുണ്ടായി. വിളപ്പിൽ വില്ലേജിലെ 39.1996 ഹെക്ടർ (96.84 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിനുള്ള 19(1) പ്രഖ്യാപനം 27-1-2021-ലെ സ.ഉ. (അച്ചടി)നം.12/2021/റ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി നിർണ്ണയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയായ 352 കോടിയിൽ 106 കോടി രൂപ മാത്രമാണ് അർത്ഥനാധികാരി കെട്ടിവച്ചിട്ടുള്ളത്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 11-8-2021 ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആദ്യഘട്ടമായി തൽക്കാലം 50 ഏക്കർ ഭൂമി ഏറ്റെടുത്താൽ മതിയെന്നും, പ്രസ്തുത 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അലൈൻമെന്റ് സ്കെച്ച് സമർപ്പിക്കുന്നതിനും, കൂടാതെ പ്രസ്തുത 50 ഏക്കർ കണ്ടെത്തുന്നതിന് സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ആദ്യഘട്ടമായി 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അലൈൻമെന്റ് സ്കെച്ച് സമർപ്പിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച്, 19(1) പ്രഖ്യാപനം ഭേദഗതി വരുത്തി അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. ശേഷിക്കുന്ന ഭൂമിയിലെ ഭൂവുടമകൾക്ക് ടൈറ്റിൽ (ആധാരം) തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ

337 (1470) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടവളവുകൾ നിവർത്തുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് നൽകിയെങ്കിലും ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മുപ്പത്തിയെട്ട് വളവുകൾ നിവർത്തുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 2-11-2009-ലും 14-2-2009-ലും നൽകിയ റിക്വസിഷന്റെ അടിസ്ഥാനത്തിൽ 9-5-2013-ലെ ജി.ഒ. നമ്പർ 2655/2013 പ്രകാരവും 19-12-2013-ലെ ജി.ഒ. നമ്പർ 6663/13-ലെ ഉത്തരവ് പ്രകാരവും അൻപത് ലക്ഷം രൂപ വകയിരുത്തിയെങ്കിലും വകുപ്പുകൾ തമ്മിലുള്ള അനാസ്ഥ കാരണം സ്ഥലമേറ്റെടുക്കൽ നടപടികൾ എങ്ങുമെത്താത്തതിനാൽ ഈ അവസ്ഥയ്ക്ക് അടിയന്തര പരിഹാരം കണ്ടെത്തുമോ;

(സി) ഏറ്റുമാനൂർ എറണാകുളം റോഡിലെ അപകടവളവുകൾ നിവർത്തുന്നതിന് ആവശ്യമായഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കാണക്കാരി, കോതനെല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽപ്പെട്ട 1.962 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും 16-8-2018-ലെ ജി.ഒ.നമ്പർ 1277/2018 പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചുവെങ്കിലും ഒരു നടപടിയും സ്വീകരിക്കാതെ സ്ഥലമേറ്റെടുപ്പ് നീട്ടികൊണ്ടുപോകുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

(എ-സി) കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിലേയ്ക്കായി മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജിലെ 0.1420 ഹെക്ടർ സ്ഥലവും വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന 1.475 ഹെക്ടർ സ്ഥലവും പൊന്നുംവിലയ്ക്ക് എടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 2-11-2009-ൽ അർത്ഥന സമർപ്പിച്ചിരുന്നതും പൊന്നുംവില ഓഫീസർ അർത്ഥനാധികാരിയുമായി ചേർന്ന് സ്ഥലപരിശോധന നടത്തിയതിൽ അഡീഷണൽ അർത്ഥന ലഭ്യമാക്കി സ്യൂട്ടബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 9-5-2013-ലെ സ.ഉ. (സാധാ) നം. 2655/2013/റ.വ. ഉത്തരവുപ്രകാരം കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കുട്ടുത്തുരുത്തി, വടയാർ വില്ലേജുകളിലെ 1.9652 ഹെക്ടർ ഭൂമി, ഡി.എൽ.പി.സി. ചേർന്ന് നെഗോഷിയേറ്റ് പർച്ചേസ് ചെയ്യുന്നതിനായി അനുമതി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ പിന്നീട് നടത്തിയ വിശദമായ സ്ഥലപരിശോധനയിൽ പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന എല്ലാ സർവ്വേ നമ്പരുകളും മേൽ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കണ്ടെത്തുകയുണ്ടായി. അതിനാൽ പൊന്നുംവില നടപടികളുടെ സുഗമമായ നടത്തിപ്പിനായി പ്രസ്തുത പദ്ധതി പല റീച്ചുകളായി തിരിച്ചുചെയ്യാൻ തീരുമാനിക്കുകയും ഇപ്രകാരം റീച്ച് 1-ൽ ഉൾപ്പെട്ടുവരുന്ന മാഞ്ഞൂർ, കോതനല്ലൂർ വില്ലേജുകളിലെ സർവ്വേ നമ്പരുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പുതിയ അർത്ഥന പ്രകാരം 50.08 ആർ വസ്തു പ്രസ്തുത ആവശ്യത്തിലേയ്ക്ക് പൊന്നും വിലയ്ക്കെടുക്കുന്നതിന് 19-12-2013-ലെ സ.ഉ.(സാധാ) നം. 6663/2013/ റ.വ. പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ 1-1-2014 മുതൽ പുതിയ ആക്ട് നിലവിൽ വന്നതിനാൽ സ.ഉ. (സാധാ) നം. 6663/2013/റ.വ. ഉത്തരവുപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന് ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനുവേണ്ടി മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന 1.9652 ഹെക്ടർ സ്ഥലം നിലവിലെ മാർക്കറ്റ് റേറ്റ് പ്രകാരം ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് (ജി) വകുപ്പിൽ നിന്നും 16-8-2018-ലെ സ.ഉ.(സാധാ) നം.1277/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), പാലായുടെ കാര്യാലയം മുഖേനയാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നത്. സ്ഥലമേറ്റെടുക്കൽ

നടപടികൾക്കായി പ്രാരംഭഘട്ടത്തിൽ കെട്ടിവയ്ക്കേണ്ട 5% കണ്ടിൻജൻസി തുകയായ 50 ലക്ഷം രൂപ കെട്ടിവച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17-6-21-ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച 14-2-2019-ലെ സ.ഉ(കൈ) 56/2019/റ.വ. പ്രകാരമുള്ള റവന്യൂ വകുപ്പിന്റെ അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥാനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്നമുറയ്ക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

**ബി.പി.സി.എൽ.-നുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം**

338 (1471) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ മോട്ടോർ സ്പിരിറ്റ് ബ്ലോക്ക് പ്രോജക്ടിനുവേണ്ടി ഏറ്റെടുക്കുന്ന പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ 18 കുടുംബങ്ങൾക്ക് 2018-ൽ നിശ്ചയിച്ച നഷ്ടപരിഹാരം നാളിതുവരെ ലഭ്യമായിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-ൽ നിശ്ചയിച്ച വിലയിൽ 20% വർദ്ധനവുകൂടി കണക്കാക്കി ബി.പി.സി.എൽ.-ൽ നിന്ന് വില ഈടാക്കാവുന്നതാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹരായ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ മോട്ടോർ ബ്ലോക്ക് പ്രോജക്ടിനുവേണ്ടി ഏറ്റെടുക്കുന്ന പുറമ്പോക്ക് ഭൂമിക്ക് 2018-ൽ നിശ്ചയിച്ച വിലയിൽ 20% വർദ്ധനവുകൂടി കണക്കാക്കി ബി.പി.സി.എൽ.-ൽ നിന്ന് വില ഈടാക്കുന്ന വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ടി ഭൂമി ബി.പി.സി.എൽ.-ന് നൽകുന്നമുറയ്ക്ക് മാത്രമേ ടി പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ കുടുംബങ്ങൾക്ക് R&R പാക്കേജ് നൽകാൻ സാധിക്കുകയുള്ളൂവെന്ന വിവരം ബി.പി.സി.എൽ. അറിയിച്ചിട്ടുണ്ട്.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പ്**

339 (1472) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന കടുത്തുരുത്തി മേൽപ്പാലത്തിന്റെയും കുറുപ്പന്തറ മേൽപ്പാലത്തിന്റെയും അവയിലേയ്ക്കുള്ള അപ്രോച്ച് റോഡുകളുടെയും സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

(എ&ബി) കടുതുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി വൈക്കം താലൂക്കിലെ മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിലായി 53.80 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി ആർ.ബി.ഡി.സി.കെ. 2-11-2019-ൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 6-12-2019-ലെ സ.ഉ.(സാധാ)നമ്പർ 3663/2019/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ റെയിൽവേയിൽനിന്നുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് ലഭിച്ചിട്ടില്ലാത്തതിനാൽ സംയുക്ത പരിശോധന റിപ്പോർട്ട് പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (കിഫ്ബി)യിൽ നിന്നും ലഭ്യമായിട്ടില്ലാത്തതാണ്. കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽപ്പെട്ട സ്ഥലമേറ്റെടുക്കുന്നതിന് 20-10-2018-ൽ ലഭിച്ചിട്ടുള്ള അർത്ഥനയുടെ അടിസ്ഥാനത്തിൽ 4-5-2019-ലെ സ.ഉ. (സാധാ) നം. 1069/2019/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമെടുപ്പ് നടപടിയിലെ 11(1) വിജ്ഞാപനം 16-7-2020-ലെ കേരള അസാധാരണ ഗസറ്റ് 1700 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അലൈൻമെന്റിൽ സ്ഥലമെടുപ്പുമൂലം നഷ്ടപ്പെടുന്ന നിർമ്മിതികൾ വളരെയധികമുള്ളതാണ്. യഥാസമയം ആർ.&ആർ. പാക്കേജ് അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കി 16-7-2021-നുമുമ്പ് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതിനാൽ 18-6-2021-ലെ സ.ഉ.(അച്ചടി)74/2021/ആർ.ഡി. (25-6-2021-ലെ ഗസറ്റ് നമ്പർ 1870) പ്രകാരം സമയപരിധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. അലൈൻമെന്റിൽ ഉൾപ്പെട്ട 54 നിർമ്മിതികളിൽ 53 കെട്ടിടങ്ങളുടെ സ്ട്രക്ചറൽ വാല്യുവേഷൻ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആർ&ആർ പാക്കേജ് അംഗീകരിക്കുന്നതിന് 22-10-2021-ന് ഹിയറിംഗ് നിശ്ചയിച്ചിട്ടുള്ളതുമാണ്

(സി) കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെയും ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

7-5-2020-ലെ സ.ഉ.(സാധാ) നമ്പർ 1716/2020/ആർ.ഡി. പ്രകാരം കോട്ടയം ജില്ലയിലെ കിഫ്ബി പ്രോജക്ടുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 17 തസ്തികകൾ അടങ്ങിയ ഓഫീസ് അനുവദിച്ച് ഉത്തരവായിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

**രാജാരവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സ്സിന് സ്ഥലം**

340 (1473) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സ്സിന് പമ്പ ഇറിഗേഷൻ പദ്ധതിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള A4-66 നമ്പർ ഫയലിന്മേൽ റവന്യൂ (എ) വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീ-സർവ്വേ നമ്പർ 8/2-ൽപ്പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി (26.71 ആർസ്) രാജാ രവിവർമ സെന്റർ ഫോർ വിഷ്വൽ ആർട്സ്സിന് വിട്ടുനൽകുന്നതിന് ജല വിഭവ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. മേൽ വിഷയം നിലവിൽ റവന്യൂ (എം)വകുപ്പിന്റെ എം2/6/2021/റ.വ. നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്നു. പ്രസ്തുത ഭൂമി രാജാ രവിവർമ സെന്റർ ഫോർ വിഷ്വൽ ആർട്സ്സിന് പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം ലഭ്യമാക്കിയിട്ടുണ്ട്. രാജാ രവിവർമ സെന്റർ ഫോർ വിഷ്വൽ ആർട്സ് കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനമായതിനാൽ ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. രാജാ രവിവർമ സെന്റർ ഫോർ വിഷ്വൽ ആർട്സ്സിന് ഭൂമി പാട്ടത്തിനനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(സി) ഈ അദ്ധ്യയന വർഷം സ്ഥലം കൈമാറ്റം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ?

രാജാ രവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സിന് ഭൂമി പാട്ടത്തിനനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) പ്രസ്തുത വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

18-9-2021-ലെ എൽ.ആർ./829/2021-എൽ.ആർ.(ജെ4) നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

**തിരുവല്ല താലൂക്ക് ലാൻഡ് ബോർഡ് അന്വേഷണം**

341 (1474) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. പി. യോഹന്നാനും അദ്ദേഹത്തിനുകീഴിലുള്ള ഗോസ്പൽ ഏഷ്യ ഉൾപ്പെടെയുള്ള ട്രസ്റ്റുകളും വിവിധ ജില്ലകളിൽ ഭൂമി വാങ്ങിയത് സംബന്ധിച്ച് തിരുവല്ല താലൂക്ക് ലാൻഡ് ബോർഡ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) ഈ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

(എ-സി) ശ്രീ. കെ. പി. യോഹന്നാനും അദ്ദേഹത്തിന്റെ കീഴിലുള്ള ഗോസ്പൽ ഏഷ്യ ഉൾപ്പെടെയുള്ള ട്രസ്റ്റുകളും വിവിധ ജില്ലകളിൽ ഭൂമി വാങ്ങിയത് സംബന്ധിച്ച് തിരുവല്ല താലൂക്ക് ലാൻഡ് ബോർഡ് SM 1/12/TVLA നമ്പരായി മിച്ചഭൂമി കേസ് ആരംഭിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. താലൂക്ക് ലാൻഡ് ബോർഡ് കേസ് ആരംഭിക്കുന്നതിന് വിശദമായ ഭൂമി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ല ഒഴികെ 13 ജില്ലകളിലും ശ്രീ. കെ. പി. യോഹന്നാന്റെ പേരിൽ ഭൂമിയുള്ളതായി അറിയാൻ കഴിഞ്ഞതിനാൽ മിച്ചഭൂമി

കേസ് എടുക്കുന്നതിന് തിരുവല്ല താലൂക്ക് ലാൻഡ് ബോർഡിന് സ്റ്റേറ്റ് ലാൻഡ് ബോർഡ് അനുവാദം നൽകിയിട്ടുണ്ട്. ശ്രീ. കെ. പി. യോഹന്നാന്റെ പേരിലുള്ള ഭൂമിയുടെ വിവരം എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഡ്രാഫ്റ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയെങ്കിലും ധാരാളം അപാകതകൾ കടന്ന് കൂടിയതിനാൽ ആതറൈസ്ഡ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിക്കുകയും ടി ടീമിന് ആവശ്യമായ ജീവനക്കാരെ തിരുവല്ല താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന് ജോലി ക്രമീകരണ വ്യവസ്ഥയിൽ അനുവദിക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് സ്റ്റേറ്റ് ലാൻഡ് ബോർഡ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വടക്കാഞ്ചേരി മണ്ഡലത്തിലെ റവന്യൂഭൂമി

342 (1475) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, വ്യവസായം, വനം തുടങ്ങിയ ഏതെല്ലാം വകുപ്പുകളുടെ അധീനതയിൽ നിലവിലെത്ര അളവ് ഭൂമിയുണ്ടെന്നത് വ്യക്തമാക്കുന്ന പട്ടിക വകുപ്പ് - പഞ്ചായത്ത് തിരിച്ച് നൽകാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, വ്യവസായം, വനം തുടങ്ങിയ വകുപ്പുകളുടെ അധീനതയിൽ നിലവിൽ എത്ര അളവ് ഭൂമിയുണ്ടെന്ന് വ്യക്തമാക്കുന്ന വിവരം വകുപ്പുതിരിച്ച് താഴെപ്പറയുന്നു.

റവന്യൂ വകുപ്പ്: വടക്കാഞ്ചേരി മണ്ഡലത്തിലെ രണ്ട് താലൂക്കുകളായ തൃശ്ശൂർ താലൂക്കിലും തലപ്പിള്ളി താലൂക്കിലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

തദ്ദേശസ്വയംഭരണ വകുപ്പ്: ആസ്തി രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി നഗരസഭാ പ്രദേശത്ത് 2916.55 സ്ക്വയർ മീറ്റർ റവന്യൂ ഭൂമിയാണുള്ളത്. ടി വകുപ്പിന്റെ അധീനതയിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

ഇറിഗേഷൻ വകുപ്പ്: ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായ വകുപ്പ്: വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ അത്താണി, അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ വികസന പ്ലോട്ടുകളിലായി 8958.56 സെന്റ് (അത്താണി-3616.55 സെന്റ്, അയ്യൻകുന്ന് - 2892.01 സെന്റ്, വേളക്കോട് - 2450 സെന്റ്) വ്യവസായ ഭൂമിയും വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ അത്താണി വ്യവസായ പാർക്കിൽ 11.81 ഏക്കർ ഭൂമിയും നിലവിലുണ്ട്.

വനം വകുപ്പ്: വടക്കാഞ്ചേരി മണ്ഡലത്തിൽ മച്ചാട് വന റേഞ്ചിലെയും വടക്കാഞ്ചേരി വന റേഞ്ചിലെയും ചില പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ടി റേഞ്ചുകളുടെ മുഴുവൻ വിസ്തൃതി 13049 ഹെക്ടറാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ടി പ്രദേശങ്ങളിലെ വനഭൂമി പഞ്ചായത്ത്, മണ്ഡലം എന്നിവ തിരിച്ച് സൂക്ഷിച്ചുവരുന്നില്ല.

(ബി) പ്രസ്തുത ഭൂമി ഓരോന്നും ഏതൊക്കെ ആവശ്യത്തിനാണ് നിലവിൽ ഉപയോഗിക്കുന്നതെന്ന വിവരം പട്ടികയാക്കി നൽകാമോ?

പ്രസ്തുത ഭൂമി ഓരോന്നും ഏതൊക്കെ ആവശ്യത്തിനാണ് നിലവിൽ ഉപയോഗിക്കുന്നത് എന്നതിന്റെ വകുപ്പ് തിരിച്ചുള്ള വിവരം താഴെപ്പറയുന്നു.

റവന്യൂ വകുപ്പ്: റവന്യൂ വകുപ്പിന് കീഴിലുള്ള പ്രസ്തുത ഭൂമി ഓരോന്നും ഏതൊക്കെ ആവശ്യത്തിനാണ് നിലവിൽ ഉപയോഗിക്കുന്നതെന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*

തദ്ദേശസ്വയംഭരണ വകുപ്പ്: മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, അങ്കണവാടികൾ, ശ്മശാനങ്ങൾ, വിൻഡ്രോ കംപോസ്റ്റ് യൂണിറ്റുകൾ, ഗ്രൗണ്ടുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ഇൻഡസ്ട്രിയൽ ഏരിയകൾ എന്നീ ആവശ്യങ്ങൾക്കാണ് നഗരകാര്യ വകുപ്പ് ടി റവന്യൂ ഭൂമി ഉപയോഗിക്കുന്നത്. പഞ്ചായത്ത് വകുപ്പിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

ഇറിഗേഷൻ വകുപ്പ്: ഇറിഗേഷൻ വകുപ്പിനുകീഴിലുള്ള വാഴാനി സെക്ഷന്റെ കീഴിലുള്ള ഭൂമി ഡാം കോമ്പൗണ്ട്, കനാൽ, കനാൽ ബണ്ട് റോഡ്, ക്വാർട്ടേഴ്സ് എന്നീ ആവശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. കൂടാതെ ഇറിഗേഷൻ സെക്ഷൻ വടക്കാഞ്ചേരിയുടെ കീഴിലുള്ള ഭൂമി കനാൽ, കനാൽ ബണ്ട് റോഡ്, ഓഫീസ് കാര്യാലയം, വാച്ച്മാൻ ക്വാർട്ടേഴ്സ്/കാബിൻ എന്നീ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായ വകുപ്പ്: വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള അത്താണി, അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ വികസന പ്ലോട്ടുകളിലായി 7833.08 സെന്റ് ഭൂമി സംരംഭകർക്കായി അനുവദിച്ച നൽകിയിട്ടുണ്ട്. സിഡ്കോയുടെ അത്താണി വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 6.69 ഏക്കർ ഭൂമി അനുവദിച്ചുനൽകിയിട്ടുണ്ട്.

വനം വകുപ്പ്: മച്ചാട്, വടക്കാഞ്ചേരി റേഞ്ചുകളിലുള്ള പ്രസ്തുത ഭൂമിയിൽ 12153.6 ഹെക്ടർ സ്ഥലം വനഭൂമിയായി തന്നെ നിലനിൽക്കുന്നു. ബാക്കിയുള്ള 895.4 ഹെക്ടർ സ്ഥലം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യവ്യക്തികൾക്കും വനേതര ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മിച്ചഭൂമി ഏറ്റെടുക്കൽ**

343 (1476) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ സത്വരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 82 പ്രകാരം വ്യക്തികൾക്കും കുടുംബത്തിനും കമ്പനികൾക്കും കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചവർക്കെതിരെ മിച്ചഭൂമി കേസ് രജിസ്റ്റർ ചെയ്ത് മിച്ചഭൂമിയുണ്ടെങ്കിൽ ആയത് എത്രയെന്ന് ഉത്തരവാക്കാനുള്ള അധികാരം താലൂക്ക് ലാൻഡ് ബോർഡുകൾക്കാണുള്ളത്. ഇത്തരത്തിൽ മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ടവ സർക്കാരിലേയ്ക്ക് ഏറ്റെടുക്കാറുണ്ട്. എന്നാൽ കോടതി തർക്കമുള്ള ഭൂമികൾ, വിൽപ്പന നടത്തിപ്പോയ ഭൂമികൾ, ഭൂരഹിതർ കുടിയേറി താമസിക്കുന്ന ഭൂമികൾ എന്നിവ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

(ബി) ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ ഏത് തരത്തിൽ പരിഹരിക്കുമെന്നത് വിശദീകരിക്കാമോ?

താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം മന്ത്രിതലത്തിലും (സർക്കാർ) സ്റ്റേറ്റ് ലാൻഡ് ബോർഡ് തലത്തിലും നടത്തിവരുന്നു. ഓരോ താലൂക്ക് ലാൻഡ് ബോർഡിനും കേസ് തീർപ്പാക്കുന്നതിന്റെ ടാർജറ്റും സമയക്രമവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് ലാൻഡ് ബോർഡുകൾക്കും ഇതര ജീവനക്കാർക്കും ഇതുമായി ബന്ധപ്പെട്ട് പരിശീലനവും നടത്തിവരുന്നു. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർക്ക് നൽകി അടിയന്തരമായി കേസുകൾ തീർപ്പാക്കാൻ കഴിയുമോയെന്ന കാര്യവും പരിശോധിക്കുന്നുണ്ട്.

(സി) മിച്ചഭൂമി സംബന്ധിച്ച പുതിയ കേസുകൾ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഒരു വ്യക്തിക്കും കുടുംബത്തിനും പരിധിയിൽ കൂടുതൽ ഭൂമിയുണ്ടോയെന്ന് നിയമാനുസൃതമായി പരിശോധിക്കുന്നത് താലൂക്ക് ലാൻഡ് ബോർഡുകളാണ്. വില്ലേജ് റിക്കാർഡുകൾ പ്രകാരം ഒരു കുടുംബത്തിന് 12 ഏക്കറിൽ കൂടുതലുള്ളവരുടെ വിവരം റവന്യൂ ഉദ്യോഗസ്ഥർ താലൂക്ക് ലാൻഡ് ബോർഡിലേയ്ക്ക് നിലവിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ആധാർ അധിഷ്ഠിത യൂണിഫൈഡ് തണ്ടപ്പേർ നമ്പർ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇത് സജ്ജമായാൽ ഭൂപരിധി പൂർണ്ണമായി നടപ്പിലാക്കാൻ കഴിയും.

(ഡി) അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഒരു വ്യക്തിക്കോ കുടുംബത്തിനോ മിച്ചഭൂമിയുണ്ടോയെന്ന് പ്രഖ്യാപിക്കാൻ താലൂക്ക് ലാൻഡ് ബോർഡിന് മാത്രമേ അധികാരമുള്ളൂ. അത്തരത്തിൽ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന മുഴുവൻ ഭൂമിയും ഏറ്റെടുത്ത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു.

**കാസർഗോഡ് താലൂക്കിൽ കരിവേടകം വില്ലേജിലെ മിച്ചഭൂമി തർക്കം**

344 (1477) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ കരിവേടകം വില്ലേജിലെ R.S. No. 36/1-ൽപ്പെട്ടതും അന്തുമാന്റെ കയ്യിൽനിന്നും ഏറ്റെടുത്തതുമായ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ നാൽപ്പത്തിയഞ്ച് വർഷമായി നിലനിൽക്കുന്ന പ്രശ്നം

പരിഹരിക്കുന്നതിനായി 25-1-2021-ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിലെടുത്ത തീരുമാനത്തിന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർനടപടിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് താലൂക്കിൽ കരിവേടകം വില്ലേജിൽ ശ്രീ. അഞ്ചുമാന്റെ കയ്യിൽനിന്ന് ഏറ്റെടുത്ത മിച്ചഭൂമിയുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ ഹർജിയിന്മേൽ നിയമപരമായ തുടർനടപടി സ്വീകരിക്കുന്നതിന് കാസർഗോഡ് താലൂക്ക് ലാൻഡ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പ്രശ്നം പരിഹരിക്കാത്തതിനാൽ ഇതിൽ ഉൾപ്പെട്ട പന്ത്രണ്ടോളം കുടുംബങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്താമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് കാസർഗോഡ് താലൂക്ക് ലാൻഡ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രശ്നപരിഹാരത്തിനും വർഷങ്ങളായി തലമുറകളായി ജീവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനുമായി 25-1-2021-ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിലെടുത്ത തീരുമാനം അംഗീകരിക്കാനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 31-5-2013-ലെ WP(സി) 6006/ 2012-ലെ വിധിന്യായത്തിലൂടെ താലൂക്ക് ലാൻഡ് ബോർഡ് പ്രഖ്യാപിച്ചതും സർക്കാർ ഏറ്റെടുത്തതുമായ മിച്ചഭൂമിയിൽ യാതൊരുവിധ തർക്കത്തിനും സാധ്യത ഇല്ലാത്തതാണെന്നും ആയതിനാൽ 19-2-2003-ലെ താലൂക്ക് ലാൻഡ് ബോർഡിന്റെ തീരുമാനപ്രകാരം 17-8-1982-ലെ തീരുമാനം അന്തിമമാണെന്നും അതിനുശേഷം യാതൊരുവിധ ഓപ്ഷനും നിയമപരിരക്ഷ ഇല്ലാത്തതുമായതിനാൽ ശ്രീ. അഞ്ചുമാന്റെ ഓപ്ഷന്റെയോ ജില്ലാ കളക്ടറുടെ യോഗതീരുമാനത്തിന്റെയോ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ മാറ്റം വരുത്താൻ താലൂക്ക് ലാൻഡ് ബോർഡിനോ ജില്ലാ കളക്ടർമാർക്കോ നിയമപരമായി സാധിക്കാത്തതുമാണ്.

(ഡി) ഇത് പരിഹരിക്കുന്നതിന് വേറെവല്ല നിർദ്ദേശവും വകുപ്പ് ആലോചിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### കൊല്ലം മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി

345 (1478) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, തൃക്കടവൂർ, തൃക്കരുവ, പനയം, മങ്ങാട് വില്ലേജ് പരിധികളിലായി ലഭ്യമായിട്ടുള്ള സർക്കാർ പുറമ്പോക്ക് ഭൂമിയുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമി അളന്ന് അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

താലൂക്ക്, വില്ലേജ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

### ഒറ്റശേഖരമംഗലം വില്ലേജിലെ പുറമ്പോക്ക് ഭൂമി

346 (1479) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഒറ്റശേഖരമംഗലം വില്ലേജിൽ എത്ര പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം സർവ്വേ നമ്പർ ഉൾപ്പെടെ ലഭ്യമാക്കാമോ; പ്രസ്തുത പുറമ്പോക്ക് ഭൂമിയിൽ സ്വകാര്യവ്യക്തികൾ കയ്യേറ്റം നടത്തിയിട്ടുണ്ടോ; വിവരം അറിയിക്കാമോ?

കാട്ടാക്കട താലൂക്കിലെ ഒറ്റശേഖരമംഗലം വില്ലേജിൽ രണ്ട് ബ്ലോക്കുകളിലായി എല്ലാത്തരം പുറമ്പോക്കുംകൂടി 195.2985 ഹെക്ടർ ഭൂമിയുണ്ട്.

| | | ഹെക്ടർ | ആർ | സ്ക്വയർ മീറ്റർ |
|---|---|---|---|---|
| ബ്ലോക്ക് നമ്പർ | 28 | 80 | 37 | 23 |
| ബ്ലോക്ക് നമ്പർ | 29 | 114 | 92 | 62 |
| ആകെ | | 195.2985 | | |

സ്വകാര്യ വ്യക്തികളുടെ കയ്യേറ്റമുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിനെതിരെ തഹസിൽദാർ (എൽ.ആർ.) കെ.എൽ.സി. ആക്ട് പ്രകാരം കയ്യേറ്റം ബുക്ക് ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. 0.1835 ഹെക്ടർ സ്ഥലം കയ്യേറ്റം ബുക്ക് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തിവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വില്ലേജിൽ നിർദ്ദിഷ്ട മലയോര ഹൈവേയ്ക്ക് അരികിലായി റോഡ് പുറമ്പോക്കിൽ എത്ര കുടുംബങ്ങളാണ് താമസിക്കുന്നത്; ഇവരിൽ എത്രപേർക്ക് മറ്റ് സ്ഥലങ്ങളിൽ ഭൂമിയുണ്ട്; ഇവരിൽ എത്രപേർക്ക് മുൻകാലങ്ങളിൽ വിവിധ സർക്കാർ പദ്ധതികളുടെ ഭാഗമായി ഭൂമി ലഭിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മലയോര ഹൈവേയ്ക്ക് അരികിലായി ഒറ്റശേഖരമംഗലം വില്ലേജിന്റെ പരിധിയിലുള്ള റോഡ് പുറമ്പോക്കിൽ 32 കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ നാല് കുടുംബങ്ങൾക്ക് വേറെ ഭൂമിയുണ്ട്. മറ്റ് വിവരങ്ങൾ ലഭ്യമല്ല.

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുരോഗതി അറിയിക്കാമോ;

(ഡി) ഒറ്റശേഖരമംഗലം വില്ലേജിൽ വിവിധ ഇടങ്ങളിലായി ലഭ്യമായിട്ടുള്ള പുറമ്പോക്ക് ഭൂമിയിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദവിവരങ്ങൾ അറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

## ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പുകല്പിക്കാനുള്ള കേസ്സുകൾ

347 (1480) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃത്യമായ റീ-സർവ്വേ രേഖകളുടെ അഭാവത്തിൽ പരിഹരിക്കപ്പെടാനാകാത്ത നിരവധി കേസുകൾ ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ലാൻഡ് ട്രിബ്യൂണൽ കേസിന് ആസ്പദമായ ഭൂമി റീ-സർവ്വേ നടത്താത്തതുകൊണ്ട് സർക്കാർ ഭൂമി, വനഭൂമി എന്നിവയാണോയെന്ന് തർക്കമുള്ള സാഹചര്യത്തിലും സർവ്വേ പ്രശ്നങ്ങളുള്ളതിനാൽ ഭൂമി തിരിച്ചറിയാൻ കഴിയാത്ത സാഹചര്യത്തിലും ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ തീർപ്പാക്കാൻ പ്രയാസമുണ്ടാകാം. എന്നാൽ റീ-സർവ്വേ നടന്നിട്ടില്ല എന്നതുകൊണ്ട് ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ തീർപ്പാക്കുന്നതിന് തടസ്സമില്ല. സംസ്ഥാനത്ത് സമഗ്രമായി റീ-സർവ്വേ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂരിൽ ലാൻഡ് ട്രിബ്യൂണൽ ഓഫീസ്

348 (1481) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ ജനങ്ങൾക്ക് പട്ടയംപോലുള്ള ഭൂമി സംബന്ധമായ കാര്യങ്ങൾ ഒത്തുതീർപ്പാക്കുന്നതിന് പട്ടാമ്പി വരെ യാത്ര ചെയ്യേണ്ടിവരുന്നതിലുള്ള വൈഷമ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിൽ നിലവിലുണ്ടായിരുന്ന 15000-ത്തോളം കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന ഉദ്ദേശത്തോടെയാണ് ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിനെ വിഭജിച്ച് പട്ടാമ്പി എന്ന പേരിൽ ഒരു ലാൻഡ് ട്രിബ്യൂണൽകൂടി സ്ഥാപിച്ചത്. പട്ടാമ്പി എന്ന പേരാണുള്ളതെങ്കിലും നേരത്തെ പ്രവർത്തിച്ചിരുന്ന ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷനിൽ തന്നെയാണ് പുതിയ ലാൻഡ് ട്രിബ്യൂണലും നിലവിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ പുതിയ ലാൻഡ് ട്രിബ്യൂണൽ സ്ഥാപിച്ചതുകൊണ്ട് ജനങ്ങൾക്ക് നേരത്തെയുള്ള അവസ്ഥയിൽനിന്ന് വ്യത്യസ്തമായി ബുദ്ധിമുട്ടുകളൊന്നുമുണ്ടായിട്ടില്ല.

(ബി) ലാൻഡ് ട്രിബ്യൂണൽ ഒറ്റപ്പാലത്തുനിന്നും പട്ടാമ്പിയിലേയ്ക്ക് മാറ്റിയതിന്റെ മാനദണ്ഡം വിശദമാക്കാമോ?

ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിൽ 15000-ത്തോളം കേസ്സുകളാണ് നേരത്തെയുണ്ടായിരുന്നത്. ഈ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന ഉദ്ദേശത്തോടെയാണ് ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിനെ വിഭജിച്ച് പട്ടാമ്പി എന്ന പേരിൽ ഒരു ലാൻഡ് ട്രിബ്യൂണൽകൂടി സ്ഥാപിച്ചത്. ജനങ്ങൾക്ക് വരുന്നതിനും പോകുന്നതിനുമുള്ള സൗകര്യത്തെക്കാളുപരി നിലവിലുണ്ടായിരുന്ന കേസ്സുകൾ 7500 വച്ച് രണ്ടായി വിഭജിക്കണമെന്ന ഉദ്ദേശത്തോടെയാണ് അധികാര പരിധി നിശ്ചയിച്ചത്. ഭൂമിശാസ്ത്രപരമായി വിഭജിച്ചാൽ കേസ്സുകളിൽ ഏറ്റക്കുറച്ചിലുണ്ടാകുകയും ഉദ്ദേശ്യലക്ഷ്യം നിർവ്വഹിക്കാൻ കഴിയാതെയും വരും. ആയതിനാലാണ് നിലവിലെ രീതിയിൽ വിഭജനം നടത്തിയത്.

(സി) ആലത്തൂരിൽ ലാൻഡ് ട്രിബ്യൂണൽ ഓഫീസ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ പട്ടയം സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനായി ഒരു സിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ?

ലാൻഡ് ട്രിബ്യൂണലുകൾക്ക് അധികാര പരിധിക്കകത്ത് ഏത് സ്ഥലത്തുവച്ചും ക്യാമ്പ് സിറ്റിംഗുകൾ നടത്താവുന്നതാണ്. ആലത്തൂരിൽ ക്യാമ്പ് സിറ്റിംഗ് നടത്താനുള്ള നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

## പ്രളയത്തിലും അതിവൃഷ്ടിയിലും തകർന്ന മണ്ണ് റോഡുകൾ

349 (1482) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിലും അതിവൃഷ്ടിയിലും തകർന്ന മണ്ണ് റോഡുകൾ റവന്യൂ വകുപ്പിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് പദ്ധതി പ്രകാരം കോൺക്രീറ്റിംഗ് നടത്തി, ഗതാഗതയോഗ്യമാക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ദുരന്ത പ്രതികരണനിധിയുടെ വിനിയോഗവുമായി ബന്ധപ്പെട്ട കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തര പുനരുദ്ധാരണത്തിന് മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നൽകാൻ സാധിക്കുന്നത്. അതുപ്രകാരം മണ്ണ് റോഡുകളിൽ പുതിയതരം നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ അനുവദിക്കാൻ സാധിക്കുകയില്ല. മണ്ണ് റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികൾക്ക് ആഡിറ്റ് തടസ്സവും നിലനിൽക്കുന്നുണ്ട് എന്നതിനാൽ മണ്ണ് റോഡുകൾ കോൺക്രീറ്റ് റോഡുകളാക്കുന്ന പ്രവൃത്തികൾക്ക് നിലവിൽ അനുമതി നൽകാനാകില്ല.

## റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങൾ

350 (1483) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ട ഏതെല്ലാം സേവനങ്ങളാണ് ഡിജിറ്റലായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ; എഫ്.എം.ബി. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി ലഭിക്കുമോ; വിശദീകരിക്കുമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ചുവടെ ചേർത്തിട്ടുള്ള സേവനങ്ങളാണ് ഡിജിറ്റലായി ലഭ്യമാകുന്നത്.

1) ഇ-ഡിസ്ട്രിക്ട്

2) ആർ.ആർ. ഓൺലൈൻ

3) ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം)

4) റവന്യൂ ഇ-പേമെന്റ്

5) റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)

6) റവന്യൂ മിത്രം

7) വില്ലേജ് വെബ്സൈറ്റ്

8) റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്പ്

9) തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

10) ലൊക്കേഷൻ മാപ്പ് ഓൺലൈൻ

11) FMB ഓൺലൈൻ അടിസ്ഥാന നികുതി രജിസ്റ്റർ (BTR)

ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുള്ള 1663 വില്ലേജുകളിൽ നിന്നും തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ മാപ്പ് എന്നിവ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കി ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റിയിട്ടുള്ള 87 വില്ലേജുകളിൽ ഡിജിറ്റൽ FMB സ്കെച്ച് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ ഏതെല്ലാം സേവനങ്ങൾക്കാണ് മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നതിനും ഓൺലൈൻ അല്ലാതെയുള്ള പോക്കുവരവ് (ഭൂമിയുടെ ക്രയവിക്രയം നടന്നത് സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation) സംവിധാനം നിലവിൽ വരുന്നതിന് മുൻപ് നടന്നിട്ടുള്ളതും എന്നാൽ പോക്കുവരവ് ചെയ്തിട്ടില്ലാത്തതുമായ പോക്കുവരവ് അപേക്ഷകൾ) ചെയ്യുന്നതിനും ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഭൂരഹിതരുടെ അപേക്ഷകളിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അന്തഃസത്ത പാലിച്ച് സാധാരണക്കാരനെ ഭൂമിയുടെ ഉടമയാക്കുകയും ഭൂരഹിതരില്ലാത്ത കേരളം എന്ന ആശയത്തിലൂന്നി അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കുകയും ചെയ്യുക, എല്ലാ ഭൂമിക്കും കൃത്യതയോടെ രേഖ ഉറപ്പുവരുത്തുക എന്നിവയാണ് " എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ" പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള നിയമസംവിധാനം പ്രയോജനപ്പെടുത്തി പരമാവധി ആളുകൾക്ക് പട്ടയം വിതരണം ചെയ്യും. സംസ്ഥാനത്തെ ഡിജിറ്റൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകളുടെ ഏകീകൃത പോർട്ടൽ ഒരുക്കുന്നതിനും അതിലൂടെ ഭൂമി സംബന്ധമായ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പരമാവധി ലളിതവത്കരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

(ഡി) ഭൂമിയുടെ തരംമാറ്റൽ അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നതിന് സൗകര്യമുണ്ടോ; ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ; വിശദമാക്കാമോ?

അടിസ്ഥാന നികുതി രജിസ്റ്റർ (BTR) ഡിജിറ്റൈസ് ചെയ്ത് ഓൺലൈനാക്കിയിട്ടുള്ള 1663 വില്ലേജുകളിലും ഭൂമിയുടെ തരംമാറ്റൽ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഭൂമിയുടെ തരംമാറ്റൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാഞ്ഞിരപ്പള്ളി റവന്യൂ കോംപ്ലക്സ്

351 (1484) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ റവന്യൂ കോംപ്ലക്സ് സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റവന്യൂ കോംപ്ലക്സ് യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോ; അറിയിക്കുമോ?

(എ&ബി) കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ സമീപത്തുള്ളതും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതുമായ കാഞ്ഞിരപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 11-ൽ റീ-സർവ്വേ 102/3-ൽപ്പെട്ട 14 ആർ സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കാനുള്ള പ്രൊപ്പോസൽ കോട്ടയം ജില്ലാ കളക്ടർ പരിശോധിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

352 (1485) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈനായി ലഭ്യമാകുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ചുവടെചേർത്തിട്ടുള്ള സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാകുന്നത്.

1. ഇ-ഡിസ്ട്രിക്ട്: വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ: റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ. ഓൺലൈൻ.

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation):- ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ്.

4. റവന്യൂ ഇ-പേമെന്റ്:- സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. റിലീഫ് (സമഗ്ര ദുരിത മാനേജുമെന്റ് സംവിധാനം):- പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനുള്ള റിലീഫ് വെബ് പോർട്ടലും നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും ഇതോടൊപ്പം സംയോജിപ്പിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു.

6. റവന്യൂ മിത്രം:- റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പുമന്ത്രിക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്.

7. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ:- റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ്‌ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ:- വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ.

9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ:- വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS-മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ.

10. FMB ഓൺലൈൻ:- ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈനായി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കാൻ കഴിയുന്ന മൊഡ്യൂൾ.

11. വില്ലേജ് വെബ്സൈറ്റ്:- സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകൾക്കും വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. വില്ലേജിനെപറ്റിയുള്ള വിവരങ്ങളും വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളും വില്ലേജ് വെബ്സൈറ്റിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

(ബി) ഓൺലൈൻ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ജില്ലാ ഭരണകൂടങ്ങൾ വഴിയും പത്രങ്ങൾ, സാമൂഹിക മാധ്യമങ്ങൾ, ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകൾ, കോമൺ സർവ്വീസ് സെന്ററുകൾ എന്നിവ മുഖാന്തരവും വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിയുടെ ആരംഭഘട്ടത്തിൽ വകുപ്പ് പ്രതീക്ഷിച്ച തരത്തിൽ ഗ്രാമീണ ജനവിഭാഗങ്ങൾ ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിന്റെ പൊതുസാഹചര്യത്തിൽ നഗര-ഗ്രാമീണ ജനവിഭാഗങ്ങൾക്കിടയിൽ വലിയ രീതിയിലുള്ള ഡിജിറ്റൽ ഡിവൈഡ് നിലവിലില്ല. സ്മാർട്ട് ഫോണുകളിലെ അടിസ്ഥാന സേവനങ്ങൾ ഉപയോഗിക്കാൻ അറിയാവുന്നവർക്ക് എളുപ്പം കൈകാര്യം ചെയ്യാൻ പാകത്തിൽ ലളിതമായ യൂസർ ഇന്റർഫേസുകളും പ്രോസസ്സുകളുമാണ് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്ന വെബ് പോർട്ടലുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും തയ്യാറാക്കിയിട്ടുള്ളത്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട ഓഫീസുകളിലെ ഉദ്യോഗസ്ഥരും കോമൺ സർവ്വീസ് സെന്ററുകളും സന്നദ്ധരാണ്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുന്ന വിവിധ തലങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളിൽനിന്നും ലഭിക്കുന്ന പ്രതികരണങ്ങളനുസരിച്ച് സോഫ്റ്റ്വെയറിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും റവന്യൂ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്.

## ശ്രീകണ്ഠപുരം റവന്യൂ ടവർ

353 (1486) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകണ്ഠപുരത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) ഇല്ല.

(സി) ഇല്ലെങ്കിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ്

354 (1487) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസായി നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ശ്രീ. ചാക്കോ വർഗ്ഗീസ് (S/o വർഗ്ഗീസ് വി. സി., ഫിലാറ്റക്സ് നാച്വറൽ ഫിലമെന്റ് എന്റർപ്രൈസസ് ലിമിറ്റഡ്) പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നം.12 റീ-സർവ്വേ നമ്പർ 55/1-ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം സർക്കാരിലേയ്ക്ക് വിട്ടുനൽകുന്നതിന് തയ്യാറായിട്ടുള്ളതാണ്. എന്നാൽ ടി ഭൂമി ഉൾപ്പെടെ 1.4805 ഹെക്ടർ ഭൂമി ടിയാൾ സൗത്ത് ഇൻഡ്യൻ ബാങ്ക് തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ പണയപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബാങ്കിൽനിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി പാലക്കാട് സബ് കളക്ടർ 16-7-2021-ൽ ആർ.ഡി.ഒ. പി.കെ.ഡി/8/2020-സി1 നമ്പർ കത്ത് പ്രകാരം ചീഫ് മാനേജർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. തിരുവനന്തപുരം സൗത്ത് ഇൻഡ്യൻ ബാങ്ക് പ്രധാന ശാഖയിൽനിന്നും നിരാക്ഷേപപത്രം ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ സ്ഥലമേറ്റെടുത്ത് തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

355 (1488) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അറിയിക്കാമോ?

പുതുക്കാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് സർവ്വേ 190/1-ൽ 0.2234 ഹെക്ടർ ഭൂമി ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസറുടെ 28-12-2020-ലെ എ 3-1178/2019 നടപടി ക്രമപ്രകാരം വിട്ടൊഴിഞ്ഞ് ഉത്തരവായിട്ടുള്ളതും ആയത് പുറമ്പോക്ക് ഭൂമിയായി വില്ലേജ് രേഖകളിൽ മാറ്റം വരുത്തിയിട്ടുള്ളതുമാണ്.

(ബി) പുതുക്കാട് സബ്ട്രഷറി നിർമ്മാണത്തിനായി സ്ഥലം അനുവദിക്കുന്നതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ് അറിയിക്കാമോ; അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പുതുക്കാട് സബ്ട്രഷറി നിർമ്മിക്കുന്നതിനായി മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് സർവ്വേ 190/1-ൽ ഉൾപ്പെട്ട 0.0423 ഹെക്ടർ ഭൂമി ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസറുടെ 28-12-2020-ലെ എ 3-1178/2019 നടപടിക്രമപ്രകാരം വിട്ടൊഴിഞ്ഞ് പുറമ്പോക്ക് ഭൂമിയായി വില്ലേജ് രേഖകളിൽ മാറ്റം വരുത്തിയിട്ടുള്ളതും ഭൂമി കൈമാറ്റത്തിനുള്ള അപേക്ഷ ട്രഷറി വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചതിൻമേൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**മലപ്പുറം റവന്യൂ ടവർ**

356 (1489) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടത് അനിവാര്യമാകയാൽ ആയതിന് എത്രയും വേഗം അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ നിലവിലെ കളക്ടറേറ്റ് പ്രവർത്തിക്കുന്നത് നൂറിലേറെ വർഷം പഴക്കമുള്ളതും ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതുമായ കെട്ടിടത്തിലാണ്. നിലവിൽ ടി കെട്ടിടം കളക്ടറേറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലാത്തതും ജീർണ്ണാവസ്ഥ (ചോർന്നൊലിക്കുന്ന)യിലുള്ളതുമാണ്. ഇത് പരിഹരിക്കുന്നതിനായി കളക്ടറേറ്റും മലപ്പുറം ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ റവന്യൂ ഓഫീസുകൾക്കുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുകയുണ്ടായില്ല.

(ഡി) കളക്ടറുടെ ചേംബർ ഉൾക്കൊള്ളുന്ന കെട്ടിടത്തിന്റെ ചരിത്ര പ്രാധാന്യവും തനിമയും നിലനിർത്തിക്കൊണ്ട് പുതുക്കിപ്പണിയാൻ ശ്രദ്ധിക്കുമോ; വിവരം ലഭ്യമാക്കുമോ?

കളക്ടറുടെ ചേംബർ ഉൾക്കൊള്ളുന്ന കെട്ടിടത്തിന്റെ ചരിത്ര പ്രാധാന്യവും തനിമയും നിലനിർത്തുന്നതിനായി വർഷാവർഷങ്ങളിൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) മുഖേന അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്.

## കിഴക്കുംഭാഗം - വടക്കുംഭാഗം വില്ലേജ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

357 (1490) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കിഴക്കുംഭാഗം-വടക്കുംഭാഗം വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവരുന്ന ഭൂമിയിൽനിന്നും എത്ര സെന്റുഭൂമി വീതമാണ് കൃഷിഭവൻ, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി, മൃഗാശുപത്രി എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി വിട്ടുനൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ആലുവ മണ്ഡലത്തിലെ കിഴക്കുംഭാഗം-വടക്കുംഭാഗം വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവരുന്ന ഭൂമിയിൽനിന്നും മറ്റുസർക്കാർ സ്ഥാപനങ്ങൾക്ക് വിട്ടുനൽകിയ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

കൃഷി ഭവൻ - (2.71 ആർ)

ആയുർവേദ ഡിസ്പെൻസറി & ഹോമിയോ ഡിസ്പെൻസറി - (10.12 ആർ)

മൃഗാശുപത്രി - (2.95 ആർ).

(ബി) ആയതിൽ മൃഗാശുപത്രിയിലേയ്ക്കുള്ള വഴിക്കായി പ്രത്യേകം സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ; വഴിക്കായി വിട്ടുനൽകിയ ഭൂമിയുടെയും വഴിയുടെയും സ്കെച്ച് ലഭ്യമാക്കാമോ?

ഉണ്ട്. സ്കെച്ച്, മഹസ്സറിന്റെ പകർപ്പ് എന്നിവ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ടി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പുതിയ നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ആയതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കാമോ?

ഇല്ല.

(ഡി) സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത വില്ലേജ് ഓഫീസിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുന്നതിന് പണം വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ടി വഴി ടൈൽ പാകി സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇല്ല. നിലവിൽ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ മാത്രമാണ് പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകുന്നത്. ആയതിനാൽ വഴിയുടെ നവീകരണം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

## റവന്യൂ വകുപ്പിലെ ഒഴിവുകൾ

358 (1491) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകാത്തതുമൂലം സീനിയർ ക്ലാർക്ക് മുതൽ ഡെപ്യൂട്ടി തഹസീൽദാർ വരെയുള്ള വിവിധ തസ്തികകളിലായി നിരവധി ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

റവന്യൂ വകുപ്പിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകാത്തതുമൂലം തഹസീൽദാർ തസ്തികയിൽ 12 ഒഴിവുകളും ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ 198 ഒഴിവുകളും വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 34 ഒഴിവുകളും സീനിയർ ക്ലാർക്ക് തസ്തികയിൽ 177 ഒഴിവുകളും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ പ്രൊമോഷനുകൾ നടപ്പിലാക്കാത്തതുമൂലം താഴെത്തട്ടിൽ എൽ.ഡി.സി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി എൽ.ഡി.സി. വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പിൽ പ്രൊമോഷൻ നടക്കാത്തതുമൂലം എൽ.ഡി.സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൊമോഷന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഓരോ തസ്തികയിലുമുള്ള ഒഴിവുകൾ 8-6-2021-ലെ സ.ഉ.(കൈ) നം.13/2021/ഉ.ഭ.പ.വ, 30-7-2021-ലെ സ.ഉ.(സാധാ) നം.2488/21/റ.വ. എന്നീ ഉത്തരവുകൾ പ്രകാരം ഡീകേഡർ ചെയ്ത് എൻട്രി കേഡറിലാക്കി 340 ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ നൽകിയവർക്ക് നിയമനം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ സ്ഥലംമാറ്റ നടപടി**

359 (1492) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സ്ഥലംമാറ്റ നടപടികൾ ഓൺലൈനായി നടത്തണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ഉണ്ടായിട്ടുണ്ടോ; പ്രസ്തുത വിധി വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടോ?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ പൊതുമാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി 26-8-2020-ലെ സ.ഉ.(സാധാ)നം.2723/2020/റ.വ. ഉത്തരവുപ്രകാരം റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-7-2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിൽ നടപ്പിലാക്കേണ്ടതാണെന്ന് 22-1-2021-ലെ സ.ഉ.(സാധാ) നം.252/21/റ.വ.നം. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. തുടർന്ന് ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് 26-8-2020-ൽ പുറപ്പെടുവിച്ചിരുന്ന ഉത്തരവ്, ലാൻഡ് റവന്യൂ കമ്മീഷണർ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്തുകൊണ്ട് 30-7-2021-ൽ സ.ഉ.(സാധാ) നം.2485/21/റ.വ. നം.ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1258/2021 നമ്പർ കേസിലെ 5-8-2021-ലെ ഇടക്കാല ഉത്തരവുപ്രകാരം പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നത്

താൽക്കാലികമായി തടഞ്ഞിരിക്കുന്നതിനാൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ വകുപ്പിൽ നിലവിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രമുഖ സർവ്വീസ് സംഘടനയുടെ സമ്മർദ്ദത്തിന് വഴങ്ങി ഓൺലൈൻ സ്ഥലംമാറ്റം അട്ടിമറിച്ചതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല സ്റ്റേ ഉത്തരവുള്ളതുകൊണ്ടാണ് വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടത്താൻ കഴിയാത്തത്.

**റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കൽ**

360 (1493) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വേയർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ കുറവ് പട്ടയ വിതരണത്തിൽ കാലതാമസം വരുത്തുന്നതായി ഭരണകക്ഷി എം.എൽ.എ. ഉൾപ്പെടെയുള്ളവർ ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ, പട്ടയ സർവ്വേ ജോലികൾ എന്നിവ ജില്ലകളിൽ ലഭ്യമായ ജീവനക്കാരുടെ സേവനം വിനിയോഗിച്ച് പരമാവധി വേഗത്തിൽ നിർവ്വഹിച്ചുവരികയാണ്. സർവ്വേയർമാരുടെ കുറവ് പരിഹരിക്കുന്നതിനായി 110 ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സർവ്വേയർ തസ്തികകളായി പരിവർത്തനം ചെയ്ത് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മാവേലിക്കര, പാലമേൽ വില്ലേജിൽ വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം**

361 (1494) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് 21-ൽ മുൻ സർവ്വേ നമ്പർ 220/2-15-ൽപ്പെട്ട വസ്തുവിന്റെ എൽ.എ. സ്കെച്ച് പ്രകാരമുള്ള വിസ്തീർണം 18 ആർ-ഉം സ്കെച്ചിനോടൊപ്പം ഹാജരാക്കിയ വിസ്തീർണ്ണത്തിൽ 30.58 ആർ-ഉം ആയി രേഖപ്പെടുത്തിയിരിക്കുന്നതിലെ പൊരുത്തക്കേട് പരിഹരിച്ചിട്ടുണ്ടോ?

നിലവിൽ പരിഹരിച്ചിട്ടില്ല.

(ബി) ഈ വിഷയത്തിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ആനന്ദമന്ദിരത്തിൽ ശ്രീ. കെ. രവീന്ദ്രന്റെ പരാതിയിന്മേൽ ജില്ലാകളക്ടറുടെ 23-1-2021-ലെ നോട്ടീസ് പ്രകാരം 28-1-2021-ൽ പരാതിക്കാരനെ നേരിൽ കേട്ടിരുന്നോ?

28-1-2021-ൽ പരാതിക്കാരനെ നേരിൽ കേട്ടിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത യോഗത്തിൽ പങ്കെടുത്തത് ആരൊക്കെയാണെന്നും യോഗ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

28-1-2021-ൽ വിചാരണയാണ് നടന്നത്. ടി വിചാരണയിൽ പരാതിക്കാരനായ ശ്രീ. കെ. രവീന്ദ്രൻ, മാവേലിക്കര ഭൂരേഖ തഹസിൽദാർ, മാവേലിക്കര (എൽ.എ.) ഡെപ്യൂട്ടി തഹസിൽദാർ, ആലപ്പുഴ എൽ.എ. (ജി) സ്പെഷ്യൽ തഹസിൽദാർ ഓഫീസ് സീനിയർ ക്ലാർക്ക് എന്നിവർ പങ്കെടുത്തു.

(ഡി) പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

28-1-2021-ൽ വിചാരണയാണ് നടത്തിയിട്ടുള്ളത്. അതിനാൽ മിനിട്ട്സ് ലഭ്യമല്ല.

**മൂന്നാറിനോട് ചേർന്ന വില്ലേജുകളിലെ നിർമ്മാണ പ്രവർത്തന വിലക്ക്**

362 (1495) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മൂന്നാറിനോട് ചേർന്ന് കിടക്കുന്ന എട്ട് വില്ലേജുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ആയതിനായി ഇറക്കിയ സർക്കാർ ഉത്തരവ്/ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)1801/2010, WP(C)34095/2009 എന്നീ കേസുകളിലെ 21-1-2010-ലെ ഇടക്കാല ഉത്തരവിൽ, മൂന്നാർ മേഖലയിൽ റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നില്ലെന്ന് റവന്യൂ, തദ്ദേശസ്വയംഭരണ, പോലീസ്, വനം എന്നീ വകുപ്പുകളുടെ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിക്കൊണ്ടും അപ്രകാരം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഇടുക്കി ജില്ലാ കളക്ടർ 9-6-2016-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിർമ്മാണ പ്രവൃത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള വില്ലേജുകളുടെ പേരും താലൂക്കും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) മൂന്നാറിൽനിന്നും നൂറ് കിലോമീറ്ററിന് മേൽ ദൂരമുള്ളതും പീരുമേട് താലൂക്കിൽ ഉൾപ്പെടുന്നതുമായ ആനവിലാസം വില്ലേജ് ഈ പട്ടികയിൽ ഉൾപ്പെടാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പട്ടികയിൽനിന്നും ആനവിലാസം വില്ലേജ് ഒഴിവാക്കപ്പെടേണ്ടതായിരുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആനവിലാസം വില്ലേജിനെ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(ബി-ഇ) മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ അധികാരപരിധിയിൽ വരുന്ന വില്ലേജുകളെയാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കിയിട്ടുള്ളത്. ദേവികുളം താലൂക്കിലെ ആനവിരട്ടി, പള്ളിവാസൽ, കെ.ഡി.എച്ച്., വെള്ളത്തൂവൽ എന്നീ വില്ലേജുകളും ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ, ബൈസൺവാലി, ശാന്തൻപാറ, ആനവിലാസം എന്നീ വില്ലേജുകളിലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി എട്ട് വില്ലേജുകൾക്കുപുറമേ കെ.ഡി.എച്ച്. വില്ലേജിനെ വിഭജിച്ച് രൂപീകരിച്ച മൂന്നാർ വില്ലേജുകൂടി അവയിൽ ഉൾപ്പെടുന്നു. ആനവിലാസം വില്ലേജിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ബാധകമാക്കിയത് പ്രദേശവാസികളിൽ നിന്നും എതിർപ്പിന് ഇടയാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ പ്രദേശം പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**മൂന്നാർ മേഖലയിലെ ലൈഫ് പദ്ധതി**

363 (1496) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യമാണ് എന്ന കാരണത്താൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ നിർമ്മാണം തടസ്സപ്പെടുകയും തുടർന്ന് പൂർത്തീകരിക്കാൻ കഴിയാതെ വരികയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാരണത്താൽ നിർമ്മാണ തടസ്സം നേരിട്ട വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) മൂന്നാർ മേഖലയിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽപ്പെട്ട ഭവനനിർമ്മാണങ്ങൾക്കും നിരാക്ഷേപപത്രം ബാധകമാണ്. പട്ടയമുള്ള ഭൂമിക്ക് നിരാക്ഷേപപത്രം അനുവദിക്കുകയും പട്ടയമില്ലാത്ത ഭൂമിയിൽ നിർമ്മാണപ്രവർത്തനത്തിനുള്ള അപേക്ഷകൾ നിരസിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടതും പട്ടയമില്ലാത്തതിനാൽ എൻ.ഒ.സി. നിരസിക്കപ്പെട്ടതുമായി മൂന്നാർ പഞ്ചായത്തിൽ 73 വീടുകളും പള്ളിവാസൽ പഞ്ചായത്തിൽ 14 വീടുകളുമുണ്ട്.

(ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

WP(C) 34095/09, WP(C)1801/2010 കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 21-1-2010-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യമാണ്.

**കടമക്കുടിയിലെ ശ്മശാന നിർമ്മാണാനുമതി**

364 (1497) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ കടമക്കുടി ഗ്രാമപഞ്ചായത്ത് വക റീ-സർവ്വേ 28/9-ൽ ഉൾപ്പെട്ട 11.10 ആർ. സ്ഥലത്ത് ശ്മശാന നിർമ്മാണാനുമതിക്കും ലൈസൻസിനുമായി കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-1-2017-ൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) അനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

(എ&ബി) കടമക്കുടി വില്ലേജിൽ കടമക്കുടി ഗ്രാമപഞ്ചായത്ത് വക റീ-സർവ്വേ 28/9-ൽ ഉൾപ്പെട്ട 11.10 ആർ സ്ഥലത്ത് ശ്മശാന നിർമ്മാണ അനുമതിക്കും ലൈസൻസിനുമായി കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-1-2017-ൽ സമർപ്പിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല. എന്നാൽ എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ടി അപേക്ഷയിൽ കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ 6(7) പ്രകാരം, ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനും കടമക്കുടി വില്ലേജ് ഓഫീസിലും കടമക്കുടി ഗ്രാമപഞ്ചായത്തിലും നിശ്ചിത മാതൃകയിലുള്ള നോട്ടീസ് പരസ്യപ്പെടുത്താൻ നൽകിയിട്ടുണ്ടെന്നും ശ്മശാന നിർമ്മാണത്തിന് അനുമതി നൽകിയാൽ ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാനപ്രശ്നം ഉണ്ടാകാനിടയുണ്ടോയെന്ന് ജില്ലാ പോലീസ് മേധാവിയോടും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ടോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയറോടും പ്രസ്തുത വസ്തു ശ്മശാന നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന് സബ്കളക്ടറോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമി പൊതുശ്മശാനത്തിന് അനുയോജ്യമാണോ എന്നാരാഞ്ഞുകൊണ്ട് 2-7-2017-നും 30-4-2018-നും എറണാകുളം കളക്ടറേറ്റിൽനിന്നും അയച്ച കത്തിന് മറുപടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) പൊതുശ്മശാനത്തിനുള്ള അനുമതിയും ലൈസൻസും എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതായും റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ ഫോർട്ട് കൊച്ചി സബ്കളക്ടർക്ക് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

365 (1498) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് താലൂക്കിലെ നറുകര വില്ലേജ് ഓഫീസിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഏറനാട് താലൂക്കിലെ നറുകര വില്ലേജിന്റെ വിസ്തൃതിയും ജനസംഖ്യയും കൂടുതലായതിനാൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകരുടെ എണ്ണം കൂടുതലാണ്. കൂടുതൽ ജീവനക്കാരെ നിയോഗിച്ച് സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

## അധികഭൂമി കൈവശം വയ്ക്കൽ

366 (1499) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ജില്ലകളിലും വ്യക്തികൾ ഭൂപരിധി ലംഘിച്ച് ഭൂമി വാങ്ങിക്കൂട്ടിയതായി എ.ജി. റിപ്പോർട്ട് ചെയ്യുകയുണ്ടായോ?

റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര പേർ എത്ര ഭൂമി വീതമാണ് വാങ്ങിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളിലായി 212 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 28 കേസ്സുകളിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡുകളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 74 കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നുണ്ട്. മറ്റുള്ള കേസ്സുകളിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിൽ കവിഞ്ഞ അളവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി കണ്ടെത്തി താലൂക്ക് ലാൻഡ് ബോർഡുകൾ സ്വമേധയാ കേസെടുത്തുവരുന്നുണ്ട്. കൂടാതെ റവന്യൂ ഉദ്യോഗസ്ഥർ ഇത്തരം കേസ്സുകൾ താലൂക്ക് ലാൻഡ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. എ.ജി.-യുടെ റിപ്പോർട്ട് പ്രകാരമുള്ള വ്യക്തികളുടെ വിവരങ്ങൾ അതത് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് കൈമാറിയിട്ടുണ്ട്. തണ്ടപ്പേരിലും രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലും ഒരു വ്യക്തിയുടെ മൊത്തം ഭൂമിയുടെ വിവരങ്ങളാണുള്ളത്. ആ വിവരങ്ങളാണ് എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ നിയമം അനുശാസിക്കുന്ന ഒഴിവുകൾ നൽകിയതിനുശേഷവും ഓരോ വ്യക്തിയുടെയും കുടുംബസ്ഥിതി അനുസരിച്ചുള്ള പരിധി ഓരോ കേസിലും നിശ്ചയിച്ച് മാത്രമേ ഇവർക്ക് പരിധിയിൽ കൂടുതൽ ഭൂമിയുണ്ടോയെന്ന് നിലവിൽ നിശ്ചയിക്കാൻ കഴിയുകയുള്ളൂ. യൂണിക് തണ്ടപ്പേർ സിസ്റ്റം (UTS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി തണ്ടപ്പേർ ആധാറുമായി ലിങ്ക് ചെയ്യുന്നതിനുള്ള നടപടിക്ക് കേന്ദ്ര ഇലക്ട്രോണിക്സ് വിവര-സാങ്കേതിക മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടെ ഒരാൾക്ക് കേരളത്തിൽ എവിടെ ഭൂമിയുണ്ടായാലും ഒറ്റ തണ്ടപ്പേർ ആയിരിക്കും. അതോടെ ഭൂപരിഷ്കരണ നിയമത്തിൽ പ്രതിപാദിക്കുന്നതിൽ കവിഞ്ഞ ഭൂമി സ്വന്തമാക്കാൻ ആർക്കും കഴിയാത്ത സാഹചര്യമുണ്ടാക്കാനാകും.

## റവന്യൂ വകുപ്പിലെ ജനപങ്കാളിത്തവും കാര്യക്ഷമതയും

367 (1500) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിലെ സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തി കാര്യക്ഷമമാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെകുറിച്ച് വിശദമാക്കാമോ?

റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസുൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന്

ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ ലഭിക്കുന്നതിനും സാധിക്കുന്നു. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിനുവേണ്ടിവരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കാനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകാനും സാധിക്കുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)
4. റവന്യൂ ഇ-പേമെന്റ്
5. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
6. റവന്യൂ മിത്രം
7. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ
8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ
9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ
10. FMB ഓൺലൈൻ
11. വില്ലേജ് വെബ്സൈറ്റ്
12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

കൂടാതെ, സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്കുപുറമേ ചുവടെ ചേർക്കുന്ന പദ്ധതികൾകൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റവന്യൂ പോർട്ടൽ

2. വിവരാവകാശം ഓൺലൈൻ: റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ.

3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ

കൂടാതെ, എല്ലാ ഭൂമിക്കും കൃത്യമായ രേഖ തയ്യാറാക്കുക, കാലഘട്ടത്തിനനുസൃതമായി ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാനത്ത് ഡിജിറ്റൽ മാപ്പുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും കുറച്ച്, ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പദ്ധതി ചെലവായ 807.98 കോടി രൂപയിൽ 339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതും ജനപങ്കാളിത്തം ഉറപ്പുവരുത്തി പദ്ധതി ആരംഭിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**മുട്ടിൽ മരം മുറി അഴിമതിയിൽ വകുപ്പുതല അന്വേഷണം**

368 (1501) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ 24-10-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൻതോതിൽ രാജമരങ്ങൾ വെട്ടിമാറ്റിയ സംഭവത്തിൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

24-10-2020-ലെ ഉത്തരവിന്റെ മറവിൽ നടത്തിയ അനധികൃത മരംമുറി സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിവരുന്നു.

(ബി) റവന്യൂ വകുപ്പിന്റെ ട്രീ രജിസ്റ്റർ എല്ലാ ജില്ലകളിലും സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; രജിസ്റ്റർ ഇല്ലാത്ത ജില്ലകളുടെ വിവരങ്ങൾ നൽകാമോ?

ട്രീ രജിസ്റ്റർ വില്ലേജുകളിലാണ് സൂക്ഷിക്കുന്നത്. അപൂർവ്വം ചില വില്ലേജുകളിലൊഴികെ മറ്റെല്ലാ വില്ലേജുകളിലും ട്രീ രജിസ്റ്റർ ലഭ്യമാണ്.

(സി) പ്രസ്തുത ഉത്തരവിന്റെ മറവിൽ മുറിച്ചുമാറ്റിയ രാജമരങ്ങളുടെ കണക്കെടുപ്പ് ട്രീ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം വിശദമായ അന്വേഷണം നടത്തി വരുന്നു.

(ഡി) ട്രീ രജിസ്റ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ നഷ്ടപ്പെട്ട മരങ്ങളുടെ വിവരങ്ങൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ?

മുറിച്ച മരങ്ങളുടെ പ്രായം ശാസ്ത്രീയമായി കണക്കാക്കി പട്ടയഫയലിലെ മഹസ്സറുമായി ഒത്തുനോക്കി കണ്ടെത്താവുന്നതാണ്.

**സാമ്പത്തിക സംവരണം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

369 (1502) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയ സംവരണാനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ട് 12-2-2020-ൽ സ.ഉ.(എം.എസ്) നമ്പർ 02/2020/ ഉ.ഭ.പ.വ., 3-3-2020-ലെ സ.ഉ. (എം.എസ്) നമ്പർ 5/2020/ഉ.ഭ.പ.വ. എന്നീ ഉത്തരവുകൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കായി 14-3-2019-ൽ G.O.(MS) No. 52/19/GAD നമ്പർ

ഉത്തരവുപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം സംവരണം ലഭിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കുറവായിരിക്കണം.
2. കുടുംബ വരുമാനം എന്നതിൽ എല്ലാത്തരത്തിലുള്ള വരുമാനവും ഉൾപ്പെടുന്നു.
3. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായവരുടെ ' കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു.
4. അപേക്ഷകന്റെ കുടുംബത്തിന് 5 ഏക്കറിൽ കൂടുതൽ കൃഷി ഭൂമിയുണ്ടാകാൻ പാടില്ല.
5. 1000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വീട് ആയിരിക്കണം.
6. നോട്ടിഫൈഡ് മുനിസിപ്പാലിറ്റിയിൽ 100 സ്ക്വയർ യാർഡിൽ താഴെയും നോട്ടിഫൈഡ് അല്ലാത്ത മുനിസിപ്പാലിറ്റിയിൽ 200 സ്ക്വയർ യാർഡിൽ താഴെയും വസ്തുമാത്രമേ ഉണ്ടാകാൻ പാടുള്ളുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ടുള്ള ഉത്തരവുകളിൽ ചുവടെ പറയും പ്രകാരമുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു.

1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം.
2. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായവരുടെ 'കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.

3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്.

   i. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം.

   ii. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

   iii. കുടുംബ പെൻഷൻ

   iv. തൊഴിലില്ലായ്മ വേതനം

   v. ഉത്സവബത്ത

   vi. വിരമിക്കൽ ആനുകൂല്യങ്ങൾ

   vii. യാത്രാബത്ത

4. അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളാണെങ്കിൽ 2.5 ഏക്കറിലും മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

5. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.

6. മുനിസിപ്പൽ പ്രദേശങ്ങളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല.

7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.

8. ഭൂമി (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.

9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല.

(ബി) ഏത് അധികാരിയിൽനിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റാണ് ഈ ആനുകൂല്യം ലഭിക്കാനായി ഹാജരാക്കേണ്ടത്; വിശദമാക്കാമോ?

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം ലഭ്യമാക്കുന്നതിന്, സംസ്ഥാനാവശ്യത്തിന് വില്ലേജ് ഓഫീസറിൽനിന്നും കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്ക് തഹസിൽദാരിൽനിന്നുമാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത്.

(സി) പ്രസ്തുത സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അപേക്ഷകന്റെയും മാതാപിതാക്കളുടെയും സ്കൂൾ സർട്ടിഫിക്കറ്റ്, കരമടച്ച രസീത്, റേഷൻ കാർഡ്, മാതാപിതാക്കൾ ജോലിയുള്ളവരാണെങ്കിൽ അവരുടെ ശമ്പള സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങളും കൂടാതെ നിശ്ചിത ഫോറത്തിൽ ഒരു സത്യവാങ്മൂലവും അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.

**യുണീക് തണ്ടപ്പേർ പദ്ധതി**

370 (1503) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ആധാർ നമ്പർ ഉപയോഗിക്കുന്നതിന് 23-8-2021-ലെ ഫയൽ നം. 13(4)/2020-EG-II (Vol-8) പ്രകാരം കേന്ദ്ര ഇലക്ട്രോണിക്സ് & വിവര സാങ്കേതിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുന്നതിനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇപ്രകാരം ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാകുകയും ആയതുവഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കുന്നതുമാണ്. കൂടാതെ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വയ്ക്കുന്നവരിൽനിന്നും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയുന്നതിനും സാധിക്കും.

(ബി) സംസ്ഥാനത്ത് എവിടെയും ഒരാളുടെ പേരിലുള്ള ഭൂമി ഒരു തണ്ടപ്പേരിന് കീഴിലാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള പോക്കുവരവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും ടി വിഷയം "ഇന്റഗ്രേറ്റഡ് ഓൺലൈൻ പോക്കുവരവ്"-മായി ബന്ധിപ്പിക്കേണ്ടതുമാണ്.

**ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നടപടി**

371 (1504) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടയ ഭൂമിയിൽ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിലവിലുള്ള നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുമുള്ള തടസ്സം നീക്കുന്നതിനായി ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ മാത്രം തറവിസ്തൃതിയുള്ള കെട്ടിടം മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലായെന്ന് തെളിയിക്കുന്നപക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ പട്ടയവ്യവസ്ഥാലംഘനം ക്രമവത്കരിക്കുന്നതിനും കൂടാതെ 21-1-2010-ലെ ഹൈക്കോടതി ഉത്തരവിനുശേഷം 22-8-2019-ലെ സ.ഉ. (കൈ). 269/2019/റ.വ. ഉത്തരവ് തീയതി വരെ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.-യോടുകൂടി നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ഹൈക്കോടതിയുടെ അംഗീകാരത്തോടുകൂടി ക്രമവത്കരിക്കുന്ന കാര്യവും നിയമപരമായി പരിഗണിച്ചുവരുന്നു.

**ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ**

372 (1505) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അതിൽ എത്ര വില്ലേജുകളിലെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ പൂർണ്ണമാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള 909 വില്ലേജുകളിൽ 87 വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പൂർണ്ണമായിട്ടുണ്ട്.

(ബി) ഭൂരേഖകളുടെ ആധുനികവൽക്കരണം പൂർണ്ണമായും പൂർത്തിയാക്കാതെ റീ-സർവ്വേ നടപടികൾ ഫലപ്രദമാകില്ല എന്നതിനാൽ ഇക്കാര്യത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എല്ലാ വില്ലേജുകളും ഡിജിറ്റൽ രീതിയിൽ സർവ്വേ നിർവ്വഹിക്കുക എന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകളൊഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ റീ-സർവ്വേ നടന്ന വില്ലേജുകളിൽ ഇ.റ്റി.എസ്. മെഷീൻ ഉപയോഗിച്ച് റീ-സർവ്വേ നടത്തിയ 87 വില്ലേജുകളിലും സർവ്വേ നടപടികൾ ആരംഭിച്ച 29 വില്ലേജുകളുമൊഴികെ ബാക്കി 1550 വില്ലേജുകളിലും ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS), ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS) എന്നിവ ഉപയോഗിച്ചുള്ള ഡിജിറ്റൽ റീ-സർവ്വേ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ടി ജോലികൾ കൂടുതൽ വേഗത്തിലും കൃത്യതയിലും നിർവ്വഹിക്കുന്നതിലേയ്ക്കായി Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വേയറുടെയും സേവനം വിനിയോഗിച്ചും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-ൽനിന്നുള്ള ഫണ്ട് ഉപയോഗിച്ചും സർവ്വേ ചെയ്യുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനും ഭൂപരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനും ലക്ഷ്യമിടുന്നു.

## തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് ഭൂമി

373 (1506) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി കൈമാറുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് ഭൂമി അനുവദിക്കുന്നതിനായി ഉദ്ദേശിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുള്ളതിനാൽ ഉന്നതതല തീരുമാനമെടുക്കേണ്ട ആവശ്യത്തിലേയ്ക്കായി ഭൂമിയുടെ അളവ്, ടോപ്പോസ്കെച്ച് എന്നിവ അടിയന്തരമായി സമർപ്പിക്കുന്നതിന് തിരൂർ, ആർ.ഡി.ഒ.-യ്ക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തേഞ്ഞിപ്പലം വില്ലേജ് ഓഫീസ് കെട്ടിടത്തിന് സ്ഥലം അനുവദിക്കുന്നതിനായി, ടി വില്ലേജിലെ റീ-സർവ്വേ നമ്പർ 53-ൽ ഉൾപ്പെട്ട 50 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ടി ഭൂമി എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുണ്ടെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചതിനാൽ, ആയത് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഉന്നതതല യോഗം ചേർന്ന് ഭൂമി റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തേഞ്ഞിപ്പലം വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നമുറയ്ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമോ എന്ന് വിശദമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും 'സ്മാർട്ട് റവന്യൂ ആഫീസ്' പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവരുന്നത്.

## സ്മാർട്ട് റവന്യൂ - ഡിജിറ്റൽ സർവ്വേ

374 (1507) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന സർക്കാർ പ്രഖ്യാപിത പദ്ധതിയുടെ പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നത് സർക്കാരിന്റെ നയമാണ്. സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 13534 പട്ടയങ്ങൾ/പർച്ചേസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അതോടൊപ്പം റവന്യൂ സേവനങ്ങൾ സ്മാർട്ട് ആകുന്നതിന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി ഒടുക്കുന്നതിനുള്ള പോർട്ടൽ നവീകരണം, മൊബൈൽ ആപ്ലിക്കേഷൻ, ഭൂമി തരം മാറ്റം ഓൺലൈനായി അപേക്ഷിക്കാനുള്ള മോഡ്യൂൾ, FMB, തണ്ടപ്പേർ എക്സ്ട്രാക്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി ലഭ്യമാക്കാനുള്ള മോഡ്യൂൾ എന്നിവ തയ്യാർ ചെയ്തിട്ടുണ്ട്. എല്ലാ ഭൂമിക്കും രേഖ എന്ന ആശയം മുൻനിർത്തി സംസ്ഥാനത്തുള്ള ഡിജിറ്റൽ റീ-സർവ്വേ ചെയ്യാനുള്ള നടപടി ആരംഭിച്ചു. ഇതിനായി 807.98 കോടി രൂപ ആർ.കെ.ഐ. മുഖേന അനുവദിച്ചിട്ടുണ്ട്.

(ബി) ഭൂരഹിതർക്ക് ഭൂമി കൈമാറുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി കൈമാറുന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ആയതിലേയ്ക്ക് സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ലഭ്യമായ ഭൂമി പട്ടയ അപേക്ഷകൾ, അവ വിതരണം ചെയ്യുന്നതിനുള്ള തടസ്സം, ഭൂരഹിതരുടെ വിവരം എന്നിവയുടെ ഒരു ഡാഷ്ബോർഡ് തയ്യാറാക്കുന്ന വിഷയം പരിഗണനയിലാണ്.

(സി) സംസ്ഥാനത്തെ ഭൂമിയാകെ ഡിജിറ്റൽ സർവ്വേ നടത്തി തിട്ടപ്പെടുത്തുന്ന ജോലികൾ ഏതൊക്കെ ജില്ലകളിൽ പൂർത്തിയായി എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായെങ്കിലും, 87 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ റീ-സർവ്വേ നടന്നിട്ടുള്ളത്. ഇതുകൂടാതെ 29 വില്ലേജുകളുടെ ഡിജിറ്റൽ റീ-സർവ്വേ പുരോഗതിയിലുള്ളതുമാണ്. ബാക്കിയുള്ള വില്ലേജുകളിൽ നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നീ ഉപകരണങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും, പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടത്തിനായി 339.48 കോടി രൂപ ഉൾപ്പടെ ആകെ 807.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നാലുഘട്ടമായി നാലുവർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### റീ-സർവ്വേ പൂർത്തിയാക്കാൻ നടപടി

375 (1508) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേയുടെ പുരോഗതി വ്യക്തമാക്കാമോ; റീ-സർവ്വേ നടപടികൾ വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ബാക്കി 757 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കാൻ ശേഷിക്കുന്നുണ്ട്. ടി വില്ലേജുകളിൽ നിലവിൽ 29 വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പുരോഗതിയിലാണ്. കൂടാതെ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക്

നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ ഡിജിറ്റലായി റീ-സർവ്വേ നടത്തിയ 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ നടപടികൾ നടന്നുവരുന്ന 29 വില്ലേജുകളും ഒഴികെ ബാക്കി 1550 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വേ നടത്തി സമയ ബന്ധിതമായിത്തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ആധുനിക സർവ്വേ സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും RTK (Real Time Kinematic) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വേയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും അതിലേയ്ക്കായി ആദ്യഘട്ടത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്ന് ഭരണാനുമതി നൽകിയ 339.438 കോടി രൂപ ഉൾപ്പടെ നാല് ഘട്ടങ്ങൾക്കായി ആകെ 807.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് റീ-സർവ്വേ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(ബി) റീ-സർവ്വേ പൂർത്തിയാകാതെ സംസ്ഥാനത്തിന്റെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

റീ-സർവ്വേ പൂർത്തിയാകാതെ സംസ്ഥാനത്തിന്റെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കാത്തതാണ്.

(സി) സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകളിലും സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന കേസ്സുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

1-4-1964-ന് മുൻപ് ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രിബ്യൂണലുകളാണ്.

ഇതിനായി ലാൻഡ് ട്രിബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. സംസ്ഥാനത്ത് 17 ലാൻഡ് ട്രിബ്യൂണലുകളും 15 സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണലുകളും 16 ദേവസ്വം ലാൻഡ് ട്രിബ്യൂണലുകളുമാണുള്ളത്. ഇവിടങ്ങളിലായി ഒരു ലക്ഷത്തിൽപ്പരം കേസ്സുകളാണ് ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്നത്. കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രിബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തിവരുന്നു. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്നും പരിശീലനവും നൽകിവരുന്നു. ഈ സർക്കാരിന്റെ ആദ്യ 100 ദിവസത്തിനുള്ളിൽ പതിനായിരത്തോളം കേസ്സുകൾ തീർപ്പാക്കാനും അർഹതയുണ്ടായിരുന്ന 7000-ത്തോളം പേർക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയം നൽകാനും കഴിഞ്ഞിട്ടുണ്ട്.

**പുനലൂർ മണ്ഡലത്തിലെ റീ-സർവ്വേ നടപടികൾ**

376 (1509) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകൾ ഏതൊക്കെയെന്നറിയിക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ ആകെയുള്ള 13 വില്ലേജുകളിൽ ഇടമുളയ്ക്കൽ, അറയ്ക്കൽ, അഞ്ചൽ എന്നീ വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ കാലതാമസംകൂടാതെ ആയത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ റീ-സർവ്വേ പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ആധുനിക സർവ്വേ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വേയർമാരുടെയും സേവനം

വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-ൽ നിന്ന് ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പുനലൂർ നിയോജകമണ്ഡലത്തിലെ ശേഷിക്കുന്ന വില്ലേജുകൾക്ക് മുൻഗണന നൽകി റീ-സർവ്വേ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

**കടുത്തുരുത്തി പോളിടെക്നിക്കിന്റെ സ്ഥലം**

377 (1510) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം സംബന്ധിച്ച അവ്യക്തത പരിഹരിക്കുന്നതിന് വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയ സർവ്വേ സ്കെച്ച് വൈക്കം താലൂക്കിൽ നിന്നും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയത് എന്നത്തേയ്ക്ക് തയ്യാറാക്കി സമർപ്പിക്കും എന്നറിയിക്കാമോ?

(എ&ബി) വൈക്കം താലൂക്കിലെ കടുത്തുരുത്തി വില്ലേജിൽ റീ-സർവ്വേ റിക്കാർഡ് പ്രകാരം ബ്ലോക്ക് നമ്പർ 29-ൽ റീ-സർവ്വേ 208/33, റീ-സർവ്വേ 193 എന്നീ നമ്പരുകളിലായി കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വേ സ്കെച്ച് ലഭ്യമാണ്.

(സി) പോളിടെക്നിക്കിനുവേണ്ടി ആദ്യം അനുവദിച്ചിരുന്ന ആകെ സ്ഥലത്തിന്റെ വിസ്തീർണ്ണവും ആയതിൽനിന്നും നിലവിൽ വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചുനൽകിയ സ്ഥലത്തിന്റെ വിസ്തീർണ്ണവുമായുള്ള പൊരുത്തക്കേടുകൾ പരിഹരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?

റീ-സർവ്വേ പ്രകാരമുള്ള വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിച്ചിട്ടില്ല. ടി വസ്തുവിന്റെ വിസ്തീർണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് കൃത്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയ സ്കെച്ച് തയ്യാറാക്കി നൽകണമെന്ന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വൈക്കം ഭൂരേഖ തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയിൽ 12-10-2021-ന് അളവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

## മിച്ചഭൂമി സർവ്വേ ചെയ്യുന്നതിന് സംയുക്ത സർവ്വേ സംഘം

378 (1511) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ മലയോരമേഖലകളിലെ സ്ഥിരതാമസക്കാരും കൈവശ ഭൂമിയുള്ളവരുമായ കർഷകർ കൈവശമുള്ള ഭൂമിക്ക് പട്ടയമില്ലാത്തതിനാൽ ദുരിതത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മിച്ചഭൂമി സർവ്വേ ചെയ്യുന്നതിന് സംയുക്ത സർവ്വേ സംഘത്തെ നിയോഗിച്ചത് എന്നായിരുന്നുവെന്നും സംയുക്ത സർവ്വേ സംഘത്തിന്റെ സർവ്വേഫലം എന്താണെന്നും അറിയിക്കാമോ?

1-1-2018-ന് സംയുക്ത സർവ്വേ പ്രവർത്തനമാരംഭിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 6318/2010 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ 122 കുടിയേറ്റക്കാരുടെ കൈവശഭൂമി പരിശോധിക്കാൻ ഉത്തരവായതിൽ 120 കൈവശക്കാരുടെ ഭൂമി പരിശോധിക്കുകയും 101 കർഷകരുടെ കൈവശ ഭൂമി മിച്ചഭൂമിയിൽ ഉൾപ്പെടുന്നതായും 19 കൈവശങ്ങൾ വനഭൂമിയിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(സി) നിലവിൽ സംയുക്ത സർവ്വേ സംഘത്തിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

നിലവിൽ സംയുക്ത സർവ്വേ പ്രവർത്തനം നടക്കുന്നില്ല. മിച്ചഭൂമി സംയുക്ത സർവ്വേ ചെയ്യുന്നതിനായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ച സർവ്വേയർമാരെ പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിൽ എൽ.ആർ.എം. ജോലിക്കും വനഭൂമി കുടിയേറ്റ ക്രമപ്പെടുത്തലുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനയ്ക്കും നിയോഗിച്ചതിനാലും പിന്നീട് സർവ്വേ ജോലികൾ നടന്നിട്ടില്ല.

(ഡി) സംയുക്ത സർവ്വേ സംഘത്തിന്റെ നിർത്തിവച്ച പ്രവർത്തനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

സ്റ്റേറ്റ് ലാൻഡ് ബോർഡ് കാര്യാലയത്തിലെ 3-9-2021-ലെ എൽ.ബി.ഇ. 4-2695/21 നമ്പർ നിർദ്ദേശപ്രകാരം അടുത്ത 3 മാസത്തിനകം ടി വിഷയത്തിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് പാലക്കാട് ഡെപ്യൂട്ടി കളക്ടർ(എൽ.ആർ.)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ യു.ടി.ടി. കമ്പനിയുടെ മിച്ചഭൂമി സ്ഥലം സംയുക്ത പരിശോധന പൂർത്തിയാക്കുന്നത് സംബന്ധിച്ച് 25-9-2021-ൽ പാലക്കാട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ നേതൃത്വത്തിൽ യോഗം ചേർന്നിട്ടുണ്ട്.

**സർക്കാർ ഭൂമിയുടെ വിസ്തൃതി**

379 (1512) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയ്യേറ്റങ്ങളിലൂടെ സർക്കാർ ഭൂമിയുടെ വിസ്തൃതി ഓരോ മാസവും ഏക്കറുകൾ കുറയുന്നുവെന്ന റിപ്പോർട്ട് ലാൻഡ് റവന്യൂ വകുപ്പ് സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കയ്യേറ്റങ്ങളിലൂടെ സർക്കാർ ഭൂമിയുടെ വിസ്തൃതി ഓരോ മാസവും ഏക്കറുകൾ കുറയുന്നുവെന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല. എന്നാൽ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും 8-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി ഒഴിപ്പിക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3778/2018/റ.വ. പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൻപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നത് ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഈ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 8-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേലുണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരമൊഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു.

**ഡിജിറ്റൽ റീ-സർവ്വേ**

380 (1513) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്.

(ബി) പരമ്പരാഗത രീതിയിലുള്ള റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കാലതാമസമുണ്ടാകുന്നതിനാൽ ഭൂരേഖകളുടെ കൃത്യതയുടെ അനിവാര്യത പരിഗണിച്ച് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഡിജിറ്റൽ റീ-സർവ്വേ ആരംഭിക്കാൻ അനുമതിയായിട്ടുണ്ടോ; പദ്ധതിയുടെ ചെലവും മറ്റ് വിശദാംശങ്ങളും അറിയിക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയായെങ്കിലും, 87 വില്ലേജുകൾക്കുമാത്രമാണ് ഡിജിറ്റൽ മാപ്പുകളുള്ളത്. കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാധ്യമാക്കുന്നതിനും കൂടുതൽ കൃത്യതയാർന്ന റിക്കാർഡുകൾ തയ്യാറാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും കുറച്ച്, ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, DGPS (Differential Global Positioning System), ETS (Electronic Total Station) എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള പദ്ധതിക്ക് 18-8-21-ലെ സ.ഉ (കൈ) 24/2021/പ്ലാനിംഗ് നമ്പർ ഉത്തരവുപ്രകാരം സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് ആകെ 807.98 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതും ഇതുപ്രകാരമുള്ള നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേക്കുള്ള പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ പദ്ധതിയാണെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിജസ്ഥിതി അറിയിക്കാമോ?

സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേയ്ക്കുള്ള പദ്ധതി കേന്ദ്ര സർക്കാർ പദ്ധതിയാണെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത് വസ്തുതകൾക്ക് വിരുദ്ധവുമാണ്. ഭൂരേഖകൾ നിലവിലില്ലാത്ത റൂറൽ ഇൻഹാബിറ്റഡ് പ്രദേശങ്ങൾ മാത്രം (ഇന്ത്യയുടെ ആകെ ഭൂവിസ്തൃതിയുടെ 3 മുതൽ 5 ശതമാനം) കേന്ദ്രീകരിച്ച് ഡ്രോൺ സർവ്വേ നടത്തി പ്രോപ്പർട്ടി കാർഡ് നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര മിനിസ്ട്രി ഓഫ് പഞ്ചായത്തീരാജ് (MoPR) നടപ്പിലാക്കുന്ന SVAMITVA

പദ്ധതിയിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സമ്പൂർണ്ണ ഡിജിറ്റൽ റീ-സർവ്വേ എന്നത് സംസ്ഥാന സർക്കാർ പദ്ധതിയാണ്. കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്ത ഭൂവിഭാഗമായതിനാൽ (മരങ്ങളാൽ മൂടപ്പെട്ടതും ഉയർന്ന കെട്ടിടങ്ങൾ കൂടുതലുമുള്ള ഭൂപ്രദേശം) മുൻനിർത്തി കേന്ദ്ര മിനിസ്ട്രി ഓഫ് പഞ്ചായത്തീരാജ് (MoPR) നടപ്പിലാക്കുന്ന SVAMITVA പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന രേഖകളുടെ കൃത്യതയും ഡ്രോൺ സർവ്വേയും സാധ്യതയും പരീക്ഷിച്ച് ഉറപ്പാക്കേണ്ടതുണ്ട്. ടി കാര്യങ്ങളെല്ലാം തിരിച്ചറിഞ്ഞാണ് സംസ്ഥാനത്തെ ഓരോ ഭൂവുടമയ്ക്കും കൃത്യമായ ഭൂരേഖകൾ ശാസ്ത്രീയമായി അളന്ന തയ്യാറാക്കി റിക്കാർഡുകൾ നൽകുക, റവന്യൂ ഭരണം സുഗമമാക്കുക, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കും ആത്യന്തികം പ്രയോജനകരമാകുന്ന തരത്തിൽ ഭൂരേഖ തയ്യാറാക്കുക, ഭൂസംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന മൂന്ന് വകുപ്പുകളുടെയും (റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ) സേവനങ്ങൾ സംയോജിപ്പിച്ച് സുതാര്യമായ രീതിയിൽ റിക്കാർഡുകളെ കാലികമായി അപ്ഡേറ്റ് ചെയ്യുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1550 വില്ലേജുകളുടെ സമഗ്രമായ ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. ഈ പദ്ധതിക്കായി 807.98 കോടി രൂപയും ആർ.കെ.ഐ.-യിൽ നിന്ന് അനുവദിച്ചിട്ടുമുണ്ട്.

**പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസം**

381 (1514) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ അപാകതമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

റീ-സർവ്വേ പൂർത്തിയായി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂമി സംബന്ധമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങൾ ഭേദഗതികൾ ചെയ്ത് നടപടികൾ ഏകീകരിച്ച് 26-8-2017-ലെ സ.ഉ.(എം.എസ്) 303/17/റവന്യൂ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം റീ-സർവ്വേ പരാതികൾ പരിഹരിക്കാൻ അതത് താലൂക്കിലെ ഭൂരേഖ തഹസീൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്പീൽ അധികാരിയായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും റിവിഷൻ അധികാരിയായി ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റീ-സർവ്വേ അദാലത്തുകൾ നടത്തി

ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുവരുന്നു. പരാതികൾ തരംതിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ റീ-സർവ്വേ നടപടികൾകൂടി വരുന്നതോടെ പ്രശ്നപരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പട്ടയത്തിന് അർഹരായവർക്ക് പട്ടയം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

നിലവിലുള്ള അർഹമായ അപേക്ഷകൾ കേരള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ വച്ച് അംഗീകാരം തേടേണ്ടതുണ്ട്. ടി കമ്മിറ്റികൾ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെയും പേര് വിവരങ്ങൾ ലഭ്യമാക്കുന്നതിന് പല ജില്ലകളിലും കാലതാമസമുണ്ട്. പട്ടയ വിതരണം നടത്തുന്നതിനായി പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം കയ്യേറ്റ ഭൂമി തിരികെ പിടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ.(സാധാ)3778/2018/റവ. പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ മേൽനോട്ടത്തിൽ അനധികൃത കയ്യേറ്റം താമസംവിനാ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു.

(ഡി) വില്ലേജ് ഓഫീസുകളിലെ തിരക്ക് നിയന്ത്രിക്കുന്നതിന് ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ആലോചനയുണ്ടോ എന്ന് അറിയിക്കാമോ?

വില്ലേജ് ഓഫീസുകളിലെ മിക്ക സേവനങ്ങളും ഓൺലൈനായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം വില്ലേജ് ആഫീസുകളിലെ തിരക്ക് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## റീ-സർവ്വേ

382 (1515) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ പ്രശ്നവും പരാതികളും പരിഹരിച്ചിട്ടില്ലായെന്ന കാരണത്താൽ പല വില്ലേജ് ഓഫീസുകളിലും ഭൂനികുതി അടക്കമുള്ള നികുതികൾ സ്വീകരിക്കാതിരിക്കുന്നത് ജനങ്ങളെ വലയ്ക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അറിയിക്കാമോ?

പരമ്പരാഗത രീതിയിലുള്ള റീ-സർവ്വേ നടത്തിയിട്ടുള്ള വില്ലേജുകളിൽ റീ-സർവ്വേ അപാകത പരിഹരിക്കാത്തതുമൂലം ഭൂനികുതി ഒടുക്കാൻ കഴിയാത്ത ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർകോട് ജില്ലയിൽ റീ-സർവ്വേ നടന്നതും നടന്നു കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ വില്ലേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മധൂർ, പട്ടള, ഷിരിബാഗില്ല, പുത്തൂർ, കുഡ്‌ലു, ഉദുമ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്ഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പിലിക്കോട്, കണ്ണൂരു, കോയിപ്പാടി, ഇച്ചിലംപാടി, മൊഗ്രാൽ, ഉപ്പള, കൊടിബയൽ, മംഗൽപാടി, മുളിഞ്ച എന്നീ വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ ഹോസ്ദുർഗ്ഗ് താലൂക്കിലെ തിമിരി, പുതുക്കൈ, ബല്ല എന്നീ വില്ലേജുകളുടെ റീ-സർവ്വേ ജോലികളാണ് ജില്ലയിൽ പുരോഗമിച്ചുവരുന്നത്.

(സി) ഈ വില്ലേജുകളിലെ പല സ്ഥലഉടമകൾക്കും ഭൂനികുതി അടയ്ക്കാൻ സാധിക്കുന്നില്ലെന്നത് ശരിയാണോ?

ഭൂരേഖയിലും ഭൂമിയിലുമുള്ള വിസ്തീർണ്ണത്തിലെ വ്യത്യാസം, കൂട്ടുതണ്ടപ്പേരിലുള്ള വസ്തുവിന്റെ അതിർത്തി പ്രത്യേകം തിരിക്കാത്തത് എന്നിങ്ങനെയുള്ള റീ-സർവ്വേയിലെ ചില അപാകതകൾ കാരണം പല ഭൂഉടമകൾക്കും നികുതി അടയ്ക്കാൻ പ്രയാസം നേരിടുന്നുണ്ട്. ഇത്തരം അപാകതകൾ പരിഹരിച്ച് ഭൂനികുതി അടച്ച് നൽകിവരുന്നു.

(ഡി) റീ-സർവ്വേ കഴിഞ്ഞ് ട്രഷറിയിൽ ചലാൻ അടച്ച് ആറുമാസം കഴിഞ്ഞിട്ടും റീ-സർവ്വേ ഓഫീസിൽ ഫയൽ എത്തിയിട്ടില്ലെന്നത് ശരിയാണോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ?

റീ-സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിനുള്ള അധികാരി ഭൂരേഖ തഹസിൽദാർ ആണ്. ഇത്തരത്തിലുള്ള ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാൽ ടി അപേക്ഷകൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും ആയത് അപേക്ഷയുടെ മുൻഗണനാക്രമത്തിൽ ഭൂരേഖ തഹസിൽദാർമാരുടെ നേതൃത്വത്തിൽ പ്രത്യേക സർവ്വേ ടീമുകൾ പരിഹരിച്ചുവരുന്നുണ്ട്. പരാതികൾ തരംതിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ റീ-സർവ്വേ നടപടികൾകൂടി വരുന്നതോടെ പ്രശ്നപരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**നദികളിലെ മണലൂറ്റൽ**

383 (1516) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രഗിരി മുതൽ വാമനപുരം വരെയുള്ള പ്രധാന നദികളിൽ വാർഷിക മണൽനിക്ഷേപം വളരെ കുറഞ്ഞിരിക്കെ അനിയന്ത്രിതമായ തോതിൽ മണലൂറ്റുന്നത് തടയാൻ കർശന നടപടികൾ സ്വീകരിക്കാമോ?

കേരളത്തിലെ നദികളിൽ മണൽവാരൽ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിന്റെയും ചട്ടത്തിന്റെയും വിവിധ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) നദികളുടെ അടിത്തട്ടിലെ സൂക്ഷ്മസുഷിരസാന്ദ്രതയേറിയ മണലൂറ്റുന്നതുമൂലം നദികളിൽ ജലം ശേഖരിച്ചുവയ്ക്കാൻ കഴിയാതെ വരുന്നതിനാൽ ആയത് കർശനമായി നിയന്ത്രിക്കാൻ റവന്യൂ/പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകാമോ?

നദികളിൽനിന്നുള്ള അനധികൃത മണൽ വാരൽ തടയുന്നതിനായി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിന്റെ അടിസ്ഥാനത്തിൽ താലൂക്കുതലത്തിലും ജില്ലാതലത്തിലും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

**ഹൗസിംഗ് ബോർഡ് നവീകരണം**

384 (1517) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ നവീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മുഴുവൻ ബാധകമായ ഭവനനിർമ്മാണ നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹൗസിംഗ് ബോർഡിൽ ആവശ്യമായ നവീകരണം നടത്തുന്നത് പരിശോധിക്കുന്നതാണ്.

(ബി) ഹൗസിംഗ് ബോർഡിൽ 2015 മുതൽ പെൻഷനായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായും നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നൽകാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ സാധിച്ചിട്ടില്ല. 2015 മുതൽ വിരമിച്ച പെൻഷൻകാരുടെ ടെർമിനൽ സറണ്ടറും ആനുകൂല്യവും നാളിതുവരെ നൽകാൻ കഴിഞ്ഞിട്ടില്ല. 2019 മുതൽ വിരമിച്ച 39 ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങളുടെ പകുതി മാത്രമേ നൽകിയിട്ടുള്ളൂ. 31-5-2020 മുതൽ വിരമിച്ച 35 ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് വിരമിച്ച ജീവനക്കാരുടെ മുൻഗണനാക്രമമനുസരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**ബാലരാമപുരം-വിഴിഞ്ഞം റോഡിലുള്ള ഹൗസിംഗ് സമുച്ചയത്തിന്റെ ദുരവസ്ഥ**

385 (1518) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന്റെ ബാലരാമപുരം-വിഴിഞ്ഞം റോഡിലുള്ള ഹൗസിംഗ് സമുച്ചയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ദുരവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഹൗസിംഗ് സമുച്ചയത്തിൽ മാലിന്യസംസ്കരണം, ഡ്രെയിനേജ് പൊട്ടിയൊലിക്കൽ, കുടിവെള്ളക്ഷാമം എന്നിവ പരിഹരിക്കുന്നതിനും ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ?

ബാലരാമപുരത്ത് 184 ഫ്ലാറ്റുകൾ ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചതിൽ 130 ഫ്ലാറ്റുകൾ വിവിധ ആളുകൾക്ക് വിൽപ്പന നടത്തിയിട്ടുള്ളതും 54 ഫ്ലാറ്റുകൾ ഇനി വിൽപ്പന നടത്താനുള്ളതുമാണ്. ഫ്ലാറ്റുകൾ വിൽപ്പന നടത്തി കഴിഞ്ഞാൽ സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ ഫ്ലാറ്റ് ഉടമകൾ/അലോട്ടീസ്

അസോസിയേഷനാണ് ചെയ്യേണ്ടത്. അതിൻപ്രകാരം ചവർ/മാലിന്യ സംസ്കരണം ഫ്ലാറ്റുടമകൾ സ്വന്തമായി നടത്തിവരുന്നു. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതും ഡ്രെയിനേജ് പൈപ്പുകൾ പോകുന്ന ഭൂമിക്ക് സമീപം അശാസ്ത്രീയമായ രീതിയിലുള്ള കൃഷി/മരങ്ങൾ നട്ടതുമൂലവും ടി പൈപ്പുകൾ വഴി തുണി/നാപ്കിൻ വേസ്റ്റുകൾ ഇടുന്നതുമൂലവും ഡ്രെയിനേജിന് തകരാർ സംഭവിച്ചിട്ടുണ്ട്. ടി ഫ്ലാറ്റുകളിലേയ്ക്ക് വാട്ടർ അതോറിറ്റി വഴി ജല സംവിധാനമില്ലാത്തതിനാൽ ബോർഡ് ഒരു വലിയ കുളം നിർമ്മിച്ചതിലെ ജലമാണ് ഉപയോഗിച്ചുവരുന്നത്. നിലവിൽ ജലക്ഷാമമുള്ളതായി അറിവില്ല. എന്നിരുന്നാലും കേരള വാട്ടർ അതോറിറ്റി ബാലരാമപുരം, കുടിവെള്ള പദ്ധതി/വിഴിഞ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ജലവിതരണ സംവിധാനം ടി ഫ്ലാറ്റ് സമുച്ചയത്തിലും എത്തിയാൽ സുലഭമായി ജലം ലഭിക്കുന്നതാണ്. ടി കെട്ടിട സമുച്ചയത്തിലെ ഡ്രെയിനേജ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനും നടപടി കൈക്കൊള്ളുന്നതാണ്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

386 (1519) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയം നീട്ടിനൽകാൻ അദാനി ഗ്രൂപ്പ് അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പദ്ധതി പൂർത്തീകരണത്തിന് 5 വർഷംകൂടി സമയം നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ട് അദാനി കമ്പനി ആർബിട്രേഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ സമയം നീട്ടി നൽകാൻ അഭ്യർത്ഥിച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

താഴെപ്പറയുന്ന കാരണങ്ങളാണ് സമയം നീട്ടി നൽകാൻ കരാർ കമ്പനി ചൂണ്ടിക്കാണിക്കുന്നത്.

1. ഒക്ടോബർ 2017-ൽ പദ്ധതി പ്രദേശത്ത് പ്രദേശവാസികൾ നടത്തിയ 11 ദിവസം നീണ്ടുനിന്ന സമരം.

2. നവംബർ 2017-ലെ ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ.

3. ജൂലൈ 2018-ലെ കടൽക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾ.

4. 2018-ലെ പ്രളയം.

5. ക്വാറികൾക്ക് ലൈസൻസ് കൊടുക്കുന്ന നടപടികളിൽ ഭേദഗതി വരുത്തിക്കൊണ്ട് എൻ.ജി.റ്റി.-യുടെ 2018 ഡിസംബറിലെ ഉത്തരവ്.

6. മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള 2018 ആഗസ്റ്റിലെ ഡി.എം.ജി.-യുടെ ഉത്തരവ്.

7. മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള 2019 ഒക്ടോബറിലെ ഡി.എം.എ.-യുടെ ഉത്തരവ്.

8. 2019 ഒക്ടോബറിലെ മഹാ ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ.

9. 2020 മാർച്ച് മുതൽ ആരംഭിച്ച കോവിഡ്-19 മഹാമാരി.

10. 2020 സെപ്റ്റംബറിലെ പാരിഷ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന 33 ദിവസം നീണ്ടുനിന്ന സമരം.

11. മൈനിംഗ് പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള 2020 നവംബറിലെ ഡി.ഡി.എം.എ.- യുടെ ഉത്തരവ്.

(സി) തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക സമയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിമൂലമുണ്ടായ ദേശീയ ലോക്ഡൗൺ കാരണം നഷ്ടമായ 34 തൊഴിൽ ദിനങ്ങൾ അധികമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് അദാനി കമ്പനി ആർബിട്രേഷനെ സമീപിച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖം നിർമ്മാണ പുരോഗതി**

387 (1520) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഈ പദ്ധതിയുടെ കമ്മീഷനിംഗ് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വലിയതുറ പാലത്തിന്റെ നവീകരണപ്രവർത്തനങ്ങൾ വിശദമാക്കാമോ; വലിയതുറ പാലം ഉപയോഗപ്പെടുത്തി ഒരു മിനി ഹാർബർ നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

വലിയതുറ പാലത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

388 (1521) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ നിർമ്മാണപ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കണമെന്നായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?

2015 ഡിസംബർ 5-ന് നിർമ്മാണമാരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു.

(ബി) കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ?

കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തുകൊടുക്കൽ, പദ്ധതിക്കാവശ്യമായ റെയിൽ കണക്റ്റിവിറ്റി, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അതോറിറ്റിയുടെ ചുമതലയാണ്.

(സി) പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കരിങ്കൽക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. ഇതിനായി കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രോജക്ട് എത്രയും വേഗത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്.

**വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

389 (1522) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പൽ ഗതാഗതത്തിന്റെ മുന്നേറ്റത്തിന് കളമൊരുക്കുന്ന വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നതോടെ കേരളത്തിനും രാജ്യത്തിനുമുണ്ടാകുന്ന വലിയ നേട്ടങ്ങൾ മുൻനിർത്തി ഈ പദ്ധതിയുടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കി നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ ചെയ്തുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച കരാറിലെ വ്യവസ്ഥ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് കരാർ കമ്പനിയാണ്. തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകുകയും അതുമൂലം നിശ്ചിത തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടില്ല. കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി പൂർത്തീകരണത്തിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം തുറമുഖ പദ്ധതി

390 (1523) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കാൻ മൂന്നുവർഷംകൂടി സമയം നൽകണമെന്ന് നിർമ്മാണകമ്പനി ആവശ്യപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

2015 ഡിസംബർ 5-ന് നിർമ്മാണമാരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-നായിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കാൻ കരാർ കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകുകയും അതുമൂലം നിശ്ചിത പൂർത്തീകരണ തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചില്ല. കരാറിലെ ' Force Majeure Events' വ്യവസ്ഥകൾ ഉന്നയിച്ച് പദ്ധതി പൂർത്തീകരണത്തിന് 2019 ഡിസംബർ 3-ാം തീയതി മുതൽ 5 വർഷം നിർമ്മാണ കാലയളവായി നീട്ടിനൽകണമെന്ന് ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ നിർമ്മാണ കമ്പനി അപേക്ഷിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട പല കരാർ വ്യവസ്ഥകളും പാലിച്ചില്ലെന്ന നിർമ്മാണ കമ്പനിയുടെ ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) റെയിൽ, റോഡ് കണക്ടിവിറ്റി എന്നീ കാര്യങ്ങളിൽ ഏതൊക്കെ കരാർ വ്യവസ്ഥകളാണ് പാലിക്കാതിരുന്നതെന്നും ആയതിനുള്ള സാഹചര്യമെന്തെന്നും വ്യക്തമാക്കുമോ?

(ബി&സി) തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള റെയിൽ ലൈൻ നിർമ്മിച്ചുനൽകേണ്ടത് അതോറിറ്റിയുടെ (സർക്കാരിന്റെ) ചുമതലയായിട്ടാണ് കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതിയുടെ അപ്പോയിന്റഡ് ഡേറ്റായ 16-5-2016-ൽ നിന്നുള്ള 6 വർഷത്തിനുള്ളിൽ തുറമുഖത്തേയ്ക്കുള്ള റെയിൽ കണക്ടിവിറ്റി ജോലികൾ പൂർത്തീകരിച്ചു നൽകേണ്ടതാണ്. റെയിൽ കണക്ടിവിറ്റിക്കായി കൊങ്കൺ റെയിൽവേ കമ്പനി ലിമിറ്റഡ് (KRCL) മുഖേന തയ്യാറാക്കിയ ഡി.പി.ആർ. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചി രിക്കുകയാണ്. തുറമുഖത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം കരാർ കമ്പനിയുടെ

ചുമതലയാണ്. ഇതിനുള്ള ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ റോഡ് - എൻ.എച്ച്. ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന Intersection-നായി അദാനി സമർപ്പിച്ച രൂപരേഖ 2021 ജൂലൈ മാസത്തിൽ എൻ.എച്ച്.എ.ഐ. അംഗീകരിക്കുകയുണ്ടായി. ടി രൂപരേഖ പ്രകാരം ഏകദേശം 42 സെന്റ് ഭൂമികൂടി അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതിയും അനുബന്ധ പദ്ധതികളും**

391 (1524) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണം നിലവിലെ വേഗതയനുസരിച്ച് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് അദാനി കമ്പനി അറിയിച്ചിരിക്കുന്നത്?

കരാർ പ്രകാരം തുറമുഖ നിർമ്മാണം 2019 ഡിസംബർ മൂന്നിന് പൂർത്തീകരിക്കേണ്ടതായിരുന്നു. എത്രയും വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കി പ്രോജക്ട് കമ്മീഷൻ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിലടക്കം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം ഇതിനോടകം പൂർത്തിയായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾ/കട്ടമര/യാനം ഉടമകൾ, മുല്ലൂർ പ്രദേശത്തെ റിസോർട്ട് ജീവനക്കാർ മുതലായവർക്ക് സമഗ്രമായ നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പാക്കേജ് പ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിലെ 2627 പേർക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 475 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 3.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) തിരുവനന്തപുരം - നാഗർകോവിൽ റെയിൽപാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽപാതയുടെ നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

റെയിൽ കണക്ടിവിറ്റിക്കായി കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) തയ്യാറാക്കിയ ഡി.പി.ആർ. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ദേശീയപാത 66-നെയും തുറമുഖത്തേയും ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മാണം അദാനി കമ്പനിയാണ് നടത്തുന്നത്. ഇതിനാവശ്യമായ ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ റോഡ് - എൻ.എച്ച്. ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന Intersection-നായി സമർപ്പിച്ച രൂപരേഖ 2021 ജൂലൈ മാസത്തിൽ എൻ.എച്ച്.എ.ഐ. അംഗീകരിക്കുകയുണ്ടായി. ടി രൂപരേഖ പ്രകാരം ഏകദേശം 42 സെന്റ് ഭൂമി കൂടി അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

392 (1525) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ പാറയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തമിഴ്നാടുമായി സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതികൾക്കാവശ്യമായ പാറ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. തമിഴ്നാട്ടിൽനിന്ന് കല്ലിന്റെ ലഭ്യത സുഗമമാക്കുന്നതിന് ചർച്ച നടത്തിയിട്ടുണ്ട്.

## തുറമുഖങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി

393 (1526) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുള്ള സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പഠനറിപ്പോർട്ട് ലഭ്യമാക്കാമോ?

പഠനം നടത്തിയിട്ടില്ല.

(ബി) ഇത്തരത്തിൽ തുറമുഖങ്ങളെ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനായി കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) ടൂറിസം സാധ്യതകൾക്കായി തുറമുഖങ്ങൾ ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്താനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തുറമുഖ പരിധിയിൽ ഹാർബർ ക്രാഫ്റ്റ് നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള യാനങ്ങൾക്ക് അനുമതി നൽകുന്നുണ്ട്. ബേപ്പൂർ തുറമുഖത്ത് ടൂറിസ്റ്റുകളെ കൊണ്ടുവരുന്നതിനുള്ള വിദേശ യാത്രാ കപ്പലുകൾക്ക് അനുമതി നൽകിവരുന്നു. ബേപ്പൂരിലെ വടക്കെ പുലിമുട്ട് ടൂറിസ്റ്റുകൾക്ക് നടന്നുപോകാൻ തക്കവണ്ണം തയ്യാറാക്കിയിട്ടുണ്ട്. ഇതേരീതിയിൽ ബേപ്പൂരിലെ തെക്കേ പുലിമുട്ടും വികസിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. കോഴിക്കോട്, ആലപ്പുഴ, വിഴിഞ്ഞം (കോവളം) ബീച്ചുകളിൽ വാട്ടർ സ്പോർട്സ് സംബന്ധമായ പ്രവർത്തനങ്ങൾക്ക് ഏജൻസികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ലൈറ്റ് ഹൗസിന് സമീപം ഒരു അമ്യൂസ്മെന്റ് പാർക്ക് നടത്താനുള്ള ലൈസൻസും നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആലപ്പുഴ തുറമുഖ ഗോഡൗൺ നവീകരിച്ച് തുറമുഖ മ്യൂസിയം നിർമ്മാണം മുസിരിസ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖ ഓഫീസ് കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ്, ഡോർമിറ്ററി എന്നിവ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൊടുങ്ങല്ലൂർ തുറമുഖത്ത് കേരള മാരിടൈം അക്കാദമിയോട് ചേർന്ന് ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ആലോചനയും ആലപ്പുഴ ബീച്ചിൽ ചെറുകിട കച്ചവടം നടത്തുന്നവർക്ക് ഒരേ തരത്തിലുള്ള കിയോസ്കുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

### കൊല്ലം തുറമുഖത്തിലെ ചരക്ക് കയറ്റിറക്കമതി കൂലി

394 (1527) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം തുറമുഖത്തിലെ ചരക്ക് കയറ്റിറക്കമതി കൂലി ഏകീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; തീരദേശ കപ്പൽ ഗതാഗത സർവ്വീസ് ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ കയറ്റിറക്കമതി കൂലി അടിയന്തരമായി ഏകീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.*.

### തുറമുഖം വഴി കശുവണ്ടി എത്തിക്കുന്നതിന് നടപടി

395 (1528) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൂത്തുക്കുടി തുറമുഖത്തുനിന്നും കപ്പൽമാർഗ്ഗം കൊല്ലത്തേയ്ക്ക് കശുവണ്ടി എത്തിക്കുന്നതിന് തമിഴ്നാട് സർക്കാരുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കുമോ; ഇരുതുറമുഖങ്ങളിലെയും വാണിജ്യം വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ കശുവണ്ടി വ്യവസായത്തിനും ഗുണകരമാകുന്ന ഈ പദ്ധതി നടപ്പാക്കാൻ മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

കശുവണ്ടി ഇറക്കുമതിക്കാവശ്യമായ സൗകര്യങ്ങൾ നിലവിൽ കൊല്ലം തുറമുഖത്തുണ്ട്.

### വിഴിഞ്ഞം മൈനർ തുറമുഖത്തേയ്ക്ക് തീരദേശ കപ്പൽ സർവ്വീസ്

396 (1529) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ കപ്പൽ സർവ്വീസ് വിഴിഞ്ഞം മൈനർ തുറമുഖത്തേയ്ക്ക് നീട്ടുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശ കപ്പൽ സർവ്വീസ് വിഴിഞ്ഞം മൈനർ തുറമുഖത്തേയ്ക്ക് നീട്ടുന്നതിനായി വിഴിഞ്ഞം തുറമുഖത്തെ ബേസിൻ ഏരിയ ഡ്രെഡ്ജ് ചെയ്ത് ആഴം വർദ്ധിപ്പിക്കൽ, സീവേർഡ്, ലീവേർഡ് വാർഫുകളുടെ റെക്ടിഫിക്കേഷൻ പ്രവൃത്തികൾ എന്നിവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഐ.എസ്.പി.എസ്. കോഡ് സ്ഥാപിക്കുന്നതിനായി ഐ.ആർ.എസ്. സർവ്വേ നടത്തുകയും ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

397 (1530) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അഴീക്കൽ തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ. സെന്ററിന്റെ നിർമ്മാണം, തൊഴിലാളികൾക്കിടയിലുള്ള റെസ്റ്റ് ഷെഡ് നിർമ്മാണം, വാർഫുകൾക്കിടയിലുള്ള ജെട്ടി നിർമ്മാണം എന്നിവ പുരോഗമിച്ചുവരുന്നു. കപ്പൽ ചാനലിലെ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നതിനും മെക്കാനിക്കൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖത്തെത്തുന്ന കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ശുദ്ധജല വിതരണത്തിനായി ജലം ശേഖരിക്കുന്നതിന് ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. നിലവിൽ കൊല്ലം തുറമുഖത്ത് ചരക്ക് കയറ്റിറക്കുമതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കാർഗോ/പാസഞ്ചർ വാർഫുകൾ, കസ്റ്റംസ്, ഇ.ഡി.ഐ. സംവിധാനം, താൽക്കാലിക ഇമിഗ്രേഷൻ സംവിധാനം, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ മേൽ ആവശ്യങ്ങൾക്കായി തുറമുഖത്ത്

സജ്ജമാണ്. തുറമുഖത്ത് സ്ഥിരം ഇമിഗ്രേഷൻ സംവിധാനം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗേറ്റ് ഹൗസ്, ഇമിഗ്രേഷൻ ഓഫീസ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൊല്ലം തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചുവരുന്നു. ടി പ്രവൃത്തിയോടനുബന്ധിച്ച് റിപ്പയർ യാർഡ്, ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, മെറ്റീരിയൽ ഹാൻഡ്ലിംഗ് എക്വിപ്മെന്റ്സ് തുടങ്ങിയവ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിലേയ്ക്കുള്ള നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 1.29 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ഇവിടെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂരിൽ ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

**നിലമ്പൂർ താലൂക്കിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ബോട്ടുകൾ**

398 (1531) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും വെള്ളപ്പൊക്ക ഭീഷണിയും തുടർച്ചയായി ഉണ്ടാകാറുള്ള നിലമ്പൂർ താലൂക്കിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ബോട്ടുകൾ ഉപയോഗിക്കുന്നതിന് താത്പര്യമുള്ള സന്നദ്ധ പ്രവർത്തകർക്കും സംഘടനകൾക്കും ശാസ്ത്രീയ പരിശീലനവും ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിയമാനുസൃത ലൈസൻസുകളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2010-ലെ കേരള ഇൻലാന്റ് വെസൽ റൂൾ അനുശാസിക്കുന്ന യോഗ്യതയുള്ളവർക്കാണ് ബോട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകിവരുന്നത്. കേരളാ മാരിടൈം ബോർഡിന്റെ ചീഫ് എക്സാമിനർ നടത്തുന്ന പരീക്ഷകൾക്ക് സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും അപേക്ഷ നൽകാവുന്നതാണ്. കേരളാ മാരിടൈം ബോർഡ് നൽകുന്ന 4 ദിവസത്തെ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുകയും എഴുത്ത്/പ്രാക്ടിക്കൽ പരീക്ഷകൾ പാസ്സാകുകയും ചെയ്യുന്നവർക്കും ലൈസൻസ് നൽകിവരുന്നു.

(ബി) നിയമാനുസൃത ലൈസൻസുകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ലൈസൻസ് അനുവദിക്കുന്നത് ആരാണെന്നും ആയതിനുള്ള യോഗ്യതയും ഫീസും നടപടികളും വിശദമാക്കാമോ?

നിലമ്പൂർ മേഖലയിലെ ബോട്ടുകൾക്കുള്ള ലൈസൻസിനുള്ള അപേക്ഷകൾ ബേപ്പൂർ പോർട്ട് ഓഫ് രജിസ്ട്രിയിലാണ് സമർപ്പിക്കേണ്ടത്. ലൈസൻസ് അനുവദിക്കുന്നത് ചീഫ് എക്സാമിനറാണ്. കെ.ഐ.വി. റൂൾസ് 2010 പ്രകാരം ലാസ്കർ, സ്രാങ്ക് കം ഡ്രൈവർ, സ്രാങ്ക്, ഡ്രൈവർ, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, എഞ്ചിനീയർ എന്നീ ലൈസൻസുകളാണ് നൽകുന്നത്. ഇതിനായി കെ.ഐ.വി. റൂൾസ് 2010 പ്രകാരമുള്ള യോഗ്യതയുള്ളവർ നിശ്ചിതഫീസടച്ച് പോർട്ട് ഓഫ് രജിസ്ട്രിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**തീരദേശ കപ്പൽ ഗതാഗതം**

399 (1532) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവും നടത്തപ്പെടുന്ന ചരക്ക് നീക്കത്തിന്റെ അൻപത് ശതമാനമെങ്കിലും ഘട്ടംഘട്ടമായി തീരദേശ കപ്പൽ ഗതാഗതത്തിലൂടെ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇത് ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) അഴീക്കൽ, ബേപ്പൂർ, കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന തീരദേശ കപ്പൽ സർവ്വീസ് വിഴിഞ്ഞം മൈനർ പോർട്ടിലേയ്ക്ക് നീട്ടുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

അഴീക്കൽ, ബേപ്പൂർ, കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ചിരുന്ന തീരദേശ കപ്പൽ സർവ്വീസ്, വിഴിഞ്ഞം മൈനർ പോർട്ടിലേയ്ക്ക് നീട്ടുന്നത് സജീവ പരിഗണനയിലാണ്.

(സി) ചരക്ക് നീക്കത്തിലെ ചെലവ്, റോഡ് ഗതാഗത മേഖലയിലെ അപകടങ്ങൾ, അന്തരീക്ഷ മലിനീകരണം എന്നിവ കുറയ്ക്കുന്നതിന് സഹായകരമായ തീരദേശ കപ്പൽ സർവ്വീസ് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചരക്കുനീക്കം ആരംഭിച്ചിട്ടുണ്ട്. അത് വിഴിഞ്ഞം തുറമുഖത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഫെറി സർവ്വീസ്**

400 (1533) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം, കോവളം, കന്യാകുമാരി ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഫെറി സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കൊല്ലം-കോവളം, കോവളം-കന്യാകുമാരി മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നാറ്റ്പാക് തയ്യാറാക്കിയ സാധ്യതാപഠന റിപ്പോർട്ട് മാരിടൈം ബോർഡിന്റെ പരിഗണനയിലാണ്.

**മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

401 (1534) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. മുകേഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി) മാരിടൈം ബോർഡുമായി സഹകരിച്ച് സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്ത് 74 മീറ്റർ നീളത്തിൽ പുതിയ വാർഫ് നിർമ്മിച്ചിട്ടുണ്ട്. ഇവിടെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നുണ്ട്. അഴീക്കലിൽ ശുദ്ധജല വിതരണത്തിന് 2 കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവിടെ ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ബേപ്പൂരിൽ സി.എഫ്.എസ്. നിർമ്മിക്കുന്നതിന് 1.29 ഹെക്ടർ ഭൂമി ഏറ്റെടുത്തു. 150 മീറ്റർ നീളമുള്ള ഒരു പുതിയ വാർഫ് നിർമ്മിക്കുന്നതിന് പഠനം നടത്തിയിട്ടുണ്ട്. വിഴിഞ്ഞത്ത് സീവേർഡ്, ലീവേർഡ് വാർഫുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ഈ തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്. കോഡ് മാനദണ്ഡമനുസരിച്ചുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ തുറമുഖങ്ങളിൽ ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) അഴീക്കൽ തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അഴീക്കൽ തുറമുഖത്ത് 2021 ജൂലൈ മാസം മുതൽ കപ്പൽ ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചു. തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ., ഇമിഗ്രേഷൻ ചെക്ക് പോയിന്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിക്കുകയും റെസ്റ്റ് ഷെഡ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ആഴം കൂട്ടുന്നതിന് ഡ്രഡ്ജിംഗ് ആരംഭിച്ചു. പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ഡി) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളെ ചരക്കുനീക്കത്തിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനും രാജ്യാന്തര തുറമുഖങ്ങളുമായി സഹകരണം ഉറപ്പാക്കുന്നതിനുമായി നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനുള്ള നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും ഐ.എസ്.പി.എസ്. കോഡ് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങളും ഘട്ടംഘട്ടമായി എത്രയും വേഗം നടപ്പിലാക്കി തുറമുഖങ്ങളെ പൂർണ്ണസജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്.

## കൊല്ലം ജില്ലയിൽ പൈതൃക മ്യൂസിയം

402 (1535) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം ആരംഭിക്കുന്നതിനുള്ള പദ്ധതിയിൻകീഴിൽ കൊല്ലം ജില്ലയിലെ പൈതൃക മ്യൂസിയം കൊല്ലം ആശ്രാമത്ത് അഷ്ടമുടി കായലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന തേവള്ളി കൊട്ടാരത്തിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

എല്ലാ ജില്ലകളിലും അതത് ജില്ലയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും അവ പ്രദർശിപ്പിക്കുന്നതിനുമായി ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൊല്ലം ജില്ലയിൽ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ നാളിതുവരെ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പുരാവസ്തു വകുപ്പിന് സാധിച്ചിട്ടില്ല. തേവള്ളി കൊട്ടാരം ഇപ്പോൾ എൻ.സി.സി. വകുപ്പിന്റെ ഉടമസ്ഥതയിലാണ്. ഇത് ഏറ്റെടുക്കുന്നതിനുള്ള പദ്ധതികളൊന്നും പരിഗണനയിലില്ല.

## പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം വികസനം

403 (1536) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള പുരാവസ്തു വകുപ്പിന് 9 സംരക്ഷിത സ്മാരകങ്ങളാണ് പാലക്കാട് ജില്ലയിലുള്ളത്. ഇതിൽ തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രത്തിന്റെ ആദ്യഘട്ട സംരക്ഷണ പ്രവർത്തനങ്ങൾക്ക് 21.83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വാവന്നൂരിലുള്ള സ്മാരകമായ കട്ടിൽമാടത്തിന്റെ സർവ്വേ നടപടികൾ നടത്തി പ്രസ്തുത പ്രദേശം പുരാവസ്തു വകുപ്പിന് കൈമാറി നൽകണമെന്ന നിർദ്ദേശം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്നമുറയ്ക്ക് പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ബി) പാലക്കാട് ജില്ലയിൽ ജില്ലാ പൈതൃക മ്യൂസിയം വികസിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ കൽപ്പാത്തിയിലുള്ള ശ്രീമണിഅയ്യർ ആഡിറ്റോറിയത്തിൽ പാലക്കാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സന്ദർശകർക്ക് തുറന്ന് നൽകിയിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിലെ മ്യൂസിയം, പുരാവസ്തു വകുപ്പ് സ്ഥാപനങ്ങൾ**

404 (1537) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ മ്യൂസിയം, പുരാവസ്തു എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ?

പുരാവസ്തു വകുപ്പിനുകീഴിൽ തൃശ്ശൂർ ശക്തൻതമ്പുരാൻ കൊട്ടാരത്തിൽ പ്രവർത്തിക്കുന്ന പുരാവസ്തു മ്യൂസിയം, ജില്ലാ പൈതൃക മ്യൂസിയം (മ്യൂറൽ ആർട്ട് മ്യൂസിയം) എന്നിവയാണ് പുരാവസ്തു വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങൾ. ഇവരണ്ടും തൃശ്ശൂർ നിയമസഭ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്നു. മ്യൂസിയം-മൃഗശാലാ വകുപ്പിനുകീഴിൽ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ നിയമസഭ മണ്ഡലത്തിലെ ചെമ്പൂക്കാവ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മൃഗശാലാ ക്യാമ്പസിൽ കലാമ്യൂസിയവും വിവിധോദ്ദേശ്യ (മൾട്ടി പർപ്പസ്) മ്യൂസിയവും പ്രവർത്തിച്ചുവരുന്നു.

**പത്മനാഭപുരം കൊട്ടാരത്തിലെ കരാറടിസ്ഥാന ജീവനക്കാർ**

405 (1538) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭപുരം കൊട്ടാരത്തിൽ കരാറടിസ്ഥാനത്തിൽ എത്രപേർ ജോലിചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള വിവരം അറിയിക്കാമോ;

(ബി) ഇവരുടെ കരാർ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഏത് മാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്; ഇവരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

(എ-സി) തക്കല പത്മനാഭപുരം കൊട്ടാരത്തിൽ കരാറടിസ്ഥാനത്തിൽ ആരും നിലവിൽ ജോലി നോക്കുന്നില്ല.

**കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

406 (1539) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തെ നഗരവുമായി ബന്ധപ്പെടുത്തുന്ന പഴയ കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പഴയ കുണ്ടമൺകടവ് പാലത്തിന്റെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് പുരാവസ്തു വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാവശ്യമായ റവന്യൂ വിശദാംശങ്ങൾ തിരുവനന്തപുരം ജില്ലാ കളക്ടറിൽനിന്നും തേടിയിട്ടുണ്ട്. ഇത് ലഭിക്കുന്നമുറയ്ക്ക് കുണ്ടമൺകടവ് പാലത്തെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## കൂത്തുപറമ്പ് കോട്ടയം കോവിലകം നവീകരിക്കുന്നതിന് നടപടി

407 (1540) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് കോട്ടയം കോവിലകത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോവിലകം നവീകരിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കൂത്തുപറമ്പ് കോട്ടയം കോവിലകവും കോട്ടയം ചിറയും സംരക്ഷിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(എ-സി) കൂത്തുപറമ്പ് കോട്ടയം കോവിലകം സംസ്ഥാന പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. ടൂറിസം വകുപ്പ് കിഫ്ബി വഴി നടപ്പിലാക്കുന്ന തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി കൂത്തുപറമ്പ് കോട്ടയം കോവിലകവും കോട്ടയം ചിറയും സംരക്ഷിക്കുന്നതിനായി 3.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m]

## II അടിയന്തരപ്രമേയം

### വന്യമൃഗ ആക്രമണം

മി സ്പീക്കർ: സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും കൃഷിസ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും നിരവധിപേർക്ക് ഗുരുതര പരുക്കുകളേൽക്കുകയും കൃഷിയും സമ്പത്തും നശിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിഷയം ഇന്നലെ അരമണിക്കൂറോളം സമയമെടുത്ത് ആദ്യത്തെ ചോദ്യമായി ചർച്ച ചെയ്തതാണ്. പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ച് ആർക്കും സംശയമില്ല. സഭയ്ക്കാകെ ബോദ്ധ്യമുള്ള കാര്യമാണ്. എന്നാൽ പ്രസ്തുത വിഷയം തൊട്ടടുത്ത ദിവസം വീണ്ടും അടിയന്തരപ്രമേയമായി കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് അവതരണവും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും വളരെ സംക്ഷിപ്തമായിരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയത്തിൽ ഇന്നലെത്തന്നെ നോട്ടീസ് നൽകാൻ ഞങ്ങൾ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ബന്ധുവിന്റെ മരണവുമായി ബന്ധപ്പെട്ട് ഇന്നലെ കണ്ണൂർവരെ പോകണമെന്ന് പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഇന്നത്തേയ്ക്ക് മാറ്റിയത്. ചോദ്യോത്തരവേളയിൽ വരുന്ന ചോദ്യവും അതിൽ ചോദിക്കുന്ന ഉപചോദ്യവും റൂൾ 50-ഉം തമ്മിൽ വലിയ വ്യത്യാസമുണ്ട്. റൂൾ 50 ഒരു അവകാശംകൂടിയാണ്. അതുകൊണ്ട് ചുരുക്കി അവതരിപ്പിക്കണമെന്ന് പറയുന്നത് ശരിയല്ല. രണ്ടുമൂന്ന് അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ ലഭിക്കുന്ന അവസരവും റൂൾ 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് പറയുന്നതിലും വലിയ വ്യത്യാസമുണ്ട്. ഇത് സംസ്ഥാനമൊട്ടാകെയുള്ള ഗൗരവമായ വിഷയമാണ്. യഥാർത്ഥത്തിൽ ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. അതുകൊണ്ട് അങ്ങ് അത്രയും ഗൗരവത്തോടെ കാണണമെന്നാണ് എന്റെ അഭ്യർത്ഥന.

മി സ്പീക്കർ: റൂൾ 50 പ്രതിപക്ഷത്തിന്റെ അവകാശമെന്നതിനാലാണിത് അനുവദിക്കുന്നത്. ഇന്നലെ ഈ വിഷയത്തിന് അരമണിക്കൂറോളം സമയം നമ്മൾ നീക്കിവച്ചു. കഴിയുന്നത്ര അംഗങ്ങൾക്ക് ചോദ്യം ചോദിക്കാൻ അവസരവും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ തർക്കമൊന്നുമുണ്ടായിട്ടല്ല, സമയത്തിന്റെ പരിമിതിയുള്ളതുകൊണ്ട് കഴിയുന്നത്രയും ചുരുക്കി സംസാരിക്കണമെന്ന് പറഞ്ഞതാണ്. അത് ആ സ്പിരിറ്റിലെടുക്കുമെന്ന് വിചാരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: വേറൊന്നിലും നിയന്ത്രണമില്ല, റൂൾ 50-ൽ മാത്രമാണ് നിയന്ത്രണം വരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ കഴിഞ്ഞ സമ്മേളനത്തിൽ ചില വിഷയങ്ങൾ റൂൾ 50-ൽ അനുവദിച്ചതിൽ നന്ദി രേഖപ്പെടുത്തുകയും അഭിനന്ദിക്കുകയും ചെയ്തത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഉദാരമായ സമീപനംതന്നെയാണ് അതിലുള്ളത്. പക്ഷേ ചെയറിന് ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻപോലും പാടില്ലെന്നുള്ള സമീപനം സ്വീകരിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ഇന്നത്തേയ്ക്ക് മാറ്റാനുണ്ടായ കാരണം പറഞ്ഞതാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ വളരെ പ്രാധാന്യമുള്ളൊരു സംഭവമാണ് അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിച്ചിട്ടുള്ളത്. വന്യജീവി ആക്രമണംമൂലം കാർഷികവിളകൾക്കും മനുഷ്യജീവനും നാശം സംഭവിക്കുന്നുണ്ടെന്നുള്ള കാര്യം ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. പക്ഷേ ഇത് ഇരുതല മൂർച്ചയുള്ളൊരു വാളാണെന്നത് സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വന്യജീവി സംരക്ഷണം പ്രധാനപ്പെട്ടൊരു കടമയാണ്. വന്യജീവി സംരക്ഷണത്തിന്റെ ചുമതലക്കാരനായാണ് ഈ സഭ എനിക്ക് പ്രസ്തുത വകുപ്പ് ഏൽപ്പിച്ചുതന്നിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ.....

ശ്രീ. എ. കെ. ശശീന്ദ്രൻ: പറഞ്ഞുതീർന്നാൽ ശ്രീ. എൻ. ഷംസുദ്ദീന് പ്രശ്നമൊന്നുമുണ്ടാകില്ല. ഞാൻ സാവകാശത്തിലല്ലേ പറയുന്നത്. എന്തിനാണ് പ്രകോപനമുണ്ടാക്കുന്നത്? ഒരു പ്രധാനപ്പെട്ട പ്രശ്നം പറയുമ്പോൾ അതിന്റെ ഗൗരവത്തിൽ കാണണം. ഇത്തരം അക്രമ സംഭവങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിൽ വനം വകുപ്പ് വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നില്ല. കാരണം അവരുടെ ചുമതല വന്യജീവി സംരക്ഷണമാണ്. എന്നാൽ മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. ഇത് രണ്ടും ചേർന്നുകൊണ്ട് പ്രവർത്തിക്കുകയാണ് വനം വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ചുമതലയെന്ന് ഞാൻ കരുതുകയാണ്. ആ ചുമതല നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ ധാരാളം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 9 ജില്ലകളിലെ വനമേഖലയുമായി ചേർന്നുനിൽക്കുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരുമായി കൂടിക്കാഴ്ച നടത്തി ശാസ്ത്രീയ പരിഹാര നിർദ്ദേശങ്ങൾ

ലഭിക്കുന്നതിനുവേണ്ടി ശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ 1600-ഓളം നിർദ്ദേശങ്ങൾ ലഭിച്ചു. പക്ഷേ നടപടികൾ ശക്തിപ്പെടുത്തണമെന്ന നിർദ്ദേശമല്ലാതെ ഇന്നവിധത്തിൽ നമുക്ക് ചെയ്യുകൂടെ എന്നൊരു നിർദ്ദേശം ദൗർഭാഗ്യവശാൽ ലഭിച്ചിട്ടില്ലെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്. അതിനാൽ നമ്മുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചില തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകേണ്ടതുണ്ട്. കാർഷിക മേഖലയിലേയ്ക്കും കൃഷിഭൂമിയിലേയ്ക്കുമുള്ള വന്യമൃഗങ്ങളുടെ കടന്നാക്രമണം തടയാനുള്ള നടപടികൾ സ്വീകരിക്കുകയും ഇതുമൂലം നഷ്ടം സംഭവിച്ചവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുകയും ചെയ്യുകയെന്ന രണ്ട് മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ ഇന്നലെ മാത്രമല്ല, പതിനാലാം കേരള നിയമസഭയിലും ഈ വിഷയം സംബന്ധിച്ച് സബ്മിഷനും ഏകദേശം ഇരുന്നൂറോളം ഉപചോദ്യങ്ങളും വന്നിട്ടുണ്ട്. അതിനെല്ലാം സത്യസന്ധമായി മറുപടി പറയാനാണ് ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഞാനിതിന്റെ പ്രയാസം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. വനാതിർത്തികളിൽ ട്രഞ്ചുകൾ കുഴിക്കുകയും റെയിൽവേ ഫെൻസിംഗ്, സോളാർ വേലി, ഹാംഗിംഗ് സോളാർ വേലി എന്നിവ സ്ഥാപിക്കുകയും ചെയ്യുന്ന നടപടികൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തികളുടെ കണക്കുകൾ ഞാൻ ഇന്നലെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റൊന്ന്, വനത്തിനുള്ളിൽ നിന്നും മൃഗങ്ങൾ പുറത്തുവരാതെയിരിക്കുന്നതിനായി അവിടെത്തന്നെ വന്യ ജീവികൾക്കാവശ്യമായ ആവാസ കേന്ദ്രങ്ങളും ഭക്ഷ്യസാധനങ്ങളുമൊരുക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ തടയണകൾ ഉൾപ്പെടെയുള്ളവ നിർമ്മിച്ച് പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. വനാതിർത്തിയുടെ സമീപത്ത് താമസിക്കുന്ന കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകിക്കൊണ്ട് അവിടെനിന്നും മാറ്റിത്താമസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണ് നമുക്കുള്ളതെന്ന് മനസ്സിലാക്കണം. ഇക്കാര്യത്തിൽ എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ ചോദിച്ചുകൊണ്ട് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിർദ്ദേശങ്ങൾ അവരുടെയിടയിൽ ചർച്ച ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അറിയിക്കാനുള്ളത്. 9 ജില്ലകളിൽ അവരുമായി ചർച്ച നടത്തിക്കഴിഞ്ഞു. മൂന്നുനാല് ജില്ലകൾകൂടി ബാക്കിയുണ്ട്. ഇന്നലെ സൂചിപ്പിച്ചതുപോലെ ഇതുസംബന്ധിച്ച് തയ്യാറാക്കിയ സമഗ്രമായ കരട് റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് ഒരു പരിശോധനയുംകൂടി നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. കൂടാതെ ഈ പ്രശ്നം പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്ലാനിംഗ് ബോർഡ് വളരെ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി നാം

ഇപ്പോൾ മുമ്പോട്ടുവച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കാനുള്ള സാമ്പത്തിക പ്രയാസം പരിഹരിക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്. അവരുടെ പ്രതികരണവും ആശാവഹമായിരുന്നു. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഇത് കാര്യം നിസ്സാരമല്ല, പ്രശ്നം അതീവഗുരുതരമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്നലെ വനം വകുപ്പുമന്ത്രിയോട് നക്ഷത്രചിഹ്നമിട്ട 6 ചോദ്യങ്ങൾ 22 അംഗങ്ങൾ ചോദിച്ചിരുന്നു. അഞ്ച് വ്യത്യസ്ത ജില്ലകളിൽനിന്നുള്ള കർഷകർ കൂട്ടായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 5 പെറ്റീഷനുകൾ സമർപ്പിച്ചു. ഹൈക്കോടതി അതിലെ ആവശ്യം അനുവദിച്ചുകൊണ്ട് സർക്കാരിനാവശ്യമായ നിർദ്ദേശം കൊടുക്കുകയാണ് ചെയ്തത്. അതിനുപുറമെ എന്റെ നിയോജകമണ്ഡലത്തിലെ ആറളത്തെ ആദിവാസി സംഘടനകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് ആന പ്രതിരോധ മതിൽ നിർമ്മിക്കാനുള്ള ഉത്തരവ് സമ്പാദിച്ചു. ഇപ്പോൾ വയനാട്ടിലെ ആളുകളും ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഇരിട്ടി, പെരുങ്കരി, ചെങ്ങഴശ്ശേരിയിൽ ജെസ്റ്റിൻ എന്ന 38 വയസ്സുകാരൻ 26-9-2021 ഞായറാഴ്ച രാവിലെ ഏഴുമണിക്ക് ബുള്ളറ്റ് മോട്ടോർ സൈക്കിളിൽ ഭാര്യ അൽഫോൻസയെയുംകൂട്ടി പള്ളിയിലേയ്ക്ക് പോകുമ്പോൾ ആന ആക്രമിച്ചു. അദ്ദേഹത്തിന്റെ വീടിനടുത്തുനിന്നും എട്ട് കിലോമീറ്റർ ദൂരത്താണ് കർണ്ണാടക വനാതിർത്തി. ആ പ്രദേശത്ത് ഒരിക്കലും കാട്ടാന വന്നിട്ടില്ല. പള്ളിയിലേയ്ക്ക് പോയ അവരുടെ ബൈക്ക് ആന തകർക്കുകയും ജെസ്റ്റിനെ കുത്തുകയും അവിടമൊരു യുദ്ധക്കളം പോലെയാക്കുകയും ചെയ്തു. ഭാര്യയ്ക്കും ഗുരുതരമായി പരിക്കേറ്റു. നാട്ടുകാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരുമെല്ലാം ചേർന്ന് അവരെ ആശുപത്രിയിലെത്തിക്കുമ്പോഴേയ്ക്കും ജെസ്റ്റിൻ മരിച്ചു. പള്ളിയിലേയ്ക്ക് പുറപ്പെട്ടയാളുടെ മൃതശരീരവും വഹിച്ചാണ് ആളുകൾ പള്ളിയിലേയ്ക്ക് പോയത്. ആ മൃതശരീരത്തിൽ അന്ത്യചുംബനം നൽകാൻ ഭാര്യ അൽഫോൻസയ്ക്ക് സാധിച്ചില്ല. അവർ ആശുപത്രിയിൽ വെന്റിലേറ്ററിലായിരുന്നു. ഇത് കേവലമൊരു സ്ഥലത്ത് മാത്രമുള്ള സംഭവമല്ല. കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരള സംസ്ഥാനത്ത് 125 ആളുകളെ കാട്ടാന കൊന്നുവെന്നത് കഴിഞ്ഞദിവസത്തെ നിയമസഭാ ചോദ്യത്തിൽ വന്നതാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം പത്തുപേരെയാണ് കാട്ടാന കൊന്നത്. അതിലധികംപേരും ആറളം ആദിവാസി പുനരധിവാസ മേഖലയിൽപ്പെട്ടവരാണ്. സെപ്റ്റംബർ മാസം 24-ന് ചിന്നക്കനാലിലെ വിജിയെയും 25-ന് അട്ടപ്പാടിയിലെ മാരിജയെയും 1-5-2021-ന് എടവണ്ണയിലെ സെബാസ്റ്റ്യനെയും ആന കുത്തിക്കൊന്നു. 18-5-2021-ന് മലപ്പുറത്തെ ഷാജഹാൻ കാട്ടുപോത്തിന്റെ ആക്രമണത്തിൽ കൊല ചെയ്യപ്പെട്ടു. ഈ വർഷം ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിൽ മാത്രം ആറുപേരെ ആന കൊലപ്പെടുത്തി. തോട്ടം തൊഴിലാളികളായ പാലപ്പള്ളിയിലെ പീതാംബരൻ, സൈനുദ്ദീൻ എന്നിവരെ ആഗസ്റ്റ് മാസം

30-നാണ് ആന കുത്തിയത്. ആഗസ്റ്റ് മാസം 11-ന് സുബ്രിൻ കാരിക്കടവ്; മാർച്ച് മാസം 23-ന് അയ്യപ്പൻ കാരിക്കടവ്; 19-ന് രാജേഷ് പിള്ളപ്പാറ; 28-01-2021-ന് ഉണ്ണിച്ചെക്കൻ പാലപ്പിള്ളി എന്നിവർ കൊലചെയ്യപ്പെട്ടു. പെരുമ്പാവൂരിൽ മുൻ പഞ്ചായത്ത് മെമ്പറെ ആന ചവിട്ടിക്കൊലപ്പെടുത്തി. അതുപോലെ, വയനാട്ടിൽ മൂന്ന് പേരെ കടുവ കൊന്നുവെന്നുമാത്രമല്ല അവരുടെ ശരീരം മുഴുവനും ഭക്ഷിച്ചു. ഇത് പത്രങ്ങളിൽ വലിയ വാർത്തയായി വന്നു. ചിലതെല്ലാം പ്രാദേശിക വാർത്തയായി വരുന്നു. ഏഷ്യാനെറ്റിൽ 'കാടിറങ്ങുന്ന പോര്' എന്ന പേരിൽ ഒരു പരമ്പര തന്നെയുണ്ട്. മലയാള മനോരമയുൾപ്പെടെയുള്ള പത്രങ്ങളിൽ വരുന്ന വാർത്തകൾ മുഴുവൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടില്ല. 'ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കാട്ടാന ശല്യം', 'ചന്ദനക്കാംപാറയിൽ 25 കുടുംബങ്ങൾ കുടിയൊഴിഞ്ഞു', 'വീടുകളിൽ കയറിയ കാട്ടാനക്കൂട്ടം', 'നെഞ്ചിൽ തീയുമായി മനുഷ്യർ', 'കാടിറങ്ങുന്നു, വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലേക്ക്', 'വിതുരയെ വിറപ്പിച്ച് കാട്ടുപോത്ത്', 'കുഞ്ഞിനെയുമെടുത്ത് രാത്രി ഇറങ്ങിയോടി', 'വീട് ആന ചവിട്ടി ഞെരിച്ചു' ഇതെല്ലാമാണ് പത്രങ്ങളിൽ വരുന്ന തലക്കെട്ടുകൾ. അതുപോലെ പാലക്കാട് കഞ്ചിക്കോട് ഐ.ഐ.ടി. ക്യാമ്പസിൽ രാവിലെ ഇറങ്ങിയ ആന ഉച്ചവരെ അവിടെ നിന്നു. ഇതെല്ലാം ഇന്ന് വാർത്തകളിൽ വലിയ സ്ഥാനം പിടിക്കുന്നു. ഇതിനൊന്നും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല; പേരിനുമാത്രം നടപടികളുണ്ട്. 1993-ൽ 4286-ഉം 2011-ൽ 7384-ഉം ആനകളാണ് കേരളത്തിലുണ്ടായിരുന്നത്. ഇപ്പോൾ എണ്ണായിരത്തിലധികം ആനകൾ കേരളത്തിന്റെ വനത്തിനുള്ളിലുണ്ട്. കർണ്ണാടക, തമിഴ്നാട് വനാതിർത്തികളുമായി കേരളം ബന്ധപ്പെട്ടുനിൽക്കുകയാണ്. കർണ്ണാടക വനം ഉയർന്ന പ്രദേശത്താണ്. കേരളത്തിലാണ് പുഴകളും കുറേക്കൂടി ജലസമ്പത്തുമുള്ളതെന്നതുകൊണ്ട് കേരളാതിർത്തിയിലേയ്ക്ക് മൃഗങ്ങൾ വരികയാണ്. കേരളത്തിന്റെ വനവിസ്തൃതി 11521.81 സ്ക്വയർ കിലോ മീറ്ററാണ്. ഇത് ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. ഇതിൽ 1.56 ലക്ഷം ഹെക്ടർ തോട്ടങ്ങളാണ്. അവിടെയെല്ലാം തേക്കും യൂക്കാലിയുമായതിനാൽ ആനകൾക്ക് നിൽക്കാൻ കഴിയില്ല. അതായത് ആനകൾക്ക് സ്ഥലപരിമിതിയുണ്ട്, ക്യാരിയിംഗ് കപ്പാസിറ്റിയുണ്ട്. ഒരാനയ്ക്ക് ശരാശരി 25 സ്ക്വയർ കിലോ മീറ്റർ സ്ഥലം വേണം. അത് കേരളത്തിൽ ലഭ്യമല്ല. അമേരിക്കയിൽ യെല്ലോസ്റ്റോൺ നാഷണൽ പാർക്കിൽ കാട്ടുപോത്തുകളുടെ എണ്ണം കൂടിയപ്പോൾ 600 കാട്ടുപോത്തുകളെ വെടിവച്ച് കൊലപ്പെടുത്തി ഭക്ഷ്യവസ്തുവാക്കാൻ തീരുമാനിച്ചിരുന്നു. ആസ്ട്രേലിയയിൽ ദേശീയമൃഗമായ കങ്കാരുവിന്റെ എണ്ണം കൂടുമ്പോൾ അതിനെ വെർമിനായി പ്രഖ്യാപിച്ച് ആളുകൾക്ക് കൊല്ലാനുള്ള അനുവാദം കൊടുക്കുന്നു. വന്യമൃഗങ്ങൾക്ക് സംരക്ഷണം കൊടുക്കണമെന്ന് മന്ത്രി പറഞ്ഞു. അക്കാര്യം അംഗീകരിക്കുന്നു. അതിനായി രാജ്യത്ത് 1972-ലെ വൈൽഡ്ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റുണ്ട്. പക്ഷേ അതിനെക്കാളുപരിയായി അല്ലെങ്കിൽ അതിന് തുല്യമായി ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളിലൊന്നാണ് റൈറ്റ് ടു ലൈഫ് ആൻഡ്

പ്രോപ്പർട്ടി. മനുഷ്യന് ജീവിക്കണ്ടേ, ആർട്ടിക്കിൾ 21 അനുസരിച്ച് സർക്കാരിന് അതിന് ബാദ്ധ്യതയില്ലേ? ഇതിനാവശ്യമായ പദ്ധതികൾ മന്ത്രിതന്നെ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 14-01-2021-നും 22-01-2021-നും (അതായത് തെരഞ്ഞെടുപ്പിനോടടുത്ത്) ഭരണകക്ഷിയിലെ അംഗങ്ങളുടെ ചോദ്യത്തിന് അന്നത്തെ വനം വകുപ്പുമന്ത്രി നൽകിയ മറുപടി എന്റെ കൈവശമുണ്ട്. ഇക്കാര്യത്തിൽ കാര്യമായൊന്നും ചെയ്യുന്നില്ലെന്ന് ഓരോ പോയിന്റും വച്ചുകൊണ്ട് എനിക്ക് സമർത്ഥിക്കാൻ സാധിക്കും. സമയക്കുറവുകൊണ്ട് ഞാനത് വായിക്കുന്നില്ല. ഇന്നലത്തെ ചോദ്യത്തിന് ധനലഭ്യതയ്ക്കനുസരിച്ച് ചെയ്യുമെന്നാണ് മാനന്തവാടി നിയോജക മണ്ഡലത്തിലെ അംഗം ശ്രീ. ഒ. ആർ. കേളു ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് മന്ത്രി മറുപടിയായി പറഞ്ഞത്. ഇപ്പോഴും ധനലഭ്യതയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഞാൻ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി അംഗമാണ്. അത് ഞാൻ ചോദിച്ചുവാങ്ങിയതാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് വന്യജീവി സങ്കേതങ്ങളുള്ളതുകൊണ്ടും വന്യമൃഗശല്യം അതിരൂക്ഷമായതുകൊണ്ടും പ്രസ്തുത സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ പത്ത് വർഷമായി അംഗമാണ്. വനം വകുപ്പിന്റെ ഈ ആവശ്യത്തിനായി കേരള ബഡ്ജറ്റിൽ ആകെ 22 കോടി രൂപയാണ് ഈ വർഷം വകയിരുത്തിയിരിക്കുന്നത്. ആറളത്തെ വൈൽഡ് ലൈഫ് ഏരിയയിൽ മതിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്തിരിക്കുന്നത് 22 കോടി രൂപയ്ക്കാണ്. മുൻമന്ത്രി ശ്രീ. എ. കെ. ബാലൻ അവിടം സന്ദർശിച്ചപ്പോൾ ഞങ്ങൾ നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുൻകയ്യെടുത്തുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പാണ് 22 കോടി രൂപ അനുവദിച്ചത്. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ രണ്ട് കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടത്. കൂടുതൽ ആവശ്യപ്പെട്ട ആളുകളുണ്ട്. രണ്ട് കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടും ചെലവഴിക്കുന്ന മുറയ്ക്ക് ചെയ്യാമെന്ന മറുപടിയാണ് ലഭിച്ചത്. ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ സംരക്ഷണത്തിനും അതിന്റെ പദ്ധതിക്കുമായി കേന്ദ്രം 74 കോടി രൂപ അനുവദിച്ചെങ്കിലും 2021 വരെ അതിൽ 30 കോടി രൂപപോലും കേരളം ചെലവഴിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഫണ്ട് കണ്ടെത്താൻ സാധിക്കുന്നില്ല. അതുപോലെ നഷ്ടപരിഹാരം പ്രധാനപ്പെട്ടൊരു കാര്യമാണ്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്ന വ്യക്തിക്കുള്ള നഷ്ടപരിഹാരം 2018-ൽ പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഈയടുത്ത് മുപ്പത്തിയെട്ട് വയസ്സുള്ള ജസ്റ്റിൻ എന്നയാൾ ഇത്തരത്തിൽ മരണപ്പെടുകയുണ്ടായി. അദ്ദേഹം ബിസിനസ് നടത്തിയിരുന്നു. രാവിലെ റബ്ബർ ടാപ്പിംഗിനുശേഷമാണ് ജോലിക്ക് പോയിരുന്നത്. ആ വീട്ടിൽ ഞാൻ പലവട്ടം പോയിരുന്നു. അവർക്ക് ഈ പത്ത് ലക്ഷം രൂപ മതിയാകുമോ? അതുകൊണ്ട് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽപോലെ പ്രായം, തൊഴിൽ, ആയുസ്സ് തുടങ്ങിയവ കണക്കാക്കി ആവശ്യമായ നഷ്ടപരിഹാരം നൽകണം. കൂടാതെ ആശ്രിതർക്ക് സ്ഥിരജോലിയും നൽകണം. ശ്രീ. എ. പി. അനിൽ കുമാറിന്റെ നിയോജകമണ്ഡലത്തിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ

മരണപ്പെട്ടയാളിന്റെ വിധവയ്ക്ക് താത്കാലിക ജോലി നൽകി. അതുപോരാ, ആശ്രിത നിയമനം ഒരു വ്യവസ്ഥയാക്കണം. വന്യജീവികളുടെ ആക്രമണത്തിൽ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്ന ആളുകൾക്ക് രണ്ട് ലക്ഷം രൂപ മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ വനാതിർത്തിയിൽനിന്ന് പത്ത് കിലോമീറ്റർ ദൂരത്തിൽ താമസിക്കുന്ന മുഴക്കുന്നിലെ വിനോദ് കുമാർ എന്ന വ്യക്തി വിമാനത്താവളത്തിൽ പോയി തിരിച്ച് ബൈക്കിൽ വീട്ടിലേയ്ക്ക് വരുമ്പോൾ രാവിലെ അഞ്ചര മണിക്ക് കാട്ടാന ആക്രമിച്ചു. അദ്ദേഹത്തിന്റെ ചികിത്സയ്ക്ക് പതിനഞ്ച് ലക്ഷം രൂപ ചെലവായി. ഇക്കാര്യം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരെ കണ്ടു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരോഗ്യ വകുപ്പിൽനിന്നാണ് ആറ് ലക്ഷം രൂപ അനുവദിച്ചുനൽകിയത്. പതിനഞ്ച് ലക്ഷത്തോളം രൂപ ചെലവായ സ്ഥാനത്താണ് ഈ തുക നൽകിയത്. സ്ഥിരമായ അംഗവൈകല്യത്തിനാണ് രണ്ട് ലക്ഷം രൂപ അനുവദിക്കുന്നത്. ഈ തുക വർദ്ധിപ്പിച്ച് ആവശ്യമായ ചികിത്സാച്ചെലവ് നൽകാൻ സാധിക്കണം. Loss of income, pain and suffering, mental agony- sufficient and adequate compensation to be given for all these matters. 8-1-2015-ലെ ഉത്തരവനുസരിച്ചാണ് കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. നെല്ലിന് ഒരു ഹെക്ടറിന് പതിനൊന്നായിരം രൂപയും കായ്ക്കുന്ന തെങ്ങിന് 770 രൂപയും കുലച്ച നേന്ത്രവാഴയ്ക്ക് 110 രൂപയും റബ്ബർ ടാപ്പിംഗിന് 330 രൂപയുമാണ് നൽകുന്നത്. ഈ തുകകൾ ഇതുവരെ പരിഷ്കരിച്ചിട്ടില്ല. കൃഷി നശിച്ച ആളുകൾക്ക് രണ്ട് വർഷമായി നഷ്ടപരിഹാരത്തുകയൊന്നും നൽകിയിട്ടുമില്ല. 2017-ൽ കൃഷി വകുപ്പ് വിള ഇൻഷ്വറൻസിനുവേണ്ടി ഒരു പാറ്റേൺ ഉണ്ടാക്കി. വിള ഇൻഷ്വറൻസ് പ്രകാരം ഒരു ഹെക്ടർ നെല്ലിന് 35,000 രൂപയും ഒരു തെങ്ങിന് 2000 രൂപയും റബ്ബറിന് 1000 രൂപയും വാഴയ്ക്ക് 330 രൂപയുമാണ് നൽകുന്നത്. എന്നാൽ വനം വകുപ്പ് നൽകുന്ന തുക യഥാക്രമം 11,000, 770, 330, 110 രൂപ എന്നിങ്ങനെയാണ്. അതുകൊണ്ട് കൃഷിക്കാർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി കൊടുത്തുതീർക്കണം. അതോടൊപ്പംതന്നെ ആവശ്യമായ രീതിയിൽ സംഖ്യ വർദ്ധിപ്പിക്കുകയും വേണം. ബീഹാറിൽ പന്നികളെയും നീൽഗായ് (നീലക്കാള) എന്ന മൃഗത്തെയും ഹിമാചൽപ്രദേശിൽ കാട്ടുകുരങ്ങിനെയും വെർമിനായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മിനിഞ്ഞാന്ന് ബസിലേയ്ക്ക് കാട്ടുകുരങ്ങ് തേങ്ങ വലിച്ചെറിഞ്ഞതുകാരണം ഡ്രൈവർക്കും യാത്രക്കാർക്കും പരിക്കേറ്റു. ഇതുസംബന്ധിച്ച് വാർത്തയുണ്ടായിരുന്നു. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുകയും ഫണ്ട് കണ്ടെത്തുകയും വേണം. ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾ അടിച്ച ഹോൺ ആനയെ വിരട്ടുന്നതിനുവേണ്ടി വയ്ക്കേണ്ടതാണ്.

മി. സ്പീക്കർ: ആനയെ വിരട്ടാൻ പറ്റിയ ശബ്ദംകൊണ്ടുപോലും അങ്ങയെ നിയന്ത്രിക്കാൻ പറ്റുന്നില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, അതെനിക്കറിയാം. ഈ വിഷയത്തിന്റെ ഗൗരവവും സഭയുടെ പൊതുവികാരവും കണക്കിലെടുത്താണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയമുന്നയിക്കാൻ അവസരം നൽകിയത്. ഇന്നലെ ചോദ്യോത്തരവേളയിൽ വന്ന വിഷയംതന്നെ വീണ്ടും അടിയന്തരപ്രമേയമായി ക്കൊണ്ടുവന്നപ്പോൾ സംസാരിക്കാൻ അനുവാദം നൽകിയതിൽ ഞാൻ നന്ദി പറയുന്നു. ഇത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. എ. പ്രഭാകരൻ മലമ്പുഴ അംഗമാണ്. മലമ്പുഴ നിയോജക മണ്ഡലത്തിലെ അംഗമായിരിക്കുമ്പോൾ ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻപോലും ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഞങ്ങളെല്ലാവരും ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. മന്ത്രി പറഞ്ഞ പല കാര്യങ്ങളും ഇപ്പോഴും ഏട്ടിലെ പശുവാണ്, അത് പുല്ല് തിന്നില്ല. വഞ്ചി ഇപ്പോഴും തിരുനക്കരത്തന്നെ നിൽക്കുകയാണ്. അതുകൊണ്ട് ഫലപ്രദമായ നടപടി കണ്ടെത്തണം. ഫണ്ടില്ലെങ്കിൽ ഒന്നുകിൽ കേന്ദ്ര സർക്കാരിൽനിന്നോ അല്ലെങ്കിൽ കിഫ്ബിയിൽനിന്നോ കണ്ടെത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വനം വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും യോഗം വിളിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ വിഷയം അവതരിപ്പിച്ചപ്പോൾത്തന്നെ, നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ധനലഭ്യതയുടെ പോരായ്മയാണെന്നും പറയുകയുണ്ടായി. അതുകൊണ്ടാണ് ഇത് പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അടുത്ത വർഷം മുതൽ ആരംഭിക്കുന്ന പ്ലാൻ അനുസരിച്ചുള്ള പദ്ധതിയിൽ മതിയായ പരിഗണന നൽകാമെന്ന് എനിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതോടുകൂടി പണത്തിന്റെ ലഭ്യത നമുക്ക് ഉറപ്പുവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ഞാൻ നേരത്തെ ഇവിടെ വ്യക്തമാക്കിയിട്ടുള്ളതാണ്. വന്യമൃഗങ്ങളെ സംബന്ധിച്ച് യഥാസമയം മുന്നറിയിപ്പ് നൽകാനായി നമ്മുടെ സംസ്ഥാനത്തെ 17 മേഖലകളിൽ ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുകയാണ്. മുന്നറിയിപ്പ് നൽകാൻ രണ്ടോ മൂന്നോ മിനിട്ട് താമസം വന്നതുകൊണ്ട് നമുക്കൊരു ജീവൻ രക്ഷിക്കാൻ കഴിയാതെപോയ കാര്യം ഇവിടെ പറയുകയുണ്ടായി. ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം)-കളും ജനജാഗ്രതാ സമിതികളും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഞാൻ ഇന്നലെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിനകം 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും പ്രസ്തുത സമിതികൾ രൂപീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾകൊണ്ടുമാത്രമേ യഥാസമയം ആ പ്രദേശത്ത് ആവശ്യമായ നടപടികൾ നിർവ്വഹിക്കാൻ കഴിയൂ. എല്ലാ സ്ഥലത്തും ഒരേ പാറ്റേണല്ല ഉള്ളതെന്ന്

വനമേഖലയിൽ താമസിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാവർക്കും അറിയാവുന്നതാണ്. പുതുതായി 197 കുളങ്ങൾ നിർമ്മിക്കാനും 723 കുളങ്ങൾ വൃത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നത്. അങ്ങനെയാണ് ശാശ്വത പരിഹാരത്തിലേയ്ക്ക് പോകുന്നത്. വെടിവയ്ക്കൽ ഒരു ശാശ്വത പരിഹാരമല്ല, അതൊരിക്കലും പ്രോത്സാഹിപ്പിക്കാൻ പറ്റുന്നതുമല്ല. നമുക്ക് ശാശ്വത പരിഹാരമാണ് വേണ്ടത്. എന്തുകൊണ്ട് വന്യജീവികളെ വെർമിനായി പ്രഖ്യാപിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നില്ലെന്ന് പലപ്പോഴായി ഈ സഭയിൽ ചോദ്യങ്ങൾ ഉയർന്നുവന്നതാണ്. കൃഷിഭൂമിയിൽ അതിക്രമം കാണിക്കുന്ന വന്യജീവികളെ വെടിവയ്ക്കാനുള്ള അധികാരം നിലവിലുള്ള നിയമമനുസരിച്ച് ലൈസൻസുള്ള തോക്കുധാരികൾക്കുണ്ട്. അവരുടെ എംപാനൽ തയ്യാറാക്കി വനം വകുപ്പിനെയും ഗ്രാമപഞ്ചായത്തിനെയും അറിയിക്കണമെന്ന് മാത്രമേയുള്ളൂ. കാട്ടുപന്നികളുൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുമ്പോൾ അതിൽനിന്നും രക്ഷപ്പെടാൻ അവയെ വെടിവച്ചുകൊന്നാൽ മതി. എന്നാൽ ഒരു നിബന്ധനയും നിയന്ത്രണവുമില്ലാതെ കാട്ടുമൃഗങ്ങളെ വെടിവച്ച് കൊല്ലാനുള്ള അനുവാദം വേണമെന്നുള്ളതാണ് ഈ ആവശ്യത്തിന് പുറകിലുള്ളത്. ഏതായാലും ആ ന്യായം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. അത് അനിയന്ത്രിതമായി അനുവദിക്കാൻ സാധിക്കില്ല. കഴിഞ്ഞ ഒന്നര മാസത്തിനിടയിൽ 504 കാട്ടുപന്നികളെ വെടിവച്ചിട്ടുണ്ട്. അങ്ങനെ ഞാൻ പ്രഖ്യാപിക്കുന്നതുതന്നെ ഇരുതല മൂർച്ചയുള്ള ഒരു വാളാണ്. ദയവായി അങ്ങനെ പറയാൻ നിർബന്ധിക്കരുത്. കാരണം രണ്ട് വശങ്ങളും കാണാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ടെന്ന് ഞാൻ ഇന്നലെയും അറിയിച്ചതാണ്, ഇന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു. നമുക്ക് ഫലപ്രദമായ നടപടികളാണ് വേണ്ടത്. അതിന് വനം വകുപ്പിലെ ജീവനക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ആർ.ആർ.ടി.-കളുടെ എണ്ണവും ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതൊക്കെ ഉൾക്കൊള്ളുന്ന സമഗ്രമായൊരു പദ്ധതിയാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ബഡ്ജറ്റ് പ്രൊവിഷനും അനുസരിച്ചുമാത്രമേ വകുപ്പിന് പ്രവർത്തിക്കാൻ കഴിയൂവെന്ന സത്യസന്ധമായ കാര്യം ഞാൻ സഭയിൽ പറഞ്ഞതാണ്. പ്രതിപക്ഷത്തിരിക്കുന്നവർ ഭരിച്ചിരുന്നപ്പോഴും ഇതൊക്കെ അറിയാവുന്നതാണ്. ഒരു നടപടിക്രമമനുസരിച്ചേ സർക്കാരിന് പ്രവർത്തിക്കാൻ കഴിയൂ. ആ പ്രശ്നമൊഴിച്ച് മറ്റുള്ളവയ്ക്ക് പരിഹാരം കാണാൻ കഴിയുമെന്ന് ഞാൻ ഒരിക്കൽക്കൂടി സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം അനുവദിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഈ വിഷയം സഭയിലുന്നയിക്കാൻ അനുമതി നൽകിയതിൽ ഞാൻ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുകയാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ ഇന്നലെ അവതരിപ്പിക്കുന്നതിൽനിന്നും ഇന്നത്തേയ്ക്ക് മാറ്റിവയ്ക്കുന്നതിനെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്, അതിനെ തെറ്റിദ്ധരിക്കരുത്. ഇത് വളരെ ഗുരുതരമായ ഒരു വിഷയംതന്നെയാണ്. ഇതുസംബന്ധിച്ച് കേരളത്തിലെ ഒൻപത് ജില്ലകളിൽനിന്നും വ്യാപകമായ പരാതികളാണുയരുന്നത്. ആഗോളതലത്തിലും ദേശീയ തലത്തിലുമൊക്കെയുള്ള പ്രശ്നമാണെങ്കിലും കേരളത്തിൽ അത് വളരെ ഗുരുതരമാണ്. മനുഷ്യന്റെ ജീവനും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെടുമ്പോൾ അവൻ അതിശക്തമായി പ്രതികരിക്കുകയും മനുഷ്യനും വന്യജീവികളും തമ്മിലുള്ള വലിയ സംഘർഷത്തിനിടവരുത്തുകയും ചെയ്യും. Man-Animal Conflict എന്ന വാക്കല്ല ഉപയോഗിക്കേണ്ടത്, അത് തെറ്റാണ്. Man എന്ന വാക്ക് ഇപ്പോൾ ഉപയോഗിക്കാറില്ല, Human എന്നാണ് പറയാറുള്ളത്. Mankind-നുപകരം Humankind എന്നുപറയുന്നതാണ് ശരി. അതുപോലെ Animal എന്നും പറയാറില്ല. അതുകൊണ്ട് Human-Wildlife Conflict എന്നാണ് ഇന്ന് ആഗോളതലത്തിൽ പറയുന്നത്. മനുഷ്യരുടെ ഉപജീവനമാർഗ്ഗമായ കൃഷി, വനാതിർത്തിയിൽ ജീവിക്കുന്നവരുടെ ജീവൻ എന്നിവ അപകടത്തിലാക്കുന്ന ഒരു ഗുരുതരമായ പ്രശ്നമാണിത്. നമ്മൾ ഇതിന്റെ മൂലകാരണങ്ങൾകൂടി അന്വേഷിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ചില കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. വന്യജീവികൾ സംരക്ഷിക്കപ്പെടുകതന്നെ വേണം, അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ വന്യമൃഗങ്ങൾ കാരണം മനുഷ്യന്റെ ജീവനും സ്വത്തും അപകടത്തിലാകുകയാണ്. അതുകൊണ്ട് ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വംകൂടി സർക്കാരിനുണ്ടെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. ഇവിടെ എന്തുകൊണ്ടാണ് വന്യമൃഗ ആക്രമണങ്ങളുണ്ടാകുന്നത്? കാലാകാലങ്ങളായി വന്യജീവികളുടെ എണ്ണം കൂടുകയും അവയുടെ ആവാസവ്യവസ്ഥയുടെ വിസ്തൃതിയിൽ കുറവുണ്ടായിരിക്കുകയുമാണ്. ഒരു ആനയ്ക്കാവശ്യമായ സ്ഥലത്തെക്കുറിച്ച് ശ്രീ. സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ചു. ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ കണ്ടെത്തലനുസരിച്ച് ഒരു കടുവയ്ക്ക് ജീവിക്കാൻ 20 സ്ക്വയർ കിലോമീറ്റർ സ്ഥലം ആവശ്യമാണ്. എന്നാൽ നമ്മുടെ പല കടുവ സങ്കേതങ്ങളിലും അത്രയും സ്ഥലം ഒരു കടുവയ്ക്കും ലഭിക്കുന്നില്ല. അതുപോലെ ബഫർ സോണുകൾക്കുള്ള സൗകര്യങ്ങളൊന്നും ഇവിടെയില്ല. വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് ജനസംഖ്യ വർദ്ധിക്കുമ്പോഴുണ്ടാകുന്ന പ്രശ്നംപോലെയുള്ള ഒരു വിഷയമാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വന്യജീവികളുടെ ആവാസവ്യവസ്ഥയിലുണ്ടാകുന്ന കുറവിൽ മനുഷ്യർക്കുള്ള പങ്ക് അങ്ങ് കാണുന്നുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും. ഞാൻ അതാണ് പറയുന്നത്. ആവാസവ്യവസ്ഥയുടെ വിസ്തൃതിയിൽ വന്ന മാറ്റമുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്നതരത്തിലുള്ള കൃഷി രീതികളിലൊക്കെ മാറ്റമുണ്ടാകണം. അത്തരത്തിൽ സമഗ്രമായ ഒരു പ്ലാൻ തയ്യാറാക്കണം. മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങാതിരിക്കുന്നതിനുവേണ്ടി മുളകുൾപ്പെടെ കൃഷി ചെയ്തുകൊണ്ട് കൃഷിരീതികളിൽ പലതരത്തിലുള്ള മാറ്റങ്ങൾ വരുത്തുകയാണ്. വന്യമൃഗങ്ങൾ പുറത്തേയ്ക്ക് വരുന്നതിന് കാട്ടുതീ ഒരു പ്രധാന കാരണമാണ്. ആനകൾ നാട്ടിലേയ്ക്കിറങ്ങുന്നതിന്റെ പ്രധാന കാരണം അവയുടെ സഞ്ചാരപഥങ്ങളായ ആനത്താരകൾക്കുണ്ടാകുന്ന തടസ്സമാണ്. ഒരു ആനയ്ക്ക് ഓരോ ദിവസവും 250 കിലോഗ്രാം ആഹാരം വേണം. നാൽപ്പതോളം ആനകൾ ഒരു പ്രദേശത്ത് കൂട്ടമായി മേഞ്ഞതിനുശേഷം ആഹാരംതേടി അടുത്ത സ്ഥലത്തേയ്ക്ക് പോകും. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്കും അവിടെനിന്ന് തിരിച്ചും വരാൻവേണ്ടിയുള്ള ആനത്താരകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ ആ ആനത്താരകളെ തടസ്സപ്പെടുത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾകൂടി കാണേണ്ടതുണ്ട്. അതുപോലെ വനത്തിലൂടെ കൂടുതൽ ഗതാഗത സംവിധാനങ്ങൾ വേണമെന്നുള്ള ആവശ്യങ്ങൾ ഉയർന്നുവരികയാണ്. ഗതാഗത സംവിധാനങ്ങളുടെ വ്യാപനം, നഗരവത്കരണം, ജനസംഖ്യാവർദ്ധനവും വികസന പദ്ധതികളുമുണ്ടാക്കുന്ന പ്രശ്നങ്ങൾ, ഭൂമിക്കും പ്രകൃതിവിഭവങ്ങൾക്കും വർദ്ധിച്ചുവരുന്ന ഡിമാന്റ്, പ്രകൃതി വിഭവങ്ങളുടെ ചൂഷണം തുടങ്ങിയവമൂലം ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളാണ് വന്യമൃഗ ആക്രമണത്തിന്റെ മൂലകാരണങ്ങൾ. ഇതിന് ആഗോളതലത്തിൽ അംഗീകരിച്ചിരിക്കുന്ന പോളിസിയാണ് Sustainable Co-existence- സന്തുലിതമായ സഹജീവനം. അങ്ങ് പറഞ്ഞതുപോലെ, മനുഷ്യന് ജീവിക്കാൻ കഴിയണം, അവരുടെ സ്വത്തുകൾ സംരക്ഷിക്കപ്പെടണം. അതുപോലെ വന്യജീവികൾക്കും ജീവിക്കാൻ കഴിയണം. അത്തരത്തിൽ സന്തുലിതമായ ഒരു സഹജീവനവും നാശനഷ്ടങ്ങൾ കുറയ്ക്കാനുള്ള ഫലപ്രദമായ നടപടികളുമാണാവശ്യം. എന്നാൽ അതിനുള്ള കൃത്യമായ നടപടികൾ ഇപ്പോൾ നമ്മുടെ കൈവശമില്ല. എം.എൽ.എ.മാരുമായി ചർച്ച ചെയ്യുന്നതൊക്കെ നല്ല കാര്യം തന്നെയാണ്, ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ എം.എൽ.എ.മാരുടെ ചർച്ചകളിൽനിന്നും രൂപപ്പെടുത്തിയെടുക്കേണ്ട ഒരു പ്ലാൻ അല്ല നമുക്കാവശ്യം. അതിനാൽ ഒരു കോംപ്രിഹെൻസീവ് മാനേജ്മെന്റ് പ്ലാൻ സർക്കാർ തയ്യാറാക്കണം. ഇക്കാര്യത്തിൽ ആഗോളതലത്തിലും ദേശീയതലത്തിലുമുള്ള വിദഗ്ദ്ധരെയുൾപ്പെടുത്തി സമിതികൾ രൂപീകരിക്കുകയും കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുകയും വേണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഇന്റഗ്രേറ്റഡ് പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി പ്ലാനിംഗ് ബോർഡ് ഒരു സ്പെഷ്യൽ സമിതിയെ നിയമിച്ചിട്ടുണ്ട്. ആ സമിതി ഇക്കാര്യങ്ങൾ പരിശോധിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. തീർച്ചയായും അങ്ങയുടെ നിർദ്ദേശത്തെ ഗൗരവമായി പരിഗണിക്കുന്നതാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ആവാസവ്യവസ്ഥയിലുള്ള വ്യതിയാനം സംബന്ധിച്ച് ഇപ്പോൾ ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. കാട്ടിൽ കുറുക്കന്മാർ പൂർണ്ണമായും ഇല്ലാതായിരിക്കുകയാണെന്നും മയിലുകൾ വനത്തിൽനിന്നും നാട്ടിലേയ്ക്ക് വലിയതോതിൽ വന്നുകൊണ്ടിരിക്കുകയാണെന്നും വനമേഖലയിൽ വലിയ അപകടം സംഭവിക്കാൻ സാധ്യതയുണ്ടെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് 195 രാജ്യങ്ങൾ സംയുക്തമായി പുറപ്പെടുവിച്ച ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ കാലാവസ്ഥാ വ്യതിയാനംമൂലം കാട്ടിലും കടലിലും സംഭവിക്കാൻപോകുന്ന അപകടകരമായ കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കാട്ടിൽ കൂടുതലായി മയിലുകളുണ്ടാകുന്നത് കാടിന്റെ നാശത്തിന് തുടക്കമാകുമെന്നത് കാടുമായി ബന്ധപ്പെട്ട ആദിവാസികളിൽനിന്നും ലഭിച്ച ഒരു പ്രാചീനമായ അറിവാണ്. കാരണം മരങ്ങൾ വീണ്ടും മുളയ്ക്കുന്നതിനുവേണ്ടിയുള്ള വിത്തുകളാണ് മയിലുകൾ ഭക്ഷിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ദേശീയപക്ഷിയായ മയിലിനെ തൊടുന്നതുപോലും കുറ്റകരമാണെന്ന വ്യവസ്ഥയാണ് നിലവിലുള്ളതെന്നകാര്യംകൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിഗണിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, മയിൽ കുഴപ്പമൊന്നുമുണ്ടാക്കുന്നില്ല. പക്ഷേ മയിൽ കാരണം ബൈക്കിൽ സഞ്ചരിച്ച രണ്ടുപേർക്ക് അപകടം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാധാരണനിലയിൽ മയിൽ കാണാൻ ഭംഗിയുള്ളതാണ്, നമ്മുടെ ദേശീയ പക്ഷിയാണ്, അതിനെ ഉപദ്രവിക്കേണ്ട യാതൊരു ആവശ്യവുമില്ല. പക്ഷേ അത് വിത്തുകൾ ഭക്ഷിക്കുന്നതിനാൽ കാടിന് സ്വാഭാവികമായ വളർച്ചയുണ്ടാകില്ല. പല ജില്ലകളിലും പഞ്ചായത്തുകളിലും വന്യമൃഗ ആക്രമണം സംബന്ധിച്ച് വ്യത്യസ്തമായ പ്രശ്നങ്ങളാണുള്ളത്. ചില സ്ഥലങ്ങളിൽ ആനയും മറ്റ് ചില സ്ഥലങ്ങളിൽ കാട്ടുപോത്തും കാട്ടുപന്നിയും കുരങ്ങുകളുമാണ് പ്രശ്നമുണ്ടാക്കുന്നത്. അതുപോലെ മാനിന്റെ ശല്യമുള്ള സ്ഥലങ്ങളുമുണ്ട്. അതുകൊണ്ട് ഇതിനെ നേരിടുന്നതിനുവേണ്ടി ഓരോ ജില്ലയിലും പഞ്ചായത്തിലും പ്രത്യേകം പ്ലാൻ തയ്യാറാക്കണമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പല മേഖലകളിൽനിന്നുള്ള അറിവുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഇന്റർഡിസിപ്ലിനറി അപ്രോച്ചുണ്ടാകണം. ഇക്കാര്യത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ

പലതരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരമെന്നത് വലിയൊരു പ്രശ്നമാണ്. ഉദാഹരണത്തിന് ഉത്തർപ്രദേശിൽ സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിൽ ഇതുകൂടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നഷ്ടപരിഹാര തുക കൂടുതൽ നൽകാൻ സാധിക്കും. ഉത്തരാഖണ്ഡിൽ കൃഷിയിടങ്ങളെയും വനാതിർത്തിയെയും തമ്മിൽ വേർതിരിക്കുന്നതിനുവേണ്ടി മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള ബയോ ഫെൻസിംഗ് എന്ന പുതിയ സംരംഭം തുടങ്ങിയിട്ടുണ്ട്. നീലഗിരിയിൽ ആനത്താരയിൽ റിസോർട്ടുകൾ തുടങ്ങിയപ്പോൾ സുപ്രീംകോടതി അടച്ചുപൂട്ടിച്ചു. കോടതികൾ അതുപോലെയുള്ള പല ഇടപെടലുകളും നടത്തിയിട്ടുണ്ട്. ഒഡീഷയിൽ കാടിനകത്ത് ഫലവൃക്ഷങ്ങളുടെ വിത്തുകൾ വിതറി വന്യമൃഗങ്ങൾക്ക് കാടിനകത്തുതന്നെ ഭക്ഷണം ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുകയാണ്. അത്തരത്തിൽ ഗവൺമെന്റ് ഗൗരവതരമായി ഒരു കോംപ്രിഹെൻസീവ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കണം. ആനത്താരകളെല്ലാം പുനഃസ്ഥാപിക്കപ്പെട്ടാൽ ആനകളൊന്നും നാട്ടിലേയ്ക്കിറങ്ങില്ല. ആനത്താരകൾ എവിടെയെല്ലാമാണ് തടസ്സപ്പെട്ടതെന്ന് പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്ത് എണ്ണായിരത്തിലധികം ആനകളുണ്ട്. മാത്രമല്ല, വെള്ളത്തിനും ഭക്ഷണത്തിനുമായി കർണ്ണാടക-തമിഴ്നാട് അതിർത്തികളിൽനിന്നും ഓരോ സീസണിലും ആനകൾ നമ്മുടെ സംസ്ഥാനത്തെത്തുകയാണ്. അതുകൊണ്ട് പരമ്പരാഗതമായുണ്ടായിരുന്ന എല്ലാ ആനത്താരകളും പുനഃസ്ഥാപിക്കണം. അങ്ങ് ഇന്നലെ തടയണകൾ നിർമ്മിക്കുന്ന കാര്യം പറഞ്ഞു, വനത്തിനകത്ത് കുടിവെള്ള സ്രോതസ്സുകളുണ്ടാക്കിയാൽ വെള്ളംതേടി ഇവ പുറത്തേയ്ക്ക് വരാത്ത സാഹചര്യമുണ്ടാകും. പല രാജ്യങ്ങളും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ അതാത് പ്രദേശത്തുള്ള മൃഗങ്ങൾ കഴിക്കുന്ന ഭക്ഷണസാധനങ്ങൾ കാടിനകത്തുതന്നെ കൃഷിചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ചെയ്യുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, വളരെ പ്രസക്തമായ കാര്യങ്ങളാണ് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ വനമേഖലയിൽ അൽക്കേഷ്യ, മാഞ്ചിയം തുടങ്ങിയ ധാരാളം വൃക്ഷങ്ങൾ ഇപ്പോൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ അത് നമ്മുടെ പരിസ്ഥിതിക്ക് ദോഷവും വന മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ടാക്കുന്നതിന് കാരണവുമായിട്ടുണ്ട്. അത്തരത്തിലുള്ള മരങ്ങൾ മുറിച്ചുമാറ്റി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള സംവിധാനമുണ്ടായാൽ വന്യമൃഗങ്ങൾക്ക് ഭക്ഷണം ലഭിക്കുന്ന സാഹചര്യവും വരുമാനം വർദ്ധിക്കുന്ന അവസ്ഥയുമുണ്ടാകും. അക്കാര്യം ആലോചിച്ചുകൂടെ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും അതുതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. സർക്കാർ മുൻഗണന കൊടുത്തുചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണത്. ഭൂഗർഭജലം മുഴുവൻ വലിച്ചെടുക്കുന്നതും പാരിസ്ഥിതിക സന്തുലനത്തിന് ദോഷകരമായ രീതിയിലുള്ളതുമായ മരങ്ങൾ വെട്ടിമാറ്റി വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി ലോകവ്യാപകമായി

തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനും പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിനുമായി വനം വകുപ്പിന്റെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സി.സി.എഫ്.)-ന്റെ നേതൃത്വത്തിൽ പ്രത്യേകമായ ഒരു വിംഗ് ആരംഭിക്കണമെന്ന് എനിക്ക് ഒരു നിർദ്ദേശമുണ്ട്. അതുപോലെ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇതെല്ലാം നടപ്പാക്കണമെങ്കിൽ പണം വേണം. അങ്ങ് പറഞ്ഞത് 22 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നാണ്. ഈ തുക വളരെ തുച്ഛമാണ്. ഇക്കാര്യത്തെ ഗൗരവമായി നേരിടണമെങ്കിൽ തീർച്ചയായും വൻ തുക ആവശ്യമാണ്. സഭയുടെയും ഉദ്യോഗസ്ഥരുടെയും ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെയും ഫോക്കസിൽ വളരെ മുൻഗണന ആവശ്യമുള്ള ഒരു വിഷയമായി ഇത് വരികയാണ്. അതുകൊണ്ടാണ് സഭയിൽ ഈ വിഷയം ചർച്ച ചെയ്യണമെന്ന് പറയുന്നത്. എന്നാൽ മാത്രമേ ഇതൊരു ഗുരുതര പ്രശ്നമാണെന്ന ബോദ്ധ്യം എല്ലാവരുടെയും മനസ്സിലുണ്ടാകുകയും ഇതിനുവേണ്ടി കൂടുതൽ പണം നീക്കിവയ്ക്കുകയും ചെയ്യുകയുള്ളൂ. നേരത്തെ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ തീവ്രമായ കാലാവസ്ഥാ വ്യതിയാനങ്ങളും തുടർച്ചയായുണ്ടാകുന്ന മഴയും വരൾച്ചയും മലയിടിച്ചിലുകളും കാരണം വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് സ്ഥാനചലനം സംഭവിക്കുകയാണ്. പാറമടകളിലുള്ള പ്രശ്നങ്ങളും വനത്തിനകത്തുണ്ടാകുന്ന ഇടപെടലുകളും കാലാവസ്ഥാ വ്യതിയാനങ്ങളുംമൂലം തുടർച്ചയായുണ്ടാകുന്ന പ്രശ്നങ്ങൾ കാരണം നമ്മൾ അപകടത്തിലേയ്ക്കാണ് പോകുന്നത്. ഇത് നിസ്സാരമായി കൈകാര്യം ചെയ്യേണ്ട വിഷയമല്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വന്യജീവികൾ പെരുകിയതോടെ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് അവ ഇറങ്ങുന്നത് കൂടുതലാകുകയാണ്. മണ്ണാർക്കാട്ടും മറ്റ് പരിസര പ്രദേശങ്ങളിലുമൊക്കെ ആന ഇറങ്ങുന്നുണ്ട്. പാലക്കാട് ടൗണിനടുത്തുള്ള നാഷണൽ ഹൈവേയിൽക്കൂടിയാണ് ആനകൾ അപ്പുറത്തുനിന്നും ഇപ്പുറത്തേയ്ക്ക് കടക്കുന്നത്. വനം വകുപ്പിന് ആവശ്യത്തിന് ജീവനക്കാരോ ഉപകരണങ്ങളോ വാഹനങ്ങളോ ഇല്ലെന്നതാണ് പ്രധാന പ്രശ്നം. അതിനൊരു സംവിധാന മുണ്ടാക്കണം. ഇപ്പോഴും ആനയെ ആട്ടിയോടിക്കുന്നതിന് പടക്കമെറിയുകയാണ് ചെയ്യുന്നത്. ആനയ്ക്ക് ഇപ്പോൾ പടക്കം ശീലമായി. അതുകണ്ടാൽ ആന പോകുകയില്ല. അതുകൊണ്ട് റബ്ബർ ബുള്ളറ്റ് ഉപയോഗിച്ച് ആനയെ ഓടിക്കാനുള്ള അനുവാദം നൽകണം.

<u>മി. സ്പീക്കർ</u>: ഏത് വിഷയം ചർച്ച ചെയ്യുമ്പോഴും ഇങ്ങനെ വഴങ്ങിക്കൊടുത്താൽ ബുദ്ധിമുട്ടായിരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇനി ആർക്കും വഴങ്ങുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ട് നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്. വനാതിർത്തിയിൽ താമസിക്കുന്നവർക്കുവേണ്ടി സ്പെഷ്യൽ ഇൻഷ്വറൻസ് സ്കീം നടപ്പാക്കണം. നേരത്തെ ശ്രീ. സണ്ണി ജോസഫ് ലൈഫ് ഇൻഷ്വറൻസ്, ഹെൽത്ത് ഇൻഷ്വറൻസ്, അഗ്രികൾച്ചറൽ ഇൻഷ്വറൻസ് എന്നിവയെപ്പറ്റി പറഞ്ഞു. അതുകൊണ്ട് ഒരു സ്പെഷ്യൽ ഇൻഷ്വറൻസ് സ്കീമുണ്ടാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ സാമ്പത്തിക പ്രതിസന്ധി എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് മുന്നോട്ടുപോകണം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയെ സംബന്ധിച്ച് പറഞ്ഞു. ഹൈക്കോടതിയെ സമീപിച്ച അഞ്ച് കർഷകർക്കാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. " Under section 11 (1) (b) of the Wildlife (Protection) Act to avert the said menace did not yield any result and that the only alternative to protect the interests of the farmers is to declare wild boars as vermin in specified areas in the State, I deem it appropriate to pass an interim order directing the Chief Wildlife Warden to permit the petitioners to hunt wild boars in the areas where their agricultural lands are situated, as provided for in section 11 (1) (b) of the Act."

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ട് പേർക്ക് മാത്രമല്ല ലൈസൻസുള്ള എല്ലാവർക്കും വെടിവയ്ക്കുന്നതിനും വെടിവച്ചതിനുശേഷം റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കാട്ടുപന്നികളെ വെടിവച്ചോടിക്കുക എന്നുള്ളത് ഒരു പരിഹാരമല്ല. പക്ഷേ കൃഷിയിടങ്ങളെ നശിപ്പിക്കുകയും മനുഷ്യരെ ആക്രമിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പൊതുവൽക്കരിച്ച് എല്ലാവർക്കും അനുമതി കൊടുക്കുന്നതരത്തിൽ നിലനിർത്തണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ഈ സംഘർഷങ്ങളെ ലഘൂകരിക്കാനും നാശനഷ്ടങ്ങൾ കുറച്ചുകൊണ്ടുവരാനും ഗവൺമെന്റ് ഒരു കോംപ്രിഹെൻസീവ് മാനേജ്മെന്റ് പ്ലാൻ സ്വീകരിക്കുമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല. സമയബന്ധിതമായി ഈ പദ്ധതി കേരളത്തിൽ നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, സത്യത്തിൽ ഇവിടെ ഒരു ചർച്ച തന്നെ നടന്നു. അത് പ്രശ്നത്തിന്റെ ഗൗരവമാണ് കാണിക്കുന്നത്. വിഷയാവതാരകന്റെയും

പ്രതിപക്ഷ നേതാവിന്റെയും മന്ത്രിയുടെയും ഇടപെടലിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന സമവായം വളരെ പ്രധാനമാണ്. ഞാൻ വയനാട്ടിലെ എന്റെ കുടുംബവീട്ടിൽ പോയാൽ നേരം വെളുത്ത് കണ്ണും തിരുമ്മി നോക്കുമ്പോൾ ആന മുറ്റത്തുനിൽക്കുന്നതാണ് കാണുന്നത്. സുൽത്താൻ ബത്തേരി ടൗണിന്റെ തൊട്ടപ്പുറത്താണ് കുടുംബവീട്. കാപ്പി തോട്ടത്തിൽ ആനയും മറ്റ് കാട്ടുമൃഗങ്ങളും ഇറങ്ങുകയാണ്. ടൗണിൽ വരെ കാട്ടുമൃഗങ്ങൾ വരുന്ന സ്ഥിതിയാണ്. ഇത് വയനാട്ടിൽ മാത്രമല്ല മറ്റ് പ്രദേശങ്ങളിലുമുണ്ട്. അവിടത്തെ കൃഷിക്കാരുടെയും മനുഷ്യരുടെയും സാമൂഹിക പ്രശ്നമായി മാറിക്കഴിഞ്ഞ ഒരു വിഷയമാണിത്. 'ഒന്നുകിൽ കളരിക്ക് പുറത്ത് അല്ലെങ്കിൽ ആശാന്റെ നെഞ്ചത്ത്' എന്ന് ചിലർ പറഞ്ഞതുപോലെ പണ്ട് ഇവയെ കൊല്ലുക തന്നെയായിരുന്നു. ഒരുപാട് വന്യജീവികളെ കൊന്നൊടുക്കിയിരുന്ന ഒരു സമയമുണ്ടായിരുന്നു; നായാട്ടൊക്കെ അനുവദിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് അങ്ങനെയുള്ള കാര്യങ്ങളൊന്നും ചെയ്യാതെവന്നപ്പോൾ, അതിൽ ശാസ്ത്രീയമായി ചെയ്യുന്ന രീതിയൊന്നും നോക്കാതെ വന്നപ്പോൾ ഉപദ്രവകാരികളായ മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചു. അതുപോലെ വനവിസ്തൃതി കുറഞ്ഞുവെന്ന് പറഞ്ഞത് ശരിയാണ്. ഇത് ഒരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. ചില പ്രദേശങ്ങളിലെ ആളുകൾക്ക് ഒരു സുരക്ഷിതത്വവുമില്ല. അതുകൊണ്ട് ഈ നടക്കുന്ന അഭിപ്രായ പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ഒരു രീതി അവലംബിക്കേണ്ടതാണ്. ലോകം മുഴുവൻ ഇതുപോലെ വനവും വന്യജീവികളുമൊക്കെയുണ്ട്. ആഫ്രിക്കയിൽ വളരെ കൂടുതൽ വനങ്ങളുണ്ട്. ലോകം മുഴുവനുമുള്ള ആളുകൾ ആഫ്രിക്കയിലെ സഫാരി പാർക്കൊക്കെ കാണാൻ പോകുകയാണ്. പക്ഷേ അവിടെയാക്കെ ഗുരുതരമായ ഒരു സാമൂഹിക പ്രശ്നമായി ഇത് നിലനിൽക്കുന്നില്ല. ഇന്ത്യയിലും കേരളത്തിലും ഇതിനൊരു പരിഹാരം അനിവാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങളെക്കുറിച്ച് നല്ല നിലയിൽ ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞു. പക്ഷേ എന്താണ് ചെയ്യേണ്ടതെന്ന് പറയുന്നില്ല. നല്ല നിലയിൽ ആലോചിക്കുന്നുവെന്ന് പറഞ്ഞാൽ വന്യജീവികൾക്ക് മനസ്സിലാകുമോ; ഇങ്ങോട്ടുവരണ്ടായെന്ന് പറഞ്ഞ് അവരെ ബോധവൽക്കരിക്കാൻ സാധിക്കുമോ? അതുകൊണ്ട് ഏതെങ്കിലും രാജ്യത്ത് വിജയിച്ച നടപടികൾ കേരളത്തിലും പ്രയോഗവൽക്കരിക്കാൻ കഴിയുമോ എന്നുള്ളതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കുകയും തുടർന്ന് ചർച്ച ചെയ്യുകയും വേണം. ഇതിനൊരു പരിഹാരമാണ് ആവശ്യം. അതുകൊണ്ടാണ് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നില്ലെന്ന് പറയുന്നത്. അല്ലാത്തപക്ഷം ഇത് ഗുരുതരമായ പ്രശ്നമായി മാറുമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ജി. എസ്. ജയലാൽ: സർ, കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നാല് ലക്ഷത്തിലധികം തൊഴിലാളികളും അവരുടെ കുടുംബവും ആശ്രയിക്കുന്ന തൊഴിൽ മേഖലയാണ് കശുവണ്ടി മേഖല. ഈ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. കശുവണ്ടി വ്യവസായത്തിന്റെ ചരിത്രം പരിശോധിച്ചാൽ, യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോഴെല്ലാം തകർന്ന് തരിപ്പണമാകുന്ന ഒരു വ്യവസായമാണിത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പൊതുമേഖലാ ഫാക്ടറികളും കോർപ്പറേഷൻ ഫാക്ടറികളും കാപ്പെക്സ് (കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ഫാക്ടറികളും പ്രവർത്തിപ്പിച്ച് നല്ല മാതൃകയാണ് സൃഷ്ടിച്ചത്. എന്നാൽ 750-ഓളം വരുന്ന സ്വകാര്യ ഫാക്ടറികളിൽ 600 ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് അതിനാവശ്യമായ പുനരുദ്ധാരണ പാക്കേജ് ആവിഷ്കരിച്ചെങ്കിലും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്ന രീതിയിലേയ്ക്ക് അത് ഫലപ്രദമായി വന്നിട്ടില്ല. കടക്കെണിയിലായ മുതലാളിമാർക്ക് ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ പലിശ സബ്സിഡിയുൾപ്പെടെയുള്ള വിവിധങ്ങളായ പാക്കേജുകളും കാഷ്യു ബോർഡുമൊക്കെ നടപ്പാക്കാൻ ശ്രമിച്ചെങ്കിലും സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്ന തരത്തിലേയ്ക്ക് പൂർണ്ണമായി വന്നിട്ടില്ല. എന്നാൽ പൊതുമേഖലയിൽ വലിയ മാറ്റമാണുണ്ടായത്. തൊഴിൽ സുരക്ഷ ഉറപ്പാക്കുക മാത്രമല്ല കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാനാവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതികളെ ആശ്രയിച്ചാണ് ഈ മേഖലയിലെ തൊഴിലാളികൾ പട്ടിണിയില്ലാതെ കഴിയുന്നത്. സൗജന്യ ഭക്ഷ്യ കിറ്റുപോലുള്ള റേഷൻ സംവിധാനങ്ങളും ആശ്വാസ ധനസഹായങ്ങളുമാണ് തൊഴിലാളികൾക്ക് ആശ്രയമാകുന്നത്. ഇത്തരം പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. തൊഴിലാളികളുടെ കൂലി പുതുക്കിയിട്ട് ഏഴ് വർഷമായി. ഇ.എസ്.ഐ./പി.എഫ്. വിഹിതമടയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. 2016 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തു; അതിനുശേഷമുള്ളത് നൽകാനുണ്ട്. ഈ ദുരിതമനുഭവിക്കുന്ന ആളുകളുടെ ചികിത്സാനുകൂല്യം നഷ്ടപ്പെടുന്നുവെന്നതാണ്

ഏറ്റവും പ്രധാനം. കേന്ദ്ര ഗവൺമെന്റിന്റെ നിയമപ്രകാരം മിനിമം 78 ദിവസം തൊഴിൽ ചെയ്തില്ലെങ്കിൽ/ഹാജരില്ലെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാതെ ഈ ചികിത്സാനുകൂല്യം നഷ്ടപ്പെടുന്ന സ്ഥിതിയുമുണ്ട്. ജീവിതശൈലീ രോഗവും പ്രധാന വിഷയമാണ്. തൊഴിലുള്ള ഫാക്ടറികളിൽപ്പോലും പുതിയ ജീവിതശൈലീ രോഗവുമായി ബന്ധപ്പെട്ട് ഇരുന്ന് ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. അതിനാൽ ഭൗതിക സാഹചര്യങ്ങളിലൊക്കെ മാറ്റം അനിവാര്യമാണ്. ഗവൺമെന്റ് തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ കുറച്ചുകൂടി ജാഗ്രതയോടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നമ്മുടെ വ്യവസായം അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നൊരവസ്ഥയുണ്ട്. ഗവൺമെന്റിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി ബോധപൂർവ്വം ഈ വ്യവസായത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന വൻകിട വ്യവസായികൾ ഈ മേഖലയിലുണ്ടെന്നാണ് അനുഭവങ്ങളിലൂടെ മനസ്സിലാകുന്നത്. കയർ, കൈത്തറി മേഖലകളിൽ വലിയ ഉണർവ്വുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അതുപോലെ കശുവണ്ടി മേഖലയിലെ വിഷയങ്ങളും പരിഹരിച്ച് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന ഈ വ്യവസായത്തെ പിടിച്ചുനിർത്താനും സംരക്ഷിക്കാനും കാഷ്യു ബോർഡ് ഉൾപ്പെടെയുള്ളവ സമഗ്രമായി നടപ്പാക്കി നാല് ലക്ഷത്തിലധികംവരുന്ന തൊഴിലാളികളെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചിട്ടുള്ളത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ്, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യു ബോർഡ് ലിമിറ്റഡ് എന്നിവയാണ് കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാരിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. ഇതിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനുകീഴിൽ മുപ്പത് കശുവണ്ടി ഫാക്ടറികളും കാപ്പെക്സിന് കീഴിൽ പത്ത് കശുവണ്ടി ഫാക്ടറികളുമാണുള്ളത്. കോവിഡ്-19 മഹാമാരി പടർന്നുപിടിച്ചതിനെ തുടർന്നുള്ള അടച്ചിടൽമൂലം 2020 മാർച്ച് മുതൽ ഈ ഫാക്ടറികളുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം തടസ്സപ്പെട്ടെങ്കിലും ഇപ്പോൾ നിയന്ത്രണങ്ങളിൽ ഇളവുകൾ വന്നതിനെത്തുടർന്ന് എല്ലാ ഫാക്ടറികളും പൂർണ്ണതോതിൽ തടസ്സമില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും ബ്രാൻഡ്

ബിൽഡിംഗിനുമായി കശുവണ്ടി വികസന കോർപ്പറേഷന് ആറ് കോടി രൂപയും കാപ്പെക്സിന് അഞ്ചരക്കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യങ്ങളും തൊഴിലാളികളുടെ വേതനം, ബോണസ് തുടങ്ങിയവയും മുടക്കംകൂടാതെ നൽകിവരുന്നു. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിലെ 1500 തൊഴിലാളികൾക്ക് 2016 മുതൽ കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ തൊഴിൽ നൽകിയിട്ടുണ്ട്. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കശുമാവ് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിന്റെയും ഭാഗമായി അത്യുൽപാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും കൂടുതൽ കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 2021-22 സാമ്പത്തിക വർഷം ആറരക്കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി നൽകി തൈകളുടെ വിതരണം വിജയകരമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. കാഷ്യൂ ബോർഡ് ലിമിറ്റഡ് ഈ സാമ്പത്തിക വർഷം 8000 മെട്രിക് ടണ്ണിലധികം ഇറക്കുമതി ചെയ്ത് 2021 ഡിസംബർ മാസം വരെ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്ന തിനാവശ്യമായ തോട്ടണ്ടി ഉറപ്പുവരുത്തിയിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 2020 ഡിസംബർ 21-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായികൾ വിവിധ ബാങ്കുകളിൽനിന്നുമെടുത്ത വായ്പകൾ പുനഃക്രമീകരിക്കുന്നതിനും അങ്ങനെ ചെയ്യാൻ കഴിയാത്ത വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാൻ ഫോർമുല രൂപീകരിക്കുന്നതിനുമായി വ്യവസായികളുടെ പ്രതിനിധി, സർക്കാർ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. എന്നാൽ ബാങ്കുകൾ വ്യവസായികൾക്കെതിരായ റിക്കവറി നടപടികളുമായി മുന്നോട്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2021 സെപ്റ്റംബർ 22-ന് വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വ്യവസായി കളുടെയും എസ്.എൽ.ബി.സി. (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി), കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെയും പ്രതിനിധികളുമായി പ്രത്യേകം യോഗം ചേരുകയും

ഒരുമാസത്തിനകം ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കശുവണ്ടി വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ചെയ്തു. അതിനുശേഷം ഒരു യോഗംകൂടി ചേർന്നിട്ടുണ്ട്. കോവിഡ് മഹാമാരി പടർന്നുപിടിച്ചതിനെ തുടർന്നുണ്ടായ അടച്ചിടൽമൂലം 2020 മാർച്ച് മുതൽ ഈ ഫാക്ടറികളുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം തടസ്സപ്പെട്ടെങ്കിലും നിലവിൽ നിയന്ത്രണങ്ങളിൽ ഇളവുവരുത്തി എല്ലാ ഫാക്ടറികളും തടസ്സമില്ലാതെ പ്രവർത്തിച്ചുവരുന്നു. ഈ പാക്കേജുകൂടി നടപ്പാക്കാൻ സാധിച്ചാൽ നല്ലരീതിയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് വലിയ തോതിൽ ശ്രമിക്കുന്നുണ്ട്. എന്നാൽ 750 സ്വകാര്യ ഫാക്ടറികളിൽ 600 എണ്ണവും അടഞ്ഞുകിടക്കുകയാണ്. അതിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി കുറച്ചുകൂടി ആകർഷകമായ പാക്കേജുകൾ നടപ്പാക്കേണ്ടതുണ്ട്. ചില വ്യവസായികൾ ബോധപൂർവ്വം ഇതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് ഈ മേഖലയെ സംരക്ഷിക്കാൻ ഗവൺമെന്റ് ആകർഷകമായ ഇടപെടലുകൾ നടത്തണം. ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തിത്തന്നെ ഈ മേഖലയെ സംരക്ഷിക്കാനാവശ്യമായ പുതിയ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. രാജീവ്: സർ, തോട്ടണ്ടി ഇറക്കുമതി ചെയ്യാനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 37.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഗൗരവമായി പരിശോധിക്കേണ്ട രംഗമാണ് അങ്ങ് പ്രതിപാദിച്ച കശുവണ്ടി മേഖല. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വായ്പകളൊന്നുമെടുക്കാൻ സാധിക്കാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയുണ്ടായതിനെ തുടർന്നാണ് കഴിഞ്ഞ ഗവൺമെന്റ് കാഷ്യൂ ബോർഡ് രൂപീകരിച്ചത്. ബോർഡ് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും കൊടുക്കുന്നു. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളും ബോർഡിന് കാശ് കൊടുക്കുന്നില്ല. അവർ സൗജന്യമായി കശുവണ്ടിയെടുത്ത് വ്യവസായംനടത്തി ലഭിക്കുന്ന കാശ് തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനും മറ്റുകാര്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്ന പ്രത്യേകമായ അവസ്ഥ സംജാതമാകുകയാണ്. അക്കാര്യവും ഗൗരവമായി ചർച്ച ചെയ്യണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇങ്ങനെ എത്രകാലം പോകാൻ കഴിയുമെന്നത് ഗൗരവമായ പ്രശ്നമാണ്. ഈ വ്യവസായത്തെ ലാഭകരമാക്കാൻ കഴിയണം. കശുവണ്ടി വികസന

കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിൽ എല്ലാ ട്രേഡ് യൂണിയനുകൾക്കും പ്രാതിനിധ്യമുണ്ട്. തൊഴിലാളി പ്രാതിനിധ്യമുണ്ടാകണമെന്നത് ന്യായമായ കാര്യമാണ്. എല്ലാ യൂണിയനുകളുടെയും പ്രാതിനിധ്യമുള്ള ഒരു ബോർഡ് ഒട്ടും പ്രൊഫഷണലായി പ്രവർത്തിക്കാതെയിരുന്നാൽ എത്രകാലം മുന്നോട്ട് കൊണ്ടുപോകാൻ കഴിയും? അത്തരം ഗൗരവമായ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഇവിടെനിന്നും ലഭിച്ച ലാഭം മറ്റ് പലമേഖലകളിലും നിക്ഷേപിച്ചതിന് ചില ഉദാഹരണങ്ങളുണ്ട്. കേരളത്തിന്റെ മറ്റുചില പ്രദേശങ്ങളിൽ കശുവണ്ടി ഫാക്ടറികൾ ലാഭകരമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കൊല്ലം ജില്ലയിലുള്ള കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വ്യവസായികളുടെ സംഘടനകളുമായി സംസാരിച്ചപ്പോൾ, അത് പ്രൊഫഷണലായി മാറേണ്ടതുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. അവർ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം പരിശോധിക്കണം. വളരെ ഗൗരവമായ ചർച്ച ഈ മേഖലയിലുണ്ടാകണം. തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയണം. അതിനുവേണ്ടി ഗവൺമെന്റ് എല്ലാതരത്തിലുള്ള നിലപാടും സ്വീകരിക്കും. ഫാക്ടറികൾ ശരിയായ രൂപത്തിൽ പ്രവർത്തിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് ചില കർക്കശ സമീപനങ്ങളും സ്വീകരിക്കേണ്ടിവരുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

11.00 a.m]

(2) <u>സുനാമി കോളനികളുടെ ശോചനീയാവസ്ഥ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, കേരളത്തിലെ സുനാമി കോളനികളിലെ ആയിരക്കണക്കിന് മനുഷ്യരുടെ നരകതുല്യമായ ജീവിതം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ജീവിതത്തിന്റെ പകുതിയിൽ പറിച്ചു നടപ്പെട്ടവരാണ് സുനാമി കോളനികളിലുള്ളത്. ഇപ്പോൾ അവർ കടലിലുമല്ല കരയിലുമല്ലെന്ന അവസ്ഥയിലാണ്. 2004-ൽ ആർത്തലച്ചെത്തിയ സുനാമി തിരമാലകളിൽ ഉറ്റവരും ഉടയവരുമുൾപ്പെടെ എല്ലാം നഷ്ടപ്പെട്ടവരാണ് സുനാമി കോളനികളിലും ആലപ്പാട് പഞ്ചായത്തിലും താമസിക്കുന്നത്. കരുനാഗപ്പള്ളിയിൽ മാത്രമല്ല, മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലുൾപ്പെടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ സുനാമി കോളനികളിൽ ആളുകൾ താമസിക്കുകയാണ്. സംസ്ഥാനത്താകെ 8762 വീടുകൾ സർക്കാരും വിവിധ സംഘടനകളും ചേർന്ന് നിർമ്മിച്ചുനൽകി. എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളി നഗരസഭയിലെയും കലശേഖരപുരം, ക്ലാപ്പന പഞ്ചായത്തുകളിലെയും 44 സുനാമി കോളനികളിലായി 1465 വീടുകളുണ്ട്. ആലപ്പാട് പഞ്ചായത്തിൽ വിവിധ വാർഡുകളിലായി സ്പെഷ്യൽ പാക്കേജ് പ്രകാരം 729 വീടുകളും നിർമ്മിച്ച

നൽകിയിട്ടുണ്ട്. 17 വർഷം കഴിഞ്ഞിട്ടും ഇതിൽ ഒരു വീടുപോലും നവീകരിക്കാനോ അറ്റകുറ്റപ്പണി നടത്താനോ കഴിഞ്ഞിട്ടില്ല. ഈ വീടുകളിലെ ശോചനീയാവസ്ഥ എല്ലാവരുടെയും കരളലിയിപ്പിക്കുന്നതാണ്. ഭിത്തികൾ മുഴുവൻ വിണ്ടുകീറുകയും സിമന്റ് പാളികൾ തകർന്ന് മേൽക്കൂര ഇടിഞ്ഞ് നിലത്തുവീഴുകയുമാണ്. ഒട്ടുമിക്ക വീടുകളും വാസയോഗ്യമല്ലാതായി. മാതാപിതാക്കൾ കുട്ടികളെ ഇപ്പോൾ ആ വീടുകളിൽ കിടത്താതെ ബന്ധുവീടുകളിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. സുനാമി കോളനികളിലെ വീടുകൾ വളരെപ്പെട്ടെന്ന് നിർമ്മിച്ചവയാണ്. അതുകൊണ്ടുതന്നെ ചതുപ്പുനിലങ്ങൾ നികത്തിയാണ് മിക്കവീടുകളും വച്ചത്. മഴക്കാലത്ത് ഇവിടം വെള്ളക്കെട്ടാകുകയും ടോയ്‌ലെറ്റുകൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാകുകയും സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞുകവിഞ്ഞ് മാലിന്യം പുറത്തേയ്ക്കൊഴുകാൻ തുടങ്ങുകയും ചെയ്യും. ഈ കോളനികളിലെല്ലാം കുടിവെള്ളക്ഷാമവും അതിരൂക്ഷമാണ്. മിക്ക വീടുകളിലും കുടിവെള്ളം കിട്ടാറില്ല. ഇവർ വാസയോഗ്യമല്ലാത്ത വീടുകളിൽ ജീവൻ പണയംവച്ചുകൊണ്ടുള്ള ജീവിതമാണ് നയിക്കുന്നത്. സുനാമി കോളനികളിൽ താമസിക്കുന്നതിലധികവും മത്സ്യത്തൊഴിലാളികളാണ്. തകർന്നുവീഴാറായ വീടുകളിൽ നിസ്സഹായാ വസ്ഥയോടെ ഇവർ ജീവിക്കുകയാണ്. സുനാമി കോളനികളിലെ വീടുകളുടെ പരിപാലനച്ചുമതല അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ അടുത്തിടെ ഒരു ഉത്തരവിറക്കി. പക്ഷേ, പഞ്ചായത്തുകളെ സമീപിക്കുമ്പോഴും അനുകൂലമായ സമീപനമല്ല ഉണ്ടാകുന്നത്. സർക്കാർ പഞ്ചായത്തുകൾക്ക് ഇതിനായി പ്രത്യേക ഫണ്ട് നൽകിയിട്ടുണ്ടോയെന്നും അറിയില്ല. സുനാമി കോളനികളുടെ നവീകരണത്തിന് ഇനി ഏക ആശ്രയം സർക്കാരാണ്. അതുകൊണ്ട് സർക്കാർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. ഉടനടി വീടുകൾ പുനർനിർമ്മിച്ചില്ലെങ്കിൽ സുനാമിയിലെല്ലാം നഷ്ടപ്പെട്ട് ജീവിച്ചിരിക്കുന്ന, സുനാമി രക്തസാക്ഷികളായ ഈ പാവങ്ങൾ ഇരകളായ മറ്റൊരു ദുരന്തത്തിനുകൂടി ഈ നാട് സാക്ഷ്യം വഹിക്കേണ്ടി വരുമെന്ന് ഞാൻ ഈ സഭയിൽ മുന്നറിയിപ്പുനൽകുകയാണ്. കേരളത്തിൽ സുനാമി കോളനികളിൽ ദുരിതജീവിതം നയിക്കുന്ന ഹതഭാഗ്യരുടെ ജീവിതം സഭയുടെ ശ്രദ്ധയിലേയ്ക്ക് ക്ഷണിച്ചുകൊള്ളുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം നേരത്തെയും ഇപ്പോഴുമുള്ള ഗവൺമെന്റുകൾ വളരെ ഗൗരവത്തോടുകൂടി കണ്ടിട്ടുള്ളതാണ്. നമ്മുടെ നാട്ടിലുണ്ടായ ഭീകരമായ സുനാമി ദുരന്തത്തെത്തുടർന്ന് വീടും വസ്തുക്കളും നഷ്ടപ്പെട്ടവരെ 9 ജില്ലകളിലായി പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതിയാണ് സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയത്. യഥാർത്ഥത്തിൽ സുനാമി പുനരധിവാസ പദ്ധതി ഒറ്റത്തവണ പദ്ധതിയാണ്. അതൊരു തുടർപദ്ധതിയല്ലെന്ന പ്രശ്നം നമ്മുടെ മുന്നിലുണ്ട്. എങ്കിലും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)യുടെ ഒന്നാമത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കാസർഗോഡ് ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലും 2019-ലും 2020-ലും രണ്ട് ഉത്തരവുകൾ

പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത ഫ്ളാറ്റുകളുടെയും വീടുകളുടെയും അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾതന്നെയാണ് ചെയ്തുവരുന്നത്. സുനാമി ഫ്ളാറ്റുകൾ/വീടുകൾ എന്നിവിടങ്ങളിലെ മാലിന്യപ്രശ്നം, സംസ്കരണം, കുടിവെള്ള വിതരണം, റോഡുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയ വിഷയങ്ങൾ നിലവിൽ ചില ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യനിർമ്മാർജനം, സെപ്റ്റിക് ടാങ്ക് നിറഞ്ഞു കവിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ള പ്രശ്നത്തിൽ ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി 12-2-2019-ലെ സ.ഉ. നം. 97/2019/ഡി.എം.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച വിവിധ ജില്ലകളിലെ ഫ്ളാറ്റ് സമുച്ചയങ്ങളുടെ പരിപാലനച്ചുമതല അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് 3-7-2020-ലെ സ.ഉ.(സാധാ) നം. 592/2020/ഡി.എം.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കുലശേഖരപുരം പഞ്ചായത്തിലെ തീരദേശ മേഖലകളിലും കരുനാഗപ്പള്ളി നഗരസഭയിലെ കോഴിക്കോട് ഭാഗത്തുള്ള സുനാമി കോളനികളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കുലശേഖരപുരം പഞ്ചായത്തിലെ പുതിയകാവ് കുഴൽക്കിണർ, പുത്തൻതെരുവ് കുഴൽക്കിണർ എന്നിവ പ്രവർത്തനരഹിതമായതുകൊണ്ടാണ് ജലദൗർലഭ്യം അനുഭവപ്പെടുന്നത്. പുതിയകാവിൽ പുതിയ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ ജലവിതരണം നടത്തിവരുന്നു. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഓച്ചിറ കുടിവെള്ള പദ്ധതിയിൽനിന്നാണ് ജലവിതരണം നടത്തിവരുന്നത്. പമ്പ്സെറ്റുകളുടെ കാലപ്പഴക്കം കാരണം പ്രസ്തുത പദ്ധതിയിൽനിന്നുള്ള പമ്പിംഗിൽ കുറവുവന്നിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ജൽജീവൻ മിഷനിലുൾപ്പെടുത്തി മാവേലിക്കര കണ്ടിയൂർകടവിലുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ-കം-പമ്പ്ഹൗസിലെ 150 എച്ച്.പി. പമ്പുസെറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ട്രാൻസ്ഫോർമർ, പാനൽ ബോർഡുകൾ എന്നിവ എത്തിയിട്ടുള്ളതും 10-12-2021-ൽ ഈ നടപടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. പ്രവൃത്തി പൂർത്തിയാകുന്നതോടെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെയും ക്ലാപ്പന പഞ്ചായത്തിലെയും സുനാമി കോളനികളുൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുമെന്ന് കരുതുന്നു. കൂടാതെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ കോഴിക്കോട് ഭാഗത്തുള്ള സുനാമി കോളനിയിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി തുക വകയിരുത്തിയിട്ടുള്ളതും ഭൂഗർഭജല വകുപ്പിൽനിന്നും സ്ഥലപരിശോധന നടത്തി കുഴൽക്കിണർ നിർമ്മാണത്തിനുള്ള അടിയന്തര

നടപടികൾ സ്വീകരിച്ചുവരികയുമാണ്. നിലവിൽ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിവരുന്നു. കൂടാതെ മയ്യനാട് പഞ്ചായത്തിലെ ധവളക്കുഴി, താന്നി, വലിയവിള, കുറ്റിക്കാട് എന്നീ പ്രദേശങ്ങളിലെ സുനാമി കോളനികളിൽ ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ കണക്ഷൻവഴി മുടങ്ങാതെ ജലവിതരണം നടത്താൻ സാധിക്കുന്നുണ്ട്. കൊല്ലം കോർപ്പറേഷനിലെ വാടി സുനാമി കോളനിയിലെ കുടുംബങ്ങൾക്കും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ വഴി ജലവിതരണം നടത്തിവരുന്നു. ശക്തികുളങ്ങര ഓംചേരിമഠം സുനാമി ഫ്ളാറ്റിലും കന്നിമേൽ, പാവൂര്, പാരിക്കേഴത്ത് എന്നിവിടങ്ങളിലുള്ള സുനാമി കോളനികളിലും ജല അതോറിറ്റി കാര്യക്ഷമമായി കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ഇരവിപുരം വള്ളക്കടവ് സുനാമി ഫ്ളാറ്റിലും സ്നേഹതീരം സുനാമി ഫ്ളാറ്റിലും കൊല്ലം കോർപ്പറേഷൻ സ്ഥാപിച്ച ചെറുകിട കുടിവെള്ള പദ്ധതിക്കുപുറമെ ജല അതോറിറ്റിയുടെ കുടിവെള്ള വിതരണവും കാര്യക്ഷമമായി നടക്കുന്നുണ്ട്. പരവൂർ, മയ്യനാട് വില്ലേജുകളിലുൾപ്പെട്ട കല്ലുകുന്ന്, കുറ്റിക്കാട് എന്നീ സുനാമി ഫ്ളാറ്റുകളിലെ 283 വീടുകളുടെ അറ്റകുറ്റപ്പണികൾ പ്രത്യേകമായി നടത്തുന്നതിനായി നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ് എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുനാമി കോളനികളിലെ അറ്റകുറ്റപ്പണികൾ, സെപ്റ്റിക് ടാങ്ക് തകരാർ എന്നിവയ്ക്കായി വാർഷിക പദ്ധതിയിൽ തുക ഉൾപ്പെടുത്തുകയും കരാർവയ്ക്കുകയും ചെയ്തിട്ടുണ്ട്. സുനാമി കോളനികളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ശാശ്വത പരിഹാരമാർഗ്ഗങ്ങളുണ്ടാക്കണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിലാണ് 2019-ലെയും 2020-ലെയും ഉത്തരവുകൾ പ്രകാരം ചില വകുപ്പുകളെക്കൂടി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് ആവശ്യമായ നടപടികൾ ഒന്നുകൂടി പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾക്കും എഴുത്തുകുത്തുകൾക്കുമപ്പുറത്ത് മനുഷ്യത്വപരമായ ഒരു നടപടിയാണ് ആവശ്യം. ഒരു ദുരന്തത്തിനിരയായവരും അവരുടെ ബന്ധുക്കളുമാണ് സുനാമി കോളനികളിൽ താമസിക്കുന്നത്. അതിനാൽ ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സുനാമി കോളനികളുടെ നവീകരണത്തിനായി സർക്കാരിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്, രേഖകൾ പ്രകാരം സുനാമി പുനരധിവാസ പദ്ധതി ഒരു തുടർപദ്ധതിയല്ല. പക്ഷേ ഇവിടെ ഉന്നയിച്ച മനുഷ്യത്വപരമായ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കണക്കിലെടുക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യതയോടുകൂടി നടപ്പിൽവരുത്തുന്നുവെന്ന് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നങ്ങൾ തീർച്ചയായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

# IV സബ്മിഷൻ

## (1) പ്രളയ ദുരിതാശ്വാസ ഫണ്ട് പുനഃസ്ഥാപിക്കൽ

ശ്രീ. ടി. ജെ. വിനോദ്: സർ, എന്റെ നിയോജകമണ്ഡലമായ എറണാകുളത്തെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ വിഷയമാണ് ഈ സബ്മിഷനിലൂടെ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. 2018-19-ൽ വെള്ളപ്പൊക്ക ദുരിതമനുഭവിച്ച പഞ്ചായത്താണ് ചേരാനല്ലൂർ. അതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാനം ദുരിതാശ്വാസ പദ്ധതിപ്രകാരം പൊതുഫണ്ടായി ഒരുകോടി രൂപ അനുവദിക്കുകയുണ്ടായി. അതുപ്രകാരം, പഞ്ചായത്ത് കമ്മിറ്റി കൂടുകയും പഞ്ചായത്തിലെ ഏറ്റവും കാലപ്പഴക്കംചെന്ന ഒരു കമ്മ്യൂണിറ്റി ഹാൾ പൊളിച്ച് പുതിയതായി നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. കോവിഡിനും പ്രളയത്തിനുമെല്ലാം പുനരധിവാസ കേന്ദ്രമായിരുന്ന ഈ കമ്മ്യൂണിറ്റി ഹാൾ. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് ഒരു പോളിംഗ് സ്റ്റേഷനായി പ്രവർത്തിച്ചിരുന്നതിനാൽ ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശമുള്ളതുകൊണ്ട് ഇത് പുനർനിർമ്മിക്കുന്നതിന് കാലതാമസം നേരിട്ടുവെന്നത് വാസ്തവമാണ്. പ്രസ്തുത പദ്ധതിക്കായി എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ച് ടെണ്ടർ ചെയ്യുകയും കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ഏകദേശം 17 ലക്ഷം രൂപ ഇതിൽനിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്പിൽ ഓവർ പദ്ധതികളെ സംബന്ധിച്ച 2-8-2021-ലെ സ.ഉ.(സാധാ)നമ്പർ 1456/ 21/ത.സ്വ.ഭ.വ. ഉത്തരവിലെ നാലാം ഭാഗത്ത്, പ്രസ്തുത തുക 2021-22-ൽ സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്ത് നൽകില്ലെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിനാവശ്യമായ തുക ഒന്നുകിൽ ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നോ തനതുഫണ്ടിൽനിന്നോ കണ്ടെത്തണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. തനത് ഫണ്ട് എന്നുപറഞ്ഞാൽ, പ്രോപ്പർട്ടി ടാക്സ് മാത്രം ലഭിക്കുന്നതും സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്നതുമായ ഒരു ചെറിയ പഞ്ചായത്താണ് ചേരാനല്ലൂർ. അവിടെ എന്തെങ്കിലും വികസനം നടക്കുന്നത് പ്ലാൻ ഫണ്ടിലൂടെയാണ്. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട പഞ്ചായത്തിന് സർക്കാരിൽനിന്ന് കിട്ടിയ ഒരു കോടി രൂപ വലിയ സഹായമായിരുന്നു. ആ തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുമ്പോഴാണ് ഉത്തരവ് വന്നത്. അതിനാൽ, ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത വിഷയത്തിൽ ഇടപെടണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ പല പഞ്ചായത്തുകൾക്കും ഇത്തരം അനുഭവങ്ങളുണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജനകീയാ സൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ, ബഹുമാനപ്പെട്ട മന്ത്രി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് ക്യാരി ഓവർ ചെയ്തുകൊടുത്തുകൊണ്ട് തുക വിനിയോഗിക്കാനുള്ള അനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2018-ലെ മഹാപ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത്/നഗരസഭ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതിന് 2019-20-ലെ സംസ്ഥാന ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തിയിരുന്നു. സഹായത്തിനർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനും ഫണ്ട് വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശപ്രകാരം 250 കോടി രൂപ അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ചുനൽകുകയും ഫണ്ട് വിനിയോഗത്തിന് പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉപജീവന മാർഗ്ഗമില്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനാവശ്യമായ ജീവനോപാധികൾ നൽകുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള മുൻഗണന മുന്നോട്ടുവച്ചു. പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. ആ പദ്ധതിയാണ് ചേരാനല്ലൂർ പഞ്ചായത്തിൽ അനുവദിച്ചത്. 2019 ഡിസംബർ മാസത്തിലാണ് ഫണ്ടനുവദിച്ചത്. ആ വർഷം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് മൂന്നുമാസത്തെ സമയമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചത്. അതുകൊണ്ടുതന്നെ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. തദ്ദേശഭരണ സ്ഥാപനങ്ങളാവശ്യപ്പെട്ടപ്രകാരം പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ഒരു വർഷത്തെ സമയം (2020-21) കൂടി സർക്കാർ അനുവദിക്കുകയുണ്ടായി. ഇതനുസരിച്ച് 2019-20-ൽ ചെലവഴിക്കാൻ കഴിയാത്ത 201.07 കോടി രൂപ 2020-21-ൽ വീണ്ടും അനുവദിച്ചു. മാർച്ച് മാസം 31-നുമുമ്പ് ചെലവഴിക്കാൻ കഴിയാത്ത തുക നഷ്ടപ്പെടുന്ന രീതിയാണ് വകുപ്പുകളിൽ നിലവിലുള്ളത്. പൂർത്തിയാകാത്ത സ്പിൽ ഓവർ പ്രോജക്ടുകളുണ്ടെങ്കിൽ അതിനുള്ള തുക അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തണം. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ ഉദാരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ചില മാനദണ്ഡങ്ങൾക്ക് വിധേയമായി സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ഒരു നിശ്ചിത ശതമാനം തുക ക്യാരി ഓവറായി അടുത്ത വർഷം അനുവദിക്കുന്നതാണ് പൊതുരീതിയെങ്കിലും പ്രളയ ഫണ്ടിന്റെ കാര്യത്തിൽ 2019 മാർച്ച് മാസം 31-നുമുമ്പ് ചെലവഴിക്കാൻ കഴിയാത്ത മുഴുവൻ തുകയും 2020-21-ൽ അനുവദിച്ചിട്ടുണ്ട്. 15 മാസത്തെ സമയം ലഭിച്ചിട്ടും പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകൾക്ക് 2021-22-ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് തുക കണ്ടെത്തണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രളയ ഫണ്ടിൽ സ്പിൽ ഓവർ പ്രോജക്ടുൾകൂടി ഉൾപ്പെടുത്തി 2021-22 വർഷത്തെ പദ്ധതി ക്രമപ്പെടുത്തുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. ചേരാനല്ലൂർ പഞ്ചായത്തിൽ വേറെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പരിശോധിക്കാം.

(2) ഭൂമി തരംമാറ്റ അപേക്ഷ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാനത്തെ ഭൂമി തരംമാറ്റ അപേക്ഷകളിൽ തീരുമാനമെടുക്കാതെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 70563 അപേക്ഷകൾ കെട്ടിക്കിടക്കുകയാണെന്നാണ് എനിക്ക് ലഭിച്ച വിവരം. ഇതിൽ എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി ആർ.ഡി. ഓഫീസിൽ 13450 അപേക്ഷകളും മൂവാറ്റുപുഴ ആർ.ഡി. ഓഫീസിൽ 7882 അപേക്ഷകളും കെട്ടിക്കിടക്കുന്നുണ്ട്. കണക്കിൽ ചില വ്യത്യാസങ്ങളൊക്കെ വരും. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കാതെ അനിശ്ചിതമായി നീളുകയാണ്. 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റുന്നതിന് ഫീസ് ആവശ്യമില്ല, സൗജന്യമാണ്. ഇക്കാര്യത്തിലും വ്യക്തതക്കുറവുണ്ടെന്ന് മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എല്ലാ ജില്ലകളിലെയും എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി യോഗങ്ങൾ നടത്തിയത് സ്വാഗതാർഹമാണ്. ആ യോഗത്തിലും ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും കാര്യമായ പുരോഗതിയുണ്ടാകുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതിനാൽ വിവിധ ആർ.ഡി. ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകണം. ജില്ലാകളക്ടർമാരുടെയും റവന്യൂ ഓഫീസർമാരുടെയും നേതൃത്വത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആയിരക്കണക്കിന് ആളുകളാണ് തീരുമാനത്തിനായി കാത്തുനിൽക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. ഞാനൊരിക്കൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ ഞാനത്ര ലൈവല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അതുകൊണ്ട് അങ്ങ് ലൈവാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് വളരെ സജീവമായിത്തന്നെ അടിയന്തരവും വളരെ വേഗതയുമാർന്ന നടപടികളിലേയ്ക്ക് കടന്നിട്ടുണ്ട്. ഇടക്കാലത്ത് ഒരു പ്രതിസന്ധിയുണ്ടായിരുന്നത് തരണം ചെയ്യാൻ സമയമെടുത്തതിനാലാണ് പ്രശ്നമുണ്ടായത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കണക്കുകളിൽ ചില തെറ്റുകളുണ്ട്. സംസ്ഥാനത്തെ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റുന്നതിനായി 27 (എ) പ്രകാരമുള്ള 50,902 അപേക്ഷകളും 4 (ഡി) പ്രകാരമുള്ള 27,639 അപേക്ഷകളുമുൾപ്പെടെ ആകെ 78,541 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. വില്ലേജ് ഓഫീസുകൾ, കൃഷി ഓഫീസുകൾ എന്നിവിടങ്ങളിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി സ്ഥല

പരിശോധനയുൾപ്പെടെയുള്ള നിയമപരമായ വിവിധ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ ഈ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ സാധിക്കുകയുള്ളൂ. പൊതു തെരഞ്ഞെടുപ്പ്, കോവിഡ്-19 കാരണം ഏർപ്പെടുത്തേണ്ടിവന്ന ലോക്ഡൗൺ നിയന്ത്രണങ്ങൾ തുടങ്ങിയ സാഹചര്യങ്ങൾമൂലമാണ് പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. കൂടാതെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) 14312/2019-മേൽ 2021 ജനുവരി മാസം 8-ാം തീയതിയിലെ ഉത്തരവിനനുസൃതമായി ഭൂവിസ്തൃതി 25 സെന്റ് വരെയുള്ള അപേക്ഷകളിൽ ഫീസ് സൗജന്യമാക്കിയും പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായുള്ള ഫീസ് ഏകീകരിച്ചുകൊണ്ടും 25-2-2021-ലെ സ.ഉ.(സാധാ) നമ്പർ 1166/2021/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 21-4-2021-ലെ എസ്.ആർ.ഒ. 369/2021 പ്രകാരം വിജ്ഞാപനം ചെയ്യുകയുമുണ്ടായി. തുടർന്ന്, പ്രസ്തുത എസ്.ആർ.ഒ.-യിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി റവന്യൂ ഡിവിഷണൽ ഓഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ 23-7-2021-ലെ റവ-പി1/117/2021 സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റത്തിനായി നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 25-9-2021-ന് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ വീഡിയോ കോൺഫറൻസ് മുഖാന്തരം റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ യോഗം ചേരുകയും മേൽപ്രകാരമുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗ നിർദ്ദേശപ്രകാരം ലഭ്യമാക്കിയ കണക്കനുസരിച്ച് അന്നേദിവസംവരെ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള 78541 തരംമാറ്റ അപേക്ഷകളുടെ കണക്ക് വിവരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ ജോലി ക്രമീകരണ വ്യവസ്ഥയിൽ പരമാവധി 7 പേരെ അനുവദിച്ച് മേൽപ്രകാരമുള്ള അപേക്ഷകൾ 6 മാസംകൊണ്ട് തീർപ്പാക്കുന്നതിനുള്ള നിർദ്ദേശവും എല്ലാ ജില്ലാ കളക്ടർമാർക്കും പുതിയതായി നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് പുറമെ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സ്ഥല

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരിശോധനകൾക്കായി വാഹന സൗകര്യങ്ങൾ എന്നിവ ആവശ്യമാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർമാർ അറിയിക്കുകയും ആയതിലേയ്ക്കാവശ്യമായ അപേക്ഷ നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. കൂടാതെ അപേക്ഷകൾ ഓൺലൈനായി പ്രോസസ് ചെയ്യുന്നതിനും ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ രേഖപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണർതലത്തിൽ വിലയിരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇത് ഗൗരവമായി ചർച്ച ചെയ്യുന്ന പ്രശ്നമായതുകൊണ്ടാണ് ഞാനിങ്ങനെ വിശദമായി സൂചിപ്പിച്ചത്. 23-7-2021-ൽ ഇറങ്ങിയ ഉത്തരവ് അങ്ങ് അറിഞ്ഞില്ലെന്ന് പറഞ്ഞതാണ് അന്ന് ലൈവല്ലെന്ന് ഞാൻ പറയാനുള്ള കാരണം. അത് മറ്റൊരർത്ഥത്തിൽ എടുക്കേണ്ടതില്ല. 25 സെന്റ്‌വരെ ഭൂമിയുള്ളയാളുകൾക്ക് ഭൂമി തരംമാറ്റത്തിന് പണമടയ്ക്കേണ്ടതില്ലെന്ന ഹൈക്കോടതി വിധിയനുസരിച്ച് 25-2-2021-ലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അതിനുമുമ്പ് ലഭിച്ച അപേക്ഷകളിൽ ഈ ആനുകൂല്യം നൽകാൻ സാധിക്കില്ലെന്ന് നിയമവകുപ്പ് രേഖാമൂലം അറിയിച്ചതുകൊണ്ടാണ് നമുക്കത് കൊടുക്കാൻ കഴിയാത്തത്. 23-7-2021-ൽ ഇറങ്ങിയ ഉത്തരവിൽ ഇതുസംബന്ധിച്ച എല്ലാ സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ മന്ത്രിയുടെതന്നെ മേൽനോട്ടത്തിൽ ആവശ്യമായ യോഗങ്ങൾ നടത്തി വേഗത്തിൽ ഇക്കാര്യം അവസാനിപ്പിക്കാം.

(3) <u>നെന്മാറയിൽ കാർഷിക കോളേജ് അനുവദിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 1957-ൽ രൂപീകരിച്ച് 64 വർഷങ്ങൾ പിന്നിട്ടിട്ടും ഉന്നതപഠനത്തിനാവശ്യമായ ഒരു ആർട്സ് ആൻഡ് സയൻസ് കോളേജോ എഞ്ചിനീയറിംഗ് കോളേജോ പോളിടെക്നിക്കോ സർക്കാർ ഉടമസ്ഥതയിലോ എയ്ഡഡ് മേഖലയിലോ ഇല്ലാത്ത സംസ്ഥാനത്തെ ഏകമണ്ഡലമാണ് നെന്മാറ. ഇതുസംബന്ധിച്ച് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 4-10-2016-ൽ ഈ സഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരമാണെങ്കിലും കോളേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് വളരെ അനുഭാവപൂർവ്വം ഉറപ്പും നൽകിയിരുന്നതാണ്. പിന്നീട് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കാർഷിക കോളേജ് ആരംഭിക്കുന്നതിന്റെ പ്രാഥമിക പ്രവർത്തനങ്ങളാരംഭിച്ചു. കാർഷിക സർവ്വകലാശാലാ വിദഗ്ദ്ധർ നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് മുതലമടയിൽ അനുയോജ്യമായ ഭൂമിയും കെട്ടിടവും കണ്ടെത്തുകയും വകുപ്പിനും കാർഷിക സർവ്വകലാശാലയ്ക്കും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിനെത്തുടർന്ന്

കാർഷിക സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റിൽ കാർഷിക കോളേജ് അനുവദിക്കുന്നകാര്യം പ്രഖ്യാപിച്ചു. കൃഷിയുമായി ബന്ധപ്പെട്ട് പഠിക്കാൻ കഴിയാവുന്നതരത്തിൽ സീഡ് ഫാമിന്റെ 50 ഏക്കർ ഭൂമി ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽത്തന്നെയുണ്ട്. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന രണ്ടാം എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ 20% ഫണ്ട് നീക്കിവച്ച് പ്രഖ്യാപിക്കപ്പെട്ട നെന്മാറ നിയോജകമണ്ഡലത്തിലെ ഏകപദ്ധതിയും കാർഷിക കോളേജാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പഠന സൗകര്യങ്ങളുടെയും കാര്യത്തിൽ പിന്നാക്കം നിൽക്കുന്ന മണ്ഡലമെന്ന നിലയിൽ, നിർദ്ദിഷ്ട കാർഷിക കോളേജിനെ ഏറെ പ്രതീക്ഷയോടെയാണ് പാലക്കാടിന്റെ കർഷകരും നെന്മാറ നിയോജകമണ്ഡലത്തിലെ ജനങ്ങളും കാത്തിരിക്കുന്നത്. ആധികാരികമായി എല്ലാതലങ്ങളിലും അറിയപ്പെടുന്ന വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയെന്ന നിലയിൽ പ്രത്യേക താല്പര്യമെടുത്ത് അടിയന്തരമായി ഈ കാർഷിക കോളേജ് ആരംഭിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു ഇവിടെ ഉന്നയിച്ച സബ്മിഷൻ പാലക്കാട് കൊല്ലങ്കോട് നെന്മാറയിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടാണ്. കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ടാണ് കാർഷിക കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക ചർച്ചകൾ നടന്നത്. 2018 ജൂലൈ മാസത്തിൽ അന്നത്തെ കൃഷി വകുപ്പുമന്ത്രിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുമായുള്ള ചർച്ചയ്ക്കുശേഷം 2019 മേയ് മാസത്തിൽ ചേർന്ന യോഗത്തിൽ കാർഷിക സർവ്വകലാശാല രജിസ്ട്രാറും കൃഷി വകുപ്പ് ഡയറക്ടറുമായി ചർച്ച നടത്തുകയുണ്ടായി. കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാ പഠനം നടത്താൻ അന്ന് തീരുമാനിച്ചിരുന്നുവെങ്കിലും അതിന്റെ നടപടികൾ പൂർണ്ണതയിലെത്തിയിട്ടില്ല. ഇക്കാര്യത്തിൽ കൃത്യമായ പരിശോധന ആവശ്യമുണ്ട്. അതിന്റെ ഫണ്ട് പൂർണ്ണമായും കണ്ടെത്തേണ്ടത് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നാണ്. ഇപ്പോൾ പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുതന്നെ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു. അതിനിടയിലാണ് കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഒരു കാർഷിക കോളേജ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കണമെന്നുള്ള പ്രാഥമിക ചർച്ച നടന്നിരിക്കുന്നത്. ഈ കാർഷിക കോളേജ് നെന്മാറയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ പരിശോധനാഘട്ടത്തിലാണ്. നെന്മാറയിൽ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനവുമില്ലെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അക്കാര്യംകൂടി പരിഗണിച്ചുകൊണ്ട് കാർഷിക കോളേജ് ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

(4) ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന താലൂക്കാശുപത്രികളിൽ ഒന്നാമത്തേതാണ് ആലത്തൂർ താലൂക്കാശുപത്രി. തികച്ചും കാർഷിക പ്രാധാന്യമുള്ള ഈ താലൂക്ക് കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ ഡയാലിസിസ് രോഗികളുള്ളതും ഈ താലൂക്കിലാണ്. ഇപ്പോൾ അവർ തൃശ്ശൂർ മെഡിക്കൽ കോളേജിനെയും പാലക്കാട് ജില്ലാ ആശുപത്രിയെയുമാണ് ആശ്രയിക്കുന്നത്. അവരുടെ ദയനീയാവസ്ഥ ഈ കോവിഡ് കാലത്ത് നേരിട്ട് ബോദ്ധ്യപ്പെട്ടതാണ്. എന്റെ മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര ആരോഗ്യപദ്ധതിയായ 'നന്മ'യുടെ ഭാഗമായി ഡയാലിസിസ് രോഗികളുടെ വീടുകൾ സന്ദർശിച്ചപ്പോൾ ദയനീയ കാഴ്ചകളാണ് കണ്ടത്. സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്ത് മുന്നോട്ടുപോകാൻ കഴിയാത്ത അതിദാരുണാവസ്ഥ ആ താലൂക്കിൽ നിലനിൽക്കുകയാണ്. അവരുടെ അവസ്ഥ നേരിട്ടുകണ്ട ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് നിരവധി തവണ ഈ സഭയിൽ പ്രസ്തുത വിഷയം ഉന്നയിച്ചതാണ്. അതിന്റെ ഭാഗമായിട്ടാണ് 2018-ൽ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചത്. 2019-ൽ അതിന്റെ ഏകദേശ നിർമ്മാണവും പൂർത്തീകരിച്ചു. എന്നാൽ ജനറേറ്ററോ സ്ക്രൂവോ സ്വിച്ചോ ഇല്ലെന്ന രൂപത്തിലുള്ള കാരണങ്ങൾ പറഞ്ഞ് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയാത്ത അവസ്ഥാവിശേഷം അവിടെ നിലനിൽക്കുകയാണ്. അതുകൊണ്ട് ഇത് എന്ന് ആരംഭിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ജനങ്ങളോട് പറയാൻ കഴിയണം. അതിനാവശ്യമായ മറുപടി മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എത്രയും പെട്ടെന്ന് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 21-9-2016-ലെ സർക്കാർ ഉത്തരവ് 2587/2016 പ്രകാരം ആലത്തൂർ താലൂക്കാശുപത്രിയുൾപ്പെടെ സംസ്ഥാനത്തെ 44 ആശുപത്രികളെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതിനെത്തുടർന്ന് കിഫ്ബി സാമ്പത്തികാനുമതി നൽകുകയും ചെയ്തു. പദ്ധതി നടത്തിപ്പിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.)-നെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരുന്നത്. കെ.എം.എസ്.സി.എൽ.

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. (കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി) മുഖേന ആലത്തൂർ താലൂക്കാശുപത്രിയിൽ അഞ്ച് ഡയാലിസിസ് കിടക്കകൾ സജ്ജീകരിക്കുന്നതിനായി സിവിൽ വർക്കുകൾ പൂർത്തിയാക്കിയതു കൂടാതെ ഡയാലിസിസ് യൂണിറ്റിനുള്ള ഉപകരണങ്ങൾ ആശുപത്രിയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി അനുവദിച്ച ഡീസൽ ജനറേറ്റർ വിതരണം ചെയ്യുന്നതിന് 'പെർഫെക്ട് ഹൗസ് ' എന്ന കമ്പനിക്ക് 23-10-2019-ൽ വിതരണ ഉത്തരവ് നൽകിയിരുന്നു. എന്നാൽ മറ്റ് വർക്കുകൾ സംബന്ധിച്ച് കെ.എം.എസ്.സി.എൽ.മായുള്ള ചില പ്രശ്നങ്ങൾ കാരണം ഈ കമ്പനി ആലത്തൂർ ആശുപത്രിയിലേയ്ക്കുള്ള ജനറേറ്റർ വിതരണത്തിൽനിന്നും പിന്മാറുകയുണ്ടായി. തുടർന്നുള്ള ദർഘാസിൽ തെരഞ്ഞെടുത്ത 'ഫ്യൂജി ടെക് ' എന്ന കമ്പനിയും കോവിഡ് മഹാമാരിയുടെ കാരണത്താൽ വിതരണക്കരാറിൽനിന്നും പിന്മാറി. ജനറേറ്റർ വിതരണം ചെയ്യുന്നതിനായി കെ.എം.എസ്.സി.എൽ. വീണ്ടും ദർഘാസ് ക്ഷണിക്കുകയും 'പവർ എഞ്ചിനീയറിംഗ്' എന്ന കമ്പനിയെ തെരഞ്ഞെടുക്കുകയും ചെയ്തു. കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാന്യനായ അംഗം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ആലത്തൂരിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുമെന്ന് ഈ സഭയിൽത്തന്നെ ഉറപ്പുനൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ആലത്തൂർ താലൂക്കാശുപത്രിയിൽ ജനറേറ്റർ വിതരണം ചെയ്യുന്നതിന് 1-9-2021-ൽ കെ.എം.എസ്.സി.എൽ. മേൽപ്പറഞ്ഞ കമ്പനിക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനി ഒക്ടോബർ മാസം 20-ാം തീയതിയോടുകൂടി ജനറേറ്റർ ആശുപത്രിയിലെത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവംബർ മാസം ആദ്യവാരം അവിടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ ഏറ്റവും ഫലപ്രദമായതും ആവശ്യമായതുമായ നടപടികൾ സ്വീകരിക്കാൻ കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## (5) ചാവക്കാട് താലൂക്കാശുപത്രി വികസനം

ശ്രീ. എൻ. കെ. അക്ബർ: സർ, 1932-ൽ സ്ഥാപിച്ചതും 3 ഏക്കർ 26 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ ചാവക്കാട് താലൂക്കാശുപത്രിയിൽ പ്രതിദിനം ആയിരത്തോളം പേർ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്. ജില്ലയിലെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രി കൂടിയാണിത്. ഈ ആശുപത്രിയിൽ ഗൈനക്കോളജി, ഓർത്തോ വിഭാഗങ്ങളിൽ മാത്രമാണ് കൺസൾട്ടന്റ് തസ്തികയുള്ളത്. മറ്റ് വിഭാഗങ്ങളായ മെഡിസിൻ, സർജറി, ഇ.എൻ.ടി., ഒഫ്താൽമോളജി, പീഡിയാട്രിക് എന്നീ വിഭാഗങ്ങളിൽ

കൺസൾട്ടന്റില്ല. നിരവധി അപകട മരണങ്ങൾ നടക്കുന്ന സ്ഥലമായിട്ടും ആധുനിക രീതിയിലുള്ള മോർച്ചറി കെട്ടിടവും ഫ്രീസർ സംവിധാനങ്ങളുമുണ്ടായിട്ടും പോസ്റ്റുമോർട്ടം നടത്തുന്നതിന് ഇവിടെ ഫോറൻസിക് സർജന്റെ സേവനം ലഭ്യമല്ല. സൈക്യാട്രി, ഡെർമറ്റോളജി, റേഡിയോളജി തുടങ്ങിയ വിഭാഗങ്ങളുമില്ല. എല്ലാ താലൂക്കാശുപത്രികളിലും 6-8 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുള്ളപ്പോൾ വെറും നാലുപേർ മാത്രമാണ് ഇവിടെയുള്ളത്. ഈ ആശുപത്രിയിലേയ്ക്കായി ചാവക്കാട് നഗരസഭ 26 കോടി രൂപ ചെലവുവരുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഏഴ് കെട്ടിടങ്ങളുൾപ്പെടുന്ന കോംപ്ലക്സായി 5,327 ച.മീ. ഏരിയാ പുനർനിർമ്മാണവും 2,330 ച.മീ. ഏരിയാ നവീകരണവുമുള്ളതാണ് ഡി.പി.ആർ.. ഇതിനായുള്ള നബാർഡ് ഫണ്ട് ഉപയോഗപ്പെടുത്തി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള 26 കോടി രൂപയുടെ നിർമ്മാണവും പുതിയ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുൾപ്പെടെയുള്ളവരുടെ നിയമനവും നടത്താൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചാവക്കാട് താലൂക്കാശുപത്രിയിൽ 140 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. കോവിഡിനുമുമ്പ് ഇവിടെ ഒ.പി. വിഭാഗത്തിൽ വരുന്നവരുടെ ശരാശരി എണ്ണം 860-ഉം ഐ.പി. വിഭാഗത്തിൽ വരുന്നവരുടെ ശരാശരി എണ്ണം 85-ഉം ആയിരുന്നു. നിലവിൽ ഈ ആശുപത്രി നോൺ കോവിഡ് സേവനങ്ങൾ നൽകുകയും കോവിഡ് ചികിത്സയ്ക്കായി സി.എസ്.എൽ.ടി.സി.യായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ ശരാശരി ഒ.പി. 550-ഉം കോവിഡേതര ഐ.പി. 15-ഉം ആണ്. 18 ഡോക്ടർമാരുൾപ്പെടെ 97 സ്ഥിരം ജീവനക്കാരും 25 താൽക്കാലിക ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഇതുകൂടാതെ 24 സ്പെഷ്യാലിറ്റി സർവ്വീസസ് ഇവിടെനിന്നും ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഡയാലിസിസ് കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ആർദ്രം മിഷന്റെ മാനദണ്ഡപ്രകാരം ഈ ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം മിഷന്റെ ഭാഗമായി ഒരു ജൂനിയർ കൺസൾട്ടന്റ്, മൂന്ന് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ഇ.സി.ജി. ടെക്നീഷ്യൻ എന്നിങ്ങനെ ആറ് തസ്തികകൾ ഇവിടെ സൃഷ്ടിച്ചിരുന്നു. ഈ ആശുപത്രിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കാൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പിന്നീട് പരിശോധിക്കുന്നതാണ്. ആശുപത്രിയെ രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. അനുവദിച്ച 70 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികളുള്ള

പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആശുപത്രിയുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി മെറ്റേണിറ്റി ബ്ലോക്കിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പവർ ലോൺട്രി സംവിധാനവും പുതിയതായി തയ്യാറായിട്ടുണ്ട്. ചാവക്കാട് താലൂക്കാശുപത്രിയുടെ സമഗ്രവികസനത്തിനായി ചാവക്കാട് മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ രൂപകല്പന ചെയ്ത 26 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു മാസ്റ്റർ പ്ലാൻ, ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തരം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കിഫ്ബി പോലുള്ള ഏതെങ്കിലും ഏജൻസിയുടെ പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പുതിയ കാഷ്വാലിറ്റി ബ്ലോക്ക്, വാർഡുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പോളിക്ലിനിക് യൂണിറ്റ്, ക്യാന്റീൻ, റോഡുവികസനം, പാർക്കിംഗ് ഏരിയ, നടപ്പാത എന്നിവ ഉൾപ്പെടുന്ന പുതിയ നിർമ്മാണങ്ങളും നിലവിലുള്ള പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, ഡയാലിസിസ് യൂണിറ്റ്, പേ വാർഡ്, ലേബർ റൂം എന്നിവയുടെ നവീകരണവും ഫർണിച്ചറുമുൾപ്പെടുന്നതാണ് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ. കിഫ്ബി/നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികളിൽ ചാവക്കാട് താലൂക്കാശുപത്രിയുമായി ബന്ധപ്പെട്ട പദ്ധതികളൊന്നുംതന്നെ നിലവിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇപ്പോൾ സമർപ്പിക്കപ്പെട്ട മാസ്റ്റർ പ്ലാൻ വിശദമായി പരിശോധിച്ച്, വ്യക്തമായ ശിപാർശ സഹിതം അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് നൽകുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുമുണ്ട്.

(6) <u>വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഷോളയൂർ പഞ്ചായത്തുൾപ്പെട്ട കിഴക്കൻ അട്ടപ്പാടി പ്രദേശങ്ങളിൽ വർഷത്തിൽ വളരെ കുറച്ച് മഴയാണ് ലഭിക്കുന്നത്. മഴനിഴൽ പ്രദേശമെന്നാണ് ഇത് അറിയപ്പെടുന്നത്. വരൾച്ചമൂലം ദുരിതത്തിലായ ഈ പഞ്ചായത്തിലെ മറ്റത്തുകാട്, വട്ടലക്കി തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരുടെ അഭ്യർത്ഥന പ്രകാരം ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് 2016-2017 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. എ.ഡി.എസ്. (അസ്സറ്റ് ഡെവലപ്മെന്റ് സ്കീം) മുഖേന വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 75 ലക്ഷം രൂപ അനുവദിക്കുകയും അതിനുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തതിനെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ ടെണ്ടർ ഏറ്റെടുത്ത കോൺട്രാക്ടർ ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് നാലര ലക്ഷത്തോളം രൂപയുടെ കിണറിന്റെ പണി

മാത്രമാണ് മൂന്നുനാല് വർഷംകൊണ്ട് പൂർത്തിയാക്കിയത്. ഇപ്പോൾ അവരെ ആ കരാറിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ പ്രശ്നം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിരന്തരം ഓർമ്മപ്പെടുത്തിയിട്ടും ഇവരെ ഒഴിവാക്കി റീ-ടെണ്ടർ ചെയ്യാമെന്ന് പറയുന്നതല്ലാതെ ഇന്നുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. റിവ്യൂ മീറ്റിംഗിലെല്ലാം ഇക്കാര്യം നിരന്തരമായി ആവശ്യപ്പെടാറുണ്ടെങ്കിലും പരിഹാരം മാത്രമുണ്ടാകുന്നില്ല. അതുകൊണ്ട് ഇതിൽ അലംഭാവം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുകയും വേണം. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാനുണ്ട്, ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.-മാരും ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. 2012-ലെ ഗവൺമെന്റ് നൽകിയ വലിയൊരനുഗ്രഹമാണ് ആസ്തി വികസന ഫണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചിരുന്നത് ഈ ഫണ്ടുപയോഗിച്ചായിരുന്നു. എന്നാൽ ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഉദാഹരണമായി, ആസ്തി വികസന ഫണ്ട് അനുവദിച്ച ഒരു പ്രവൃത്തിക്ക് എക്സസ് തുക വേണ്ടിവന്നാൽ അതിന് യാതൊരു നിർവ്വാഹവുമില്ല. ഒരു പദ്ധതിക്ക് 30 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തിയിലേയ്ക്ക് കടന്നപ്പോൾ അടിയന്തരമായി മറ്റുചില പ്രവൃത്തികൾ ചെയ്താലേ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുവെന്ന സ്ഥിതിയുമുണ്ടാകുമ്പോൾ അതിന് എക്സസുണ്ടാകും. ഉദാഹരണത്തിന്, ഞാനൊരു സ്കൂളിന് ഫണ്ട് അനുവദിച്ചു. സ്കൂളിന്റെ നിർമ്മാണവുമായി മുന്നോട്ടുപോയപ്പോൾ അവിടം വളരെ താഴ്ചയുള്ള പ്രദേശമായതിനാൽ ആറുലക്ഷത്തോളം രൂപയുടെ അഡീഷണൽ പ്രവൃത്തി ചെയ്യേണ്ടിവന്നു. അത്രയും രൂപ ആദ്യമുപയോഗിച്ചതിനാൽ സ്കൂൾ കെട്ടിടം ഇപ്പോഴും പൂർത്തിയാകാതെ നിൽക്കുകയാണ്. അതിനുള്ള എക്സസ് തുക എവിടെനിന്ന് കൊടുക്കും? ഞാൻ മറ്റൊരു ഫണ്ട് അതിനായി അറേഞ്ച് ചെയ്ത് കൊടുത്തു. ഇതുപോലെയാണ് കുടിവെള്ള പദ്ധതികളുടെ കാര്യവും. സ്കൂൾ ബസിന്റെ കാര്യം പരിശോധിക്കാം. സ്കൂൾ ബസിന് ഫണ്ട് അനുവദിച്ച് അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി, ബസ് വാങ്ങിക്കാറാകുമ്പോൾ ഒന്നോ രണ്ടോ ലക്ഷം രൂപയുടെ വ്യത്യാസമുണ്ടാകും. ആ തുക ആരുകൊടുക്കും; എവിടെ നിന്ന് കൊടുക്കാൻ കഴിയും? നിലവിലുള്ള നിയമ പ്രകാരം ആസ്തി വികസന ഫണ്ടിൽനിന്നും വിനിയോഗിക്കാൻ കഴിയില്ല. ഇപ്പോൾ ഞാൻ മൂന്ന് സ്കൂളുകളിലേയ്ക്ക് ബസ് വാങ്ങിക്കുന്നതിനുള്ള തുക പാസ്സാക്കിയിരിക്കുകയാണ്. 16 ലക്ഷം രൂപാവീതം ആവശ്യമായിവരും. ഇന്ന് അതിന്റെ വില 18 ലക്ഷം രൂപയാണ്. രണ്ട് ലക്ഷം രൂപകൂടി അധികം നൽകിയാലേ ബസ് കിട്ടുകയുള്ളൂ. കോവിഡ് കാരണം സ്കൂളുകൾ പൂട്ടിക്കിടന്നതുകൊണ്ട് ഇതുവരെ പ്രശ്നമില്ലായിരുന്നു. സ്കൂൾ തുറക്കാൻ തീരുമാനമായപ്പോൾ ഹെഡ്മാസ്റ്റർമാരും പി.ടി.എ.-ക്കാരും വിളിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ള ഒരു കാര്യം,

ഇപ്പോൾ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപവരെയുള്ള തുക അനുവദിക്കുന്നതിന് കളക്ടർക്കാണ് ചുമതല. ഈ ഫണ്ട് കളക്ടറുടെ കീഴിലുള്ള ഒരു പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റി എല്ലാ തുകയും അതിലേയ്ക്ക് പൂൾ ചെയ്യണം. അധിക തുകയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയാൽ അത് അനുവദിക്കാനുള്ള സ്വാതന്ത്ര്യം കളക്ടർക്ക് കൊടുക്കണം. ഒരു പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിച്ച് തിരിച്ച് കളക്ടറേറ്റിലെത്താൻ ഒരു വർഷം വേണ്ടിവരും. അതുകൊണ്ട് ആസ്തി വികസന ഫണ്ടിന്റെ ഉദ്ദേശ്യം നടക്കാതെ പോകുകയാണ്. അതുപോലെ കാലതാമസ മൊഴിവാക്കുന്നതിനായി പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകണം. ഇതുപറയുമ്പോൾ ചിലപ്പോൾ എം.എൽ.എ.-മാരെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചേയ്ക്കാം. അക്രെഡിറ്റഡ് ഏജൻസിക്ക് നൽകാൻ എം.എൽ.എ.-മാർക്ക് എന്തധികാരമെന്നാണ് ചോദിക്കുന്നത്. അതെന്തിനാണെന്ന് ചോദിച്ചാൽ, എൽ.എസ്.ജി.ഡി. ടെണ്ടർ ക്ഷണിച്ച് രണ്ടുമൂന്ന് വർഷമെടുത്ത് പണി പൂർത്തിയാക്കുമ്പോഴേയ്ക്കും എക്സസ് തുകയുടെ പ്രശ്നം വരും. അതുകൊണ്ടാണ് അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകണമെന്ന് പറയുന്നത്. അക്രെഡിറ്റഡ് ഏജൻസി ഞങ്ങളുടെയാരുടെയും കുടുംബക്കാരൊന്നുമല്ല; സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളാണ്. അവർക്ക് നൽകിയാൽ പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും. അതാണ് ഞങ്ങൾക്കാവശ്യം. അതിനായി നിങ്ങൾ വേറെയെന്തെങ്കിലും മാർഗ്ഗമുണ്ടാക്കുമെങ്കിൽ കുഴപ്പമില്ല. സമയം വൈകുംതോറും എക്സസിന്റെ പ്രശ്നം വരും, അത് കൊടുക്കാൻ കഴിയാതെ വരുമ്പോൾ പദ്ധതി മുടങ്ങിപ്പോകാനിടവരും. അതുപോലെ ബിൽ മാറിക്കിട്ടാത്ത പ്രശ്നം സംബന്ധിച്ച് കോൺട്രാക്ടർമാർ പരാതി പറയുന്നുണ്ട്. ഒരുകോടി രൂപയിൽ താഴെയുള്ള ബില്ലുകളുടെ കാര്യം ജില്ലാതലത്തിലാക്കിയാൽ സൗകര്യമാകുമായിരുന്നു. അതുപോലെ ധനകാര്യ വകുപ്പിലെ നോഡൽ 'ബി', 'സി' വകുപ്പുകൾ ഈ പ്രവൃത്തികൾ മോണിറ്റർ ചെയ്യണമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല. അതുകൊണ്ട് ഞാനൊരു നിർദ്ദേശംകൂടി വയ്ക്കുകയാണ്. എം.എൽ.എ. നിർദ്ദേശം നൽകുന്ന ഏത് പ്രവൃത്തിയും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുകയും അതിന് നോഡൽ ഡിപ്പാർട്ടുമെന്റുകളുടെ മോണിറ്ററിംഗുണ്ടാകുകയും വേണം. യാതൊരു കാരണവശാലും ഒരു പ്രവൃത്തിയുടെയും പൂർത്തീകരണം രണ്ടുവർഷത്തിൽ അധികരിക്കരുതെന്നൊരു സ്ഥിതിയുണ്ടാകണം. ഇതിന് വേണ്ടിയൊരു സംവിധാനവും അസറ്റ് ഫണ്ടിന്റെ വിനിയോഗത്തിനായി ഒരു സ്റ്റക്ചറുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം വട്ടലക്കി ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് അടിയന്തരമായി പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ സബ്മിഷൻ മണ്ണാർകാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടി-കോട്ടത്തറ-വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സംബന്ധിച്ചാണ്. അതുസംബന്ധിച്ച വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.* പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ആശങ്ക പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2016-17 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 30-3-2017-ലെ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തിയാണ്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ട്. 2016-17-ലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി പുതുക്കാനുള്ള കാലാവധിയും കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മണ്ണാർകാട് എം.എൽ.എ.-യുടെ ശിപാർശയോടുകൂടി പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിർദ്ദേശങ്ങൾ വിശദമായി പ്രത്യേകം പരിശോധിക്കുന്നതാണ്.

(7) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: സർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. നെയ്യാറ്റിൻകര താലൂക്കിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് (കെ.എ.എൽ). 1980-ൽ ഇ. കെ. നായനാർ സർക്കാരിന്റെ കാലത്താണ് ഇതിന്റെ പ്രവർത്തനമാരംഭിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, അന്തരീക്ഷ മലിനീകരണവുമായി ബന്ധപ്പെട്ട് ഡീസൽ-പെട്രോൾ വാഹനങ്ങൾ ഒഴിവാക്കണമെന്ന നിബന്ധനയുടെ ഭാഗമായി ഇ-ഓട്ടോ ഉൽപാദനത്തിനുള്ള അനുമതി ലഭിച്ച ഏക സ്ഥാപനമാണ് കെ.എ.എൽ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ടാണ് അതിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചത്. എന്നാൽ ഉൽപാദനത്തിന്റെ തുടക്കത്തിൽ കോവിഡ്മൂലമുണ്ടായ പ്രശ്നങ്ങൾ ഈ മേഖലയിൽ ഇപ്പോഴും നിലനിൽക്കുകയാണ്. പ്രധാനമായും അവിടെ നിലനിൽക്കുന്ന വലിയ പ്രശ്നം 1985 മുതലുള്ള ഇ.പി.എഫ്. കുടിശ്ശികയാണ്. ഏകദേശം അഞ്ചുകോടിയിലധികം രൂപ പലിശയടക്കം

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നൽകാനുണ്ട്. 2013 മുതൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ 2 കോടി 90 ലക്ഷത്തോളം രൂപ കൊടുക്കാനുണ്ട്. ആകെ 10 കോടി 63 ലക്ഷം രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നു. ഇതിന്റെ ഭാഗമായി ഇ.പി.എഫ്.-കാർ അവിടെയുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും ഫ്രീസ് ചെയ്തിട്ടുണ്ട്. ട്രഷറി അക്കൗണ്ടുപോലും ഫ്രീസ് ചെയ്തതിന്റെ ഭാഗമായി പ്ലാൻ ഫണ്ടുപോലും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇക്കഴിഞ്ഞ മേയ് മാസം മുതൽ തൊഴിലാളികൾക്ക് ശമ്പളം നൽകിയിട്ടില്ലാത്തതിനാൽ അവർ വലിയ പ്രയാസത്തിലും ദാരിദ്ര്യത്തിലുമാണ്. ചെറിയൊരു വേതനംപോലും ലഭിക്കാത്തതുകാരണം തൊഴിലാളികളുടെയിടയിൽ വലിയ തോതിലുള്ള പ്രതിഷേധം ഉയർന്നുവരുന്നുണ്ട്. ഇ.പി.എഫ്. റിക്കവറിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എൺപത് ലക്ഷത്തിലധികം രൂപ വിവിധഘട്ടങ്ങളിൽ പിടിച്ചെടുത്തിട്ടുണ്ട്. 1985-ൽ എസ്.ബി.ഐ.-യിൽ നിന്നെടുത്ത വായ്പ ഭീമമായ പലിശ കുടിശ്ശികയുമായി നിലനിൽക്കുന്നുണ്ട്. ഏകദേശം 20-25 കോടിയോളം രൂപയുടെ ബാദ്ധ്യത സ്ഥാപനത്തിന്റെ മുന്നോട്ടുപോക്കിന് പ്രതികൂലമായി നിൽക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ., കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിക്കൊണ്ട് വൺ ടൈം സെറ്റിൽമെന്റിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. 482-ലധികം ജീവനക്കാരുണ്ടായിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ നൂറിൽത്താഴെ മാത്രമേ ജീവനക്കാരുള്ളൂ. ജനറൽ മാനേജരടക്കമുള്ള പ്രധാനപ്പെട്ട 10 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. 10 വർഷമായി നിയമനം നടത്താൻ കഴിയുന്നില്ല. പെൻഷനായവരുടെയും യൂണിയനുകളുടെയും ഇടപെടലുകളുടെ ഭാഗമായി ബഹുമാനപ്പെട്ട ഹൈക്കോടതി പുതിയ നിയമനങ്ങൾ തടസ്സപ്പെടുത്തിയിട്ടുണ്ട്. ടെക്നിക്കൽ സ്റ്റാഫടക്കമുള്ളവരുടെ കുറവ് വ്യവസായത്തിന്റെ മുന്നോട്ടുപോക്കിന് വലിയതോതിൽ തടസ്സമായി നിൽക്കുന്നു. ഇ-ഓട്ടോ വിതരണം, സർവ്വീസ്, ചാർജ്ജിംഗ് തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ നിയമസഭാ സമ്മേളന സമയത്ത് അവിടെ സന്ദർശിക്കുകയും പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തു. അതുപോലെ കോർപ്പറേറ്റ് മുതലാളിമാരും സ്വകാര്യ ഇ-ഓട്ടോ രംഗത്ത് നിൽക്കുന്നവരും ഈ സ്ഥാപനത്തിനെതിരെ വ്യാജപ്രചരണങ്ങൾ നടത്തുന്നുണ്ട്. വലിയ സാദ്ധ്യതയുള്ളൊരു സ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്. ഇപ്പോൾ ഐ.എസ്.ആർ.ഒ.-യുടേയും കയർ ബോർഡിന്റേയും വർക്കുകളാണ് ഈ കമ്പനിയിൽ ചെയ്യുന്നത്. സ്റ്റീൽ ഫർണിച്ചർ ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇങ്ങനെയുള്ള ഒരുപാട് സാദ്ധ്യതകൾ ഈ മേഖലയിലുണ്ട്. പത്തേക്കറിലധികം വരുന്ന ഭൂമിയും അവിടെയുണ്ട്. അതുകൊണ്ട് ഈ പ്രധാനപ്പെട്ട വ്യവസായത്തെ സംരക്ഷിക്കുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുകളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പൊതുവായ സ്ഥിതി സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം വിശദീകരിച്ചതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. നല്ലൊരു സാദ്ധ്യതയുള്ള സ്ഥാപനമായിട്ടാണ് കെ.എ.എൽ.-നെ ഗവൺമെന്റ് കാണുന്നത്. പ്രത്യേകിച്ചും ഇലക്ട്രിക് ആട്ടോറിക്ഷകൾക്കുള്ള വിപണിയായി ആ സ്ഥാപനത്തിന് മാറാൻ കഴിയണമെന്ന അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുള്ളത്. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്ന പ്രധാന വിഷയം വർഷങ്ങളായി നിലനിൽക്കുന്ന ഇ.പി.എഫ്./ഗ്രാറ്റുവിറ്റി കുടിശ്ശികകളാണ്. 5 കോടി 87 ലക്ഷം രൂപ ഇ.പി.എഫ്. കുടിശ്ശികയും 2013 മുതലുള്ള ഗ്രാറ്റുവിറ്റി കുടിശ്ശികയും നിലനിൽക്കുന്നുണ്ട്. കൂടാതെ 16.11 കോടി രൂപയുടെ മറ്റ് ബാദ്ധ്യതയും സ്ഥാപനത്തിനുണ്ട്. എന്നാൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 35 കോടി രൂപ ഇ-ഓട്ടോയുടെ നിർമ്മാണകാര്യങ്ങൾക്കായി ഗവൺമെന്റ് നൽകിയിരുന്നു. ഇതുകൂടാതെ കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി 5 കോടി രൂപയും അതിനുശേഷം ഒരു കോടി രൂപയുമുൾപ്പെടെ 41 കോടി രൂപ ആ സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഇപ്പോൾ 10 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്. പക്ഷേ, ഈ പറയുന്നതുപോലെ സ്ഥാപനത്തിന് വേണ്ടത്ര മുന്നോട്ടുപോകാൻ കഴിയുന്നില്ല. എന്നാൽ നല്ല സാദ്ധ്യതകളുമുണ്ട്. ഏറ്റവും മികച്ച രീതിയിൽ ഇലക്ട്രിക് ആട്ടോറിക്ഷ നിർമ്മിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. പല പരാതികളും പ്രചാരണങ്ങളും നടക്കുന്നുണ്ടെങ്കിലും അത് നല്ല രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഞാൻ ആ ആട്ടോറിക്ഷയിൽ സഞ്ചരിക്കുകയുണ്ടായി. കുത്തനെയുള്ള കയറ്റം വരെ കയറാൻ സാധിക്കുന്നതരത്തിലുള്ള ആട്ടോറിക്ഷയാണ് അവിടെ നിർമ്മിച്ചത്. പക്ഷേ, ഒഴിവുകൾ നികത്താത്തതുകൊണ്ട് നിർമ്മാണത്തിന് പ്രതിസന്ധിയുണ്ട്. ഇതെല്ലാം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ റിയാബിനെ ചുമതലപ്പെടുത്തിയതുപ്രകാരം ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് ഒരു പുനഃസംഘടന നടത്തണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. കണ്ണൂരിൽ ഒരു പുതിയ യൂണിറ്റ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ പുതിയ സാദ്ധ്യതയുള്ള ഒരു സ്ഥാപനമായിട്ടാണ് കെ.എ.എൽ.-നെ കാണുന്നത്. ഇപ്പോൾ ശമ്പളം കൊടുക്കുന്നതിനുവേണ്ടി ഒരു കോടി രൂപ അനുവദിച്ചെങ്കിലും ഇ.പി.എഫ്. അതോറിറ്റിയുടെ അറ്റാച്ച്മെന്റ് വന്നതുകൊണ്ടുള്ള പ്രതിസന്ധി മറികടക്കാനുള്ള സാദ്ധ്യതകൾ കൂടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

## (8) കൊച്ചി അഴിമുഖത്തെ അപകടങ്ങൾ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, സംസ്ഥാനത്തെ തീരദേശ മേഖലയിൽ ഏറ്റവുമധികം അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രദേശമാണ് കൊച്ചി അഴിമുഖം. വൈപ്പിൻ-കൊച്ചി നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടതും സംസ്ഥാനത്ത് ഏറ്റവും പ്രാധാന്യം അർഹിക്കുന്നതുമായ മുനമ്പം, കാളമുക്ക്, തോപ്പുംപടി ഹാർബറുകളിൽനിന്നും പോകുന്ന മത്സ്യബന്ധന യാനങ്ങൾ കൊച്ചിതുറമുഖത്തോടും കൊച്ചി അഴിമുഖത്തോടും ചേർന്നുള്ള പ്രദേശങ്ങളിൽ അപകടത്തിൽപ്പെടുന്നത് നിത്യസംഭവമായിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ നടന്ന നാലപകടങ്ങളിൽ നാല് മത്സ്യബന്ധന യാനങ്ങളാണ് അപകടത്തിൽപ്പെട്ട് തകർന്നത്. സമാന സ്വഭാവമുള്ള ഒരു വിഷയം മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് ഇന്നലെ സഭയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. അഴിമുഖത്ത് അപകടത്തിൽപ്പെട്ട മത്സ്യബന്ധന യാനങ്ങളും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണത്തോടെ സ്വാഭാവിക ഒഴുക്ക് നിലച്ചതിന്റെ ഫലമായി രൂപപ്പെടുന്ന മണൽത്തിട്ടകളും നീക്കം ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കാത്തത് അപകടങ്ങൾക്ക് കാരണമാവുകയാണ്. നീക്കം ചെയ്യാത്ത മത്സ്യബന്ധന യാനങ്ങളുടെ അവശിഷ്ടങ്ങളിലും മണൽത്തിട്ടകളിലും തട്ടിയാണ് പലപ്പോഴും അപകടങ്ങളുണ്ടാകുന്നത്. മത്സ്യബന്ധന തുറമുഖ മേഖലകളിൽ നിന്നുള്ള കോടിക്കണക്കിന് രൂപയുടെ വരുമാനത്തിന്റെ ഗുണഭോക്താക്കളായ മത്സ്യബന്ധന വകുപ്പും കൊച്ചിൻ പോർട്ട് ട്രസ്റ്റും തുറമുഖത്തിന്റെ ജീവനാഡിയായി പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നേരിടുന്ന അപകടങ്ങൾക്ക് കാരണമാകുന്ന പ്രശ്നങ്ങൾക്കുനേരെ കണ്ണടയ്ക്കുകയും പരസ്പരം പഴിചാരി ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിവാകാനുമാണ് ശ്രമിക്കുന്നത്. നിലവിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് കപ്പൽ ചാലുകൾ മാത്രമാണ് ഡ്രഡ്ജ് ചെയ്യുന്നത്. കൊച്ചി തുറമുഖത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽക്കൂടി ഡ്രഡ്ജിംഗ് നടത്തുകയാണെങ്കിൽ മണൽത്തിട്ടകളിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. തുറമുഖ വകുപ്പിനും മാരിടൈം ബോർഡിനും ഇത് ഏറ്റെടുത്ത് ചെയ്യാവുന്നതുമാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് ജീവനോപാധികൾ വരെ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കേണ്ടതോടൊപ്പം അപകടങ്ങൾക്ക് കാരണമാകുന്ന പ്രശ്നങ്ങൾക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റും തുറമുഖ-മത്സ്യബന്ധന വകുപ്പും സംയുക്തമായി പരിഹാരം കാണണം. ഒരു കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്, ഇൻഡ്യൻ പോർട്ട്സ് ആക്ട്, 1908 പ്രകാരം അപകടങ്ങളുണ്ടായാൽ ബോട്ട് നീക്കം ചെയ്യാനുള്ള അധികാരം ബോട്ടുടമകൾക്കാണ്. ഇതുസംബന്ധിച്ച് ഒരു പുതിയ ബിൽ പാർലമെന്റിൽ

ചർച്ചയ്ക്കെടുക്കുന്ന സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റും തുറമുഖ വകുപ്പും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പലപ്പോഴും കൊച്ചിൻ പോർട്ട് ട്രസ്റ്റും കേന്ദ്രഗവൺമെന്റും നമ്മുടെ അധികാരാവകാശങ്ങൾ കവർന്നെടുക്കുന്നൊരു സ്ഥിതിയുണ്ട്. ഈ മേഖലയിൽ അടിയന്തര ശ്രദ്ധ പതിയേണ്ടതും പോർട്ടിനായി നോട്ടിഫൈ ചെയ്തിട്ടുള്ള പല ഏരിയയും ഡി-നോട്ടിഫൈ ചെയ്യേണ്ടതുമായ ആവശ്യം ഉയർന്നുവരികയാണ്. നമുക്ക് പല അധികാരങ്ങളും കുറഞ്ഞുവരുന്നൊരു പ്രശ്നവുമുണ്ട്. സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ടുമെന്റിനും ദുരന്തനിവാരണ ഏജൻസിക്കുമാവശ്യമായ ഉപകരണങ്ങളെല്ലാം ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ കൊച്ചിൻ പോർട്ട് ട്രസ്റ്റുപോലും കോൺട്രാക്ട് നൽകിക്കൊണ്ടാണ് അപകടത്തിൽപ്പെട്ട ബോട്ടുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത്. അതുപോലെ ഇൻഷ്വറൻസ് തുക വളരെ കൂടുതലായതുകൊണ്ട് പലപ്പോഴും വ്യക്തിഗത ഇൻഷ്വറൻസും ബോട്ടുകൾക്കുള്ള ഇൻഷ്വറൻസും ലഭിക്കുന്നില്ല. അതിനാൽ ഇത്തരം മേഖലകളിൽ വകുപ്പ് മുൻകയ്യെടുത്ത് ഗ്രൂപ്പ് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തണം. അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് മറൈൻ ആംബുലൻസ് സർവ്വീസുകളുടെ സേവനം കൂടുതൽ വ്യാപകമാക്കാനും ഹെലികോപ്റ്റർ ആംബുലൻസ് സർവ്വീസ് ഉൾപ്പെടെ ഏർപ്പാട് ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിനായി പലപ്പോഴും നമ്മൾ നാവികസേനയെയാണ് ആശ്രയിക്കുന്നത്. കടലിലുണ്ടാകുന്ന അപകടങ്ങളിൽ പ്പെടുന്നവരെ രക്ഷപ്പെടുത്താനായി സീ റെസ്ക്യൂ ഗാർഡുകളുണ്ട്. കേരളത്തിലെ വിവിധ ഫിഷറീസ് സ്റ്റേഷനുകളിൽ സേവനമനുഷ്ഠിക്കുന്ന അമ്പതോളം സീ റെസ്ക്യൂ ഗാർഡുകളെ സ്ഥിരപ്പെടുത്തുകയും തുടർ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതിന് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കടലിൽ പോകുന്നവരിൽ ഹൃദയസ്തംഭനം കാരണം മരണപ്പെടുന്നവർക്ക് പലപ്പോഴും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മരണകാരണം ഹൃദയസ്തംഭനമാണെന്ന് രേഖപ്പെടുത്തുന്നതോടുകൂടി ഈ മേഖലയിലെ പല തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരിതാപകരമായ സ്ഥിതിയുണ്ട്. അതുംകൂടി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചത് അതീവ ഗൗരവമുള്ള വിഷയമാണ്. എറണാകുളം ജില്ലയിലെ കൊച്ചി-മുനമ്പം മേഖലകളിലാണ് കൂടുതലായി ബോട്ടപകടങ്ങളുണ്ടാകുന്നത്. ബോട്ടിന്റെ എഞ്ചിൻ തകരാറും മറ്റ് സാങ്കേതിക പ്രശ്നങ്ങളും കാരണമാണ് അധിക അപകടങ്ങളും സംഭവിക്കുന്നത്. അപകടങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം മറൈൻ ആംബുലൻസ് സ്ഥലത്തെത്തി മുങ്ങൽവിദഗ്ദ്ധരെ ഏർപ്പാടാക്കി ആവശ്യമായ

റെസ്ക്യൂ ഓപ്പറേഷൻസ് നടത്താറുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് നിലവിൽ buoy-ഉം സിഗ്നൽ ലൈറ്റുമൊക്കെ സ്ഥാപിച്ച് അപകടം കുറയ്ക്കാനുള്ള സംവിധാനങ്ങളൊരുക്കാനും ശ്രമിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞ നാലപകടങ്ങളിലായി കാര്യമായ നഷ്ടങ്ങൾ സംഭവിച്ചിട്ടില്ല. പക്ഷേ 31-8-2021-ൽ അവിടെ രണ്ടപകടങ്ങൾ സംഭവിച്ചു. അവിടെ സ്ഥാപിച്ചിരുന്ന സിഗ്നൽ ലൈറ്റ് ആരോ മുറിച്ചു കളഞ്ഞതുകൊണ്ടാണ് അപകടം സംഭവിച്ചതെന്ന റിപ്പോർട്ടാണ് ലഭിച്ചത്. അത് പുനഃസ്ഥാപിച്ചിട്ടുണ്ട്. 1-10-2021-ലുണ്ടായ അപകടത്തിൽ ബോട്ടിലുണ്ടായിരുന്ന പതിനൊന്ന് മത്സ്യത്തൊഴിലാളികളെയും രക്ഷിച്ച് പ്രാഥമിക ശുശ്രൂഷ നൽകി വിടാൻ കഴിഞ്ഞു. വേറൊരു പ്രശ്നമുള്ളത്, ഈ സ്ഥലം കൊച്ചിൻ പോർട്ട് ട്രെസ്റ്റിന്റെ അധികാര പരിധിയിലാണ്; നമ്മുടെ അധികാര പരിധിയിലല്ല. അതാണ് നോട്ടിഫൈ ഏരിയായെപ്പറ്റി പറഞ്ഞത്. ഡി-നോട്ടിഫൈ ഏരിയ നമുക്ക് ചർച്ച ചെയ്യേണ്ട വിഷയമാണ്. അവിടെയുള്ള മണൽ നീക്കം ചെയ്യാൻ കഴിയില്ല. അപകടമുണ്ടാകുന്നതിനുള്ള ഒരു കാരണം മണലടിയുന്നതാണെന്ന കാര്യത്തിൽ സംശയമില്ല. മത്സ്യബന്ധന യാനങ്ങൾ അവിടെ തകർന്നുകിടക്കുകയാണ്. ഫിഷറീസ് വകുപ്പിന് ഈ യാനങ്ങൾ മാറ്റാനുള്ള സംവിധാനമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അതിനുള്ള സംവിധാനമൊരുക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ ഇപ്പോൾ നമ്മുടെ കൈവശം അതിനുള്ള സാങ്കേതികവിദ്യയില്ല. കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് അത് ചെയ്യേണ്ടത്. അധികാരം കൊച്ചിൻ പോർട്ട് ട്രെസ്റ്റിന്റെ കയ്യിലായതുകൊണ്ടും നമുക്കാവശ്യമായ സാങ്കേതിക സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ടും നേരിട്ടിടപെടുന്നതിന് ഒരുപാട് പരിമിതിയുണ്ട്. അക്കാര്യം പരിഗണിച്ചുകൊണ്ടും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം ഗൗരവമായി എടുത്തുകൊണ്ടും മന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് കൊച്ചിൻ പോർട്ട് ട്രെസ്റ്റ്, ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, ജില്ലാ ഭരണകൂടം, ദുരന്ത നിവാരണ വിഭാഗം, കേരള മാരിടൈം ബോർഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം എന്നിവരുടെ സംയുക്ത യോഗം അടിയന്തരമായി വിളിച്ചു ചേർക്കുമെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇൻഷ്വറൻസിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. അത് പ്രത്യേകമായി ചർച്ച ചെയ്യാവുന്നതാണ്. ഹൃദയസ്തംഭനമടക്കമുള്ള അസുഖംമൂലം കടലിൽ വച്ച് മരിച്ചാൽ ക്ലെയിം ലഭിക്കില്ല. ഇതുസംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ഇപ്പോൾ ചർച്ച ചെയ്യുന്നുണ്ട്. സീ റെസ്ക്യൂ ഗാർഡ്സിനെ നിയമിക്കുന്നതിനെപ്പറ്റി ഇന്നലെ പറഞ്ഞിരുന്നു. നഷ്ടപരിഹാരം സംബന്ധിച്ചുള്ള കാര്യങ്ങൾ പുതിയ ബില്ലിൽ വരുന്നുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻതന്നെ കൊച്ചിയിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് ഇവിടെ സൂചിപ്പിച്ച അപകടങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങളെടുത്ത് നടപ്പാക്കുകയും ചെയ്യുമെന്ന കാര്യം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

## (9) അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സംസ്ഥാനത്ത് കഴിഞ്ഞ ഒന്നര വർഷത്തോളമായി കോവിഡ് കാരണം അടച്ചിട്ട സ്കൂളുകൾ തുറക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിരവധി അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഇതുമൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്കയിലാണ്. പ്രത്യേകിച്ച് പ്രധാനാദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളടക്കം താളം തെറ്റുന്ന അവസ്ഥയാണുള്ളത്. നവംബർ മാസം ഒന്നിന് സ്കൂളുകൾ തുറക്കുമ്പോൾ കോവിഡ് പ്രോട്ടോക്കോളും സർക്കാരിന്റെ മാഗ്ഗരേഖയ്ക്കനുസൃതമായി ജാഗ്രതയോടെ സ്കൂൾ അന്തരീക്ഷം മുമ്പോട്ട് കൊണ്ടുപോകേണ്ടതിന്റെ മുഖ്യചുമതല വഹിക്കേണ്ട പ്രധാനാദ്ധ്യാപകരില്ലാത്ത ഒരു വിദ്യാലയത്തിനും സുഗമമായി പ്രവർത്തിക്കാൻ കഴിയില്ലെന്ന ആശങ്കയിലാണ് എല്ലാവരുമുള്ളത്. കാസർഗോഡ് ജില്ലയിലും എന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്തും അദ്ധ്യാപക ക്ഷാമം വളരെ രൂക്ഷമാണ്. മലയാളവും ഉറുദുവും പഠിപ്പിക്കുന്ന സ്കൂളുകളുള്ള ഒരു പ്രദേശമാണ് എന്റെ മണ്ഡലമെന്ന കാര്യം കൂടി പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ജി.എൽ.പി.എസ്., മൂസോടി തീരദേശ സ്കൂളിലും കുമ്പള പഞ്ചായത്തിലെ ജി.എഫ്.എൽ.പി. സ്കൂളിലും ആര്യക്കാടി തീരദേശ പ്രദേശത്തെ ജി.ഡബ്ല്യു.എൽ.പി. സ്കൂളിലും ഹെഡ്മാസ്റ്റർമാരില്ല, അവിടെയെല്ലാം ഒരു ടീച്ചർ മാത്രമാണുള്ളത്. തീരദേശത്തെ വളരെ പാവങ്ങളായ നൂറിലധികം കുട്ടികൾ പഠിക്കുന്ന കോയിപ്പാടി കടപ്പുറം സ്കൂളിൽ ഒരു ടീച്ചർ മാത്രമേയുള്ളൂ; അവിടെയും ഹെഡ്മാസ്റ്റർ ഇല്ല. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ ഉറുദു പഠിപ്പിക്കുന്ന സംസ്ഥാനത്തെ ഏക ഗവൺമെന്റ് ഹിന്ദുസ്ഥാനി യു.പി. സ്കൂൾ എന്റെ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ അവിടെ ഉറുദു പഠിപ്പിക്കാൻ കഴിഞ്ഞ അഞ്ച് വർഷത്തോളമായി അദ്ധ്യാപകരില്ല. പതിനേഴ് അദ്ധ്യാപകരിൽ പത്ത് പേരുമില്ലാത്ത ഒരവസ്ഥയുമുണ്ട്, കൂടാതെ ഹെഡ്മാസ്റ്ററുമില്ല. സംസ്ഥാനത്തെ മൊത്തം കണക്ക് പരിശോധിക്കുമ്പോൾ 1600-ഓളം അദ്ധ്യാപകരുടെ കുറവുണ്ട്. എന്റെ ജില്ലയിൽ 40 വിദ്യാലയങ്ങൾക്ക് ഹെഡ്മാസ്റ്റർമാരില്ല. അതോടൊപ്പം ഇരുന്നൂറിലധികം സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത ഒരവസ്ഥയും നിലനിൽക്കുകയാണ്. അതുകൊണ്ട് സ്ഥിര നിയമനത്തിന് സാധിക്കുന്നില്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തി നവംബർ മാസം ഒന്നിന് വിദ്യാലയങ്ങൾ തുറക്കുമ്പോൾ മുഴുവൻ അദ്ധ്യാപക ഒഴിവുകളും നികത്തുന്നതിന് ബഹുമാന്യനായ മന്ത്രി പ്രത്യേക ഇടപെടൽ നടത്തണമെന്ന് അപേക്ഷിക്കുകയാണ്. പ്രത്യേകിച്ച്, അതിർത്തി അടച്ചതിനാൽ കേരളത്തിന്റെയും

കർണ്ണാടകത്തിന്റെയും അതിർത്തിയിലുള്ള ഒരു മണ്ഡലമെന്ന നിലയ്ക്ക് വലിയ പ്രയാസവും ദുരിതവും നേരിട്ടുകൊണ്ടിരിക്കുകയാണ്. കന്നഡ, തുളു ഭാഷകൾ സംസാരിക്കുന്ന ആ പ്രദേശത്തെ കുട്ടികൾ ഒന്നാം ക്ലാസ് മുതൽ മംഗലാപുരത്താണ് പഠിക്കുന്നത്. എന്നാൽ അതിർത്തി അടച്ചതിനുശേഷം മംഗലാപുരത്തേയ്ക്ക് കുട്ടികളെ പഠിക്കാനയയ്ക്കാൻ കേരളത്തിലുള്ള പല കുടുംബങ്ങളും തയ്യാറല്ല. ആ പ്രയാസവും കൂടി കണക്കിലെടുത്ത് എന്റെ ജില്ലയിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. കുട്ടികൾ കലാലയങ്ങളിലേയ്ക്ക് പോകുമ്പോൾ ഹെഡ്മാസ്റ്ററും അദ്ധ്യാപകരുമില്ലാത്ത അവസ്ഥ പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ തന്നെയാണ് മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫ് ഉന്നയിച്ചത്. അദ്ദേഹം ഉന്നയിച്ച ചില കാര്യങ്ങൾക്ക് ചോദ്യോത്തരവേളയിൽ മറുപടി നൽകിയിട്ടുണ്ട്. കോവിഡ്- 19 കാരണം 2021-22 അദ്ധ്യയന വർഷത്തിലും സ്കൂളുകൾ തുറന്ന് ക്ലാസ്സുകൾ ആരംഭിക്കാനാകാത്ത സാഹചര്യത്തിൽ അദ്ധ്യാപക നിയമനം സംബന്ധിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-6-2021-ൽ ഒരു യോഗം ചേരുകയുണ്ടായി. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 6-7-2021-ലെ ഉത്തരവ് പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ തുടരാനും അദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. അഡ്വൈസിനെ തുടർന്ന് നിയമന ഉത്തരവ് ലഭിച്ചവരെ 15-7-2021 മുതൽ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണെന്നും നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകി സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ 2021-22 വർഷം റെഗുലർ തസ്തികകളിലുണ്ടാകുന്ന റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവമൂലമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15-7-2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണെന്ന് ഉത്തരവായിരുന്നു. അൻപത് വയസ്സ് പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപക നിയമനത്തിന് സ്ഥാനക്കയറ്റം നൽകുന്നതിന് ടെസ്റ്റ് യോഗ്യതയിൽ ഇളവ് വരുത്തി വിദ്യാഭ്യാസ അവകാശ നിയമം ഭേദഗതി ചെയ്തു. പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 16-2-2021-ലെ സർക്കുലർ പ്രകാരം പ്രൈമറി ഹെഡ്മാസ്റ്റർ പ്രൊമോഷൻ നടത്തുന്നതിന് നിർദ്ദേശം നൽകിയെങ്കിലും 19-2-2021-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നമ്പർ

441/2021-ലെ വിധിപ്രകാരം പ്രൈമറി ഹെഡ്മാസ്റ്റർ പ്രൊമോഷനുമായി ബന്ധപ്പെട്ട പ്രസ്തുത സർക്കാർ സർക്കുലർ സ്റ്റേ ചെയ്യുകയുണ്ടായി. അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിനാൽ പ്രൈമറി പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് പ്രൊമോഷൻ നടത്താൻ പറ്റുന്ന സാഹചര്യമല്ല നിലവിലുള്ളത്. കൂടാതെ പ്രൈമറി അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ അക്കാഡമിക്-അഡ്മിനിസ്ട്രേഷൻ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി അദ്ധ്യാപകരുടെ ചാർജ്ജ് നൽകിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ മാറ്റിക്കിട്ടുന്നതനുസരിച്ച് പ്രധാനാദ്ധ്യാപക നിയമനങ്ങളും അതോടൊപ്പമുണ്ടാകുന്ന അദ്ധ്യാപക നിയമനങ്ങളും നടത്തുന്നതാണ്. ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചു. അക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

12.00 Noon]

## (10) <u>കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത സംബന്ധിച്ച വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് നിന്നാരംഭിച്ച് പാണത്തൂർ വഴി കാണിയൂർവരെയുള്ള പാതയ്ക്ക് സർവ്വേ നടപടികൾ പൂർത്തിയായതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ആഗസ്റ്റ് മാസം 10-ാം തീയതി ഇതുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചപ്പോൾ അതിലിടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയുണ്ടായി. അദ്ദേഹത്തിന് ആ സ്ഥലമറിയാം. ഏറ്റവും സൗകര്യപ്രദമായ ഒരു പാതയാണെന്ന് അംഗീകരിക്കുകയും പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് നടപടി സ്വീകരിക്കാമെന്ന് ഉറപ്പുതരികയും ചെയ്തതാണ്. കേരളത്തിൽ 41 കിലോമീറ്ററും കർണാടകത്തിൽ 50 കിലോമീറ്ററുമുൾപ്പെടെ 91 കിലോമീറ്റർ വരുന്ന പാതയാണിത്. അതിനെ തുടർന്നങ്ങോട്ട് ബംഗളൂരു-ഹാസൻ ഉൾപ്പെടെയുള്ള റെയിൽപാതയുണ്ട്. അതുവഴി 348 കിലോമീറ്റർ മാത്രം സഞ്ചരിച്ചാൽ ഉത്തര കേരളത്തിൽനിന്ന് ബംഗളൂരുവിൽ എത്തിച്ചേരാം. നിലവിൽ മംഗലാപുരം വഴിയായാലും ഷൊർണ്ണൂർ വഴിയായാലും 12 മണിക്കൂർ സമയമെടുത്ത് 600 കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ

എത്തിച്ചേരുകയുള്ളൂ. കാഞ്ഞങ്ങാട് - പാണത്തൂർ - കാണിയൂർ - സുള്ളിയ - ഹാസൻ-ശ്രാവണബൽഗോള-ബംഗളൂരു മുതലായ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൂടെയാണ് ഈ റെയിൽപാത കടന്നുപോകുന്നത്. കേരളത്തിലെ ധാരാളം വിദ്യാർത്ഥികൾ സുള്ളിയ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പഠനം നടത്തിവരികയാണ്. വളരെ പ്രയാസപ്പെട്ടാണ് അവർ ഈ പ്രദേശങ്ങളിൽ എത്തിച്ചേരുന്നത്. പ്രസ്തുത റെയിൽപാതയ്ക്കായി കേരളത്തിന്റെ സർവ്വേ പൂർത്തിയാക്കുകയും സമ്മതപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി കേരളാ ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ 20 കോടി രൂപ മാറ്റിവച്ചിരുന്നതാണ്. ഇതിനാകെ വരുന്ന ചെലവ് 50 ശതമാനം വീതം ഇരു സംസ്ഥാനങ്ങളും വഹിക്കണമെന്നാണ് റെയിൽവേ നിർദ്ദേശിച്ചിട്ടുള്ളത്. ഇത് നടപ്പാക്കുന്നതിനായി കേരള-കർണ്ണാടക ഗവൺമെന്റുകൾ ഉന്നതതല യോഗം ചേർന്ന് തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്ര നീക്കങ്ങൾ കർണ്ണാടകയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ കർണ്ണാടക ഗവൺമെന്റുമായി നമ്മുടെ ഗവൺമെന്റ് കൂടിയാലോചിച്ച് പദ്ധതി പ്രാവർത്തിക മാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷൻ കേരള ഗവൺമെന്റ് ഏറ്റവും പ്രാധാന്യത്തോടെ കാണുന്ന ഒരു പദ്ധതിയാണ്. കേരള, കർണ്ണാടക സംസ്ഥാനങ്ങളിലുൾപ്പെടുന്ന നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കാണിയൂർ റെയിൽവേപാതയുടെ ആകെ നീളം 90.5 കിലോമീറ്ററാണ്. 2014-2015 സാമ്പത്തികവർഷത്തിലാണ് പാതയുടെ സർവ്വേ നടപടികൾക്ക് റെയിൽവേ അനുമതി നൽകിയത്. 13,081.57 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പ്രതിവർഷ വരുമാന സാധ്യതയുടെ നിരക്ക് (റേറ്റ് ഓഫ് റിട്ടേൺ) -5.35 ശതമാനമാണ്. നിലവിൽ ഈ പദ്ധതി റെയിൽവേ ബോർഡിന്റെ പരിഗണനയിലാണുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാ പത്രങ്ങളൊന്നും ഇതുവരെ റെയിൽവേ നൽകിയിട്ടില്ലെന്നാണ് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവേ ബോർഡുമായി ചർച്ച നടത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ചീഫ് സെക്രട്ടറിതലത്തിലും ചർച്ചകൾ നടന്നുവരികയാണ്. മൈസൂർ-നഞ്ചൻകോട് അടക്കമുള്ള പാതകളുടെ പൂർത്തീകരണമാണ് സംസ്ഥാനം ലക്ഷ്യം വയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കർണ്ണാടകയുമായി കൂടുതൽ ചർച്ചകൾക്ക് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

## V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ-നുവേണ്ടി ശ്രീ. കെ. പ്രേംകുമാർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇതിൽ രണ്ട് വിഷയങ്ങളാണ് ഒബ്ജക്ഷനായിട്ടുള്ളത്. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നിയമനിർമ്മാണം നടത്തുന്നുവെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഈ ബില്ലിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ടി വേറൊരു പ്രൊവിഷനുമില്ല. " On the basis of the budget speech 2020-21 Government have decided to start new courses in colleges affiliated to the Universities" എന്നാണ് Statement of Objects and Reasons-ൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ പ്രഖ്യാപിക്കുമ്പോൾ, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവൊന്നും ഉണ്ടാകുന്നതല്ലെന്നും ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നു. ഇത് രണ്ടുംകൂടി ഒത്തുപോകുന്നത് എങ്ങനെയാണ്? പുതിയ

കോഴ്സുകൾ ആരംഭിക്കുമ്പോൾ സർക്കാരിന് ചെലവ് വരില്ലേ; പുതിയ കോഴ്സുകൾക്കുള്ള അപ്പോയിന്റ്മെന്റുകളും മറ്റെല്ലാ കാര്യങ്ങളും ഗവൺമെന്റല്ലേ നടത്തുന്നത്? എന്നാൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഗവൺമെന്റിന് ചെലവൊന്നുമുണ്ടാകുന്നില്ലെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ച് പല പ്രാവശ്യം റൂളിംഗ് നടത്തിയിട്ടുള്ളതാണ്. ഇപ്പോഴും അതിൽ കൃത്യത വരാത്തത് ദൗർഭാഗ്യകരമാണ്. അതുപോലെ, അന്തർസംസ്ഥാന കൂടിയാലോചന സമിതികൾ ഉൾപ്പെടെയുള്ളവ രൂപീകരിക്കുമ്പോൾ സർവ്വകലാശാല ഫണ്ടിൽനിന്നും അധിക ചെലവുകൾ പ്രതീക്ഷിക്കേണ്ടതാണ്. അക്കാര്യത്തിലും വ്യക്തത വരുത്തിയിട്ടില്ല. നിയമനിർമ്മാണ ഉദ്ദേശ്യം കൃത്യമായി വ്യക്തമാക്കാതെയും കൃത്യമായ ധനകാര്യ മെമ്മോറാണ്ടം ഇല്ലാതെയും നിയമനിർമ്മാണം നടത്തുന്ന പ്രവണത ഉചിതമല്ല. ബില്ലിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ടതൊന്നും ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലില്ല. ഒരു ബിൽ കയ്യിൽ കിട്ടിയാൽ ആദ്യം നോക്കുന്നത് ഉദ്ദേശ്യകാരണങ്ങളുടെ വിവരണമാണ്. എന്തിനുവേണ്ടിയാണ് നിയമമുണ്ടാക്കുന്നത്, എന്താണിതിന്റെ ഉദ്ദേശ്യം, അത് ഓർഡിനൻസ് ആയിട്ടാണോ അതോ പുതിയ നിയമമായിട്ടാണോ വന്നത്, ഓർഡിനൻസ് റീ-പ്രൊമുൾഗേറ്റ് ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളെല്ലാം ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലാണുണ്ടാവുന്നത്. അതിൽ അവ്യക്തതയുണ്ടാകുന്നത് നല്ല പ്രവണതയല്ല. അതുപോലെ ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച പരാതിയും ഞാൻ ഉന്നയിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യ കാരണങ്ങളുടെ വിവരണത്തിൽ പ്രസ്തുത ബിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിനാധാരമായ ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായി അതിലുൾപ്പെടുത്തിയിട്ടുള്ളതിനാൽ ഓർഡിനൻസ് മുഖാന്തരം അടിയന്തര നിയമ നിർമ്മാണത്തിനുണ്ടായ സാഹചര്യം വളരെ വ്യക്തമാണ്. ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലെ 1, 10, 16 ഖണ്ഡികകളിൽ ഈ കാരണങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ചില കാര്യങ്ങളിൽ വ്യക്തതക്കുറവുണ്ടായിട്ടുണ്ട്. ഈ ബിൽ നിയമമാക്കി കൊണ്ടുവരുമ്പോൾ യാതൊരു അധികച്ചെലവും ഉണ്ടാകുന്നില്ലെന്ന് തന്നെയാണ് ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച് വ്യക്തമാക്കാനുള്ളത്. അന്തർ സംസ്ഥാന കൂടിയാലോചന സമിതികൾ എന്നാണ് തടസ്സവാദത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിട്ടുള്ളത്. അന്തർ സംസ്ഥാനം അല്ല; അന്തർ സർവ്വകലാശാല കൂടിയാലോചന സമിതികളാണ്. സർവ്വകലാശാലയും സർക്കാരും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലെടുക്കേണ്ട തീരുമാനങ്ങളെ സംബന്ധിച്ച പ്രോ-ചാൻസലർ, വൈസ്-ചാൻസലർ, പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരാണ്. പ്രസ്തുത അംഗങ്ങൾക്കുവേണ്ടി പ്രത്യേകിച്ച് യാതൊരു ചെലവും അധികമായി വരുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ല.

പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനല്ല മറിച്ച്, പുതിയ കോഴ്സുകളുടെ അപേക്ഷ പരിഗണിക്കുന്നതിന് സിൻഡിക്കേറ്റിന് ഒരു മാസത്തെ സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിനാണ് ഈ നിയമഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. കോഴ്സുകൾ ആരംഭിക്കുന്നതൊക്കെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായാണ്. പുതിയ കോഴ്സുകളുടെ അപേക്ഷ പരിഗണിക്കുന്നതിന് സിൻഡിക്കേറ്റിന് ഒരു മാസത്തെ കാലാവധി ദീർഘിപ്പിച്ച് നൽകുക എന്നുള്ളതാണ് ഉദ്ദേശ്യം. ഈ രണ്ട് വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ലെന്ന് വിനയപൂർവ്വം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്റർയൂണിവേഴ്സിറ്റി കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ കാര്യം ഞാൻ സമ്മതിക്കുന്നു. തീർച്ചയായും അതിനകത്ത് കുഴപ്പമില്ല. പക്ഷേ, Statement of Objects and Reasons-ലെ ആദ്യത്തെ വാചകം " On the basis of the budget speech 2020-21 Government have decided to start new courses in colleges affiliated to the Universities" എന്നാണ്. ഏറ്റവും പ്രധാനപ്പെട്ട കാരണം അതുതന്നെയാണ്. കോഴ്സുകൾ ആരംഭിക്കുന്നുണ്ടോ? ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ക്ലാരിറ്റിയില്ല. അതിൽ ക്ലാരിറ്റിയുണ്ടെങ്കിൽ ധനകാര്യ മെമ്മോറാണ്ടത്തിലും വേണം. ആ വാദമാണ് ഞാൻ ഉന്നയിച്ചത്. ഞാൻ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തെക്കുറിച്ചാണ് പറഞ്ഞത്. അത് ശരിയാണെങ്കിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ അതിനനുസരിച്ചുള്ള പ്രൊവിഷൻ വേണം. കോഴ്സുകൾ ആരംഭിക്കുന്നില്ലെങ്കിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ അതിന്റെ പരാമർശം ആവശ്യമില്ല. പക്ഷേ, കോഴ്സ് ആരംഭിക്കുന്നുവെന്ന് ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ എഴുതിയിരിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഉദ്ദേശ്യകാരണങ്ങൾ ഒരു വാചകത്തിൽ അവസാനിക്കുന്നതാണെങ്കിൽ പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. ഉദ്ദേശ്യകാരണങ്ങൾ ഒരു തുടർച്ചയാണ്. ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചതാണ് ഉദ്ദേശ്യം. മറ്റ് അപേക്ഷ സ്വീകരിക്കാനുള്ള സമയത്തെ സംബന്ധിച്ച് നിലവിലുള്ള സ്റ്റാറ്റ്യൂട്ടുകളിൽ പരിമിതിയുണ്ട്. ആ തടസ്സം നീക്കാനുള്ള ബില്ലാണ് കൊണ്ടുവരുന്നത്. അതുമുഴുവൻ വായിച്ചാൽ ഒരു വ്യക്തതക്കുറവുമില്ല. കോഴ്സുകൾ അനുവദിക്കുന്നത് സ്റ്റാറ്റ്യൂട്ടിനെ അടിസ്ഥാനമാക്കിയാണ്. അതിൽ അപേക്ഷ സ്വീകരിക്കുന്നതിന് തടസ്സമുണ്ടായിരുന്നു. അത് മറികടക്കാനുള്ള ഒരു നിയമനിർമ്മാണമാണ് ഇതെന്നുള്ളത് വളരെ വ്യക്തമാണ്.

## റൂളിംഗ്

മി. സ്പീക്കർ: 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിൽ "ഈ ബിൽ നിയമമാവുകയും

പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല" എന്ന് പരാമർശിച്ചിരിക്കുന്നത് വസ്തുതാപരമല്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പ്രധാനമായും തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ഇപ്രകാരമൊരു ധനകാര്യമെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വിശദമാക്കുകയുണ്ടായി. ഈ ഭേദഗതി നിയമം നിലവിൽ വരുന്നതുമൂലം സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരുവിധ അധിക ചെലവും വരുന്നതല്ലെന്നതന്നെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും നിലപാട്. ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു. ആ ഭാഗം മുഴുവനും ഞാൻ വായിക്കുന്നില്ല. " ......അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുകയില്ലായിരുന്നു. അതിനാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ 56-ാം വകുപ്പ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ 56-ാം വകുപ്പ്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ 58-ാം വകുപ്പ്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിന്റെ 61-ാം വകുപ്പ് എന്നിവ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു." ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്ന പ്രസ്തുത നിലപാടിനോട് യോജിക്കാതിരിക്കാനുള്ള സാഹചര്യം നിലവിൽ കാണുന്നില്ല. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ

അവതരിപ്പിക്കാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് സംസാരിക്കാനാണ് ഉദ്ദേശിക്കുന്നത്. കോവിഡ്-19 സൃഷ്ടിച്ച സ്തംഭനങ്ങൾ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാര മേഖലകളിലും തുടർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് നാം സുപ്രധാനമായ ചില നിയമനിർമ്മാണങ്ങളിലേയ്ക്ക് പ്രവേശിക്കുന്നത്. കോവിഡ്-19 പോലുള്ള പ്രതിസന്ധികൾ ചരിത്രത്തിൽ പല ഘട്ടത്തിലും മനുഷ്യരാശിക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. ഇത്തരം പ്രതിസന്ധികളിൽ നിന്നും കരകയറാൻ സഹായിച്ചിട്ടുള്ളത് വൈജ്ഞാനിക മേഖലകളിലെ മുന്നേറ്റങ്ങളാണെന്ന് നമുക്കറിയാം. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റുമെന്ന് ജനങ്ങൾക്ക് വാക്കുനൽകി അധികാരത്തിലേറിയ സർക്കാരാണിത്. അടിസ്ഥാന വിദ്യാഭ്യാസ മേഖലയിൽ നാം ആർജ്ജിച്ച മുന്നേറ്റത്തിന് ഉന്നത വിദ്യാഭ്യാസമേഖലയിലും തുടർച്ചയുണ്ടാക്കുമെന്നാണ് എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിനുള്ള ആദ്യ കാൽവയ്പുകൾക്ക് നാം ഇതിനോടകംതന്നെ തുടക്കമിട്ടുകഴിഞ്ഞു. സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് സമൂഹത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന നവ സാങ്കേതികവിദ്യയുടെ എല്ലാ മുന്നേറ്റങ്ങളെയും സ്വാംശീകരിച്ചുകൊണ്ടുള്ള പരിവർത്തനങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം ലക്ഷ്യംവയ്ക്കുന്നത്. ഈ മേഖലയിലെ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് സജ്ജമാകാൻ അടിയന്തരമായി ആവശ്യമുള്ള നിയമ നിർമ്മാണങ്ങളിലേയ്ക്കാണ് നാം പ്രവേശിക്കുന്നത്.

2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ക്ലാസ്സുകൾ ആരംഭിക്കാനുള്ള അവസാന തീയതി നവംബർ 1 ആയി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.) നിശ്ചയിക്കുകയും ചെയ്തിരുന്നു. ആയതിനാൽ നിലവിലുള്ള വ്യവസ്ഥകൾപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അപേക്ഷകൾ പരിശോധിച്ച് നടപടി പൂർത്തീകരിക്കാൻ സാധ്യമാകുമായിരുന്നില്ല. ഇതിനായി 1974-ലെ കേരള സർവ്വകലാശാല ആക്ട്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ട്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ട് എന്നിവയിൽ ഭേദഗതി ആവശ്യമായിവന്നു. കൂടാതെ യു.ജി.സി. റെഗുലേഷൻസിനനുസൃതമായി 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിലും ചില ഭേദഗതികൾ അനിവാര്യമായി വന്നു. അതുകൊണ്ട് 'ടീച്ചർ' എന്നതിന്റെ നിർവ്വചനത്തിന് യു.ജി.സി. റെഗുലേഷനുകളുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയും വകുപ്പുതലവനെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതുസംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചു.

സ്വയംഭരണ കോളേജുകളെ സംബന്ധിച്ച The University Grants Commission (Conferment of Autonomous Status upon Colleges and Measures for Maintenance of Standards in Autonomous Colleges) Regulations, 2018-ലെ വ്യവസ്ഥകളും അതിനനുയോജ്യമായ മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, ശ്രീ ശങ്കരാചാര്യ, കണ്ണൂർ, NUALS (National University of Advanced Legal Studies) എന്നീ സർവ്വകലാശാല ആക്ടുകൾക്കും ഭേദഗതി കൊണ്ടുവരുന്നതിന് തീരുമാനിച്ചു. The University Grants Commission (Minimum Qualifications for Appointment of Teachers and Other Academic Staff in Universities and Colleges and other Measures for the Maintenance of Standards in Higher Education) Regulations, 2018-നെത്തുടർന്ന് 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ആക്ടിലും ചില ഭേദഗതികൾ അനിവാര്യമായിവന്നു. അതോടൊപ്പം അന്തർസർവ്വകലാശാല കൂടിയാലോചന സമിതിയുടെ രൂപീകരണവും അപ്പലേറ്റ് ട്രൈബ്യൂണൽ സംബന്ധിച്ച ചില ഭേദഗതി വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ആക്ടിലും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിലും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലും ഭേദഗതികൾ ആവശ്യമായിവന്നു. മേൽപ്പറഞ്ഞ ഭേദഗതികൾ വിവിധ ഓർഡിനൻസുകൾ മുഖാന്തരമാണ് നിലവിൽ വന്നത്.

പതിനഞ്ചാം കേരള നിയമസഭയുടെ ഈ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ അവതരിപ്പിക്കുകയാണ്. 1974-ലെ കേരള സർവ്വകലാശാല ആക്ട്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ട്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ട്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ട്, 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള 96, 97, 99 എന്നീ നമ്പർ ഓർഡിനൻസുകൾക്ക് പകരമായുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട്, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള 94, 100 എന്നീ നമ്പർ ഓർഡിനൻസുകൾക്ക് പകരമായുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലുമാണ് ഈ സഭ മുമ്പാകെ പരിഗണിക്കുന്നത്. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പ്രകാരം നിലവിലുള്ള ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയെ സംബന്ധിച്ച വ്യവസ്ഥകൾ ഒഴിവാക്കാനും കേരള സർവ്വകലാശാല ആക്ടിൽ അപ്പലേറ്റ് ട്രൈബ്യൂണലിനെ സംബന്ധിച്ച പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്താനും

പ്രസ്തുത അപ്പലേറ്റ് ട്രൈബ്യൂണൽ മദർ യൂണിവേഴ്സിറ്റി എന്ന നിലയിൽ മറ്റ് സർവ്വകലാശാലകൾക്കുകൂടി ഒരു അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കാനും വ്യവസ്ഥ ചെയ്തുകൊണ്ട് മറ്റ് ആക്ടുകളിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഓരോ സർവ്വകലാശാലയ്ക്കും ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ എന്ന വ്യവസ്ഥയ്ക്കുപകരം എല്ലാ സർവ്വകലാശാലകൾക്കുംകൂടി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ എന്ന രീതിയാണ് ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ളത്. കൂടാതെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതിയെ സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയതിലൂടെ സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളിന്മേൽ സർക്കാർതലത്തിൽ പരിഹരിക്കേണ്ട വിഷയങ്ങൾകൂടി പരിഗണിക്കാൻ ഉദ്ദേശിക്കുകയാണ്. 'ഗവേണിംഗ് കൗൺസിൽ' എന്നതിനുപകരം 'ഗവേണിംഗ് ബോഡി' എന്ന ഭേദഗതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലകളുടെ വിവിധ അധികാര സ്ഥാനങ്ങളിലായി ഗുണനിലവാരം പരിശോധിക്കുന്നതിനുൾപ്പെടെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കംപ്ലയിന്റ് റിഡ്രസ്സൽ കമ്മിറ്റി, എക്സ്പെർട്ട് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി, സ്റ്റുഡന്റ്സ് ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതോടൊപ്പം ബോർഡ് ഓഫ് സ്റ്റഡീസ്, ഗവേണിംഗ് ബോഡി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കംപ്ലയിന്റ് റിഡ്രസൽ കമ്മിറ്റി എന്നിവയുടെ ഘടനയും ചുമതലകളും വിശദമാക്കിയിരിക്കുന്നു. കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതും പുതുക്കുന്നതും സംബന്ധിച്ച വ്യവസ്ഥകളും സ്വയംഭരണ കോളേജിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ചുള്ള വ്യവസ്ഥകളും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

1974-ലെ കേരള സർവ്വകലാശാല ആക്ട്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ട്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ട് എന്നിവയിൽ മേൽപ്പറഞ്ഞതിന് സമാനമായ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിലും 2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ആക്ടിലും മേൽപ്പറഞ്ഞവയിലെ അന്തർസർവ്വകലാശാല കൂടിയാലോചന സമിതി സംബന്ധിച്ച വ്യവസ്ഥയും അപ്പലേറ്റ് ട്രൈബ്യൂണൽ സംബന്ധിച്ച ഭേദഗതി വ്യവസ്ഥയും മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് ഭേദഗതി. 2020-21 വർഷം പുതുതായി അനുവദിച്ച കോഴ്സുകൾ ആരംഭിക്കുന്നതിനായുള്ള കോളേജുകളുടെ അപേക്ഷകൾ പരിഗണിക്കുന്നതിനായി സിൻഡിക്കേറ്റിന് ഒരുമാസത്തെ സമയപരിധി നൽകിക്കൊണ്ട് കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാല ആക്ടുകൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു. അതോടൊപ്പം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല യു.ജി.സി.

റെഗുലേഷനുകൾ സ്വീകരിച്ചിരുന്നതിനാൽ 'ടീച്ചർ' എന്ന നിർവ്വചനത്തിന് ഭേദഗതി വേണ്ടിവന്നു. കൂടാതെ അക്കാഡമിക് വകുപ്പുകളെ സർവ്വകലാശാലയുടെ അക്കാഡമിക് പഠനങ്ങളുടെ അടിസ്ഥാന ഘടകങ്ങളായി രൂപീകരിക്കുന്നതിനുള്ള ഭേദഗതിയുമുൾപ്പെടുത്തിയിട്ടുണ്ട്.

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട്, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് എന്നിവയ്ക്കുള്ള ഭേദഗതികളാണ് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. മേൽപ്പറഞ്ഞ മൂന്ന് ആക്ടുകളിലും അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവ സംബന്ധിച്ച് സർവ്വകലാശാല ഭേദഗതി ബില്ലിലേതിന് സമാനമായ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. The University Grants Commission (Minimum Qualifications for Appointment of Teachers and Other Academic Staff in Universities and Colleges and other Measures for the Maintenance of Standards in Higher Education Regulation), 2018-ലെ വ്യവസ്ഥകളെത്തുടർന്ന് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചില നിർവ്വചനങ്ങൾ, സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ, സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും, പ്രൊ-വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ നിയമനം സംബന്ധിച്ചും ഗവേഷണ കൗൺസിലിന്റെ രൂപീകരണം സംബന്ധിച്ചുമുള്ള ഭേദഗതി നിർദ്ദേശങ്ങൾ എന്നിവയാണ് സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിലുൾപ്പെടുത്തിയിട്ടുള്ളത്. സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രത്യേകിച്ചും വിവിധ പ്രോഗ്രാമുകളിലെ കോഴ്സുകളിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും ഇന്റർ ഡിസിപ്ലിനറി, മൾട്ടി ഡിസിപ്ലിനറി അല്ലെങ്കിൽ ഇൻട്രാ ഡിസിപ്ലിനറി, വിദ്യാഭ്യാസവും ഗവേഷണവും പ്രോൽസാഹിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജിൽ നൂതന ആശയങ്ങൾ, ബിസിനസ് ഇൻക്യൂബേഷൻ, തൊഴിൽശേഷി വികസനം തുടങ്ങിയവ പ്രോൽസാഹിപ്പിക്കുക എന്നിവ കൂട്ടിച്ചേർക്കുന്നതിനും ഭേദഗതി ബില്ലിൽ വ്യവസ്ഥചെയ്യുന്നു. മാറുന്ന ലോക സാഹചര്യങ്ങളിൽ, അനിവാര്യമായും വേണ്ട മാതൃകാപരമായ മാറ്റങ്ങൾക്കനുയോജ്യമായ ഭേദഗതികളാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ രണ്ട് ബില്ലുകളിലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഇപ്രകാരമാണ് നിയമസഭ മുമ്പാകെ അവതരിപ്പിക്കാനുള്ളത്. ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റി മുമ്പാകെ ചർച്ച ചെയ്ത് പൂർണ്ണത വരുത്തുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലുകളും സംബന്ധിച്ച് ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ബില്ലുകളുടെ കാര്യത്തിൽ സമയ പരിധിയില്ലെങ്കിലും ഇന്നലെ ഒരു നിർദ്ദേശം വച്ചത് പാലിച്ചില്ലെങ്കിലും പൊതുവിൽ എല്ലാവരും അംഗീകരിച്ചിരുന്നു. ഇന്നത് പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇതൊരു കീഴ്വഴക്കമാക്കേണ്ട.

മി. സ്പീക്കർ: അസാധാരണ സാഹചര്യമായതുകൊണ്ടും തുടർച്ചയായി കൂടുതൽ ബില്ലുകൾ എടുക്കേണ്ടി വരുന്നതിനാലുമാണ് ഇങ്ങനെയൊരു നിർദ്ദേശം നൽകേണ്ടിവന്നത്. അംഗങ്ങൾ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിച്ചാൽ സമയം ഒരു പ്രശ്നമല്ല. കഴിഞ്ഞ ദിവസങ്ങളിലൊക്കെ സംസാരിച്ചവർ വിഷയത്തിൽനിന്നും മാറി ഒരുപാട് കാര്യങ്ങൾ സംസാരിച്ചു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മെമ്പർമാരെ നിയന്ത്രിക്കും പോലെ ബഹുമാനപ്പെട്ട മന്ത്രിമാരെയും നിയന്ത്രിക്കണം.

മി. സ്പീക്കർ: എല്ലാവർക്കും ബാധകമായ കാര്യമാണ് ഞാൻ പറഞ്ഞത്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി കാര്യമാത്ര പ്രസക്തമായാണ് സംസാരിച്ചത്. സമയം നിയന്ത്രിക്കുന്നതിന് എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്.

Prof. Abid Hussain Thangal: Sir, I move that -" This House Resolves to disapprove The University Laws (Amendment) Ordinance, 2021 (Ordinance No.96, 97 & 99 of 2021);" ബഹുമാന്യനായ പ്രതിപക്ഷനേതാവ് ആദ്യമേ തന്നെ ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളെയും ധനകാര്യ മാനേജ്മെന്റിനെയും സംബന്ധിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതുകൊണ്ട് ഞാൻ അക്കാര്യങ്ങൾ വിശദീകരിക്കുന്നില്ല. കോഴ്സുകൾ ആരംഭിക്കാനാണെന്ന് ഉദ്ദേശ്യകാരണങ്ങളിൽ പറയുകയും സാമ്പത്തിക ബാദ്ധ്യതകളൊന്നുമുണ്ടാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുകയും ചെയ്യുന്നതിലെ അപാകതകളാണ് ചൂണ്ടിക്കാണിച്ചത്. സർവ്വകലാശാലകളിൽ നടത്താനിരിക്കുന്ന പുതിയ കോഴ്സുകളോടനുബന്ധിച്ചുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിക്കുകയുണ്ടായി. പക്ഷേ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് വിഷയങ്ങൾ സംബന്ധിച്ച് പറയാതിരിക്കുകയാണ് ചെയ്തതെന്നാണ് എനിക്ക് തോന്നിയത്. ഇതിന് പിന്നിൽ ഒരു ഹിഡൻ അജണ്ടയുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. കേരളത്തിലെ സ്വയംഭരണ കോളേജുകളെ സംബന്ധിച്ച പുതിയ നിർദ്ദേശങ്ങളാണ് ഈ ബില്ലിനോടൊപ്പം കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളതെന്ന കാര്യം വളരെ വ്യക്തമാണ്. 2005-06

കാലഘട്ടങ്ങളിലാണ് കേരളത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളാരംഭിച്ച് പ്രവർത്തനങ്ങളുമായി ഉന്നത വിദ്യാഭ്യാസരംഗം വളരെ വേഗം മുന്നോട്ട് പോയത്. ഈ സന്ദർഭത്തിൽ കേരളം പിറകോട്ടു പോകുന്നുവെന്ന വസ്തുത മനസ്സിലാക്കി അത് പരിഹരിക്കുന്നതിനാണ് യു.ജി.സി. നിർദ്ദേശപ്രകാരം സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് തീരുമാനിക്കുകയും അതിനാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളുമൊക്കെ ആവിഷ്കരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുകയും ചെയ്തത്. 'നമ്മൾ 19-ാം നൂറ്റാണ്ടിന്റെ ചിന്താഗതിയും 20-ാം നൂറ്റാണ്ടിലെ സിലബസും ഉപയോഗിച്ച് 21-ാം നൂറ്റാണ്ടിലേയ്ക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുകയാണ് ' എന്ന് കേരളത്തിലെ ഏറ്റവും നല്ല വിദ്യാഭ്യാസ വിചക്ഷണനായിരുന്ന എൻ. ആർ. മാധവ മേനോൻ പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അത്തരത്തിലുള്ള മാറ്റങ്ങൾക്കുവേണ്ടിയാണ് സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചത്. 1866-ൽ സ്ഥാപിച്ചതും കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളതുമായ യൂണിവേഴ്സിറ്റി കോളേജിനാണ് സ്വയംഭരണ സ്ഥാപനമായി ആദ്യം അംഗീകാരം നൽകേണ്ടിയിരുന്നത്. ജമ്മു സർവ്വകലാശാല വൈസ്-ചാൻസലറായ ജെ. പി. സിങ്ഘ്റാളിന്റെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി കോളേജിൽവന്ന യു.ജി.സി. പ്രതിനിധി സംഘത്തെ എങ്ങനെയാണ് നേരിട്ടതെന്ന് നമുക്കെല്ലാവർക്കും അറിയാം. സംരക്ഷണ സമിതിയെന്ന പേരിൽ പുറത്തുനിന്ന് ആളുകളെ കൊണ്ടുവന്ന് ഈ സംഘത്തെ കോളേജിനകത്ത് കടക്കാൻപോലും അനുവദിക്കാതെ യൂണിവേഴ്സിറ്റി കോളേജിനെ സ്വയംഭരണ സ്ഥാപനമാക്കുന്നതിൽ നിന്നും തടയുകയായിരുന്നു ചെയ്തതെന്ന് കേരളത്തിന്റെ രാഷ്ട്രീയ-വിദ്യാഭ്യാസ രംഗത്തുള്ള മുഴുവനാളുകൾക്കും അറിയാവുന്നതാണ്. ഞാൻ അതിന്റെ രാഷ്ട്രീയമല്ല പറയുന്നത്. അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. എബ്രഹാം യൂണിവേഴ്സിറ്റി കോളേജിലെ അടിസ്ഥാന സൗകര്യങ്ങളെയും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയുംകുറിച്ച് പ്രസ്തുത സംഘത്തിന് റിപ്പോർട്ട് സമർപ്പിച്ചപ്പോൾ അവർ 100-ൽ 86 മാർക്ക് നൽകി യൂണിവേഴ്സിറ്റി കോളേജിനെ സ്വയംഭരണ സ്ഥാപനമാക്കണമെന്ന് അംഗീകരിച്ച് റിപ്പോർട്ട് നൽകുകയാണുണ്ടായത്. പക്ഷേ യൂണിവേഴ്സിറ്റി കോളേജിനെ സ്വയംഭരണ സ്ഥാപനമാക്കിയില്ല. അതിനെ കേരളം അതിശക്തമായി എതിർത്തു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഉന്നതമായ ഒരു നിലപാടിലേയ്ക്ക് പോകാൻ സാദ്ധ്യതയുണ്ടായിരുന്ന പ്രാരംഭ പ്രവർത്തനത്തെ വളരെ മോശമായ പ്രതികരണ പ്രവർത്തനം നടത്തി തടയുകയാണ് ചെയ്തത്. രാഷ്ട്രീയമായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. അതിന്റെ പിന്തുടർച്ചയെന്നോണമാണ് 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റിപ്പോർട്ടനുസരിച്ച് സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട്, കേരളത്തിൽ സ്വയംഭരണ

സ്ഥാപനങ്ങൾ തുടങ്ങാനുള്ള ശ്രമമാരംഭിച്ചത്. കേരളത്തിലെ വ്യത്യസ്തങ്ങളായ യൂണിവേഴ്സിറ്റികളിലെ 19 കോളേജുകൾ ഇന്ന് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുകയും നല്ല നിലയിൽ മുന്നോട്ടുപോകുകയും ചെയ്യുകയാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് പുതിയ രീതി അവലംബിക്കുന്നതിന്റെ ഭാഗമായാണ് 2007-ൽ ഓട്ടോണമസ് കോളേജുകൾ എന്ന ആശയംതന്നെ യു.ജി.സി. മുന്നോട്ട് വച്ചത്. പതിനൊന്നാം പദ്ധതി കാലയളവിൽ ഓരോ സംസ്ഥാനവും 10 ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണാധികാരം നൽകണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. അതിനനുസരിച്ചാണ് ആ കാലഘട്ടങ്ങളിൽ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടു പോയത്. അതിനെ പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള നിലപാടാണ് 2013-14-ലെ ബഡ്ജറ്റിലുമുണ്ടായത്. ഈ രൂപത്തിൽ സ്വയംഭരണപദവി ലഭിച്ചതോടെ നിരവധി കോളേജുകൾ അന്ന് സ്വയംഭരണ സ്ഥാപനങ്ങളായി വരികയും ചെയ്തു. അതിന്റെ പിറകിലുള്ള കാര്യങ്ങളെക്കുറിച്ചോ അവർക്ക് സ്വയംഭരണം നൽകുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കി അംഗീകാരം നൽകിയതിനെക്കുറിച്ചോ ഞാൻ പറയുന്നില്ല. സ്വയംഭരണ പദവി ലഭിച്ച കോളേജുകൾക്ക് അധികാരം നൽകി മുന്നോട്ട് കൊണ്ടുപോകുകയാണ് ചെയ്തത്. ആ സ്വയംഭരണ കോളേജുകളെ നല്ല നിലയ്ക്ക് നടത്തിക്കൊണ്ടുപോകുന്നതിന് പ്രോൽസാഹനം നൽകുന്നതിനുപകരം എങ്ങനെ അവയുടെ അധികാര പരിധികളിലേയ്ക്ക് കടന്നുകയറാൻ സാധിക്കുമെന്ന പരീക്ഷണമാണ് കേരളത്തിൽ പിന്നീട് ഓരോ സന്ദർഭങ്ങളിലുമുണ്ടായതെന്ന് കാണാൻ സാധിക്കും. ബഹുമാന്യനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ തീരുമാനിച്ചത്. എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂല്യത്തകർച്ച നേരിടുമെന്ന് പറഞ്ഞുകൊണ്ട് അതിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും യു.ജി.സി. പ്രതിനിധികളെത്തിയപ്പോൾ അതിനെ തടസ്സപ്പെടുത്തുകയും ചെയ്തു. കലാലയങ്ങളും കലാശാലകളും തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും പരിശീലന കളരിയാക്കി മാറ്റാതെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനാണ് ശ്രമിക്കേണ്ടത്. വിജ്ഞാനോല്പാദനത്തിന്റെയും പ്രസരണത്തിന്റെയും കേന്ദ്രങ്ങളാകേണ്ട സർവ്വകലാശാലകൾ കരുത്താർജ്ജിക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ-സഹകരണ മേഖലകളിലെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിന് ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രാഥമിക വിദ്യാഭ്യാസരംഗത്തും ഒരുപാട് മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിലെ നമ്മുടെ കുറവുകൾ നികത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. നമ്മുടെ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളെയും വിദേശരാജ്യങ്ങളെയും ആശ്രയിക്കുന്ന നിലവാരത്തിലെത്തിച്ചേർന്നു. അതിനൊരു

മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയാണ് യു.ജി.സി.-യുടെ നിർദ്ദേശങ്ങൾകൂടി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റിന്റെ വിദ്യാഭ്യാസ വിചക്ഷണന്മാരുമായി ആലോചിച്ച് ആ തീരുമാനമെടുത്തത്. ഓട്ടോണമസ് കോളേജുകളെ സംബന്ധിച്ചുള്ള യു.ജി.സി. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ് ഒരു ദുരൂഹത ഈ ബില്ലിന് പിന്നിലുണ്ടെന്ന് ഞാൻ സൂചിപ്പിച്ചത്. സ്വയംഭരണ സ്ഥാപനങ്ങളും സർവ്വകലാശാലകളും തമ്മിലുണ്ടാകുന്ന പല തർക്കങ്ങളും അവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തെയാണ് ബാധിക്കുന്നത്. ഇങ്ങനെയുണ്ടാകുന്ന തർക്കങ്ങളുടെ പേരിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാതിരിക്കൽ പോലുള്ള നിലപാടുകൾ വിദ്യാർത്ഥികളുടെ ഭാവിയെയാണ് തകർക്കുന്നത്. സ്വയംഭരണ കോളേജിലെ കുട്ടികളുടെ കോഴ്സ് സർട്ടിഫിക്കറ്റ് അതത് സർവ്വകലാശാലകളാണ് നൽകുന്നത്. പലപ്പോഴും സർവ്വകലാശാലകളും കോളേജുകളും തമ്മിലുള്ള സൗന്ദര്യപിണക്കങ്ങൾ കുട്ടികളെയാണ് ബാധിക്കുന്നത്. സ്വയംഭരണ കോളേജുകളോട് സംസ്ഥാന സർവ്വകലാശാലകൾക്ക് നിഷേധാത്മകമായ സമീപനമാണുള്ളത്. തൊട്ടടുത്ത സംസ്ഥാനങ്ങളിൽ പരീക്ഷാഫലം വന്ന് ആഴ്ചകൾക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് കുട്ടികൾക്ക് ഉന്നത പഠനത്തിന് സഹായകരമാകുമ്പോൾ ഇവിടെ മാസങ്ങളുടെ കാത്തിരിപ്പാണ് വേണ്ടിവരുന്നത്. ഞാൻ ഇതുസംബന്ധിച്ച വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഫാറൂഖ് കോളേജിലെ മുൻപ്രൊഫസർ കൂടിയാണ്. മലബാറിലെ ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്ന ഒരു കലാലയമാണിത്. അവിടെയാണ് ഞാനും പഠിച്ചത്. ഈ ബില്ലിൽ ഓട്ടോണമസ് കോളേജുകൾക്ക് കോഴ്സുകൾ തീരുമാനിക്കാനുള്ള സ്വാതന്ത്ര്യംപോലും നഷ്ടപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത് അവയ്ക്ക് വലിയ തിരിച്ചടിയായിരിക്കും. അതൊരു ചെറിയ കാര്യമല്ല. നൂറ് ശതമാനം മാർക്ക് ലഭിച്ച കുട്ടികൾക്കുപോലും അവർ ഇഷ്ടപ്പെടുന്ന കോഴ്സ് ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽമാത്രം അഡ്മിഷൻ ലഭിക്കുന്ന സാഹചര്യമുള്ള കോളേജുകളിലൊന്നാണ് ഫാറൂഖ് കോളേജ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചൊരു കാര്യം, അക്കാഡമിക് തലത്തിൽ പുതിയൊരു ഉണർവ്വുണ്ടാകുന്നതിനുവേണ്ടിയാണ് യു.ജി.സി. സ്വയംഭരണ കോളേജുകൾ എന്നൊരു ചിന്ത കൊണ്ടുവരികയും അത് 2018-ലാണെങ്കിലും കേരളത്തിൽ നടപ്പാക്കുകയും ചെയ്ത സാഹചര്യമുണ്ടായത്. ഇപ്പോൾ ഓട്ടോണമസ് കോളേജുകളുടെ ഗുണഫലം പൂർണ്ണമായും നഷ്ടപ്പെടുന്ന തരത്തിലുള്ള പൊളിറ്റിക്കൽ ഇന്റർവെൻഷനാണ് ഇതിലുണ്ടാകാൻ പോകുന്നത്. കോഴ്സുകൾ തീരുമാനിക്കുന്നതിലെ പ്രശ്നമാണ് ഒന്നാമത്തേത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഓട്ടോണമസ് കോളേജുകളിൽ നിലവിലുണ്ടാകുന്ന പ്രയാസങ്ങളിലേയ്ക്കും അതിന്റെ പരിമിതികളിലേയ്ക്കുമാണ് ഞാൻ ശ്രദ്ധക്ഷണിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ചില സ്വയംഭരണ കോളേജുകൾ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് നൽകിയതിൽ സർവ്വകലാശാല മാനദണ്ഡങ്ങളിൽനിന്നും ചില വ്യതിയാനങ്ങളുണ്ടായിരുന്നതിനാൽ വൻതുക പിഴയായി കെട്ടിവച്ചാൽമാത്രമേ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂവെന്ന ചില സർവ്വകലാശാലകളുടെ നിലപാട് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയാത്തതാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സർവ്വകലാശാലയുടെ സിൻഡിക്കേറ്റുകൾ നൽകിയ ഗൈഡ്‌ലൈനുകൾ അനുസരിച്ചാണ് സ്വയംഭരണ കോളേജുകൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ പുതിയ സർക്കാർ വന്നതോടെ മാറിവന്ന സിൻഡിക്കേറ്റുകൾ നൽകിയ പുതിയ ഗൈഡ്‌ലൈനുകൾ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തെ ബാധിക്കാൻ സാദ്ധ്യതയുണ്ട്. സർക്കാർ സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തെ തടയാൻ ശ്രമിക്കുമ്പോഴും യു.ജി.സി. വിപ്ലവകരമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുന്നുണ്ട്. പുതിയ യു.ജി.സി. റെഗുലേഷനനുസരിച്ച് സർവ്വകലാശാലകളുടെ അനുമതിയില്ലാതെയും സ്വയംഭരണ കോളേജുകൾക്ക് പുതിയ കോഴ്സുകൾ ആരംഭിക്കാം. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഒരു സമിതിയെ നിയോഗിച്ച് സംസ്ഥാനത്തെ സ്വയംഭരണ കോളേജുകൾ പരിശോധിക്കാനുള്ള നീക്കം ആരംഭിച്ചതോടെയാണ് അവയ്ക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് യു.ജി.സി. റെഗുലേഷൻ വരുന്നത്. ഇതുപ്രകാരം സ്വയംഭരണ കോളേജുകൾക്ക് ഡിപ്ലോമ, ഡിഗ്രി., പി.ജി., പിഎച്ച്.ഡി. തുടങ്ങിയ കോഴ്സുകൾ സ്വന്തമായി ആരംഭിക്കാം. കോളേജുകൾ സ്ഥാപിക്കേണ്ട പഠന ബോർഡുകൾ, അക്കാഡമിക് കൗൺസിലുകൾ, ഗവേണിംഗ് കൗൺസിലുകൾ എന്നിവയുടെ അനുവാദം മാത്രമേ ഇതിനായി ആവശ്യമുള്ളൂ. ഇങ്ങനെ നിരവധി കാര്യങ്ങളിൽ സ്വയംഭരണ കോളേജുകൾക്ക് അധികാരങ്ങളുണ്ട്. എന്നാൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗം മാറ്റങ്ങൾക്ക് വിധേയമാക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ, ആ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് എങ്ങനെ ഒരു പൊളിറ്റിക്കൽ ഇന്റർവെൻഷനുമായി കടന്നുചെല്ലാമെന്ന ധാരണയുടെ പുറത്താണോ ഈ ബില്ലിലടങ്ങിയിരിക്കുന്ന ഒരുപാട് കാര്യങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് ഞാൻ സംശയിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റികളുടെ ശാപമെന്നുപറയുന്നത് അവിടെയുള്ള രാഷ്ട്രീയാധിക്യമാണ്. അതിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം

അവതാളത്തിലാവുകയും കുട്ടികളുടെ ഭാവിയെയും വിദ്യാഭ്യാസത്തെയും തകർക്കുകയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം പുറകോട്ടുപോകുകയും മറ്റ് നിരവധി പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുകയും ചെയ്യുന്ന അവസ്ഥയെക്കുറിച്ച് വിശദീകരിക്കാതെ തന്നെ അങ്ങേയ്ക്കും സഭയ്ക്കുമറിയാം. കോഴ്സ് നടത്താനും പരീക്ഷ നടത്താനും സമയബന്ധിതമായി റിസൾട്ട് പ്രസിദ്ധീകരിക്കാനും യൂണിവേഴ്സിറ്റികളുടെ സമ്മതത്തോടുകൂടി സർട്ടിഫിക്കറ്റുകൾ നൽകാനും മറ്റ് യൂണിവേഴ്സിറ്റികളിലും പുറം രാജ്യങ്ങളിലുംപോയി പഠിക്കാനുമൊക്കെയുള്ള സൗകര്യങ്ങളുണ്ടാക്കുന്ന ഒന്നാണ് സ്വയംഭരണ സ്ഥാപനങ്ങൾ. 2018-ൽ ഓട്ടോണമസ് കോളേജുകളുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പഠിക്കാനായി ഡോ. ജോയ് ജോബ് കുലവേലിൽ ചെയർമാനായും മറ്റ് അഞ്ചംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് 'ഓട്ടോണമസ് കോളേജസ് ഇൻ കേരള' എന്നൊരു കമ്മിറ്റി രൂപീകരിക്കുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആ കമ്മിറ്റി റിപ്പോർട്ടിലെ നിരവധി നിർദ്ദേശങ്ങളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ആ നിർദ്ദേശങ്ങളിൽ നിരവധി അപാകതകളുണ്ട്. യു.ജി.സി. ചട്ടപ്രകാരം (സെക്ഷൻ 3(5)) സ്വയംഭരണ കോളേജുകളിൽ ഒരു തവണ മാത്രം അഫിലിയേഷൻ ഫീസ് നൽകിയാൽ മതിയെന്നിരിക്കേ സ്വയംഭരണ പദവി നീട്ടിക്കിട്ടാൻ ഓരോ വർഷവും ഫീസൊടുക്കണമെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. വൺടൈം ഫീസിനോടൊപ്പംതന്നെ അദർ ഫീസ് എന്ന് ചേർത്തിരിക്കുന്നത് യൂണിവേഴ്സിറ്റികൾ കോളേജുകളിൽനിന്ന് യഥേഷ്ടം ഫീസീടാക്കാൻ കാരണമാകും. ഫലത്തിൽ ഇത്തരം ഫീസ് വിദ്യാർത്ഥികളുടെമേൽ ബാദ്ധ്യതയായി മാറുന്നതാണ്. രണ്ടാമത്തെ കാര്യം, യു.ജി.സി. ചട്ടപ്രകാരം (സെക്ഷൻ 10(2)) സ്വയംഭരണ കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാൻ പൂർണ്ണ സ്വാതന്ത്ര്യം നൽകാമെന്നിരിക്കെ അതിനെ എടുത്തുകളയുകയും കോളേജുകൾ യൂണിവേഴ്സിറ്റികളുടെ അനുവാദം വാങ്ങാൻ അപേക്ഷ സമർപ്പിക്കണമെന്നും അപേക്ഷയിൽ തീരുമാനമെടുക്കാൻ യൂണിവേഴ്സിറ്റിക്ക് 90 ദിവസത്തെ സമയം അനുവദിക്കുകയും ചെയ്യുന്നതോടൊപ്പം ആ സമയത്തിനുള്ളിൽ യൂണിവേഴ്സിറ്റി അപേക്ഷ മടക്കിയാൽ പുതുക്കിയ അപേക്ഷയിന്മേൽ യൂണിവേഴ്സിറ്റിക്ക് തീരുമാനമെടുക്കാൻ വീണ്ടും 45 ദിവസം കൂടി അനുവദിക്കുകയുമാണ് ഈ ബില്ലിലൂടെ ചെയ്യുന്നത്. മൂന്നാമതായി, യു.ജി.സി. ചട്ടപ്രകാരം പുതിയ അക്കാഡമിക് പ്രോഗ്രാം അംഗീകരിക്കാനുള്ള അവകാശം കോളേജിന്റെ ഗവേണിംഗ് ബോഡിക്ക് നൽകുമ്പോൾ ബില്ലിൽ കോളേജിന്റെ ഗവേണിംഗ് ബോഡിയുടെ അധികാരങ്ങളെപ്പറ്റി പരാമർശിക്കുന്നതേയില്ല. നാലാമതായി,

കോളേജുകളുടെ ഗവേണിംഗ് ബോഡി യോഗങ്ങളുടെ ക്വാറം മുമ്പുണ്ടായിരുന്ന മൂന്നിലൊന്നിൽ നിന്ന് മൂന്നിൽ രണ്ടിലേയ്ക്ക് ഉയർത്തിയിരിക്കുകയാണ്. നിലവിൽ 14 അംഗങ്ങളുള്ള ഗവേണിംഗ് ബോഡിയിൽ ക്വാറത്തിന് പത്തുപേർ വേണം. യു.ജി.സി. പ്രതിനിധിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും എല്ലാ യോഗത്തിനും പങ്കെടുക്കാൻ കഴിഞ്ഞെന്നുവരില്ല. ഈ ഒരു സാഹചര്യത്തിൽ മിക്കപ്പോഴും യോഗം കൂടാൻ കഴിയാതെ വരുമെന്നതിനാൽ ക്വാറം പഴയതുപോലെ മൂന്നിലൊന്നിലേയ്ക്ക് മാറ്റണം. അതോടൊപ്പം ഗവേണിംഗ് ബോഡിയിലേയ്ക്ക് പന്ത്രണ്ടിൽ ഒൻപതുപേർ കോളേജിന്റെ നോമിനിയും മൂന്നുപേർ സർക്കാരിന്റെ നോമിനിയുമാകണമെന്നാണ് യു.ജി.സി. ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ബില്ലിൽ ഗവേണിംഗ് ബോഡിയുടെ 14 അംഗങ്ങളിൽ 6 പേർ മാത്രമാണ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ളത്. ഇത് മാനേജ്മെന്റ് റൈറ്റ്സിനും മൈനോരിറ്റി റൈറ്റ്സിനും എതിരായതിനാൽ ഗവേണിംഗ് ബോഡിയിലേയ്ക്ക് മാനേജ്മെന്റുകൾക്ക് നോമിനേറ്റ് ചെയ്യാനുള്ള സൗകര്യം  നൽകിയില്ലെങ്കിൽ വലിയ പ്രയാസങ്ങളുണ്ടാകും. ഈ ബില്ലിലെ ഖണ്ഡം 4(ആർ)-ലെ 114(A)-ൽ നാഷണൽ അസസ്മെന്റ് & അക്രെഡിറ്റേഷൻ കൗൺസിൽ (NAAC) നിർദ്ദേശങ്ങളനുസരിച്ച് എല്ലാ സ്വയംഭരണ കോളേജുകളിലും ഐ.ക്യു.എ.സി. (ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ) വേണ്ടതിന്റെയടിസ്ഥാനത്തിൽ ഒരു eminent academician-നെ ചെയർമാനായി നിശ്ചയിച്ചിരിക്കുന്നു. എന്നാൽ NAAC-ന്റെ നോംസിൽ പറഞ്ഞിരിക്കുന്നത് ഐ.ക്യു.എ.സി.-യുടെ ചെയർമാനെന്നത് കോളേജിന്റെ പ്രിൻസിപ്പലായിരിക്കണമെന്നാണ്. ഐ.ക്യു.എ.സി.-യെ കൂടുതൽ കാര്യക്ഷമ മാക്കുന്നതിന് NAAC-ന്റെ നിർദ്ദേശപ്രകാരം പുറത്തെ കോളേജിലെ അംഗം വേണമെന്ന് വ്യവസ്ഥ ചെയ്തിരിക്കെ ബില്ലിൽ എക്സ്റ്റേണൽ പിയർ ടീം യൂണിവേഴ്സിറ്റിയുടെ ജൂറിസ്ഡിക്ഷനിൽനിന്ന് വേണമെന്നുള്ളത് ഓട്ടോണ മിക്കുതന്നെ എതിരാണ്. NAAC നോംസ് പ്രകാരം എക്സ്റ്റേണൽ പിയർ ടീമിനെ നിയമിക്കുന്നതിന് കോളേജിനെതന്നെ ചുമതലപ്പെടുത്തുമ്പോൾ ബില്ലിൽ ഇവരുടെ നിയമന രീതിയെപ്പറ്റിയൊന്നും പരാമർശിക്കുന്നില്ല. 2018-ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം സ്വയംഭരണ കോളേജുകൾക്ക് നൽകിയിരുന്ന അക്കാദമിക സ്വാതന്ത്ര്യം ഈ ബില്ലിൽ പൂർണ്ണമായും ഹനിച്ചിരിക്കുകയാണ്. സ്വയംഭരണ കോളേജുകളുടെ അക്കാഡമിക് ബോഡിയുടെ രാഷ്ട്രീയവൽക്കരണത്തിനാണ് സർക്കാർ ബോധപൂർവ്വം ശ്രമിക്കുന്നത്. ഈ കോളേജുകളുടെ ഗവേണിംഗ് ബോഡിയിൽ കോളേജ് യൂണിയൻ ചെയർമാനെ ഉൾപ്പെടുത്തിയതും ഗവേണിംഗ് കൗൺസിലിൽ അദ്ധ്യാപകരിൽനിന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതും അതിന്റെ ഭാഗമാണ്. ഇത് തീർച്ചയായും പിൻവലിക്കേണ്ടതാണെന്ന് പറയാതിരിക്കാൻ വയ്യ.

ഒരു അക്കാഡമിക് പ്രോഗ്രാം തുടങ്ങുന്നതിന്, സ്വയംഭരണ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റിയിൽ അപേക്ഷ സമർപ്പിക്കുകയും അതിന്റെ വി.സി. ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതി സാംഗ്ഷൻ ചെയ്യുകയും വേണം. സ്വയംഭരണ കോളേജുകളിലെ സ്റ്റാറ്റ്യൂട്ടറി ബോഡി ശിപാർശ ചെയ്യുന്ന അക്കാഡമിക് പ്രോഗ്രാമുകൾ തുടങ്ങുന്നതിന് യു.ജി.സി. ചട്ടങ്ങളിൽ സ്വതന്ത്ര അനുവാദം നൽകിയിട്ടുള്ളപ്പോൾ ഈ ബില്ലിലൂടെ സർക്കാർ അതിനെ കൂടുതൽ സങ്കീർണ്ണമാക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രധാനമായും ഉയർന്നുവന്ന ആക്ഷേപം ഗവേണിംഗ് ബോഡിയിൽ വിദ്യാർത്ഥി പ്രതിനിധികളില്ല എന്നതാണ്. ഈ ഓട്ടോണമസ് കോളേജുകളിൽ സംഭവിക്കുന്നത് എന്താണ്? സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും വിക്ടി മൈസേഷനിരയായി വിദ്യാർത്ഥികൾ ജീവനൊടുക്കുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രൊഫസറെപ്പോലെയുള്ള ഒരാൾ ഈ സംഭവങ്ങളെ ഗൗരവത്തോടെ കാണുന്നില്ലേ; ഈ ബോഡിയുടെ ഭാഗമായി വിദ്യാർത്ഥി പ്രാതിനിധ്യം വരുന്നത് ഇത്തരം വിഷയങ്ങളിൽ ഇടപെടാനുള്ള ഒരു പോസിറ്റീവ് തലത്തിലല്ലേ അങ്ങ് കാണേണ്ടത്?

മി. സ്പീക്കർ: അദ്ദേഹം മുൻ വിദ്യാർത്ഥിനേതാവും മുൻ അദ്ധ്യാപകനുമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും. വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ഗവേണിംഗ് ബോഡിയിലേയ്ക്കുള്ള കാര്യങ്ങളെ ക്കുറിച്ചാണ് ഞാൻ പറഞ്ഞത്. സ്വയംഭരണമല്ലാത്തൊരു സ്ഥാപനത്തിനു ള്ളതിനേക്കാൾ ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ ഇവർക്ക് നേരിടേണ്ടിവരും. അതുപോലെ ബില്ലിൽ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി ഓഫ് ഓട്ടോണമസ് കോളേജ് എന്നതിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പ്രൊ-ചാൻസലറായി നിശ്ചയിച്ചിരിക്കുകയാണ്. അതിൽ അക്കാദമിക രംഗത്ത് കഴിവ് തെളിയിച്ച വിദഗ്ദ്ധരെ നിയമിക്കണം. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഉൾപ്പെടുത്തേണ്ടെന്നല്ല പറയുന്നത്, അവരെയും ഉൾപ്പെടുത്തണം. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ചെയർമാനാക്കി ഓട്ടോണമസ് കോളേജുകളെ സർക്കാർ നിയന്ത്രണത്തിലാക്കുന്നത് തീർച്ചയായും കോളേജുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. സ്വയംഭരണ കോളേജുകളുടെ പരാതി പരിഹാര സമിതിയിൽ വൈസ്-ചാൻസലറെയാണ് ചെയർമാനായി നിശ്ചയിച്ചിരിക്കുന്നത്. അതിനുപകരം ഇതിൽ കോളേജ് പ്രിൻസിപ്പാളിനേയും കോളേജിലെ ഒരു വിദ്യാർത്ഥി പ്രതിനിധിയേയും ആ സ്ഥലത്തെ ജനപ്രതിനിധിയേയും ഉൾപ്പെടുത്തണം. ജനപ്രതിനിധി എന്നുപറയുമ്പോൾ either

in the Legislative Council or in the Grama Panchayath; anything which you can decide. അതുപോലെ എല്ലാ സമിതികളിലും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രതിനിധികളെ ഉൾപ്പെടുത്തിയിരിക്കുന്നത്, സർക്കാരിന്റെ താൽപ്പര്യക്കാരെ കൊണ്ടുവരുന്നതിനും സ്വയംഭരണ കോളേജുകളെ സർക്കാർ നിയന്ത്രണത്തിലാക്കുന്നതിനും വേണ്ടിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നതിനാൽ അതിൽ മാറ്റംവരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. യൂണിവേഴ്സിറ്റികളിലും ഉന്നത വിദ്യാഭ്യാസ കൗൺസിലിലും അക്കാഡമിക് കൗൺസിലിലും കഴിവില്ലാത്ത പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനുള്ള നീക്കമായി ഇതിനെ കാണണം. സ്വയംഭരണ കോളേജുകളുടെ ബോർഡ് ഓഫ് സ്റ്റഡീസിൽ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് അംഗീകരിച്ച അംഗത്തെ നിശ്ചയിക്കുന്നതിന് യു.ജി.സി. മാനദണ്ഡങ്ങൾ എതിരാണ്. സ്വയംഭരണ കോളേജുകൾ മുന്നോട്ട് പോകേണ്ടതെങ്ങനെയാണെന്നത് സംബന്ധിച്ച് 2018-ൽ യു.ജി.സി. കൃത്യമായ മാനദണ്ഡം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന് പുറത്തും വിദേശ രാജ്യങ്ങളിലുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. നിലവിൽ ഇന്ത്യയിൽ 832 സ്വയംഭരണ കോളേജുകളുള്ളതിൽ കേരളത്തിലെ 22 കോളേജുകൾ മാത്രമാണ് ഉൾപ്പെടുന്നത്. ആധുനിക സാങ്കേതികവിദ്യാ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ സ്വയംഭരണ കോളേജുകൾ തുടങ്ങുന്നതിനുമുള്ള നടപടിയാണ് ഇതിന്റെ ഭാഗമായിട്ടുണ്ടാകേണ്ടത്. അതുകൊണ്ട് ഇവിടെ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, പാകപ്പിഴകളെ പഴുതടച്ച്, വെല്ലുവിളികളെ നേരിട്ട് ഉന്നത വിദ്യാഭ്യാസമേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി ഉചിതമായ നിയമനിർമ്മാണങ്ങൾ നടത്തണമെന്നും രാഷ്ട്രീയ ഇടപെടലിലൂടെ നാശമായിക്കൊണ്ടിരിക്കുന്ന ഉന്നത വിദ്യാഭ്യാസ രംഗത്തെ വീണ്ടും കലുഷിതമായ അന്തരീക്ഷത്തിലേയ്ക്ക് കൊണ്ടുപോകാതിരിക്കാനാവശ്യമായ നിലപാടുകൾ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ച് അതിന്റെ നടപടികളുമായി മുന്നോട്ട് പോയപ്പോൾ പ്രത്യേകിച്ച്, തിരുവനന്തപുരത്തുള്ള യൂണിവേഴ്സിറ്റി കോളേജിന് ഓട്ടോണമസ് കോളേജ് പദവി നൽകുന്നതിന്റെ പരിശോധനയ്ക്കായി യു.ജി.സി. സംഘമെത്തിയപ്പോൾ അതിനെ ശക്തമായി ചെറുക്കുകയും അവരെ തടയാനുള്ള സമീപനം സ്വീകരിക്കുകയും ചെയ്ത ആളുകൾ

ഇപ്പോൾ ഓട്ടോണമസ് കോളേജുകളെക്കുറിച്ച് സംസാരിക്കുന്നതു കേൾക്കുമ്പോൾ വളരെ വിചിത്രമായി തോന്നുന്നു. എന്തായാലും കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊള്ളാനായി ഇടതുപക്ഷ പ്രസ്ഥാനങ്ങൾ തയ്യാറാകുന്നതിൽ വളരെ സന്തോഷമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഓട്ടോണമസ് കോളേജുകൾക്ക് കൃത്യമായും സുഗമമായും പ്രവർത്തിക്കാനുള്ള സൗകര്യമൊരുക്കി കൊടുക്കുകയെന്നത് വളരെ പ്രധാനമാണ്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ ഓട്ടോണമസ് കോളേജുകളെ വളഞ്ഞവഴിയിലൂടെ നിയന്ത്രിക്കുന്നതിനായി ഈ ബില്ലിലെ വ്യവസ്ഥകൾ ഒരുക്കിയിരിക്കുന്നുവെന്ന സംശയം എല്ലാവരിലുമുണ്ട്. കേരളത്തിലെ സർവ്വകലാശാലകളുടെ നിലവിലെ അവസ്ഥയും അത് ഏത് തരത്തിൽ മുന്നോട്ടുപോകുന്നുവെന്നതും സംബന്ധിച്ച് മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് റാങ്കിംഗ് നടത്തുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് അനുസരിച്ച്, കേരളത്തിലെ സർവ്വകലാശാലകൾ ഇന്ന് എവിടെയാണ് നിൽക്കുന്നത്? ഇന്ത്യയിലെ സർവ്വകലാശാലകളിൽ മുൻപന്തിയിൽ നിൽക്കുന്നത് ഐ.ഐ.ടി. മദ്രാസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഐ.ഐ.ടി. മുംബൈ പോലുള്ള സ്ഥാപനങ്ങളാണ്. ഈ റാങ്കനുസരിച്ച് ആദ്യത്തെ നൂറ് യൂണിവേഴ്സിറ്റികളിൽ കേരളത്തിലെ നാല് യൂണിവേഴ്സിറ്റികൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. അതിൽ കേരളാ സർവ്വകലാശാലയ്ക്ക് 27-ാം റാങ്കും എം.ജി. സർവ്വകലാശാലയ്ക്ക് 31-ാം റാങ്കും കോഴിക്കോട് സർവ്വകലാശാലയ്ക്ക് 60-ാം റാങ്കും കുസാറ്റിന് 44-ാം റാങ്കുമാണുള്ളത്. കേരള സർവ്വകലാശാല 23-ാം റാങ്കിലും എം.ജി. സർവ്വകലാശാല 30-ാം റാങ്കിലും കോഴിക്കോട് സർവ്വകലാശാല 54-ാം റാങ്കിലും നിന്നിരുന്ന സ്ഥാനത്താണ് ഇപ്പോൾ യഥാക്രമം 27-ലേയ്ക്കും 31-ലേയ്ക്കും 60-ലേയ്ക്കുമായി റാങ്കിംഗ് താഴ്ന്നുപോയിട്ടുള്ളത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സംഭവിച്ചിരിക്കുന്ന ഒരു കാര്യമാണ്. കേരളത്തിലെ സർവ്വകലാശാലകളുടെ ഭരണനിർവ്വഹണത്തെയും അക്കാഡമിക് കാര്യങ്ങളെയുംകുറിച്ച് സംസാരിക്കുമ്പോൾ ദേശീയതല റാങ്കിംഗിൽ സർവ്വകലാശാലകൾ താഴോട്ട് പോയിരിക്കുന്നുവെന്നുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് ആലോചിക്കേണ്ടതുണ്ട്. ഇവിടെ പറഞ്ഞതുപോലെ മൂന്ന് വർഷത്തെ ഡിഗ്രി കോഴ്സിൽ പരീക്ഷ നടത്തി, റിസൾട്ട് പ്രസിദ്ധീകരിച്ച്, സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ അക്ഷരാർത്ഥത്തിൽ നാല് വർഷമെടുക്കുന്നതു കാരണം പല വിദ്യാർത്ഥികൾക്കും ഹയർ സ്റ്റഡീസിന് ഒരു വർഷം നഷ്ടപ്പെടുകയാണ്. പല സർവ്വകലാശാലകളിലും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഹയർ സ്റ്റഡീസിന് പോകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. പി.ജി. കോഴ്സുകളുടെ കാലാവധി രണ്ട് വർഷമെന്ന് പറയുന്നുണ്ടെങ്കിലും കോഴ്സ്

പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. തുടർ പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് സർട്ടിഫിക്കറ്റുകൾ നൽകാൻ സാധിക്കാത്ത സാഹചര്യവുമുണ്ട്. കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ സംബന്ധിച്ച അതീവ ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടത് സർവ്വകലാശാലകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നമ്മൾ കൈക്കൊള്ളേണ്ട വളരെ ക്രിയാത്മകമായ തീരുമാനമാണ്. കൃത്യസമയത്തുതന്നെ പരീക്ഷ നടത്തി, റിസൾട്ട് പ്രസിദ്ധീകരിച്ച്, സർട്ടിഫിക്കറ്റ് നൽകണം. പ്രൊവിഷണൽ സർട്ടിഫിക്കറ്റല്ല; ഒറിജിനൽ സർട്ടിഫിക്കറ്റുതന്നെ നൽകണം. വിദേശത്തുൾപ്പെടെ ഉപരിപഠനത്തിന് പോകുന്നതിന് ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുള്ളതുകൊണ്ട് ഡിഗ്രി സർട്ടിഫിക്കറ്റ് കൃത്യസമയത്ത് നൽകുന്നുവെന്ന് ഉറപ്പുവരുത്താനുള്ള അടിസ്ഥാനപരമായ കാര്യമെങ്കിലും യാഥാർത്ഥ്യമാക്കിയെടുക്കാൻ കഴിയേണ്ടതുണ്ട്. ഇന്ന് കേരളത്തിലെ പല സർവ്വകലാശാലകളിലും ഭരണകക്ഷി അദ്ധ്യാപക സംഘടനകളുടെയും ജീവനക്കാരുടെ യൂണിയനുകളുടെയുമൊക്കെ ഭരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തെ എതിർക്കുന്ന നിലപാടാണ് സി.പി.ഐ.(എം.)-നെന്ന് നമുക്കറിയാം. പക്ഷേ, അതിലെ ചില പഴുതുകളുപയോഗിച്ചുകൊണ്ട് കേരളത്തിലെ അദ്ധ്യാപക സംഘടനകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അവരുടെ ഇഷ്ടക്കാരെ തിരുകിക്കയറ്റുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2018-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് ഏറ്റവും കൂടുതൽ വെയിറ്റേജ് നൽകുന്നത്. ഏകദേശം 6200-ഓളം അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനായി സെൻട്രൽ യൂണിവേഴ്സിറ്റികൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. മെരിറ്റിന്റെ മാർക്കോ റിസർച്ച് എക്സ്പെർട്ടൈസോ NET-JRF (National Eligibility Test for Junior Research Fellowship) ക്വാളിഫിക്കേഷനോ പിഎച്ച്.ഡി.-യോ പോസ്റ്റ് ഡോക്ടറേറ്റ് ക്വാളിഫിക്കേഷനോ ടീച്ചിംഗ് എക്സ്പെർട്ടൈസോ കണക്കാക്കാതെ ഇന്റർവ്യൂവിന്റെ മാനദണ്ഡത്തിലാണ് അവിടെ അദ്ധ്യാപക നിയമനം നടത്തുന്നത്. നമ്മൾ അതിനെയെല്ലാം വിമർശിക്കുന്ന ആളുകളാണ്. നിർഭാഗ്യവശാൽ അതിന്റെ ചുവടുപിടിച്ചുകൊണ്ട്, ആ പ്രൊവിഷൻസ് പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിലും സമാനമായ രീതിയിലാണ് നിയമനങ്ങൾ നടത്തുന്നതെന്ന് കാണാൻ സാധിക്കും. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് അല്ലെങ്കിൽ ഈ പഴുതുപയോഗിച്ചാണ് കോഴിക്കോട് സർവ്വകലാശാലയിലും സംസ്ഥാനത്തെ മറ്റ് പല സർവ്വകലാശാലകളിലും പല നേതാക്കന്മാരുടെയും ഭാര്യമാരെയും ബന്ധുക്കളേയുമൊക്കെ നിയമിച്ചിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം.

1.00 p.m.]

ശ്രീ. എ. എൻ. ഷംസീർ: സർ, യൂണിവേഴ്സിറ്റികളുടെ നിലവാരം ഉയരണമെന്ന കാര്യത്തിൽ ശ്രീ. റോജി എം. ജോൺ പറയുന്ന അഭിപ്രായത്തോട് ഞങ്ങൾ യോജിക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചില തെറ്റായ പരാമർശങ്ങൾ നടത്തി. 'യൂണിവേഴ്സിറ്റി അദ്ധ്യാപകർ അക്കാഡമിക്കലായി ഏറ്റവും എക്സലന്റായ ആളുകളായിരിക്കണം'. പക്ഷേ ഇതുപറയാൻ ശ്രീ. റോജി എം. ജോണിന്റെ പാർട്ടിക്കും മുന്നണിക്കും അവകാശമുണ്ടോയെന്ന് എനിക്ക് ചെറിയൊരു സംശയമുണ്ട്. കാരണം, ലോക്സഭയിലേയ്ക്ക് മത്സരിച്ച ഒരാളെ വൈസ്-ചാൻസലറാക്കിയ മുന്നണിയാണ് നിങ്ങളുടേത്.

ശ്രീ. റോജി എം. ജോൺ: സർ, ബഹുമാനപ്പെട്ട എ. എൻ. ഷംസീർ, രാഷ്ട്രീയ നേതാക്കളുടെ ബന്ധുക്കളെയും ഭാര്യമാരെയും സ്വന്തക്കാരെയുമൊക്കെ സർവ്വകലാശാലകളിൽ നിയമിച്ചതിന്റെ, പ്രത്യേകിച്ച് കഴിഞ്ഞ അഞ്ച് വർഷമായി നിയമിച്ചതിന്റെ കണക്കുകൾ അങ്ങിവിടെ ദയവുചെയ്ത് പറയിപ്പിക്കരുത്. കോടതിയിലൂൾപ്പെടെ പോകുകയും കേരളത്തിലെ പൊതുസമൂഹം ചർച്ച ചെയ്തതുമായ വിഷയമാണ്. അതുകൊണ്ട് ദയവുചെയ്ത് ആ കണക്ക് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഞാൻ അക്കാര്യങ്ങളിലേയ്ക്ക് കൂടുതലായി കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട ഗവർണറുടെ ശിപാർശയനുസരിച്ചാണ് എല്ലാ കാലങ്ങളിലും ബോർഡ് ഓഫ് സ്റ്റഡീസിൽ നിയമനം നടത്തിയിട്ടുള്ളത്. 2020 ജൂൺ വരെ ആ മാതൃകയാണ് അവലംബിച്ചിട്ടുള്ളത്. പക്ഷേ കണ്ണൂർ സർവ്വകലാശാലയിൽ ബോർഡ് ഓഫ് സ്റ്റഡീസ് പുനർ നിർണ്ണയിച്ചപ്പോൾ ബഹുമാനപ്പെട്ട ഗവർണറുടെ ശിപാർശ ഒഴിവാക്കിക്കൊണ്ട് സ്വാശ്രയ കോളേജിലെ ഗസ്റ്റ് അദ്ധ്യാപകരായ ആളുകളെയും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന ആളുകളെയുമാണ് ഇപ്പോഴവിടെ നിയമിക്കുന്നത്. നിയമനത്തിന്റെ കണക്ക് മുഴുവൻ എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് നമുക്കറിയാം. സിലബസ് തയ്യാറാക്കുന്നതുപോലെയുള്ള സുപ്രധാനമായ അക്കാഡമിക് തീരുമാനങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസിന് കാര്യമായ പങ്കുണ്ട്. അവിടെയൊക്കെ രാഷ്ട്രീയം കലർത്താനുള്ള ശ്രമങ്ങൾ കേരളത്തിലെ സർവ്വകലാശാലകളെ തകർത്തുകളയുകയേയുള്ളൂവെന്ന യാഥാർത്ഥ്യം നമ്മൾ കാണാതെ പോകരുത്. അക്കാദമിക രംഗത്ത് അത്രയേറെ മികവ് പുലർത്തുകയും അംഗീകാരം പിടിച്ചുപറ്റുകയും ചെയ്തിട്ടുള്ള ആളുകൾക്ക് മാത്രമാണ് സാധാരണയായി യൂണിവേഴ്സിറ്റികളിൽ എമിററ്റസ് പ്രൊഫസർ പദവി നൽകുന്നത്. കേരള

യൂണിവേഴ്സിറ്റി 25 വർഷങ്ങൾക്ക് മുമ്പാണ് ശാസ്ത്രജ്ഞനായിരുന്ന ഡോ. എൻ. ബാലകൃഷ്ണൻ നായർക്ക് ആ പദവി നൽകിയത്. പക്ഷേ ഏറ്റവും ഒടുവിലായി പുറത്തുവരുന്ന വാർത്തകളനുസരിച്ച്, അദ്ധ്യാപകരായി സാധാരണ നിലയിൽ റിട്ടയർ ചെയ്ത ആളുകളെയൊക്കെ എമിററ്റസ് പ്രൊഫസറായി നിയമിച്ചുകൊണ്ട് അതിന്റെ ഡിഗ്നിറ്റി കളയുന്ന സമീപനമാണ് പല യൂണിവേഴ്സിറ്റികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വലിയ സമരങ്ങൾ നടക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓൺലൈൻ പരീക്ഷപോലും കൃത്യമായി നടത്താനുള്ള സൗകര്യമില്ലെന്നത് പരിതാപകരമാണ്. സാങ്കേതിക സർവ്വകലാശാല എന്നത് സാങ്കേതികരംഗത്തെങ്കിലും ലോകത്തിനും നാടിനും മാതൃകയാകേണ്ട സ്ഥാപനമാണ്. കോവിഡ് ആരംഭിച്ച് രണ്ടാം വർഷത്തിലേയ്ക്ക് കടക്കുന്ന സമയത്തും പരീക്ഷാ നടത്തിപ്പിനായി കൃത്യമായൊരു ഓൺലൈൻ പ്ലാറ്റ്ഫോം ഇല്ലെന്നത് നമ്മുടെ സർവ്വകലാശാലകൾ എവിടെ എത്തിനിൽക്കുന്നുവെന്നതിന്റെ കൃത്യമായ സൂചനയാണ്. പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സർവ്വകലാശാലകളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കെ.ടി.യു. (കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)-വിന് കീഴിലുള്ള തിരുവനന്തപുരത്തെ ഒരു കോളേജിൽ കുട്ടികൾ വ്യാപകമായി പരാജയപ്പെട്ടു. 8-ാം സെമസ്റ്റർ പൂർത്തീകരിച്ച ഒരു വിദ്യാർത്ഥിയുടെ റിസൾട്ട് വന്നപ്പോൾ 7-ാം സെമസ്റ്ററിൽ ഒരു വിഷയത്തിൽ പരാജയപ്പെട്ടു. നല്ല മാർക്കുള്ള പല കുട്ടികൾക്കും അത്തരത്തിലുള്ള അനുഭവമുണ്ടായി. രണ്ട് കുട്ടികൾ റീ-വാല്യുവേഷന് കൊടുത്തപ്പോൾ ഒരാൾക്ക് 17-ഉം അടുത്തയാൾക്ക് 10 മാർക്കുമാണ് കിട്ടിയത്. റീ-വാല്യുവേഷനല്ലാതെ വേറൊരു ഓപ്ഷൻ വിദ്യാർത്ഥികളുടെ മുമ്പിലില്ല. അവർ സ്വാഭാവികമായും വൈസ്-ചാൻസലറെയും നേതാക്കൻമാരെയും സമീപിച്ചു. അവരെല്ലാം പറഞ്ഞ മറുപടി, റീ-വാല്യുവേഷൻ കഴിഞ്ഞു, ഇനി മറ്റൊരു ഓപ്ഷനില്ല എന്നാണ്. അവസാനം വിദ്യാർത്ഥികൾ ലോകായുക്തയിൽ പോയി. ഇവരുടെ പരാതി കേട്ടപ്പോൾ അതിൽ കഴമ്പുണ്ടെന്ന് ലോകായുക്തയ്ക്ക് തോന്നി. അതിന്റെയടിസ്ഥാനത്തിൽ ഇവരുടെ പേപ്പറുകൾ വീണ്ടും വാല്യുവേഷൻ നടത്താൻ യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടു. യൂണിവേഴ്സിറ്റി രണ്ട് വിദ്യാർത്ഥികളിൽനിന്നും 5,000 രൂപ വീതം ഫീസ് ഈടാക്കി എക്സ്പെർട്ടായ ഒരു അദ്ധ്യാപകനെവെച്ച് പേപ്പറുകൾ റീ-വാല്യുവേഷൻ നടത്തി. അത് കഴിഞ്ഞപ്പോൾ 17 മാർക്കുണ്ടായിരുന്ന വിദ്യാർത്ഥിക്ക് 76 മാർക്കും 10 മാർക്കുണ്ടായിരുന്ന വിദ്യാർത്ഥിക്ക് 46 മാർക്കും ലഭിച്ചു. എത്ര വിദ്യാർത്ഥികൾക്ക് ഇതുപോലെ റീ-വാല്യുവേഷനുവേണ്ടി ലോകായുക്തയിലും കോടതിയിലുമൊക്കെ പോകാൻ സാധിക്കും; ഇതുപോലെ പണമടയ്ക്കാൻ സാധിക്കും? നമ്മുടെ സർവ്വകലാശാലകളിൽ പരീക്ഷാ

നടത്തിപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന വിഷയങ്ങളാണിത്. ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ മന്ത്രിയായിരുന്ന സമയത്ത് പാസ്സാകാത്തവരെയെല്ലാം അദ്ദേഹംതന്നെ നേരിട്ട് പാസ്സാക്കുന്നൊരു സംവിധാനമുണ്ടായിരുന്നതായിട്ടൊക്കെ നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. 'ജലീൽ പാസ്' എന്നൊക്കെ അതിനിവിടെ പറയാറുണ്ടായിരുന്നു. അക്കാര്യം നമ്മൾ കൂടുതൽ ചർച്ച ചെയ്തതായതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല.

സർക്കാർ കോളേജുകളിലുൾപ്പെടെ നിരവധി കോളേജുകളിൽ പ്രിൻസിപ്പാൾമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ പ്രിൻസിപ്പാൾ ഇൻ-ചാർജ്ജിനെയാണ് നിയമിച്ചിരിക്കുന്നത്. യു.ജി.സി. മാനദണ്ഡമനുസരിച്ച് പ്രിൻസിപ്പാൾമാരായി നിയോഗിക്കപ്പെടാൻ അർഹരല്ലാത്ത അദ്ധ്യാപക സംഘടനയിൽപ്പെട്ട ചില ആളുകളെ പ്രിൻസിപ്പാൾ ഇൻ-ചാർജ്ജായി നിയമിച്ചിരിക്കുകയാണ്. ക്വാളിഫൈഡായിട്ടുള്ള അദ്ധ്യാപകർ പ്രസ്തുത കോളേജുകളിൽ ഇല്ലാഞ്ഞിട്ടല്ല, സംഘടനാ നേതാക്കളെ നിയമിക്കാൻവേണ്ടി മാത്രമായി പ്രിൻസിപ്പാൾമാരുടെ തസ്തികകളിൽ യോഗ്യരായ ആളുകളെ മാറ്റിനിർത്തിക്കൊണ്ട് പ്രിൻസിപ്പാൾ ഇൻ-ചാർജ്ജുമാരായി നിയമിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നിരവധി കോളേജുകൾ ഇത്തരത്തിൽ യു.ജി.സി.-യുടെയും എ.ഐ.സി.റ്റി.ഇ. (ഓൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ)-യുടെയും മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് മുന്നോട്ടുപോകുന്നുണ്ട്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ സഭയിലെ എല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യം, സംസ്ഥാനത്തെ 66 ഗവൺമെന്റ് കോളേജുകളിൽ 60 കോളേജുകളിലും പ്രിൻസിപ്പാൾമാരില്ല എന്നതാണ്. യു.ജി.സി. മാനദണ്ഡപ്രകാരം യോഗ്യതയുള്ള ജൂനിയർ ആളുകളുണ്ടെങ്കിലും അവരെ നിയമിക്കുന്നില്ല. അക്കാഡമിക് ജേർണലിൽ പബ്ലിക്കേഷനുള്ള ആളുകളെ പ്രിൻസിപ്പാൾമാരായി നിയമിക്കണമെന്ന പുതിയ യു.ജി.സി. നോംസ് വന്നപ്പോൾ ഞങ്ങൾക്കില്ലെങ്കിൽ ആർക്കും വേണ്ടെന്ന നിലപാട് സ്വീകരിക്കുന്നത് യുക്തമാണോ; ചെറുപ്പക്കാരും മിടുക്കരും അക്കാഡമിക് മികവുള്ളവരുമായ ആളുകളെ പ്രിൻസിപ്പാൾമാരായി നിയമിച്ച് ആ മേഖലയിൽ ഒരുണർവ്വുണ്ടാക്കുന്നതിനുപകരം മുതിർന്ന ആളുകൾ ജേർണൽ പബ്ലിഷ് ചെയ്യുന്നതുവരെ കാത്തിരിക്കുന്നതുകൊണ്ട് തസ്തിക ഒഴിഞ്ഞുകിടക്കുന്നു. 70 ശതമാനം എയ്ഡഡ് കോളേജുകളിലും സമാനമായ സാഹചര്യമുണ്ട്. അവിടെയും പ്രിൻസിപ്പാൾമാരില്ല. സംസ്ഥാനത്തെ വിദ്യാഭ്യാസം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ പുതിയ ബില്ലുകൾ കൊണ്ടുവരുമ്പോൾ, ഇത്രയും ഒഴിവുകൾ നികത്താത്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ അതുതന്നെയാണ് ഇവിടെ സൂചിപ്പിച്ചത്. സമയപരിമിതിമൂലം അതിന്റെ കണക്കുകളിലേയ്ക്ക് പോയില്ലെന്നേയുള്ളൂ. ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ സംബന്ധിച്ച് ക്വാളിഫൈഡായ പ്രിൻസിപ്പാൾമാർ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആ തസ്തികപോലും കൃത്യമായി നികത്താതെ താൽക്കാലിക നിയമനങ്ങൾ നടത്തി മുന്നോട്ടുപോകുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തോടുള്ള ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് വെളിവാക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലിൽ "കുട്ടികളെ ഇങ്ങനെ പരീക്ഷിക്കരുത്" എന്ന വാർത്തയുണ്ട്. റാങ്ക് പട്ടിക ആകും മുമ്പേ ഓപ്ഷൻ രജിസ്ട്രേഷൻ എന്ന നടപടി ആരംഭിച്ചിരിക്കുകയാണ്. ഇത് ഈ മേഖലയിൽ വലിയൊരു പൊട്ടിത്തെറിയുണ്ടാക്കും. കുട്ടികളും രക്ഷിതാക്കളും വലിയ ആശങ്കയിലാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. അതിനുമുൻപേ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളുടെയെല്ലാം ആത്യന്തികമായ ബുദ്ധിമുട്ടനുഭവിക്കുന്നത് വിദ്യാർത്ഥികളാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം ഇന്ന് വിദ്യാഭ്യാസരംഗത്ത് ഉന്നതിയിൽ നിൽക്കുന്ന സംസ്ഥാനമാണെന്ന് നമ്മൾ അവകാശപ്പെടുന്നു. പ്രാഥമിക വിദ്യാഭ്യാസരംഗത്ത് നമ്മുടെ നേട്ടങ്ങൾ എടുത്തുപറയത്തക്കതാണ്. ഓരോ വർഷവും ധാരാളം വിദ്യാർത്ഥികൾ കേരളത്തിന് പുറത്തേയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നുണ്ട്. വിദേശത്തേയ്ക്കും ഇതര സംസ്ഥാനങ്ങളായ ഡൽഹി, ബാംഗ്ലൂർ, തമിഴ്നാട് എന്നിവിടങ്ങളിലേയ്ക്കുമായി ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് ഓരോ വർഷവും പോകുന്നത്. കേരളം വിദ്യാഭ്യാസരംഗത്ത് ഇത്രയും മുൻപന്തിയിലാണെന്ന് പറയുമ്പോൾത്തന്നെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും വന്ന് പഠിക്കാൻ തയ്യാറാകുന്ന വിദ്യാർത്ഥികൾ എത്രയുണ്ടെന്നത് നമ്മൾ ചിന്തിക്കണം. 2018-19-ലെ കണക്കനുസരിച്ച് 47,427 വിദേശ വിദ്യാർത്ഥികളാണ് ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ വന്നത്. അതിൽ 217 വിദ്യാർത്ഥികൾ മാത്രമാണ് കേരളത്തിലേയ്ക്ക് വന്നത്. എന്നാൽ മറ്റ് രാജ്യങ്ങളിൽനിന്നും 10,023 വിദ്യാർത്ഥികളാണ് പഠനാവശ്യത്തിലേയ്ക്കായി കർണ്ണാടകത്തിലേയ്ക്ക് വന്നത്. നമ്മുടെ എത്രയോ വിദ്യാർത്ഥികൾ ഇന്ന് ഇതര സംസ്ഥാനങ്ങളിലും ലോകത്തിന്റെ മറ്റ് പല യൂണിവേഴ്സിറ്റികളിലും പോയി പഠിക്കുന്നു; അതുമൂലം നമുക്കുണ്ടാകുന്ന റവന്യൂ

നഷ്ടം വളരെ വലുതാണ്. എന്തുകൊണ്ടാണ് നമ്മുടെ നാട്ടിലേയ്ക്ക് വിദ്യാർത്ഥികൾ കടന്നുവരാൻ മടിക്കുന്നതെന്നത് വളരെ ഗുരുതരമായ, സഭയിലിരിക്കുന്ന നമ്മെ എല്ലാവരേയും ചിന്തിപ്പിക്കേണ്ട ഒരു ചോദ്യമാണ്. ഉന്നത വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട് കേരളം എവിടെ നിൽക്കുന്നു എന്നതിന്റെ ഒരു നേർകാഴ്ച നമുക്ക് അതിൽനിന്നുതന്നെ വ്യക്തമാകും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ മനോരമ പത്രത്തിന്റെയല്ല മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലിനെ കുറിച്ചാണ് പറഞ്ഞത്.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് പറഞ്ഞ കാര്യം വളരെ വ്യക്തമാണ്. പല യൂണിവേഴ്സിറ്റികളിലും സംവരണതത്വങ്ങൾ അട്ടിമറിക്കപ്പെടുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. റിസർവേഷൻ റോസ്റ്റർ പുറത്തുവിടാത്തതുകാരണം പല യൂണിവേഴ്സിറ്റികളിലും ഇന്റർവ്യൂവിലൂടെ തൽപ്പരകക്ഷികൾ നിയമനം നേടുന്ന സാഹചര്യമാണുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പലപ്പോഴും യൂണിവേഴ്സിറ്റികളിൽ അർഹമായ നിയമനങ്ങൾ ലഭിക്കാതെ പോകുകയാണ്. ഇന്റർവ്യൂ ബോർഡിലുള്ള അംഗത്തിന്റെ കീഴിൽ ഗവേഷണം നടത്തിയവർക്കുതന്നെ പലപ്പോഴും പല യൂണിവേഴ്സിറ്റികളിലും റാങ്ക് പട്ടികയിൽ ഒന്നാം സ്ഥാനം ലഭിക്കുകവഴി നിയമനം ലഭിക്കുകയാണ്. ഇതൊക്കെ യൂണിവേഴ്സിറ്റികളിൽ അതീവ ഗുരുതരമായി വിചിത്രമായ സ്വജനപക്ഷപാതം നടക്കുന്നുവെന്നുള്ളതിന്റെ സൂചനയാണ്. ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച്, 21-ാം നൂറ്റാണ്ടിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് നമ്മുടെ യൂണിവേഴ്സിറ്റി സിസ്റ്റവും ഹയർ എഡ്യൂക്കേഷൻ സിസ്റ്റവും എത്രത്തോളം എക്യുപ്ഡ്ഡാണ്, അതിൽ എത്രത്തോളം നമുക്ക് അഡാപ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട് എന്നതൊക്കെ ചിന്തിക്കേണ്ടതായിട്ടുണ്ട്. ചരിത്രാദ്ധ്യാപകനായ യുവാൽ നോവ ഹരാരി പറയുന്നത്, " There are 4 C's (Critical thinking, Communication, Collaboration and Creativity) required in the 21st Century" എന്നാണ്. ഇന്നത്തെ കാലഘട്ടത്തിൽ 4 C's നേടുന്നതിനുവേണ്ടി നമ്മുടെ യൂണിവേഴ്സിറ്റി സംവിധാനം എത്രത്തോളം സജ്ജമാണെന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നിയമനവുമായി ബന്ധപ്പെട്ട് റിസർവേഷൻ റോസ്റ്റർ തയ്യാറാക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. ഇക്കാര്യത്തിൽ ഇന്നലെയുണ്ടായ ഒരു കോടതി വിധി നമ്മുടെ മുമ്പിലുണ്ട്. യൂണിവേഴ്സിറ്റികളിലടക്കമുള്ള നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള റൊട്ടേഷൻ ടേൺ സംബന്ധിച്ച കാര്യം നിയമസഭയിൽ ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്, സാമൂഹ്യനീതി വകുപ്പ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം മറ്റു

സംവരണത്തെ ബാധിക്കാത്ത വിധമാണ് നടപ്പാക്കുന്നതെന്നും ഇതുവരെ ഒരു നിയമനവും നടത്തിയിട്ടില്ല എന്നുമാണ്. അതേസമയം സാമൂഹ്യനീതി വകുപ്പ് 2019-ൽ ഇറക്കിയ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ഇതുവരെ നിയമനം നടത്തിയതെന്നാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹൈക്കോടതിയിൽ അഫിഡവിറ്റ് നൽകിയത്. ഇതുപോലുള്ള വൈരുദ്ധ്യങ്ങളാണ് നിയമനകാര്യങ്ങളിലടക്കം സംഭവിക്കുന്നത്. ഗവൺമെന്റ് നിലപാട് ഒന്ന്, യൂണിവേഴ്സിറ്റിയുടെ നിലപാട് മറ്റൊന്ന്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ:</u> സർ, അതുതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. നിയമനങ്ങളിൽ എല്ലാ തരത്തിലുമുള്ള സംവരണതത്വങ്ങൾ അട്ടിമറിക്കപ്പെടുന്നു വെന്നുള്ളത് യാഥാർത്ഥ്യമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരുടെയും ഭിന്നശേഷിക്കാരുടെയും സംവരണങ്ങൾ അട്ടിമറിക്കപ്പെടു ന്നുവെന്നുള്ളത് നമ്മൾ കാണാതെ പോകരുത്. അത് വളരെ ഗൗരവത്തോടുകൂടി പരിഹരിക്കേണ്ട വിഷയങ്ങളാണ്. ഇന്നിവിടെ അക്കാഡമിക് ഓട്ടോണമിയെക്കുറിച്ചും ഓട്ടോണമസ് കോളേജുകളെക്കുറിച്ചും സൂചിപ്പിച്ചു. ഒരു ഓട്ടോണമസ് കോളേജുണ്ടാകുക എന്നുള്ളതിന്റെ ഏറ്റവും പ്രധാന ഘടകമെന്ന് പറയുന്നത് അവരുടെ അക്കാഡമിക് ഓട്ടോണമി തന്നെയാണ്. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ചുള്ള, വികസന ലക്ഷ്യത്തിനനുസരിച്ചുള്ള ഹയർ എഡ്യൂക്കേഷൻ സിലബസ് തയ്യാറാക്കുകയെന്നുള്ളതാണ് പല കോളേജുകളും ഓട്ടോണമികൊണ്ട് ഉദ്ദേശിക്കുന്നതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും. അതുകൊണ്ടാണ് അങ്ങനെയുള്ള കോളേജുകളിൽ വിദ്യാർത്ഥികൾ കൂടുതലായി പോകാൻ ആഗ്രഹിക്കുന്നതും അവിടെ അഡ്മിഷനുവേണ്ടി നൂറ് കണക്കിന് വിദ്യാർത്ഥികൾ ക്യൂ നിൽക്കുന്നതും. മറ്റു പല കോളേജുകളെയുംകാൾ ഓട്ടോണമസ് കോളേജുകളെ വിദ്യാർത്ഥികൾ കൂടുതലായി പ്രിഫർ ചെയ്യാനുള്ള കാരണവും ഇതുതന്നെയാണ്. ഞാൻ ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലും പഠിച്ച വിദ്യാർത്ഥിയാണ്. അവിടെ അദ്ധ്യാപകർക്ക് കോഴ്സ് ഡിസൈൻ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. അവർ ഡിസൈൻ ചെയ്ത് ഓഫർ ചെയ്യുന്ന കോഴ്സുകൾ വിദ്യാർത്ഥികൾ അവരുടെ താൽപ്പര്യത്തിനനുസരിച്ച് ഓപ്റ്റ് ചെയ്യുകയാണ്. ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ പ്രൊഫ. ജി. ഹരഗോപാലന്റെ ക്ലാസ്സിൽ പൊളിറ്റിക്കൽ സയൻസ് വിദ്യാർത്ഥികൾ മാത്രമല്ല സോഷ്യോളജി, ഹിസ്റ്ററി വിദ്യാർത്ഥികളൊക്കെ പ്രത്യേക താൽപ്പര്യമെടുത്ത് പഠിക്കാനായി വന്നിരിക്കും. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ പോയാലും അതുതന്നെയാണ് കാണുന്നത്. പ്രശസ്തരായ അദ്ധ്യാപകർ പ്രത്യേകമായി ഓഫർ ചെയ്യുന്ന കോഴ്സുകൾ പഠിക്കാനായി മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നുപോലും വിദ്യാർത്ഥികൾ വന്ന്

ക്ലാസ്സുകൾ അറ്റന്റ് ചെയ്യുകയാണ്. അങ്ങനെ കിട്ടുന്ന ക്രെഡിറ്റ് അവരുടെ മൊത്തം കോഴ്സിൽ ആഡ് ചെയ്യുന്ന സംവിധാനമാണ് പല യൂണിവേഴ്സിറ്റികളിലും നിൽക്കുന്നത്. അതുപോലെ നമ്മുടെ കോളേജുകൾക്ക് അവരുടെ സിലബസ് സ്വതന്ത്രമായി ഡിസൈൻ ചെയ്യാനും പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള കോഴ്സുകൾ അവതരിപ്പിച്ച് മുന്നോട്ടുപോകാനും സാധിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയും ജെ.എൻ.യു.-വിൽ പഠിച്ചതാണ്.

ശ്രീ. റോജി എം. ജോൺ: സർ, അതെ. അതിൽ വളരെ സന്തോഷമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് കൂടുതലായി മനസ്സിലാകുമെന്നും അക്കാഡമിക് ഓട്ടോണമി എത്രത്തോളം പ്രാധാന്യമുള്ളതാണെന്ന് ബോധ്യമുണ്ടാകുമെന്നും തന്നെയാണ് ഞാൻ കരുതുന്നത്. അതുകൊണ്ടാണ് ഞാൻ ഇത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനായി ഉദ്ദേശിച്ചത്. ഇത്തരത്തിൽ നമ്മുടെ സർവ്വകലാശാലകൾ ലോകത്തിന് മാതൃകയാകുന്ന തരത്തിൽ മാറ്റിയെടുക്കുന്നതിനുതകുന്ന തരത്തിലുള്ള നിയമനിർമ്മാണങ്ങളാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. അതിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് സിസ്റ്റമാണ് നമ്മൾ കൊണ്ടുവരേണ്ടത്. രാഷ്ട്രീയത്തിനപ്പുറത്ത് നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ സമുന്നതമായ മാറ്റം ലക്ഷ്യംവച്ചുള്ള ഒരു സമീപനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. കേരളത്തിന് സ്വന്തമായി ഒരു ഹയർ എഡ്യൂക്കേഷൻ നയം രൂപീകരിച്ചുകൊണ്ട്, കേരളത്തെ ഒരു ഹയർ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റാവുന്ന തരത്തിലുള്ള നയപരിപാടികളും നടപടികളും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ രാജ്യത്തുതന്നെ ഏറ്റവും ഉന്നത റാങ്കിംഗിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കി മാറ്റാനും കേരളത്തെ ഹയർ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനുമുള്ള നടപടിയുണ്ടാകണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. കെ. ബഷീർ: സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 05-04-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നല്ല നിലയിൽ മുന്നോട്ടുപോകുന്ന സ്വയംഭരണ കോളേജുകൾക്ക് മൂക്കുകയറിടാനാണ് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ കൊണ്ടുവരുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റം പറയാനാകില്ല. കഴിഞ്ഞ 5 വർഷത്തെ ഇടതുപക്ഷ സർക്കാർ

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ തുഗ്ലക് പരിഷ്കാരങ്ങളാണ് ഇതിനൊക്കെ കാരണം. കാളക്കുറ്റൻ കയറിയ പിഞ്ഞാണക്കട പോലെ മുച്ചൂടും മുടിച്ചാണ് ഉന്നത വിദ്യാഭ്യാസ മേഖല മുന്നോട്ടുപോകുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാരുകൾക്ക് വേണ്ടത്ര നിക്ഷേപിക്കാൻ സാധിക്കാത്ത അവസ്ഥയായിരുന്നു. ആ പശ്ചാത്തലത്തിലാണ് ഡയറക്ട് പേമെന്റ് ആക്ട് പ്രകാരം കേരളത്തിൽ എയ്ഡഡ് കോളേജുകൾ നിലവിൽ വന്നത്. അതുപോലെ കേരളത്തിൽ അവസരമില്ലാത്തതിനാൽ ഇവിടത്തെ വിദ്യാർത്ഥികൾ പുറത്തേയ്ക്ക് പോകുന്നത് തടയാനാണ് സ്വാശ്രയ കോളേജുകൾ നിലവിൽ വന്നത്. എന്നാൽ ഇന്ന് എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ അനുവദിക്കില്ലെന്നാണ് പറയുന്നത്. കേരളത്തിലെ സർവ്വകലാശാലാ നിയമങ്ങൾ എതാണ്ട് കാലഹരണപ്പെട്ടവയാണ്. കേരള യൂണിവേഴ്സിറ്റി ആക്ടിന്റെ ചുവടുപിടിച്ചാണ് ഇവിടത്തെ മറ്റ് യൂണിവേഴ്സിറ്റികൾക്കുള്ള നിയമങ്ങൾ തയ്യാറാക്കിയത്. കേരള യൂണിവേഴ്സിറ്റി ആക്ട് കാലോചിതമായി പരിഷ്കരിച്ചിട്ടില്ലാത്തതിനാൽ കോഴ്സുകളുടെ നടത്തിപ്പിലും ഡിഗ്രി അവാർഡ് ചെയ്യുന്നതിലും ഇപ്പോൾ ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഒരുപാട് പുതിയ കോഴ്സുകൾ നിലവിലുണ്ട്. എന്നാൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നൽകുന്ന ഒരു ഡിഗ്രി കേരള സർവ്വകലാശാല അംഗീകരിക്കുന്നില്ല. അതുപോലെ കേരള സർവ്വകലാശാല നൽകുന്ന ഡിഗ്രി മറ്റ് യൂണിവേഴ്സിറ്റികളും അംഗീകരിക്കുന്നില്ല. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ. കേരള യൂണിവേഴ്സിറ്റി നൽകുന്ന ഡിഗ്രികൾ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികൾ അംഗീകരിക്കാത്ത വിധത്തിലായാൽ വിദ്യാർത്ഥികളുടെ സ്ഥിതിയെന്തായിരിക്കും? എസ്.എഫ്.ഐ.-യുടെ നേതാവായ ശ്രീ. കെ. എം. സച്ചിൻദേവിന് ഇക്കാര്യങ്ങളൊക്കെ ശ്രദ്ധയിൽപ്പെട്ടുകാണും. കാരണം സിൻഡിക്കേറ്റും മറ്റുമെല്ലാം നിങ്ങളാണ് ഭരിക്കുന്നത്. കേരള യൂണിവേഴ്സിറ്റി അംഗീകരിച്ച സിലബസുകൾ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികൾ അംഗീകരിക്കുകയില്ലെങ്കിൽ പിന്നെ എന്തിനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ്; അതുപോലെ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നത് ആരാണ്; എന്തിനാണ് യൂണിവേഴ്സിറ്റിയിൽ ഒരു അക്കാഡമിക് കൗൺസിൽ രൂപീകരിച്ചിരിക്കുന്നത്? പുതിയ കോഴ്സ് അനുവദിക്കുന്നതിനുവേണ്ടി അപേക്ഷിക്കുന്ന കോളേജുകളിൽ അതിനാവശ്യമായ അടിസ്ഥാന സൗകര്യമുണ്ടോയെന്ന് പരിശോധിച്ച് യൂണിവേഴ്സിറ്റി അധികൃതർ സർക്കാരിന് ശിപാർശ നൽകണം. പക്ഷേ നിങ്ങൾ കഴിഞ്ഞ പ്രാവശ്യം ചെയ്തത് എന്താണ്? കുറെ കോഴ്സുകൾ അനുവദിച്ചു. എന്നിട്ട് പി.ജി.യുടെ വെയിറ്റേജും സമയവും കുറച്ചു. അതിന്റെ ഫലമായി സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ

തൊള്ളായിരത്തോളം അദ്ധ്യാപക തസ്തികകളാണ് നഷ്ടപ്പെട്ടത്. ഇപ്പോൾ അദ്ധ്യാപകർക്ക് ഗവേഷണ രംഗത്ത് എന്തെങ്കിലും ചെയ്യാൻ സമയം ലഭിക്കുന്നുണ്ടോ; വിദ്യാർത്ഥികൾ ഇപ്പോൾ ഗവേഷണം നടത്തുന്നുണ്ടോ; അതിനായി അവർക്ക് അദ്ധ്യാപകരെ ലഭിക്കുന്നുണ്ടോ? എന്തിനാണ് അക്കാഡമിക് കൗൺസിൽ; അങ്ങനെ എന്തെങ്കിലുമുണ്ടോ? ഒന്നുമില്ലല്ലോ. ഗവൺമെന്റ് ഭരണപരമായി കോഴ്സുകൾ തീരുമാനിക്കുകയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുവദിക്കുകയും ചെയ്യുന്നു. ഇപ്പോൾ യൂണിവേഴ്സിറ്റികളുടെ സ്ഥിതിയെന്താണ്? ഞാൻ ഒരു 'എ' ഗ്രേഡ് കോളേജിന്റെ സെക്രട്ടറിയാണ്. എന്നെ അങ്ങനെ കുറച്ച് കാണുകയൊന്നുംവേണ്ട, ഈ വിഷയത്തിൽ അത്യാവശ്യം വിവരമൊക്കെ എനിക്കുമുണ്ട്. NAAC-ന്റെ ഗ്രേഡിംഗിൽ 0.12-ന്റെ വ്യത്യാസത്തിൽ 'എ പ്ലസ്' ഗ്രേഡ് കിട്ടാതെപോയ ഒരു കോളേജിന്റെ സെക്രട്ടറിയാണ് ഞാൻ. നിങ്ങളൊരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റുമുണ്ടായിട്ടും നിങ്ങൾ കോഴ്സുകൾ അനുവദിക്കുന്നില്ല. അതുകൊണ്ട് കുട്ടികൾക്ക് പഠിക്കാനോ ഗവേഷണം നടത്താനോ ബിരുദം നേടാനോ അവസരങ്ങളുണ്ടാകുന്നില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ചെല്ലാം നമ്മൾ പഠിക്കണം. ആരൊക്കെയാണ് കോഴ്സുകൾ കൊടുത്തത്? ഇടതുപക്ഷ ഗവൺമെന്റ് എല്ലാം കൊടുത്തെന്ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി രണ്ടുദിവസമായി പറയുന്നു. എന്നാൽ കോളേജില്ലാത്ത സ്ഥലങ്ങളിൽ കോളേജുകൾ കൊടുത്തത്, അതും ഗവൺമെന്റ് കോളേജ് കൊടുത്തത് ഞങ്ങളുടെ കാലത്താണ്. എന്തിനേറെപ്പറയുന്നു, നിങ്ങളുടെ മുൻകാലത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും ഇപ്പോഴത്തെ പാർട്ടി സെക്രട്ടറിയുമായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. എ. എൻ. ഷംസീറിന്റെയും നിയോജകമണ്ഡലമായ തലശ്ശേരിയിൽ കോളേജ് അനുവദിച്ചത് ഞങ്ങളാണ്; 2013-ൽ തവനൂരിൽ കോളേജ് അനുവദിച്ചതും ഞങ്ങളാണ്. അത് പഠിക്കാൻ വേണ്ടിയാണ്. സ്വയംഭരണമൊക്കെ വേണം, എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇതിനൊക്കെ ഒരു ക്രമമില്ലേ? ഇവിടെയൊരു ഉന്നത വിദ്യാഭ്യാസ കൗൺസിലുണ്ട്, ഈ സഭ ഒന്ന് ശ്രദ്ധിക്കണം, എന്താണ് അവർക്കുള്ള ജോലി? കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ നിലനിർത്തുന്നതിനും മുന്നോട്ട് നയിക്കുന്നതിനുമാവശ്യമായ എല്ലാ സംരക്ഷണവും ആശയപരമായ പിന്തുണയും നൽകുന്നതിനുവേണ്ടിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചത്. ഒരു സ്വതന്ത്ര സ്ഥാപനമായിട്ടാണ് ഇത് നിലവിൽ വന്നത്. ഇതിന്റെ ചെയർമാൻ വകുപ്പുമന്ത്രിയോ അല്ലെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രിയോ ഇതിലാരെങ്കിലുമോ ആയിരിക്കും. അതിന്റെ ഇപ്പോഴത്തെ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കളാണ്. ശ്രീ. കെ. എം. സച്ചിൻദേവ് ഇതൊന്നു

കേൾക്കണം. കോവിഡ് കാലത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏതുതരത്തിലുള്ള പ്രവർത്തനമാണ് നടത്തിയതെന്നുള്ള കാര്യം ഒരു ഓഡിറ്റിന് വിധേയമാക്കണം. നമ്മുടെ ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടോ, കോവിഡ് കാലത്തെ വിദ്യാഭ്യാസം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചുള്ള ഒരു ആശയരൂപീകരണമുണ്ടാക്കുന്നതിനോ അല്ലെങ്കിൽ കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും ഏകീകരിച്ച് നിർത്തുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനോ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഈ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനോ അവർക്കാവശ്യമായ പരിശീലനം നിർദ്ദേശിക്കുന്നതിനോ നടപ്പാക്കുന്നതിനോ കഴിയാതെപോയ ഒരു കൗൺസിലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ. നിങ്ങൾ ഒന്നാലോചിക്കണം, കുറേ ആൾക്കാരെ ചെയർമാനെന്നും കമ്മിറ്റി മെമ്പർമാരെന്നും ആക്കിയിട്ട് കാര്യമില്ലല്ലോ! ആരെവേണമെങ്കിലും വച്ചോളൂ, പക്ഷേ എന്തെങ്കിലും നടക്കണ്ടേ? ഉന്നത വിദ്യാഭ്യാസ കൗൺസിൽ യോഗം ചേർന്നിട്ട് രണ്ടു വർഷമായി. അവിടെ എന്താണ് നടക്കുന്നത്; എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ വ്യക്തമാക്കണം. അതുപോലെ കോവിഡ് കാലഘട്ടത്തിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ എന്താണ് ചെയ്തത്? അതും നമ്മൾ പഠിക്കണം. നിങ്ങളൊക്കെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കുമൊക്കെ നോമിനേഷൻ ലഭിച്ച് പോകുന്നുണ്ടല്ലോ, ഒരു മാരത്തോൺ അടിസ്ഥാനത്തിൽ പരീക്ഷ നടത്തിത്തീർക്കുക എന്ന ജോലിയല്ലാതെ യൂണിവേഴ്സിറ്റികൾ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾ പറയണം. യൂണിവേഴ്സിറ്റികൾ പരീക്ഷകൾ നടത്തുന്നതിനുള്ള ഏജൻസികളായി മാറി, ഉന്നത വിദ്യാഭ്യാസ കൗൺസിലെന്ന സ്ഥാപനം ഒന്നും മിണ്ടാതെ നിൽക്കുകയും ചെയ്തു, ഇങ്ങനെ രണ്ടുവർഷം കടന്നുപോയി. എങ്ങനെ പരീക്ഷകൾ നടത്തിത്തീർക്കാമെന്ന ആലോചനകൾ മാത്രമാണ് എല്ലാ യൂണിവേഴ്സിറ്റികളിലും നടക്കുന്നത്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തിനാണെന്നുള്ള ഒരു പുനർവിചിന്തനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കാര്യം പറഞ്ഞപ്പോഴാണ് ഒരു കാര്യം ചോദിക്കാൻ തോന്നിയത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കോവളത്തുവച്ച് ഒരു അന്തർദ്ദേശീയ വിദ്യാഭ്യാസ സമ്മേളനം നടന്നപ്പോൾ അതിൽ പങ്കെടുക്കാൻ പോയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അന്നത്തെ ചെയർമാൻ ശ്രീ. ടി. പി. ശ്രീനിവാസനെ എസ്.എഫ്.ഐ. പ്രവർത്തകർ കരണത്തടിച്ചു, അക്കാര്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, അന്ന് അദ്ദേഹത്തെ അടിച്ചു, ഇവർ ആദ്യം എന്തൊക്കെ ചെയ്യുമോ അത് പിന്നീട് തിരുത്തും.

ശ്രീ. എ. എൻ. ഷംസീർ: സർ, ശ്രീ. കേശവേന്ദ്രകുമാർ എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ ദേഹത്ത് കരിഓയിൽ ഒഴിച്ചത് നിങ്ങളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, എല്ലാവരും ചെയ്തത് എന്റെ ശ്രദ്ധയിലുണ്ട്. അങ്ങനെയല്ലേ പറയാൻ പറ്റുകയുള്ളൂ. ഈയടുത്ത കാലത്ത് ചെങ്ങന്നൂരിൽ ഒരു കോളേജിൽ ബി.എസ്.സി. മാത്സ് പരീക്ഷയിലെ ആൾജിബ്ര & കമ്പ്യൂട്ടർ പ്രോഗ്രാം എന്ന വിഷയത്തിന്റെ ചോദ്യപ്പേപ്പർ പാക്കറ്റ് മാറി പൊട്ടിച്ചു. ചോദ്യം പുറത്തായ സാഹചര്യത്തിൽ പ്രസ്തുത പരീക്ഷ റദ്ദാക്കി. പന്തളത്തും ചെങ്ങന്നൂരിലുമുള്ള രണ്ട് കോളേജുകളിൽ പഴയ ചോദ്യപേപ്പർ തന്നെ നൽകി. തുടർന്ന് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിന് അയച്ചുകൊടുത്തു. രണ്ട് വ്യത്യസ്ത ഉത്തരമായതിനാൽ അദ്ധ്യാപകർ മൂല്യനിർണ്ണയത്തിന് വിസമ്മതിച്ചു. തുടർന്ന് പരീക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥർ മൂല്യനിർണ്ണയ ക്യാമ്പിൽനിന്നും ഉത്തരക്കടലാസുകൾ എടുത്തുകൊണ്ടുപോയി മറ്റൊരു അദ്ധ്യാപകനെ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തി വിദ്യാർത്ഥികളെ ജയിപ്പിച്ചു. ഈ സംഭവത്തിന് ഉത്തരവാദിയായ സെക്ഷൻ ഓഫീസർക്കെതിരെ നടപടിയെടുക്കാൻ സിൻഡിക്കേറ്റ് ശിപാർശ ചെയ്തു. എന്നാൽ അത് അവഗണിച്ചുകൊണ്ട് പരീക്ഷാ വിഭാഗത്തിലെ പ്രധാന തസ്തികയിൽ അദ്ദേഹത്തെ നിയമിച്ചു, ഇപ്പോൾ യൂണിവേഴ്സിറ്റിയിലെ ഒരുവിധമെല്ലാകാര്യങ്ങളിലും നിയന്ത്രണം അദ്ദേഹത്തിനാണ്. കഴിഞ്ഞ വർഷം എം.ജി. സർവ്വകലാശാലയിലാണ് പൂജ്യം മാർക്ക് നേടിയവർക്ക് ബി.എ. ഇക്കണോമിക്സ് രണ്ടാം സെമസ്റ്റർ പരീക്ഷ ജയിക്കുന്നതിനായി മാർക്ക് ദാനം ചെയ്തത്. ശ്രീ. എ. എൻ. ഷംസീർ, ഇത് കേൾക്കണം, 'സിലബസ്സിന് പുറത്തുനിന്നും ചോദ്യം വരികയോ, ചോദ്യത്തിൽ പിശക് വരികയോ ചെയ്താൽ അവയുടെ മാർക്ക് മറ്റ് ചോദ്യങ്ങൾക്ക് വീതിച്ചു നൽകണം' എന്നതാണ് അംഗീകരിക്കപ്പെട്ട ശാസ്ത്രീയ രീതി. എന്നാൽ ഇക്കണോമിക്സ് പരീക്ഷയിൽ 80 മാർക്കിനുള്ള ചോദ്യങ്ങളിൽ 26 മാർക്ക് സിലബസ്സിന് പുറത്തുനിന്നായിരുന്നു. തുടർ ചോദ്യത്തിന് നമ്പറിട്ട എല്ലാവർക്കും 26 മാർക്കുവീതം നൽകി. ഇന്റേണലിന് ആകെ 20 മാർക്കാണുള്ളത്, കുറഞ്ഞത് 10 മാർക്കെങ്കിലും എല്ലാവർക്കും ലഭിക്കും. ....(ബഹളം)..... ശ്രീ. എം. നൗഷാദ്, ഞാനൊന്ന് പറയട്ടെ, വിഷയം കൺക്ലൂഡ് ചെയ്യട്ടേ.. പ്ലീസ്... നിങ്ങളെന്തിനാണ് ബേജാറാകുന്നത്, നിങ്ങളുടെ പാർട്ടിയെയാണോ പറയുന്നത്; യൂണിവേഴ്സിറ്റിയിലെ ഒരു വിഭാഗത്തിൽ നടന്ന അപാകതകളെക്കുറിച്ചല്ലേ പറയുന്നത്? എഴുത്ത് പരീക്ഷയിലെ പൂജ്യം

മാർക്കുകാരനും ദാനം ലഭിച്ച 26 മാർക്കും ഇന്റേണലിന്റെ 10 മാർക്കും കൂടിച്ചേർത്ത് 36 മാർക്ക് ലഭിക്കുമ്പോൾ സ്വാഭാവികമായും അയാൾ പരീക്ഷയിൽ ജയിക്കും. അങ്ങനെ പൂജ്യം കിട്ടിയവരും ജയിക്കുകയാണ്. മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപകൻ ഇത് തെറ്റാണെന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ പിൻവലിക്കാൻ തയ്യാറാകാതെ മാർക്കിന്റെ പകുതിയെങ്കിലും നൽകാനായിരുന്നു യൂണിവേഴ്സിറ്റിയുടെ തീരുമാനം. ഇത് എം.ജി. സർവ്വകലാശാലയിലെ സംഭവമാണ്. നമ്മുടെ സർവ്വകലാശാലകൾ എങ്ങോട്ടാണ് പോകുന്നത്? സ്വർണ്ണക്കടത്തുകേസിൽ സി.ബി.ഐ. അന്വേഷിക്കുന്ന പ്രതിയുടെ വീട്ടിൽനിന്നും കേരള സർവ്വകലാശാലയുടെ സീൽ പതിപ്പിച്ച പൂരിപ്പിക്കാത്ത മാർക്ക് ലിസ്റ്റുകൾ കണ്ടെത്തിയെന്നതാണ് മറ്റൊരു സൂചന. നമ്മുടെ സംസ്ഥാനത്തെ ബാച്ചിലർ ഡിഗ്രി 3 വർഷമാണ്. നാല് വർഷം ദൈർഘ്യമുള്ള ഡിഗ്രി കോഴ്സില്ലെങ്കിൽ വിദേശ സർവ്വകലാശാലകളിലൊന്നും ഉപരിപഠനത്തിന് സാധിക്കില്ല. ഇത് വലിയൊരു അപകടമല്ലേ? നമ്മളും അവിടേയ്ക്കെത്തണം. വിദ്യാർത്ഥി നേതാക്കളും വിദ്യാർത്ഥി സംഘടനകളും അതിനായി ശ്രമിക്കണം. അല്ലെങ്കിൽ നമ്മുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ കഴിയില്ല. നിങ്ങൾ കാര്യഗൗരവത്തോടെ ഇതിനെ കാണണം. കാലത്തിനനുസരിച്ച് മാറണം. നിങ്ങൾ കുറേ മാറിയില്ലേ? അപ്പോൾ കുറച്ചുകൂടി മാറി അതിനനുസരിച്ച് നിൽക്കണം. തമിഴ്നാട്ടിൽ ഇപ്പോൾ ബിരുദ കാലയളവ് നാല് വർഷമാക്കി മാറ്റി. നമ്മളും ഇത്തരം കാര്യങ്ങൾ മനസ്സിലാക്കി കാലത്തിനനുസരിച്ച് മാറണം. എല്ലാ രംഗത്തും ഉന്നതിയിൽ നിൽക്കുന്ന നമ്മൾ ബിരുദമെന്നത് നാല് കൊല്ലത്തെ കോഴ്സാക്കി മാറ്റണം. നാല് കൊല്ലത്തെ ഡിഗ്രി കോഴ്സ് ഇല്ലെങ്കിൽ കുട്ടികൾക്ക് വിദേശത്ത് പോകാനും ഉപരിപഠനം നടത്താനും കഴിയില്ല, അങ്ങനെ വന്നാലുണ്ടാകുന്ന ബുദ്ധിമുട്ട് നമ്മൾ മനസ്സിലാക്കണം. ഇവിടെ എല്ലാവരും പറഞ്ഞതിൽനിന്നും വ്യത്യസ്തമായൊരു അഭിപ്രായം എനിക്കുണ്ട്. അത് എന്റെമാത്രം അഭിപ്രായമാണ്, പാർട്ടിയുടെ അഭിപ്രായം പാർട്ടി പറയും. ഈ യു.ജി.സി. ആരാണ്? അതൊരു ഫണ്ടിംഗ് ഏജൻസിയാണ്. നമ്മുടെ യൂണിവേഴ്സിറ്റികളും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുമൊക്കെ എന്തിനാണ് അവർ പറയുന്നതിനനുസരിച്ച് പ്രവർത്തിക്കുന്നത്? ഇതിലുള്ള ഒരു അപകടമെന്താണെന്നുവച്ചാൽ കേന്ദ്ര ഗവൺമെന്റ് പറയുന്നതിനനുസരിച്ചേ യു.ജി.സി. കാര്യങ്ങൾ ചെയ്യുകയുള്ളൂ. അവർ യു.ജി.സി. റെക്കഗ്നീഷൻ ഉപയോഗിക്കുന്നത് ഇന്ത്യയിലെ മുഴുവൻ യൂണിവേഴ്സിറ്റികളുടെയും സ്വയംഭരണാവകാശത്തിന് മുകളിലാണ്. ഇത് യൂണിവേഴ്സിറ്റികളുടെ സ്വയംഭരണത്തെ മറികടക്കലാണ്. അങ്ങനെ മറി കടന്നുകൊണ്ട് ഓരോ കാര്യങ്ങളും തീരുമാനിക്കുകയാണ്. സ്വകാര്യ

മേഖലയിലേയ്ക്ക് വിദ്യാഭ്യാസം പോകുമെന്നതാണ് ഇതിലുള്ള ബുദ്ധിമുട്ട്. ഓട്ടോണമസ് എന്ന് എല്ലാവരും പറയുന്നുണ്ട്. ഓട്ടോണമസ് കോളേജൊക്കെ നല്ലതാണ്. കേരളത്തിൽ മാറിമാറി വരുന്ന ഗവൺമെന്റുകൾ അത് നടപ്പാക്കിയിരുന്നു. ഇവിടെ എയ്ഡഡ് സ്ഥാപനങ്ങളും എയ്ഡഡ് കോളേജുകളുമുണ്ട്. ഇങ്ങനെ വരുമ്പോൾ സ്വകാര്യ മേഖലയിലേയ്ക്ക് വിദ്യാഭ്യാസം പൂർണ്ണമായി മാറ്റപ്പെടുകയാണ്. അതിന്റെ ഭാഗമായി NAAC അക്രെഡിറ്റേഷൻ പോലുള്ള സംഭവങ്ങൾ വരുന്നതോടുകൂടി 'എ' പ്ലസ്സോ, 'എ' ഡബിൾ പ്ലസ്സോ ലഭിക്കുന്നതോടെ അത്തരം കോളേജുകൾ സ്വയം ഓട്ടോണമസ് കോളേജായി മാറും. അങ്ങനെ വന്നുകഴിഞ്ഞാൽ കാലക്രമത്തിൽ ഈ കോളേജുകൾക്ക് സർക്കാർ എയ്ഡുകൾ ഇല്ലാതെവരും. പിന്നീട് അവർക്ക് സ്വന്തമായി പ്രവർത്തിക്കാൻ ഫണ്ട് കണ്ടെത്തേണ്ടിവരും. ഞാനിത് പറയാൻ കാരണം, ഇന്നലെ ബിൽ സംബന്ധിച്ച് പഠിക്കുമ്പോൾ ഗുജറാത്ത്, ആന്ധ്രാപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അവിടെ ഇങ്ങനെയുള്ള കോളേജുകൾ പ്രവർത്തിക്കുമ്പോൾ നമ്മുടെ രാജ്യത്ത് എയ്ഡഡ് കോളേജുകളെയും പൊതുമേഖലാ വിദ്യാഭ്യാസത്തെയും സംരക്ഷിച്ചുനിർത്തുന്ന സ്ഥലം കേരളമാണ്. പുതിയ നിയമം വരുമ്പോൾ കോളേജിന് അംഗീകാരം ലഭിക്കാൻവേണ്ടി NAAC അക്രെഡിറ്റേഷന് പിന്നാലെ നമ്മളൊക്കെ പോകേണ്ടിവരും. കോളേജുകളുടെ നിലവാരം പരിശോധിക്കാനായി സ്റ്റേറ്റ് അസ്സസ്മെന്റ് & അക്രെഡിറ്റേഷൻ സെന്റർ (SAAC) രൂപീകരിക്കുമെന്ന് കഴിഞ്ഞ പ്രാവശ്യം പറഞ്ഞിരുന്നു. അത് രൂപീകരിക്കണം. നമ്മുടെ സംസ്ഥാനത്തെ കോളേജുകളുടെ ഗ്രേഡ് SAAC മുഖാന്തരം തീരുമാനിക്കണം. നമ്മൾ ഓട്ടോണമസിലേയ്ക്ക് പോയാൽ പിന്നീട് ഇവയ്ക്ക് ശമ്പളം കൊടുക്കാൻ സർക്കാരിന് കഴിയാതെവരികയും അത് പ്രൈവറ്റായി മാറുകയും ചെയ്യും. അതിന്റെ ഗൗരവം നമ്മൾ ഉൾക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് സർക്കാർ SAAC പദ്ധതി നടപ്പാക്കണം. അതുപോലെ പി.ജി.-യുടെ വെയിറ്റേജ് കുറച്ചപ്പോൾ തൊള്ളായിരത്തോളം അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട്. സിംഗിൾ ഡിപ്പാർട്ടുമെന്റുകളായ ജേർണലിസം, സൈക്കോളജി, ഇക്കോണമിക്സ് തുടങ്ങിയവയിലെ പി.ജി. വെയിറ്റേജ് കുറച്ചപ്പോൾ ആ ഡിപ്പാർട്ടുമെന്റുകൾ ഇല്ലാതായി. അതിലെ അദ്ധ്യാപകർ റിട്ടയർ ചെയ്യുന്നതോടുകൂടി തസ്തികയില്ലാതാകും. അങ്ങനെയുള്ള അപകടമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സംഭവിച്ച തെറ്റ് ഈ സർക്കാർ തിരുത്തണമെന്ന് എൽ.ഡി.എഫ്. കൺവീനറുടെ ഭാര്യകൂടിയായ വകുപ്പുമന്ത്രിയോട് ഞാൻ സൂചിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ കൊണ്ടോട്ടിയിലെ വളരെ പ്രധാനപ്പെട്ട എയ്ഡഡ് കോളേജായ ഇ.എം.ഇ.എ. കോളേജിന്റെ സെക്രട്ടറി-കം-മാനേജർ കൂടിയാണ്. പ്ലസ് ടു കഴിഞ്ഞ ആയിരക്കണക്കിന് കുട്ടികൾ തുടർപഠനത്തിന് അവസരം ലഭിക്കാതെ പുറത്തുനിൽക്കുകയാണ്. നേരത്തെ പ്ലസ് ടു അഡ്മിഷനെക്കുറിച്ചൊക്കെ ചർച്ച ചെയ്തു. ഡിഗ്രി കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നില്ലെന്നത് അതിലേറെ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. ജനപ്രതിനിധികളായ ഞങ്ങളുടെ മുന്നിൽ വന്ന് രക്ഷിതാക്കൾ കരയുകയാണ്. അവരുടെ കരച്ചിൽ ദിവസേന കേട്ടുകൊണ്ടിരിക്കുന്ന ഒരാളാണ് അദ്ദേഹം. അതുകൊണ്ട് നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനെക്കുറിച്ചും പിന്നാക്ക പ്രദേശങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് പുതിയ കോളേജുകൾ അനുവദിക്കുന്നതിനെക്കുറിച്ചുംകൂടി ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉയർന്നുവരണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അദ്ദേഹം പറഞ്ഞത് വളരെ സുപ്രധാനമായ ഒരു കാര്യമാണ്. പ്ലസ് വൺ-ന്റെ കാര്യമാണ് ചർച്ച ചെയ്യുന്നത്, ഡിഗ്രിയുടെ കാര്യം നമ്മൾ ചർച്ച ചെയ്യുന്നില്ല. അതൊരു ഗൗരവമായ കാര്യമാണ്. അതുപോലെയാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. 1800 കുട്ടികൾ പഠിക്കുന്ന ഇന്ത്യയിലെ ഏറ്റവും നല്ല സഹകരണ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ചെയർമാനാണ് ശ്രീ. മഞ്ഞളാംകുഴി അലി. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. കോഴ്സുകൾക്ക് നിങ്ങൾ അംഗീകാരം കൊടുക്കുകയും കോളേജുകൾ നടത്തുകയും ചെയ്യുന്നുണ്ട്. പക്ഷേ കുട്ടികളിൽനിന്ന് ഫീസ് വാങ്ങാൻ പാടില്ലെന്ന് സർക്കാർ കോവിഡിന്റെ കാലഘട്ടത്തിൽ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ പരീക്ഷ നടത്തി കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകണം, അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ സ്റ്റാഫിനും ശമ്പളവും നൽകണം. ഈ രീതിയിൽ എങ്ങനെയാണ് കോളേജ് നടത്തുന്നത്? 2008-ൽ ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ, സ്വാശ്രയ കോളേജിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോയ സമയത്ത്, രണ്ടുവർഷം പഠിച്ച കുട്ടികൾ മൂന്നാമത്തെ വർഷം പഠിച്ചില്ലെങ്കിൽ മൂന്ന് വർഷത്തെ ഫീസും ഒരുമിച്ച് അടച്ചിട്ട് സർട്ടിഫിക്കറ്റ് കൊടുത്താൽ മതിയെന്ന് ഉത്തരവിറക്കിയിരുന്നു. ഇപ്പോൾ കോവിഡിന്റെ കാലഘട്ടത്തിൽ പത്രത്തിലും ടി.വി.-യിലുമൊക്കെ ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്നത് ഫീസ് വാങ്ങാൻ പാടില്ലെന്നാണ്, അപ്പോൾ കുട്ടികൾ ഫീസ് തരുമോ? തരില്ല. അവസാനം മാനേജുമെന്റ് അത് ഈടാക്കുന്നത് പരീക്ഷ എഴുതുമ്പോഴാണ്. ബഹുമാനപ്പെട്ട

ചെയറിന് അറിയാമല്ലോ; എല്ലാം കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് കൊടുക്കണം. അതുപോലെ അദ്ധ്യാപകർക്ക് ശമ്പളവും കൊടുക്കണം, ഇല്ലെങ്കിൽ നടപടിയെടുക്കും. ആരാണ് നിങ്ങൾക്ക് ഈ ബുദ്ധി ഓതിത്തന്നത്? ഒരു സ്ഥാപനം നടത്തിക്കൊണ്ടുപോകണ്ടേ; പ്രായോഗികമായ സമീപനം വേണ്ടേ; അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത ഉത്തരവ് തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഞങ്ങൾക്ക് സീറ്റ് രണ്ടായി എന്ന് ശ്രീ. എ. എൻ. ഷംസീർ കഴിഞ്ഞ പ്രാവശ്യം പറഞ്ഞിരുന്നു. സി.പി.ഐ.(എം) പ്രാദേശിക പാർട്ടിയാണ്, നാഷണൽ പാർട്ടിയാകാൻ നിങ്ങൾ അപ്പീൽ കൊടുത്തിരിക്കുകയാണ്. നായ്കുറുക്കൻ വണ്ടിക്ക് നാഷണൽ പെർമിറ്റ് എന്തിനാണ്? അതിന്റെ ആവശ്യമില്ലല്ലോ. ഇത് പ്രാദേശിക പാർട്ടിയാണ്, നിങ്ങളും ഞങ്ങളും ഒരുപോലെയാണ്. അങ്ങനെ നിന്നാൽമതി, നാഷണൽ പെർമിറ്റിന് ദേശീയതലത്തിൽ പോകണ്ട. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റങ്ങളുണ്ടാക്കി നമ്മുടെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനുതകുന്ന വിധത്തിലായിരിക്കണം നമ്മുടെ നിയമനിർമ്മാണം എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. എസ്. അരുൺ കുമാർ: സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ സർവ്വകലാശാല നിയമങ്ങൾ പുനർരൂപകല്പന ചെയ്യുന്നത് സ്വാഗതാർഹമാണ്. പുതിയ കോഴ്സുകൾ അനുവദിക്കുന്നതും അതിന് അപേക്ഷിക്കാനുള്ള സമയപരിധി നീട്ടുന്നതും ഈ സാഹചര്യത്തിൽ ഏറെ ഗുണകരവുമാണ്. നമ്മുടെ രാജ്യത്ത് കേരളം പല വിഷയങ്ങൾക്കും മാതൃകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനും കേരളത്തിന് അതിന്റേതായ മാതൃകയുണ്ടാകണം. കഴിഞ്ഞ നാളുകളിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളാണുണ്ടായത്. അതേ നിലയിൽ കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കാനുള്ള ലക്ഷ്യത്തോടെ വലിയ മാറ്റങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി മുന്നോട്ടുപോകുന്നത്. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ ഈ മേഖലയിൽ നിരവധി പരിണാമങ്ങളുണ്ടായിട്ടുണ്ട്. ഈ സർക്കാർ സമ്പൂർണ്ണ വിദ്യാഭ്യാസ പരിവർത്തനത്തിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലുൾപ്പെടെ സാർവ്വജനികമായ നിലവാരം പുലർത്തുന്ന കോഴ്സുകൾ കടന്നുവരികയാണ്. നമ്മുടെ വിദ്യാർത്ഥികൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസം നേടാനുള്ള അവസരമുണ്ടാകുകയാണ്. ജ്ഞാനസമൂഹ നിർമ്മിതിയിലേയ്ക്ക് കേരളം പരിവർത്തനപ്പെടുമ്പോൾ വിപ്ലവകരമായ മാറ്റങ്ങളാണ്

ഈ മേഖലയിലുണ്ടാകുന്നത്. സർവ്വകലാശാലകൾ കേവലമായ അറിവുൽപ്പാദന കേന്ദ്രങ്ങളോ തൊഴിലന്വേഷകരെ നിർമ്മിക്കുന്ന കേന്ദ്രങ്ങളോ അല്ല. മറിച്ച് അവ തൊഴിൽദായക കേന്ദ്രങ്ങളായി വികസിക്കാൻപോകുന്നു. വ്യവസായശാലകൾ സർവ്വകലാശാലകളുമായി ബന്ധമുണ്ടാക്കി ആ പ്രവർത്തനങ്ങളിലേയ്ക്ക് പോകുകയാണ്. ഇതിന്റെ ഭാഗമായി പുതിയ വിദ്യാഭ്യാസ രീതികൾ കടന്നുവരുന്നു. ഓരോ സർവ്വകലാശാലയും കേരളത്തിന്റെ സമൂഹനിർമ്മിതിയുടെ പണിയെടുക്കുന്നവരായി മാറുന്നു. ഇവിടെ യു.ഡി.എഫ്. പ്രതിനിധികളും സംസാരിച്ചു. യു.ഡി.എഫ്. ഭരണകാലത്തെ ഉന്നത വിദ്യാഭ്യാസം സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും കച്ചവടം നടത്താനും വേണ്ടിയുള്ളതാണെന്ന് നാം തിരിച്ചറിഞ്ഞു. ഭൂദാനം അടക്കമുള്ള കാര്യങ്ങളും ഒരു വിദ്യാർത്ഥി സംഘടന കരിഓയിൽ ഒഴിച്ച സംഭവവും എല്ലാവരും അറിഞ്ഞിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അറിവുൽപ്പാദന കേന്ദ്രങ്ങളെ സമൂഹനിർമ്മിതിയുടെ സൂചകങ്ങളാക്കി മാറ്റണമെന്നുള്ള ബോധം യു.ഡി.എഫ്.-ന്റെ സമയത്തുണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കേവലം ലാഭത്തിനുമാത്രമുള്ള മേഖലയായിട്ടാണ് ഉന്നത വിദ്യാഭ്യാസ മേഖലയെ യു.ഡി.എഫ്.-ന്റെ കാലത്ത് കണ്ടത്. ഇതുമായി ബന്ധപ്പെട്ട് അന്ന് വലിയ നിലവാരത്തകർച്ചയാണ് ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായത്. ഇവിടെനിന്നുമാണ് ഇടതുപക്ഷ സർക്കാർ ഒരു ജ്ഞാന സമൂഹ നിർമ്മിതിയിലേയ്ക്ക് കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യശാസ്ത്രം, കലാ-സാംസ്കാരിക-ശാസ്ത്ര-സാങ്കേതികവിദ്യ-സാഹിത്യ-മാനവിക വിഷയങ്ങളുൾപ്പെടുത്തി സങ്കരവിഷയങ്ങളിലൂടെയടക്കം നൂതന വിദ്യാഭ്യാസ രീതിയിലേയ്ക്ക് നാം മാറുകയാണ്. ജനിതക ശാസ്ത്രം, കാലാവസ്ഥാ വ്യതിയാനം, ഡി.എൻ.എ. ബാർകോഡിംഗ്, നിർമ്മിത ബുദ്ധി, മെഡിക്കൽ ബയോടെക്നോളജി, ലൈഫ് സയൻസ്, റോബോട്ടിക്സ് അടക്കമുള്ള പുതിയ കോഴ്സുകൾ ഇപ്പോൾ പഠിക്കാനും പഠിപ്പിക്കപ്പെടാനും പോകുന്നു. ഇത്തരത്തിൽ പരിവർത്തനോന്മുഖമായ രീതിയിൽ ഉന്നത വിദ്യാഭ്യാസരംഗം മാറുന്നൊരു കാഴ്ച നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഉന്നത വിദ്യാഭ്യാസത്തിലെ മറ്റൊരു പ്രശ്നം ആട്ടോണമസിന്റെ ഭാഗമായി വിദ്യാർത്ഥി രാഷ്ട്രീയത്തെ ഇല്ലാതാക്കുന്ന സ്ഥിതിയുണ്ടാകുന്നുവെന്നതാണ്. ഈ നിയമസഭയിലിരിക്കുന്ന പല അംഗങ്ങളും കലാലയ രാഷ്ട്രീയത്തിലൂടെ കടന്നുവന്നിട്ടുള്ളവരാണ്. 'മറവികൾക്കെതിരെ ഓർമ്മകൾ നടത്തുന്ന സമരമാണ് രാഷ്ട്രീയം' എന്നാണ് മിലാൻ കുന്ദേര പറഞ്ഞിട്ടുള്ളത്. നാം നടന്നുവന്ന വഴികളും സമൂഹത്തിന്റെ സ്ഥിതിവിശേഷങ്ങളും വിദ്യാർത്ഥിസമൂഹം മറന്നു പോകാതിരിക്കാനായി കലാലയങ്ങളിൽ രാഷ്ട്രീയമുണ്ടായേ മതിയാകൂ. രാഷ്ട്രീയ ബോധവും നിലപാടുകളുമില്ലാത്ത ഒരു വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുകയാണെങ്കിൽ അത്തരമൊരു അരാഷ്ട്രീയ പരിസരത്തിൽ നാം എങ്ങനെയാണ് ജ്ഞാന സമൂഹ നിർമ്മിതിയിലേയ്ക്ക് പരിണമിക്കുന്നത്. അതിനാൽ കലാലയ രാഷ്ട്രീയത്തെ കാലഘട്ടത്തിന്റെ അനിവാര്യതയായിക്കാണണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ പ്രധാനപ്പെട്ട കാര്യത്തിലേയ്ക്കാണ് ശ്രീ. എം. എസ്. അരുൺ കുമാർ കടന്നുവരുന്നത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇടപെടുന്നത്. ഞാനും കലാലയ രാഷ്ട്രീയത്തിലൂടെ കടന്നുവന്ന ആളാണ്. കലാലയ രാഷ്ട്രീയമുണ്ടായിരുന്ന കാലഘട്ടത്തിൽ നമ്മുടെ കലാലയങ്ങൾ സർഗ്ഗാത്മകമായിരുന്നു. അവിടെ ജാതിയുടെയും മതത്തിന്റെയും പേരിലുള്ള സംഘടനകളില്ലായിരുന്നു. വിദ്യാർത്ഥികളെ ചിന്തിപ്പിക്കാനും അതോടൊപ്പം നൂതന ആശയങ്ങൾ കൊണ്ടുവരാനുമുള്ള വലിയ പരിശ്രമം നടന്നുകൊണ്ടിരുന്നു. കലാപരമായും സാഹിത്യപരമായും ക്യാമ്പസുകൾ ഉണർന്നിരുന്നു. പക്ഷേ കലാലയ രാഷ്ട്രീയം നിരോധിച്ചതോടുകൂടി മറ്റ് രീതിയിലുള്ള ഇടപെടലുകൾ അവിടെ ഉണ്ടായിരിക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. കലാലയ രാഷ്ട്രീയത്തിന്റെ പ്രസക്തി മനസ്സിലാക്കി അതിലേയ്ക്ക് തിരിച്ചുവരുന്നതിനായി നിയമപരമായ നടപടികളുടെയും കോടതി ഇടപെടലുകളുടെയും ആവശ്യകതയുണ്ട്. ഏറ്റവും അവസാനം പാലായിലെ കോളേജിലുണ്ടായ സംഭവ വികാസങ്ങൾ നമുക്കറിയാം. കലാലയ രാഷ്ട്രീയമില്ല, കലാലയത്തിൽ നേതാക്കന്മാരില്ല എന്നുപറഞ്ഞാൽ 18 വയസ്സ് പൂർത്തിയായ വോട്ടവകാശമുള്ള ഒരാൾ രാഷ്ട്രീയപരമായി ചിന്തിക്കുന്നതിനെ എതിർക്കാൻ കോടതികൾപോലും മുന്നോട്ടുവരരുതെന്നുള്ളതാണ് യാഥാർത്ഥ്യം. ആ ഒരു തിരിച്ചറിവ് അങ്ങേയ്ക്കുണ്ട്. അതിനെ താങ്കൾ അനുകൂലിക്കുന്നുണ്ടോ? ഈ കാലഘട്ടത്തിൽ സ്ത്രീ-പുരുഷ സമത്വം അനിവാര്യമാണ്. മിക്ക കലാലയങ്ങളിലും ഏറ്റവും കൂടുതൽ പഠിക്കുന്നത് പെൺകുട്ടികളാണ്. ഈ കാലഘട്ടത്തിൽ എന്തിനാണ് വിമൺസ് കോളേജ്; അതിന്റെ പ്രസക്തി നഷ്ടപ്പെട്ടില്ലേ? അതുകൊണ്ട് കേരളത്തിലെ വിമൺസ് കോളേജുകൾ മിക്സഡ് കോളേജുകളാക്കി മാറ്റുകയും അവിടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യനീതി എന്ന രീതിയിലേയ്ക്ക് ഒരു മാറ്റമുണ്ടാകേണ്ടതും ഈ കാലഘട്ടത്തിലെ ആവശ്യമല്ലേ; അതുകൂടി അങ്ങ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെ പൂർണ്ണമായും അനുകൂലിക്കുന്നു. ഇവിടെ ഞാൻ ആദ്യം സൂചിപ്പിച്ചുവന്നതും അതിലേയ്ക്കുതന്നെയാണ്. കലാലയ രാഷ്ട്രീയം അനിവാര്യമാണ്. ഇപ്പോൾ ഇവിടെ നടന്നിട്ടുള്ള സംഭവങ്ങളൊക്കെ അരാഷ്ട്രീയ സമൂഹത്തിലുണ്ടാകുന്ന കാര്യങ്ങളാണ്. അത് തുടരാതിരിക്കാൻ നാം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നുതന്നെയാണ് സൂചിപ്പിക്കാനുള്ളത്. ലിംഗസമത്വമുള്ള കാര്യങ്ങളിലേയ്ക്ക് പാർട്ടിയുൾപ്പെടെ യുള്ളവരുടെ നിലപാട് നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. സമൂഹത്തിനകത്ത് എല്ലാവരും ഒന്നാണ്. ആർക്കും പ്രത്യേകിച്ച് പദവികളൊന്നുമില്ല. സ്ത്രീയും പുരുഷനും ഒന്നുതന്നെയാണ്. മുമ്പ് ഒരു സർക്കാരും ചിന്തിക്കുകപോലും ചെയ്തിട്ടില്ലാത്ത

അതിവിപ്ലവകരമായ ലക്ഷ്യത്തിലേയ്ക്ക് ഈ സർക്കാർ ശരവേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ വൈജ്ഞാനിക സമൂഹത്തിൽ മാതൃഭാഷയ്ക്കുകൂടി പ്രാധാന്യം നൽകേണ്ടതുണ്ട്. അതിനെ അവിഭാജ്യഘടകമായി നമുക്ക് മാറ്റിയെടുക്കാം. ലോകവിജ്ഞാനത്തിലേയ്ക്കുള്ള കവാടമായി മലയാളഭാഷ മാറണം. ശാസ്ത്ര-സാങ്കേതിക വിഷയങ്ങളും നിർമ്മിത ബുദ്ധിയടക്കമുള്ള അതിനൂതന പാഠ്യപദ്ധതികളും മലയാളത്തിൽക്കൂടി പഠിപ്പിക്കുന്ന സ്ഥിതിയുണ്ടാകണം. നമ്മുടെ വിദ്യാർത്ഥികളെല്ലാം ഉപരിപഠനത്തിന് വിദേശത്തേയ്ക്കുപോകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. പുതിയ കാലഘട്ടത്തിൽ വിദേശ വിദ്യാർത്ഥികളെ കേരളത്തിലേയ്ക്ക് ഉപരിപഠനത്തിനായി ആകർഷിക്കുന്ന സ്ഥിതിയുണ്ടാകണം. അന്തർ സർവ്വകലാശാല വിദ്യാ വിനിമയം നടപ്പാക്കണം. എന്റെ നിയോജകമണ്ഡലത്തിലെ രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ ഇറാനിൽനിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെ പഠിക്കുന്നുണ്ട്. ആഫ്രിക്ക, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നൊക്കെ വിദ്യാഭ്യാസത്തിനായി നിരവധി വിദ്യാർത്ഥികൾ നമ്മുടെ നാട്ടിലേയ്ക്ക് വരാൻ തയ്യാറായിട്ടുണ്ട്. അവരെ ആകർഷിക്കാൻ കഴിയുന്നതരത്തിൽ അന്തർ സർവ്വകലാശാലകൾ ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ ക്രമീകരണങ്ങളുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീമതി ശാന്തകുമാരി കെ</u>: സർ, കേരളത്തിൽനിന്നും നിരവധി കുട്ടികൾ എം.ബി.ബി.എസ്. പോലുള്ള വിവിധ കോഴ്സുകൾക്ക് മറ്റുരാജ്യങ്ങളിലേയ്ക്ക് പോകുന്ന സ്ഥിതിവിശേഷമുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. അടുത്തകാലത്തായി കേരളത്തിൽനിന്ന് ഏതാണ്ട് നാലായിരത്തിലധികം കുട്ടികൾ ചൈനയിൽ എം.ബി.ബി.എസ്.-ന് പഠിക്കുകയാണ്. ദേശീയതലത്തിലുള്ള പരീക്ഷയുൾപ്പെടെ എഴുതി റാങ്ക് വാങ്ങിയവരാണ് അവിടെ പോയി പഠിക്കുന്നത്. ഇപ്പോൾ അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നമാണ് കോവിഡ്-19, അതിന്റെ തുടക്കം ചൈനയിലാണ്. ഇതിനുശേഷം ആ കുട്ടികൾക്ക് ചൈനയിലേയ്ക്ക് തിരിച്ചുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടെന്നുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെ ഇത്തരം ഘട്ടങ്ങളിൽ ഇറാൻ, ഇറാഖ് തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നും ഇങ്ങോട്ട് വരാൻ കഴിയാത്ത സന്ദർഭത്തിൽപ്പോലും ഇന്ത്യയിലുള്ള കുട്ടികളെ പഠിപ്പിക്കാനുള്ള സൗകര്യമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ചൈനയിൽ പഠിച്ചിരുന്ന കുട്ടികൾക്ക് ഇപ്പോൾ അതിന് സാധിക്കുന്നില്ല; വിസ കൊടുക്കാൻ കഴിയാത്ത അവസ്ഥ വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്ക് കേരളത്തിൽത്തന്നെ സൗകര്യമുണ്ടാക്കേണ്ടതല്ലേ എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് എം.ബി.ബി.എസ്.-ന് പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻവഴി ക്ലാസ്സുകൾ ലഭിക്കുന്നുണ്ട്. പക്ഷേ അവർക്ക് ശരീരശാസ്ത്രവുമായി ബന്ധപ്പെട്ട് പ്രാക്ടിക്കൽ ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചതുമാണ്. അതുകൊണ്ട് ചെറിയ ഫീസ് ഈടാക്കിക്കൊണ്ടായാലും അത്തരത്തിലുള്ള സൗകര്യമൊരുക്കാൻ നമ്മുടെ മെഡിക്കൽ കോളേജുകളെ പ്രാപ്തമാക്കുകയോ നിയമംമൂലം അനുവദിക്കുകയോ ചെയ്യുന്നതിന് ശ്രമിക്കണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> സർ, തീർച്ചയായും, ഇത്തരം വിദ്യാർത്ഥികൾ ഞങ്ങളെയും സമീപിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ ശ്രദ്ധയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഞാൻ സൂചിപ്പിച്ചുവന്നത്, വിദ്യാർത്ഥികളുടെ കഴിവുകൾ പരമാവധി വികസിപ്പിക്കുന്ന തരത്തിൽ, സ്വയം പഠന ചുമതലകൾ അവരെ ഏൽപ്പിക്കുന്ന തരത്തിലേയ്ക്കുള്ള പഠന സംവിധാനംകൂടി ഉയർന്നുവരേണ്ടതായിട്ടുണ്ട്. വിദ്യാർത്ഥികൾ മുഴുവൻ സമയവും ക്ലാസ്സ് മുറികളിൽമാത്രം ഒതുങ്ങിനിന്ന് പഠിക്കണമെന്നത് കാലഹരണപ്പെട്ട രീതിയാണ്. വിദ്യാഭ്യാസം സർഗ്ഗാത്മക പ്രവർത്തനമാണ്; അത് നിരന്തരമായൊഴുകേണ്ട നദിയാണ്. നദിയുടെ ഒഴുക്കിനെ തടഞ്ഞ് ഒരു കിണറ്റിലേയ്ക്ക് ഒതുക്കുന്ന സാഹചര്യം പലയിടത്തും നിലനിൽക്കുന്നു. ആട്ടോണമസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വരുമ്പോൾ ആ നിലയിലേയ്ക്ക് ഒതുക്കപ്പെടുന്ന സാഹചര്യമുണ്ടാകും. വിശ്വമാനവിക സങ്കൽപ്പത്തിൽ നിലയുറപ്പിക്കേണ്ട വിദ്യാർത്ഥികളെ ക്ലാസ്സ് മുറികളിൽ തളച്ചിടുന്ന രീതിക്ക് മാറ്റമുണ്ടാകണം. ഓൺലൈൻ പഠനം ഏറ്റവും നന്നായി നടക്കുന്ന സാഹചര്യമുണ്ട്; ഗവൺമെന്റ് മുൻകയ്യെടുത്ത് ആ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ട്; അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി മികച്ച വിദേശ സർവ്വകലാശാലകളിൽനിന്നും പഠനം ലഭ്യമാക്കുന്നതിനുള്ള പുതിയ സംരംഭങ്ങളുണ്ടാക്കാൻ കഴിയുന്ന സാഹചര്യവുമുണ്ട്. പക്ഷേ പുതിയ ദേശീയ വിദ്യാഭ്യാസനയം ജനാധിപത്യ വിരുദ്ധമാണ്. പ്രധാനമായും സ്വകാര്യവത്കരണം അതിലെടുത്തു പറയുന്നുണ്ട്. കലാലയങ്ങളെ വിജ്ഞാന ഉൽപാദന കേന്ദ്രങ്ങളാക്കി മാറ്റുന്ന കാഴ്ചപ്പാടിൽനിന്ന് ഭരണാധികാരികൾ പൂർണ്ണമായും പിൻവാങ്ങുകയാണുണ്ടായിട്ടുള്ളത്. ഇവിടെ ബഡ്ജറ്റിലും ബഹുമാനപ്പെട്ട മന്ത്രിയും സൂചിപ്പിച്ചതുപോലെ ഉന്നത വിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 30 അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതും 500 പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് നൽകുന്നതുമുൾപ്പെടെ നിരവധി ഗവേഷക വിദ്യാർത്ഥികളെ ആകർഷിക്കുന്ന നിലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തലത്തിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ മേഖല മാറിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, നമ്മുടെ ക്യാമ്പസുകൾ ജ്ഞാനോൽപ്പാദന കേന്ദ്രങ്ങളാകണമെന്ന് അങ്ങ് പരാമർശിക്കുകയുണ്ടായി. പ്രത്യേകിച്ചും വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിൽനിന്നും വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം കവിതയാണെങ്കിലും പ്രണയമാണെങ്കിലും രാഷ്ട്രീയമാണെങ്കിലും സാമൂഹ്യ പ്രവർത്തനത്തിലെ ഇടപെടലുകളാണെങ്കിലും എല്ലാ സർഗ്ഗവാസനകളും തിരതല്ലിയൊഴുകുന്ന ഒരു കാലമാണ് ക്യാമ്പസ് ജീവിതം. ലോകത്തിന്റെ ഏതുഭാഗത്തും ഇരമ്പിയാർക്കുന്ന ജനമുന്നേറ്റങ്ങൾക്കൊപ്പംനിന്ന ക്യാമ്പസുകളാണ് കേരളത്തിലേത്. പാബ്ലോ നെരൂദ, ബെഞ്ചമിൻ മൊളോയിസ്, നെൽസൺ മണ്ടേല, ചെഗുവേര എന്നിവരെക്കുറിച്ചെല്ലാം നമ്മുടെ ക്യാമ്പസുകൾ ചർച്ച ചെയ്തതാണ്. സിനിമയിലെയും സാഹിത്യത്തിലെയും മാറ്റങ്ങളും മാജിക്കൽ റിയലിസവുമെല്ലാം ചർച്ച ചെയ്തു. ഗബ്രിയേൽ ഗാർസ്യ മാർക്കേസ് 'One Hundred Years of Solitude' എന്ന പുസ്തകമെഴുതിയപ്പോൾ അത് ഏറ്റവുമാദ്യം ചർച്ച ചെയ്യപ്പെട്ടത് കേരളത്തിലെ ക്യാമ്പസുകളിലായിരുന്നു. രാഷ്ട്രീയമെന്നത് ശരിയായ മനുഷ്യനെ രൂപപ്പെടുത്തുന്ന ചേതോഹരമായ ഒരു പ്രക്രിയയാണെങ്കിൽ, ക്യാമ്പസുകളിൽനിന്ന് അതില്ലാതായപ്പോൾ അവിടേയ്ക്ക് വർഗ്ഗീയതയും മയക്കുമരുന്നും കടന്നുവന്നു. അവിടെ മലയാളിയായി, മനുഷ്യനായി വളരേണ്ട കുട്ടികൾ തന്റെ പ്രണയത്തെ വിസമ്മതിച്ചാൽ പ്രണയിനിയെ കഴുത്തറുത്ത് കൊലപ്പെടുത്തണമെന്ന ചിന്തയിലേയ്ക്ക് മാറിയതിനുപിന്നിൽ അരാഷ്ട്രീയ വൽക്കരണം ഒരു ഘടകമാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കേരളം ഒരു വൈജ്ഞാനിക സമൂഹമാണ്. നമ്മുടെ ക്യാമ്പസുകൾക്ക് കേരളീയ സമൂഹത്തിൽ വലിയ സംഭാവന നൽകാൻ കഴിഞ്ഞു. കൃഷിയിലാണെങ്കിലും ശാസ്ത്ര-സാങ്കേതികവിദ്യയിലാണെങ്കിലും സാമൂഹ്യമായിട്ടാണെങ്കിലും ലോകത്തിലെ എല്ലാ മികച്ച കണ്ടു പിടുത്തങ്ങളുമുണ്ടായിട്ടുള്ളത് ക്യാമ്പസ് കാലത്താണ്. കേരളത്തിന്റെ ക്യാമ്പസുകളിലുണ്ടാകുന്ന മികച്ച ആശയങ്ങളെയും നൂതന ചിന്തകളെയും പുതിയ സ്വപ്നങ്ങളെയും ഉന്നംപിഴയ്ക്കാത്ത സംരംഭങ്ങളാക്കി മാറ്റുന്നതിനായി സമൂഹവും ഇൻഡസ്ട്രിയും പലതരം പുതിയ സംരംഭങ്ങളുമായി ക്യാമ്പസുകൾക്ക് ഒരു ലിങ്കേജ് ഉണ്ടാകണമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, തീർച്ചയായും. ഞാൻ അതിനെക്കുറിച്ച് ആദ്യംതന്നെ സൂചിപ്പിച്ചു. രാഷ്ട്രീയം നമ്മുടെ ക്യാമ്പസിനകത്തുണ്ടാകണം. എല്ലാവർക്കും ആശ്രയിക്കാനും ലോകോത്തര മാതൃക സൃഷ്ടിക്കാനും സാധിക്കുന്നതരത്തിൽ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള വിദ്യാഭ്യാസ രീതികൾ നമ്മുടെ നാട്ടിലുണ്ടായിക്കൊണ്ടിരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. പുതുപുലരി

പിറക്കുന്ന കാലഘട്ടത്തിലേയ്ക്ക് നമ്മുടെ കലാലയങ്ങളും സമൂഹവും നടന്നുനീങ്ങുന്ന കാലത്തിന് സാക്ഷ്യം വഹിക്കാൻ സാധിച്ച അഭിമാനബോധത്തോളം വലുതായി ഇനി മറ്റൊന്നും നമുക്കുണ്ടാകുന്നില്ല. അത്തരമൊരു സുധീരമായ നിലപാടിലേയ്ക്ക് കേരളത്തെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനോട് ഐക്യപ്പെടേണ്ടത് മാനവികമൂല്യങ്ങളിൽ വിശ്വസിക്കുന്ന ഓരോ മലയാളിയുടെയും കടമയാണെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഇതിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

Shri M. Vincent: Sir, I move that- "This House resolves to disapprove The University Laws (Amendment) (No.2) Ordinance, 2021 (Ordinance No. 94&100 of 2021)." ഈ ബില്ലിൽ പരാമർശിക്കുന്ന മൂന്ന് സർവ്വകലാശാലകളും ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റുകളുടെ സംഭാവനയാണ്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴും കേരളത്തിൽ സ്ഥാപിച്ചവയാണ്. അപ്പലേറ്റ് ട്രൈബ്യൂണൽ, അന്തർ സർവ്വകലാശാല കൂടിയാലോചന സമിതി എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട ഭേദഗതികളാണ് ഈ ബില്ലിലുള്ളത്. ഇതിൽ അന്തർ സർവ്വകലാശാല കൂടിയാലോചന സമിതി നേരത്തെ തന്നെയുള്ള നിർവ്വഹണ സമിതികളിലൊന്നാണ്. പൊതുസഭയുടെയും നിർവ്വാഹക സമിതിയുടെയും കൂട്ടത്തിൽവരുന്ന ഒരു സമിതിയാണിത്. എന്നാൽ ബാക്കിയെല്ലാ സമിതികളുടെയും ക്വാറം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുമ്പോൾ പ്രസ്തുത സമിതിയുടെ ക്വാറത്തെക്കുറിച്ച് മാത്രം പറയാതിരിക്കുന്നത് ഉചിതമല്ല. ഏത് യോഗം കൂടുന്നതിനും ക്വാറം പറയാറുണ്ട്. എന്നാൽ ഇതിൽ അത് പറഞ്ഞിട്ടില്ല. അതുകൊണ്ട് ക്വാറം സംബന്ധിച്ച് വ്യവസ്ഥ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല നിയമത്തിൽ രജിസ്ട്രാറുടെ നിയമനത്തെ സംബന്ധിച്ച് പറയുന്നത് "സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി സിൻഡിക്കേറ്റ് നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ സർക്കാർ അനുമതിയോടുകൂടി രജിസ്ട്രാറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്" എന്നാണ്. എന്നാൽ അത് "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളെ....." എന്ന രീതിയിലാണ് ഇപ്പോൾ മാറ്റം വരുത്തിയിരിക്കുന്നത്. സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണെന്ന്

പറയുമ്പോൾത്തന്നെ, സർക്കാരുകൾ ഇരിക്കാൻ പറഞ്ഞാൽ ഇരിക്കുകയും അവരുടെ ഇംഗിതത്തിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളായി മാറുകയാണ്. യൂണിവേഴ്സിറ്റി കൂടിയാലോചനയ്ക്കുശേഷം ഒരു രജിസ്ട്രാറെ നിർദ്ദേശിച്ചാൽ പോരാ, മൂന്ന് പേരുകൾ പറയണമെന്ന് വ്യവസ്ഥ ചെയ്യുന്നത് അവിടെയും സർക്കാരിന് ഇഷ്ടമുള്ള ആളുകളെ നിയമിക്കുന്നതിനുവേണ്ടിയാണ്. ഇത് സ്വയംഭരണ സ്വഭാവത്തെത്തന്നെ ഇല്ലാതാക്കുന്ന ഒരു നടപടിയാണ്. ഇതുതന്നെയാണ് ഫിനാൻസ് ഓഫീസറുടെ കാര്യത്തിലുമുള്ളത്. ഫിനാൻസ് ഓഫീസറായി മൂന്നുപേരെ നിർദ്ദേശിക്കണമെന്നും അതിലൊരാളെ ഗവൺമെന്റ് നിയമിക്കുമെന്നും പറയുന്നത് സർവ്വകലാശാലയുടെ സ്വയംഭരണ അവകാശങ്ങളിൽ കൈകടത്തുന്ന ഒന്നായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. '23 എ' എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തിയാണ് തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിലെ അപ്പലേറ്റ് ട്രൈബ്യൂണലിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സ്വയംഭരണാധികാരമുള്ള യൂണിവേഴ്സിറ്റികളിൽ സർക്കാർ അമിതമായി ഇടപെടുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. സർക്കാർ അധികാരം ചെലുത്തിയിട്ടുപോലും സ്വയംഭരണാധികാരമുള്ള യൂണിവേഴ്സിറ്റികളിൽ വിദ്യാർത്ഥികളനുഭവിക്കുന്ന പ്രയാസങ്ങളും മാനസിക പീഡനങ്ങളും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നെനിക്ക് സംശയമാണ്. ഒരു ഉദാഹരണം പറയാം. കോയമ്പത്തൂരിലെ അമൃത വിശ്വവിദ്യാപീഠം എന്ന ഡീംഡ് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ചെയ്യുകയായിരുന്ന, എന്റെ നാടായ കൊല്ലങ്കോടിലെ, എം.ടെക് ഗോൾഡ് മെഡലിസ്റ്റായ ഒരു പെൺകുട്ടി അദ്ധ്യാപകരുടെ മാനസിക പീഡനംമൂലം ആത്മഹത്യ ചെയ്യുകയുണ്ടായി. ആ പെൺകുട്ടി സ്പോർട്സ് രംഗത്ത് ദീർഘദൂര ഓട്ടത്തിൽ നിരവധി മെഡലുകൾ വാങ്ങിയിട്ടുണ്ട്. അത്തരം ശാരീരികവും മാനസികവുമായി കരുത്തുള്ള പെൺകുട്ടി, പി.എച്ച്.ഡി.-ക്ക് തീസിസ് സബ്മിറ്റ് ചെയ്തിട്ടുപോലും അദ്ധ്യാപകരിൽ നിന്നുണ്ടായ ദുരനുഭവംകാരണം കഴിഞ്ഞ മാസമാണ് ആത്മഹത്യ ചെയ്തത്. വീട്ടിൽ അനുജത്തിയുൾപ്പെടെ പി.എച്ച്.ഡി. എടുത്തപ്പോൾ, തന്റെ വലിയൊരു ആഗ്രഹമായിരുന്ന പി.എച്ച്.ഡി. എന്നതുകൊണ്ട് അതിനുവേണ്ടി പരിശ്രമിച്ചിട്ടും നിരവധി തവണ അദ്ധ്യാപകരുടെ കാലുപിടിക്കുന്നതുപോലെ അഭ്യർത്ഥിച്ചിട്ടും അവരിൽനിന്നുണ്ടായ ദുരനുഭവത്തിന്റെ ഭാഗമായാണ് ആത്മഹത്യ ചെയ്തത്. സർക്കാരിന്റെ നിയന്ത്രണമില്ലാത്ത ഇത്തരം ആട്ടോണമസ് കോളേജുകളിലുണ്ടാകുന്ന ദുരനുഭവം നിയന്ത്രിക്കപ്പെടേണ്ടതല്ലേ; അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

2.00 p.m.

ശ്രീ. എം. വിൻസെന്റ്: സർ, ഇവിടെ പരാമർശിച്ചത് വളരെ ദാരുണമായ സംഭവമാണ്. അങ്ങ് പങ്കുവച്ച വികാരത്തോട് യോജിക്കുകയാണ്. ഒരു രജിസ്ട്രാറുടെയോ ഫിനാൻസ് ഓഫീസറുടെയോ നിയമനംകൊണ്ട് പരിഹരിക്കാൻ കഴിയുന്ന വിഷയങ്ങളല്ല അങ്ങിവിടെ ഉന്നയിച്ചത്. മുൻ രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ നാമധേയത്തിൽ രൂപീകൃതമായ സർവ്വകലാശാലയാണ് എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല. വിദ്യാഭ്യാസത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ളത്, "Education is the most powerful weapon which you can use to change the world" എന്നാണ്. ആ സർവ്വകലാശാലയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ വീക്ഷണത്തോട് എന്തെങ്കിലും നീതിപുലർത്താൻ അതിന് സാധിക്കുന്നുണ്ടോ? വളരെ ഗുരുതരമായ വിഷയമല്ലേ ശ്രീ. റോജി എം. ജോൺ ഇവിടെ ചൂണ്ടിക്കാണിച്ചത്. യാതൊരു യോഗ്യതയുമില്ലാത്ത ആളുകളെക്കൊണ്ട് പരീക്ഷാ മൂല്യനിർണ്ണയം നടത്തുകയാണ്. വിദ്യാഭ്യാസത്തിൽ ഒരു വിദ്യാർത്ഥിയുടെ ഏറ്റവും സുപ്രധാനമായ ഘട്ടമാണ് മൂല്യനിർണ്ണയം. ഒരു കാലയളവ് മുഴുവനുമുള്ള അവരുടെ കഠിനാദ്ധ്വാനം നിർണ്ണയിക്കപ്പെടുന്ന ആ മൂല്യനിർണ്ണയം യോഗ്യതയില്ലാത്ത അദ്ധ്യാപകരെവച്ച് ചെയ്യുകയാണ്. മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകർക്കുവേണ്ടി മാനദണ്ഡമുണ്ടാക്കണ്ടേ? ഇവിടെ മൂല്യനിർണ്ണയത്തിൽ പാളിച്ചയുണ്ടായിരിക്കുകയാണ്. അത് പരിഹരിക്കുന്നതിന് പുനർമൂല്യനിർണ്ണയം നടത്തിയപ്പോൾ അതിലും പാളിച്ചയുണ്ടാകുകയാണ്, നേരത്തെ കിട്ടിയ മാർക്കിനെക്കാളും കുറവ് മാർക്കാണ് ലഭിക്കുന്നത്. ആത്മവിശ്വാസം കൊണ്ടുമാത്രമാണ് ആ കുട്ടികൾ കോടതിയെയും ലോകായുക്തയെയും സമീപിച്ചത്. സർവ്വകലാശാലാ അധികൃതരോട് പറഞ്ഞപ്പോൾ അവരത് ചെവിക്കൊണ്ടില്ല. കോടതിയിൽപ്പോയ രണ്ട് കുട്ടികൾ മാത്രമല്ല അതേ ബാച്ചിലുള്ള 7-ാം സെമസ്റ്ററിലെ അനേകം കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട് പരാതിയുണ്ടായിരുന്നു. ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ച് ഇത് റിവ്യൂ ചെയ്തപ്പോഴാണ് 24 മാർക്ക് 70 ആയി മാറിയത്. ഇങ്ങനെ സർവ്വകലാശാലയുടെ നിരുത്തരവാദപരമായ സമീപനംമൂലം എത്ര കുട്ടികളുടെ ഭാവിയാണ് തകർന്നുപോയത്. ഇത് അന്വേഷിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. മൂല്യനിർണ്ണയങ്ങളിലുള്ള വീഴ്ചകളെക്കുറിച്ച്, ഏറ്റവും കുറഞ്ഞപക്ഷം ഇപ്പോൾ നടന്നിട്ടുള്ള മൂല്യനിർണ്ണയത്തിലെ വീഴ്ചയെക്കുറിച്ച് അന്വേഷണം നടത്തണം. ഒന്നോ രണ്ടോ അല്ലെങ്കിൽ നാലോ അഞ്ചോ മാർക്കിന്റെ വ്യത്യാസം വന്നാൽ നമുക്ക് മനസ്സിലാക്കാം, ഇത് 70 മാർക്കിന് പരീക്ഷയെഴുതിയ ഒരു കുട്ടിക്ക് 24

മാർക്കാണ് കിട്ടുന്നത്. തനിക്ക് കൂടുതൽ മാർക്ക് കിട്ടുമെന്ന് മനസ്സിലാക്കി പുനർമൂല്യനിർണ്ണയത്തിന് കൊടുത്തപ്പോൾ അത് വീണ്ടും കുറഞ്ഞ് 17 മാർക്കാകുകയാണ്. പുനർമൂല്യനിർണ്ണയത്തിൽ കെ.ടി.യു. ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ അതിന്റെ പ്രോ-ചാൻസലർ കൂടിയായ മന്ത്രി ഇടപെടണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഒരു സർവ്വകലാശാലയിലുമില്ലാത്ത വിധത്തിൽ ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളാണ് ഇവിടെയുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം പി.എസ്.സി.-ക്ക് വിടുകയും ടീച്ചർമാരുടെ നിയമനം മാത്രം നേരിട്ടുമാക്കിയിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിലുള്ളവർ നോൺ ടീച്ചിംഗ് സ്റ്റാഫാണോ അതോ ടീച്ചിംഗ് സ്റ്റാഫാണോ എന്നുചോദിച്ചപ്പോൾ, അല്ല എന്നാണ് പറഞ്ഞത്. ഇത് രണ്ടിലുംപെടാത്ത വിശേഷപ്പെട്ട തസ്തികയാണ്. അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലേയ്ക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യത അദ്ധ്യാപന പരിചയമാണ്. അതോടൊപ്പംതന്നെ ആ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പഠിച്ചവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ഒരു സർവ്വകലാശാലയിലേയ്ക്ക് നിയമനം നടത്തുമ്പോൾ ആ സർവ്വകലാശാലയിൽ പഠിച്ചവർ മാത്രമേ അപേക്ഷിക്കാവൂ എന്ന നിബന്ധന വയ്ക്കാമോ? അത്തരത്തിലുള്ള ഒരു നിബന്ധനയാണ് ഈ യൂണിവേഴ്സിറ്റിയിൽ വച്ചിരിക്കുന്നത്. യു.ജി.സി. മാനദണ്ഡങ്ങൾ മറികടന്നുകൊണ്ട് യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയാണ് ഇത്തരം തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നവംബർ മാസം 1-ാം തീയതി സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സ്കൂൾ തുറക്കുന്ന വിഷയത്തെക്കുറിച്ചൊക്കെ വിശദമായി സംസാരിച്ചു, എന്നാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്താണ് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞില്ല. എം.എൽ.എ.മാർ, ജനപ്രതിനിധികൾ, യുവജന സംഘടനകൾ, മറ്റു സംഘടനകൾ തുടങ്ങിയവയെല്ലാം വിദ്യാലയങ്ങൾ തുറക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് പറഞ്ഞു, കാലാകാലങ്ങളായി നാമെല്ലാം ചെയ്യുന്നുമുണ്ട്. സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ അങ്ങോട്ട് പറഞ്ഞുവിടുന്നു എന്നതല്ലാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയൊന്നുമുണ്ടാകുന്നില്ല. കുറേ മാനദണ്ഡങ്ങളും രൂപരേഖകളും തയ്യാറാക്കിക്കൊടുത്തുവെന്നല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. അങ്ങനെ മന്ത്രി പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്താണ് താങ്കളുടെ അഭിപ്രായം?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സർവ്വകലാശാലകൾ അഭിമുഖീകരിക്കുന്ന അപചയത്തിന്റെ ആഴം വർദ്ധിച്ചുവരികയാണെന്ന് പൊതുവെ എല്ലാവരും പറയുകയുണ്ടായി. പരീക്ഷാ മൂല്യനിർണയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹുമാനപ്പെട്ട എം. വിൻസെന്റ് എം.എൽ.എ. ചൂണ്ടിക്കാണിച്ചു കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ പരീക്ഷ നടക്കുന്നില്ലെന്ന യാഥാർത്ഥ്യം കൂടിയുണ്ട്. കോഴിക്കോട് സർവ്വകലാശാലയിൽ ബി.എ. ഹിസ്റ്ററി ഡിസ്റ്റന്റ് എഡ്യൂക്കേഷനായി പഠിക്കുന്ന ഒരുകൂട്ടം വിദ്യാർത്ഥികൾ എന്നെ വന്നുകണ്ടിരുന്നു. രണ്ടരവർഷമായിട്ടും ആദ്യ സെമസ്റ്റർ പരീക്ഷ മാത്രമേ നടന്നിട്ടുള്ളൂ, മറ്റ് സെമസ്റ്റർ പരീക്ഷകളൊന്നും നടന്നിട്ടില്ല. റെഗുലർ ബാച്ചിനും പരീക്ഷ നടന്നിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. പരീക്ഷ നടക്കുന്നില്ല, നടന്നാൽത്തന്നെ യഥാസമയം മൂല്യനിർണ്ണയം നടക്കുന്നില്ല. കോഴിക്കോട്, എം.ജി., കേരള തുടങ്ങിയ എല്ലാ സർവ്വകലാശാലകളിലും സമാനമായ പ്രതിസന്ധികളുണ്ടാകുന്നുണ്ട്. പരീക്ഷാ ഫീസടയ്ക്കുന്നുണ്ട്, പക്ഷേ പരീക്ഷ നടക്കുന്നില്ല. അതിനുശേഷം പരീക്ഷകളെല്ലാം ഒരുമിച്ച് നടത്തിയാലും മൂല്യനിർണ്ണയം കൃത്യമായി നടക്കുന്നില്ല. മൂല്യനിർണ്ണയം നടത്തിക്കഴിഞ്ഞാലോ മാർക്ക് ലിസ്റ്റ് കൃത്യമായി കിട്ടുന്നില്ല. അത് കിട്ടിയാലും ഫീസ് അടച്ച് വർഷങ്ങളോളം കാത്തിരുന്നാലും ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. കുട്ടികൾക്കും ഒരു അവകാശമില്ലേ? കൃത്യമായി ഫീസടച്ച് പരീക്ഷ എഴുതിക്കഴിഞ്ഞാൽ നിശ്ചിത ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭിക്കേണ്ടതല്ലേ. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. നിശ്ചിത ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് കൊടുത്തില്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തണം. അതല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് നഷ്ടപരിഹാരം നൽകണം. ആ രീതിയിലുള്ള നിയമം കൊണ്ടുവരുന്ന കാര്യം അങ്ങ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ; അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എം. വിൻസെന്റ്: സർ, വളരെ ഗൗരവമുള്ള ഒരു കാര്യമാണിത്. ഇതുസംബന്ധിച്ച് ഒരു നിയമനിർമ്മാണംതന്നെ കൊണ്ടുവരേണ്ടതാണ്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് പുതിയ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുവേണ്ടി ഒരു സെന്റ് ഭൂമിപോലും ഏറ്റെടുക്കുന്നതിനുമുൻപ് ഈ വർഷം ഫെബ്രുവരി 16-ാം തീയതി തറക്കല്ലിട്ടിരുന്നു. കഴിഞ്ഞ ഫെബ്രുവരിയിൽ തെരഞ്ഞെടുപ്പിന് മുൻപ് നടത്തിയ മാരത്തോൺ ഉദ്ഘാടനങ്ങളുടെ ഭാഗമായിട്ടാണ് ഇതിന് തറക്കല്ലിട്ടത്. സാധാരണയായി സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നത് ഗവൺമെന്റുകളാണ്. ഏറ്റവുമവസാനം രൂപീകരിച്ച കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ

സർവ്വകലാശാലയ്ക്കുപോലും 14 ഏക്കർ സ്ഥലവും കെട്ടിടവും സർക്കാർ ഏറ്റെടുത്ത് നൽകുകയാണുണ്ടായത്. എന്നാൽ ഭൂമി ഏറ്റെടുക്കാനായി കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി 106 കോടി രൂപ ഗവൺമെന്റിലേയ്ക്ക് കൊടുക്കുകയുണ്ടായി. 106 കോടി രൂപ യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും ഇനിയും ഒരു 250 കോടി രൂപ കൂടി ലഭിച്ചാൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്നും കഴിഞ്ഞ നിയമസഭയിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞതാണ്. പക്ഷേ സർവ്വകലാശാല വിദ്യാർത്ഥികളിൽനിന്നും പിരിക്കുന്ന പണവും അഫിലിയേഷൻ ഫീസിനത്തിൽ ലഭിക്കുന്ന പണവും ചേർത്ത് ഇനിയും 250 കോടി രൂപകൂടി ആസ്ഥാനമന്ദിര നിർമ്മാണത്തിന് ചെലവഴിച്ചുകഴിഞ്ഞാൽ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ അവതാളത്തിലാകും. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ പണമെടുക്കേണ്ടി വന്നിട്ടുണ്ടോ? ഗവൺമെന്റല്ലേ പണം കൊടുക്കേണ്ടത്. അത് കൊടുത്തിട്ടില്ല എന്നുമാത്രമല്ല, ഏറ്റവും വിചിത്രമായ ഒരു കാര്യം, കഴിഞ്ഞ മന്ത്രിസഭയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ കാലത്തെ വിവിധ സർവ്വകലാശാലകൾ നടത്തിയ നേട്ടങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് 2020 ആഗസ്റ്റ് മാസം 29-ന് ഫെയ്സ്ബുക്ക് പോസ്റ്റിൽ പറഞ്ഞിരിക്കുന്നത് 'എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനും കെട്ടിടനിർമ്മാണത്തിനുമായി 50 കോടി രൂപ സർക്കാർ സർവ്വകലാശാലയ്ക്ക് കൈമാറി' എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ ഇതുസംബന്ധിച്ച് വിശദീകരിക്കണം. കഴിഞ്ഞ സർക്കാരിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത്തരത്തിൽ 50 കോടി രൂപ സർവ്വകലാശാലയ്ക്ക് കൊടുത്തിട്ടുണ്ടെന്ന് ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ പറയുകയും എന്നാൽ സർവ്വകലാശാലയിൽനിന്നാണ് 106 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ളതെന്ന് റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ മറുപടി പറയുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക ഗവൺമെന്റ് യൂണിവേഴ്സിറ്റിക്ക് കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് കൊടുത്തിട്ടുള്ളത് എന്നത് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. അല്ലാതെ കൊടുക്കാത്ത അൻപത് കോടിരൂപ കൊടുത്തു എന്നുപറഞ്ഞ് ഫെയ്സ്ബുക്ക് പോസ്റ്റിട്ട് വിശ്വസിപ്പിക്കുന്നത് ഒരു തരം മോൻസൺ മാവുങ്കൽ പരിപാടിയല്ലേ? ഈ യൂണിവേഴ്സിറ്റിയിൽ ശരിയായ ഓഫീസ് സംവിധാനമില്ല. സെക്രട്ടേറിയറ്റിലേതുപോലെതന്നെ ഇവിടെയും ഉപദേശി ഭരണമാണ്. സെക്രട്ടേറിയറ്റിൽ ഉപദേശിമാരെവച്ചാണ് ഭരിക്കുന്നത്. സെക്രട്ടേറിയറ്റിൽനിന്നും റിട്ടയേർഡ് ചെയ്ത ഒരാളെ ലീഗൽ കൺസൾട്ടന്റായും മറ്റൊരാളെ ഫിനാൻഷ്യൽ കൺസൾട്ടന്റായും നിയമിച്ചിരിക്കുന്നു. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ബഹുമാനപ്പെട്ട എം. എ. ബേബിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട

ഒരാളെയാണ് അവിടെ ലീഗൽ കൺസൾട്ടന്റായി നിയമിച്ചിരിക്കുന്നത്. ഇവർ വഴിയാണ് കാര്യങ്ങളെല്ലാം നടക്കുന്നത്. അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നീ ഉന്നത തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതെല്ലാം പ്രൊമോഷൻ തസ്തികകളാണ്. ഇവർക്ക് യഥാസമയം പ്രൊമോഷൻ നൽകിയിരുന്നെങ്കിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും അസിസ്റ്റന്റുമാരെ നിയമിക്കാൻ കഴിയുമായിരുന്നു. 2016-ൽ ഓപ്ഷൻ വിളിച്ച് 2017-ലാണ് അവിടെ നിയമനങ്ങൾ നടന്നത്. അന്നുമുതൽ ഇന്നുവരെ പ്രൊമോഷൻ നൽകിയിട്ടില്ല. നാലുപേർക്ക് പ്രൊമോഷൻ കൊടുത്തുവെങ്കിലും അത് തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. യഥാസമയം പ്രൊമോഷൻ നൽകിയിരുന്നുവെങ്കിൽ സർവ്വകലാശാലയുടെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിക്കുക മാത്രമല്ല നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് കൂടുതൽ ആളുകൾക്ക് നിയമനം ലഭിക്കുകയും ചെയ്യുമായിരുന്നു. ഇപ്പോൾ ആകെ നാലുപേർക്ക് മാത്രമാണ് നിയമനം ലഭിച്ചിട്ടുള്ളത്. ഇപ്പോഴും ഓപ്ഷൻ വിളിച്ചുകൊണ്ടിരിക്കുകയാണ്. പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലേയ്ക്ക് സർവ്വകലാശാലയ്ക്ക് എങ്ങനെയാണ് ഓപ്ഷൻ വിളിക്കാൻ സാധിക്കുന്നത്? അതുപോലെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി കെൽട്രോണിന് 16 കോടി രൂപയുടെ ഉപകരാർ കൊടുത്തു. ഓസ്പിൻ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് കെൽട്രോൺ വീണ്ടും ഉപകരാർ നൽകിയാണ് അത് തയ്യാറാക്കിയത്. എന്നാൽ സോഫ്റ്റ്‌വെയറിന്റെ പാകപ്പിഴമൂലം സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചെടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയിലായിരിക്കുകയാണ്. കഴിഞ്ഞ കോവിഡ് കാലത്ത് ആറാം സെമസ്റ്റർ പരീക്ഷ നടത്താൻ കഴിഞ്ഞില്ല. ആ സമയത്ത് കോളേജുകൾ ഒരു പരീക്ഷ നടത്തി. ആ പരീക്ഷയും അഞ്ചാം സെമസ്റ്റർ വരെയുള്ള പെർഫോമൻസുംകൂടി കണക്കിലെടുത്തുകൊണ്ട് യൂണിവേഴ്സിറ്റിയാണ് മാർക്ക് നൽകിയിട്ടുള്ളത്. പക്ഷേ സോഫ്റ്റ്‌വെയറിന്റെ അപാകത കാരണം ആറാം സെമസ്റ്ററിൽ ഗ്രേസ് മാർക്ക് കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. ഇപ്പോൾ സോഫ്റ്റ്‌വെയർ സർവ്വകലാശാലയുടെ നിയന്ത്രണത്തിലല്ല. അത് സർവ്വകലാശാലയുടെ നിയന്ത്രണത്തിലാക്കാൻ നടപടി സ്വീകരിക്കണം.

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ എങ്ങുമെത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അടിസ്ഥാനസൗകര്യ വികസന പദ്ധതികൾപോലും പൂർത്തിയായിട്ടില്ല. കിഫ്ബിയുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ തകർക്കുന്ന തരത്തിൽ ഒച്ചിഴയുന്ന വേഗത്തിലാണ് നിർമ്മാണങ്ങൾ നടക്കുന്നത്.

അതുപോലെ കോഴിക്കോട് സർവ്വകലാശാലയിലും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലും നടത്തുന്ന ഇന്റർവ്യൂവിന്റെ സ്കോർ ഷീറ്റ് ചോദിച്ചാൽ കൊടുക്കുകയില്ല. അത് കൊടുത്താൽ ഇന്റർവ്യൂ ബോർഡ് അംഗങ്ങളുടെ ജീവന് ഭീഷണിയാകുമെന്നാണ് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ ലഭിച്ച മറുപടി. എത്ര പരിഹാസ്യമായ മറുപടിയാണ്? അതുപോലെ കണ്ണൂർ സർവ്വകലാശാലയെക്കുറിച്ച് എന്തെല്ലാം വാർത്തകളാണ് വരുന്നത്. പരീക്ഷാ ബോർഡിന്റെ ചെയർമാനും സിൻഡിക്കേറ്റ് മെമ്പറുമായിരുന്ന ഒരാൾ സ്വകാര്യ ട്യൂഷനെടുക്കുന്നു. അതുസംബന്ധിച്ച് വിജിലൻസ് നേരിട്ടുപോയി അന്വേഷണം നടത്തുകയും കുറ്റക്കാരനാണെന്ന് കണ്ടെത്തി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പക്ഷേ ഒരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. അയാളെ ജില്ല മാറ്റി നിയമിക്കണമെന്ന് പറഞ്ഞു. പക്ഷേ ഗവൺമെന്റ് അയാളെ സംരക്ഷിച്ച് നിർത്തിയിരിക്കുകയാണ്. അതുപോലെ പഠനത്തിന് ചില പുസ്തകങ്ങൾ റഫർ ചെയ്യാൻ കണ്ണൂർ സർവ്വകലാശാല ആവശ്യപ്പെട്ടിരിക്കുകയാണ്. എം.എസ്. ഗോൾവാൾക്കറുടെ പുസ്തകമായ 'Bunch of Thoughts' പഠിക്കാൻ പറഞ്ഞിരിക്കുകയാണ്. ആർ.എസ്.എസ്. ശാഖകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രഭാഷണം പഠിക്കണമെന്ന് വിദ്യാർത്ഥികളോട് പറയുന്നതിലൂടെ എന്ത് സന്ദേശമാണ് നൽകുന്നത്? കണ്ണൂർ സർവ്വകലാശാലയിലെ പല സെമിനാറുകളിലേയ്ക്കും ആരെ വിളിക്കണമെന്ന് തീരുമാനിക്കുന്നത് കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിലെ വിചാര കേന്ദ്രങ്ങളിൽനിന്നും നൽകുന്ന നിർദ്ദേശങ്ങളനുസരിച്ചാണെന്ന് പറയുന്നതിനെക്കുറിച്ച് നമ്മൾ എന്താണ് വിലയിരുത്തേണ്ടത്. ഇത്തരത്തിലുള്ള പുസ്തകങ്ങൾ വിദ്യാർത്ഥികളോട് പഠിക്കാൻ ആവശ്യപ്പെടുന്ന സർവ്വകലാശാല ചെയ്യുന്നതും ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിന്റെ വിദ്യാഭ്യാസ രീതിയും നയങ്ങളും കാവിവൽക്കരണവും തമ്മിൽ സാമ്യതകളുണ്ടെന്ന് പറഞ്ഞാൽ ആരെയെങ്കിലും കുറ്റപ്പെടുത്താൻ സാധിക്കുമോ? അത്തരത്തിലുള്ള നിലപാടുമായി കേരളത്തിലെ ഒരു സർവ്വകലാശാല പോകുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വികസിത രാജ്യങ്ങളിലുള്ളതുപോലെ എല്ലാ യൂണിവേഴ്സിറ്റികളും ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ ഉൾപ്പെടെയുള്ള തലങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സാമ്പത്തികമായും മറ്റ് കാര്യങ്ങളിലും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ചെറിയ ജോലിയോടൊപ്പംതന്നെ പഠനവും നടത്താൻ കഴിയുന്ന വലിയ തലമാണ് ഇതുസംബന്ധിച്ച് രൂപീകൃതമാകുന്നത്. എല്ലാ സർവ്വകലാശാലകളും അത്തരം രീതികളിലേയ്ക്ക് വരേണ്ടതല്ലേ? ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, അത് പരിഗണിക്കേണ്ട ഒരു നിർദ്ദേശമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഏക ഗവൺമെന്റ് കോളേജാണ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, കാഞ്ഞിരംകുളം. കെ. കരുണാകരന്റെ കാലത്ത് സ്ഥാപിച്ച ഈ കോളേജ് യശഃശരീരനായ മുൻ നിയമസഭാംഗവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന എം. കുഞ്ഞുകൃഷ്ണൻ നാടാറുടെ പേരിൽ സ്ഥാപിച്ചിട്ടുള്ളതാണ്. എല്ലാ സർവ്വകലാശാലകൾക്കും മിനിമം അഞ്ച് ഏക്കർ സ്ഥലം ആവശ്യമാണ്. എന്നാൽ ഈ കോളേജിന് ആകെ ഒന്നേമുക്കാൽ ഏക്കർ സ്ഥലം മാത്രമാണുള്ളത്. ഇതുസംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഞാൻ സബ്മിഷൻ കൊണ്ടുവന്നിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും യാതൊരു നടപടിയും ഇതുവരെയുമായിട്ടില്ല. കോളേജിന്റെ യൂണിവേഴ്സിറ്റി അഫിലിയേഷൻപോലും റദ്ദാകുന്ന അവസ്ഥയിലെത്തി നിൽക്കുകയാണ്. ചിലപ്പോൾ കേരളത്തിൽ അഞ്ച് ഏക്കർ ഭൂമിയില്ലാത്ത ഏക കോളേജ് ഇതായിരിക്കും. നേരത്തെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി പോയപ്പോൾ ഇതിന്റെ തൊട്ടടുത്തുള്ള ഭൂമിയല്ലെന്ന് പറഞ്ഞ് നിരസിച്ചു. എന്നാൽ അതിനോട് ചേർന്ന ഭൂമി നൽകാൻ അവിടത്തെ നാട്ടുകാർ തയ്യാറാണ്. കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കുന്ന, NAAC അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ കോളേജിന്റെ നിലനിൽപ്പിനെ ബാധിക്കും. അതുകൊണ്ട് കോളേജിന്റെ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്താനുള്ള നടപടികൂടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഷാഫി പറമ്പിൽ): സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയും സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലകളും വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നതെന്ന വസ്തുത നമുക്ക് മറച്ചുവയ്ക്കാൻ കഴിയില്ല. കഴിഞ്ഞ ദിവസം പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് കേരളത്തിൽ ഇനിയൊരു പ്രശ്നവും നിലനിൽക്കില്ലെന്നും എല്ലാ ജില്ലകളിലും സീറ്റ് ബാക്കിയാണെന്നും ഘോരഘോരം പ്രസംഗിച്ചപ്പോൾ അതിനെ കയ്യടിച്ച് പ്രോത്സാഹിപ്പിച്ച ആളുകളാണ് നിങ്ങളെല്ലാവരും. ഇന്നലത്തെ അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷം നിങ്ങളുടെ നിയോജകമണ്ഡലത്തിൽനിന്ന് എത്രപേർ ഫോൺ വിളിച്ചുവെന്ന് പരിശോധിക്കണം. മുഴുവൻ വിഷയങ്ങളിലും എ-പ്ലസ് ഉണ്ടായിരുന്നിട്ടും സീറ്റ് ലഭിക്കാതെ പോയ കുട്ടികളുടെ വിലാപമാണ് ഇന്നത്തെ പത്ര-ദൃശ്യ മാധ്യമങ്ങളിലുള്ളത്. ആ വിലാപം നിങ്ങളുടെ ചെവികളിൽ

അലയടിക്കുന്നുണ്ടെങ്കിൽ രാഷ്ട്രീയമായ മറുപടി പറയുന്നതിനപ്പുറത്തേയ്ക്ക് പ്രതിപക്ഷം ആവശ്യപ്പെടുന്ന തിരുത്തലുകൾ വരുത്താൻ തയ്യാറാകണം. വിദ്യാർത്ഥികളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന്റെ പ്രയാസങ്ങളാണ് ഇപ്പോഴും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽനിന്നും കേട്ടുകൊണ്ടിരിക്കുന്നത്. പ്ലസ് വൺ അഡ്മിഷന് ഇനി ഒരു പ്രശ്നവുമുണ്ടാകില്ലെന്ന് പറഞ്ഞ വകുപ്പുമന്ത്രി ഇതിന് മറുപടി പറയേണ്ടതാണ്. ഒരു പ്രശ്നവുമില്ലെന്ന് നിങ്ങൾ പ്രഖ്യാപിച്ചിട്ടും ഇന്നലെ പത്രസമ്മേളനം നടത്തുമ്പോൾ പലർക്കും സീറ്റ് കിട്ടിയിട്ടില്ലെന്ന് അംഗീകരിക്കേണ്ടി വന്നതെങ്ങനെയാണ്. സീറ്റുകളുടെ മൊത്തം എണ്ണത്തിൽ കൂടുതലുണ്ടെന്ന് പറയപ്പെടുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽപ്പോലും ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾ തങ്ങൾക്ക് ഇഷ്ടപ്പെട്ട വിഷയമോ സ്കൂളോ കിട്ടാതെ ഈ സമയത്തും പ്രതിസന്ധിയിലാണെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഞങ്ങളുടെ നിർദ്ദേശങ്ങൾക്ക് ചെവികൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അഡ്മിഷന്റെ പ്രശ്നം വരുമെന്ന് മാസങ്ങൾക്കുമുമ്പ് ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ചതാണ്. മലബാർ ജില്ലയിലെ സീറ്റിന്റെ പ്രശ്നം ഉന്നയിച്ചതാണ്. ഇപ്പോൾ പ്ലസ് ടു റിസൾട്ടും കഴിഞ്ഞ് കോളേജിലെ അഡ്മിഷനുവേണ്ടി ശ്രമിക്കുന്ന കുട്ടികളിൽനിന്നും വ്യാപകമായ പരാതികൾ ഉയരുകയാണ്. 96.25 ശതമാനം മാർക്ക് കിട്ടിയ കുട്ടികൾക്കുപോലും അലോട്ട്മെന്റിൽ സീറ്റ് ലഭിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ പ്ലസ് ടുവിന് വിജയിച്ച കുട്ടികൾക്കുള്ള അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കാൻ പോയപ്പോൾ അവാർഡ് ഏറ്റുവാങ്ങാൻ വന്ന 96.25 ശതമാനം മാർക്ക് കിട്ടിയ കുട്ടി പറയുന്നത് ഒരു അലോട്ട്മെന്റും കിട്ടിയിട്ടില്ലെന്നാണ്. 96.25 ശതമാനം മോശപ്പെട്ട ഒരു മാർക്കാണെന്ന് ഞാൻ കരുതുന്നില്ല. ഡിഗ്രി പ്രവേശനത്തിന്റെ കാര്യത്തിലെങ്കിലും സർക്കാർ ജാഗ്രതയോടെ ഇടപെടണം. വിദ്യാർത്ഥികൾക്ക് പ്രയാസമില്ലാത്ത തരത്തിൽ ഇടപെടാൻ വകുപ്പും സർക്കാരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സർവ്വകലാശാലകളെയും അവിടെ നടപ്പാക്കുന്ന കാര്യങ്ങളെയും രാഷ്ട്രീയവത്കരണത്തെയും സംബന്ധിച്ച് എനിക്കുമുമ്പ് പ്രസംഗിച്ച അംഗങ്ങൾ പറഞ്ഞു. കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ എത്രയാണെന്നുള്ളത് ഇനി ഇവിടെ പ്രസംഗിക്കാനുള്ള അംഗങ്ങൾ പറയാനിരിക്കുകയാണ്. അടിയന്തര ഇടപെടൽ ആവശ്യമായ മേഖലകളിലെല്ലാം വളരെ സാധാരണമായ ഇടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. കോവിഡ് സാഹചര്യത്തിൽ അടച്ചിട്ട കോളേജുകൾ ഇപ്പോഴാണ് തുറന്നത്. എന്നാൽ പരീക്ഷകൾ, ക്ലാസ്സുകൾ,

ഓൺലൈൻ ക്ലാസ്സുകൾ എന്നിവ സംബന്ധിച്ച് ആലോചിക്കാൻ അവസാന ഘട്ടത്തിലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ യോഗം ചേർന്നത്. എന്നിട്ട് എന്താണ് ചെയ്യേണ്ടതെന്ന് ആലോചിക്കാൻ തുടങ്ങുന്നതുതന്നെ കോളേജ് തുറക്കുന്ന സമയത്താണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഉത്തരവാദിത്വം നിറവേറ്റുന്ന കാര്യത്തിലുണ്ടാകുന്ന വീഴ്ചകൾ നിയന്ത്രിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടാകുന്നില്ല. പാലക്കാട് ജില്ലയിലെ കൊടുവായൂരിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്റർ ഉണ്ട്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.ടി.ഇ.) മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന പേരിൽ പ്രസ്തുത സെന്ററിന്റെ അംഗീകാരം എത്രയോ വർഷങ്ങളായി റദ്ദ് ചെയ്തിരിക്കുന്നു. പക്ഷേ അക്കാര്യം വിദ്യാർത്ഥികൾ അറിയുന്നില്ല. അവിടെ പഠിക്കുന്നത് മെറിറ്റിൽ അഡ്മിഷൻ ലഭിച്ച കുട്ടികളാണ്. അവർ രണ്ട് വർഷം പഠിച്ച് സർട്ടിഫിക്കറ്റിനുവേണ്ടി ശ്രമിക്കുമ്പോഴാണ് എൻ.സി.ടി.ഇ. അംഗീകാരത്തോടെയല്ല പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് അറിയുന്നത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ശ്രീ. ഷാഫി പറമ്പിൽ ചൂണ്ടിക്കാണിച്ചതുപോലെ പ്രസ്തുത ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് ആവശ്യമായ സൗകര്യങ്ങളില്ല. നേരത്തെ അത് കൊടുവായൂരിലുള്ള ഹയർ സെക്കണ്ടറി സ്കൂളിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീടാണ് ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് അതിനാവശ്യമായ സ്ഥലം അനുവദിച്ച് ചെറിയ കെട്ടിടം നിർമ്മിച്ചത്. എന്നാൽ പ്രസ്തുത കെട്ടിടം ബി.എഡ്. സെന്ററിന് മതിയാകില്ലെന്ന് വന്നപ്പോഴാണ് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ നൽകി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചത്. അക്കാര്യം ബഹുമാനപ്പെട്ട ഷാഫി പറമ്പിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ച് അവിടെ കെട്ടിടം നിർമ്മിച്ച് വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ശ്രമിക്കുകയാണ്. പക്ഷേ പ്രസ്തുത സ്ഥാപനത്തിന് എൻ.സി.ടി.ഇ.-യുടെ അംഗീകാരമില്ലെന്നുള്ളത് തുക നൽകുന്ന എം.എൽ.എ.-യും അവിടെ പഠിക്കുന്ന കുട്ടികളും പഠിപ്പിക്കുന്ന അദ്ധ്യാപകരുമൊന്നും അറിയുന്നില്ല. മെറിറ്റിൽ പഠിക്കുന്ന കുട്ടികൾക്ക് ഇത് ഗുരുതരമായ പ്രശ്നമാണ് സൃഷ്ടിക്കുന്നത്. അതുസംബന്ധിച്ച് യൂണിവേഴ്സിറ്റിയോട് ചോദിക്കുമ്പോൾ വളരെ കാഷ്വലായ മറുപടിയാണ് നൽകുന്നത്. ഇത്തരം വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുവേണ്ടി

ശക്തമായ ഇടപെടലുകൾ നടത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെടുകയാണ്. അതിനിടയ്ക്കാണ് വിദ്യാർത്ഥികൾ പഠിക്കേണ്ടത് എം.എസ്. ഗോൾവാൾക്കറെയും വി.ഡി. സവർക്കറെയും സംബന്ധിച്ചാണെന്ന യൂണിവേഴ്സിറ്റികളുടെ തീരുമാനം വരുന്നത്. അതുസംബന്ധിച്ച് കേരളത്തിലെ സർവ്വകലാശാലകൾ എന്തെല്ലാം ന്യായീകരണങ്ങൾ ചമയ്ക്കാൻ ശ്രമിച്ചാലും പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ മനോധർമ്മമനുസരിച്ച് ആ പുസ്തകങ്ങളും അതിലെ പാഠഭാഗങ്ങളും എങ്ങനെയാണ് കുട്ടികളിലേയ്ക്ക് പകർന്നുകൊടുക്കുക എന്നതിൽ നമുക്കാർക്കും ഉറപ്പ് പറയാൻ കഴിയില്ല. എത്ര വിമർശനാത്മകമെന്ന് പറഞ്ഞാലും പഠിക്കേണ്ട വിഷയങ്ങളിലേയ്ക്ക് ഇതുപോലെയുള്ള ആളുകളെ ചേർത്തുവയ്ക്കുമ്പോൾ ഭാവിയിൽ അത് ചെയ്യുന്ന അപകടമെന്താണെന്ന് തിരിച്ചറിയാനുള്ള ദീർഘവീക്ഷണം ഗവൺമെന്റിന് ഉണ്ടാകേണ്ടതായിരുന്നുവെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? കുട്ടികൾ പഠിക്കേണ്ടത് ഗാന്ധിജിയെയും ജവഹർലാൽ നെഹ്റുവിനെയും കുറിച്ചാണ്. അല്ലാതെ ഈ രാജ്യത്തിന്റെ കപട രാജ്യസ്നേഹികളെക്കുറിച്ചല്ല; യഥാർത്ഥ രാജ്യസ്നേഹത്തെ സംബന്ധിച്ചാണ് പഠിക്കേണ്ടതെന്ന് ഈ നാടിന്റെ ചരിത്രമറിയാവുന്ന ആളുകൾക്ക് അറിയാം. ഇത്തരം പാഠഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടതിനുപകരം മറ്റ് പുസ്തകങ്ങൾ ഉൾപ്പെടുത്തിയതിൽ മൃദുസമീപനം സ്വീകരിച്ചുകൊണ്ട് പരിശോധിക്കാമെന്നുമാത്രം പറഞ്ഞതിനോട് ഇടതുപക്ഷമെന്ന് അവകാശപ്പെടുന്ന ആളുകൾക്ക് യോജിപ്പുണ്ടോ എന്ന് എനിക്കറിയില്ല. കേരളീയ പൊതുസമൂഹത്തിന്, നാടിന്റെ ഭാവിയെ കാത്തുരക്ഷിക്കുന്ന ആളുകൾക്ക് അത് അംഗീകരിക്കാൻ കഴിയുമെന്ന് കരുതുന്നില്ല. കാരണം ആ ആശയത്തിന്റെ വക്താക്കൾ ഇപ്പോൾ നാട്ടിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നുള്ളത് ഇന്നലെയും ഇന്നുമൊക്കെയായി നാം കാണുന്നുണ്ട്. വി.ഡി. സവർക്കറെയും എം.എസ്. ഗോൾവാൾക്കറെയും നാഥുറാം വിനായക് ഗോഡ്സെയെയുമെല്ലാം ആരാധിക്കുന്ന ആളുകളിലേയ്ക്ക് ഭരണം വന്നാൽ, ശ്രീ. നരേന്ദ്ര മോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായാൽ രാജ്യത്തിന് അതൊരു ദുരന്തമാകുമെന്ന് ഡോ. മൻമോഹൻ സിംഗ് പ്രവാചകനെപ്പോലെ പറഞ്ഞപ്പോൾ പുച്ഛിച്ചവരും പരിഹസിച്ചവരുമൊക്കെ ഇന്ന് ആ സത്യം തിരിച്ചറിയുന്നുണ്ട്. ശ്രീ. നരേന്ദ്ര മോദിയുടെ കൈകളിലേയ്ക്ക് ഭരണം ലഭിച്ചതിന്റെ അപകടം രാജ്യത്തുണ്ടാകുന്നത് നമ്മൾ കാണുന്നുണ്ട്. 2020 ആഗസ്റ്റ് മാസം 9-ന് ഇന്ത്യയിൽ ആരംഭിച്ച കർഷക സമരം ഇന്ന് ഒരു വർഷവും ഒരു മാസവും മൂന്നാഴ്ചയും മൂന്ന് ദിവസവും പിന്നിട്ടിരിക്കുകയാണ്. ഈ സമരത്തിനിടയ്ക്ക് മഴയും വെയിലും മരംകോച്ചുന്ന തണുപ്പും വകവയ്ക്കാതെ രാജ്യത്തെ കർഷകരുടെ

അവകാശങ്ങൾക്കുവേണ്ടി അവർ നിലപാടെടുത്തു. ഒരു സമ്മർദ്ദത്തിനും അടിമപ്പെടാതെ സമരവുമായി മുന്നോട്ടുപോയി. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും പിൻബലമില്ലാതെ സ്വതന്ത്രമായി നീതിക്കും ന്യായത്തിനുംവേണ്ടി നടക്കുന്ന സമരമാണത്. എം.പി.മാരുൾപ്പെടെയുള്ളവർ പാർലമെന്റിൽ പ്രതിഷേധിച്ചു. രാജ്യത്തെമ്പാടും അവർക്കനുകൂലമായ നിലപാടും പിന്തുണയുമുണ്ടായി. എന്നാൽ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ്, ഇന്ത്യയുടെ പ്രധാനമന്ത്രി ഇത്രയും ദിവസമായിട്ടും ഒരു പ്രാവശ്യംപോലും കർഷകരുമായുള്ള ചർച്ചയ്ക്ക് തയ്യാറായില്ല. സമരങ്ങൾക്കിടയിൽ ചിലർ മരണപ്പെട്ടു. Cold, heat or rain, they were firm on their demand; ഏത് കാലാവസ്ഥയിലാണെങ്കിലും മണ്ണിലെ കർഷകനുവേണ്ടി അവരുടെ നിലപാടുകളിൽ ഉറച്ചുനിന്നു. ഗവൺമെന്റ് ചർച്ചകൾക്ക് തയ്യാറാകാതെ സമരത്തെ അടിച്ചൊതുക്കാൻ ശ്രമിച്ചു, ആളുകൾ മരണപ്പെട്ടു. മരണപ്പെട്ടവരുടെ കണക്ക് സംബന്ധിച്ച് എം.പി.മാർ പാർലമെന്റിൽ ചോദിച്ചതിന് കൃഷി വകുപ്പുമന്ത്രി ശ്രീ. നരേന്ദ്ര സിംഗ് തോമർ പറഞ്ഞത് അങ്ങനെയൊരു കണക്ക് അവരുടെ കൈവശമില്ലെന്നാണ്. 220-ലധികം ആളുകൾ മരിച്ചുവെന്ന് പഞ്ചാബ് ഗവൺമെന്റ് പറഞ്ഞു. നാനൂറിലധികം ആളുകൾ മരിച്ചുവെന്ന് നാല്പത് കർഷക സംഘടനകൾ സംയുക്തമായി രൂപീകരിച്ച സംയുക്ത് കിസാൻ മോർച്ച പറഞ്ഞു. ഈ ഗവൺമെന്റ് കർഷക സമരങ്ങളെ നേരിട്ട രീതിയെന്താണ്? ഹരിയാനയിലെ അതിർത്തിയിൽനിന്ന് കർഷകർ ഡൽഹിയിലേയ്ക്ക് മാർച്ച് ചെയ്യുമ്പോൾ വലിയ മരക്കഷ്ണങ്ങൾവച്ച് അവരുടെ ട്രാക്ടറുകളെ അടിച്ചുമറിച്ചിടാൻ ശ്രമിക്കുന്ന, ഗവൺമെന്റ് സ്പോൺസേർഡായ അക്രമങ്ങൾ ഈ രാജ്യം കണ്ടുനിൽക്കേണ്ടിവന്നു. ഗാസിപൂർ അതിർത്തിയിലെ റോഡിൽ മുള്ളാണികളും മരയാണികളും വിതറുകയാണ്. അതിലൂടെ വരുന്ന കർഷകരുടെ കാല്പാദങ്ങൾ വിണ്ടുകീറി രക്തം വാർന്നൊലിച്ചിട്ടും അവർ ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് നടക്കുമ്പോൾ ഒരു ഗവൺമെന്റ് ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ലാത്ത തരത്തിൽ അവരെ തകർക്കാൻ ശ്രമിക്കുന്നത് നാം കണ്ടു. ഗവൺമെന്റുകളുടെ ഉത്തരവാദിത്വം റോഡുകൾ നിർമ്മിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുകയെന്നതാണ്. എന്നാൽ ജെ.സി.ബി. ഉപയോഗിച്ച് ഡൽഹിയിലെ ഹൈവേകളുടെ മധ്യഭാഗത്ത് വലിയ കിടങ്ങുകൾ സ്ഥാപിച്ച് കർഷകരുടെ ജനാധിപത്യ പ്രതിഷേധത്തെ തടസ്സപ്പെടുത്താൻ ഭരണശക്തികൾ ശ്രമിക്കുന്നത് ഇന്ത്യയ്ക്ക് കണ്ടുനിൽക്കേണ്ടിവന്നു. മരത്തിന്റെ പാലമിട്ട് റോഡിലെ കിടങ്ങും താണ്ടി അപ്പുറത്തേയ്ക്ക് കടന്നുചെന്ന കർഷകരെ കാത്തിരുന്നത് ജലപീരങ്കികളും

കണ്ണീർവാതകങ്ങളും പോലീസ് ലാത്തിചാർജ്ജും വെടിവയ്പുമൊക്കെ ആയിരുന്നു. കർഷകനെ ശത്രുവായി പ്രഖ്യാപിച്ച ഒരു ഗവൺമെന്റാണ്. ലഖിംപൂർ ഖേരിയിൽ നടന്നത് ഒറ്റപ്പെട്ട സംഭവമാണെന്ന് കരുതാൻ കഴിയില്ല. ഹരിയാനയിൽ ആഗസ്റ്റ് മാസം 28-ന് സുശീൽ കാജൽ എന്നുപറയുന്ന കർഷകനെ തലയ്ക്കടിച്ച് കൊല്ലുന്നൊരവസ്ഥയുണ്ടായി. സെപ്റ്റംബർ മാസം 23-ന് ആസ്സാമിൽ രണ്ട് കർഷകരെ വെടിവച്ച് കൊന്നു. എന്നുമാത്രമല്ല ആ കർഷകരുടെ മൃതദേഹത്തിൽ നൃത്തം ചവിട്ടുന്ന ദൃശ്യങ്ങൾ രാജ്യം കണ്ടുനിൽക്കേണ്ടിവന്നു. എണ്ണൂറോളം പേരുടെ ചെറിയ സംഘങ്ങളുണ്ടാക്കി കർഷകരെ ആക്രമിക്കണമെന്നാണ് ബി.ജെ.പി. നേതാവായ ഹരിയാന മുഖ്യമന്ത്രി ശ്രീ. മനോഹർലാൽ ഖട്ടർ ഒരു യോഗത്തിൽ പറഞ്ഞത്. കർഷകരെ ആക്രമിച്ച് ജയിലിൽ പോകണമെന്നും അങ്ങനെ ജയിലിൽ പോയി തിരിച്ചുവരുമ്പോൾ വലിയ നേതാക്കന്മാരായി നിങ്ങൾ മാറുമെന്നും ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി നൽകുന്ന ആഹ്വാനത്തിന്മേൽ ഈ രാജ്യത്ത് കേസ്സുമില്ല, നടപടിയുമില്ല, തിരുത്താനും അപലപിക്കാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരുമില്ല. എന്നാലതിനെ കോൺഗ്രസ് എതിർത്തു. ഞാൻ പ്രധാനമന്ത്രിയായാൽ കർഷകരുടെ കാൽ തല്ലിയൊടിച്ച് ജയിലിൽ പോയേനെ എന്നാണ് പഞ്ചാബിലെ ബി.ജെ.പി. വക്താവ് പത്രസമ്മേളനത്തിൽ പറഞ്ഞത്. ഈ പ്രശ്നങ്ങളെല്ലാം സൃഷ്ടിച്ച കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. അജയ് കുമാർ മിശ്ര സെപ്റ്റംബർ മാസം 24-ന് പറഞ്ഞത്, പത്തുപതിനഞ്ച് കൊടിയുമായി പോകുന്ന കർഷകരെ ഒഴിപ്പിക്കാൻ ഞങ്ങൾക്ക് രണ്ടേരണ്ട് മിനിട്ടുമതി, അതിനുവേണ്ടത് ചെയ്യാൻ ഞങ്ങൾക്ക് അറിയാമെന്നാണ്. സെപ്റ്റംബർ മാസം 24-ന് അച്ഛൻ നടത്തിയ പ്രഖ്യാപനം ഒക്ടോബർ മാസം 3-ന് മകൻ നടപ്പാക്കി. എങ്ങനെയാണ് നടപ്പാക്കിയത്? കരിയിലകൾക്ക് മുകളിൽ വാഹനങ്ങൾ ഓടിക്കുന്നതുപോലെ മനുഷ്യശരീരങ്ങൾക്ക് മുകളിൽ വാഹനം ഓടിച്ച് ആളുകളെ കൊന്നുരസിച്ചവൻ ഇപ്പോഴും പുറത്തിറങ്ങി നടക്കുന്ന രാഷ്ട്രീയത്തിന്റെ പേരാണ് ബി.ജെ.പി.-യുടേത്/ ആർ.എസ്.എസ്.ന്റേത്/സംഘ്പരിവാറിന്റേത് എങ്കിൽ അതിനോട് ചേർന്നുനിൽക്കുന്ന ആശയങ്ങളെ കേരളത്തിന്റെ സർവ്വകലാശാലകളിൽ പഠിപ്പിക്കില്ലെന്ന ഉറച്ചതീരുമാനമെടുക്കാൻ ഈ ഗവൺമെന്റിന് ആർജ്ജവം ഉണ്ടാകണമെന്നാണ് ഞങ്ങൾക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. നടന്നുപോകുന്ന കർഷകരുടെ പിന്നിൽ വേഗത്തിൽ വാഹനമോടിച്ച് അവരെ കൊന്നു. എഫ്.ഐ.ആർ.-ൽ പറയുന്നത്, " Ashish Mishra, who was sitting on the left side of his Mahindra Thar car, fired while trampling the crowd" എന്നാണ്. വാഹനത്തിൽ നിന്ന് കേന്ദ്രമന്ത്രിയുടെ മകൻ തോക്കുപയോഗിച്ച്

കർഷകരുടെ നേർക്ക് വെടിയുതിർത്തു. അതിൽ വീണ്ടും പറയുന്നു, “ Due to this, farmer Gurvinder Singh (22 year old) died of bullet injuries” . കർഷകരുടെ നേരെ വാഹനമോടിച്ചുവന്ന മന്ത്രിപുത്രൻ വാഹനത്തിൽ നിന്നും തോക്കെടുത്ത് കർഷകർക്കുനേരെ നിറയൊഴിച്ചിട്ട് 22 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ കൊന്നു. “ The car then trampled the farmers standing on both sides of the road at a high speed” . റോഡിന്റെ രണ്ട് വശങ്ങളിലും നിൽക്കുന്ന കർഷകർക്ക് നേരെ അതിവേഗത്തിൽ മഹീന്ദ്ര ഥാർ വാഹനം കടന്നുചെന്ന് അവരുടെ ശരീരങ്ങളിൽ കയറ്റി കൊന്നുവെന്നുള്ളത് നമ്മുടെ മുന്നിലുള്ള എഫ്.ഐ.ആർ.-ൽ പറയുകയാണ്. സംഭവം നടന്നപ്പോൾ ബി.ജെ.പി.-യുടെ ജനറൽ സെക്രട്ടറി ശ്രീ. വൈ. സത്യകുമാർ പറഞ്ഞത് ആളുകളെ ഇടച്ചുകൊന്നത് ഖലിസ്ഥാൻ തീവ്രവാദികളാണെന്നാണ്. ഉത്തർപ്രദേശിലെ ടിക്കുനിയയിലെ ഹെലിപ്പാടിനടുത്താണ് ഈ സമരം നടന്നത്. രാവിലെ മുതൽ സമാധാന പൂർണ്ണമായ സമരം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. മന്ത്രിമാരും നേതാക്കന്മാരും ഈ സമരം കണ്ട് ഹെലിപ്പാടിലേയ്ക്ക് വന്നില്ല. അതിന് അഞ്ച് കിലോമീറ്റർ അപ്പുറത്തുള്ള ബൻബീർപ്പൂർ എന്നസ്ഥലത്താണ് ഇവർ യോഗം നടത്തിയത്. മന്ത്രിയുടെ മകന്റെ കാർ ഈ സ്ഥലത്തേയ്ക്ക് വരേണ്ട യാതൊരു ആവശ്യവുമില്ലെന്നുള്ളത് അവിടെയുള്ള പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിട്ടും ഈ വാഹനം അവിടേയ്ക്ക് കടന്നുവന്ന് ഇവരെ ഇടിച്ചും വെടിവച്ചും കൊന്നു. മന്ത്രി ആദ്യം പറഞ്ഞത് അങ്ങോട്ടേയ്ക്ക് അങ്ങനെയൊരു കാർ പോയിട്ടില്ലെന്നാണ്. പിന്നീട് അത് തിരുത്തി കാർ പോയി എന്നായി. ആ കാർ തന്റേതല്ലെന്നാണ് പിന്നീട് പറഞ്ഞത്. പിന്നീട് അതും തിരുത്തി കാർ തന്റേത് തന്നെയാണെന്ന് പറഞ്ഞു. പിന്നെപ്പറഞ്ഞത് ആ കാറിൽ എന്റെ മകനുണ്ടായിരുന്നില്ലെന്നാണ്. പക്ഷേ, മകൻ ഉണ്ടായിരുന്നുവെന്ന് തെളിവുകൾ ലഭിച്ചു. ഭയ്യ ഉണ്ടായിരുന്നുവെന്ന് ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ട ഒരാൾ പോലീസിനോട് പറഞ്ഞുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കേന്ദ്രമന്ത്രിയുടെ മകൻ ആ വാഹനത്തിൽ ഉണ്ടായിരുന്നുവെന്നുള്ളത് കൊല്ലപ്പെട്ട കർഷകർക്കൊപ്പം പരിക്കേറ്റ ഒരു കർഷകനും പറഞ്ഞു. ഒരുകൂട്ടം ആളുകൾ കൊല്ലപ്പെട്ടാൽ അതിൽ അതിജീവിക്കുന്നയാളുടെ മൊഴി മരണമൊഴിക്ക് സമാനമാണെന്ന് ഇന്ത്യൻ നിയമങ്ങളിൽ പറയുന്നുണ്ട്. അത് മുഖവിലയ്ക്കെടുത്ത് അയാളെ അറസ്റ്റ് ചെയ്യാൻ ശ്രീ. യോഗി ആദിത്യനാഥിന്റെ പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. എഫ്.ഐ.ആർ. ഇടാനായി ആയിരക്കണക്കിന് കർഷകർക്ക് കൊല്ലപ്പെട്ട ആളുകളുടെ മൃതദേഹങ്ങളുമായി തെരുവിലിരിക്കേണ്ടിവന്നു. അവസാനം ഗത്യന്തരമില്ലാതെ അവർക്ക് എഫ്.ഐ.ആർ. ഇടേണ്ടിവന്നു. ഇതാണ് രാജ്യമിന്ന് എത്തിനിൽക്കുന്ന ദുരവസ്ഥ. രാജ്യം

അരാജകത്വത്തിലാണ്, അങ്ങനെയാകുമെന്ന് ആയിരം തവണ പറഞ്ഞപ്പോഴും അതാരും ചെവിക്കൊണ്ടില്ല. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടവർ രാജ്യത്ത് സൃഷ്ടിക്കുന്ന അരാജകത്വം കാരണം എഫ്.ഐ.ആർ. ഇടാനായി ആയിരക്കണക്കിന് ആളുകൾക്ക് മൃതദേഹങ്ങളുമായി അവിടെ കുത്തിയിരിക്കേണ്ടിവന്നു. അവസാനം അവരതിന് നിർബന്ധിതമായി. ഈ ചെറുപ്പക്കാരന്റെ മൃതദേഹം റീ-പോസ്റ്റ് മോർട്ടം ചെയ്യാനായി പിന്നെയും മണിക്കൂറുകൾ അവർക്കവിടെ കുത്തിയിരിക്കേണ്ടിവന്നു. കർഷകർ കൊന്നതാണെന്ന് പറയുന്ന മാധ്യമപ്രവർത്തകൻ രമൺ കശ്യപിന്റെ അച്ഛനെ മാധ്യമ പ്രവർത്തകർ ചെന്നുകണ്ടു. ഈ അപകടത്തിന്റെ മുഴുവൻ ദൃശ്യങ്ങളും എന്റെ മകന്റെ പക്കലുണ്ടായിരുന്നു, അതുകൊണ്ട് അവനെ കൊന്നത് ബി.ജെ.പി.ക്കാരാകാനാണ് സാദ്ധ്യതയെന്ന് ഈ മാധ്യമ പ്രവർത്തകന്റെ അച്ഛൻ ശ്രീ. രാം ദുലാരി കശ്യപ് പറഞ്ഞു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാമത് വർഷം - 'ആസാദി കാ അമൃത് മഹോത്സവ് ' ആഘോഷിക്കാൻ ലക്നൗവിലേയ്ക്ക് കടന്നുചെന്ന ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് ലഖിംപൂർ ഖേരിയിലേയ്ക്കുള്ള വഴി അറിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ നവമാധ്യമ അക്കൗണ്ടുകളിലൂടെയോ നാവിലൂടെയോ  അദ്ദേഹത്തിന്റെ മുമ്പിലുള്ള മൈക്കുകളിലൂടെ ഒരു അപലപനംപോലും കേട്ടില്ല എന്നുള്ളത് ഈ രാജ്യത്തിന് കളങ്കമാണ്. ഇന്ത്യയുടെ പ്രധാനമന്ത്രി രാജ്യത്തിന് കളങ്കമാണെന്ന് ഈ ലോകത്തിന് മുമ്പിൽ നമുക്ക് പറയേണ്ടി വരികയാണ്. ഇതുവരെ അദ്ദേഹം അവിടെ പോയില്ല, ഒന്ന് അപലപിച്ചിട്ടില്ല. ഇത്രയും ക്രൂരമായ കൃത്യത്തിന് നേതൃത്വം നൽകിയ ഒരു കേന്ദ്രമന്ത്രിയെ സ്വന്തം മന്ത്രിസഭയിൽനിന്നും പുറത്താക്കാത്ത ഒരാൾ, ഇന്ത്യ കണ്ടതിൽവച്ച് ഏറ്റവും വലിയ ജനാധിപത്യ വിരുദ്ധനും ഏറ്റവും വലിയ കർഷക വിരുദ്ധനുമായ ഒരു ഭരണാധികാരിയാണെന്ന് ഈ രാജ്യം ഇന്ന് വിലയിരുത്തേണ്ടതായിട്ടുണ്ട്. പക്ഷേ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോൾ ഓർക്കേണ്ട ഒരു കാര്യം കോൺഗ്രസ് അവിടെ കടന്നുചെന്നിട്ടുണ്ട് എന്നാണ്. ശ്രീമതി പ്രിയങ്കാ ഗാന്ധി ഈ പ്രശ്നം അറിഞ്ഞപ്പോൾ അവിടേയ്ക്ക് പോകാൻ ശ്രമിച്ചെങ്കിലും ലക്നൗ എയർപോർട്ടിലിറങ്ങിയ അവരെ സീതാപൂരിൽ, ഈ സംഭവ സ്ഥലത്തുനിന്നും 90 കിലോമീറ്റർ അകലെയുള്ള ഒരു സ്ഥലത്ത്, 144 പ്രഖ്യാപിച്ചിട്ടില്ലാത്തൊരു സ്ഥലത്ത്, ആളുകൾക്ക് സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കാത്തൊരു സ്ഥലത്ത് 58 മണിക്കൂർ വീട്ടുതടങ്കലിൽ വച്ചു. അതിന് നിയമത്തിന്റേതായ ഒരു ന്യായീകരണവും പറയാനില്ല. അവിടേയ്ക്ക് പോകാൻവേണ്ടി ഛത്തീസ്ഗഢ് മുഖ്യമന്ത്രി ശ്രീ. ഭൂപേഷ് ബാഗലിന് 24 മണിക്കൂർ എയർപോർട്ടിന്റെ നിലത്ത് കുത്തിയിരുന്ന് പ്രതിഷേധിക്കേണ്ടിവന്നു. ശ്രീ. ഭൂപേഷ് ബാഗൽ ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാരെ തടഞ്ഞു. ശ്രീ. കെ. സി. വേണുഗോപാലും ശ്രീ. രാഹുൽഗാന്ധിയുമുൾപ്പെടെയുള്ള നേതാക്കൾ അവിടെ

ചെന്നപ്പോൾ പോലീസിന്റെ വാഹനത്തിൽ കയറിയാൽ മതി ഒറ്റയ്ക്ക് പോകാൻ അനുവദിക്കില്ലെന്ന നിലപാടെടുത്തു. ശ്രീ. സച്ചിൻ പൈലറ്റിനെ അതിർത്തിയിൽ തടഞ്ഞു. ശ്രീ. അഖിലേഷ് യാദവിനെ വീട്ടുതടങ്കലിലാക്കി. അനീതിക്കെതിരെ ചോദ്യം ചെയ്യുന്ന ആളുകൾക്കെതിരെ പ്രഖ്യാപിക്കാത്ത അടിയന്തരാവസ്ഥ നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ്. ഈ രാജ്യത്ത് പ്രതിഷേധം ഉയർന്നുവരേണ്ടത് തന്നെയാണ്. ഇത് രാജ്യത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ശ്രീ. എം. കെ. സ്റ്റാലിൻ, ശ്രീ. ഉദ്ദവ് താക്കറെ, ശ്രീമതി കുശ്ബു സുന്ദർ എന്നിവർ പ്രതികരിച്ചു. ഇത് 'കില്ലിംഗ് രാജ്' എന്നാണ് ശ്രീമതി മമത ബാനർജി പ്രതികരിച്ചത്. ബി.ജെ.പി.-യുടെ എല്ലാ വൃത്തികേടുകൾക്കും കൂട്ടുനിൽക്കുന്ന ശ്രീ. വരുൺ ഗാന്ധിപോലും പ്രതികരിച്ചു. പക്ഷേ, നമ്മുടെ മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റ് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന രണ്ടാംഘട്ട കുളമ്പ് രോഗ കുത്തിവയ്പ്പിന്റെ ഉദ്ഘാടനമായിരുന്നു. ശ്രീ. പിണറായി വിജയൻ എന്ന വ്യക്തിക്ക് ഒരുപക്ഷേ അത് ചേരുമായിരിക്കും. പക്ഷേ കേരളത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിൽ ഇനിയും പ്രതികരിക്കാൻ മടിക്കരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ബി.ജെ.പി.-യുടെ ബദലെന്ന് പലരും വാഴ്ത്താൻ ശ്രമിച്ച ശ്രീ. അരവിന്ദ് കെജ്രിവാൾ ഇതുവരെ നാവുതിർത്തിട്ടില്ല. അതുപോലെ അസദുദ്ദീൻ ഒവൈസിയെപ്പോലുള്ള ബി.ജെ.പി. ഏജന്റുകൾ ഈ വിഷയത്തിൽ മൗനം പാലിക്കുന്നു. ഒരു കാര്യം പറയാൻ ഞങ്ങളാഗ്രഹിക്കുകയാണ്, പരിഹസിക്കാൻ ബി.ജെ.പി. ഐ.ടി. സെല്ലിലെ ആയിരക്കണക്കിന് പെയ്ഡ് തൊഴിലാളികൾ കമ്പ്യൂട്ടറുകൾക്ക് മുമ്പിലിരിക്കുമ്പോഴും തേജോവധം ചെയ്യാൻ ശ്രീ. നരേന്ദ്ര മോദിയുടെ, ശ്രീ. അമിത് ഷായുടെ കേന്ദ്ര ഭരണത്തിന്റെ തണലിൽ വാലാട്ടുന്ന സ്വയംവിറ്റ മാധ്യമങ്ങൾ മത്സരിക്കുമ്പോഴും നിർഭയ കേസ്സിലും ജെ.എൻ.യു. സമരത്തിലും രോഹിത് വെമുല സമരത്തിലും ഉന്നാവിലും കത്വയിലും ഹത്രാസിലും കാശ്മീരിലും അവസാനമിപ്പോൾ ലഖിംപൂർ ഖേരിയിലും കടന്നുചെന്നത് കോൺഗ്രസ്സായിരുന്നു, ശ്രീ. രാഹുൽഗാന്ധിയായിരുന്നു, ശ്രീമതി പ്രിയങ്ക ഗാന്ധിയായിരുന്നുവെന്നത് ഈ നാടിന് മറക്കാൻ കഴിയില്ല. രാജ്യത്തിന്റെ ജനാധിപത്യം അപകടത്തിലാകുന്ന ഈ അവസ്ഥയിൽ ഇതിനെതിരെ പ്രതികരിക്കാനുള്ള ബാദ്ധ്യത കേരളത്തിലെ ഭരണകൂടത്തിനും ഭരണാധികാരികൾക്കുമുണ്ട്. രാജ്യത്തെ തകർക്കുന്ന അത്തരം ആശയങ്ങളെ പാഠപുസ്തകങ്ങളിലേയ്ക്ക് പകർത്താൻ ശ്രമിക്കുന്ന നീക്കങ്ങൾക്കെതിരെ നിലപാടെടുക്കാത്ത ഈ ഗവൺമെന്റിനെതിരെ പ്രതിഷേധിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എം. സച്ചിൻദേവ്): സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 18-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടത് ഉന്നവിദ്യാഭ്യാസ രംഗത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് സർവ്വകലാശാലകളിലെ പ്രതിസന്ധികളെയും പ്രയാസങ്ങളെയും ശരിയായ വിധത്തിൽ മറികടക്കുന്നതിനുവേണ്ടിയാണ് കാലോചിതമായ വിധത്തിൽ നമ്മുടെ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നത്. സർവ്വകലാശാല നിയമഭേദഗതിയിൽ സുപ്രധാനമായൊരു ഭാഗമാണ് സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയം. കേരളത്തിൽ മാത്രമല്ല രാജ്യത്തുടനീളം അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ ആശങ്കയോടുകൂടി ചർച്ച ചെയ്ത ഒരു വിദ്യാഭ്യാസ ക്രമീകരണമാണ് സ്വയംഭരണ കോളേജുകൾ. അതിശക്തമായ എതിർപ്പുകളും വ്യത്യസ്തമായ അഭിപ്രായങ്ങളുമെല്ലാം സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി രാജ്യത്ത് നിയമാനുസൃതമായി സ്വയംഭരണ കോളേജുകൾ കൂടുതലായി അനുവദിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പുതിയ ദേശീയ വിദ്യാഭ്യാസ നയം വിഭാവന ചെയ്യുന്നതുപ്രകാരം പത്ത് വർഷത്തിനിടയിൽ രാജ്യത്തെ മഹാഭൂരിപക്ഷം കോളേജുകളും സ്വയംഭരണ കോളേജുകളായി മാറുകയാണ്. നമ്മുടെ സർവ്വകലാശാലയുടെ പ്രസക്തിയും പ്രാധാന്യവും നഷ്ടപ്പെടുന്ന വിധത്തിലാണ് പുതിയ വിദ്യാഭ്യാസ നയവും അതിന്റെ കാഴ്ചപ്പാടുകളും തുടർന്നുള്ള ഇടപെടലുകളുമെല്ലാം. അതിന്റെ ഭാഗമായി സ്വയംഭരണ കോളേജുകളെന്ന ആശയമാണ് ഭാവിയിൽ ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ രംഗത്തെ കൃത്യമായും നിർണ്ണയിക്കാൻ പോകുന്നത്. കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേരളമുൾപ്പെടുന്ന എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണ കോളേജുകൾ യാഥാർത്ഥ്യമാക്കപ്പെടുന്ന ഈ സന്ദർഭത്തിൽ, സർക്കാർ ഉൾപ്പെടെയുള്ള ജനാധിപത്യ സംവിധാനങ്ങൾക്ക് നിയന്ത്രണമില്ലാത്ത നിലയിൽ സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തുകയെന്ന സമീപനത്തിന്റെ കൂടി ഭാഗമായാണ് സംസ്ഥാന ഗവൺമെന്റ് ഈ നിലയിൽ പ്രത്യേകമായൊരു ബിൽ കൊണ്ടുവരുന്നത്. സ്വയംഭരണ കോളേജുകൾ ഏകാധിപത്യ സംവിധാനത്തിൽ ഊന്നിയവയല്ല, അത്തരത്തിൽ മുന്നോട്ടുപോകാനും പാടില്ല. സംസ്ഥാന സർക്കാരുകളുടെ വ്യക്തമായ നിരീക്ഷണവും നിയമപരമായ നിയന്ത്രണങ്ങളുമെല്ലാമടങ്ങുന്ന വിധത്തിൽ മാത്രമേ കേരളത്തിൽ സ്വയംഭരണ കോളേജുകൾക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളുവെന്നത് നാമെല്ലാം അംഗീകരിക്കുന്ന കാര്യമാണ്. ചില സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട

കാര്യങ്ങളിൽ ജനാധിപത്യ സംവിധാനങ്ങളുടെ മേൽനോട്ടവും നിരീക്ഷണവും നിയന്ത്രണവും അത്യാവശ്യമാണെന്നുള്ളത് നമുക്കറിയാം. സിലബസ്സ് നിർണ്ണയം, പ്രവേശന മാനദണ്ഡങ്ങൾ, ഇഷ്ടാനുസരണം ചോദ്യപേപ്പറുകൾ തയ്യാറാക്കൽ, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം തുടങ്ങിയവയിലെല്ലാം ജനാധിപത്യ സ്വഭാവങ്ങളോടു കൂടിയ സുതാര്യമായ ഇടപെടലുകൾ നിലനിർത്താൻ സാധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ജനാധിപത്യപരമായിരിക്കണം. ഏതെങ്കിലും ഏകാധിപത്യ പ്രവണതകൾക്കോ സ്വകാര്യ മാനേജ്മെന്റുകൾക്കോ പ്രത്യേക താൽപ്പര്യക്കാർക്കോ നിയന്ത്രിക്കാൻ കഴിയുന്ന തരത്തിൽ വിദ്യാഭ്യാസം മാറാൻ പാടില്ലെന്ന നിർബന്ധബുദ്ധി കേരളത്തിലെ ഗവൺമെന്റിനുൾപ്പെടെയുണ്ട്. വിദ്യാർത്ഥികളുടെ എല്ലാ കഴിവുകളെയും പരിപോഷിപ്പിക്കുന്ന വേദിയായി നമ്മുടെ കോളേജുകളെ നിലനിർത്താനാകണം. വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യവും അഭിപ്രായ പ്രകടനങ്ങൾക്ക് അവസരവുമുണ്ടാകുന്ന സാഹചര്യം ക്യാമ്പസുകളിലുണ്ടാകണം. ഏകാധിപത്യ പ്രവണതകളില്ലാതെ തികച്ചും ജനാധിപത്യപരമായി ജനാധിപത്യ വേദികളുടെ സാന്നിദ്ധ്യത്തിൽ കാര്യങ്ങൾ ആലോചിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്ന സ്ഥിതിവിശേഷം ക്യാമ്പസുകളിൽ നിലനിർത്താൻ കഴിയണം. യാതൊരു തരത്തിലുള്ള അടിച്ചേൽപ്പിക്കലുമില്ലാത്ത വിധത്തിലേയ്ക്ക് ക്യാമ്പസുകൾ മുന്നോട്ടുപോകണം.

കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള നിബന്ധനകൾ പരിഷ്കരിച്ചുകൊണ്ട് യു.ജി.സി. 2018-ൽ പ്രത്യേക റെഗുലേഷൻ പുറപ്പെടുവിക്കുകയുണ്ടായി. ഈയൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന ഗവൺമെന്റുകളുടെ അനുമതിയുണ്ടെങ്കിലും ഇല്ലെങ്കിലും യു.ജി.സി. നേരിട്ട് കോളേജുകൾക്ക് സ്വയംഭരണ പദവി നൽകിയത്. അത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിലും സ്വയംഭരണ കോളേജുകൾ അനുവദിക്കുന്ന സ്ഥിതിയുണ്ടായത്. എന്നാൽ, 2013-ൽത്തന്നെ യു.ഡി.എഫ്. സർക്കാർ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് സ്വയംഭരണ കോളേജുകളെന്ന ആശയം കേരളത്തിൽ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സംസ്ഥാന ഗവൺമെന്റിന്റെയും ബന്ധപ്പെട്ട അഫിലിയേറ്റഡ് സർവ്വകലാശാലകളുടെയും അനുമതിയില്ലാതെ ഏതെങ്കിലുമൊരു കോളേജിന് സ്വയംഭരണ പദവി നൽകാൻ അന്ന് കഴിയുമായിരുന്നില്ല. എന്നാൽ, യു.ഡി.എഫ്. ഗവൺമെന്റിന്റെ നയപരമായ അഭിപ്രായത്തിന്റെ ഭാഗമായാണ് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്ന സാഹചര്യമുണ്ടായത്. അന്ന് പലയിടങ്ങളിൽനിന്നും വലിയ രൂപത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും ആശങ്കകളും ഉയർന്നുവന്നിരുന്നു. സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ച് അന്ന് വിദ്യാഭ്യാസ വിചക്ഷണന്മാർ ലേഖനങ്ങൾ എഴുതുകയും അഭിപ്രായപ്രകടനങ്ങൾ നടത്തുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. കെ. എം. സച്ചിൻദേവ് എസ്.എഫ്.ഐ.-യുടെ നേതാവുകൂടിയാണ്. അദ്ദേഹം സ്വയംഭരണ കോളേജുകളുടെ നാൾവഴികൾ പറയുകയാണ്. നിങ്ങൾ ആദ്യം സ്വകാര്യ കോളേജുകളെ എതിർത്തിരുന്നു. പിന്നീട് അവയുടെ നടത്തിപ്പുകാരായി മാറി. അതിനുശേഷം സ്വാശ്രയ കോളേജുകളെ എതിർത്തെങ്കിലും പിന്നീട് അവയുടെയും നടത്തിപ്പുകാരായി. അതുകഴിഞ്ഞ് നിങ്ങൾ സ്വയംഭരണ കോളേജുകളെയും എതിർത്തു. യു.ഡി.എഫ്. സർക്കാരാണ് അത് അനുവദിച്ചതെന്ന് നിങ്ങൾ പറഞ്ഞു. ഇപ്പോൾ സ്വയംഭരണ കോളേജുകൾ നടത്താനായി ബിൽ കൊണ്ടുവരികയാണ്. അത് കൊണ്ടുവരേണ്ടതില്ലെന്ന് ഞാൻ പറയുന്നില്ല. സ്വാഭാവികമായും ഭരണത്തിൽ വരുമ്പോൾ അതിന്റേതായ ഉത്തരവാദിത്വമുണ്ടാകും. താത്വികമായും ആശയപരമായും ശ്രീ. കെ. എം. സച്ചിൻദേവടക്കമുള്ള എസ്.എഫ്.ഐ.-യും യുവജന സംഘടനകളും സ്വാശ്രയ/സ്വയംഭരണ കോളേജുകളുടെ നിലനിൽപ്പിനെ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാനിവിടെ നേരത്തെ സൂചിപ്പിച്ചിരുന്നു. 2013-ലാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വയംഭരണ കോളേജുകൾ അനുവദിക്കാനുള്ള തീരുമാനമെടുക്കുന്നത്. അന്ന് സംസ്ഥാന സർക്കാരിന്റെയും സർവ്വകലാശാലകളുടെയും പ്രത്യേക നിർദ്ദേശത്തോടുകൂടി മാത്രമേ സ്വയംഭരണ കോളേജുകൾ അനുവദിക്കാൻ സാധിക്കുകയുള്ളൂ. അതിന് ശിപാർശ ചെയ്യേണ്ടത് സംസ്ഥാന സർക്കാരും സർവ്വകലാശാലകളുമായിരുന്നു. എന്നാൽ പ്രസ്തുത വ്യവസ്ഥയിൽ മാറ്റം വരുത്തി 2018-ൽ യു.ജി.സി. പ്രത്യേക റെഗുലേഷൻ പുറപ്പെടുവിച്ചു. അതുപ്രകാരം പത്ത് വർഷത്തിൽ കുറയാതെയുള്ള പ്രവർത്തനവും NAAC 'എ' ഗ്രേഡോ അല്ലെങ്കിൽ മൂന്ന് പ്രോഗ്രാമിലെങ്കിലും കുറഞ്ഞത് 675 മാർക്കോടെ എൻ.ബി.എ. (നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ) ഗ്രേഡോ കരസ്ഥമാക്കുന്ന സ്ഥാപനങ്ങൾക്കും കോളേജുകൾക്കും സ്വയംഭരണ പദവിക്കായി ആവശ്യപ്പെടാവുന്നതാണ്. അതിനായി സർക്കാരിന്റെ എൻ.ഒ.സി. ആവശ്യമില്ലെന്നും യു.ജി.സി. നിഷ്കർഷിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ പരിശോധന നടത്താനുള്ള കമ്മിറ്റികളിലേയ്ക്ക് സർവ്വകലാശാലയുടെയും സർക്കാരിന്റെയും പ്രതിനിധികളെ നൽകാവുന്നതും നൽകിയില്ലെങ്കിൽ യു.ജി.സി. നിശ്ചയിച്ച കമ്മിറ്റി പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും' എന്നും അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അനുകൂലമോ പ്രതികൂലമോ ആയാലും യു.ജി.സി.-യുടെ നേരിട്ടുള്ള വിവേചനാധികാരം ഉപയോഗപ്പെടുത്തി സ്വയംഭരണ കോളേജുകളെന്ന പദവി നൽകാൻ കഴിയുന്ന വ്യവസ്ഥകളാണ് 2018-ലെ റെഗുലേഷനിലുള്ളത്. 2013-ലെ സ്ഥിതി വ്യത്യസ്തമായിരുന്നു. സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണ കോളേജുകളും പ്രത്യേകിച്ച് സെൽഫ്

ഫിനാൻസിംഗ് കോളേജുൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ മേഖലയും നേരിടുന്ന പ്രശ്നങ്ങളും പരിമിതികളും വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസങ്ങളും സംബന്ധിച്ച് എല്ലാഘട്ടത്തിലും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇടപെട്ടിട്ടുണ്ട്. അത്തരം പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാനുള്ള നിയമാനുസൃതമായ മാർഗ്ഗമാണ് ഇന്ന് ഈ ബില്ലിലൂടെ വിഭാവനം ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ നേരത്തെയുണ്ടായിരുന്ന വ്യവസ്ഥകളിൽ മാറ്റമുണ്ടാകും. വലിയ രൂപത്തിലുള്ള പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള നിയമാനുസൃതമായ ഇടപെടലുകൾക്ക് സാധ്യതയൊരുക്കുന്നതിന് ഈ ബിൽ സഹായകരമാകുമെന്നാണ് സൂചിപ്പിക്കുന്നത്. നേരത്തെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. സ്വയംഭരണ/സ്വാശ്രയ കോളേജുകൾ അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്കരണം നടപ്പാക്കുന്ന സന്ദർഭത്തിലുണ്ടാകാവുന്ന പ്രതിസന്ധികളെയും പ്രയാസങ്ങളെയും സംബന്ധിച്ച് പൊതുസമൂഹത്തോട് കൃത്യമായ വിധത്തിൽ സംവദിച്ചവരാണ് ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ളവർ. 2013-ൽ യു.ഡി.എഫ്. സ്വയംഭരണ കോളേജുകൾ അനുവദിക്കുന്ന സന്ദർഭത്തിൽ ഞങ്ങളും ചില കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് മേഖലയിലല്ലാത്ത കോളേജുകളുടെ ഗവേണിംഗ് ബോഡി രൂപീകരിക്കാനുള്ള അധികാരം മാനേജ്മെന്റുകളിൽ നിക്ഷിപ്തമായിരിക്കുമെന്ന് നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എയ്ഡഡ്, അൺ-എയ്ഡഡ് എന്ന വേർതിരിവില്ലാത്ത വിധത്തിൽ, സ്വയംഭരണ കോളേജുകളിൽ മാനേജ്മെന്റുകൾക്ക് സുപ്രീം പവറും ആധിപത്യവുമുണ്ടാകുന്ന വിധത്തിൽ, അവർ ഏകപക്ഷീയമായി കാര്യങ്ങൾ തീരുമാനിക്കുന്ന നിലയിലേയ്ക്ക് മാറുന്ന സന്ദർഭത്തിൽ പോരായ്മകളെ കൃത്യമായി ചൂണ്ടിക്കാണിക്കാൻ ആ കാലത്തും ഞങ്ങൾ പ്രത്യേകമായി ശ്രമിച്ചിരുന്നു. സിലബസും ഫീസും പ്രവേശനത്തിന്റെ മാനദണ്ഡവും മാനേജ്മെന്റുകൾക്ക് തീരുമാനിക്കാനാകുന്ന സാഹചര്യത്തിൽ ജനാധിപത്യപരമായും നിയമാനുസൃതമായും ഇടപെടാൻ കഴിയുന്ന മാർഗ്ഗങ്ങൾ തേടുകയെന്ന ലക്ഷ്യത്തോടെയാണ് ഈ നിയമസഭാ സമ്മേളന കാലത്ത് ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത്. നേരത്തെ ബഹുമാനപ്പെട്ട അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നടത്തിയ പ്രസംഗം ഒരുപക്ഷേ യു.ഡി.എഫ്.-ന്റെ കാഴ്ചപ്പാടായിരിക്കാം. അതുപോലെ ഏറനാട് അംഗം ശ്രീ. പി. കെ. ബഷീറിന്റെ പ്രസംഗത്തിലും വൈരുദ്ധ്യമായ ചില സൂചകങ്ങൾ കാണുകയുണ്ടായി. യു.ജി.സി.-യെ എന്തിനാണ് അംഗീകരിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. അദ്ദേഹം യു.ജി.സി.-യെ ഒരു പ്രത്യേക ഫണ്ടിംഗ് ഏജൻസി എന്ന നിലയിലാണ് പരാമർശിച്ചത്. യു.ജി.സി.-യുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളും അദ്ധ്യാപക പ്രസ്ഥാനങ്ങളുമെല്ലാം യു.ജി.സി. മാനദണ്ഡങ്ങളിലെ പോരായ്മകളെയും അത് നമ്മുടെ വിദ്യാഭ്യാസ മേഖലയിലുണ്ടാക്കുന്ന വലിയ പ്രത്യാഘാതങ്ങളെയും സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. യു.പി.എ. ഗവൺമെന്റിന്റെ കാലത്തും കോൺഗ്രസും മുസ്ലീംലീഗുമുൾപ്പെടെയുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ മുൻകയ്യെടുത്ത് രാജ്യത്തിന്റെ ഭരണവും കേരളത്തിന്റെ ഭരണവും മുന്നോട്ടുകൊണ്ടുപോയ കാലത്തും യു.ജി.സി. മാനദണ്ഡങ്ങളിൽ വലിയ മാറ്റമുണ്ടായതായി ഞങ്ങൾക്കാർക്കും അനുഭവമില്ല. അക്കാലത്തും ഈ മാനദണ്ഡങ്ങളിൽ നിഷ്കർഷിക്കുന്നതുപ്രകാരമുള്ള വിദ്യാഭ്യാസ പ്രക്രിയയെ പിന്തുടർന്ന സംവിധാനമാണ് ഇവിടെയുണ്ടായത്. അതിന്റെ മറ്റുവിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്രമായ മാറ്റം, പുരോഗതി, വിദ്യാർത്ഥിക്ഷേമത്തോടുകൂടി സർവ്വകലാശാലകളെ മുന്നോട്ടുനയിക്കാനാവശ്യമായ നിയമാനുസൃതമായ പ്രവർത്തനങ്ങൾ എന്നിവ ഈ ബില്ലിന്റെ ഭാഗമായി സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. തീർച്ചയായും അത് ഉന്നത വിദ്യാഭ്യാസരംഗത്തെ സമഗ്രമായ വികസനത്തിലൂന്നിയ പ്രവർത്തനമായി നമുക്ക് കാണാൻ കഴിയണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുതന്നെ ഏറ്റവും ശരിയായ നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ചുവടുവയ്പ്പുകൾ നടത്താൻ നമുക്ക് സാധിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കി നടപ്പാക്കാനുള്ള സമീപനം സ്വീകരിച്ച ഗവൺമെന്റായി സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഗവൺമെന്റ് മാറി. കോഴിക്കോട് ലാ കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 69.8 ലക്ഷം രൂപയുടെ കർമ്മപദ്ധതികൾ നടപ്പാക്കാൻ ഈ ഗവൺമെന്റ് ശ്രദ്ധിച്ചു. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിവിധ കോളേജുകളിൽ 2021-22-ൽ പുതിയ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ, അധികബാച്ച് എന്നിവ അനുവദിച്ചതിലൂടെ 540 സീറ്റുകൾ അധികമായുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളത് ഉന്നത വിദ്യാഭ്യാസരംഗത്ത് എടുത്തുപറയാൻ കഴിയുന്ന നേട്ടമാണ്. കിഫ്ബി സഹായത്തോടെ 100 കോടി രൂപ ചെലവിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയെ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാക്കി മാറ്റാനുള്ള കർമ്മപദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിയമ കലാലയമായ തൃശ്ശൂർ സർക്കാർ ലാ കോളേജിന്റെ വികസനത്തിനായി 98 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് അതിന്റെ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടുപോകുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കിഫ്ബി സഹായത്തോടെ 75 കോടി രൂപ

ചെലവിട്ടുകൊണ്ട് ആധുനിക ലാബ് സമുച്ചയം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നൂതന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാല 100 ഗവേഷണ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല ഫെലോഷിപ്പുകൾ നൽകിക്കൊണ്ട് ആ സർവ്വകലാശാലയുടെ വൈജ്ഞാനിക രംഗത്തെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കിക്കൊണ്ട് അദ്ധ്യാപകർക്കുള്ള പരിശീലനവും പ്രത്യേക ശാക്തീകരണ പ്രവർത്തനങ്ങളും ഏറ്റെടുത്തുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയാണെന്നുള്ളത് ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി സൂചിപ്പിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രോത്സാഹന പ്രവർത്തനങ്ങൾ എന്നുള്ള നിലയിൽ മലയാളികളായ ഗവേഷണ പ്രതിഭകൾക്ക് നൽകുന്ന 'കൈരളി' പുരസ്കാരങ്ങൾ കൃത്യമായി വിതരണം ചെയ്യാൻ ഈ സർക്കാർ ശ്രദ്ധിച്ചു. കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ബില്ലുൾപ്പെടെ നിയമസഭയിൽ പാസ്സാക്കുന്ന നിലയിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകിയ ഗവൺമെന്റായി ഇടതുപക്ഷ ഗവൺമെന്റ് മാറുന്ന സന്ദർഭത്തിൽ ക്രിയാത്മകമായും ഏറ്റവും ശരിയായ നിലയിലേയ്ക്കുള്ള ലക്ഷ്യബോധം മുന്നോട്ടുവച്ചുകൊണ്ടും ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോകത്തിനുതന്നെ മാതൃകയാക്കുന്ന മേഖലയാക്കി ഉയർത്തിക്കാണിക്കാനുള്ള കർമ്മപദ്ധതികൾക്ക് ഈ ഗവൺമെന്റ് നേതൃത്വം നൽകുന്നു. ഈ ഗവൺമെന്റ് സർവ്വകലാശാലാ നിയമങ്ങൾ ശരിയായ വിധത്തിലും വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന വിധത്തിലും മാറ്റാനാവശ്യമായ ഇടപെടലുകൾ നടത്തുമ്പോൾ അതിനെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ടും ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതൊരു ചരിത്രപരമായ നിയമനിർമ്മാണമാണ്. ഒരുപാട് നല്ല നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യംവഹിച്ച കേരള നിയമസഭയിൽ ഈ നിയമത്തെ പിന്തുണച്ചുകൊണ്ട് സംസാരിക്കാൻ കഴിഞ്ഞതിൽ ഒരു സാമാജികൻ എന്നനിലയിൽ വളരെ സന്തോഷമുണ്ട്. ഇരട്ടത്താപ്പുകൾക്കപ്പുറത്ത് ഒരു വ്യക്തതയുണ്ടാകേണ്ടതാവശ്യമാണെന്ന് ഞാൻ നേരത്തെ ഇടപെട്ടപ്പോൾ സൂചിപ്പിച്ചു. 2014 ഡിസംബർ 1-ാം തീയതി ഞാൻ ഈ സഭയിൽ നടത്തിയ പ്രസംഗത്തിൽ

പറഞ്ഞിരിക്കുന്നത്, "നിങ്ങൾ ഇപ്പോൾ ഇതിനെ എതിർക്കുമെങ്കിലും പ്രീഡിഗ്രി ബോർഡിനെ എതിർത്ത് പ്ലസ് ടു കൊണ്ടുവന്നതുപോലെ, സ്വാശ്രയകോളേജുകളെ എതിർത്ത് പിന്നീട് സ്വാശ്രയ കോളേജ് സ്ഥാപിച്ചതുപോലെ, 25 കൊല്ലം കഴിഞ്ഞ് ആട്ടോണമസ് കോളേജിന്റെ അപ്പോസ്തലന്മാരായി നിങ്ങൾ മാറുന്നതുവരെ കാത്തിരിക്കാൻ ഞങ്ങൾക്ക് കഴിയില്ല എന്നതുകൊണ്ടാണ് ഞങ്ങൾ ഇപ്പോൾത്തന്നെ കൃത്യമായി വ്യക്തതയോടുകൂടി ഈ നിയമം സഭയിൽ കൊണ്ടുവരുന്നത്" എന്നാണ്. 'നിങ്ങൾ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിനെ പിന്തുണച്ചുകൊണ്ട് ആട്ടോണമസ് കോളേജുകളെ 25 വർഷത്തിനുശേഷം അനുകൂലിക്കാൻ സാധ്യതയുണ്ട്, അതുവരെ ഞങ്ങൾക്ക് കാത്തിരിക്കാൻ കഴിയില്ല' എന്നു പറഞ്ഞിരുന്നു. പക്ഷേ 25 കൊല്ലമൊന്നും വേണ്ടി വന്നില്ല, 2016 ആയപ്പോഴേയ്ക്കും നിങ്ങൾ നിലപാട് തിരുത്തി. മുമ്പ് സൂചിപ്പിച്ച ഉദാഹരണങ്ങൾപോലെ, എന്റെ സ്നേഹിതൻ ശ്രീ. കെ. എം. സച്ചിൻദേവ് ഇവിടെപ്പറഞ്ഞത് യു.ജി.സി. റെഗുലേഷൻ വന്നതോടുകൂടി കാര്യങ്ങൾ മാറിയതുകൊണ്ട് നിലപാട് മാറ്റിയെന്നാണ്. 2014 ജൂൺ 27-ന്റെ 'ചിന്ത' വാരികയിൽ 'വിദ്യാഭ്യാസം-മുതലാളിമാർക്കുവേണ്ടി സ്വയംഭരണ കോളേജുകൾ' എന്ന ആർട്ടിക്കിളിൽ പറയുന്നത്, " 1991-നുശേഷം രാജ്യത്താരംഭിച്ച ഉദാരവത്കരണ/സ്വകാര്യവത്കരണ നയങ്ങളുടെ ഭാഗമായി പുതിയ മാതൃകയിലുള്ള ആട്ടോണമസ് കോളേജുകളുടെ കച്ചവടസാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ടാണ് നവലിബറൽ വക്താക്കൾ ഇതിനുവേണ്ടി ശബ്ദമുയർത്താനാരംഭിച്ചത്. ഉന്നത വിദ്യാഭ്യാസരംഗത്തുനിന്നും പിൻവാങ്ങുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി മാത്രമേ സ്വയംഭരണ കോളേജുകളെ കാണാൻ കഴിയൂ" എന്നാണ്. ഇത് വലിയ ലേഖനമാണ്. അതുകൊണ്ട് പൂർണ്ണമായും വായിക്കാൻ കഴിയില്ല. നിങ്ങൾ എല്ലാകാലത്തും ഇത്തരം ഇരട്ടത്താപ്പുകളുടെ ആശാന്മാരാണ്. ആട്ടോണമസ് കോളേജുകളുടെ കാര്യത്തിലും അതുതന്നെയാണ് സംഭവിച്ചത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ യൂണിവേഴ്സിറ്റി കോളേജിലേയ്ക്ക് പരിശോധകസംഘത്തെ കയറ്റാൻപോലും സമ്മതിക്കാതെ അതിനുമുമ്പിൽ അക്രമസമരം നടത്തിയവരല്ലേ നിങ്ങൾ? അതിനുശേഷം നിങ്ങൾ ഒരു വ്യത്യാസവുമില്ലാതെ ആ നയത്തെയും സമീപനത്തെയും അംഗീകരിക്കുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിലൊക്കെ പറഞ്ഞതുപോലെ കുറച്ചുകൂടിക്കഴിഞ്ഞാൽ ഇത് ഞങ്ങൾ കൊണ്ടുവന്നതാണെന്ന് പറഞ്ഞ് പ്രചാരവേല നടത്തുകയും ചെയ്യും. അതാണ് നിങ്ങളുടെ സമീപനം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ 09-07-2015-ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട്, "ചില കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള സർക്കാർ തീരുമാനം ഉന്നത വിദ്യാഭ്യാസമേഖലയെ പുറകോട്ടടുപ്പിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന് ചോദിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ അധികാരത്തിൽ വരുമ്പോഴെല്ലാം സമീപനം മാറും. ഇവിടെ ഈ ബില്ലിന്റെ ചർച്ച

നടക്കുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ നമ്മൾ പരിശോധിക്കണ്ടേ; നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (ജി.ഇ.ആർ.) 37 ശതമാനവും തമിഴ്നാട്ടിൽ 48.6 ശതമാനവുമാണ്. എൻ.ഐ.ആർ.എഫ്. (നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്)-ൽ കേരള യൂണിവേഴ്സിറ്റി 27-ാം സ്ഥാനത്തും കാലിക്കറ്റ് യൂണിവേഴ്സിസിറ്റി 60-ാം സ്ഥാനത്തുമാണ്. നേരത്തെ അത് യഥാക്രമം 23, 54 സ്ഥാനങ്ങളിലായിരുന്നു. 23, 54 എന്നത് 27, 60 ആകുമ്പോൾ മെച്ചപ്പെട്ടുവെന്നല്ല, താഴെയാണെന്നാണ് അതിന്റെ അർത്ഥം. എൻ.ഐ.ആർ.എഫ്.-ൽ റാങ്ക് നിലവാരം താഴേയ്ക്ക് വരികയാണ് എന്നാണിതിൽനിന്നും മനസ്സിലാകുന്നത്. വിദ്യാർത്ഥികളുടെ കഴിവിനും താൽപ്പര്യത്തിനുമനുസൃതമായി അവർക്ക് തെരഞ്ഞെടുക്കാനാകുന്നതും ഉപരിപഠന സാധ്യതയുള്ളതുമായ അക്കാഡമിക്-ഗവേഷണ പ്രോഗ്രാമുകൾ നടപ്പാക്കിയാൽ മാത്രമേ നമുക്ക് കോളേജ് വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുകയുള്ളൂ.

3.00 p.m.]

വിദ്യാർത്ഥികളിൽ ബിരുദതലത്തിൽത്തന്നെ ഗവേഷണാഭിരുചി സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സർവ്വകലാശാലകളുടെ ആർ.&ഡി. (റിസർച്ച് & ഡെവലപ്മെന്റ്) പരിതാപകരമാണ്. കേവലം പരീക്ഷ നടത്തിപ്പ്, റിസൾട്ട് പ്രഖ്യാപിക്കൽ, സർട്ടിഫിക്കറ്റ് കൊടുക്കൽ എന്ന നിലവാരത്തിലേയ്ക്ക് സർവ്വകലാശാലകൾ മാറിയിരിക്കുന്നു. അത് ഏതെങ്കിലും ഒരു സർക്കാരിന്റെമാത്രം കുറ്റമായോ കുഴപ്പമായോ ഇത്തരമൊരു ബില്ലിന്റെ ചർച്ചാവേളയിൽ ഞാൻ കാണുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആറുവർഷമായി തുടരുന്നതുകൊണ്ടാണിങ്ങനെ സംഭവിച്ചത് എന്നല്ല; അങ്ങനെ കാണുന്നതും ശരിയല്ല. വൈസ്-ചാൻസലറുടെ കാര്യം ചർച്ചയിൽ പറഞ്ഞു. ആൽബർട്ട് ഐൻസ്റ്റീനോട് ട്രാവൻകൂർ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലറാകാമോയെന്ന് സർ സി. പി. രാമസ്വാമി അയ്യർ ചോദിച്ചിട്ടുണ്ട്. ആൽബർട്ട് ഐൻസ്റ്റീൻ ഇവിടെവന്ന് വൈസ്-ചാൻസലറാകുമെന്ന് കരുതിയല്ല ചോദിക്കുന്നത്. ആൽബർട്ട് ഐൻസ്റ്റീന്റെ നിലവാരത്തിലുള്ള ഒരു ആളെയാണ് ഇവിടെ ആഗ്രഹിക്കുന്നതെന്നൊരു സന്ദേശം നൽകുകയാണ് ചെയ്തത്. അത്തരം ഉന്നതമായ നിലവാരം ആഗ്രഹിച്ചിരുന്ന സ്ഥാപനങ്ങൾപോലും ഗവേഷണത്തിന്റെ കാര്യത്തിൽ വളരെ പുറകിലാണെന്നുള്ളതാണ് എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽനിന്നും മനസ്സിലാകുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളം മുൻപന്തിയിലാണെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുലോം പിറകിലാണ്. അവിടെനിന്നും പുറകോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ സഭ ആത്മാർത്ഥമായി പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിലൊരുകാര്യം നേരത്തെ പ്രസംഗത്തിനിടയിൽ

ശ്രീ. പി. കെ. ബഷീർ സൂചിപ്പിക്കുകയുണ്ടായി. കോഴ്സുകളിൽ ഘടനാപരമായ ചില മാറ്റങ്ങൾ വേണം. കേരളത്തിന്റെ ബിരുദ കോഴ്സുകളുടെ കാലാവധി മൂന്നുവർഷമാണ്. എന്നാൽ വിദേശ സർവ്വകലാശാലകളിൽ അത് നാലുവർഷമാണ്. ഗവേഷണത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കണമെങ്കിൽ ഇവിടെയും ബിരുദ കോഴ്സുകൾ നാലുവർഷത്തേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. നമ്മുടെ കുട്ടികൾക്ക് ഉപരിപഠനത്തിനായി വിദേശത്തേയ്ക്ക് പോകുന്നതിനുള്ള വലിയ തടസ്സമായി ഈ മൂന്നുവർഷ കോഴ്സ് നിൽക്കുകയാണ്. അതുമാത്രമല്ല ചില വിദേശ സർവ്വകലാശാലകളിൽ മേജർ വിഷയം പഠിക്കുന്നതോടൊപ്പം ഒരു മൈനർ വിഷയവും പഠിക്കാം. അതായത് ഡ്യുവൽ ഡിഗ്രി സംവിധാനമുണ്ട്. അത്തരം സംവിധാനത്തെക്കുറിച്ച് നമുക്കും ചിന്തിക്കാവുന്നതേയുള്ളൂ. മറ്റൊന്ന്, മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും പൂർണ്ണമായി ഒഴിവായിപ്പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെയധികമാണ്. പ്ലസ് വൺ അഡ്മിഷൻ പോലെതന്നെ സമാന്തരമായി ഇപ്പോൾ ഡിഗ്രി പ്രവേശനത്തിനും ഇതേപ്രശ്നം നേരിടുന്നുണ്ട്. വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിൽനിന്നും ഒഴിഞ്ഞുപോകുന്നത് തടഞ്ഞാൽ മാത്രമേ നമ്മുടെ ജി.ഇ.ആർ. ഉയർത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് വളരെ ആത്മാർത്ഥമായി ആലോചിക്കണം. ഗവേഷണ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് യൂണിവേഴ്സിറ്റികൾക്ക് റൂസയുടെ ഫണ്ട് കിട്ടും. യൂണിവേഴ്സിറ്റികൾക്ക് 100 കോടി രൂപ നൽകുന്ന റൂസയുടെ സ്കീമുണ്ട്. ആ പദ്ധതിയിൽ കേരളത്തിലെ ഒരു സർവ്വകലാശാലയും ഉൾപ്പെട്ടിട്ടില്ല. നമ്മുടെ എൻ.ഐ.ആർ.എഫ്. റാങ്കിംഗ് വളരെ താഴെയായതാണ് അതിന് കാരണം. കോഴിക്കോട് സർവ്വകലാശാല എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ വളരെ താഴെയാണ്. കേരള സർവ്വകലാശാല 27-ാം സ്ഥാനത്താണുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാല 50-ന് താഴെ വന്നിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാല 60-ാം സ്ഥാനത്താണ് നിൽക്കുന്നത്. റൂസയുടെ നൂറുകോടി രൂപ പോലെയുള്ള, ആവർത്തിച്ച് ലഭിക്കാൻ സാധ്യതയുള്ള ഫണ്ട് ലഭിക്കണമെങ്കിൽ നമ്മുടെ എൻ.ഐ.ആർ.എഫ്. റാങ്കിംഗ് ഉയർത്തുന്നത് ലക്ഷ്യംവച്ചുള്ള പരിപാടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സർവ്വകലാശാലകളെ കേന്ദ്രീകരിച്ച് നടത്തേണ്ടതായിട്ടുണ്ട്. അതിലൊരു ശ്രദ്ധ കൊടുക്കണം.

കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമങ്ങളിൽ വന്നതും നമ്മുടെ ശ്രദ്ധയിൽപ്പെട്ടതുമായ ചില കാര്യങ്ങളുണ്ട്. സംസ്ഥാനത്തെ 66 ഗവൺമെന്റ് കോളേജുകളിൽ 56 എണ്ണത്തിലും മേധാവിയില്ലെന്ന വാർത്ത മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. എന്തുകൊണ്ടാണത്? യു.ജി.സി. മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി

നിയമന നടപടികൾ സ്വീകരിക്കാത്തതിന്റെ ഭാഗമായി ആകെയുള്ള 66 ഗവൺമെന്റ് കോളേജുകളിൽ 56-ലും മേധാവിയില്ല. ഇവിടെ പറയേണ്ട കാര്യമല്ലെങ്കിൽപ്പോലും സ്കൂളിന്റെ കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദ്യ നിയമസഭാ സമ്മേളനത്തിൽ സബ്മിഷനായി ഉന്നയിച്ചതാണ്. നവംബർ മാസം ഒന്നാം തീയതി സ്കൂൾ തുറക്കാൻ പോകുമ്പോൾ 1702 സർക്കാർ സ്കൂളുകളിൽ പ്രഥമാദ്ധ്യാപകരില്ല. അത് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. ആ കേസ്സിന്മേൽ ഗവൺമെന്റ് തീരുമാനമെടുക്കാത്തതിന്റെ പേരിൽ 1702 സർക്കാർ സ്കൂളുകൾ പ്രഥമാദ്ധ്യാപകരില്ലാതെയാണ് ഈ കോവിഡ് പ്രതിസന്ധി കാലത്ത് തുറന്നുകൊടുക്കാൻ പോകുന്നത്. പൊതുവിദ്യാലയങ്ങളിൽ നാഥനില്ലാത്ത അവസ്ഥയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 56 ഗവൺമെന്റ് കോളേജുകളിൽ മേധാവികളില്ല. അതുപോലെ 70 ശതമാനത്തോളം എയ്ഡഡ് കോളേജുകളിൽ പ്രിൻസിപ്പാളുമില്ല. യോഗ്യത നിശ്ചയിക്കുന്നതിൽ ഇവർ തീരുമാന മെടുക്കാത്തതിന്റെ പിന്നിൽ വേറെ കുശാഗ്ര ബുദ്ധികൂടിയുണ്ട്. ഇത്രയും ആളുകൾക്ക് പ്രൊമോഷൻ കൊടുക്കുമ്പോൾ ടീച്ചേഴ്സിന്റെ വേക്കൻസി കൂടുതലായുണ്ടാകും. അപ്പോൾ സ്വാഭാവികമായും ഇത്രയും പേരെ നിയമിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടിയാണ് സർക്കാർ ഇങ്ങനെയൊരു ബുദ്ധി പ്രയോഗിക്കുന്നതെന്ന കാര്യവും വർഷങ്ങളായി ടീച്ചേഴ്സിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സർക്കാരിന്റ സാമ്പത്തിക ബാധ്യതയും പ്രതിസന്ധിയും ഒരു യാഥാർത്ഥ്യമാണ്. അതിന് വിദ്യാർത്ഥികളെയും അവരുടെ വിദ്യാഭ്യാസത്തെയും ഇരയാക്കരുതെന്ന വിനീതമായ അഭ്യർത്ഥനയാണ് എനിക്ക് സർക്കാരിന് മുന്നിൽ വയ്ക്കാനുള്ളത്. പ്രൊമോഷന്റെ കാര്യവും ശരിയാണ്. കാരണം സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് ഉയർന്ന ശമ്പളം കൊടുക്കേണ്ടിവരും. അതുകൊണ്ട് കുറച്ചുകാലം ഇങ്ങനെ നിന്നാൽ മതിയെന്ന് തീരുമാനിക്കുകയാണ്. സ്കൂൾ അദ്ധ്യാപകർക്ക് അപൂർവ്വമായി ലഭിക്കുന്നതാണ് ഹെഡ്മാസ്റ്റർ (എച്ച്.എം.) തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ. അവർക്ക് വേറെ പ്രൊമോഷനില്ല. ഈ കാലയളവിനുള്ളിൽ എത്ര അദ്ധ്യാപകരാണ് പ്രൊമോഷൻ ലഭിക്കാതെ സർവ്വീസിൽനിന്നും വിരമിച്ചത്? ഇനി അവർക്കൊരു അവസരം ലഭിക്കില്ല.

എയ്ഡഡ് കോളേജുകളിലും സർക്കാർ കോളേജുകളിലും ഇതേ അവസ്ഥയുണ്ട്. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഒരു ഉപായമായിട്ടാണോ പ്രൊമോഷൻ വൈകിപ്പിക്കുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ അതിനെ കുറ്റപ്പെടുത്താൻ കഴിയില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അൻപത് വയസ്സ് കഴിഞ്ഞ മുഴുവൻ ആളുകൾക്കും എച്ച്.എം. ആയി പ്രൊമോഷൻ കൊടുക്കാമെന്ന് ഗവൺമെന്റ് നോട്ടിഫിക്കേഷൻ വന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ ലഭിച്ച മറ്റ് അദ്ധ്യാപകർ കോടതിയെ സമീപിച്ചത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോടതിയിൽ നിലനിൽക്കുന്ന കേസ്സിൽ നിയമപരമായ പരിഹാരത്തിന് സാധ്യതയുള്ളപ്പോൾ അത് ഉപയോഗിക്കുന്നില്ലെന്ന് മാത്രമല്ല കേസ്സുകൾ വന്നതിനുശേഷവും പ്രൊമോഷൻ നടത്തിയിരിക്കുകയാണ്. അതിന്റെ ഉത്തരവുകൾ എന്റെ കയ്യിലുണ്ട്. നിയമനത്തിന് ഉത്തരവോ കേസ്സോ തടസ്സമല്ല. അതാണ് ഒരു കാര്യം. രണ്ടാമത്തേത്, ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയെ സംബന്ധിച്ച കാര്യങ്ങൾ ഇവിടെ പറഞ്ഞു. പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനമന്ദിരത്തിനുവേണ്ടി തിരുവനന്തപുരത്ത് ഭൂമി വാങ്ങിയതിനുശേഷം ആളുകളുടെ കയ്യിൽനിന്നും രേഖവാങ്ങി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനവും നടത്തി. 100 ഏക്കർ ഭൂമി വാങ്ങാൻ തീരുമാനിച്ച് ശിലാസ്ഥാപനം നടത്തിയിട്ട് ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നില്ല. സർക്കാരിന് ഭൂമി വിട്ടുകൊടുത്തവർക്കാണെങ്കിൽ ബാങ്ക് വായ്പപോലും എടുക്കാൻ കഴിയുന്നില്ല. അവരാകെ പ്രതിസന്ധിയിലായിരിക്കുകയാണ്. അക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് കരുതുകയാണ്.

കേരള കാർഷിക സർവ്വകലാശാലയുടെ വൈസ്-ചാൻസലർ വ്യാജനാണെന്ന് ഒരുവിധം എല്ലാവർക്കുമറിയാം. കാരണം, അദ്ദേഹം വ്യാജ ബയോഡാറ്റ സമർപ്പിച്ചുവെന്നാണ് പറയുന്നത്. ഡോ. ആർ. ചന്ദ്രബാബു, വിസിറ്റിംഗ് സയന്റിസ്റ്റ് ആയിരുന്നില്ലെന്ന് കാലിഫോർണിയ യൂണിവേഴ്സിറ്റി ഗവൺമെന്റിന് ഇ-മെയിൽ അയച്ചു. 38 വർഷത്തെ സേവനത്തിനിടയിൽ അദ്ദേഹം വിദേശ സർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായോ സയന്റിസ്റ്റായോ സേവനമനുഷ്ഠിച്ചിരുന്നില്ലെന്ന് തമിഴ്നാട് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് പങ്കാളിത്ത ഗവേഷണമോ അക്കാഡമിക് സഹകരണമോ ഇല്ലെന്ന് മധുര കാമരാജ് യൂണിവേഴ്സിറ്റിയും അറിയിച്ചിട്ടുണ്ട്. ബയോഡാറ്റയിലുള്ള മുഴുവൻ കാര്യങ്ങളും വ്യാജമായതിനാൽ ഇദ്ദേഹം വ്യാജ വി.സി.-യാണെന്ന് കണ്ടെത്തിയിരിക്കുകയാണ്. കൃത്യസമയത്ത് അപേക്ഷിക്കാത്തതുകാരണം കാർഷിക

സർവ്വകലാശാലയിലെ 14 കോഴ്സുകൾക്ക് ഐ.സി.എ.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച്)-ന്റെ അക്രെഡിറ്റേഷൻ റദ്ദായിരിക്കുകയാണ്. ഈ വ്യാജൻ വി.സി. ആയിരിക്കുന്ന സർവ്വകലാശാലയിലെ 14 കോഴ്സുകൾക്ക് അംഗീകാരം നഷ്ടമായിരിക്കുകയാണ്. അതുമാത്രമല്ല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അടിയന്തരപ്രമേയം കൊണ്ടുവന്നു. ഒരു നിയമപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ യു.ജി.സി.-യുടെ ഓൺലൈൻ കോഴ്സിൽ കേരളത്തിൽനിന്നും ഒരൊറ്റ സർവ്വകലാശാലയ്ക്കുപോലും അനുമതി ലഭിച്ചിട്ടില്ല. അതിനു കാരണം ഓപ്പൺ സർവ്വകലാശാല നിയമമാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ വിദ്യാഭ്യാസം നടക്കാത്തത് സംബന്ധിച്ച് ഞാനാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് കോഴ്സുകൾ ആരംഭിക്കാൻ സാധിക്കാത്ത പ്രശ്നമാണ് ഉന്നയിച്ചത്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അവിടെ യാതൊരു പ്രശ്നവുമില്ല, സെപ്റ്റംബർ മാസമാകുമ്പോൾ പോർട്ടൽ ഓപ്പൺ ചെയ്യും, എന്തോ സാങ്കേതിക പ്രശ്നമാണ് എന്നാണ്. ഇപ്പോൾ സെപ്റ്റംബർ കഴിഞ്ഞ് ഒക്ടോബർ ആയി. പോർട്ടൽ ഓപ്പൺ ചെയ്തോ; അവിടെ എന്തെങ്കിലും നടക്കുന്നുണ്ടോ? അവിടെ പത്ത് വർഷത്തെ പ്രൊഫസർഷിപ്പില്ലാത്ത ഒരാളെ വൈസ് ചാൻസലറാക്കി വച്ചതുകൊണ്ടാണ് യു.ജി.സി.-യുടെ അംഗീകാരം ലഭിക്കാതെ പോയതെന്നാണ് ഞാൻ മനസ്സിലാക്കിയത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് ശ്രീനാരായണീയരുടെ വൈകാരികത ചൂഷണം ചെയ്യാൻവേണ്ടി മാത്രം തട്ടിക്കൂട്ടിയൊരു യൂണിവേഴ്സിറ്റിയായിരുന്നു അത്. അതിനെക്കുറിച്ചൊന്ന് പറയാമോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, യഥാർത്ഥത്തിൽ കേരള, കോഴിക്കോട്, എം.ജി. സർവ്വകലാശാലകൾക്ക് എൻ.ഐ.ആർ.എഫ്. റാങ്കിംഗ് വച്ചുതന്നെ കോഴ്സുകൾക്ക് അപേക്ഷിക്കാൻ കഴിയുമായിരുന്നു. പക്ഷേ, ഓപ്പൺ സർവ്വകലാശാല നിയമം തടസ്സമായി നിൽക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പരിഹരിക്കണം. നമ്മുടെ ജി.ഇ.ആർ. ഉയർത്തുന്നതിനുവേണ്ടി പരിശ്രമിക്കണം. എൻ.ഐ.ആർ.എഫ്. റാങ്കിംഗിലേയ്ക്ക് യൂണിവേഴ്സിറ്റികളെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നുമുണ്ടാകണമെന്നും റൂസയിൽ നിന്നുമടക്കം ലഭ്യമാകാൻ സാദ്ധ്യതയുള്ള ഫണ്ടുകൾ നേടിയെടുക്കണമെന്നും പൊതുവിൽ ഇവിടെ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യുകയെന്ന വലിയ ഉത്തരവാദിത്വം സർക്കാരും കേരളീയ സമൂഹവും യോജിച്ച് ഏറ്റെടുക്കുന്ന ഈ വേളയിൽ ഉന്നത വിദ്യാഭ്യാസ മേഖല ആ ദൗത്യത്തിന്റെ മുൻനിരയിൽനിന്നുതന്നെ പ്രവർത്തിക്കേണ്ട ചുമതലയുള്ള മേഖലയാണ്. അതുകൊണ്ടുതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രവും സമൂലവും കാലാനുസൃതവുമായ പരിഷ്കാരംവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പങ്കുവച്ച ഉത്കണ്ഠയും ക്രിയാത്മകമായ നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുമ്പോൾത്തന്നെ രാഷ്ട്രീയ പ്രേരിതമായ ദുരാരോപണങ്ങളെ തള്ളിക്കളയുകയും ചെയ്യുകയാണ്. 21-ാം നൂറ്റാണ്ടിന്റെ ഉത്തരാധുനിക സമൂഹത്തിൽ ലോക സാഹചര്യങ്ങൾക്കനുസൃതമായി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഒരുക്കിയെടുക്കുകയെന്ന ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കുന്നത്. വിവര വിസ്ഫോടനത്തിന്റെ യുഗമാണ്; അനുദിനം വൈജ്ഞാനിക ചക്രവാളങ്ങൾ വികസിക്കുകയും സാമ്പ്രദായിക ജ്ഞാന മാതൃകകൾ തകർന്നുപോകുകയും പുതിയ അന്തർവൈജ്ഞാനിക ശാഖാ സമീപനങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. അതിനാൽ കരിക്കുലത്തിലും ബോധനരീതികളിലും നിയമങ്ങളിലും സമീപനങ്ങളിലും മുൻഗണനകളിലുമൊക്കെ മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്. ഈ സർക്കാരിന് അതിനുള്ള നല്ല ചുവടുവയ്പ്പുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമാണ്. ബഹുമാനപ്പെട്ട അംഗം കെ. എം. സച്ചിൻദേവ് അതിന്റെ ചില വിശദാംശങ്ങൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. കേവലം നൂറ് ദിവസത്തിനുള്ളിൽ പൂർത്തീകരിക്കപ്പെട്ട ചില പദ്ധതികളുടെ വിശദാംശങ്ങൾ അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സമഗ്ര പരിഷ്കരണത്തിനായി മൂന്ന് കമ്മീഷനുകളെ ഇതിനകം നിയോഗിച്ചു കഴിഞ്ഞു. ഈ മേഖലയുടെ സർവ്വതലസ്പർശിയായ നവീകരണത്തിനായി ബാബാസാഹിബ് അംബേദ്കർ സർവ്വകലാശാലയുടെ മുൻ വൈസ്-ചാൻസലർ ബഹുമാന്യനായ ഡോ. ശ്യാം ബി. മേനോൻ ചെയർമാനും ഭട്നാഗർ അവാർഡ് ജേതാവും ഇൻഡ്യയിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ചെന്നൈ ഐ.ഐ.ടി.യിലെ പ്രൊഫസറുമായ ഡോ. ടി. പ്രദീപ് കൺവീനറുമായ ഒരു ഉന്നത വിദ്യാഭ്യാസ കമ്മീഷൻ, കാലഹരണപ്പെട്ട ചട്ടങ്ങളുടെയും നിയമങ്ങളുടെയും കാലാനുസൃതമായ പരിഷ്കരണത്തിന് NUALS-ന്റെ മുൻ വൈസ്-ചാൻസലർ ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. ടി അരവിന്ദകുമാർ ചെയർമാനായ പരീക്ഷാപരിഷ്കരണ കമ്മീഷൻ എന്നിവരെയൊക്കെ നിയോഗിച്ചുകഴിഞ്ഞിരിക്കുകയാണ്. ലോകമറിയുന്ന

ധിഷണശാലികളായ വിദ്യാഭ്യാസ വിചക്ഷണരെയാണ് നിയോഗിച്ചിട്ടുള്ളതെന്നത് പ്രതീക്ഷ നൽകുന്നൊരുകാര്യം തന്നെയാണ്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചില ആശങ്കകൾ രേഖപ്പെടുത്തുകയുണ്ടായി. എൻ.ഐ.ആർ.എഫ്. റാങ്കിംഗിനെ സംബന്ധിച്ച് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ സൂചിപ്പിച്ചു. എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ ആദ്യ നൂറിൽ കേരളത്തിലെ 4 സർവ്വകലാശാലകളും 17 കോളേജുകളുമുൾപ്പെട്ടിട്ടുണ്ടെന്നത് മോശപ്പെട്ടൊരു കാര്യമായി കണക്കാക്കാൻ കഴിയില്ല. ഇൻഡ്യയുടെ തെക്കേയറ്റത്തെ ഒരു ചെറിയ സംസ്ഥാനമായ കേരളത്തിൽനിന്നും ഇത്രയേറെ സ്ഥാപനങ്ങൾ ആദ്യത്തെ നൂറ് റാങ്കിൽ മികവിന്റെ സ്ഥാപനങ്ങളായി പ്രത്യക്ഷപ്പെടുന്നുവെന്നത് ചെറിയ കാര്യമല്ല. കേരള സർവ്വകലാശാലയുടെ റാങ്ക് നാല് പോയിന്റും മഹാത്മാഗാന്ധി സർവ്വകാലാശാലയുടേത് ഒരു പോയിന്റും കുറഞ്ഞുവെന്നുള്ളത് ശരിതന്നെയാണ്. പക്ഷേ, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ റാങ്ക് 62-ൽനിന്ന് 44 ആയി ഉയർന്നുവെന്നുള്ളത് ബഹുമാനപ്പെട്ട അംഗങ്ങൾ കാണാതെ പോയി.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, റാങ്കിംഗിനായി പരിഗണിക്കുന്നത് പല ഘടകങ്ങളാണ്. പഠന-ഗവേഷണ രംഗത്തുള്ള മികവ് മാത്രമല്ല, അദ്ധ്യാപകരുടെ നിയമനം, അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ എന്നിവ കൂടി പരിശോധിച്ചാണ് റാങ്കിംഗ് കൂടിയതെന്നത് ശരിയാണോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, അപ്പോൾ കഥ അങ്ങനെയായി. 'നമ്മുടെ കാലിനനുസരിച്ച് കട്ടിൽ മുറിക്കാം'. അതാണ് ഇപ്പോൾ സംഭവിക്കുന്നത്. ആദ്യം ഒരഭിപ്രായം പറഞ്ഞു. വസ്തുതകൾ പരിശോധിക്കുമ്പോൾ വേറെ അഭിപ്രായം പറയും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ അവകാശങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്ലസ് ടു വിജയശതമാനത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ സീറ്റുകൾ വേണമെന്ന ആവശ്യമാണ് ഉന്നയിച്ചത്. ലഭ്യമായ കണക്കുകളനുസരിച്ച് 3,03,641 സീറ്റുകൾ സർവ്വകലാശാലകളിലും കോളേജുകളിലും പോളിടെക്നിക്കുകളിലുമായി ലഭ്യമാണ്. ഇതിൽ 2,08,644 വിദ്യാർത്ഥികളാണ് കഴിഞ്ഞ വർഷം പ്രവേശനം നേടിയത്. പ്ലസ് ടു പാസ്സാകുന്ന കുട്ടികൾ കോളേജുകൾക്കുപുറമെ പാരാമെഡിക്കൽ, ഐ.ടി.ഐ. തുടങ്ങിയ കോഴ്സുകളിലും അഡ്മിഷൻ നേടുന്നുണ്ട്. ഈ വർഷം എല്ലാ സ്കീമുകളിലും 50 ശതമാനം മുതൽ 75 ശതമാനം വരെ സീറ്റുകൾ വർദ്ധിപ്പിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതായത് പി.ജി.-ക്കും യു.ജി.(അണ്ടർ ഗ്രാജുവേറ്റ്)-ക്കും ആനുപാതികമായ നിലയിൽ പരമാവധി ചേർക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ആവശ്യത്തിന് സീറ്റ് വർദ്ധന

വരുത്താനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ബിരുദ കോഴ്സുകൾക്ക് പരമാവധി 70 സീറ്റ് വരെയും ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ശാസ്ത്ര വിഷയത്തിന് 25 സീറ്റ് വരെയും ആർട്സ് വിഷയങ്ങൾക്ക് 30 സീറ്റ് വരെയും വർദ്ധിപ്പിക്കാനാണ് ഉത്തരവായിട്ടുള്ളത്. ആ നിലയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് സീറ്റിന് പ്രയാസമില്ലെന്ന് കാണാൻ കഴിയും. കുട്ടികളുടെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമെന്നുതന്നെയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ബഹുമാന്യനായ ഒരംഗം നമ്മുടെ ജി.ഇ.ആർ. 37 ശതമാനമാണെന്ന് പറയുകയുണ്ടായി. അത് 75 ശതമാനമാക്കാൻ സാധിക്കുമെങ്കിൽ അതിനുള്ള സാധ്യത തുറന്നുവയ്ക്കുമെന്നുതന്നെയാണ് പറയാനുള്ളത്. കാലാനുസൃതമായ രീതിയിൽ കോഴ്സുകൾ പുനഃസംഘടിപ്പിച്ചുകൊണ്ട് തീർച്ചയായും മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യങ്ങളിലേയ്ക്ക് നമ്മുടെ കുഞ്ഞുങ്ങളെ കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതുണ്ട്. പക്ഷേ അതിന്റെ മാർഗ്ഗമെന്താണെന്നുള്ളതിലാണ് നിങ്ങളും ഞങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് സവിനയം പറയാൻ ആഗ്രഹിക്കുകയാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യങ്ങൾ തേടി വിദേശത്തേയ്ക്കും ഇതര സംസ്ഥാനങ്ങളിലേയ്ക്കും കേരളത്തിലെ കുട്ടികൾ പോകുന്നുവെന്ന് ഇവിടെ പലരും പറഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, അടുത്ത അഞ്ച് വർഷക്കാലത്തിനിടയിൽ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ കുട്ടികൾക്ക് ഗുണമേന്മയേറിയ വിദ്യാഭ്യാസം നൽകുന്നതിനുള്ള സാഹചര്യമൊരുക്കിക്കൊണ്ട് നമ്മൾ ഒരു ബദൽ മാതൃകയാകുകതന്നെ ചെയ്യും. സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാഭ്യാസ കച്ചവടക്കാരിൽനിന്നും കുട്ടികളെ പറിച്ചെടുത്തുകൊണ്ടുവന്ന് സംസ്ഥാനത്തിനകത്തുള്ള വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൊടുത്ത് പ്രശ്നം പരിഹരിക്കാമെന്നുള്ളതാണ് നിങ്ങളുടെ സമീപനം. പക്ഷേ നമ്മുടെ സമീപനം അങ്ങനെ ആയിക്കൂടാ. ഇതിൽ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ടെന്ന് വിശ്വസിക്കുന്ന പ്രസ്ഥാനത്തിന്റെ വക്താക്കളെന്ന രീതിയിൽത്തന്നെയാണ് ഇത് സൂചിപ്പിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ ഗവൺമെന്റിന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് രാജ്യത്തെ ഏറ്റവും പ്രശസ്തമായ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളായി ഐ.ഐ.ടി.-കളും ജവഹർലാൽ നെഹ്റു സർവ്വകലാശാലയുൾപ്പെടെയുള്ള ബൗദ്ധിക കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് ആ കാലയളവിൽ ഗവൺമെന്റ് മുൻകയ്യെടുത്തത്. ബഹുമാന്യരായ നവതലമുറ കോൺഗ്രസ് പ്രതിനിധികൾ അതൊക്കെ ഇപ്പോൾ മറന്നുപോയിട്ടുണ്ടാകും. സോഷ്യലിസ്റ്റ് നിലപാടുകളോട് ആഭിമുഖ്യം കാണിക്കുകയും സോവിയറ്റ് റഷ്യയോട് അടുത്ത സൗഹൃദം നിലനിർത്തിപ്പോരുകയും

തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടങ്ങൾക്ക് ഈ മേഖലകളിലൊക്കെ ഉത്തരവാദിത്വമുണ്ടെന്ന് കാണുകയും ചെയ്തുകൊണ്ട് ദേശസാൽക്കരണത്തിനും പൊതുമേഖലാ സ്വകാര്യവൽക്കരണത്തിനും മുൻകയ്യെടുത്ത പഴയ പ്രധാനമന്ത്രിമാർ നമുക്കുണ്ടായിരുന്നു. അക്കാര്യം തള്ളിക്കളയുന്നില്ല. പക്ഷേ ഞാനൊക്കെ കലാലയത്തിലേയ്ക്ക് പ്രവേശിക്കുന്ന കാലഘട്ടത്തിൽ 'Challenges of Education: A Policy Perspective' എന്ന നയരേഖ പ്രസിദ്ധീകരിക്കപ്പെട്ടു. മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടതും ഇന്ത്യയുടെ ദേശീയ-സാമൂഹ്യ-ബൗദ്ധിക മണ്ഡലങ്ങളിലൊക്കെ ചർച്ച ചെയ്യപ്പെട്ടതുമായ ആ നയരേഖയാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു ദിശാമാറ്റത്തിന് കാരണമായതെന്ന കാര്യം അടിവരയിട്ട് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് നവലിബറൽ നയങ്ങൾ ഉദ്ഘാടനം ചെയ്യുന്നതിന് മുന്നോടിയായി ആ നയങ്ങളുടെ വിളനിലമായി രാജ്യത്തെ ഒരുക്കിയെടുക്കണമെന്നുണ്ടെങ്കിൽ അതിന്റെ പ്രാഥമിക പ്രവർത്തന മാരംഭിക്കേണ്ടത് വിദ്യാഭ്യാസ രംഗത്താണെന്ന് കണ്ടുകൊണ്ടുതന്നെയാണ്, എല്ലാ മേഖലകളിലും വ്യാപകമായ സ്വകാര്യവൽക്കരണ പരിശ്രമങ്ങൾക്ക് തുടക്കംകുറിക്കുന്നതിന്റെ മുന്നോടിയായി വിദ്യാഭ്യാസ മേഖലയിലെ ഉത്തരവാദിത്വങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറ്റം ചെയ്യാനുള്ള കാര്യം പ്രഖ്യാപിച്ചുകൊണ്ട് ആ നയരേഖ തയ്യാറാക്കപ്പെട്ടത്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് അന്നത്തെ യു.ഡി.എഫ്. സർക്കാർ എല്ലാ മേഖലകളിലും സ്വകാര്യ സ്ഥാപനങ്ങൾ/സ്വകാര്യവൽക്കരണം വലിയ രീതിയിൽ ആരംഭിക്കുകയുണ്ടായി. പോളിടെക്നിക്കുകളും പ്രൊഫഷണൽ കോളേജുകളുമെല്ലാം തന്നെ സ്വകാര്യവൽക്കരിച്ചു. അതിനെതിരായി ത്യാഗോജ്ജ്വലമായ സമരങ്ങൾ നടന്നിട്ടുണ്ട്. ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം ഞങ്ങളുടെയൊക്കെ നേതാവായിരുന്നു. തല പൊട്ടി ചോരയൊലിപ്പിച്ചുകൊണ്ടാണ് ഞങ്ങൾക്ക് ആ വിദ്യാർത്ഥി നേതാക്കളെ എന്നും കാണാൻ കഴിഞ്ഞിരുന്നത്. അന്നാരംഭിച്ച സ്വകാര്യവൽക്കരണ പരിശ്രമങ്ങൾ കാലത്തിനനുസരിച്ച് വീണ്ടുംവീണ്ടും ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഓട്ടോണമസ് കോളേജുകളെ അനുകൂലിച്ചുകൊണ്ടിരിക്കുകയാണെന്ന് ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് പറഞ്ഞു. ഏത് മേഖലയിലായാലും വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഉത്തരവാദിത്വവും ചുമതലയും ഗവൺമെന്റിനുണ്ടെന്ന അടിത്തറയിൽ നിന്നുകൊണ്ടാണ് ഞങ്ങൾ കാര്യങ്ങൾ കാണുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അന്യസംസ്ഥാനങ്ങളിലുള്ള വിദ്യാഭ്യാസ കച്ചവടക്കാരിൽനിന്നും ഇവിടത്തെ വിദ്യാഭ്യാസ കച്ചവടക്കാർക്ക് വിദ്യാർത്ഥികളെ

കൊടുക്കുന്ന ഒരു നയമല്ല സർക്കാരിനുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യം പറഞ്ഞു. രണ്ടാമത്, രാജീവ് ഗാന്ധി കൊണ്ടുവന്ന 1986-ലെ ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് പറഞ്ഞു. പ്രസ്തുത നയം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി, നവോദയ വിദ്യാലയം എന്നിവ നടപ്പിലാക്കി. അക്കാര്യങ്ങൾ പറയാൻ സമയമില്ലാത്തതുകൊണ്ട് മറ്റൊരു അവസരത്തിൽ പറയാം. ശ്രീ. എ. കെ. ആന്റണി കേരളത്തിൽ നിരവധി സ്വാശ്രയ കോളേജുകൾ ആരംഭിച്ചു. അന്യസംസ്ഥാനങ്ങളിൽ പോയ കുട്ടികൾക്ക് അവരുടെ നാട്ടിലെതന്നെ സ്വകാര്യ-സ്വാശ്രയ കോളേജുകളിൽ മെരിറ്റ് സീറ്റിലോ മാനേജ്മെന്റ് സീറ്റിലോ പഠിക്കാൻ അവസരമുണ്ടായി. അത് തെറ്റായിപ്പോയെന്നും ജവഹർലാൽ നെഹ്റുവിന്റെ നയത്തിന് വ്യത്യസ്തമായെന്നുമൊക്കെ പറഞ്ഞ് ഞങ്ങളെ വിമർശിക്കുമ്പോൾ ഈ സംസ്ഥാനത്ത് സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ എത്ര സ്വകാര്യ സ്വാശ്രയ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; പാർട്ടിയുടെ നേതൃത്വത്തിൽ പാർട്ടിയുടെ നേതാക്കന്മാർ ചെയർമാൻമാരായ സ്വകാര്യ-സ്വാശ്രയ കോളേജുകൾ ഇല്ലേ? ഒരു വശത്ത് സ്വകാര്യ സ്വാശ്രയ കോളേജുകളുടെ മുതലാളിമാരായി നിൽക്കുക, എന്നിട്ട് മാറിനിന്ന് ഈ തത്വജ്ഞാനം പ്രസംഗിക്കുകയും ചെയ്യുക. ഇത് രണ്ടും കൂടി ചേരുമോ?

<u>ഡോ. ആർ. ബിന്ദു:</u> സർ, സ്വകാര്യ-സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാകെ തള്ളിക്കളഞ്ഞുകൊണ്ടുള്ള നിലപാടല്ല ഞാൻ പറഞ്ഞത്. സ്വകാര്യ-സ്വാശ്രയ കോളേജുകളെ കഴുത്തുഞെരിച്ച് കൊല്ലരുതെന്ന് ഒരംഗം പറയുകയുണ്ടായി. അദ്ദേഹത്തോട് എനിക്ക് മറുപടിയായി പറയാനുള്ളത്, സ്വാശ്രയ മാനേജ്മെന്റുകളെ കഴുത്തുഞെരിച്ച് കൊല്ലാനിടയാക്കരുതെന്ന് പറയുമ്പോൾ ഓർക്കേണ്ടകാര്യം അവിടെ പഠിക്കുന്ന കുട്ടികളെ കഴുത്തുഞെരിച്ച് കൊല്ലണമോ എന്നാണ്.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, സ്വകാര്യ-സ്വാശ്രയ കോളേജുകളെ കഴുത്തുഞെരിച്ച് കൊല്ലരുതെന്ന് ഞാൻ തന്നെയാണ് പറഞ്ഞത്. സ്വകാര്യ-സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നും ഈ കോവിഡ് കാലത്ത് ഫീസ് വാങ്ങാൻ പാടില്ലെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റിക്കും ഗവൺമെന്റിനും നൽകേണ്ട ഫീസ് അടയ്ക്കണം; അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണം; കുട്ടികളെ പരീക്ഷയെഴുതാൻ അനുവദിക്കണം; കോഴ്സ് കഴിഞ്ഞ കുട്ടികൾക്ക് ടി.സി. കൊടുക്കണം. എന്നാൽ ഫീസ് നിർബന്ധിച്ച് വാങ്ങാൻ പാടില്ല. ഇങ്ങനെയായാൽ സ്വാശ്രയ കോളേജ് എങ്ങനെ പ്രവർത്തിക്കും; മാനേജ്മെന്റുകൾക്ക് സ്വാശ്രയ കോളേജുകൾ നടത്താൻ കഴിയുമോ; ഈ ഉത്തരവ് എങ്ങനെ നടപ്പാക്കും; അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണ്ടേ; അതിന് ഫീസ് കിട്ടണ്ടേ?

ഡോ. ആർ. ബിന്ദു: സർ, അങ്ങ് പറഞ്ഞത് മനസ്സിലായി. ഉന്നത വിദ്യാഭ്യാസ മന്ത്രി എന്ന നിലയ്ക്ക് എന്നോടും മറ്റ് കേന്ദ്രങ്ങളിലും നിരവധി വിദ്യാർത്ഥികൾ കരഞ്ഞു പറഞ്ഞതിന്റെ ഭാഗമായിത്തന്നെയാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്. കോവിഡ് കാലത്ത് ലൈബ്രറിയോ ലബോറട്ടറിയോ ഉപയോഗിക്കാതിരിക്കുകയും കോളേജ് യൂണിയൻ നടക്കാതിരിക്കുകയും ചെയ്ത സന്ദർഭത്തിലും അതിനൊക്കെ കുട്ടികളിൽനിന്ന് വലിയ ഫീസ് ഈടാക്കുന്ന സ്ഥിതിയുണ്ടായിരുന്നു. ട്യൂഷൻ ഫീസ്, യൂണിവേഴ്സിറ്റി ഫീസ്, എക്സാം ഫീസ് എന്നിവ കുട്ടികൾ നിർബന്ധമായും അടയ്ക്കണം. അതുകൊണ്ട് മറ്റ് ഫീസുകൾ ആനുപാതികമായി കുറവ് ചെയ്യണമെന്നുള്ളതാണ് ഉത്തരവിൽ വ്യക്തമാക്കിയത്. ഒരുപക്ഷേ ഉപയോഗിക്കാത്ത സൗകര്യങ്ങൾക്കുവേണ്ടി കുട്ടികൾ ഫീസടയ്ക്കാൻ നിർബന്ധിതരാകുന്നുവെന്ന സ്ഥിതി; ഏത് കണ്ണാടി വച്ച് പരിശോധിച്ചാലും അതിലുള്ള അപാകത പകലുപോലെ വളരെ വ്യക്തമായി തെളിഞ്ഞ് കാണാൻ സാധിക്കും. ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റികളുടെയും മേൽനോട്ട നിയന്ത്രണങ്ങൾക്ക് വിധേയമായിത്തന്നെയാണ് ഓട്ടോണമസ് സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടതെന്ന നിലപാടിന്റെ ഭാഗം തന്നെയാണ് ഈ ബിൽ. അക്കാഡമിക് ഓട്ടോണമിയെ മനസ്സിലാക്കാതെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമി മാത്രം പ്രയോഗിക്കുന്നതലത്തിലേയ്ക്കാണ് ഓട്ടോണമസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നൊരു വസ്തുത നിലനിൽക്കുന്നുണ്ട്. ദേശീയതലത്തിലാണ് സ്ഥാപനങ്ങളുടെ പ്രവർത്തന രീതികൾ നിർണ്ണയിക്കപ്പെടുന്നതെന്ന നില ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഓട്ടോണമസ് കോളേജുകളെന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ നിരാകരിക്കാൻ നമുക്ക് കഴിയില്ല. പക്ഷേ സ്വാഭാവികമായും സമൂഹത്തിന്റെ പ്രതിനിധികളെന്ന നിലയിൽ നാം അവയുടെ പ്രവർത്തനങ്ങളിൽ നീതിയുക്തമായ ഇടപെടലുകൾ ഉറപ്പുവരുത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് പറയാനുള്ളത്. ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും മേൽനോട്ട നിയന്ത്രണങ്ങൾക്ക് അവ വിധേയമാകണം. കലാശാലകളെ തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും കേന്ദ്രങ്ങളാക്കരുതെന്ന് ബഹുമാനപ്പെട്ട പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽത്തന്നെയാണ് ഞങ്ങൾ ഇക്കാലമത്രയും വിദ്യാഭ്യാസ മേഖലയിൽ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കുട്ടികൾ പോകുന്നതിന് ബദലായി ഇവിടെ പോക്കറ്റിൽ കാശുള്ളവന് പഠിക്കാൻ സൗകര്യമുണ്ടാക്കാമെന്ന നിലപാട് സ്വീകരിക്കാൻ ഒരിക്കലും കഴിയില്ലെന്നുള്ളതുകൊണ്ടുതന്നെയാണ് അത്തരത്തിലുള്ള നിലപാട് സ്വീകരിക്കേണ്ടിവരുന്നത്. പൊളിറ്റിക്കൽ സംഘടനകളുടെ ആധിക്യമാണ് ഉന്നത

വിദ്യാഭ്യാസ മേഖലയുടെ പ്രശ്നമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതാണ് ഞാൻ നേരത്തെ പറഞ്ഞു വന്നത്. കേരളത്തിലെ വിദ്യാർത്ഥി സംഘടനകളും അദ്ധ്യാപക പ്രസ്ഥാനങ്ങളും വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യപരമായ അവകാശങ്ങളുടെ സംരക്ഷണത്തിനും ഗുണനിലവാരത്തിന്റെ കാവലാളുകളായുമാണ് പ്രവർത്തിച്ചിട്ടുള്ളതെന്ന് സത്യസന്ധമായി പരിശോധിച്ചാൽ കാണാൻ കഴിയും. നിരവധി ത്യാഗോജ്ജ്വലമായ സമര പോരാട്ടങ്ങളുടെ ചരിത്രംതന്നെ ആ പ്രസ്ഥാനങ്ങൾക്ക് പറയാനുണ്ട്. അരാഷ്ട്രീയവൽക്കരണത്തിന്റെ അനുഭവങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ചർച്ചയ്ക്കിടയിൽ സൂചിപ്പിക്കപ്പെട്ടു. ആദ്യം അരാഷ്ട്രീയവൽക്കരിക്കപ്പെട്ട സ്ഥാപനങ്ങളിലൊന്നിലാണ് പ്രണയത്തിന്റെ, സ്നേഹത്തിന്റെ പേരിൽ സഹപാഠിയുടെ കഴുത്തിൽ കത്തിവയ്ക്കാൻ ഒരു വിദ്യാർത്ഥി തയ്യാറാകുന്നത്. മദ്യവും മയക്കുമരുന്നുമുൾപ്പെടെയുള്ള പ്രവണതകൾ വർദ്ധിച്ചുവരുന്നത് അരാഷ്ട്രീയവൽക്കരണത്തിന്റെ തണലിലാണെന്നുകൂടി സൂചിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഓട്ടോണമസ് കോളേജുകളുടെ ഗവേണിംഗ് ബോഡിയിൽ വിദ്യാർത്ഥി പ്രതിനിധികളും അദ്ധ്യാപക പ്രതിനിധികളുമുണ്ടാകുന്നത് രാഷ്ട്രീയ അതിപ്രസരമാണെന്നാണ് അദ്ദേഹം വാദിക്കുന്നത്. കോളേജ് യൂണിയൻ ചെയർമാനായാലും ഏത് വിദ്യാർത്ഥി പ്രതിനിധിയായാലും വിദ്യാർത്ഥി കേന്ദ്രീകൃതമായ ഒരു സമീപനമാണ് ആധുനിക കാലത്ത് വിദ്യാഭ്യാസ രംഗത്തുണ്ടാകേണ്ടത്. ഏറ്റവും വലിയ സ്റ്റേക്ക്ഹോൾഡർ വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥിയാണ്. അവരുടെ പങ്കാളിത്തമില്ലാതെ എങ്ങനെ കാര്യങ്ങളിലേയ്ക്ക് പോകാൻ കഴിയും?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിൽ അങ്ങ് എതിർക്കാൻ പാടുണ്ടോയെന്നുള്ള തരത്തിൽ ശ്രീ. കെ. വി. സുമേഷ് എന്നോട് ചോദ്യം ചോദിച്ചിരുന്നു. ഞാൻ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്, ഒന്ന്, ഗവേണിംഗ് ബോഡി. രണ്ടാമതായി, വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കനുസൃതമായ പരാതി പരിഹാര സെൽ. വൈസ്-ചാൻസലറും കോളേജ് അദ്ധ്യാപകരും ഗവൺമെന്റ് പ്രതിനിധിയും മന്ത്രിയുമുൾപ്പെടെ ആകെ ഒരു ഗവേണിംഗ് ബോഡിയേയുള്ളൂ. കോളേജിലെ കോഴ്സുകൾ, പരീക്ഷ തുടങ്ങി അക്കാഡമിക് തലങ്ങളിലുള്ള കാര്യങ്ങൾമാത്രം ചർച്ച ചെയ്യുന്ന ഒരു ബോഡിയിൽ ഒരു വിദ്യാർത്ഥി പ്രതിനിധി വേണ്ടെന്നും മറിച്ച് കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സെല്ലിൽ കോളേജിലെ പ്രിൻസിപ്പാളിനെയും അവിടത്തെ വിദ്യാർത്ഥി പ്രതിനിധിയെയും ഒരു ജനപ്രതിനിധിയെയുമടക്കം ഉൾപ്പെടുത്തുന്നത് നല്ലതുമാണെന്ന നിർദ്ദേശം ഞാൻ പറഞ്ഞു. അത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചില്ലേ?

ഡോ. ആർ ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം എന്റെ സുഹൃത്താണ്. പക്ഷേ പറയാതിരിക്കാൻ വയ്യ, ഏതു ഭരണസമിതിയിലും വിദ്യാർത്ഥികളെ ഒഴിവാക്കിക്കൊണ്ടുള്ള നിലപാടുകളൊക്കെ കാലഹരണപ്പെട്ടു. അത് നമ്മുടെ ഫ്യൂഡൽ മനോഭാവമാണ് കാണിക്കുന്നത്. ഇന്നത്തെ കാലത്ത് വീടുകളിൽപോലും കുട്ടികളുടെ അഭിപ്രായങ്ങൾ നമ്മൾ കണക്കിലെടുക്കുന്നില്ലേ? ഉന്നത വിദ്യാഭ്യാസം നൽകുന്നത് വിദ്യാർത്ഥികൾക്കാണെങ്കിൽ അവരുടെ പ്രതിനിധികൾ അനിവാര്യമായും അതിലുണ്ടാകേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. പൊളിറ്റിക്കൽ ഇന്റർവെൻഷനിലൂടെ കലുഷിതമായി നിൽക്കുന്ന ഉന്നത വിദ്യാഭ്യാസരംഗമല്ല, മറിച്ച് അത്തരം ഇന്റർവെൻഷനിലൂടെ കരുത്തോടെ നിൽക്കുന്ന ഉന്നത വിദ്യാഭ്യാസരംഗമെന്ന് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുപോലെ പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ച് അംഗങ്ങൾ ഇവിടെ ആശങ്കകൾ ഉന്നയിക്കുകയുണ്ടായി. കോവിഡ് കാലത്ത് പരീക്ഷകൾ പ്രതിസന്ധിയിലായെന്ന അഭിപ്രായ പ്രകടനം വളരെ രസകരമായാണ് എനിക്ക് തോന്നിയത്. കാരണം ബഹുമാന്യനായ ശ്രീ. ശശി തരൂർ എം. പി. തുടക്കംകുറിച്ചൊരു ക്യാമ്പയിനുണ്ട്. കോവിഡ് കാലത്ത് പരീക്ഷകൾ നടത്താൻ പാടില്ല; പരീക്ഷ വേണ്ട; എന്ന വളരെ വിഭ്രാന്തിയുണ്ടാക്കുന്ന അന്തരീക്ഷമാണ് സൃഷ്ടിച്ചത്. കുട്ടികളിൽ വലിയ വേവലാതിയുണ്ടാക്കി. ഈ സഭയിലെ ചില എം.എൽ.എ.-മാരും ആ ക്യാമ്പയിന്റെ ഭാഗമായി എന്നുള്ളത് വളരെ വേദനയുണ്ടാക്കി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പരീക്ഷ നടക്കും, പക്ഷേ റിസൾട്ട് വരില്ല. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ എൽ.എൽ.ബി.-യുടെ അവസാന വർഷ പരീക്ഷ കഴിഞ്ഞു. പക്ഷേ റിസൾട്ട് വരാത്തതുകൊണ്ട് കുട്ടികൾക്ക് എൻറോൾ ചെയ്യാൻ കഴിയുന്നില്ല. ഒരുവർഷം കഴിഞ്ഞിട്ടും റിസൾട്ട് വന്നില്ല. ഞാൻ വൈസ്-ചാൻസലറുമായി ബന്ധപ്പെട്ടു. പേപ്പേഴ്സെല്ലാം കിട്ടുന്നില്ല; അതുകൊണ്ടുള്ള പ്രയാസമാണെന്നാണ് അദ്ദേഹം പറയുന്നത്. എൻറോൾമെന്റ് കഴിയുന്നതിന് ഒരു വർഷം കാത്തിരിക്കേണ്ടി വരുന്ന പ്രൊഫഷണൽ കോഴ്സിലെ ഒരു കുട്ടിക്കുണ്ടാകുന്ന വിഷമത്തെക്കുറിച്ച് ആലോചിച്ചു നോക്കൂ. ഞാൻ പറയുന്നുവെങ്കിലും എന്നോട് മറുപടി പറയണമെന്നൊന്നുമില്ല. പക്ഷേ അടിയന്തരമായി റിസൾട്ട് പ്രഖ്യാപിച്ച് ആ കുട്ടികളുടെ ജീവിതം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടതല്ലേ?

ഡോ. ആർ. ബിന്ദു: സർ, പരീക്ഷകൾ നടത്തരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കുട്ടികളെക്കൊണ്ട് നിരന്തരം മെസ്സേജുകൾ അയപ്പിക്കുകയും ഫോൺ വിളിപ്പിക്കുകയും ചെയ്യതുൾപ്പെടെയുള്ള വലിയൊരു ക്യാമ്പയിന് നേതൃത്വം കൊടുത്തെങ്കിലും വലിയ പ്രശ്നങ്ങളില്ലാതെ കൃത്യമായ സമയത്ത് പരീക്ഷകൾ നടക്കുകയും എല്ലാ കുട്ടികളും അതിൽ പങ്കെടുക്കുകയും ചെയ്തുവെന്നുള്ള സന്തോഷകരമായ കാര്യംകൂടി ഞാൻ അറിയിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, പരീക്ഷ നടത്തിയാൽ കുട്ടികൾ പങ്കെടുക്കും. പക്ഷേ റിസൾട്ട് വരില്ല.

ഡോ. ആർ. ബിന്ദു: സർ, പരീക്ഷ നടത്തുകയും റിസൾട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.ടി.യു.-വിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാനൊരു സ്പെസിഫിക് കേസല്ലേ പറഞ്ഞത്. അതിനെക്കുറിച്ച് മറുപടി പറഞ്ഞില്ലല്ലോ?

ഡോ. ആർ. ബിന്ദു: സർ, അത് പരിശോധിക്കാം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ഉന്നയിച്ച കാര്യം പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിപ്പോൾ ചെയർ പറഞ്ഞപ്പോൾ ഞാൻ കേട്ടു.

ഡോ. ആർ. ബിന്ദു: സർ, വ്യാപകമായി പരീക്ഷ നടക്കുകയും റിസൾട്ട് വരികയും ചെയ്തു. കെ.ടി.യു.-വിന്റെ കാര്യത്തിൽ ഇവിടെയാരോ ആക്ഷേപമുന്നയിച്ചു. അവിടെ കൃത്യമായി ഫൈനൽ പരീക്ഷകൾ പൂർത്തീകരിക്കുകയും റിസൾട്ട് പബ്ലിഷ് ചെയ്തയുടൻതന്നെ ഡിജി ലോക്കറിൽനിന്ന് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സംവിധാനം ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉടൻതന്നെ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം ആരംഭിക്കാൻ കഴിഞ്ഞു. പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഒരു കമ്മീഷൻ ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ തീർച്ചയായും ഓൺലൈൻ ഡിജിറ്റൽ രീതിയിലുള്ള പരീക്ഷയെ സംബന്ധിച്ച കാര്യങ്ങൾവരെ വളരെ പെട്ടെന്ന് നടപ്പാക്കാൻ സാദ്ധ്യതയുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാരുകൾക്ക് നിക്ഷേപിക്കാൻ സാധിക്കാത്തതിനാലാണ് സ്വാശ്രയ കോളേജുകൾ ആരംഭിച്ചതെന്ന രീതിയിൽ ഒരംഗം സൂചിപ്പിച്ചു. പുതിയ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പ്രഥമ മുൻഗണന കൊടുത്തുകൊണ്ട് സർക്കാരിന്റെ ഭാഗത്തുനിന്നാവശ്യമായ ഇടപെടലുകൾക്ക് സാദ്ധ്യതയൊരുക്കുകയെന്നുള്ളത് വളരെ പ്രാധാന്യത്തോടെ കാണുന്നുവെന്നാണ് അതിന് മറുപടിയായി പറയാനുള്ളത്. അതിന്റെ ഭാഗമായി വരുന്ന 5 വർഷക്കാലത്തിനുള്ളിൽ ലോകോത്തര സ്ഥാപനങ്ങളിൽ ചിലതെങ്കിലും കേരളത്തിൽ നിന്നായിരിക്കുമെന്നുള്ള നിലപാട് പ്രഖ്യാപിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇവിടെ എന്തുചെയ്തുവെന്ന് ചോദിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ കൗൺസിൽ കഴിഞ്ഞ നാല് വർഷത്തിനിടെ ധാരാളം യോഗങ്ങൾ ചേരുകയുണ്ടായി. എക്സിക്യൂട്ടീവ് ബോഡി 25 പ്രാവശ്യവും ഗവേണിംഗ് ബോഡി 6 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. ഏറ്റവുമൊടുവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുൾപ്പെടെ പങ്കെടുത്തുകൊണ്ട് ജൂലൈ മാസം 6-ാം തീയതി എക്സിക്യൂട്ടീവ് ബോഡിയുടെയും 8-ാം തീയതി ഗവേണിംഗ് ബോഡിയുടെയും യോഗം ചേർന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് സെപ്റ്റംബർ മാസം 28, 29 തീയതികളിൽ ഉന്നത വിദ്യാഭ്യാസ ശാക്തീകരണ ശില്പശാല നടത്തുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്നാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓൺലൈൻ പഠനരംഗത്ത് ഇതിനകം നല്ല പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. 'Let's Go Digital' എന്ന പദ്ധതിയുടെ ഭാഗമായി റിസോഴ്സ് പേഴ്സൺസ് എന്നരീതിയിൽ രണ്ടായിരത്തിൽപ്പരം അദ്ധ്യാപകർക്ക് Moodle Learning Management System ഉപയോഗിച്ച് ഓൺലൈൻ ക്ലാസുകളെടുക്കുന്നതിന് പരിശീലനം നൽകുകയുണ്ടായി. അതൊരു ചെറിയകാര്യമായി കണക്കാക്കുന്നില്ല. "Let's Go Digital" പദ്ധതി നല്ല നിലയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. സീറ്റുകളും പഠന സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് കുട്ടികൾക്കാവശ്യമായ വിദ്യാഭ്യാസ സാഹചര്യങ്ങളും ഗവേഷണം നടത്താൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ഗവേഷണ സൗകര്യങ്ങളുമുറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനകം നിരവധി ഫെല്ലോഷിപ്പുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നവകേരള നിർമ്മിതിയുമായി ബന്ധപ്പെട്ട് 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ പ്രഖ്യാപിച്ചു കഴിഞ്ഞു.

കണ്ണൂർ സർവ്വകലാശാലയിലെ പ്രശ്നത്തിൽ നിലപാട് സ്വീകരിച്ചില്ലെന്ന് ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. കണ്ണൂർ സർവ്വകലാശാലയിലെ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ഞാനും പിറ്റേ ദിവസംതന്നെ സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുകയുണ്ടായി. ഏറ്റവുമുയർന്ന മതനിരപേക്ഷ ബോധത്തിന്റെയിടങ്ങളായി ക്ലാസ്സുകളെ നിലനിർത്തിപ്പോരുന്നതിനായി സിലബസിനെ അസന്തുലിത സ്വഭാവത്തിൽനിന്ന് മുക്തമാക്കുന്നതിന് ബഹുമാന്യനായ വൈസ്-ചാൻസലർക്ക് നിർദ്ദേശം നൽകുകയുണ്ടായി. സർവ്വകലാശാലയുടെ അക്കാദമിക് ഓട്ടോണമിയുടെ മുകളിൽ കടന്നുകയറ്റം നടത്താതെതന്നെ ആ പ്രശ്നം നല്ല നിലയിൽ പരിഹരിക്കാൻ കഴിഞ്ഞുവെന്ന അഭിമാനവും ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇവിടെയാരോ പറഞ്ഞതുപോലെ, ഓട്ടോണമസ് കോളേജുകളുടെ അപ്പോസ്തലന്മാരായി ഞങ്ങൾ പ്രവർത്തിക്കുന്നില്ല. മറിച്ച് ഓട്ടോണമസ് കോളേജുകൾ സമൂഹത്തിൽ ഇനിയും മാറ്റിനിർത്താൻ

കഴിയാത്ത യാഥാർത്ഥ്യമായി ഉയർന്നുവരുമ്പോൾ കുട്ടികൾക്ക് അവരുടെ ജനാധിപത്യ അവകാശങ്ങൾ നിലനിർത്താൻ കഴിയുന്ന ഇടങ്ങളായി, നമ്മുടെ നിയന്ത്രണ മെക്കാനിസം ജനാധിപത്യപരമായ രീതിയിൽത്തന്നെ നിലനിർത്തി മുന്നോട്ടുകൊണ്ടുപോകുക എന്നാണ് ഉദ്ദേശിക്കുന്നത്. കുട്ടികൾക്ക് പരാതി ബോധിപ്പിക്കാനുള്ള പരാതി പരിഹാര സെല്ലുകൾ അതിന്റെ ഭാഗം കൂടിയാണ്. രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന കർഷക സമരങ്ങളെ പരാമർശിച്ചുകൊണ്ട് വളരെ മനോഹരമായ ഒഴുക്കുള്ള ഭാഷയിൽ ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ സംസാരിക്കുകയുണ്ടായി. ആരാണ് ഇതിനൊക്കെ തുടക്കംകുറിച്ചതെന്നാണ് എനിക്ക് അദ്ദേഹത്തോട് വിനയപൂർവ്വം ചോദിക്കാനുള്ളത്? ബഹുമാന്യനായ ഡോ. മൻമോഹൻ സിംഗിനെക്കുറിച്ചും അദ്ദേഹം നൽകുന്ന താക്കീതുകളെക്കുറിച്ചുമൊക്കെ ഇവിടെ സൂചിപ്പിക്കുമ്പോൾ നവലിബറൽ സാമ്പത്തിക നയങ്ങളെ ഇന്ത്യൻ മണ്ണിൽ പ്രോത്ഘാടനം ചെയ്തതാരെന്നുകൂടി വിനയപൂർവ്വം ചോദിക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എന്നാലും ബി.ജെ.പി.-യെക്കുറിച്ച് രണ്ട് വാക്ക് പറഞ്ഞുകൂടെ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ബി.ജെ.പി.-യെ പറയുന്നത് സ്വാഗതം ചെയ്യുന്നു. ഡോ. മൻമോഹൻ സിംഗ് ഇന്ത്യയിലാരംഭിച്ച നവലിബറൽ സാമ്പത്തിക നയങ്ങൾ പുത്തൻ സാമ്പത്തിക നയങ്ങളെന്ന പേരിലാണ് അവതരിപ്പിക്കപ്പെട്ടത്. ഞാൻ നേരത്തെ സൂചിപ്പിച്ച, രാജീവ് ഗാന്ധിയുടെ വിദ്യാഭ്യാസ നയരേഖ പ്രത്യക്ഷപ്പെട്ടപ്പോൾ അന്ന് ഞങ്ങളൊക്കെ കോളേജിൽ പഠിക്കുന്ന കാലത്ത് അതിനെ പുത്തൻ വിദ്യാഭ്യാസ നയമെന്നാണ് വിളിച്ചിരുന്നത്. പുത്തനെന്ന പേരിൽ വരുന്നതൊക്കെ പഴയതാണ്. റിവൈവലിസത്തിന്റെ അനുഭവങ്ങളാണ് നമ്മൾ കാണുന്നത്. ഉച്ചനീചത്വത്തിലധിഷ്ഠിതമായ പഴയ സാമൂഹിക ഘടന തിരിച്ചുപിടിക്കുന്നതിനുള്ള പ്രയാണത്തിന്റെ ഭാഗമാണ് പുത്തൻ സാമ്പത്തികനയം. പുത്തൻ എന്നപേരിൽ വരുന്നത് പഴയതാണ്. കോർപ്പറേറ്റ് അജണ്ടയ്ക്ക് വിധേയപ്പെട്ടുകൊണ്ട് അതിനെ പുഷ്ടിപ്പെടുത്താനാണ് പുനരുദ്ധാരണവാദത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ പ്രവർത്തിക്കുന്നതെന്നുകൂടി മനസ്സിലാക്കിപ്പോകേണ്ടതുണ്ടെന്ന് എന്റെ യുവ സുഹൃത്തിനോട് ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്. ഈ സന്ദർഭത്തിൽ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, വഴങ്ങുമോ?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം അവസാനിപ്പിക്കുകയാണ്. ....(ബഹളം)...... ഇന്ന് വളരെയധികം ചർച്ചകൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവസാനിപ്പിക്കൂ. ....(ബഹളം)......

ഡോ. ആർ. ബിന്ദു: സർ, ദയവുചെയ്ത് എന്റെ പ്രസംഗം അവസാനിപ്പിക്കാൻ അനുവദിക്കുക. ഞാൻ വഴങ്ങുന്നില്ല. ഈ സന്ദർഭത്തിൽ ഞാൻ ഒരു കവിത വായിക്കാൻ ആഗ്രഹിക്കുകയാണ്. വിഖ്യാത ജർമ്മൻ കവിയും നാടകകൃത്തും നാടകക്കാരനുമൊക്കെയായ ബെർടോൾഡ് ബ്രെഹ്റ്റിന്റെ ഒരു കവിത, 'പഴയ പുതിയതിന്റെ പഥസഞ്ചലനം' എന്നാണ് കവിതയുടെ തലക്കെട്ട്. പുതിയതെന്നുള്ള മുഖംമൂടി വച്ചുകൊണ്ട് വരുന്നത് പഴയതാണ്.

"പുതുത് തലസ്ഥാന നഗരിയിലേയ്ക്ക് മുന്നേറുമ്പോൾ
എല്ലായിടത്തും ഒഴിഞ്ഞ ശവക്കല്ലറകൾ
തുറന്നുകിടക്കുന്നത് കാണാമായിരുന്നു.
ഭീഷണമായ സ്വരത്തിൽ വട്ടംകൂടി നിന്ന്
അവർ അലറി വിളിക്കുന്നുണ്ടായിരുന്നു.
'ഇതാ, പുതിയത് വരവായി. ഇതിനെ വന്ദിക്കുക'
ഇത് കേട്ടവർ ശബ്ദകോലാഹലം മാത്രമേ
കേൾക്കുന്നുണ്ടായിരുന്നുള്ളൂ. എന്നാൽ,
കണ്ടവർ നിശബ്ദരായി നിൽക്കുന്നവരെയാണ് കണ്ടത്.
അങ്ങനെ പഴയത് പുതിയതിന്റെ വേഷം കെട്ടി
പടച്ചിട്ടയിൽ കടന്നുവന്നു. പക്ഷേ,
ഈ വിജയഘോഷയാത്രയിൽ അത് പുതിയതിനെ
ചങ്ങലകളിൽ വലിച്ചിഴയ്ക്കുന്നുണ്ടായിരുന്നു.
അങ്ങനെ ആഘോഷപൂർവ്വം ആ ഘോഷയാത്ര
രാത്രിയിലൂടെ നീങ്ങി.
പക്ഷേ, പ്രഭാതത്തിന്റെ വെളിച്ചം എന്നവർ കരുതിയത്
വാസ്തവത്തിൽ തീയിലെരിയുന്ന നഗരങ്ങളായിരുന്നു.
'ഇതാ പുതിയത് വരവായി' എന്ന പ്രഖ്യാപനം
പീരങ്കിയുടെ ശബ്ദത്തിൽ
പൂർണ്ണമായും മുങ്ങിപ്പോയി.... "

അപ്പോൾ പുത്തൻ സാമ്പത്തികനയം എന്നപേരിൽ ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന സാമ്പത്തിക നയമായാലും പുത്തൻ വിദ്യാഭ്യാസ നയമെന്ന രീതിയിൽ ആഘോഷമായി കൊണ്ടുവരുന്നതായാലും അത് ചങ്ങലകൾക്കുള്ള പ്രേരണയാണെന്ന് എല്ലാവരും തിരിച്ചറിഞ്ഞുപോയാൽ നന്നായിരിക്കും. അതുകൊണ്ടാണ് 'ജയ് ജവാൻ, ജയ് കിസാൻ' എന്നുവിളിച്ച ഒരു നാട്ടിൽ, ദേശീയ

പ്രസ്ഥാനത്തിന്റെ അനുഭവങ്ങളുള്ള ഒരു നാട്ടിൽ പണിയെടുക്കുന്ന കർഷകന്റെ നേരെ കാറോടിച്ചുകയറ്റാനും ശ്രീ. പി. കൃഷ്ണപ്രസാദിനെ പോലെ ത്യാഗോജ്ജ്വല സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കർഷകനേതാക്കളെ നിർദ്ദയം റോഡിലൂടെ വലിച്ചിഴയ്ക്കാനും ചവിട്ടാനുമൊക്കെ അധികാരത്തിന്റെ കങ്കാണിമാർക്ക് സാധിക്കുന്നത്. ദേശീയപ്രസ്ഥാനത്തിന്റെ സമരപൈതൃകമുള്ള സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും നല്ല ഉൾവെളിച്ചത്തോടുകൂടി ഈ കാര്യത്തെയാകെ കാണണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ഈ വാക്കുകളോടെ ഞാൻ എന്റെ അവതരണം അവസാനിപ്പിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. എം. വിൻസെന്റ്, 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 08-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.54-ന് പിരിഞ്ഞു.)

## അനുബന്ധം I

ഭൂമി തരംമാറ്റ അപേക്ഷ സംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ വിശദാംശങ്ങൾ

| Sl. No. | Name of RDO | Total 27(a) application pending | Total 4(d) application pending | Total application pending |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Thiruvananthapuram | 1704 | 323 | 2027 |
| 2 | Nedumangad | 522 | 313 | 835 |
| 3 | Kollam | 4352 | 1791 | 6143 |
| 4 | Punalur | 943 | 810 | 1753 |
| 5 | Thriruvalla | 889 | 718 | 1607 |
| 6 | Adoor | 1100 | 249 | 1349 |
| 7 | Chengannoor | 4314 | 2840 | 7154 |
| 8 | Alappuzha | 2066 | 424 | 2490 |
| 9 | Kottayam | 826 | 86 | 912 |
| 10 | Pala | 706 | 332 | 1038 |
| 11 | Devikulam | 369 | 35 | 404 |
| 12 | Idukki | 449 | 8 | 457 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | Muvattupuzha | 5963 | 1919 | 7882 |
| 14 | Fort Kochi | 7092 | 6358 | 13450 |
| 15 | Thrissur | 3355 | 165 | 3520 |
| 16 | Iringalakuda | 1732 | 380 | 2112 |
| 17 | Palakkad | 351 | 964 | 1315 |
| 18 | Ottappalam | 186 | 421 | 607 |
| 19 | Perintalmanna | 1754 | 1275 | 3029 |
| 20 | Tirur | 4000 | 2298 | 6298 |
| 21 | Kozhikkode | 1118 | 796 | 1914 |
| 22 | Vadakara | 2397 | 1216 | 3613 |
| 23 | Mananthavady | 375 | 321 | 696 |
| 24 | Thalassery | 593 | 193 | 786 |
| 25 | Taliparamba | 2619 | 1077 | 3696 |
| 26 | Kanjangad | 768 | 2221 | 2989 |
| 27 | Kasargod | 359 | 106 | 465 |
| | **TOTAL** | **50902** | **27639** | **78541** |

## അനുബന്ധം II

**വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയമറുപടിയുടെ വിശദാംശങ്ങൾ**

മണ്ണാർക്കാട് നിയോജകമണ്ഡലം അട്ടപ്പാടി കോട്ടത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഷോളയൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിക്ക് 30-3-2017-ലെ സ.ഉ. (സാധാ) നമ്പർ 1003/2017/തസ്വഭവ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഈ പദ്ധതിക്ക് 25-09-2017-ലെ 73618/17-18 നമ്പർ പ്രകാരം സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 8-11-2017-ലെ 166/17-18/EE/LSGD/DP/PKD നമ്പർ പ്രകാരം 54,31,753 രൂപയ്ക്ക് കരാർ ഉടമ്പടി വച്ചിട്ടുള്ളതും തുടർന്ന് പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാറുകാരന് 13-11-2017-ൽ സൈറ്റ് കൈമാറിയിട്ടുള്ളതുമായിരുന്നു. 9-4-2018-ന് ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട കിണർ പണി മാത്രമാണ് കരാറുകാരൻ പൂർത്തീകരിച്ചിരുന്നത്. തുടർന്ന് 31-3-2019 വരെ സമയം നീട്ടി നൽകണമെന്ന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക 3,65,435 രൂപയാണ്. തുടർന്ന് നടപ്പാക്കേണ്ടിയിരുന്നത് ടി പദ്ധതിയിലെ പൈപ്പ് ലൈൻ സ്ഥാപിക്കലും മറ്റ് അനുബന്ധ പ്രവൃത്തികളുമായിരുന്നു.

പദ്ധതിയിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന എസ്റ്റിമേറ്റ് ഇനം കേരള പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിന്റെ വശത്തുകൂടിയായതിനാൽ പൈപ്പിടുന്നതിനായി വകുപ്പിൽനിന്നുള്ള അനുവാദവും റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ തുക ഒടുക്കേണ്ടതായുമുണ്ടായിരുന്നു. റോഡ് റെസ്റ്റോറേഷൻ അനുമതിക്കായി അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 26-6-2018-ൽ അപേക്ഷ നൽകിയതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പിൽനിന്നും റെസ്റ്റോറേഷൻ ചാർജ്ജ് തുകയായ 5,59,726 രൂപ അടയ്ക്കുന്നതിനായി 31-8-2018-ൽ അറിയിപ്പ് ലഭിച്ചു. തുടർന്ന് 2018-ലെ പ്രളയംമൂലം പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ നടപ്പാക്കാൻ സാധിച്ചില്ല. പിന്നീട് 2019-ലെ പ്രളയത്തിൽ 9-8-2019-ൽ ശിരുവാണി പുഴയിൽ വെള്ളമുയർന്നതിനെ തുടർന്നുണ്ടായ ശക്തമായ നീരൊഴുക്കിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിരുന്ന കിണർ പൂർണ്ണമായും ഒലിച്ചുപോയി. റെസ്റ്റൊറേഷൻ ചാർജ്ജ് തുക പുനർനിർണ്ണയം

നടത്തി 5,45,173 രൂപയായി കുറച്ചുകൊണ്ടുള്ള കത്ത് 10-8-2020-ൽ ലഭിച്ചതിനെ തുടർന്ന് പുതുക്കിയ തുക 17-8-2020-ൽ പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുള്ളതും തുടർ പ്രവൃത്തികൾ നടത്തുന്നതിനായി മണ്ണാർക്കാട്/അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഡി.എസ്.ആർ. നിരക്കുകളിൽ വന്ന വ്യതിയാനങ്ങൾമൂലം പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ കരാർ ഉടമ്പടിയിൽനിന്നും ഒഴിവാക്കുന്നതിനായി കരാറുകാരനായ ശ്രീ. പി. വി. ശിവദാസ് 30-1-2019-ൽ കത്ത് നൽകിയിട്ടുള്ളതാണ്.

പ്രളയത്തിൽ ടി പദ്ധതിയിലെ നഷ്ടപ്പെട്ട ജലസ്രോതസ് പുനർനിർമ്മിക്കുന്നതിനും പൈപ്പ് സ്ഥാപിക്കലിനുമായി മണ്ണാർക്കാട്/ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 24-09-2021-ൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി തുകയായ 75 ലക്ഷം രൂപയിലധികരിക്കാതെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മണ്ണാർക്കാട് നിയോജക മണ്ഡലം എം.എൽ.എ.യുടെ ശിപാർശ സഹിതം പുതുക്കിയ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർ പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെന്നത് 2016-17-ലെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 30-3-2017-ലെ സ.ഉ. (സാധാ) നമ്പർ 1003/2017/ തസ്വഭവ. പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തിയാണ്. ടി പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ട്. 2016-17-ലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി പുതുക്കാനുള്ള കാലാവധിയും കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ.-യുടെ ശിപാർശയോടുകൂടി പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്.